# ലവ് ആക്ഷൻ ഡ്രാമ

Love Action Drama Novel | Author : Jeevan | www.kadhakal.com



അന്നൊരു അമാവാസി ദിവസം ആയിരുന്നുവെന്ന് തോന്നുന്നു... സമയം... ഏകദേശം പത്തുമണി കഴിഞ്ഞുകാണും...കുറ്റാകുറ്റിരുട്ട്... അങ്ങിങ്ങായി മാത്രമുള്ള വഴിവിളക്കിന്റെ മങ്ങിയ പ്രകാശം മാത്രം...

അതി സുന്ദരിയായ ഒരു പെൺകുട്ടി വഴിയിലൂടെ ബാഗും പിടിച്ചു നടക്കുന്നു...വഴിവക്കിൽ പൂട്ടിയിട്ട കടയുടെ മുന്നിലായി കുറച്ചു ചെറുപ്പക്കാർ കൂട്ടംകൂടിയിരിക്കുന്നു...

സ്ഥലത്തെ കുപ്രസിദ്ധ ഗുണ്ടകൾ...അവർ അവളെ തന്നെ സൂക്ഷിച്ചു നോക്കി... മയക്കുമരുന്നോ കഞ്ചാവോ മറ്റോ പുകക്കുകായായിരുന്നു അവർ... അവളെ കണ്ടതും അവർ എണിറ്റു അവളെ പിന്തുടർന്ന് കമന്റടിക്കാനും അശ്ലീല ചുവയോടെയുള്ള സംസാരവും തുടങ്ങി...

അവൾ പേടിയോടുകൂടി കയ്യിലിരുന്ന ബാഗ് കൊണ്ട് നെഞ്ച് മറച്ചുപിടിച്ചു ഓടാൻ തുടങ്ങി...

എന്നാൽ അവരിൽ നിന്നും രക്ഷ നേടുക അസംഭവ്യം... അവരിൽ ഒരാൾ അവളുടെ മുന്നിൽ ഓടിയെത്തി തടഞ്ഞു...ഓടാൻ പോലും ആകാതെ വിറങ്ങലിച്ചു നിന്ന് പോയി അവൾ...

അപ്പോളേക്കും മറ്റുള്ളവരും അടുത്തെത്തിയിരുന്നു... അവർ ആറ്-ഏഴു പേരെങ്കിലും കാണും... അവളെ നടുക്കാക്കി അവർ അവൾക്കു ചുറ്റുമായി നിന്നു...

അവൾ തന്റെ മുഖമുയർത്തി പേടിച്ചിരേണ്ട പേടമാൻ മിഴികൾക്കൊണ്ട് അവരെയൊന്ന് നോക്കി...

അവരിൽ ഒരാൾ മുന്നോട്ടു വന്ന് അവളുടെ ബാഗ് പിടിച്ചു മാറ്റാൻ തുടങ്ങി... അവൾ തന്റെ സർവ്വ ശക്തിയുമെടുത്തു ശ്രമിച്ചുവെങ്കിലും പിടിച്ചു നിൽക്കാനായില്ല...

അവൾ ദയനീയ ഭാവത്തോടെ അവന്റെ മുഖത്തേക്കു നോക്കി... ചുവന്നു തുടുത്ത കണ്ണുകളിൽ അവൾക് തന്നെ കൊത്തി വലിക്കാൻ വരുന്ന കഴുകൻ കണ്ണുകളല്ലാതെ ദയാ ദാക്ഷണ്യത്തിന്റെ ഒരു കണിക പോലും കാണാനായില്ല...

അവൻ ആ ബാഗ് വലിച്ചു മാറ്റി തന്റെ പങ്കാളിയുടെ കയ്യിൽ കൊടുത്ത്, അവളുടെ അടുത്തേക് അല്പം കൂടി നീങ്ങി... പിന്നിലോട്ടാഞ്ഞ അവളുടെ തലയിൽ പിടിച്ചു അവന്റെ മുഖത്തേക്കു അടുപ്പിച്ചു..

അവൾ പേടിച്ചു കരയാൻ തുടങ്ങി... അവന്റെ മുഖത്തിനോട് അടുക്കുമ്പോൾ രൂക്ഷമായ ലഹരി പഥാർത്ഥങ്ങളുടെ മനം പുരട്ടുന്ന ഗന്ധം അവളുടെ നാസികയിൽ തുളച്ചിറങ്ങുന്നുണ്ടായിരുന്നു... തന്റെ അവസാനമടുത്തു എന്ന് മനസ്സിലാക്കി അവൾ കണ്ണുകൾ ഇറുക്കി അടച്ചു....

**പെട്ടന്നായിരുന്നു ...**

സ്ട്രീറ്റ് ലൈറ്റ് ഒന്ന് അണഞ്ഞു കത്തി ...

അവളെ ഉപദ്രവിക്കാൻ ശ്രമിച്ചവനും ഒപ്പം പൊടിപടലവും ആകാശത്തേക്ക് ഒരുമിച്ചു പൊങ്ങി....ദൂരേക്ക് തെറിച്ചു വീണ ആ ഗുണ്ട വേദനയോടെ ഞെരുങ്ങാൻ തുടങ്ങി...പെൺകുട്ടി അപ്പോളും കണ്ണുകൾ അടച്ചു തന്നെ നിൽക്കുകയായിരുന്നു...അവളുടെ മുന്നിലായി " അവനും... " അവളുടെ രക്ഷകൻ ...

എന്താണ് സംഭവിച്ചത് എന്നറിയാൻ ഇടി കൊണ്ട് വീണവന്റെ ഒപ്പമുള്ളവർ മനസ്സിൽ ഒരു റീക്യാപ് എടുത്തു...

" ആകാശത്ത് വട്ടം കറങ്ങി ഒരാൾ അവളുടെ തൊട്ടു പിന്നിലായി വന്ന് നിന്നു... അവന്റെ ഇടം കൈകൊണ്ടു അവളുടെ തലയിൽ പിടിച്ചിരുന്ന ഗുണ്ടയുടെ കൈ പിടിച്ചു തിരിച്ച്... വലം കൈ കൊണ്ട് അവന്റെ മുഖം പിന്നിലേക്ക് തള്ളിയ ശേഷം ആ കൈ പിന്നിലേക്ക് എടുത്ത് അവന്റെ നെഞ്ചിന് താഴെയായി പഞ്ച് ചെയ്തു അവനെ വായുവിലേക്ക് ഉയർത്തി...." ഇതെല്ലാം ഒരു സെക്കന്റ് കൊണ്ട് കഴിഞ്ഞിരുന്നു...

ഗുണ്ട സംഘം ഒന്ന് വിറച്ചു... ആദ്യമായിയാണ് ഇങ്ങനെ ഒരു അനുഭവം...

അവളും സംഭവിച്ചത് എന്താണ് എന്ന് അറിയാനായി സാവധാനം കണ്ണുകൾ തുറന്നു...

തന്റെ മുന്നിൽ പുറം തിരിഞ്ഞു രണ്ടു കൈയിലെയും മുഷ്ടി ചുരുട്ടി നിക്കുന്ന ദൃഢശരീരനായ യുവാവിനെ അവൾ കണ്ടു...

അപ്പോളാണവൾ ഒരു ഞരങ്ങൽ കേട്ട് അങ്ങോട്ട് നോക്കിയത്... തന്നെ ഉപദ്രവിക്കാൻ ശ്രമിച്ചവൻ വയറിൽ കൈയമർത്തി ചോരയും തുപ്പികിടക്കുന്നു...

തന്റെ മുന്നിൽ നില്കുന്നത് മാറ്റാരുമല്ല സാക്ഷാൽ ഈശ്വരൻ ആണെന്നവൾക്ക് തോന്നി...

പെട്ടന്നായിരുന്നു രണ്ടു ഗുണ്ടകൾ ഒന്നിച്ചു ആ യുവാവിന് നേരെ ഓടിയടുത്തത്...

ഗുണ്ടകൾ അടുത്ത് എത്താറായതും ആ യുവാവ് കാലുകൾ രണ്ട് വശങ്ങളിലേക്കുമാക്കി ഉയർന്നു ചാടി ഗുണ്ടകളുടെ നെഞ്ചിൽ തന്നെ ചവിട്ടിയത്... വന്നതിലും സ്പീഡിൽ അവന്മാർ രണ്ട് സൈഡിലേക്കും തെറിച്ചു പോയിരുന്നു...

ആ സമയം അവനെ പിന്നിൽ നിന്നും ഒരു ഗുണ്ട കുത്താൻ വന്നത്... അത് കണ്ടു അവൾ ഭയന്ന് അലറിക്കൊണ്ട് കണ്ണും ചെവിയും പൊത്തി നിലത്തിരുന്നു...

പക്ഷെ....

കത്തി കൊണ്ട് ആ യുവാവിന്റെ വയറിന്റെ വലത് സൈഡിലായി കുത്താനായിരുന്നു ഗുണ്ട ശ്രമിച്ചത്...എന്നാൽ അവൻ കത്തി തൊട്ടു തൊട്ടില്ല എന്ന അവസ്ഥ എത്തിയപ്പോൾ ഗുണ്ടയുടെ കയ്യിൽ അവന്റെ വലം കയ്യാൽ പിടുത്തമിട്ടു...

എന്നിട്ട് കൈ പൊക്കി ഒന്ന് വട്ടം കറങ്ങി കൈ പിടിച്ചു തിരിച്ചപ്പോൾ കത്തി ഗുണ്ടയുടെ കൈയിൽ നിന്നും ഊർന്നു താഴേക്കു വീണു...

അവൻ തന്റെ ഇടം കയ്യാൽ താഴേക്കു വീഴാൻ തുടങ്ങിയ കത്തി പിടിച്ചു ഗുണ്ടയുടെ ഇടത്തെ തുടയിൽ കുത്തി ഇറക്കി മുകളിലേക്ക് വലിച്ചുകൊണ്ട് വലിച്ചൂരിയെടുത്ത് കളഞ്ഞു...അവൻ വേദനകൊണ്ട് അലറി കരഞ്ഞു പിന്നിലേക്കു വീണു...

ഇത് കണ്ടു കൊണ്ട് പേടിയോടെ ആണെങ്കിലും നാല് പേര് ഒരുമിച്ചു നാല് വശങ്ങളിൽ നിന്നും അവന്റെയാടുക്കലേക്കു ഓടിയടുത്തു...

അവൻ പെട്ടന്ന് തന്നെ ഇടത്തേക്കു അല്പം ചരിഞ്ഞു പിന്നിൽ നിന്നും ഓടി വന്നവന്റെ കൈയിൽ പിടുത്തമിട്ടു അവനിൽ വെയ്റ്റ് സപ്പോർട്ട് ചെയ്ത് പൊങ്ങിച്ചാടി ബാക്കിയുള്ള മുന്ന് പേരെയും ചവിട്ടിത്താഴെയിട്ടു...

കൈയിൽ പിടുത്തമിട്ട ഗുണ്ടയെ അടുത്തേക് വലിച്ചു മുട്ടുകാൽ മടക്കി വയറിൽ ഇടിച്ചു താഴെയിട്ടു...

ഇനി ഒരു അങ്കത്തിനുള്ള ആരോഗ്യം ആർക്കും ഉണ്ടായിരുന്നില്ല... വേദനകൊണ്ട് പുളഞ്ഞു കൊണ്ട് അവർ വീണനിടത്തു തന്നെ കിടന്നു...

അവൻ സാവധാനം നടന്നു താഴെ വീണുപോയിരുന്ന അവളുടെ ബാഗെടുത്ത് ആ പെൺകുട്ടിയുടെ അടുത്തെത്തി അവൾക്കു നൽകി. അവൾ നന്ദിയോടെ അവനെ നോക്കി...

അവളുടെ സ്ഥിരം ബസ് ബ്രേക്ക്ഡൌൺ ആയതും അടുത്ത ബസ് വരാൻ വൈകിയതും അങ്ങനെയാണ് താൻ ഇത്രേം ലേറ്റ് ആയതും എന്ന് അവൾ അയാളോട് പറഞ്ഞു.

അവളെ വീട് വരെ കൊണ്ടാക്കാം എന്ന് പറഞ്ഞ് അവൾ അവന്റെയൊപ്പം നടന്നു... പോകുന്ന വഴിയിൽ അവൾക്കു അവന്റെ ആ സമയം ഉണ്ടായ വീര സഹസത്തിന് നന്ദി പറയാൻ മാത്രമേ സമയം ഉണ്ടായിരുന്നുള്ളു...

വീടെത്തിയപ്പോൾ അവൾ അവന്റെ പേര് ചോദിച്ചു,

അവൻ പറഞ്ഞു - **വരുൺ നായർ IPS ഫ്രം CIA**

അവൻ അവളോട് പറഞ്ഞു... കുട്ടിയെ എനിക്ക് ഇഷ്ടമായി... അത് കൊണ്ടാണ് ആദ്യമായി ബസ്സിൽ വച്ചു കണ്ടപ്പോൾ പിന്നാലെ വന്നത്... കുട്ടിക്ക് എന്നെ ഇഷ്ടമായോ...

അവൾ ഓടി വന്ന് അവനെ കെട്ടിപിടിച്ചു പറഞ്ഞു... ഇഷ്ടമാണ് ഒരുപാട് ഇഷ്ടമാണ്...

അവർ പരസ്പരം ചുണ്ടുകൾ കോർത്തു...

---

നീ എന്തുവാടാ രാവിലെ പട്ടിക്ക് ഉമ്മ കൊടുക്കുന്നോ എന്ന എന്റെ സ്വന്തം ലോകത്തിലെ ഏറ്റവും വലിയ പോരാളിയുടെ അലർച്ച കേട്ടാണ് ഞാൻ കണ്ണ് തുറന്നത്...

നോക്കുമ്പോൾ വീട്ടിലെ ശ്വാന റാണി ക്ലിയോപാട്ര കട്ടിലിൽ ഫ്രോന്റിലെ രണ്ട് കാലും പൊക്കി വച്ചു ചരിഞ്ഞു കിടന്നിരുന്ന എന്റെ മുക്കിലും ചുണ്ടിലും നക്കുന്നു...

അങ്ങനെ എന്റെ വിജറംഭിച്ച (ശരിക്കും അതിന്റെ അർത്ഥം എന്ത് തേങ്ങയാണാവോ... ആഹ് എന്തേലും ആവട്ട്...) സ്വപ്നവും നായനക്കി, ദിവസം തുടങ്ങിയതും നായനക്കി....

---

പണി എടുക്കാതെ വീട്ടുകാരുടെ ചിലവിൽ പുട്ടടിച്ചു നടന്നിരുന്ന കാലമായിരുന്നു അത്...

ജോലി ഓക്കെ വീട്ടിൽ ഒരുപാടു ഉള്ളത് കൊണ്ട് ഞാൻ രാവിലെ തന്നെ തെണ്ടാൻ ഇറങ്ങുമായിരുന്നു.

നമ്മളോ പണി എടുക്കില്ല, പണി എടുക്കുന്ന വീട്ടുകാർക് ശല്യം ആകരുതല്ലോ, ഏത്. ഞാൻ ഒരു ചെറിയ നെന്മ മരം, അല്ലേ വേണ്ട നല്ല ഒന്നാന്തരം നെന്മ വാഴയായിരുന്നു.

അങ്ങനെ ഒരു ദിവസം പണി ഇല്ലാത്ത കൂട്ടു വാഴയായ, ശേ, കൂട്ടുകാരനായ വിനുവിന്റെ വീട്ടിലേക്കു രാവിലെ ചെന്ന് കയറിക്കൊടുത്തു.

"എന്റെ വിനു കുട്ടനെ ഇല്ലാതാക്കാൻ രാവിലെ തന്നെ വന്നു കയറിട്ടുണ്ട് നാ&*# മോൻ... "

എന്റെ മോന്തായം കണ്ടപ്പോളെ കുഴിയിലോട്ടു കാലും നീട്ടിയിരിക്കുന്ന അവന്റമ്മാമ സ്നേഹത്തോടെ തന്തക്ക് വിളിച്ചപ്പോൾ പിന്നേ ഒന്നും നോക്കിയില്ല, തള്ള ചത്തില്ലേ എന്ന് മനസ്സിൽ ഓർത്തുകൊണ്ട് അവരെ പല്ലിളിച്ചു കാണിച്ചു നേരെ അകത്തു കയറി. അവരേം പറഞ്ഞിട്ട് കാര്യമില്ല നായ നക്കിയല്ലേ തുടക്കം...

ഞാൻ വിനുവിന്റെ റൂമിൽ കയറി ചെല്ലുമ്പോൾ ഞാൻ ഇല്ലാരുന്നേൽ ഇന്ത്യൻ പ്രസിഡന്റ് ആകുമെന്ന് അവന്റെ അമ്മമ്മ വിചാരിച്ചേക്കുന്ന കൊച്ചുമോൻ മുട്ടിൽ വെയിലു തട്ടിയിട്ടും, അത് ഒരു പുതപ്പ് വച്ച് തടഞ്ഞു കുണ്ടിയും പൊക്കി കിടപ്പുണ്ട്.

അവന്റെ നടുവിന് ഒരു ചവിട്ടു കൊടുത്തതും ചക്ക വെട്ടിയിട്ട പോലെ നാറി താഴെ വീണതും ഒരുമിച്ചായിരുന്നു. നടുവും തിരുമി എന്റെ പിതാശ്രീയെ സ്മരിച്ചു കൊണ്ട് അവൻ എണിറ്റു വന്നു ചോദിച്ചു -

" എന്തിനാടാ m*&# നടുവിൽ ചവിട്ടിയത്... "

" ഡാ ഭാവി ഇന്ത്യൻ പ്രസിഡന്റേ, നിന്റെ ഒണക്ക തള്ള രാവിലെ എന്റെ തന്തക്ക് വിളിച്ചെടാ... ഇതുങ്ങളെല്ലാം ഇങ്ങനെ സ്മരിച്ചാൽ അങ്ങേരു തുമ്മി തുമ്മി കാഞ്ഞുപോയാൽ നിന്റെ അപ്പൻ വന്നെനിക്ക് ചിലവിനു തരുമോ... ഞാൻ പണിക്ക് പോകേണ്ട വരില്ലേ... അയിന്റെ കലിപ്പ് തീർത്തതാ... " ഞാൻ ഇളിച്ചു കാട്ടി...

"ഡാ വരുണെ, നിന്നെ പോലെ ഒരു പീസിനെ മാനുഫാക്ച്ചർ ചെയ്യുമ്പോൾ അങ്ങേര് ഇത് ഓർത്തില്ലല്ലോ... അപ്പോൾ ഇപ്പൊ കേൾക്കുന്നതിൽ ഒരു കുഴപ്പവുമില്ല...അയിന് നീ ഇങ്ങനെ കലിപ്പായാലോ... "

"ഡാ നിന്നെ ഞാനാ ചീത്തയാക്കുന്നത് എന്ന നിന്റെ അമ്മമ്മ പറയണേ... നീ ജനിച്ചപ്പോളെ പിഴയാ എന്ന് തള്ളക്കു പറഞ്ഞു കൊടെടാ... "

" മതി മ&$*... അവന്റെയൊരു ഓഞ്ഞ കോമഡി... "

"ഈ ഉച്ച വരെ പോത്ത് പോലെ കിടന്നു ഉറങ്ങാതെ എന്നെ പോലെ സമയത്ത് എണിറ്റു പുട്ടടിച്ചു വീട്ടിൽ ഭക്ഷണം വേസ്റ്റ് വരാതെ നോക്കിക്കൂടെ... ഇത്രേം ഉത്തരവാദിത്തമുള്ള ഞാനാ നിന്നെ ചീയാക്കുന്നത് പോലും.... "

" ഡാ അംബാനി ആശാൻ ഇത്രേം നെറ്റ് ഫ്രീ ആയി തരുമ്പോൾ ഒന്ന് രണ്ടു വിദേശ യാത്രയൊക്കെ നടത്തി കിടക്കുമ്പോൾ ലേറ്റ് ആക്കുമെടാ... "

"ഒന്ന് എണീച്ചു പോടെ... അവന്റെ ഒരു വിദേശയാത്ര... "

"ആഹ്... എണീക്കാം... വല്ലോം തിന്നിട്ട് കവലയിലേക്കു പോകാം... "

" ഡേയ്... പല്ലുതേപ്പും കുളിയും ഒന്നുമില്ലതെയാണോ ഞണ്ണാൻ പോണേ ... "

"അതൊക്കെ കാരണവന്മാർ കണ്ടുപിടിച്ച അന്തവിശ്വാസമല്ലെടാ..."

"എടാ മരപ്പാഴേ... നിന്നെ ഞാൻ നശിപ്പിക്കുന്നു എന്ന്... നീ എന്നെയാണല്ലോ ദൈവമേ പിഴപ്പിക്കുന്നത്... "

" ദൈവം ആണോ നിന്നെ പിഴപ്പിച്ചേ... ഇതാണ് ഞാൻ അമ്പലത്തിൽ ഒന്നും പോവാത്തതു...
"

"ഡാ... അത് പറഞ്ഞപ്പോളാ... ഇന്ന് അമ്പലത്തിൽ സപ്താഹം തുടങ്ങുവാ... ഒരുപാടു കിളികൾ വരും... അങ്ങോട്ട് വിടാം... "

" ആണാ... എങ്കിൽ വിടാം... പക്ഷെ കുളിക്കാനും നനയ്ക്കാനും ഒന്നും വയ്യ..."

"പോടാ നാറി... "

" കുളിച്ചിട്ടുള്ള ഏർപ്പാടിന് ഞാനില്ല.... "

"എങ്കിൽ ആദ്യം കുളത്തിൽ വിടാം... നീന്തി ഒന്ന് എൻജോയ് ചെയ്തു സപ്താഹത്തിനു പോകാം... "

" അത് വേണോ... "

"വേണം... നീ വേഗം പോയി റെഡി ആയി വന്നേ... "

അങ്ങനെ ഒരു അര മണിക്കൂർ കൊണ്ട് അവനെയും ഒരുക്കി അവന്റെ വീട്ടുകാരുടെ വായിൽ ഇരിക്കുന്നത് ബാക്കിയുള്ളതും കേട്ട് ഞങ്ങൾ രാവിലെ സ്ഥിരം തെണ്ടലിനിറങ്ങി...

നേരെ വച്ചു പിടിച്ചത് കുളത്തിൽ...

കുളം എന്ന് പറഞ്ഞാൽ സംഭവം സ്വിമ്മിംഗ് പൂളിനെ തോല്പിക്കും... നല്ല വെളുത്ത മണ്ണാണ് അടിയിൽ... (ഇടക്ക് ഒടുക്കത്തെ കുഴിയും... )

വെള്ളമാണേൽ നല്ല ഇളം ആകാശ നീല നിറം... അടിത്തട്ടു വരെ കാണം... അത്ര തെളിച്ചം...

പിന്നെ ഒറ്റ കുഴപ്പമേ ഉള്ളു... കുളം നില്കുന്നത് ഒരാളുടെ പ്രൈവറ്റ് പ്രോപ്പർട്ടിയിൽ ആണ്... അങ്ങേരു കണ്ടു വന്നാൽ തീർന്നു....ഗേറ്റ് പൂട്ടി പട്ടിയെ വരെ അഴിച്ചു വിട്ട മുതലാണ് കുളത്തിന്റെ മുതലാളി...

പട്ടിയെ പേടിച്ചു കുളത്തിൽ കഴിഞ്ഞ പിള്ളേരെ മോചിപ്പിക്കാൻ വാർഡ് മെമ്പർ വരെ വരേണ്ടി വന്ന് എന്നതാണ് കഥ... എന്തായാലും അതോടെ കുളത്തിൽ ആരും വരാതെ ആയതോടെ അയാളുടെ ശ്രദ്ധയും കുറഞ്ഞു...

അത് കൊണ്ടാണ് ഈ വീര സാഹസം... അങ്ങേരു പൊക്കിയാൽ രക്ഷപ്പെടാനായി ഇടക്ക് ഇടക്ക് വന്ന് വീട്ടിലെ പട്ടിക്ക് ബിസ്ക്കറ്റും പിന്നെ ശ്വാന റാണി ക്ലിയോ മോളെ പിടിച്ചോണ്ട് അതിന്റെ മുന്നിലൂടെ നടക്കും...

ഭാഗ്യത്തിന് അങ്ങേരുടെ പട്ടി ആണാണ്...നമ്മുടെ ശ്വാന റാണി ക്ലിയോപാട്രയാണേൽ പട്ടികളുടെ ഇടയിലെ സണ്ണി ചേച്ചിയാണ് എന്ന് തോന്നുന്നു... നാട്ടിലെ സകലമാന ആണ് പട്ടിയും അവളുടെ പിന്നാലെയാണ്...

ബ്രൂണോ എന്ന വിളിപ്പേരുള്ള അങ്ങേരുടെ പട്ടിയും അവളുടെ ഫാൻ ആണ്... അങ്ങനെ ബ്രൂണോയെ ഞങ്ങൾ മയക്കി വച്ചേക്കുവാ... (ഒന്ന് കുളത്തിൽ കുളിക്കാൻ പട്ടിയുടെ വരെ മാമയാകേണ്ട വന്ന അവസ്ഥ 😥)...

അങ്ങനെ എന്തായാലും അത്യാഹിതം ഒന്നുമില്ലാതെ നന്നായി നീന്തി കുളിച്ചു ഡ്രെസ്സും മാറി നേരെ അമ്പലത്തിലേക്ക് വച്ചു പിടിച്ചു...

കൃത്യം 12.30ക്കു ചോർ വിളമ്പുന്ന ടൈം തന്നെ ഞങ്ങൾ അവിടെയെത്തി...

//ഇതിന്റെ പകുതി ഉത്തരവാദിത്തം കാണിച്ചിരുന്നേൽ ഞാൻ എന്നെ സപ്പ്ളി ക്ലിയർ ചെയ്തു ബിടെക്ക് പാസ്സ് ആയേനെ എന്ന് ഉള്ളിലിരുന്നു ലവൻ ഉണ്ടല്ലോ... മനസാക്ഷി... ആ ബ്ലഡി ഫൂൾ ഗദ്ഗദപ്പെട്ടു...//

പ്ലേറ്റും പിടിച്ചു ക്യുവിന് മുന്നിൽ തന്നെ പോയി നിന്നപ്പോൾ വെപ്പുകാരൻ രാമൻ ചേട്ടൻ വന്ന് ചോദിച്ചു -

"തീറ്റിടെ കാര്യം വന്നപ്പോൾ എന്താ കൃത്യനിഷ്ഠ... അല്ലേ ഈ പരിസരത്തു കാണാൻ കിട്ടൂല...."

വിനു ഇത് കേട്ട് തട്ടി വിട്ടു - "തിന്നാനല്ലേ ചേട്ടാ ഇതൊക്കെ ഉണ്ടാക്കിയെക്കുന്നത്... അപ്പോൾ തിന്നാതെ ഇതൊക്കെ ബാക്കി വന്നാൽ ആർക്കാ ചീത്തപ്പേരു... ഇതൊക്കെ ഉണ്ടാക്കിയ ചേട്ടന്... അപ്പോൾ അടുത്ത തവണ വല്ലോം മര്യാദക്ക് ഉണ്ടാക്കാൻ അറിയാവുന്നവരെ പാചകം ഏല്പിക്കും... അപ്പോൾ ചേട്ടനല്ലേ നഷ്ടം... ഇത് ഞങ്ങൾ ചേട്ടനെ സഹായിക്കാം എന്ന് കരുതി വന്നതാ..."

അവന്റെ കൊട്ട് നന്നായി കിട്ടിയത് കൊണ്ട് പിന്നെ ഒന്നും മിണ്ടാതെ അങ്ങേരു പോയി...

പുള്ളിക്ക് പാചകം കൊള്ളില്ല എന്ന് മനസ്സിലാക്കാൻ ഞങ്ങൾ രണ്ട് ട്രിപ്പ് മാത്രമേ കഴിച്ചുള്ളൂ... ഞങ്ങളോട് കളിച്ചാൽ ഇങ്ങനെ ഇരിക്കും... അല്ല പിന്നെ...

അങ്ങനെ ഫുഡും അടിച്ചു വിശ്രമത്തിനായി അമ്പലത്തിന്റെ ആൽത്തറയിൽ വന്ന് ഇരുന്നു ബേർഡ് വാച്ച് ചെയുമ്പോളാണ് രണ്ട് പെൺകുട്ടികൾ കഴിച്ചിട്ട് മടങ്ങി പോകുന്നത് കണ്ടത്...

ഒരാൾ മെലിഞ്ഞിട്ട് നല്ല വെളുത്തിട്ടാണ്... മറ്റെയാൾ ആവറേജ് ശരീരവും പൊക്കവും... ഒരുപാട് വെളുപ്പല്ല... ഗോതമ്പ് നിറം എന്ന് വേണേൽ പറയാം... ഈ ഗോതമ്പ് നിറം എന്റെ വീക്ക്നെസ് ആണ്...അതുകൊണ്ട് തന്നെ എന്റെ ശ്രദ്ധ അവളിലേക്ക് തന്നെ പോയി...

സാധാരണ ആദ്യം ഒരു പെണ്ണിനെ കണ്ടാൽ കാഴ്ച്ച പോകുന്നത് എവിടേക് ആണോ അവിടേക്കു തന്നെ ഈ തവണയും സൂം ചെയ്തു എങ്കിലും മുഖം കാണാൻ ഒരു കൊതി...

ഒരു നോട്ടമേ നോക്കിയുള്ളു... ഹൃദയത്തിന്റെ ഒരു മിഡി സ്കിപ് ആയത് പോലെ... ചുറ്റുമുള്ളതെല്ലാം ഒരു നിമിഷം ഒന്ന് സ്തംഭിച്ച പോലെ....എവിടെയോ കണ്ടു മറന്ന മുഖം....

"ആരാണവൾ....കണ്ടു പിടിക്ക്... പിന്നാലെ പോ..." ഉള്ളിലിരുന്ന് ആരോ പറഞ്ഞു....

ആ ആരോ വീണ്ടും ലവൻ തന്നെ... കുഴി ചാടിക്കൻ നടക്കുന്ന ലവൻ... ദാറ്റ് ബ്ലഡി ഗ്രാമവാസി മനസാക്ഷി...

അവനു പരീക്ഷക്ക് 2 മാസം ഉള്ളപ്പോൾ ഒരു മാസം ബാക്കി ഉള്ളപ്പോൾ പഠിക്കാം.. പിന്നെ സ്റ്റഡി ലീവിന് പഠിക്കാം...പിന്നെ ഒരാഴ്ച്ച... പിന്നെ മുന്ന് ദിവസം... പിന്നെ തലദിവസം... ലാസ്റ്റിൽ തലേന്നു രാത്രി...

തലേന്ന് രാത്രി നോക്കുമ്പോൾ ഇത് ഒത്തിരിയുണ്ട് മച്ചാനെ തീരില്ല... പോയി കിടന്നു ഉറങ്ങാമെന്ന് പറയും....കള്ള പന്നി... ഇവനെ വിശ്വസിച്ച ലെ പ്യാവം ഞാൻ...കോളേജ് വിട്ടട്ടു വർഷം മൂന്നായി... ഇപ്പോളും 6 സപ്പ്ളി 😪😪😪

ആഹ് എന്തായാലും ഈ തവണയും അവൻ പറയുന്നത് കേൾക്കാൻ ഞാൻ തീരുമാനിച്ചു... വിനുവിനേം വിളിച്ചു നേരെ അവളുടെ പിന്നാലെ വച്ചടിച്ചു....

*********************

"ഡാ ഞാൻ ആ മരച്ചോട്ടിൽ എങ്ങാനുമിരുന്നേനെ നീ എന്തിനാടാ എന്നെയും വിളിച്ചു ഇവളുമാരുടെ പിന്നാലെ പോകുന്നത്...."

"മോനൂസേ നീ എന്റെ ചങ്കല്ലേ...സിനിമയിൽ ഒക്കെ കണ്ടിട്ടില്ലേ... ഇങ്ങനെ വായ്നോക്കാൻ പോകുമ്പോൾ കൂടെ ഒരു ജോലിയും വേലയുമില്ലാത്ത ദാരിദ്രവാസി ചങ്ക് മസ്റ്റാണ്...."

"ഒന്ന് പോയേടാ വദൂരി... പറച്ചിൽ കേട്ടാൽ തോന്നും അവനു കളക്ടർ ഉദ്യോഗമാണെന്ന്....കുറെ കാലമായില്ലേ നീ ഈ തേരപ്പാര ഓരോ അവളുമാരുടെ പിന്നാലെ നടക്കുന്നു....അതിൽ ഒരണ്ണമെങ്കിലും നിന്നെ മൈൻഡ് ചെയ്തിട്ടുണ്ടോ...."

"മോനൂസേ... ഇത് എല്ലാ തവണയും പോലൊന്നുമല്ല....ഈ പ്രാവശ്യം അവളുടെ ആ മുഖം കണ്ടപ്പോൾ ഒരു സ്പാർക് ഉണ്ടായെടാ...പൂർവ്വ ജന്മ ബന്ധം പോലെ... നീ ധീരയിൽ കണ്ടില്ലേ... മറ്റേ, മുഖത്ത് പശു ചാണകമിടാൻ പോകുമ്പോളുള്ള എക്സ്പ്രഷൻ മാത്രം വരുന്ന നടൻ ഇന്ദുവിന്റെ കൈയിൽ തൊടുമ്പോൾ വരുന്നത്... അത് പോലെ ഞങ്ങളുടെ കണ്ണുകൾ പരസ്പരം കൂട്ടി മുട്ടിയപ്പോൾ വന്നെടാ..."

"പിന്നെ അവന്റെ ഒരു സ്പാർക്...ഇത് തന്നെ അല്ലെടോ താൻ ആ മത്തായി ചേട്ടന്റെ മോൾ റോസിയുടെയും,പുഷ്പാകരൻ ചേട്ടന്റെ മോൾ ആരതിയുടെയും, പിന്നെ ആമിനയുടേം, ലക്ഷ്മിയുടേമൊക്കെ പിന്നാലെ നടന്നപ്പോൾ തട്ടി വിട്ടത്..."

"നീ പഴയ ലിസ്റ്റ് എല്ലാം കൂടെ വലിച്ചിട്ടു എന്റെ മൂഡ് കളയാതഡാ😥...അവളുമാര് എന്നെ തേച്ചുണക്കാൻ ഇട്ടത് എന്റെ കുഴപ്പമാണോ... "

"എന്ത് കോപ്പ്... തേച്ചന്നോ... എന്നെ കൊണ്ട് ഒന്നും പറയിക്കരുത് നാ*#@ മോനെ...ഡോ തനിക്ക് തേപ്പ് എന്താ എന്ന് അറിയുമോ... ഓരോ അവളുമാരുടെ പിന്നാലെ ഉളുപ്പില്ലാതെ നടക്കുമ്പോൾ അവളുമാര് ആട്ടി ഓടിച്ചു വിടുന്നതല്ല ഈ തേപ്പ്...ഒരു തേപ്പ്കാരൻ വന്നേക്കുന്നു..."

ലെ ഞാൻ മനസ്സിൽ -" പുല്ല് വേണ്ടാരുന്നു... അവന്റെ വായിൽ ഇരിക്കുന്നത് കൂടെ കേൾക്കാൻ ഉണ്ടായിരുന്നുള്ളു... ഇപ്പോൾ സമ്പൂർണമായി... അതെങ്ങനെയാ നായ നക്കിയല്ലേ ദിവസം തുടങ്ങിയെ... ബ്ലഡി ക്ലിയോ..."

എന്തായാലും അധികം പിന്നെ മിണ്ടി പണി വാങ്ങാതെ അവരുടെ പിന്നാലെ തന്നെ വച്ചു പിടിച്ചു...

കുറച്ച് സമയമായി പിന്നാലെ കുശുകുശുത്തോണ്ട് നടന്നപ്പോൾ അവരും ഞങ്ങളെ ശ്രദ്ധിച്ചു തുടങ്ങിയിരുന്നു. ഇടക്ക് അവരിൽ മെലിഞ്ഞ പെണ്ണ് പിന്നിലേക്ക് തിരിഞ്ഞു ഒളികണ്ണിട്ടു നോക്കുന്നുണ്ടാരുന്നു, എന്നിട്ടു മറ്റേതിന്റെ ചെവിയിൽ എന്തൊക്കെയോ മൊഴിയും.

ഞാൻ ആണേൽ അവരെ തന്നെ ശ്രദ്ധിച്ചു നടന്നു. വിനുവിന് ഈ പിന്നാലെയുള്ള നടത്തമാകെ മുഷിച്ചിലായിരുന്നു എങ്കിലും ഞാനത് കാര്യമാക്കാതെ എന്റെ ജോലിയിൽ ശ്രദ്ധിച്ചു.

എന്തായാലും പിന്നാലെ നടന്നു നടന്നു അവളുടെ വീട് കണ്ടെത്തി. വീട് കണ്ടപ്പോളാണ് മനസ്സിൽ ലഡ്ഡു പൊട്ടിയത്- വേറെ ചങ്ക് കൂട്ടുകോഴി,ഛേ കൂട്ടുകാരൻ (വീണ്ടും നാക്ക് പിഴ... ഇന്ന് ഫുൾ നാക്ക് പിഴ ആണല്ലോ...) അർജുന്റെ വീടിന്റെ തൊട്ടടുത്ത്.

ഞാനും വിനുവും അർജുനും ഒന്നാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെ ഒന്നിച്ചു കളിച്ചു വളർന്നതാണ്... വല്ലോം നേരെ ചോവനെ പഠിച്ചിരുന്നേൽ എല്ലാരും പറയണ പോലെ പഠിച്ചു വളർന്നു എന്ന് പറയാരുന്നു... ശോ ഷാഡ്😪...

അവർ ഗേറ്റ് കടന്ന് വീട്ടിലേക്ക് കയറിയിട്ടു ഗേറ്റ് അടക്കാൻ വേണ്ടി തിരിഞ്ഞപ്പോൾ ഞാൻ കണ്ടു എനിക്ക് സ്പാർക്ക് തന്ന സോൾ മേറ്റിനെ 😍...

" ചെഞ്ചുണ്ടുകളും, വിടർന്ന കണ്ണുകളും ഇടതൂർന്ന മുടിയും ഗോതമ്പിന്റെ നിറവും നുണക്കുഴി കവിളുകളും... പിന്നെ...

(മുഖത്തിനു താഴോട്ടുള്ളത് കേൾക്കാനിരിക്കുവാണോ... അയ്യടാ... അങ്ങനെ സുഖിക്കണ്ട....ഇത്രേം കേട്ടാൽ മതി...)

അങ്ങനെ എല്ലാം കൂടെ ഒരു കൊച്ചു സുന്ദരി..."

വീട്ടിലേക് കയറുന്നതിനു തൊട്ടു മുൻപ് അവൾ തിരിഞ്ഞൊന്നു നോക്കി... അപ്പോൾ ഞങ്ങളുടെ കണ്ണുകൾ പരസ്പരമൊന്നുടക്കി... ഒരു സെക്കന്റ് മാത്രമേ നീണ്ടുനിന്നുള്ളങ്കിലും ചങ്കിലേക്ക് കാർന്നിറങ്ങുന്ന നോട്ടം....ആ നോട്ടത്തിനൊടുവിൽ അവളുടെ ചുണ്ടിൽ ഒരു ചെറു ചിരി വിടർന്നില്ലേ??? 🤔...

//അപ്പോൾ ലെ മനസാക്ഷി - മോനെ മനസ്സിൽ പിന്നേം ലഡ്ഡു പൊട്ടി... അവൾ അന്നേ തന്നെയാണ്ടാ ഹമുക്കേ നോക്കിയേ... ഓൾക് അന്നോട് മൊഹബത്ത് ആണ്ടാ...//

എല്ലാം കൊണ്ടും വികാരപരവശനായ ഞാൻ ഒരുമാതിരി പ്രാന്തനെ പോലെ വിനുവിനോട് ചോദിച്ചു-

"ടാ നീ കണ്ടോ... അവൾ എന്നെ നോക്കിയത് കണ്ടോ... അവൾ ചിരിച്ചത് കണ്ടോ....നേരത്തെ ഞാൻ സ്പാർക്കിനേ പറ്റി പറഞ്ഞപ്പോൾ നീ എന്താ പറഞ്ഞേ....ഈ തവണ റിയലാണ് മോനെ...

"എന്ത്... ഞാൻ ഒരു തേങ്ങയും കണ്ടില്ല... നിനക്ക് വേറെ പണി ഒന്നുമില്ലെടാ നാറി... അവന്റെ ഒരു സ്പാർക്ക്, തിരിഞ്ഞു നോട്ടം തേങ്ങാകുല..."

ആളികത്തി വന്ന എന്റെ സ്പിരിറ്റ് അവൻ പത്തല് കൊണ്ട് തല്ലി കെടുത്തിയപോലെയായി... റൊമാന്റിക് ഫീലിംഗ്സ് ഇല്ലാത്ത ഈ തെണ്ടിയെ ആണല്ലോ ചങ്കായി കൂടെ കൊണ്ട് നടക്കുന്നത്...

അല്ല ഓവർ റൊമാന്റിക്കായ, (കോഴിത്തരം എന്ന് ചില വിദ്യാഭ്യാസമില്ലാത്താവർ പറയുമെങ്കിലും) എനിക്ക് പെർഫെക്ട് ബാലൻസ് തരുന്നത് കിളിപോയ ഇവൻതന്നെയാണ്...

ഡാ... നമ്മുടെ അർജുവിന്റെ വീടാണ് അവളുടെ വീടിന്റെ തൊട്ടപ്പുറം... ഇവിടെ ഒരുപാട് തവണ വന്നിട്ടുങ്കിലും ഇത് വരെ ഇങ്ങനെ ഒരു ഐറ്റം ഇവിടെ താമസിക്കുന്നത് അറിഞ്ഞിട്ടില്ലല്ലോ... നീ വന്നേ വിനു... നമുക്ക് അർജുവിന്റെ അടുത്ത് നിന്നും അവളുടെ എന്തെങ്കിലും ഡീറ്റെയിൽസ് കിട്ടുമോ എന്ന് നോക്കാം...

അങ്ങനെ ഞങ്ങൾ അർജുവിന്റെ വീട്ടിലേക്ക് ഇൻവെസ്റ്റിഗേഷന് വേണ്ടി കയറി...

അർജുവിന്റെ അമ്മ ഞങ്ങളുമായി കട്ട കമ്പനിയാണ്...ആദ്യമൊക്കെ വിനുവിന്റെ അമ്മയുടെ അതെ ഡയലോഗ് ആയിരുന്നു ഞങ്ങളെ പറ്റി... പക്ഷെ അർജുവിന്റെ ചേച്ചിടെ കല്യാണ സമയം എല്ലാത്തിനും ഓടി നടക്കാൻ ഞങ്ങളെ ഉണ്ടാരുന്നുള്ളു...അന്ന് തുടങ്ങിയ സ്നേഹമാണ്... പക്ഷെ അതിന് മുൻപും പിൻപും വഴക്ക് പറഞ്ഞാലും അവിടെ വന്നാൽ കഴിക്കാതെ വിടില്ല...

എന്തായാലും ഞങ്ങളെ കണ്ടപ്പോൾ തന്നെ ചോദ്യം വന്നു -

"ആരിത്...പക്ഷി നീരിക്ഷകരോ... കുറെ ദിവസമായല്ലോ രണ്ടിനേം കണ്ടിട്ട്... ഇപ്പോൾ എന്താണ് ഈ വഴി... ഉച്ചയായല്ലോ വല്ലോം കഴിച്ചോടാ മക്കളെ... ഇല്ലേ ചോറ് വിളമ്പട്ടെ...."

"കഴിച്ചു അമ്മേ... സപ്താഹം തുടങ്ങിയില്ലേ... അവിടെ നിന്നും തട്ടി..."

"അതിന് വേണ്ടിയെങ്കിലും നിയൊക്കെ അവിടെയൊന്നു കയറിയല്ലോ... ഇവിടെ ഒരുത്തനുണ്ട്....അങ്ങനെ പോലുമില്ല..."

"അത് പറഞ്ഞപ്പോളാണ്... അവനെവിടെയമ്മേ..."

"അയ്യോ തമ്പുരാൻ പള്ളിയുറക്കം ഉണർന്നിട്ടില്ല...രാത്രി ഉറക്കമില്ലല്ലോ... നിങ്ങക്ക് അറിയില്ലേ..."

"ഞങ്ങൾ പോയി പൊക്കാം അവനെ...."

അതും പറഞ്ഞു നേരെ മുകളിലുള്ള അവന്റെ റൂമിലേക്ക് വിട്ട് ഞങ്ങൾ...

റൂമിൽ കയറിയ പാടെ തലവഴിയേ പുതച്ചു കിടക്കുന്ന അവനെയാണ് കണ്ടത്... കണ്ടപ്പോൾ ഒരു രസം തോന്നി ഒരു പണി പറ്റിക്കാൻ തീരുമാനിച്ചു...

വിനു നേരെ കട്ടിലിൽ കയറി അവന്റെ നെഞ്ചിന് സൈഡിലായി മുട്ട് കുത്തി നേരെ കഴുത്തിൽ ഒരു പിടി...

ഞാൻ ഇതിന്റെയൊക്കെ ക്യാമറ മേനോനും...

പക്ഷെ പണി നൈസായി ഒന്ന് പാളി... ലവൻ കയറി പിടിച്ചത് കഴുത്തിനു പകരം കാലിലായിരുന്നു... കാലിലെ പിടുത്തത്തിൽ ഞെട്ടിയെണിറ്റ അർജു വിനുന്റെ മുതുകിൽ ഒരു തള്ളുകൊടുത്തു...

അവൻ ഒരുമാതിരി ഒളിമ്പിക്സിൽ ജിംനാസ്റ്റിക്കുക്കാർ കറങ്ങുന്ന പോലെ ഒരു കറക്കം കറങ്ങി മൂക്കും കുത്തി നേരെ താഴെ...

വൗ... നേരത്തെ ക്യാമറ ഓൺ ചെയ്തോണ്ട് ആ ബൂം ചിക്കാ വാവാ മൊമെന്റ് ഒട്ടും മിസ്സ് ആകാതെ ഷൂട്ട് ചെയ്യാനായി...

ഭാഗ്യത്തിന് കാട്ടിലിന് അടുത്ത് വേറെ ഒന്നുമില്ലാരുന്നത് കൊണ്ട് നേരെ താഴേക്കാണ് വീണത്...

നടുവും തിരുമ്മിയെണിറ്റ് കൊണ്ട് വിനു,

"ഡാ മൂങ്ങ തെണ്ടി...എന്തിനാടാ പുല്ലേ ആസനത്തിൽ പിടിച്ചുതള്ളിയത്...(മൂങ്ങ എന്നത് അർജുവിന്റെ ഇരട്ടപ്പേരാണ്.. രാത്രി ഉറങ്ങാതെ ഇരുന്നുള്ള ഗെയിം കളിയും പകൽ ഫുൾ ഉറക്കവും... അങ്ങനെ കിട്ടിയ പേരാണ്...)

"നീ എന്തിനാടാ നാറി ആസനം പൊക്കിപിടിച്ചോണ്ട് എന്റെ കാലേൽ പിടിച്ചു ഞെക്കിയത്... ഞാനറിഞ്ഞോ അത് നിന്റെ മൂലസ്ഥന്മാണെന്ന്..."

"അത് ലവന് ചെറുതായിട്ടൊന്നു പാളിയതാണ്...ഉറക്കത്തിൽ യക്ഷി കഴുത്തിൽ ഞെക്കുന്ന പോലെ ഞെക്കി പേടിപ്പിക്കാനാരുന്നു പ്ലാൻ... പക്ഷെ മൂടി പുതച്ചു കിടന്നോണ്ട് പിടലിക്ക് പകരം കാലായിപ്പോയി... അതിത്രവലിയ കുറ്റമാണോ... എന്തായാലും നീ പേടിച്ചു നിലവിളിക്കുന്നത് പിടിക്കാൻ വീഡിയോ എടുത്തോണ്ട് ലവന്റെ മലക്കം മറിഞ്ഞുള്ള വീഴ്ച്ച കിട്ടി 😁..."

" ഡാ നീ രണ്ടും എന്നെ കൊല്ലാൻ വേണ്ടിയാണോ രാവിലെ കെട്ടിയെടുത്തത്... "

" രാവിലെയോ... ഞങ്ങൾ സാധാരണ മനുഷ്യർക്ക് ഇപ്പോൾ നേരം ഉച്ചയാണ് മിച്ചർ... താങ്കളെ പോലെ മൂങ്ങൾക്ക് മാത്രമാണ് രാവിലെ... "

"മൂങ്ങ നിന്റെ അപ്പൻ...എന്തിനാ കെട്ടിയെടുത്തോണ്ട് വന്നേ എന്ന് പറയടാ പുല്ലേ..."

"ഓഹ്... അങ്ങനെയായോ..

തന്നെ കാണാൻ ആവിശ്യമുണ്ടെങ്കിൽ മാത്രമേ ഞങ്ങൾ ഇങ്ങോട്ട് വരാറുള്ളൂ അല്ലേ... അങ്ങനെയൊക്കെയായി... ആയിക്കോട്ടെ ഞങ്ങൾ പോകുന്നു..."

" അയ്യടാ... സൈകളോടിക്കൽ മൂവ്... കൊല്ലം കുറെയായില്ലേ നിന്നെയൊക്കെ കാണാൻ തുടങ്ങിട്ടു... വന്ന കാര്യം പറയെടാ...മൈ*@#"

"അങ്ങനെ ചോയിക്ക്...അത് പിന്നെ ഏതാടാ നിന്റെ അപ്പുറത്തെ വീട്ടിൽ ഇത് വരെ കാണാത്ത രണ്ട് കിളികൾ..."

"അതാണ് കാര്യം... പ്രേമ രോഗിക്ക് വീണ്ടും അസുഖം തുടങ്ങിയോ വിനു..."

"അതെ... വീണ്ടും പഴയ സ്പാർക്കും പൊക്കി ഇറങ്ങിട്ടുണ്ട്..."

"ആണാ... ഏതിനോടാഡാ... ആ എലുമ്പിയാണേൽ വിട്ടേക്ക്... ജാടപിടിച്ച ഒരു സാധനമാണ്... നാക്കിനു എല്ലുമില്ല..."

"അതല്ല... മറ്റേവളോടാ..." ഞാൻ അല്പം നാണിച്ചു തല താഴ്ത്തി പറഞ്ഞു...

"അയ്യടാ... അവന്റെയൊരു നാണം... ഇതിന്റെ പകുതി ശരിക്കുമുണ്ടേൽ ഇത് വരെ നാറിയത് പോരാഞ്ഞു പിന്നേം ഈ പണിക്ക് നീ പോകുമാരുന്നോ..."

"ഡാ...അതൊക്കെയാവിടെ നിൽക്കട്ടെ... നീ ഡീറ്റെയിൽസ് പറ..."

"ആ.. ശരി... അവര് രണ്ടും അടുത്ത വീട്ടിലെ രാമകൃഷ്ണൻ അങ്കിളിന്റെ വൈഫ് സതി ആന്റിയുടെ ചേച്ചിയുടെ മക്കളാണ്...അല്ല നിങ്ങൾ എങ്ങനെ കണ്ട് ഇതിനെയൊക്കെ..."

"ഇന്ന് അമ്പലത്തിൽ സപ്താഹം തുടങ്ങിയില്ലേ... ഇവരവിടെ വന്നിരുന്നു... അങ്ങനെ കണ്ട് ഫോളോ ചെയ്തു ഇവിടേം വരെ എത്തി..."

"രണ്ടിനേം കണ്ടാൽ ചേച്ചിയും അനിയത്തിയുമാണെന്ന് പറയില്ല..." വിനുവും തട്ടിവിട്ടു...

"അത് വിട്... ബാക്കി പറ..."

"ഓഹ്ഹ്... അവന്റെയൊരു ശുഷ്‌കാന്തി...നിനക്കിപ്പോൾ എത്ര സപ്ലി ബാക്കിയുണ്ട്... ഇതിന്റെ പകുതി ശുഷ്‌കാന്തി കാണിച്ചിരുന്നേൽ ഇപ്പോൾ ഡിഗ്രി കയ്യിൽരുന്നേനെ..."

"ഡോ തന്നോട് ഉപദേശം ചോദിക്കാനല്ല വന്നേ... പറച്ചിൽ കേട്ടാൽ തോന്നും അവൻ അങ്ങ് ഗൂഗിൾന്റെ സിഇഒ ആണെന്ന്... തനിക്കുമില്ലേ എഴേട്ട് എണ്ണം..."

"നീ ഇത്രേം അറിഞ്ഞാൽ മതി... വിളിച്ചുണർത്തി മൂഡ് കളയാൻ..."

"പിണങ്ങാതഡാ...കിന്ഡർ ജോയ് വാങ്ങിത്തരാം...നീ ബാക്കി പറ..."

"മ്മ്മ്...വെളുത്തു മെലിഞ്ഞ പെണ്ണ് ചേച്ചി... അവളുടെ പേര് ആതിര... ഇളയവളാണ് നീ നോക്കുന്നവൾ... പേര് ആരതി...

രണ്ട് പേരും അവരുടെ അച്ഛനും അമ്മയോടുമൊപ്പം എറണാകുളത്താണ്... മൂത്തയാൾ ഡിഗ്രി സെക്കന്റ് ഇയർ...മറ്റേത് പ്ലസ് +2 കഴിഞ്ഞ് നിൽക്കുന്നു... ഇപ്പോൾ വെക്കേഷനായത് കൊണ്ട് ഇവിടെ വന്നതാണ്..."

"ആരതി...നല്ല പേര്...ആരതി വരുൺ... നല്ല മാച്ച്...ആഹാ!!!....കുട്ടികൾ ഉണ്ടാകുമ്പോൾ പെൺ കുട്ടിയാണേൽ ആരതിയുടെ 'ആ' യും വരുണിന്റെ 'വ' യും ചേർത്ത് ആവണി എന്ന് പേരിടാം... ആണ് കുട്ട്യാണേൽ അവിനാഷ്...പൊളിക്കും..."

"മോനൂസേ... ആദ്യം അവളോട് ഇഷ്ടമാണ് എന്ന് പറഞ്ഞിട്ട്... അവളും ഇഷ്ടമാണ് എന്ന് പറഞ്ഞിട്ട് പോരെ സ്വപ്നമൊക്കെ..."

"മതിയല്ലേ... അളിയാ എങ്ങാണം അവൾക് വേറെ ലൈൻ മറ്റോ ഉണ്ടേലോ...അത് മാത്രമല്ല... എങ്ങനെയാ ഒന്ന് ഇമ്പ്രെസ്സ് ചെയ്യണേ...

"അതിനൊരു വഴിയുണ്ട്... നമ്മടെ രണ്ട് മുന്ന് പിള്ളേരെ ഇറക്കി ലവളുമാരെ ശല്യം ചെയ്യിക്കാം... നീ അപ്പോൾ വരുന്നു... എല്ലാത്തിനേം ഇടിച്ചു വീഴ്ത്തുന്നു... ഇമ്പ്രെസ്സ് ആക്കുന്നു... എപ്പടി എന്റെ ഐഡിയ..." അർജു പറഞ്ഞു...

"അത് കൊള്ളാം... പക്ഷെ വേണ്ടടാ... ഇനി എങ്ങാനും ആ ചേച്ചി പെണ്ണിന് എന്നെ ഇഷ്ടമായി ചേച്ചിക്ക് വേണ്ടി അനിയത്തി വേണ്ടാന്ന് വെച്ചാലോ... ഈ ഐഡിയ വേണ്ട..."

"അയ്യേ...രണ്ട് പൊങ്ങന്മാരും കൂടെ ഇതും കൊണ്ടാണോ ഇമ്പ്രെസ്സ് ചെയ്യാൻ പോണേ... ഡാ ഇതൊക്കെ തൊണ്ണൂറുകളിലെ സിനിമ പണിയാണ്... നീ മര്യാധക്ക്

പോയി ചോദിക്ക്... അത് മതി..."

അങ്ങനെ ഡീറ്റെയിൽസ് എല്ലാം വാങ്ങി ഞങ്ങൾ അവിടെ നിന്നുമിറങ്ങി...

പിറ്റേന്ന് നേരത്തെ തന്നെ ക്ഷേത്രത്തിൽ പോയി കാത്ത് നിന്നു...പ്രതീക്ഷിച്ച പോലെ അവർ വന്നു... നന്നായി തന്നെ ഒളിഞ്ഞും തെളിഞ്ഞും ഞാൻ നോക്കി... ആരോ ശ്രദ്ധിക്കുന്നുണ്ട് എന്ന് മനസ്സിലായിരുന്നു... വിനു ആണേൽ ഞാൻ ഇതിലൊന്നും പെടുന്ന ആൾ അല്ല എന്ന പോലെ ജാടയുമിട്ട് ഒന്നും മൈൻഡ് ചെയ്യാതെ എന്റെ കൂടെ നടന്നു...

അങ്ങനെ 6 ദിവസം കഴിഞ്ഞ്, ദൈവം വിശ്രമിച്ച ഏഴാം നാൾ വന്നെത്തി... ശ്ശെ!!! ഡയലോഗ് മാറി...സപ്താഹത്തിന്റെ ഏഴാം നാൾ വന്നെത്തി...

പതിവ് വായിനോക്കൽ കഴിഞ്ഞ് അവരുടെ പിന്നാലെയുള്ള നടത്തം തുടങ്ങി... എന്ത് വന്നാലും ഇന്ന് ചോദിക്കും എന്ന് ഉറപ്പിച്ചാണ് പോയത്...അർജുവും മെന്റൽ സപ്പോർട്ടിന് അന്ന് ഞങ്ങളുടെ കൂടെ വന്നിരുന്നു...

ആളൊഴിഞ്ഞ ഒരു ഇട വഴി കടന്ന് വേണം പോകാൻ... അവിടെ എത്തുമ്പോൾ വിളിച്ചു നിർത്തി ചോദിക്കാൻ ഞാൻ തീരുമാനിച്ചുറപ്പിച്ചു... "

കൃത്യം അവിടെ എത്തിയപ്പോൾ ഞങ്ങൾ അവരുടെ മുന്നിലേക്ക് കയറി നടന്ന് തടഞ്ഞു നിർത്തി... അവരും പ്രതീക്ഷിച്ചിരുന്ന പോലെ വലിയ ഞെട്ടൽ ഒന്നും ഉണ്ടായിരുന്നില്ല... എങ്കിലും അവളുടെ ചേച്ചി ആതിര ചോദിച്ചു-

"മ്മ്... എന്ത് വേണം... എന്തിനാ തടഞ്ഞു നിർത്തിയത്... ഞങ്ങൾക്ക് പോണം..."

ഞാൻ എന്റെ എക്സ്പീരിയൻസ് പുറത്തെടുത്തു... ധൈര്യപൂർവം മുന്നിലേക്ക് വന്നു പറഞ്ഞു -

"അത് ഈ കുട്ടിയോട് മാത്രം എനിക്ക് ഇത്തിരി സംസാരിക്കണം..."

"അത് പറ്റില്ല എന്തേലും പറയാനുണ്ടേൽ ഇപ്പോൾ പറ... അല്ലേ ഞങ്ങൾക്ക് പോണം..." ആതിര പറഞ്ഞു...

"ആ കുട്ടിക്ക് സമ്മതമാണേൽ ജസ്റ്റ് ഒരു രണ്ടു മിനിറ്റ്... അത്രേം മതി..."

എന്തായാലും ഈ തവണ ചേച്ചി ഒന്നും മിണ്ടിയില്ല... അനിയത്തി എന്റെയൊപ്പം വന്നു...

" എനിക്ക് ആരതിയെ ഇഷ്ടമാണ്....എന്നെ കുട്ടിക്ക് ഇഷ്ടമാണോ... "

"ചേട്ടൻ ആദ്യ ദിവസം പിന്നാലെ നടന്നപോളെ എനിക്ക് അത് മനസ്സിലായി..."

അവൾക് ഞാൻ പിന്നാലെ നടക്കുന്നത് ഒരു വിഷയമല്ല എന്ന് കണ്ടപ്പോൾ എനിക്ക് മനസ്സിൽ ലഡ്ഡു പൊട്ടി...

അവൾ തുടർന്നു...

"പക്ഷെ എനിക്ക് ചേട്ടന്റെ കൂടെ നടന്ന മറ്റേ ചേട്ടനെയാണ് ഇഷ്ടമായത്...ചേട്ടനൊപ്പം നടക്കുമ്പോളും ഒന്നും ശ്രദ്ധിക്കാതെ വെയ്റ്റ് ഒക്കെയിട്ടുള്ള ആ നടത്തമാണ് എന്നെ ആകർഷിച്ചത്... ചേട്ടൻ ആ ചേട്ടനോട് പറഞ്ഞ് സമ്മതിച്ചു തരണം...."

മനസ്സിൽ കുറച്ച് മുൻപേ പൊട്ടിയ ലഡ്ഡു റിവേഴ്സ് മോഡിൽ ഒട്ടി... ഇതിന് മുൻപ് എല്ലാ തവണയും ആട്ടിയോടിക്കൽ മാത്രമായിരുന്നു... പക്ഷെ ഈ തവണ... സ്പാർക്കും പോയി ഫിലമെന്റും പോയി...😭😭😭

ഞാൻ അണ്ടി പോയ അണ്ണാനെ പോലെ തിരികെ നടന്നു അവന്മാരുടെ അടുത്തെത്തി പറഞ്ഞ് -

"വിനു അവൾക്ക് നിന്നോട് എന്തോ പറയാനുണ്ടെന്നു..."

വിനുവിന്റെ കിളി പോയി എങ്കിലും അർജുവിന് കാര്യം കത്തി... അവളുടെ ചേച്ചിടെ മുഖത്ത് നോക്കിയപ്പോൾ അവിടെ ആണേൽ ഒരു ഓഞ്ഞ ചിരിയും... അതെ അത് തന്നെ "ഞാൻ ആസായ ചിരി..."

വിനു അല്പം കഴിഞ്ഞ് ഞെട്ടി പണ്ടാരമടങ്ങി ഞങ്ങളുടെ അടുത്ത് വന്ന് പറഞ്ഞു -

"ഡാ... അവൾ എന്നെ ഇഷ്ടമാണെന്ന് പറഞ്ഞെടാ...എന്നോട് ഇഷ്ടമാണോ എന്ന് ചോദിക്കുന്നു... ഞാൻ എന്ത് വേണം..."

അർജുവിന് ചിരി വരുന്നുണ്ട് എങ്കിലും എന്റെ അവസ്ഥ കണ്ടു ചിരിച്ചില്ല...അവൻ പറഞ്ഞു-

"വേണ്ടടാ... അത് ശരിയാകില്ല... ഇവൻ നോക്കിയ പെണ്ണിനെ നീ സെറ്റാക്കിയാൽ..."

വിനു അവളോട് നോ പറയാനായി പോകാൻ തുടങ്ങിയതും ഞാൻ തടഞ്ഞു കൊണ്ട് പറഞ്ഞു -

"അല്ലടാ... എസ് പറ... നല്ല കുട്ട്യാ... നിനക്ക് ചേരും... ഞാനല്ലേ പറയുന്നത്... എസ് പറ..."

അത് കേട്ട് എന്തായാലും അത് വരെ എന്നെ നോക്കി പുച്ഛിച്ചു ചിരിച്ച ആതിരയുടെ ചിരിയങ്ങു മാഞ്ഞു... അർജു അഭിമാനത്തോടെ എന്നെ നോക്കിട്ടു ചേർത്ത് പിടിച്ചു...

വിനുവും ആരതിയും തമ്മിൽ സംസാരിച്ചു നംമ്പറോക്കെ പരസ്പരം കൈ മാറി... അത് കഴിഞ്ഞ് ഞങ്ങൾ അവരോടു യാത്ര ചോദിച്ചു വീട് പിടിച്ചു...

അർജുവിനെ വീട്ടിലാക്കി ഞാനും വിനുവും വീട്ടിലേക്ക് നടന്നപ്പോൾ അവൻ പറഞ്ഞു -

"വേണ്ടാരുന്നെടാ... നോ പറഞ്ഞാൽ മതിയാരുന്നു... ഇതിപ്പോ നിന്നെ വിഷമിപ്പിച്ചു ഞാൻ സന്തോഷിക്കുവല്ലേ... നീ എന്നെ തടയണ്ടാരുന്നു..."

"ശ്ശെ... നീ അത് വിട്ടേ... അതൊന്നും സാരമില്ല... എനിക്ക് സങ്കടമൊന്നുമില്ല... നിനക്ക് ഒരു നല്ല കുട്ടിയെ കിട്ടിയ സന്തോഷമാണുള്ളത്..."

അങ്ങനെ ഓരോന്ന് സംസാരിച്ചു വിനുവിനെ വീട്ടിലാക്കി ഞാനും വീട്ടിലെത്തി...

വീട്ടിലെത്തി അല്പം കഴിഞ്ഞ് അർജുവിന്റെ വിളി വന്നു -

"ഡാ സങ്കടത്തിലാണോ... എന്തായാലും നീ ചെയ്തേ വലിയ കാര്യമാ... നല്ല മനസ്സ് വേണമതിനു... തൂണും ചാരി നിന്നവൻ പെണ്ണും കൊണ്ട് പോയി എന്ന് കെട്ടിട്ടേയുള്ളു... ആദ്യമായാണ് കാണുന്നത്... കാര്യങ്ങളുടെ പോക്ക് കണ്ട് ആദ്യം ചിരി വന്നെങ്കിലും നിന്റെ പെരുമാറ്റം ഞെട്ടിച്ചു കളഞ്ഞു..."

"ഒഞ്ഞു പോയേടാ മോനെ... പിന്നെ അവള് പോയാൽ വേറൊന്ന്... അത്രെ ഉള്ള്... പിന്നെ മറ്റേത് എനിക്ക് വലിയ മനസ്സ് ആയിട്ടൊന്നുമല്ല... അവളരെയാ സ്നേഹിക്കുന്നത്... വിനുവിനെ... ഇതിലും വലിയ ഒരു പണി അവൾക് വേറെ കിട്ടാനുണ്ടോ 🤣🤣🤣...നമ്മളോടാ അവള്ടെ കളി....😎"

******************

അർജുവിനോട് അതും പറഞ്ഞു ഫോൺ വച്ച് റൂമിന്റെ വാതിലും കുറ്റിയിട്ടു കണ്ണാടിയുടെ മുന്നിൽ പോയി ഞാൻ ഒരു ചിരി പാസ്സ് ആക്കി...

എന്നിട്ട് എന്നോട് തന്നെ ഞാൻ പറഞ്ഞു...

"മാസ്സ് കാ ബാപ് 😎..."

ഒരു സെക്കന്റ് കഴിഞ്ഞ് മുഖം അല്പം വാടി....

**പിന്നീട്....**

ങ്ങഔ.......

ഒരു ഒറ്റ മോങ്ങലായിരുന്നു... ഏങ്ങലടിച്ചു കരഞ്ഞു... പൊട്ടി പൊട്ടി കരഞ്ഞു...

അപ്പോളാണ് കതകിൽ ഒരു മുട്ട് കേട്ടത്...

"മോനേ...മോനെ വരുണെ... കതക് തുറന്നേടാ..."

ഒറ്റയടിക്ക് ഞാൻ കരച്ചിൽ നിർത്തി ഷർട്ടിന്റെ തോളിൽ കണ്ണും തുടച്ച് കണ്ണാടി നോക്കി എല്ലാം ഓക്കെ അല്ലേ എന്ന് ഉറപ്പും വരുത്തി കതകിന്റെ കുറ്റിയുമെടുത്തു കറങ്ങി

തിരിഞ്ഞു കട്ടിലിൽ പോയി കിടന്നു...കണ്ടാൽ കരഞ്ഞെന്ന് തോന്നുമോ എന്ന ആശങ്കയോടെ...

എല്ലാം ധോണിയുടെ സ്റ്റമ്പിങ്ങിലും വേഗത്തിൽ...

അപ്പോൾ തന്നെ അമ്മ കതകും തള്ളിത്തുറന്നു ഉള്ളിൽ വന്നൊരു ചോദ്യം...

"എന്തുവാഡാ... എന്തുവാ ഇവിടെ പട്ടി മോങ്ങുന്ന ശബ്ദം കേട്ടത്..."

ഞാൻ മനസ്സിൽ - "പുല്ല്... വീണ്ടും തേഞ്ഞു... ഇന്ന് ആരെയാണാവോ കണികണ്ടത്..."

"ആഹ്... എന്ത്... ഞാൻ ഒന്നും കേട്ടില്ലല്ലോ..."

"ഞാൻ കേട്ടതാടാ... ഇനി നിന്റെ ക്ലിയോപാട്രാ എങ്ങാനം കട്ടിലിന് അടിയിൽ കയറി കിടപ്പുണ്ടോ..." എന്നും പറഞ്ഞു അമ്മ കട്ടിലിന് അടിയിൽ നോക്കി... ഭാഗ്യത്തിന് അവൾ അവിടെ ഉണ്ടായിരുന്നു...

" ദാണ്ടെ കിടക്കുന്നു... ഇവൾ ഇവിടെ കിടന്നു മോങ്ങിട്ടും നീ കേട്ടില്ലേ... ഇരണം കെട്ട കുന്തം ത്രിസന്ധ്യ നേരത്താണ് കിടന്നു മോങ്ങിയത്... "

"ഞാൻ ശ്രദ്ധിച്ചില്ല അമ്മേ...ഡീ ക്ലിയോ... ഇനി മോങ്ങരുത്... കേട്ടോ..."

മോങ്ങിയ ക്രെഡിറ്റ് ഞാൻ നൈസ് ആയി പട്ടിടെ തലയിൽ ഇട്ടതും അവൾ ദയനീയമായി എന്റെ മുഖത്തേക്ക് ഒരു നോട്ടം...അവളുടെ മുഖത്ത് വന്ന എക്സ്പ്രഷൻ നിങ്ങൾക്ക് വേണ്ടി ഞാൻ പരിഭാഷപ്പെടുത്താം😁-

"ശരിക്കും ബ്രോ... ശരിക്കും..."

"സാരമില്ല... നിന്നോടുള്ള സ്നേഹം കൊണ്ടല്ലേ 😁..."

ഞാൻ അവളെ ആശ്വസിപ്പിച്ചു... മനസ്സിൽ എന്നെ പ്രാകി അവൾ വീണ്ടും കട്ടിലിൻ്റെ അടിയിലും...

അമ്മ പിന്നേം... " എന്താടാ... നിന്റെ മോന്ത എന്താ വല്ലാതിരിക്കുന്നത്... "

ഞാൻ വളരെ നാച്ചുറൽ ആയി പറഞ്ഞു -

"ഒന്നുമില്ലല്ലോ അമ്മേ..."

(ലാലേട്ടൻ തോറ്റു പോകും എന്റെ നാച്ചുറൽ ആക്റ്റിംഗിന് മുന്നിൽ... മലയാള സിനിമാലോകത്തിന്റെ നഷ്ടം 😥...)

"കണ്ണ് നിറഞ്ഞിട്ടുള്ള പോലെ തോന്നി... അതാ ചോദിച്ചേ..."

"ഏഹ്... തോന്നിയതാകും... "

"ആഹ്...ഞാൻ പോകുവാ... കുറച്ച് കഴിഞ്ഞ് അത്താഴം വിളമ്പും... വേണേൽ വന്നു ഞണ്ണിക്കോണം..."

"പിന്നെ വേണ്ടാതെ...ഞാൻ ഇപ്പോളെ വരാം..."

അല്ലേലും അങ്ങനെയാ... നല്ല സന്തോഷം വന്നാലും സങ്കടം വന്നാലും വയറു നിറച്ചു കഴിക്കുക... നല്ല ആശ്വാസം കാണും... പിന്നെ ജോലിയും വേലയുമില്ല എങ്കിൽ പറയുകയും വേണ്ട...

എന്തായാലും അല്പനേരം കറങ്ങിയും തിരിഞ്ഞും നടന്ന് ഭക്ഷണം കഴിക്കാൻ കയറി...

ഭക്ഷണം കഴിഞ്ഞ് തിരിച്ചു റൂമിൽ വന്ന് ഫോണും കുത്തി കിടന്നു... ഫോൺ കൈയിൽ എടുത്തപ്പോൾ തന്നെ ഒരു കാൾ വന്നു...

മാറ്റാരുടെയുമല്ല... യുവ കാമുകൻ വിനുവിന്റെ..."കള്ള പന്നി... എന്തിനാണാവോ ഇപ്പോ വിളി... ആ നോക്കാം

..."

ഞാൻ ഫോൺ എടുത്തു...

"ഹലോ... മച്ചാനേ... എന്താണ് വിശേഷം..."

"നമ്മുക്ക് എന്ത് വിശേഷം നിനക്കല്ലേ ഇപ്പോൾ വിശേഷമൊക്കെ... അതിരിക്കട്ടെ... എന്തിനാ ഇപ്പോൾ വിളിച്ചത്..."

"ഡാ... അത് പിന്നെ നാളെ ..."

"നാളെ... നാളെ എന്താ..."

"നാളെയേ... നമ്മുടെ ആരതി വൈകിട്ട് അമ്പലത്തിൽ വരാം എന്ന് പറഞ്ഞിട്ടുണ്ട്... നീ എന്റെ കൂടെ കൂട്ടിനു വരണം... ഒരു മെന്റൽ സപ്പോർട്ട്..."

അത് കേട്ട് എന്റെ ടെമ്പർ തെറ്റി ഞാൻ മനസ്സിൽ പറഞ്ഞു... "കള്ള പന്നി... മുറിവിൽ മുളക് തേച്ചു രസിക്കുവാ... വരില്ല എന്ന് പറഞ്ഞാൽ നാണക്കേടും..."

"ഓക്കേ ഡാ... ഞാൻ വരാം... എപ്പോളാ..."

"6 മണിക്ക്... നിനക്ക് കുഴപ്പമില്ലല്ലോ..."

"എന്ത് കുഴപ്പം... നീ എത്ര തവണ എന്റെ കൂടെ വന്നിട്ടുണ്ട്... ഉറപ്പായും വരാം..."

പിറ്റേന്ന് വൈകിട്ട് കൃത്യം 5.00 മണിയായപ്പോൾ വിനു വീട്ടിലെത്തി...

അവൻ വന്നപ്പോൾ ഞാൻ മാട്രിമോണിയലിൽ തപ്പുകയായിരുന്നു... ഒരു ഡേറ്റിംഗ് സൈറ്റിലും സുരക്ഷിതവും സുതാര്യവും...

ഇഷ്ടം പോലെ കിളികൾ...കെട്ടാൻ ഈ ജന്മത്തിൽ ഈ പോക്ക് പോയാൽ യോഗമുണ്ടെന്നു തോന്നുന്നില്ല...അപ്പോൾ ദർശന സൗഭാഗ്യമെങ്കിലും കിട്ടണമല്ലോ 😥...

എന്താടാ പരുപാടി എന്നും ചോദിച്ചു അവൻ റൂമിലേക്ക് കയറി വന്നു... ഞാൻ ജാട ഇടാൻ ആപ്പ് ക്ലോസ് ചെയ്തു വെറുതെ ഫേസ്ബുക് എടുത്തു അതിൽ കുത്തിയിരുന്നു...

"ആഹ്... ആരിത്... കാമുകനോ..."

"ഒന്ന് പോയെടാ കളിയാക്കാതെ... നീ വേഗം ഒരുങ്ങി വന്നേ... നമുക്ക് പോകണ്ടേ..."

"പോകാനോ... എവിടേക്ക്... നീ ഇത് എന്താ പറയുന്നത്..." സത്യത്തിൽ എനിക്ക് മനസ്സിലായില്ലാരുന്നു...

"ഞാൻ ഇന്നലെ വിളിച്ചു ചോദിച്ചില്ലെ...എന്റെ കൂടെ അമ്പലം വരെ വരുമോ എന്ന്..."

"ഞേ... അതോ... അത് 6 മണിക്കല്ലേ...അതിന് ഇപ്പോളെ എന്തിനാ പോണേ

... ഇവിടുന്നു 5 മിനിറ്റ് നടക്കാൻ പോലുമില്ലല്ലോ..."

"ഡാ...നമ്മൾ ഒരു നല്ല കാര്യത്തിന് പോകുന്നതല്ലേ... അല്പം നേരത്തെ എത്തിയാലും കുഴപ്പമില്ലല്ലോ..."

"നേരത്തെ എന്ന് പറഞ്ഞാൽ ഒരു മണിക്കൂർ മുന്നേ പോണോ..."

"അല്ല... ആരു മോളെ കാണാൻ വേണ്ടിമാത്രം ആദ്യമായി ഞാൻ പോകുന്നതല്ലേ... അവൾക്കും ഒരു സന്തോഷം ആയിരിക്കുമല്ലോ..."

"എന്ത് മോള്...ആരു മോളോ... ഡേയ്... ഇന്നലെ വരെ പ്രണയവും പെണ്ണിനേം പുച്ഛിച്ചു നടന്ന നീ തന്നെയാണോ ഇത്..."

"എടാ... ആരു മോൾ പാവമാണ്... അവൾ എന്റെ കാഴ്ച്ചപ്പാടെ മാറ്റിക്കളഞ്ഞു..."

ഞാൻ പിന്നേ കൂടുതൽ മിണ്ടാൻ നിന്നില്ല... ആഴ്ചയിൽ ഒരിക്കൽ കുളിക്കാൻ മടിയുള്ളവനാണ് കുളിച്ചു അലക്കി തേച്ച ഡ്രെസ്സുമിട്ട്, ഒരു ടിൻ പൌഡറും വാരിപ്പൊത്തി എന്റെ മുന്നിൽ കോമളനായി നിൽക്കുന്നത്...

പെണ്ണ് സെറ്റയാൽ ഇത്രയും മാറ്റമോ.. അതും ഒറ്റ ദിവസം കൊണ്ട് ...

ഞാൻ വേഗം കുളിച്ചു ഡ്രെസ്സും മാറി വന്നു...

ഞങ്ങൾ പുറത്തേക് ഇറങ്ങാൻ തുടങ്ങിയപ്പോളാണ് അമ്മ പറമ്പിൽ നിന്നും അകത്തേക്ക് വന്നത്... ഞങ്ങൾ രണ്ടും കുളിച്ചു ഒരുങ്ങി പുറത്തേക്കിറങ്ങുന്നത് കണ്ട് അമ്മക്ക് സംശയം...

"രണ്ടാളും കൂടെ മേക്കപ്പ് ഒകെയിട്ട് എങ്ങോട്ടാ..."

വിനു ആണ് മറുപടി കൊടുത്തത് -"അതമ്മേ... ഞങ്ങൾ അമ്പലത്തിൽ ഒന്ന് പോയി വരാം എന്ന് വിചാരിച്ചു... "

"അമ്പലത്തിലോ... നീയൊക്കയോ...ഏതേലും അവളുമാരെ വായിനോക്കാനാകും..."

ഞാൻ മനസ്സിൽ -"അമ്മ വേറെ ലെവൽ... ഒറ്റയടിക്ക് മനസ്സിലാക്കിക്കളഞ്ഞു... "

പിന്നെ അധികം നിന്ന് "ഡാണ്ടുണ്ടു" അടിക്കാതെ നൈസ് ആയി ഞങ്ങൾ അവിടെ നിന്നും സ്കൂട്ടായി...

കൃത്യം 5.30 മണിക്ക് അമ്പലം തുറന്നപ്പോൾ ഞങ്ങൾ അവിടെയെത്തി... ഉള്ളിൽ കയറാതെ ആൽത്തറയിൽ അവളേം കാത്ത് ഇരുപ്പ് തുടങ്ങി...

ആ ഇരുപ്പ് അരമണിക്കൂർ ഇരിക്കേണ്ട വന്നു... ഇത് വരെ ഇങ്ങനെയുള്ള കാര്യത്തിന് ഞാൻ തന്നെ പോകുന്നത് കൊണ്ട് കാത്തിരിപ്പിന്റെ വിരസത അറിയേണ്ടി വന്നിട്ടില്ല...

പക്ഷെ ആദ്യമായി കൂടെ ഉള്ളവന് വേണ്ടി ഇരിക്കേണ്ട വന്നപ്പോൾ എത്ര ബോർ പരുപാടി ആണ് ഇതെന്ന് മനസ്സിലായത്...

ഏകദേശം ആറ് മണി കഴിഞ്ഞിരുന്നു അവൾ വന്നപ്പോൾ... കൂടെ ഒരു കൊച്ചു കുട്ടിയുമുണ്ട്...അർജുവിന്റെ വീട്ടിൽ പോയപ്പോൾ കണ്ടിട്ടുണ്ട് അതിനെ...

ആരതിയുടെ കുഞ്ഞമ്മയുടെ മോൾ...അതായത് അർജുവിന്റെ അയൽക്കാരന്റെ മകൾ...

അവർ ഞങ്ങളുടെ അടുത്തെത്തി നിന്നു... അവൾ ഞങ്ങളെ നോക്കി ചിരിച്ചു... ഞാനും ഒരു ചിരി പാസ്സാക്കി...

"ഒരുപാട് നേരമായോ വന്നിട്ട്..."

"ഇപ്പോ വന്നേയുള്ളു ആരു...," വിനുവാണ് പറഞ്ഞത്..

"അതെ വെറും അരമണിക്കൂർ..." ഞാനും തട്ടിവിട്ടു... അവൻ രൂക്ഷമായി എന്റെ മുഖത്ത് നോക്കിയപ്പോൾ ഞാൻ പല്ലിളിച്ചു കാട്ടി...

"നിങ്ങൾ തൊഴുതോ..."

"ഇല്ല... ആരു കൂടെ വന്നിട്ടാകാം എന്ന് കരുതി..."

"എന്തോരോലിപ്പ്... 😒..."ഞാൻ മനസ്സിൽ പറഞ്ഞു..

ഞങ്ങൾ ഒന്നിച്ചു ക്ഷേത്രത്തിൽ കയറി തൊഴുതു... പ്രസാദം വാങ്ങാൻ നേരമാണ് എന്നെ ഞെട്ടിച്ചുകൊണ്ട് ഒരു സംഭവം ഉണ്ടായത്...

പ്രസാദം വാങ്ങി തിരുമേനിക്ക് അവൻ 50 രൂപ ദക്ഷിണ കൊടുത്തു... രണ്ട് ദിവസം മുൻപ് ഒരു ചായ വാങ്ങിത്തരാൻ പറഞ്ഞപ്പോൾ കൈ മലർത്തിയവൻ ഇന്ന് 50 രൂപ ദക്ഷിണ കൊടുത്തു...

"ഒരു പെണ്ണിന്റെ മുന്നിൽ ആളാവാൻ ഇവനൊക്കെ എന്തൊക്കെ ചെയ്യും... ലജ്ജാവഹം... " ഞാൻ മനസ്സിലോർത്തു...

(ഞാൻ എന്തൊക്കെ ചെയ്തു എന്ന് ചോദിക്കരുത്... നമ്മളിപ്പോൾ വിനുവിന്റെ കാര്യമല്ലേ പറയുന്നത് 😁.. ഏത്!!!...)

ക്ഷേത്രത്തിൽ നിന്നും അവർ മുൻപേയും ഞങ്ങൾ പിന്നിലുമായി ഇറങ്ങി...കുറച്ച് ദൂരം ഫോളോ ചെയ്തു ഞങ്ങൾ ഇട വഴി എത്തി...

അവിടെയെത്തിയപ്പോൾ അവർ നിന്നു... ആരതിയെയും വിളിച്ചു വിനു അടുത്തുള്ള കാവിന്റെ മറവിലേക്ക് സംസാരിക്കാനായി മാറി നിന്നു...

ഞാനും ആരതിയുടെ അനിയത്തിയും അവരെ കാത്ത് നിന്നു...

അല്പം കഴിഞ്ഞ് അവളുടെ അനിയത്തി എന്റെയടുത്തു വന്നു കൈയിൽ തോണ്ടി ഒരു ചോദ്യം....

"ചേട്ടാ... അവർ തമ്മിൽ കല്യാണം കഴിക്കുമോ..."

പ്രേമത്തിലെ സെലിൻ ചോദിക്കുന്നത് പോലെയാണ് എനിക്ക് തോന്നിയത്... പക്ഷെ അപ്പോളാണ് ഞാൻ +2 കഴിഞ്ഞ് നിക്കുവല്ല എഞ്ചിനീയറിംഗ് കഴിഞ്ഞ് രണ്ട് വർഷവും മുടിച്ചു നിൽകുവാ എന്ന ബോധം വന്നത്...

"എനിക്ക് അറിയില്ല മോളെ... നിന്റെ പേര് എന്താ... ഏത് ക്ലാസിലാ പഠിക്കുന്നത്..."

"എന്റെ പേര് അനന്യ... വീട്ടിൽ അനു മോളെ എന്ന് വിളിക്കും... ഇനി അഞ്ചാം ക്ലാസ്സിലേക്കാണ്...ചേട്ടനും ഇതേ പോലെ ലൈൻ ഒന്നുമില്ലേ..."

അവള്ടെ ചോദ്യം എന്റെ ചങ്കിലാണ് കൊണ്ടത്... ഒരു ഇറുക്ക് കണ്ണുനീർ പൊടിഞ്ഞു... എങ്കിലും ഞാൻ ചിരിച്ചു കൊണ്ട് ചോദിച്ചു -

"ഡീ കാന്താരി... ലൈനോ... നീ ആള് കൊള്ളാമല്ലോ... ചേട്ടന് ഇതൊന്നും ഇഷ്ടമല്ല... ചേട്ടൻ സിംഗിൾ ലൈഫ് എൻജോയ് ചെയുവാ...

മോൾടെ പരിചയത്തിലുള്ള ചേച്ചിമാരോടൊക്കെ പറയണം കേട്ടോ... ഒരു അടിപൊളി ചേട്ടനെ പരിചയപെട്ടു...സൂപ്പർ ചേട്ടനാ എന്നൊക്കെ..."😁

"ചേട്ടൻ കോഴിയാണല്ലേ..."

കൊച്ചിന് ബുദ്ധിയുണ്ട്... അവള്ടെ ഒറ്റ ചോദ്യത്തിൽ ഞാൻ വിജ്രംഭിച്ചു പോയി... പിന്നെ അധികം ഞാൻ മിണ്ടാൻ നിന്നില്ല...

അൽപനേരം കഴിഞ്ഞ് വിനുവും ആരതിയും വന്നു... യാത്ര പറഞ്ഞു ഞങ്ങൾ പിരിഞ്ഞു...

തിരികെ പോകുന്ന വഴിക്ക് ആരതി അടുത്ത മാസം തിരികെ പോകുമെന്ന് വിനു പറഞ്ഞു... ഈ സന്ദർശനം കുറച്ച് ദിവസം കൂടെ ഉണ്ടാകുമെന്നും...

അങ്ങനെ അവന്റെ കാര്യങ്ങൾ സ്മൂത്ത് ആയി പൊക്കോണ്ടിരുന്നു... അവർ പല ഇടങ്ങളിലായി കൂടി കാഴ്ച നടത്തും... ഞാൻ അപ്പോളൊക്കെ കൂട്ടിനും പോയിക്കൊണ്ടിരുന്നു...

അങ്ങനെ ഒരു സൺഡേ അവർ ഒന്നിച്ചു സിനിമക്ക് പോകാൻ തീരുമാനിച്ചു...രണ്ട് ദിവസം മുൻപേ എന്നോട് പറഞ്ഞിരുന്നു... ഞാൻ കൂടെ വരാം എന്നും സമ്മതിച്ചു...

എന്നാൽ ശനിയാഴ്ച ഉച്ചക്ക് ഭക്ഷണം കഴിച്ചു ഫോണിൽ കുത്തി ഇരുന്നപ്പോളാണ് എന്റെ പിതാശ്രീ വന്നു ഒരു കല്യാണത്തിന്റെ കാര്യം പറയുന്നത്...

അച്ഛന്റെ അടുത്ത സുഹൃത്തും ഞങ്ങളുടെ ഒരു ബന്ധുവുമായ ചന്ദ്രശേഖര മേനോന്റെ മകളുടെ വിവാഹം...

പുള്ളിക്കാരന് ബിസിനസ് ഒക്കെയാണ്... അത്യാവിശം നല്ല പൈസാക്കാരനാണ്...ഒറ്റ മോളും...

"ഇവിടെ ചന്ദ്രനും മീനാക്ഷിയും ഒരുമിച്ച് വന്ന് ക്ഷണിച്ചതാണ്... നിന്നോടും പ്രത്യേകം പറയാൻ പറഞ്ഞിട്ടുണ്ട്...അത് കൊണ്ട് നാളെ രാവിലെ കൃത്യം 9 മണിക്ക് തന്നെ കല്യാണത്തിന് പോകാൻ റെഡിയായിക്കോണം..."

"അച്ഛാ... നാളെ ഞാൻ വിനുവിന്റെ കൂടെ..."

"നാളെ നീ വേറെ എങ്ങും പോകുന്നില്ല...നമ്മളല്ലാം ചെല്ലുമെന്നു ഞാൻ ചന്ദ്രന് വാക്ക് കൊടുത്തിട്ടുണ്ട്..."

"നാളെ ഞാൻ കൂടെ ചെല്ലാമെന്ന് വിനുവിനും വാക്ക് കൊടുത്തിട്ടുണ്ട്..."

"എങ്കിൽ മോന് നാളെ മുതൽ ചിലവിനുള്ളതും വിനു ഉണ്ടാക്കി തരാൻ പറ... എന്റെ ചിലവിൽ നിൽകുമ്പോൾ ഞാൻ പറഞ്ഞത് അനുസരിക്കണം..."

തന്തപ്പടി ഇടഞ്ഞു നിക്കുവാണ് ...ഇനി  നിന്ന് കഥാപ്രസംഘം പറഞ്ഞാൽ ഗെറ്റ് ഔട്ട് അടിക്കാൻ ചാൻസ് ഉണ്ട്...

അതുകൊണ്ട് തന്നെ ലാലേട്ടൻ പറഞ്ഞ പോലെ ഇടഞ്ഞ കൊമ്പന്റെ കണ്ണിൽ തോട്ടി കയറ്റി കളിക്കാതെ അവിടെ നിന്നും ഞാൻ നൈസ് ആയി സ്കൂട്ടായി റൂമിൽ വന്ന് വിനുവിനെ വിളിച്ചു നാളെ വരാനാകില്ല എന്ന കാര്യം പറഞ്ഞു... പകരം അർജുവിനേം സെറ്റ് ആക്കി കൊടുത്തിട്ടു, ഞാൻ കല്യാണത്തിന് പോകാൻ തീരുമാനിച്ചു...

പിറ്റേന്ന് രാവിലെ തന്നെ കുളിച്ചു റെഡി ആയി നല്ല ഡ്രെസ്സ് തപ്പി തുടങ്ങി... റിച്ച് കല്യാണമാണ് കിടിലൻ കിളികൾ വരാൻ ചാൻസ് ഉള്ളത്കൊണ്ട് മാക്സിമം ഒരുങ്ങി പോകണം...

ആവിശ്യത്തിന് ലുക്ക് ഉണ്ടായിട്ടും ഇത് വരെ ഒരെണ്ണം പോലും വീണിട്ടില്ല... വർക്കിൽ ലോക തോൽവി ആയോണ്ട് ലുക്കിൽ പിടിച്ചു നിക്കണം...

കൂടിയ ജെട്ടിയടക്കം ഇട്ടു പോകാം എന്ന് വച്ചു...ജെട്ടിയടക്കം സകലമാന സാധവും കഴുകുന്നത് അമ്മ ആയതു കൊണ്ട് അമ്മക്കു തോന്നുന്നിടത്തെ കൊണ്ട് മടക്കി വയ്ക്കു...

എന്റെ ടോമി ഹിൽഫിഗർ ചുവപ്പ് ജെട്ടി തന്നെ ഇടാൻ തീരുമാനിച്ചു...ഏകദേശം 800 രൂപ വിലയുണ്ട്...ഇത്തിരി പോഷ് ആയിക്കോട്ടെ...വില കൂടിയ ജെട്ടിയിട്ടാൽ എന്തോ ഒരു ആത്മവിശ്വാസമാണ്...

പക്ഷെ വീട്ടിൽ 200 രൂപയിൽ കൂടുതൽ ഉള്ളത് വാങ്ങാൻ സമ്മതിക്കാത്തത് കൊണ്ട്(ടൈപ്പിക്കൽ ഗ്രാമവാസിസ് 😒) കോളേജിൽ പഠിച്ചപ്പോൾ പൈസ ഉഡായിപ്പിറക്കി ഉണ്ടാക്കി വാങ്ങിയതാണ്...

ഈ സാധനം അത് കൊണ്ട് തന്നെ ഇത് പോലെയുള്ള ചില പ്രധാന ചടങ്ങിനെ ഇടാറുള്ളു... വാങ്ങിട്ടു രണ്ട് കൊല്ലം ആയി എങ്കിലും 10 തവണ പോലും ഇട്ടട്ടുണ്ടാകില്ല...എന്തായാലും ഇന്ന് ഇടാൻ തീരുമാനിച്ചു തപ്പിയപ്പോൾ സാധനം കാണാനില്ല...

"ഈ അമ്മയുടെ ഒരു കാര്യം... എവിടെ കൊണ്ട് വച്ചു ആവോ???... അമ്മേ... അമ്മേ... എന്റെ ചൊവ്വന്ന ടോമി ഹിൽഫിഗർ ജെട്ടി കണ്ടോ???... ഞാൻ കിടന്നു അലറി..."

"ഡാ അത് അവിടെ ഉണ്ടല്ലോ..."

"എവിടെയാ..."

"ഡാ അവിടെ..."

"അത് എവിടെയാ എന്ന്...."

"ഡാ നിന്നോടല്ലെ പറഞ്ഞേ അവിടെയുണ്ട് എന്ന്..."

"അമ്മേ ആ അവിടെ എവിടെയാ എന്ന ചോദിച്ചേ..."

അമ്മ റൂമിലേക്ക് വന്നു എന്നേം തള്ളി മാറ്റി അലമാരയുടെ താഴെയുള്ള തട്ടിൽ നിന്നും ഞാൻ അന്വേഷിച്ചു നടന്ന സാധനം വലിച്ചെടുത്തു കൈയിൽ തന്ന് പറഞ്ഞു -

"നിന്നെ കൊണ്ട് ഒന്നിനും കൊള്ളില്ലല്ലോടാ... ഇവിടെ ഉണ്ട് എന്ന് എത്ര തവണ പറഞ്ഞു... മരങ്ങോടൻ..."

എന്നിട്ട് അമ്മ ചവിട്ടിത്തുള്ളി ഒരു പോക്ക്...

എന്താ ഇപ്പൊ ഇവിടെ നടന്നെ എന്ന് അറിയാതെ ഞാൻ അവിടെ കിളി പോയി നിന്നു🙄...

(മേൽ പറഞ്ഞ പോലെയുള്ള സംഭവങ്ങൾ ഒരു ആവറേജ് മലയാളി കുടുംബത്തിൽ ഉണ്ടാവാതെ ഇരിക്കാൻ തരമില്ല...😂)

ഏകദേശം 8.45 ആയപ്പോളേക്കും ഞാനും അച്ഛനും ഒരുങ്ങി അമ്മക്ക് വേണ്ടി കാത്ത് നിന്നു...

ഞാൻ ഒരു ബ്ലൂ ജീൻസും നേവി ബ്ലൂ കളർ ഷർട്ടും ആണ് ഇട്ടിരുന്നത്...സ്വയം പുകഴ്ത്തുന്നു എന്ന് കരുതരുത്... എന്നെ അതിൽ കാണാൻ നൈസ് ആയിരുന്നു... അത്യാവിശം വെളുത്ത നിറവും നല്ല മീശയും കട്ട താടിയുമൊക്കെയായി നല്ല കട്ട ലുക്ക് തന്നെ ഉണ്ടായിരുന്നു...

അച്ഛനും ഒരു നേവി ബ്ലൂ കസവു പോലെയുള്ള ഷർട്ടും, നേവി ബ്ലൂ കരയുള്ള കസവു മുണ്ടും...

ഒരുങ്ങി കെട്ടി ഞാൻ വന്നപ്പോൾ തന്നെ പുള്ളിയൊരു നോട്ടം... ഞാനും സെയിം കളർ ഇട്ടത് പിടിച്ചില്ല എന്ന് തോന്നുന്നു...

ഞങ്ങൾ രണ്ടാളും സ്വീകരണ മുറിയിൽ അമ്മക്കായി കാത്തിരിപ്പ് തുടർന്നു...5 മിനിറ്റ്,10, 15...20... അങ്ങനെ നീണ്ടു പൊക്കോണ്ടിരുന്നു...

കൃത്യം 9 മണിക്ക് ഇറങ്ങണം എന്ന് പറഞ്ഞതാണ്... അച്ഛന് കലിപ്പ് കയറി അവസാനം ഒരു അലർച്ച -

"ഡീ സുഭദ്രേ..."

"കിടന്നു തൊള്ള കീറേണ്ട... ഞാൻ ദാ വന്നു..."

ദാണ്ടെ കിടക്കുന്നു... ഒരു നേവി ബ്ലൂ സാരീയും ഉടുത്തു അമ്മയും...

"എന്തിനാ മനുഷ്യാ കിടന്നു ഒച്ച ഇടുന്നത്...എനിക്കൊന്നു ഒരുങ്ങണ്ടേ..."

"നീ സമയം ഒന്ന് നോക്കിയേ...9 മണിക്ക് എങ്കിലും ഇറങ്ങണം എന്ന് ഞാൻ പറഞ്ഞതല്ലേ... ഇപ്പോ ഒൻപതേകാലായി...ഒരുങ്ങിയിടത്തോളം മതി... നിന്റെ മോന്റെ കല്യാണം ഒന്നുമല്ലല്ലോ..."

"നിങ്ങക്ക് നേരം വെളുക്കും മുൻപേ മുണ്ടും ഷർട്ടും വലിച്ചു കയറ്റി ഇവിടെ കിടന്നു കീറിയാൽ മതി... ബാക്കി ഉള്ളവൾ ജോലി മുഴുവൻ തീർത്തു വേണം എങ്ങോട്ടേലും പോകാൻ ഇറങ്ങാൻ... പിന്നെ കൃത്യ സമയത്ത് ഹാജരുവക്കാൻ നിങ്ങടെ മോന്റെ കല്യാണവുമല്ല..."

അതോടെ അച്ഛന്റെ അണ്ണാക്കിലെ പിരി വീട്ടിയെന്ന് തോന്നുന്നു... പുള്ളി ഒരു അക്ഷരം മിണ്ടിയില്ല... അല്ലേലും ഈ പെണ്ണുങ്ങളുടെ നാക്കിനു മുൻപിൽ പിടിച്ചു നിൽക്കാൻ ഭയങ്കര

പാടാണ്... ടൈപ്പിക്കൽ അമ്മ ഡയലോഗ് വന്നാൽ പിന്നെ ആർക്കും ഒന്നും മിണ്ടാൻ ഉണ്ടാകില്ല...

അവർ തമ്മിൽ ഉള്ള വഴക്കിനും എനിക്ക് ഇട്ടാണ് കുത്ത് കിട്ടിയത് എന്ന് മാത്രം... പ്യാവം ഞാൻ 😪😪

എന്തായാലും ഞങ്ങൾ വീടും പൂട്ടി കാറിൽ കയറി... ഞാൻ ഡ്രൈവിംഗ് സീറ്റിലും അച്ഛൻ ഫ്രണ്ട് പാസ്സഞ്ചർ സീറ്റിലും അമ്മ ബാക്കിലും കയറി...

ഞാൻ വണ്ടി ടൗണിലെ പ്രധാന ഓഡിറ്റോറിയം ലക്ഷ്യമാക്കി ഓടിച്ചു...

ആറ് കിലോമീറ്റർ ദൂരമുണ്ട് അവിടേക്ക്...അധികം ട്രാഫിക് ഇല്ലാത്തത് കൊണ്ട് 10 മണിയോടെ ഓഡിറ്റോറിയം എത്തി...

11.30 മുതൽ 11.45 വരെ ആയിരുന്നു മുഹൂർത്ത സമയം. പാർക്ക് ചെയ്തു ഞങ്ങൾ കാറിൽ നിന്ന് ഇറങ്ങി നേരെ ഓഡിറ്റോറിയത്തിന്റെ മുന്നിലെത്തി.

അച്ഛനും അമ്മയും മുന്നിലും ഞാൻ പിന്നിലുമായി നടന്നു. ഫ്രോന്റിൽ വെൽക്കം ഡ്രിങ്ക് വച്ചിട്ടുണ്ട്, ഞാൻ നൈസ് ആയി അവർ അറിയാതെ അങ്ങോട്ട് വിട്ടു.

മാങ്ങയും പാഷൻ ഫ്രൂട്ടും കൊണ്ടുള്ള ഒരു മിക്സഡ് ഡ്രിങ്ക്. പൊളി സാധനം... ഞാൻ രണ്ട് ഗ്ലാസ് എടുത്ത് മൊത്തി. മൂന്നാമത് ഒരു ഗ്ലാസ് കൂടെ കമത്താം എന്ന് വച്ചപ്പോൾ അവിടെ നിന്നിരുന്ന പയ്യൻ ആക്കി ഒരു ചിരി...

"പോയി.. മൂഡ് പോയി..."

ഞാൻ ഗ്ലാസ് എടുത്ത പോലെ വച്ച് അവിടെ നിന്നും സ്കൂട്ട് ആയി അച്ഛന്റെ പിന്നിലായി നിന്നു.

ഓഡിറ്റോറിയത്തിന് ഉള്ളിലേക്കു കയറിയപ്പോൾ മുന്നിൽ തന്നെ ചന്ദ്രൻ അങ്കിൾ സ്വീകരിക്കാനായി നിൽപ്പുണ്ട്...

പുള്ളി ഞങ്ങളെ കണ്ട് ഓടി വന്നു -

"ഡാ ഗംഗേ... എന്താ താമസിച്ചത്... സുഭദ്രേ സുഖമായി ഇരിക്കുന്നോ... മോൻ എവിടെ?..." (അച്ഛന്റെ പേര് ഗംഗധരൻ നായർ എന്നാണ് )

ഞാൻ അല്പം മുന്നിലേക്ക് നീങ്ങി നിന്ന് അവിടെ ഉണ്ടെന്നു മുഖം കാണിച്ചു...

"ഇവള്ടെ ഒരുക്കം കഴിഞ്ഞ് വന്നപ്പോളേക്കും ലേറ്റ് ആയെടാ..."

അമ്മ അച്ഛനെ ഒന്ന് നോക്കി ദഹിപ്പിച്ചു, ശേഷം ചിരിച്ചു കൊണ്ട് ചോദിച്ചു,

"ചന്ദ്രേട്ടാ എവിടെ മീനു..."

"അവൾ മോളെ ഒരുക്കുന്നു... ഡ്രെസ്സിങ് റൂമിലുണ്ട്... നീ അങ്ങോട്ട് ചെല്ല്...ആഹാ നിങ്ങൾ ഫാമിലിയായി നീല യൂണിഫോം ഒക്കെ ആണല്ലോ..."

കേട്ടപാതി കേൾക്കാത്ത പാതി ഞങ്ങളെ അവിടെയാക്കി അമ്മ നേരെ ഗ്രീൻ റൂം ലക്ഷ്യമാക്കി വിട്ടു...

"ആഭരണത്തിന്റെ കണക്കെടുക്കാനാകും..." ഞാൻ മനസ്സിൽ ചിന്തിച്ചു...

"ഡാ മോനെ... ഒരുപാട് നാൾ ആയല്ലോ കണ്ടിട്ട്...കല്യാണം വിളിക്കാൻ വന്നപ്പോളും കണ്ടില്ല... ജോലി ഓക്കെ ആയോ..."

"ഇല്ല അങ്കിളെ... നോക്കുന്നുണ്ട്..."

"നീ എന്ത് നോക്കുന്നു എന്ന്... ആദ്യം സപ്ലി തീർത്തു എഞ്ചിനീയറിംഗ് പാസ്സാവാൻ നോക്കടാ...". അച്ഛൻ എനിക്കിട്ട് താങ്ങി...

ഇവരുടെ വാക്കും കേട്ട് ഇറങ്ങി തിരിച്ച എനിക്ക് ഇത് തന്നെ വേണം... മര്യാദക്ക് സിനിമയും കണ്ട് ബിരിയാണിയും തട്ടി വരണ്ട ഞാനാ... 😥

"നീ പോയേടാ... അവൻ പാസ്സ് ആയി നല്ല ജോലി വാങ്ങും... മോനെ നീ അനുവിനെ കണ്ടിട്ട് ഒരുപാട് നാൾ ആയില്ലേ... നിങ്ങൾ രണ്ടാളും മുകളിലേക്ക് ചെല്ല്..."

അത് പറഞ്ഞപ്പോൾ ആണ് ഓർത്തത്... ഈ അനുവും ഞാനും തമ്മിൽ ഫ്ലാഷ് ബാക്ക് ഉണ്ട്...

ഞങ്ങൾ 8ആം ക്ലാസ്സ് വരെ ഒന്നിച്ചാണ് പഠിച്ചത്... അവൾ ലോക പഠിപ്പിയും ഞാൻ വെറും ആവറേജും..

ക്ലാസ്സിലും വീട്ടിലും ഇവൾ നല്ല പാരയായപ്പോൾ...ഞാൻ അവൾക്ക് ഇട്ട് ഒരെണ്ണം കൊടുത്തു...എന്റെ അടിയിൽ അവള്ടെ മൂക്കിൽ നിന്നും ചോര വന്നു...

സംഭവം ആകെ സീൻ ആയി...അച്ഛനെ വിളിപ്പിച്ചു...ലാസ്റ്റിൽ അവള്ടെ അച്ഛൻ, അതായത് ഈ ചന്ദ്രൻ അങ്കിളും വന്നു...എനിക്ക് ഇട്ട് നല്ല പോലെ സ്കൂളിൽ ഇട്ട് കിട്ടി... ചന്ദ്രൻ അങ്കിൾ അച്ഛനെ അന്ന് പിടിച്ചു മാറ്റിയത് കൊണ്ട് ഞാൻ ചത്തില്ല...

ലാസ്റ്റിൽ അവളേം പൊക്കി എടുത്ത് ഹോസ്പിറ്റലിൽ പോയപ്പോൾ മൂക്കിനുള്ളിൽ എന്തോ ചെറിയ തൊലി പൊട്ടിയിട്ടു മറ്റോ ഉള്ളു...

എന്തായാലും അതോടെ എന്നെ സ്കൂൾ മാറ്റി... ഞാൻ രക്ഷപ്പെട്ടു... അതിന് ശേഷം അവളെ കണ്ടിട്ടുമില്ല...

എല്ലാം ഓർത്തപ്പോൾ അന്ന് ചന്തിക്ക് കിട്ടിയതിന്റെ വേദന ഇന്നും മനസ്സിൽ വന്നു ഞാൻ ചന്തയിൽ ഒന്ന് തടവി...

അച്ഛൻ മുകളിലേക്ക് പോകാൻ വിളിച്ചപ്പോളാണ് ഞാൻ വാർത്തമാനകാലത്തിൽ തിരികെ വന്നത്...

ഞാൻ അച്ഛന്റെയൊപ്പം മണ്ഡപത്തിന്റെ ഭാഗത്തേക്ക് നടന്നു...സദ്യാലയത്തിന്റെ മുന്നിലൂടെയാണ് പോകുന്നത്... നല്ല സദ്യയുടെ മണം മൂക്കിലേക്ക് അടിച്ചു കയറി...വായിലും വെള്ളം നിറഞ്ഞു...

ഇതൊക്കെയുള്ളു... സദ്യയുടെ ഏറ്റവും കുഴപ്പം ഒരുപാട് കഴിക്കാൻ ആകില്ല എന്നത് തന്നെയാണ്... എനിക്ക് ബിരിയാണി ഫ്രൈഡ് റൈസ് ഒക്കെ ആയിരുന്നു പ്രിയം...

വൈകിട്ട് ചെറുക്കന്റെ വീട്ടിൽ റിസപ്ഷന് വിളിച്ചിട്ടുണ്ട്... ഇനി തന്തപ്പടി എങ്ങാണം അഭിമാനം മൂത്ത് പോകണ്ട എന്ന് പറഞ്ഞാൽ അത് മിസ്സ് ആകും...

ചെറുക്കന്റെ വീട്ടിൽ റിസപ്ഷന് എന്താകും സ്പെഷ്യൽ എന്നോർത്ത് ഞാൻ അച്ഛനൊപ്പം നടന്നു...

ഞങ്ങൾ നേരെ മണ്ഡപത്തിന്റെ മുന്നിലെത്തി അവിടെ ഒരു കസേരയിൽ ഇരുന്നു...

നല്ല പോഷ് ആയി അലങ്കരിച്ച മണ്ഡപം...നടുക്ക് തന്നെ "അനുപമ വെഡ്സ് അരവിന്ദ് " എന്ന് എഴുതിട്ടുണ്ട്...

"അവൾ MBA കഴിഞ്ഞ് നിൽകുവാ... ചെക്കനും MBA കഴിഞ്ഞ് മൾട്ടി നാഷണൽ കമ്പനിയിൽ ആണ് ജോലി..."

അച്ഛൻ എന്നെ എരി കയറ്റാൻ എന്നോണം പറഞ്ഞു കൊണ്ടിരുന്നു... എന്നാൽ ഞാൻ ഇതൊന്നും കേൾക്കാത്ത മട്ടിൽ അവിടെ ഫോണും കുത്തി ഇരുന്നു...

അപ്പോളാണ് ചന്ദ്രൻ അങ്കിൾ അവിടേക്ക് വന്നത്... പെണ്ണിന്റെ കൈയിൽ നിന്നും ദക്ഷിണ വാങ്ങാൻ അച്ഛനെ വിളിക്കാൻ വന്നത് ആയിരുന്നു...

അതിനായി അച്ഛൻ ഡ്രെസ്സിങ് റൂമിന് അപ്പുറമുള്ള വിശ്രമ മുറിയിലേക്ക് ചന്ദ്രൻ അങ്കിളിൻ്റെ ഒപ്പം നടന്നു...

അനുവിനെ ഒന്ന് കണ്ട് കളയാം എന്ന് കരുതി ഞാനും അവരുടെ പിന്നാലെ അങ്ങോട്ട് നടന്നു...

അവിടെ എത്തിയപ്പോൾ മറ്റ് ചില ബന്ധുക്കൾക്കു ദക്ഷിണ കൊടുക്കുകയായിരുന്നു... റെഡ്ഡിഷ് ബ്രൗൺ സാരീയുടുത്തു നിറയെ ആഭരണമൊക്കെയായി അതി സുന്ദരി ആയിട്ടുണ്ട് അനുപമ... പണ്ട് കണ്ടതിൽ നിന്നും ഒരുപാട് മാറി ഒത്തൊരു പെണ്ണായിട്ടുണ്ട് അവൾ...ആരും ഒന്ന് കൊതിച്ചു പോകും... ഞാനും നോക്കി വെള്ളമിറക്കി...

അടുത്തത് അച്ഛൻ ദക്ഷിണ വാങ്ങാനായി നിന്നപ്പോഴാണ് ചന്ദ്രൻ അങ്കിളിന്റെ അളിയൻ പുള്ളിയുടെ അടുത്ത് വന്ന് ആ വിവരം പറഞ്ഞത്....

"കല്യാണ ചെക്കൻ വേറെ പെണ്ണിന്റെയൊപ്പം ഒളിച്ചോടി പോയി... "

എല്ലാരും ഞെട്ടി...കല്യാണത്തിന്റെ മൂഡ് മാറി മരണ വീട് പോലെയായി...

മീനു ആന്റി വലിയ വായിൽ കരയാൻ തുടങ്ങി... എന്റെ അമ്മ അവരെ ആശ്വസിപ്പിച്ചു കൊണ്ടിരുന്നു...

അനുപമയും ആകെ വല്ലാതെയായി... അവളുടെ കണ്ണുകളും നിറഞ്ഞു തുളുമ്പി...

ചന്ദ്രൻ അങ്കിൾ അച്ഛന്റെ തോളിൽ തല വച്ച് നിന്നു...

എന്ത് ചെയ്യും എന്ന് തലപ്പുകഞ്ഞുള്ള ആലോചന നടന്ന സമയം....

പുള്ളിക്കാരന്റെ അളിയൻ വീണ്ടും വന്ന് പറഞ്ഞു-

"മുഹൂർത്തമാകാൻ ഇനിയും സമയമുണ്ട്...അതിന്റെ ഇടക്ക് ഒരു ചെക്കനെ കണ്ട് പിടിച്ചാൽ നമുക്ക് കാര്യം നടത്താം..."

"ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ആരെ കണ്ടെത്താനാ... അങ്ങനെ ഏതേലും ഒരാളുടെ തലയിൽ കെട്ടി വെക്കാനാകുമോ എന്റെ മോളെ..."

അപ്പോളാണ് അനുവിന്റെ കുറച്ച് കൂട്ടുകാർ സംഭവം അറിഞ്ഞു അങ്ങോട്ടേക്ക് വന്നത്... അവരിൽ ഒരാൾ പറഞ്ഞു -

"അങ്കിൾ കാര്യങ്ങൾ ഞങ്ങൾ അറിഞ്ഞു... ഞങ്ങളുടെ കൂട്ടത്തിൽ ഉള്ള അജിത്തിന് വിവാഹം നോക്കുന്നുണ്ട് ഇപ്പോൾ...ഞങ്ങൾ അവനോടു ചോദിച്ചു... അവനു കുഴപ്പമില്ല... അനുവിനും അവനെ അറിയുമല്ലോ...അവൾക്ക് താല്പര്യം ആണേൽ അത് ആലോചിച്ചു കൂടെ..."

എല്ലാരുടെയും മുഖത്ത് ഒരു ആശ്വാസത്തിന്റെ നിഴൽ വന്നു... എല്ലാവരുടെയും നോട്ടം അനുപമയിലേക്കായി... ചന്ദ്രൻ അങ്കിൾ അവളോട് ചോദിച്ചു സമ്മതമാണോ എന്ന്...

"അച്ഛനും അമ്മയും തീരുമാനിക്കുന്ന ആരായാലും എനിക്ക് സമ്മതം..."

"എത്ര നല്ല കുട്ടി... മാതാപിതാക്കളോട് ഇങ്ങനെ സ്നേഹമുള്ള കുട്ടിയെ വേണം കല്യാണം കഴിക്കാൻ..." ഞാൻ മനസ്സിലോർത്തു...

ആണുങ്ങൾ എല്ലാം അവിടെ നിന്നും മാറി അജിത്തിനെ അങ്ങോട്ട് വിളിച്ചു... സംഭവം എന്താണന്നറിയാൻ ഞാനും അവിടേക്കു നീങ്ങി നിന്നു...

ചന്ദ്രൻ അങ്കിൾ... അനുവിന്റെ കുറച്ച് അമ്മാവന്മാർ അച്ഛൻ എല്ലാരും ഉണ്ട്... അജിത്തിന്റെ ചുറ്റിലുമായി അവർ നിന്നു...

അനുവിന്റെ മൂത്ത അമ്മാവൻ ചോദിച്ചു തുടങ്ങി -

"മോന്റെ പേര് അജിത് എന്നാണല്ലേ... മോന് സമ്മതമാണോ അനുവിനെ കല്യാണം കഴിക്കാൻ..."

"എനിക്ക് സമ്മതമാണ്..."

"മോന്റെ വീട്ടുകാരെ അറിയിക്കണ്ടേ...അവർ എതിർത്തലോ..."

"ഏയ്... അവർ എന്റെ ഇഷ്ടത്തിന് എതിർ നിൽക്കില്ല..."

"ശരി... മോന്റെ നാൾ ഏതാണ്..."

"അനിഴം..."

"മോനെ അനിഴം അവളുടെ നക്ഷത്രവുമായി ചേരില്ല..."

"ഇപ്പോ അതൊക്കെ നോക്കണോ..."

"മോന്റെ ജോലി എന്താണ്..."

"എസ് ർ ഇന്ററർനാഷണൽ എന്ന കമ്പനി അസിസ്റ്റന്റ് മാനേജർ ആയി ജോലി നോക്കുന്നു..."

അപ്പോളാണ് കരയോഗത്തിന്റെ ആള് ഒരു ചോദ്യം ഉന്നയിച്ചത്-

"മോന്റെ ജാതി ഏതാണ്..."

"*#***##..." (ജാതി പറഞ്ഞതാണ്... എനിക്ക് എഴുതാൻ താല്പര്യമില്ല... അത് കൊണ്ട് ഇങ്ങനെ കുറിച്ചു...)

പിന്നെ കുറച്ച് നേരം ആരും മിണ്ടിയില്ല... മുതിർന്ന ആണുങ്ങളും കരയോഗം കാരും കൂടി ചർച്ച തുടങ്ങി...

കരയോഗംകാർ ആദ്യമേ അവരുടെ അഭിപ്രായം അറിയിച്ചു - " ജാതി ഒന്നല്ലത്താ സ്ഥിതിക്ക് ഞങ്ങൾ കല്യാണചടങ്ങുകൾ നടത്തി തരില്ല... ഞങ്ങൾക്ക് സഹകരിക്കാൻ ബുദ്ധിമുട്ട് ഉണ്ട്...
"

അപ്പോൾ മീനു ആന്റിയുടെ അച്ഛൻ -

" നാൾ പൊരുത്തവുമില്ല... മോൾക് ദോഷമാകും... മാത്രമല്ല കീഴ്ജാതിയും... ഇത് വേണ്ട എന്ന എന്റെ അഭിപ്രായം..."

ഒട്ടുമിക്ക എല്ലാവരും എതിർത്തപ്പോൾ ചന്ദ്രൻ അങ്കിളും വേണ്ട എന്ന് വച്ചു... പുള്ളി തളർന്നു ഇരുപ്പായി...

ഈ സമയത്തും ജാതിയും ജാതകവും നോക്കിപ്പോയ അവരെയൊക്കെ കണ്ട് ഞാൻ അങ്ങനെ വിജ്രംബിച്ചു നിന്ന് പോയി 🙄....

"എന്ത് മനുഷ്യരാണാവോ... 🙄"

അപ്പോളാണ് അച്ഛന്റെയും ചന്ദ്രൻ അങ്കിളിന്റെയും പൊതു സുഹൃത്തായ വിശ്വൻ അങ്കിൾ ഒരു ഐഡിയ വച്ചത്...

"ഡാ... നിന്റെ മോനെക്കൊണ്ട് ഇവന്റെ മോളെ കെട്ടിച്ചൂടെ..."

അച്ഛൻ ഒന്ന് ഞെട്ടി പുള്ളിയെ നോക്കി... ഞാനും...

ചന്ദ്രൻ അങ്കിൾ പുതുതായി മൊട്ടിട്ട പ്രതീക്ഷയോടെ അച്ഛന്റെ മുഖത്തേക്ക് നോക്കി ചോദിച്ചു -

"തരുമോടാ നിന്റെ മോനെ എനിക്ക് മരുമകനായി..."

"ഡാ അത് വേണോ... കല്യാണം കഴിക്കാനുള്ള പ്രാപ്തിയൊന്നും അവനില്ല...മാത്രമല്ല ഇത് വരെ അവന്റെ കോഴ്സ് പോലും കംപ്ലീറ്റ് ആക്കിയിട്ടില്ല... ജോലി ഇല്ല..."

"അതൊന്നും സാരമില്ലടാ... എനിക്ക് അവനെ ഇഷ്ടമാ... കോഴ്സ് ജോലി ഓക്കെ കല്യാണം കഴിഞ്ഞ് ശരിയാക്കാൻ ഉള്ളതല്ലേ ഉള്ളു..."

"നിനക്ക് കുഴപ്പമില്ല എങ്കിൽ എനിക്ക് സമ്മതമാണ്..."

ചന്ദ്രൻ അങ്കിളിന്റെ മുഖത്തു വീണ്ടും ആശ്വാസം വന്നു...

അപ്പോൾ അനുവിന്റെ മുത്തച്ഛൻ -

"ഗംഗയുടെ മോന്റെ നാൾ ഏതാണ്..."

"രോഹിണി..."

"അവളുടെ നാളുമായി ചേർച്ചയുള്ള നക്ഷത്രമാണ്..." ഇത് കുഴപ്പം ഉണ്ടാകില്ല...

ഞാൻ ഇതൊക്കെ കേട്ട് കിളി പറന്നു നിന്നു... ഇപ്പോൾ നിങ്ങൾ വിചാരിക്കും നല്ല കൊച്ചിനെ അല്ലേ കെട്ടാൻ പോകുന്നത്... സന്തോഷം ആയിരിക്കുമല്ലോ എന്ന്...

എന്നാൽ അല്ല... ഇങ്ങനെ ഉള്ള ഒരു സിറ്റുവേഷനിൽ അകപ്പെടുമ്പോളെ നിങ്ങൾക്ക് അത് മനസ്സിലാകു...

ആരുടെയോ കല്യാണത്തിന് സദ്യ ഉണ്ണാൻ പോയിട്ട് അത് നമ്മുടെ കല്യാണ സദ്യയാകുന്ന അവസ്ഥ അനുഭവിച്ചു തന്നെ അറിയണം...

എന്ത് ചെയ്യണം എന്ന് അറിയാത്ത ഒരു തരം മരവിപ്പും വെപ്രാളവുമായിരുന്നു എനിക്ക്...

പെട്ടന്നാണ് ഞാൻ അത് ശ്രദ്ധിക്കുന്നത്... എല്ലാവരുടെയും നോട്ടം എന്റെ നേരെ...

ഞാൻ സ്തംഭിച്ചു ഒരു നിൽപ്പു നിന്നു...

അച്ഛനും ചന്ദ്രൻ അങ്കിളും കൂടെ അടുത്ത് വന്നു...

ചന്ദ്രൻ അങ്കിൾ ആണ് ചോദിച്ചത്, ചോദ്യമല്ല ഒരു അച്ഛന്റെ അപേക്ഷയായിരുന്നു,

"മോന് അവളെ കെട്ടാമോ..."

ഞാൻ ഒന്നും മിണ്ടാൻ ആകാതെ തരിച്ചു നിന്നു...അപ്പോൾ അദ്ദേഹം തുടർന്നു...

"മോന് വേറെ ആരെ എങ്കിലും ഇഷ്ടമോ മറ്റോ ആണേൽ പറഞ്ഞോളൂ...സാരമില്ല... എന്റെ മോളുടെ വിധിയണ് എന്ന് വിചാരിച്ചു സമാധാനിച്ചോളാം..."

എന്തായാലും പിരിവെട്ടിയിരുന്ന എന്റെ നാക്കും മനസ്സും അല്പല്പമായി പ്രവർത്തിച്ചു തുടങ്ങി...

"അങ്ങനെ... ഇല്ല അങ്കിളെ... എനിക്ക് സമ്മതമാണ്..." ഞാൻ ഒരുവിധം പറഞ്ഞ് ഒപ്പിച്ചു...

ആദ്യമായി എന്റെ പിതാശ്രീ അഭിമാനപുരസരം എന്നെ ഒന്ന് നോക്കി തോളിൽ ഒരു തട്ട് തന്നു....

"രോമാഞ്ചിഫിക്കേഷൻ മൊമെന്റ്..."

വീണ്ടും കാരണവന്മാർ എന്തൊക്കെയോ ചർച്ച നടത്തി...എല്ലാവർക്കും പൂർണ തൃപ്തി...

അതിന്റെ ഇടക്ക് അച്ഛൻ അമ്മയോടും മീനു ആന്റിയോടും കാര്യം പറഞ്ഞു... അനുവിനെ മരുമകൾ ആയി കിട്ടുന്നതിൽ അമ്മക്ക് നൂറു വട്ടം സമ്മതം

ചന്ദ്രൻ അങ്കിൾ വളരെ സന്തോഷത്തോടെ അനുവിനോടും കാര്യം പറഞ്ഞു...

"അച്ഛന്റെ പൊന്നു മോള് അച്ഛൻ തീരുമാനിക്കുന്ന ആരെയും കല്യാണം കഴിക്കും എന്നല്ലേ പറഞ്ഞത്... അച്ഛൻ അങ്ങനെ ആരെയുമല്ല... എന്റെ മോൾക്കും നമ്മുടെ കുടുംബത്തിനും ചേരുന്ന ഒരാളെയാ തീരുമാനിച്ചത്... നമ്മുടെ ഗംഗയുടെ മോൻ വരുണിനെ... മോൾക് സന്തോഷമായില്ലേ..."

അവൾ ഒന്നും മിണ്ടാതെ ചെറുതായി ചിരിച്ചു... ചന്ദ്രൻ അങ്കിൾ അവളുടെ നെറുകയിൽ ഒരു ഉമ്മയും കൊടുത്തു...

അപ്പോളേക്കും സമയം 11 ആയിരുന്നു... ഉടനെ തന്നെ അനുവിന്റെ കുറെ കസിൻസ് എന്നെയും പൊക്കി ആണുങ്ങളുടെ ഡ്രെസ്സിങ് റൂമിൽ കയറി...

എവിടെ നിന്നാണോ ഇത്രയും വേഗം ഇതൊക്കെ സങ്കടിപ്പിച്ചത്... പുതിയ വെള്ള കസവിന്റെ കുർത്തയും സ്വർണ്ണ കസവു കരയുള്ള മുണ്ടും ഉടുപ്പിച്ചു... താടിയും മീശയും വരെ എന്തൊക്കെയോ പണി നടത്തി... എന്നെ ഒരുക്കി കുട്ടപ്പനാക്കി...

ഏകദേശം 20 മിനിറ്റ് കൊണ്ട് പരുപാടി തീർത്തു...

അപ്പോളേക്കും ആരൊക്കയോ പിടിച്ചു പുറത്ത് കൊണ്ട് വന്നു...

അവളുടെ ഒരു കസിൻ വന്നു കാൽ കഴുകി ചന്ദനക്കുറി ചാർത്തി മലയുമിട്ടു കൈ പിടിച്ചു എന്നെ കതിർ മണ്ഡപത്തിൽ കൊണ്ട് ഇരുത്തി...

പിന്നെ എല്ലാം പെട്ടന്ന് ആയിരുന്നു... പെണ്ണ് വന്നു... അവൾ മണ്ഡപം വലം വച്ചു എന്റെ തൊട്ടു അടുത്തായി വന്നിരുന്നു...

ഞാൻ അവളെ ഒന്ന് പാളി നോക്കി... ടെൻഷൻ കൊണ്ട് മറ്റോ ആണെന്ന് തോന്നുന്നു... മുഖം വാടി ഇരിക്കുന്നു... അവളും ഇടക്ക് ഒളികണ്ണിട്ടു എന്നെ നോക്കി... ഞാൻ ഒന്ന് ചിരിച്ചു... അവളും ചെറുതായി പുഞ്ചിരിച്ചു..

എന്റെ അച്ഛനും അമ്മക്കും അവളുടെ അച്ഛനും അമ്മക്കും കതിർ മണ്ഡപത്തിൽ വച്ച് ദക്ഷിണ കൊടുത്തു...

താലി എടുത്ത് കൈയിൽ തന്നു... അവൾ തൊഴുതു പിടിച്ചിരുന്നു... ഞാൻ അത് കഴുത്തിൽ അണിയിച്ചു... നെറുകയിൽ സിന്ദൂരം തൊട്ടു കൊടുത്തു...മന്ത്ര കോടിയും കൊടുത്തു...

അതിന് ശേഷം എണിറ്റു... അവളുടെ അച്ഛൻ എനിക്ക് അവളുടെ കൈപിടിച്ചു തന്നു...

7 തവണ മണ്ഡപം വലം വച്ച് തിരികെ ഞങ്ങൾ വന്നിരുന്നു...

പിന്നെ ഫോട്ടോ എടുക്കലും മറ്റുമായി സമയം പോയത് അറിഞ്ഞില്ല...

എല്ലാവരും ഒന്നിച്ചു ഫോട്ടോ എടുത്ത് ഭക്ഷണം ഒക്കെ കഴിച്ചു... വീണ്ടും പലതരത്തിലുള്ള ഫോട്ടോ കലാപരിപാടി തുടങ്ങി...

സത്യത്തിൽ എനിക്ക് മടുത്തിരുന്നു... സ്റ്റുഡിയോക്കാരുടെ അങ്ങനെ നിൽക്കു.. ഇങ്ങനെ നിക്കു.. എന്നുള്ള വർത്തമാനം കേട്ട് എനിക്ക് മടുത്തിരുന്നു... നിന്ന് നിന്ന് മനുഷ്യന്റെ കാല് വേദന എടുക്കുന്നുണ്ടായിരുന്നു...

അവളുടെ അവസ്ഥയും വത്യസ്തമായിരുന്നില്ല...

അങ്ങനെ ഏകദേശം ഉച്ചകഴിഞ്ഞ് 3 മണിയോടെ അവിടെ നിന്നും ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു...

വണ്ടിയിൽ ഞാനും അവളും ഡ്രൈവറും മാത്രം... ഡ്രൈവർ മുന്നിലും ഞങ്ങൾ പിന്നിലും...

ഞാൻ ചെറിയ ഒരു പുഞ്ചിരിയോടെ എന്റെ കൈ അവളുടെ കൈയുടെ പുറത്തായി വച്ച്, അവളുടെ മുഖത്തേക്ക് ഒന്ന് നോക്കി...

അവൾ എന്നെയും ഒന്ന് നോക്കി...പക്ഷെ...

**"ചിരിക്ക് പകരം പകയോടെ..."**

അവളുടെ മുഖത്തുള്ള ഭാവം കണ്ട് കിളിപോയ ഞാൻ ഒന്നുമറിയാത്ത മട്ടിൽ ഒരു ചൂളവുമടിച്ചു നോട്ടം മാറ്റി, പതുക്കെ അവളുടെ കയ്യുടെ പുറത്ത് നിന്നും എന്റെ കൈയ്യെടുത്തു...

ശേഷം നൈസ് ആയി പിരുകം ഒന്ന് ചൊറിഞ്ഞു കൊണ്ട് അവളിരുന്ന വശത്തേക്ക് തല അല്പം ചരിച്ചു ഏറുകണ്ണിട്ട് നോക്കി...

ഭദ്രകാളിയെ പോലെ എന്നെ തന്നെ അവൾ അപ്പോളും നോക്കിയിരിപ്പുണ്ട്...അത് കണ്ട് എന്റെ ഉള്ള ഗ്യാസ് കൂടി പോയി...

അല്പ നേരം കൂടെ അങ്ങനെ തന്നെ നോക്കിയിരുന്നു ദേഷ്യത്തിൽ മുഖം വെട്ടിച്ചു അവൾ കാറിന്റെ ജനാല വഴി പുറത്തേക്ക് നോക്കി ഇരുന്നു...

ഞാൻ എന്താണ് സംഭവിച്ചത് എന്നറിയാതെ അണ്ടിപോയ അണ്ണാൻ കണക്കിന് കണ്ണും മിഴിച്ചു ഇരുപ്പുമായി...

എന്തായാലും കുറച്ച് സമയത്തിനുള്ളിൽ വീട് എത്തി... അവൾ വീണ്ടും എന്നെ കലിപ്പിച്ചു ഒന്ന് നോക്കി കാറിൽ നിന്നും ചാടി തുള്ളി ഇറങ്ങി...

ഞാൻ ആണേൽ അല്പം പേടിയോടെ അവളുടെ പിന്നാലെ ഇറങ്ങി...

വീട്ടിൽ പന്തല് പണിയൊക്കെ തകൃതിയായി നടക്കുന്നുണ്ട്...റീസെപ്ഷന് ഫുഡ് എന്താകും എന്ന് ആലോചിച്ചു നടന്ന ഞാൻ അത് എന്റെ വീട്ടിലാകും എന്ന് സ്വപ്നത്തിൽ പോലും ചിന്തിച്ചിരുന്നില്ല... "ബൈ ദുബൈ റീസെപ്ഷന് എന്താവോ ഫുഡ് 🤔😁..."

അങ്ങനെ നിന്നപ്പോളേക്കും

നിലവിളക്കും കാൽ കഴുകാൻ കിണ്ടിയിൽ വെള്ളവുമായി അമ്മയും അമ്മായിയും പരിവാരങ്ങളും പൂമുഖത്തു തന്നെ നില്പുണ്ട്...

ആഹാ... എന്താ കാഴ്ച... ഇത് വരെ എന്നെ കാണുമ്പോൾ പുച്ഛിച്ചു നടന്ന ടീം എല്ലാം എല്ലാം ചിരിച്ചു കളിച്ചു നിപ്പുണ്ട്...

ഇത്രേം നാളും പുച്ഛ ഭാവം മാത്രം ഞാൻ കണ്ട മുഖങ്ങളിൽ ഇന്ന് അഭിമാനം...

അതെ സമയം എന്റെ നെഞ്ചിലാണെൽ പെട്രോൾ ഒഴിച്ച് കത്തിച്ച... അല്ലേ വേണ്ട ഒടുക്കത്തെ വിലയാ...ഒണക്ക കരിയില കൂട്ടിയിട്ടു കത്തിച്ച അവസ്ഥയും...

ഞാൻ കാറിൽ നിന്ന് ഇറങ്ങി അവളുടെ ഒപ്പം ചെന്ന് നിന്നുകൊണ്ട് വീണ്ടും അവളുടെ മുഖത്ത് ഒളികണ്ണിട്ട് നോക്കി...

കുറച്ച് മുൻപ് ഞാൻ കണ്ട മുഖ ഭാവമേ ആയിരുന്നില്ല അത്... വിനയ കഞ്ചുകയായി മന്ദസ്മിതവും പൊഴിച്ചു നിൽക്കുന്ന അസ്പരസ്... ദാണ്ടെ പിന്നേം നാക്ക് പിഴ... അപ്സരസ്സ് പോലെയുണ്ട്...

"ഇവൾ എന്താ അന്യന്റെ കൊച്ചു മോളോ... തൃഷയെ പാത്തിറുക്കാ, നയൻതാരെ പാത്തിറുക്കാ സണ്ണി ചേച്ചിയെ പാത്തിറുക്കാ... ഉന്നെ മാതിരി മൊതലിനെ പാത്തിറുക്കാ മാട്ടടി 😲...."

"അതോ ഇനി മൊത്തത്തിൽ എന്റെ കിളി പോയിരിക്കുന്നത്കൊണ്ട് കുറച്ച് മുൻപ് നടന്നത് എനിക്ക് തോന്നിയതാണോ... 🙄... എയ്...അല്ല ഇനിയാണോ??? 😕😕😕... ആകെ കൺഫ്യൂഷൻ ആയല്ലോ ദൈവമേ😑..."

ഞാൻ മനസ്സിൽ ചിന്തിച്ചു...

"വരുൺ..." എന്ന കിളി നാദം പോലെയുള്ള ശബ്ദമാണ് എന്നെ ചിന്തയിൽ നിന്നും ഉണർത്തിയത്...

ഞാൻ ഞെട്ടി പണ്ടാരമടങ്ങി ശബ്ദം കെട്ടിടത്തു നോക്കുമ്പോൾ അനുപമയാണ് ആ കിളിനാദത്തിന്റെ ഉറവിടം...

"അപ്പോൾ കുറച്ച് മുൻപ് ഉണ്ടായത്😕...എഏഎഏയ്യ്..."

"ഡാ മോനെ... മതിയെടാ നോക്കിയത്... ബാക്കി റൂമിൽ ചെന്ന് നോക്കാം..." അമ്മയുടെ കൂട്ടത്തിൽ നിന്ന ഏതോ ഒരു സാധനം അടിച്ചു വിട്ട വളിപ്പ് കേട്ടുള്ള കൂട്ടച്ചിരി കേട്ടാണ് വീണ്ടും ഞാൻ ബോധത്തിൽ വന്നത്...

"ഓഹ് നിങ്ങളവനെ കളിയാക്കുവൊന്നും വേണ്ട... അവനേം കുറ്റം പറയാനാകില്ലല്ലോ... നേരാവണ്ണം ഒന്ന് നോക്കാനും കാണാനുമായിട്ടില്ലലോ..." എന്റെ അമ്മായി തട്ടിവിട്ടു...

"അതിനെന്താ രാജി... ഇനി കിടക്കുവല്ലേ സമയം... ഇവന്റെ സ്വഭാവമനുസരിച്ചു ഇന്ന് രാത്രി തന്നെ കാണൽ തുടങ്ങാനാണ് സാധ്യത...." വീണ്ടും ഏതോ ഒരണ്ണം ചളിയടിച്ചു...

വീണ്ടും കൂട്ടച്ചിരി ഉയർന്നു...

ഞാൻ ആകെയൊന്നു ചൂളി പോയിരുന്നു..."അയ്യേ... ഈ പെണ്ണുങ്ങൾ ആണുങ്ങളെക്കാട്ടിലും കച്ചറകളാണോ... മിനിമം ആണുങ്ങൾ ഇങ്ങനെ പബ്ലിക് ആയി ഡബിൾ മീനിങ് വ്യത്തികേട് അടിച്ചു വിടില്ല...കൺട്രി ഫെല്ലോസ് 😏...

പെണ്ണുമ്പിള്ളയുടെ ഡയലോഗ് കേട്ടാൽ തോന്നും ഞാൻ സ്ഥിരം അവരുടെ വീട്ടിൽ "മറ്റേ പണിക്ക്" പോകുമാരുന്നെന്ന്... "

ഞാൻ വീണ്ടുമൊന്ന് പാളി അനുവിന്റെ മുഖത്ത് നോക്കി... അവിടെയും ഒരു ചമ്മലുണ്ട്...

"എല്ലാവരും നിർത്തിക്കെ... കയറി വാ മക്കളെ..." എന്റെ മാതാ ശ്രീ ഇടപെട്ടു...

അമ്മ കാൽ കഴുകി... നിലവിളക്ക് അനുപമയുടെ കൈയിൽക്കൊടുത്തു പറഞ്ഞു...

"വലത് കാൽ വച്ച് കയറി വാ മോളെ..."

അവൾ വിളക്കും കൈയ്യിൽ പിടിച്ചു മന്ദം മന്ദം അകത്തേക്ക് കയറി...

തൊട്ട് പിന്നാലെ ഞാനും... അകത്തു ചെന്ന് വിളക്ക് പൂജാ മുറിയിൽ വച്ച് ഞങ്ങൾ തൊഴുത് വന്നു...

പിന്നെ പിടിച്ചിരുത്തി പാലും പഴവും മധുരവും മറ്റും തീറ്റിക്കുന്ന കലാപരിപാടി നടത്തി...

അവിടെ നിന്നവർ എല്ലാം വന്നു വായിൽ കുത്തികയറ്റുന്നുണ്ടായിരുന്നു...

"അപ്പോൾ ഈ കല്യാണം സിമ്പിൾ പരുപാടിയായിരുന്നില്ല അല്ല... ശൊ ഷാഡ് 😥..."

ആ കലാപരിപാടികൾ അവസാനിച്ചപ്പോൾ അമ്മ പോയി അവളെപ്പിടിച്ചു എന്റെ റൂമിൽ കൊണ്ടുപോയി...പിന്നാലെ വേറെ കുറെയെണ്ണം...

ചുറ്റും കുറെ ആളുകളുമായി ഞാൻ സ്വീകരണമുറിയിൽ ഒറ്റക്കും...

"ഈ അമ്മ ഇത് എന്ത് പണിയാണ് കാണിച്ചത്..."

ഞാൻ മനസ്സിലാലോചിച്ചുകൊണ്ട് റൂമിന്റെ ഭാഗത്തേക്ക് നടന്നു...

ഡോറിന്റെ പുറത്ത് നിന്ന് അല്പം എത്തി നോക്കിയപ്പോൾ അവൾ ബെഡിൽ ഇരുപ്പുണ്ട്...

ബന്ധുക്കളും അയൽക്കാരുമായ കുറെ പേര് അവളുടെ റൂമിൽ നിൽപ്പുണ്ട്... എല്ലാവരുമായി പരിചയപ്പെടലും മറ്റും നടക്കുന്നു...

"ഈ മാല കാണാൻ നല്ല ഭംഗിയുണ്ട്...,ഈ വള എത്ര പവനാ... ഈ കമ്മലിലെ കല്ല് ഡയമണ്ട് ആണോ..."അങ്ങനെ അങ്ങനെ ചോദ്യങ്ങൾ വരിവരിയായി അവളുടെ നേരെ വന്ന് കൊണ്ടിരുന്നു...

എല്ലാം സമാധാനത്തോടെ ചിരിച്ച് കളിച്ചു മറുപടി കൊടുത്തുകൊണ്ട് അവളും...

ഇത്രയും ചോദ്യം വന്നിട്ടും ഇവൾക്ക് യാതൊരു അലോസരവും തോന്നുന്നില്ലേ എന്ന് ഓർത്തു പോയി... പിന്നെയും അവിടെ നിൽക്കാനുള്ള ക്ഷമ ഇല്ലാത്തത് കൊണ്ട് ഞാൻ മുറ്റത്തേക്ക് ഇറങ്ങി...

അറിഞ്ഞും കെട്ടും അയലത്ത്കാരും ബന്ധുക്കളും പറന്ന് വരുന്നുണ്ട്...

അല്ലെങ്കിലും നമ്മുടെ നാട്ടുകാർക്ക് ഇങ്ങനെയുള്ള കാര്യം വന്നാൽ ഭയങ്കര ഇന്ട്രെസ്റ്റ് ആണ്...

അത് വരെ ഇല്ലാത്ത സ്നേഹം ബന്ധം പറഞ്ഞ് എല്ലാം വരും... പ്രമുഖ മാധ്യമങ്ങൾക്ക് മികച്ച ന്യൂസ് റിപ്പോർട്ടേഴ്സിനെയാണ് നഷ്ടമായെക്കുന്നത്...

തൊട്ട് പിന്നിലായി അനക്കം കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ അമ്മയാണ് -

"മോനെ നീയും ഞങ്ങളും ഭാഗ്യംചെയ്തവരാണ്... അവൾ നല്ല കുട്ട്യാടാ...എല്ലാവരോടുമുള്ള അവളുടെ പെരുമാറ്റം കാണണം..."

ഞാൻ അമ്മയെ നോക്കി ഒന്ന് ചിരിച്ചു...

അപ്പോളേക്കും സ്റ്റുഡിയോക്കാർ വന്ന് വീണ്ടും വിളിച്ചു...

"ഐ ആം ട്രാപ്പ്ഡ്..." ഞാൻ മനസ്സിൽ പറഞ്ഞു 😥...

അവളെയും വിളിച്ചു വന്ന് ഞാൻ അവന്മാർ പറയുന്ന കോനാം പീച്ചയൊക്കെ ചെയ്യാൻ തുടങ്ങി...

അവളുടെ തോളത്തു കൈയിട്ടു... പൊക്കിയെടുത്തു... ഫോണിൽ സെൽഫി എടുക്കുന്ന പോസ്..തമ്മിൽ തമ്മിൽ ചാരിയിരിക്കുന്നത്...മരത്തിൽ കയറുന്നത്... മരത്തിൽ നിന്നും തലേം കുത്തി ചാടുന്നത് എന്ന് വേണ്ട വീട്ടിലും തൊടിയിലുമായുള്ള സകലമാന സാധനത്തിലും വലിച്ചു കയറ്റി ഫോട്ടോ എടുത്തു...

ഇവന്മാരുടെ ഈ പ്രാന്ത് കണ്ട് പേടിച്ചു ഫോട്ടോ എടുക്കാൻ വന്ന എന്റെ ക്ലിയോ മോൾ ജീവനും കൊണ്ട് ഓടി രക്ഷപെട്ടു...

ഫോട്ടോക്കാരുടെ പരുപാടി നേരത്തെ കാണുമ്പോൾ ഞാൻ മനസ്സിലോർത്തിരുന്നു...

"എന്റെ കല്യാണത്തിന് ഫോട്ടോ എടുക്കാൻ ഇവന്മാർ വരുമ്പോൾ വെയ്റ്റ് ഇട്ട് നിന്ന് ഇതേപോലെയുള്ള കോപ്രായത്തിന് നിന്ന് കൊടുക്കില്ല എന്ന്... എന്നിട്ട് ആ ഞാനാ ഇപ്പോൾ 😭😭😭...എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി😥😥..." (വാർണിങ്: ഈ ചിന്തയുള്ളവർ അത് ഇപ്പോളേ മാറ്റി വച്ചോളൂ ...)

ഫോട്ടോ എടുക്കൽ ഓക്കെ അവസാനിച്ചപ്പോൾ സമയം വൈകുന്നേരം അഞ്ച് മണിയാകാറായി...

അമ്മ അവളെയും കൊണ്ട് എന്റെ റൂമിൽ പോയി... ഒപ്പം മുഖത്ത് ഒരിഞ്ചു കനത്തിൽ പൂട്ടിയും പൂശി അര ഇഞ്ച് കനത്തിൽ ചുവന്ന ലിപ്സ്റ്റിക്കുമിട്ട് കോഴിവാൽ കണക്ക് മുടിയും മുറിച്ചിട്ട് ഒരു ബാഗും പിടിച്ചു ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു അമ്മച്ചിയും അവരുടെ പിന്നാലെ നടന്ന് റൂമിൽ കയറുന്നത് കണ്ടു.... **"ബ്യൂട്രീഷൻ"** ആയിരുന്നു അത്...

അപ്പോളേക്കും അമ്മാവൻ വന്ന് എന്നോട് റിസപ്ഷനു വേണ്ടി റെഡിയായി ഇരിക്കാൻ പറഞ്ഞു...

അപ്പോളാണ് എനിക്ക് റിസപ്ഷന് ഇടാൻ ഡ്രെസ്സില്ല എന്ന കാര്യം ഞാൻ ഓർത്തത്...അപ്പോൾ ലവൻ വന്നു... എസ്... ലവൻ തന്നെ... മനസ്സിലിരുന്ന് കാര്യം പറയുന്ന തെണ്ടി -

"ഡ്രെസ്സിന്റെ കാര്യം അവിടെ നിൽക്കട്ടെ...റിസപ്ഷന്..."

"വേണ്ട നീ മിണ്ടണ്ട... ഫുഡിന്റെ കാര്യമല്ലേ പറയാൻ പോകുന്നത്..."

"ഡോ... അതല്ല..."

"പിന്നെ എന്ത് കുന്തം ആടാ..."

"ഡോ തനിക്ക് ഈ പണ്പാടി എപ്പോളാ എന്ന് വല്ലോം അറിയുമോ..."

"ആഹ്.. അത് ശരിയാണല്ലോ... എപ്പോളാ പരുപാടി..."

"ഡോ എന്നോടല്ല... അങ്ങേരോട് ചോദിക്ക്..."

"ങാ... ചോയിക്കാം...ചോയിക്കാം..."

എന്റെ മനസ്സ് വായിച്ചു മറ്റോ പുള്ളി തന്നെ ഇങ്ങോട്ട് പറഞ്ഞു -

"വേഗം ഒരുങ്ങടാ മോനെ...കൃത്യം 6 മണിക്ക് പരുപാടി തുടങ്ങും... നിനക്ക് ഉള്ള ഡ്രെസ്സ് അച്ഛന്റേം അമ്മയുടേം മുറിയിൽ വച്ചിട്ടുണ്ട്... കുളിച്ചു ഫ്രഷ് ആയി അത് ഇട്ടു വാ..."

ഞാൻ പറഞ്ഞത് പോലെ തന്നെ അച്ഛന്റെ റൂമിൽ കുളിച്ചു ഫ്രഷ് ആകാനായി ചെന്നു...

ബെഡിൽ എനിക്കുള്ള ഡ്രെസ്സ് വച്ചിരുന്നു... ബ്ലാക്ക് സ്യൂട്ട്...ബ്ലാക്ക് പാന്റ്സ് ബ്ലാക്ക് ബ്ലേസറും പിന്നെ വൈറ്റ് ഇന്നർ ഷർട്ട് കൂടെ ഒരു റെഡ് സിൽക്ക് ടൈ...

ഞാൻ ഒന്ന് ഞെട്ടി... ഇവർ ഈ ചുരുങ്ങിയ ടൈം കൊണ്ട് ഇതെല്ലാം എവിടെ നിന്ന് ഒപ്പിച്ചു...ഇനി ഇതുങ്ങൾ എല്ലാം എനിക്ക് നേരാവണ്ണം പെണ്ണ് കിട്ടില്ല എന്ന് മുൻകുട്ടി കണ്ട് ഇതൊക്കെ നേരത്തെ തന്നെ റെഡി ആക്കി വച്ചതാണോ എന്റെ ദൈവമേ 🙄🙄...

റിസപ്ഷൻ വൈകിട്ട് ആറ് മണി എന്ന് കേട്ടപ്പോൾ ആണ് ഈ വിവരങ്ങളൊന്നും വിനുവിനോടും അർജുവിനോടും പറഞ്ഞില്ലല്ലോ എന്ന് ഓർത്തത്...

അവരോടു കാര്യങ്ങൾ പറയാനും റിസപ്ഷൻ എങ്കിലും ക്ഷണിക്കാനും ഞാൻ ഫോൺ കയ്യിൽ എടുത്തപ്പോൾ തന്നെ ഒരു നോട്ടിഫിക്കേഷൻ -

"യു ഹാവ് എ വാട്സ്ആപ്പ് മെസ്സേജ്..."

നല്ല ടൈമിംഗ് എന്ന് കരുതി ഓൺ ആക്കിയപ്പോൾ...വീണ്ടും ചറ പറ മെസ്സേജ്...

എടുത്ത് നോക്കിയപ്പോൾ വിനുവാണ്...

"ഡാ മരങ്ങോടാ... നീ അവിയലും സാമ്പാറും ഞണ്ണിയപ്പോൾ ദേ ഞങ്ങൾ ബിരിയാണി തിന്നടാ...😎.. പിന്നെ ഐസ് ക്രീംമും 🍧🍧

ഒപ്പം ഒരു ബിരിയാണിയുടെയും ഐസ് ക്രീമിന്റെയും പിക്ക്..."

"നീ ആരുടെയോ കല്യാണം കണ്ടപ്പോൾ നല്ല സൂപ്പർ പടം കണ്ടെടാ ഞങ്ങൾ..." ദേ വീണ്ടും ...

"കള്ളപന്നി... എന്നെ കളിയാക്കുവാൻ മെസ്സേജ് ഇട്ടു തകർക്കുവാ...ആ നോക്കട്ടെ..." ഞാൻ മനസ്സിൽ പറഞ്ഞു...

അതിന് ശേഷം അവനും ആരതിയും ഒന്നിച്ചുള്ള സെൽഫിയും... അർജുവും ആരതിയും അവള്ടെ ചേച്ചിയും ഒന്നിച്ചുള്ള ഒരു ഫോട്ടോയും ഇട്ട് തന്നിട്ടുണ്ടായിരുന്നു...

ഞാൻ ഒന്നും മിണ്ടിയില്ല... പകരം കുറച്ച് മുൻപ് ഫോട്ടോക്ക് പോസ് ചെയ്യാനായി എടുത്ത ഞാനും അനുപമയും കല്യാണ വേഷത്തിൽ തന്നെയുള്ള ഒരു പിക്ക് ഇട്ട് കൂടെ "😎" ഈ എമോജിയും ഇട്ടു...

അവൻ ഞെട്ടി പണ്ടാരം അടങ്ങും എന്നെനിക്ക് ഉറപ്പായിരുന്നു...

തിരികെ വന്നത് -

"ഡാ... ശരിക്കും....നിന്റെ... 😱😱😱😱😱😱😱🤬🤬🤬..."

തൊട്ട് പിന്നാലെ ഫോണിൽ കാൾ വന്നു...

"ഡാ ... അതെന്നെ പറ്റിക്കാൻ അല്ലേ....ശരിക്കും നിന്റെ കല്യാണം കഴിഞ്ഞൊന്നുമില്ലല്ലോ..."

"ആ ഫോട്ടോ കണ്ടിട്ടു എന്ത് തോന്നുന്നു മ*@#... അത് സത്യമാണഡാ ... എന്റെ കല്യാണം കഴിഞ്ഞു... 😁"

"എങ്ങനെ... എന്താടാ സംഭവിച്ചത്...??...അച്ഛന്റെ കൂടെ ഏതോ കല്യാണത്തിന് പോകുന്നു എന്ന് പറഞ്ഞത് നിന്റെ തന്നെ ആയിരുന്നോ...."

ഞാൻ എല്ലാം വിശദമായി തന്നെ അവനെ പറഞ്ഞു മനസ്സിലാക്കി...

"ഇതൊക്കെ നേരാണോടാ... എന്തായാലും കുട്ടി കാണാൻ നല്ല മൊഞ്ചുണ്ട്..."

"അതൊക്കെ ഒക്കെ... അവൾ എന്തിനാണാവോ കാറിൽ വച്ച് കലിപ്പിച്ച് നോക്കിയത്..."

"നേര് പറയെടാ... നീ അവളുടെ കയ്യിൽ തന്നെ അല്ലേ പിടിച്ചത്..."

"ഒന്ന് പോയേടാ നാറി... ഞാൻ സത്യം തന്നെയാ പറഞ്ഞേ... കയ്യിൽ പിടിച്ചത് പോലുമില്ല... ജസ്റ്റ് ഒന്ന് കയ്യുടെ പുറത്ത് വച്ചു...ഡാ സമയം വൈകുന്നു... ഞാൻ ഫ്രഷ് ആകട്ടെ... നീ റിസപ്ഷന് ഉണ്ടാകണം... ഞാൻ അർജുവിനെക്കൂടെ വിളിക്കട്ടെ..."

ഞാൻ അർജുവിനെയും വിളിച്ചു കാര്യങ്ങൾ പറഞ്ഞു കുളിച്ചു ഫ്രഷ് ആയി വന്ന് ഡ്രെസ്സ് എടുത്തിട്ടു...

അപ്പോളേക്കും അർജുവും വിനുവും എത്തിയിരുന്നു... അവന്മാരും കുറച്ച് കസിൻസും ചേർന്ന് എന്തൊക്കയോ വീണ്ടും എന്റെ മോന്തക്ക് കാട്ടിക്കൂട്ടി...

എല്ലാം കഴിഞ്ഞ് കണ്ണാടിയിൽ ഒന്ന് നോക്കിയപ്പോൾ ഞാൻ തന്നെ ഞെട്ടി -

"ദൈവമേ എനിക്ക് ഇത്രക്കും ഗ്ലാമറോ... എന്നിട്ടാണോ ഞാൻ പട്ടിയെ പോലെ പിന്നാലെ നടന്നിട്ടും ഒരുത്തിപോലും എന്നെ മൈൻഡ് ചെയ്യഞ്ഞത് 😭..."

ഡ്രെസ്സ് മാറി ഞാൻ പുറത്തേക്ക് വന്നു... എന്റെ റൂമിന്റെ ഫ്രണ്ടിൽ എത്തിയതും കതക് തുറന്നതും ഒന്നിച്ചായിരുന്നു...

ഞാൻ അവിടേക്ക് ഒന്ന് നോക്കിയതും നടുങ്ങിപ്പോയി...

ഫുൾ സ്ലീവ് ബ്ലാക്ക് ലഹങ്കയിട്ട് അധികം മേക്കപ്പ് ഇടാതെ, ഭംഗിയായി കണ്ണുകൾ എഴുതി, ആഭരണമായി കമ്മൽ മാത്രമിട്ട്, മുടി കുറച്ച് മുൻപിലേക്ക് ഇട്ട് ഷാൾ ഒരു തോളിൽ പ്രത്യേക രീതിയിലിട്ട് അനുപമ പുറത്തേക്ക് വന്നു...

ഒറ്റ നോട്ടത്തിൽ ഹൃദയത്തിന്റെ ഒരു ബീറ്റ് മിസ്സ് ആയിപ്പോയി... ഇത്രേം ഭംഗിയുള്ള ഒരു പെണ്ണിനെ ഞാൻ കണ്ടിട്ട് കൂടിയില്ലായിരുന്നു...ഞാൻ അങ്ങനെ നോക്കി നിന്നുപോയി...

അവളും അല്പം തലയുയർത്തി എന്റെ മുഖത്തേക്ക് ഒന്ന് നോക്കി...

ഞങ്ങൾ അങ്ങനെ നിന്നപ്പോളാണ് വിളി വന്നത്...

"രണ്ടാളും കൂടെ കണ്ണും കണ്ണും നോക്കി ഇങ്ങനെ നിന്നാൽ മതിയോ... പുറത്തേക്ക് വന്നേ..."

ഞങ്ങൾ രണ്ടാളും നോട്ടം പിൻവലിച്ചു പുറത്തേക്ക് നടന്നു... അപ്പോളേക്കും അവളുടെ വീട്ടിൽ നിന്നും ആളുകൾ എത്തിയിരുന്നു...

പുറത്ത് നല്ല പോലെ ആളുകൾ ഉണ്ടായിരുന്നു... എല്ലാരും കൂടെ ആനയിച്ചു എന്നെ ഒരു ഡൈസിൽ പിടിച്ചു കയറ്റി...

തൊട്ട് പിന്നാലെ അവളും... അവളേം കൈ പിടിച്ചു കയറ്റി അവിടെ നിർത്തി...

പിന്നെ മണിക്കൂറുകൾ നീണ്ട പല്ലിളിച്ചു കാണിക്കൽ മഹാമഹം തുടങ്ങി...ഒപ്പം ഫോട്ടോ പോസിങ് അതിന്റെ ഇടക്ക് കേക്ക് കട്ടിങ് മറ്റും...

താഴെയായി ആളുകൾ ഇരിക്കുന്നു... പാട്ടും ഡാൻസും കൂത്തും... രാവിലെ മുതൽ ഉള്ള നിൽപ്പും നടപ്പുമൊക്കെ കാരണം ഡെഡ് ആയി എന്ന് പറഞ്ഞാൽ മതിയല്ലോ...

വന്നിട്ടുള്ള കൊന്തൻമാരുടെയെല്ലാം കണ്ണ് അവളുടെ ദേഹത്ത് ...ഒരുത്തി പോലും എന്നെ ഒന്ന് നോക്കുന്ന് പോലുമില്ല ...വലിയ ലുക്ക് ആണെന്നും പറഞ്ഞ് കോട്ടും സുട്ടുമൊക്കെ വെറുതെ എടുത്തിട്ടു...നോക്കുമ്പോൾ കാറ്ററിംഗ് പിള്ളേർ എല്ലാം ഇത് തന്നെ വേഷം... അവന്മാരുടെ ടൈ ബ്ലാക്ക് ആണെന്ന് മാത്രം...അവിടെയും ഞാൻ തേഞ്ഞു...

പ്രധാനമന്ത്രിയുടെ പേർസണൽ ഗാർഡ്സ് പോലെയുണ്ട് ഇവരുടെ നിൽപ്പും ഭാവവും...

എനിക്ക് ആണേൽ അതിന്റെ ഇടക്ക് നന്നായി വിശക്കാനും തുടങ്ങി... ഫ്രൈഡ് റൈസും ചില്ലി ചിക്കൻ ആണെന്ന് മണം വന്നപ്പോൾ തന്നെ മനസ്സിലായി... വായിൽ വെള്ളം നിൽക്കുന്നുണ്ടായിരുന്നില്ല😋😋...

എപ്പോ ഭക്ഷണം കഴിക്കാൻ ആകുമെന്ന ചിന്തയോടെ പല്ലും കാട്ടി ഫോട്ടോക്ക് പോസ് ചെയ്തു പിന്നേം നിപ്പ് തുടങ്ങി...

അവളുടെ മുഖത്ത് നിന്നും അവളും തളർന്ന ലക്ഷണം കണ്ടു...

അതിന്റെ ഇടക്ക് വിനും അർജുവും നൈസ് ആയി എന്നെ മാറ്റി നിർത്തി പറഞ്ഞു - " എടാ ഭാഗ്യവാനെ ... നല്ല കോച്ചാണല്ലോഡാ..."

കുറച്ച് കൂടി കഴിഞ്ഞ് ഭക്ഷണം കഴിക്കാൻ ഞങ്ങൾക്കുള്ള അവസരം വന്നു...

"അതേ ...ഞാൻ കാത്തിരുന്ന മൂഹൂർത്തം😌..."

എനിക്ക് വേഗം പോയി ഒന്ന് തിന്നാൽ മതി എന്നായിരുന്നു... എങ്കിലും കടിച്ചു പിടിച്ചു കണ്ട്രോൾ ചെയ്തു സാവധാനം അവളോടൊപ്പം നടന്നു ചെന്നിരുന്നു, വളരെ പതുക്കെ കഴിച്ചു തുടങ്ങി...

"ഫസ്റ്റ് ദിവസം തന്നെ നമ്മുടെ വില കളയാൻ ആകില്ലല്ലോ... ഏത്😁..."

"അതിന് നിനക്ക് എന്ത് വിലയാണെടാ ഊവേ ഉള്ളത്..."

"നിന്നോട് ചോദിച്ചോ... ബ്ലഡി ഫൂൾ... മിണ്ടാണ്ടിരി..." ഞാൻ മാറ്റവനോട് പറഞ്ഞു, അതെ ലവൻ തന്നെ വീണ്ടും...

ഏകദേശം പത്തുമണിയോടെ എല്ലാം അവസാനിച്ചു... എല്ലാരും യാത്ര പറഞ്ഞ് പോയി...

ഞങ്ങളും അകത്തേക്ക് കയറി... ബന്ധുക്കൾ എല്ലാം പോയിരുന്നു...

വീട്ടിലിപ്പോൾ ഞാനും അമ്മയും അച്ഛനും അനുപമയും ക്ലിയോയും മാത്രം...

ഞാൻ എന്റെ റൂമിലേക്ക് നടന്നു...

റൂം തുറന്ന് ഉള്ളിൽ കയറിയപ്പോൾ ബെഡിൽ ഇടാനുള്ള ഡ്രെസ്സ് ഉണ്ട്... മുണ്ടും ഷർട്ടും...

"ആരാണാവോ ഇതൊക്കെ റെഡി ആക്കി വക്കുന്നത്..."

ഞാൻ കുളിച്ചു ഡ്രെസ്സ് മാറി ദേഹത്തെല്ലാം ഇത്തിരി പൌഡറും വാരിയിട്ടു സ്പ്രേയും അടിച്ചു അവൾക്കായി കാത്തിരുന്നു...

ബെഡിൽ മുല്ലപ്പൂ, അതെ പോലെ സൈഡിൽ ടേബിളിൽ പഴങ്ങൾ ഓക്കെ വച്ചിട്ടുണ്ട്...

അതൊക്കെ കണ്ടപ്പോൾ ഒരു കുളിർ മനസ്സിൽ...

"ഇനി മുതൽ നന്നാവണം... ഉത്തരവാദിത്തമൊക്കെ കാണിക്കണം... വായിനോക്കൽ നിർത്തി ഡീസന്റ് ആയി എന്റെ പെണ്ണിനേം നോക്കി ജീവിക്കണം...." സ്ഥിരം കല്യാണരാത്രിയിലെ പ്രതിജ്ഞയെടുക്കൽ ഞാനും നടത്തി...

അവൾ മുകളിലുള്ള റൂമിൽ ഫ്രഷ് ആകാൻ പോയിരുന്നു...

പതിനഞ്ചു മിനിറ്റ് കഴിഞ്ഞ് അവൾ വന്നു...ഞാൻ ബെഡിൽ ഇരിക്കുകയായിരുന്നു...

കതക് തുറന്നു അമ്മ അവളെ ഒരു ഗ്ലാസ് പാലും കയ്യിൽ കൊടുത്ത് റൂമിലേക്ക് കയറ്റി വിട്ട് എന്നെ നോക്കി ഒരു ചിരിയും പാസ്സ് ആക്കിപ്പോയി...

കസവു സാരിയുടുത്ത്... തലയിൽ മുല്ലപ്പൂവും ചൂടി ഒരു സ്വർണ്ണ മാലയും ജിമിക്കി കമ്മലും അണിഞ്ഞു അവൾ മന്ദം മന്ദം നടന്ന് ഉള്ളിലേക്ക് വന്നു...

"ഈ പെണ്ണുങ്ങളെ സമ്മതിക്കണം... ഒരു കല്യാണത്തിന് വേണ്ടി തന്നെ എത്ര തവണ ഡ്രെസ്സ് മാറണം... അതും ഇതൊക്കെ വലിച്ചു കയറ്റണേൽ കുറെ പാട് പെടണ്ടേ..." ഞാൻ ആലോചിച്ചു...

അമ്മ പോയി എന്ന് ഉറപ്പായതും, ടേബിളിനു മുകളിൽ ഗ്ലാസ് വച്ച് കതകും ലോക്ക് ചെയ്തു, അവൾ എന്നെ ഒന്ന് നോക്കി കണ്ണുരുട്ടി, ശേഷം റൂമിൽ വച്ചിരുന്ന ഒരു ബാഗിൽ നിന്നും എന്തോ ഡ്രെസ്സ് എടുത്ത് ബാത്റൂമിൽ കയറി...

എന്റെ കിളി പിന്നേം പോയിത്തുടങ്ങി... എഞ്ചിനീയറിംഗ് മത്തമാറ്റിക്സ് ക്ലാസ്സിൽ ഒരു കുന്തവും മനസ്സിലാവാതെ ഇരിക്കുന്ന പോലെ ഞാൻ ചിന്താവിഷ്ടനായ ശ്യാമളനായി ഇരുന്നു...

ഒന്ന് രണ്ട് മിനിറ്റ് കഴിഞ്ഞ് അവൾ ഒരു വെള്ള സ്ലീവലസ് നൈറ്റിയുമിട്ടു പുറത്തേക്ക് വന്നു... വീണ്ടും എന്നെ നോക്കി കലിപ്പിച്ച് കണ്ണുരുട്ടിക്കാണിച്ചു ടേബിളിൽ ഇരുന്ന പാൽ എടുത്തു അകത്താക്കി...

ഈത്തവണ എനിക്ക് നല്ല ദേഷ്യം വന്നു...എങ്കിലും ഫസ്റ്റ് നൈറ്റ് അല്ലേ, അത് കൊണ്ട് അല്പം സമ്യപനം പാലിച്ചു കൊണ്ട് ഞാൻ ചോദിച്ചു -

"ഞാൻ കുടിച്ചതിന്റെ ബാക്കി പകുതിയല്ലേ അനുപമ കുടിക്കണ്ടത്..."

എടുത്ത വായിൽ നല്ല കിടിലം മറുപടിയും വന്നു -

"തന്റെ എച്ചിൽ കുടിക്കാൻ വേറെ ആളെ നോക്കണം... ഈ അനുപമയെ അതിന് കിട്ടില്ല... "

"വൗ...ഫന്റാസ്റ്റിക്... ഇവളൊരു പൂതന തന്നെ... എന്റെ ആൾറെഡി നായ നക്കിയ ജീവിതം കുട്ടിച്ചോറായി...കൺഗ്രാറ്റ്സ് വരുൺ..."

എന്താണ് സംഭവിക്കുന്നത് എന്ന് നേരാവണ്ണം ചിന്ത പോലും ഇല്ലാത്തത് കൊണ്ട് എനിക്ക് എന്ത് പറയണം എന്ന് പോലും അറിയില്ലായിരുന്നു... കുറച്ച് നേരം കിളിപ്പറന്നിരുന്ന ഞാൻ ഒരു പാവത്താനെ പോലെ ചോദിച്ചു -

"എന്താ അനു... എന്തിനാ താൻ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്... ഒന്നുമില്ലേലും നിന്റെ കഴുത്തിൽ താലി കെട്ടി..." പറഞ്ഞു മുഴുവപ്പിക്കാൻ

"നാണമില്ലല്ലോ പറയാൻ... താലി കെട്ടി പോലും... ആ താലി ആര് വാങ്ങി എന്നങ്കിലും അറിയുമോ??...താൻ കല്യാണത്തിന് ഇട്ട ഡ്രെസ്സ് ആരു വാങ്ങി എന്ന് അറിയുമോ..."

"പറഞ്ഞത് പോലെ അത് ശരിയാണല്ലോ... ചെറുക്കൻ കൂട്ടർ ആണല്ലോ താലി കൊണ്ട് വരേണ്ടത്...അപ്പോൾ ആരായിരിക്കും കൊണ്ട് വന്നത്..."

"ഡോ... താൻ എന്താ ആലോചിക്കുന്നത്... എന്റെ അച്ഛൻ പൈസ മുടക്കി താലി വാങ്ങി തന്നെക്കൊണ്ട് എന്നെ കെട്ടിപ്പിച്ചു..."

"അതിന് ഞാൻ തന്നെ കെട്ടാൻ വന്നത് ആയിരുന്നില്ലല്ലോ... തന്റെ കല്യാണം കൂടാൻ വരുന്നില്ല എന്നും പറഞ്ഞിരുന്ന എന്നെ നിർബന്ധിച്ചു വിളിച്ചോണ്ട് വന്നതാ...അവിടെ അങ്ങനെ ഒരു സിറ്റുവേഷൻ ഉണ്ടായപ്പോൾ തന്റെ അച്ഛനെ ഓർത്ത് എന്റെ അച്ഛൻ

എന്നോട് പറഞ്ഞത് കൊണ്ട് ഞാൻ തന്നെ കെട്ടിയതല്ലേ...അല്ലാതെ എന്റെ നിർബന്ധത്തിന് ആരും നിന്നെ പിടിച്ചു കെട്ടിച്ചു തന്നതല്ല..."

"ആണോ... അതെല്ലാം സമ്മതിച്ചു... ഇത്ര ആത്മാഭിമാനം ഉള്ളയാൾ നാളെ എന്റെ വീട്ടിലേക്ക് വിരുന്നിനു പോകുമ്പോൾ വേറെ ഒന്നും വേണ്ട ആ താലിയുടെ പൈസ മാത്രം അച്ഛന് തിരിച്ചു കൊടുത്തേക്ക്... ഞാൻ തന്നെ എന്റെ ഭർത്താവായി അംഗീകരിക്കാം..."

"സമ്മതിച്ചു...എത്ര രൂപയാ എന്ന് പറ...നാളെ തന്നെ ഞാൻ എന്റെ അച്ഛന്റെ കയ്യിൽ നിന്നും പൈസ വാങ്ങി തന്നേക്കാം... എന്താ മതിയോ..."

"നിനക്ക് നാണമുണ്ടോ വരുൺ... ഭാര്യയുടെ കഴുത്തിൽ കെട്ടിയ താലിയുടെ പൈസ അച്ഛന്റെ കയ്യിൽ നിന്നും വാങ്ങി കൊടുക്കാൻ നടക്കുന്നു...നീ ഒരു ആണാണെൽ നീ അദ്ധ്വാനിച്ചുണ്ടാക്കിയ പൈസയാണ് കൊടുക്കണ്ടത്..."

എന്റെ അണ്ണാക്കിലെ പിരിവെട്ടിപ്പോയി അവളത് പറഞ്ഞപ്പോൾ...വേറെ ഒന്നും കൊണ്ടല്ലല്ലോ... സംഭവം സത്യമാണല്ലോ...

"എന്ത് ജോലി ചെയ്തിട്ടണേലും അത് ഞാൻ കൊടുക്കും... അത് കഴിഞ്ഞ് നീ എന്നെ ഭർത്താവായി അംഗീകരിച്ചാൽ മതി..."

"നീ എഞ്ചിനീയറിംഗ് അല്ലേ ചെയ്തേ... നീ പാസ്സായിട്ട് പോലുമുണ്ടോ... ആ നിനക്ക് എന്ത് ജോലി കിട്ടാനാ..."

"ഞാൻ പറഞ്ഞല്ലോ... എന്ത് ചെയ്തിട്ട് ആണേലും തരുമെന്ന്...അതിപ്പോ ചുമട്ടു പണിയാണേലും..."

"മ്മ്ഹ്... ഒരു മൾട്ടിനാഷണൽ കമ്പനിയിൽ ആറക്ക ശമ്പളം വാങ്ങുന്നവൾ ആണ് ഞാൻ... എന്റെ ഭർത്താവ് ഒരു ഡിഗ്രി പോലും ഇല്ലാത്തവൻ... ഒരു കൂലിവേലക്കാരൻ അല്ലേ...അത് ഞാൻ അംഗീകരിച്ചു തരണം എന്നാണോ..."

"നിനക്കിപ്പോ എന്നെ ഇത്രയും വില ഇല്ല എങ്കിൽ കല്യാണ സമയത്ത് നിന്റെ തന്തയോടു പറഞ്ഞൂടാരുന്നോ എനിക്ക് വേണ്ട ഇവനെയെന്ന്...

എനിക്ക് ഡിഗ്രിയും ജോലിയും ഒരു പിണ്ണാക്കുമില്ല എന്ന് അങ്ങേരോട് എഴുന്നള്ളിച്ചത് തന്നെയാ... പിന്നെയും എന്നെപ്പിടിച്ചു നിന്റെ തലയിൽ കെട്ടിവച്ചത് എന്തിനാ എന്ന് അയാളോട് പോയി ചോദിക്ക്..."

"ഗതികേട് കൊണ്ട്... സ്വന്തം മകളുടെ കല്യാണം നടന്ന് കാണാനുള്ള ആഗ്രഹം കൊണ്ട്... അവൾ വിവാഹപ്പന്തലിൽ ക്ഷണിച്ചു വരുത്തിയ എല്ലാവരുടെയും മുന്നിൽ നാണംകെട്ട് നിൽക്കുന്നത് കാണുമ്പോൾ ഉള്ള വേദന കൊണ്ട്..."

"ഓഹോ... അങ്ങനെയാണേൽ എല്ലാ യോഗ്യതയുമുള്ള ഒരാൾ വന്നല്ലോ... അയാളെക്കൊണ്ട് നിന്നെ കെട്ടിക്കാൻ പറ്റില്ലായിരുന്നോ..."

"അച്ഛൻ അത് ചെയ്തേനെ... അപ്പോൾ ആണ് അതിന് ഇടക്ക് നീ വന്നത്...അത്കൊണ്ടാണ്..."

"മതി നിർത്തു... നീ ഇത് കൂടി കേട്ടോ... നിന്റെ ആൾക്കാരുടെ വാക്കും കേട്ട് അവന്റെ ജാതിയോ ജാതകമോ തേങ്ങാക്കൊല ഓക്കെ അംഗീകരിക്കാൻ ആകില്ല എന്ന് പറഞ്ഞാണ് അവനെ ഒഴിവാക്കിയത്...സൊ അങ്ങേരുടെ കണ്ണിൽ ബെറ്റർ ചോയ്സ് ഞാൻ ആയിരുന്നു..."

"ആയിക്കോട്ടെ... നീ അപ്പോൾ വന്നില്ല എങ്കിൽ കെട്ടണ്ടാരുന്നല്ലോ... ഇതിലും ഭേദം അതായിരുന്നു... വിദ്യാഭ്യാസമോ നേരാവണ്ണം ഒരു ജോലിയോ ഇല്ലാത്ത നിന്നെ ഭർത്താവായി അംഗീകരിക്കാൻ എനിക്കാവില്ല..."

"സമ്മതിച്ചു... ഇതെല്ലാം നേടിയാൽ നീ എന്നെ അംഗീകരിക്കുമോ..."

"അതെ അംഗീകരിക്കും ... പക്ഷെ നിന്നെക്കൊണ്ട് അതിനാകുമെ എനിക്ക് വല്യ പ്രതീക്ഷയില്ല... " അവൾ പുച്ഛത്തോടെ പറഞ്ഞു...

"ശ്ശെ... നല്ല മൂഡ് ആയി വന്നതാ...തളർത്തിക്കളഞ്ഞു 😑..." എങ്കിലും വീറോടെ ഞാൻ പറഞ്ഞു -

"നമുക്ക് കാണാം..."

"ആഹ്.. കാണാം...അത് വരെ നമ്മൾ തമ്മിൽ യാതൊരു വിധ ഭാര്യാഭർതൃ ബന്ധവും ഉണ്ടാവില്ല...സമ്മതമാണോ..."

""പുല്ല്... വീണ്ടും തേഞ്ഞ്😑... ഇതിപ്പോ നായുടെ മുന്നിൽ മുഴുവൻ തേങ്ങ കിട്ടിയ അവസ്ഥയായല്ലോ...,,, എങ്കിലും ഞാൻ പറഞ്ഞു...""

"അതെ... സമ്മതം ..."

"വേറെ ഒന്ന് കൂടി... ഇത് വീട്ടുകാരെ അറിയിക്കാൻ എനിക്ക് താല്പര്യമില്ല...എന്റെയും നിന്റെയും...ഈ ബെഡ്റൂമിന് പുറത്ത് അവരുടെ ഓക്കെ മുന്നിൽ നമ്മൾ മാതൃക ദമ്പതികൾ ആയിരിക്കും..."

"അതും സമ്മതം..." (ഓഹ് കാര്യമായി... അല്ലേ കെട്ടിയ പെണ്ണിന്റെ മുന്നിൽ നാറിയത് അവരും കൂടെ അറിഞ്ഞു അടപടലം നാറിയേനെ 😔...)

"എല്ലാം തീരുമാനത്തിൽ എത്തി എങ്കിൽ നമുക്ക് കിടക്കാം..." ഞാൻ അത് പറഞ്ഞു കട്ടിലിൽ കയറി കിടന്നു...

"അയ്യടാ... മോന്റെ മനസ്സിലിരിപ്പ് കൊള്ളാം... നിന്റെ ഒപ്പം ഞാൻ കിടന്നിട്ട് വേണം രാത്രി ഒന്നും അറിയാത്ത പോലെ നീ ഓരോന്ന് ഒപ്പിക്കാൻ അല്ലേ... ആ വേല മനസ്സിൽ ഇരിക്കട്ടെ... എനിക്ക് നിന്റെയൊപ്പം കിടക്കാൻ ആകില്ല..."

"വേണമെന്നില്ല... നീ വേണേ താഴെ ഇറങ്ങി കിടക്ക്... ഞാൻ കട്ടിലിൽ കിടന്നോളാം...പിന്നെ നീ ഒപ്പം കിടന്നു എന്ന് വച്ച് നിന്റെ ദേഹത്തു ഒന്ന് തൊടുക പോലുമില്ല ഞാൻ..."

"എനിക്ക് നിന്നെ വിശ്വാസമില്ല... പണ്ട് നിന്റെ കുരുത്തക്കേട് കംപ്ലയിന്റ് ചെയ്തതിനു മുഖത്ത് അടിച്ചവൻ അല്ലേ നീ...

പിന്നെ ജോലിയും കൂലിയും ഇല്ലാത്ത നീ അങ്ങനെ കട്ടിലിൽ കിടക്കേണ്ട...കെട്ടിക്കൊണ്ടു വന്ന പെണ്ണിനെ തറയിൽ കിടത്താൻ നടക്കുന്നു... നീ ആദ്യം താലിയുടെ കടം തീർക്കു... എന്നിട്ടു കട്ടിലിൽ കിടക്കാം... പിന്നെ ഇവിടേം നിനക്ക് പാരവക്കാൻ എനിക്ക് ഈസി ആണ്... അത് ഓർത്തോ..."

അവൾ പറഞ്ഞതിലും കാര്യമുണ്ട്...ഇവളുടെ ഒടുക്കത്തെ അഭിനയത്തിൽ...ഇവൾ പറയുന്നത് എല്ലാം അവർ കേൾക്കും...അല്ലേലും നമ്മൾ പറഞ്ഞാൽ മാത്രമല്ലേ ആർക്കും മൈൻഡ് ഇല്ലാത്തത്...

ഞാൻ ഒന്നും മിണ്ടാതെ ബെഡ്ഷീറ്റും തലയിണയുമെടുത്തു താഴെ വിരിച്ചു കിടന്നു... അവൾ മുകളിൽ കിടന്നു കൊണ്ട് പറഞ്ഞു ...

"അപ്പോൾ എല്ലാം പറഞ്ഞ പോലെ...ലൈറ്റ് ഓഫാക്കുന്നു... ഗുട് നൈറ്റ്..."

റൂമിലാകെ ഇരുട്ട് പടർന്നു... എന്റെ ജീവിതത്തിലേക്കും ആ ഇരുട്ട് വ്യാപിച്ച പോലെ തോന്നി...

"ദൈവമേ... കാര്യം സ്വഭാവം കൊണ്ട് പൂതനയാണെങ്കിലും ഒരു ആടാർ ഐറ്റമാണ് അടുത്ത് കിടക്കുന്നത്... കണ്ട്രോൾ തന്നേക്കണേ...🙏നാറ്റിക്കരുതേ... 😪"

പ്രാർത്ഥിച്ചു കൊണ്ട് ഞാൻ കിടന്നു...

രണ്ട് മനസ്സുകൾ ആ രാത്രിയിൽ വേദനയോടെ കിടന്നു...

**"ഞാനും എന്റെ ക്ലിയോ മോളും..."**

(നിങ്ങൾ കരുതുന്ന പോലെ മറ്റേ പൂതനയല്ല... പാവം ക്ലിയോ കല്യാണം പ്രമാണിച്ചു എന്റെ റൂമിൽ കിടന്നിരുന്ന അവളെ അടിച്ച് പുറത്താക്കി പട്ടിക്കൂടിൽ കൊണ്ടിട്ടിരുന്നു... )

************************

ഞാൻ കണ്ണുകൾ ഇറുക്കി അടച്ചു കിടന്നുറങ്ങാൻ ശ്രമിച്ചു... എവിടെ ഉറക്കം വരാൻ... ഈ അലവലാതി അടുത്ത് കിടന്ന് ചൂട് പിടിപ്പിച്ചത് കൊണ്ട് മറ്റോ പേടിച്ചാണെന്ന് തോന്നുന്നു നിദ്രാ ദേവി പോലും തിരിഞ്ഞു നോക്കുന്നില്ല...

കുറച്ച് നേരം തിരിഞ്ഞും മറിഞ്ഞും കിടന്ന് നോക്കി... രക്ഷയില്ല... കൂടെ ഒരു മൂത്ര ശങ്കയും... ഉറക്കം വരാതെ ഇങ്ങനെ കിടന്നാൽ ഇങ്ങനെ വരും... എണിറ്റു പോകാൻ ആണേൽ മടി...

അവൾ ഫാൻ സ്പീഡ് കുറച്ച് ഇട്ടതും ഉറക്കം വരാതെ ഇരിക്കാനുള്ള കാരണമായി...

ഫുൾ സ്പീഡിൽ കറങ്ങുന്ന ഫാനിന്റെ ഒച്ച കേട്ട് ഉറങ്ങുന്ന സുഖം...

"എന്റെ സാറേ 😍..."

ഇനിയും കിടന്നിട്ട് കാര്യമില്ല എന്ന് കണ്ട ഞാൻ പതുകെ എണിറ്റു... കർട്ടനിൽ നിന്നും അരിച്ചിറങ്ങുന്ന ചന്ദ്രന്റെ നിലാ വെളിച്ചമുണ്ട് റൂമിൽ...

അത് കൊണ്ട് വലിയ ബുദ്ധിമുട്ടില്ലാതെ എണിറ്റു ചെന്ന് ബാത്റൂമിലെ ലൈറ്റ് ഇട്ടു... അകത്തു കയറി കാര്യം സാധിച്ചു വന്നു...

പുറത്ത് ഇറങ്ങി ഫാൻ സ്പീഡ് കൂട്ടിയിട്ടു കിടക്കാൻ തീരുമാനിച്ചു...

റെഗുലേറ്റർ തപ്പി കണ്ട് പിടിക്കാൻ നോക്കിയിട്ട് നടക്കാത്തത് കൊണ്ട് ഞാൻ പോയി ജനാലയുടെ കർട്ടൻ നീക്കിയിട്ട് ജനൽ തുറന്ന് വച്ചു...

നല്ല പൂർണ ചന്ദ്രൻ ആയിരുന്നത് കൊണ്ട് റൂമിൽ നല്ല വെട്ടമായി...

ഫാനിന്റെ സ്പീഡ് കൂട്ടിയിട്ടു കട്ടിലിന്റെ ഭാഗത്തേക്ക് തിരിഞ്ഞപ്പോളാണ് ഉള്ള ഉറക്കം കൂടി കളയുന്ന കാഴ്ച...

അവൾ കട്ടിലിൽ കുഞ്ഞുങ്ങളെ പോലെ ചരിഞ്ഞു, കാൽ അല്പം മടക്കി നെഞ്ചിന്റെ ഭാഗത്തേക്ക് അടുപ്പിച്ചു വച്ച് കിടക്കുന്നു... കൈ രണ്ടും ചേർത്ത് വച്ച്, അതിന് മുകളിലായി തല വച്ചാണ് കിടപ്പ്... മുടി കുറച്ച് മുന്നിലേക്ക് വീണു കിടക്കുന്നു...

നേരെവണ്ണം അടുത്ത കാലത്തേക്ക് കാണൽ നടക്കില്ല എന്ന് നല്ല ഉറപ്പുള്ളത് കൊണ്ട് മനസ്സിൽ ലവൻ ഇരുന്നു പറയുന്നുണ്ട് ഇങ്ങനെ നോക്കി കാണാൻ...

ആസ് യുഷ്വൽ ഞാൻ അവന്റെ വാക്കും കേട്ട് ഞാൻ കെട്ടിയ ഉറങ്ങികിടക്കുന്ന മുതലിനെ നോക്കി വെള്ളം ഇറക്കാൻ തുടങ്ങി...(ലോകത്ത് എന്നെ പോലെ ഗതി കെട്ടവൻ വേറെ ഉണ്ടോ കർത്താവേ 😭...)

നിലാ വെളിച്ചതിൽ പെണ്ണിന്റെ മുഖത്തു ഒരു പ്രതേക തിളക്കമാണ്...

"എന്റെ ദൈവമേ എന്തൊരു നിറമാ ഇവൾക്ക്...എന്തൊരു ചന്തമാ..."

(ചന്തമൊക്കെ ആണേലും ചന്തയാ😑...)

റോസ് നിറത്തിലുള്ള തുടുത്ത ചുണ്ടുകൾ, ലിപ്സ്റ്റിക്കിന്റെ കാശ് ലാഭിക്കാം...താഴെത്തെച്ചുണ്ട് ഒരല്പം തടിച്ചു മലർന്നിട്ടുണ്ട്... കടിച്ചു പൊട്ടിക്കാൻ തോന്നിപ്പോയി കണ്ടപ്പോൾ...

കുഞ്ഞുങ്ങൾ ഉറങ്ങും പോലെ ശാന്തതയും നിഷ്കളങ്കതയുമുള്ള മുഖം...

"അയ്യടാ... ഈ മര മോന്ത കണ്ടാൽ ആരേലും പറയുമോ ചന്ത മേരിക്ക് ആഢ്തോമയിൽ ഉണ്ടായ ഐറ്റം ആണ് ഈ കിടക്കുന്നെ എന്ന്🙄... എന്തൊരു പാവം ഉറക്കത്തിൽ... ഒരു ചവിട്ട് വച്ച് കൊടുത്താലോ😁..."

തുടുത്ത കവിൾ കണ്ടപ്പോൾ ഒരൊറ്റ കീറ് കൊടുക്കാൻ തോന്നി... ഒപ്പം ഒരു ഉമ്മയും കൊടുക്കാൻ ഭയങ്കര മോഹം തോന്നി... അവൾ നല്ല ഉറക്കത്തിൽ ആണെന്ന് ഉറപ്പിച്ചു ഞാൻ ഒരു സഹസത്തിന് മുതിർന്നു...

"പയ്യെ മുഖം കുനിച്ചു... അവളുടെ കവിളിൽ എന്റെ ചുണ്ടുകൾ മെല്ലെ അമർത്തി..." നല്ല സോഫ്റ്റായിരുന്നു...

ഞാൻ മുഖം ഉയർത്തി വീണ്ടും നോക്കി... ഒന്നും അറിഞ്ഞിട്ടില്ല... നല്ല ഉറക്കം തന്നെ... ആദ്യത്തെ കിസ്സ് മനസ്സിൽ അല്പം കൂടി ധൈര്യം പകർന്നു തന്നിരുന്നു...

അപ്പോൾ കിട്ടിയ ധൈര്യത്തിൽ ഞാൻ മുട്ട് കുത്തി തറയിൽ ഇരുന്ന്, അവളുടെ മുഖത്തിന്റെ നേരെ എന്റെ മുഖം അല്പം ചരിച്ചു പിടിച്ചു കൊണ്ട്, ഒരു തവണ കൂടി ഞാൻ മുഖം അല്പം കുനിച്ചു പതിയെ എന്റെ ചുണ്ടുകൾ അവളുടെ ചുണ്ടിലേക്ക് അടുപ്പിച്ചു...

എന്റെ ഹൃദയം സൈലൻസർ ഇല്ലാത്ത ബുള്ളറ്റ് പോലെയായിരുന്നു മിടിക്കുന്നത്... അതെങ്ങാണം കേട്ട് ഈ പരട്ട  എണീറ്റാൽ ചമ്മി നാറും എന്നത് ആലോചിച്ചു വീണ്ടും എന്റെ ഹൃദയം ആക്സിലറേറ്റർ കൊടുത്തുകൊണ്ടിരുന്നു ...

(അല്ലേലും എന്റെ ശരീരവും മനസ്സിൽ ഇരിക്കുന്ന വായിനോക്കിയും എനിക്ക് ആവുന്ന തരത്തിൽ എല്ലാം പണി വാങ്ങിത്തരും...)

ചുണ്ടുകൾ പരസ്പരം കൂട്ടിമുട്ടി... അവളുടെ കീഴ്ചുണ്ട് ഞാൻ പതിയെ എന്റെ ചുണ്ടുകളുടെ ഇടയിലാക്കി ഒന്ന് നുണഞ്ഞു...

പെട്ടന്ന് അവൾ ഒന്ന് ഞരുങ്ങി... ഞാൻ ഒറ്റയടിക്ക് അവളുടെ ചുണ്ട് വിട്ട്, തറയിൽ വെട്ടിയിട്ട പോലെ ഒരു കിടപ്പും കിടന്നു, കൂർക്കം വലിയും തുടങ്ങി...

"വൗ വാട്ട് ആൻ ആക്ടിങ്... ഓസ്കാർ മൊമെന്റ്... "

ഞാൻ ആകെ വിറക്കാൻ തുടങ്ങിയിരുന്നു... പിടിക്കപ്പെട്ടോ എന്ന പേടിയും അവളിൽ നിന്ന് കിട്ടിയ ചൂടും എല്ലാം കാരണം ഹൃദയമാണേൽ എനിക്ക് ഇപ്പൊ പുറത്ത് പോണേ എന്ന പോലെ നിലവിളിയും...

"ഡാ നാശംപിടിച്ചവനെ നീ മര്യാദക്ക് അവിടെ കിടന്നില്ലേ നീയും ചാകും ഞാനും ചാകും... പറഞ്ഞേക്കാം... ബ്ലഡി ഫൂൾ..." അതും പറഞ്ഞു ഹൃദ്യത്തെ ഒന്ന് ആശ്വസിപ്പിച്ചു കൊണ്ട്, ഒരു കണ്ണ് അല്പം തുറന്ന് പതിയെ തല അല്പം പൊക്കി അവളെ നോക്കി...

"ഇല്ല അനക്കം ഒന്നുമില്ല... ഭാഗ്യം... അല്ലേ ഇപ്പോ നാറിപ്പണ്ടാരമടങ്ങിയേനെ..."

"അതിരിക്കട്ടെ... ഈ ചുണ്ടിനു തേനിന്റെ രുചിയ എന്ന് ഏത് മക്കുണൻ ആണ് പറഞ്ഞത്... ഇതിന് വലിയ രുചി ഒന്നുമില്ലല്ലോ... രാത്രി കഴിച്ച ചില്ലി ചിക്കന്റെ ഒരു ഫ്ലേവർ ഉണ്ട്... കഴിച്ചിട്ട് മര്യാദക്ക് വാ കഴുകി കാണില്ല ശവം😒..."

"അപ്പോൾ അത് തന്നെ സംഭവം... വല്ല മധുരപലഹാരം തിന്നു വന്ന പെണ്ണിനെ ആ പറഞ്ഞ മണ്ടൻ കയറി കിസ്സ് അടിച്ചു കാണും... അവൻ അപ്പോൾ വിചാരിച്ചു ഇതിന് ആ ടേസ്റ്റ് ആണെന്ന്... അത് പൊക്കി എടുത്ത് സകലമാന സാഹിത്യ കൊണാപ്പികളും അച്ചടിച്ചുവെച്ചങ്ങു കാച്ചാൻ തുടങ്ങി... അത് തന്നെ സംഭവം..."

"എന്തായാലും നല്ല സോഫ്റ്റ് ചുണ്ടുകളാണ് മറുതക്ക്... ഒരു സുഖമൊക്കെയുണ്ട് നുണയാൻ... "

അവൾ വീണ്ടും നല്ല ഉറക്കം ആണെന്ന് കണ്ട് ഞാൻ മെല്ലെ എണിറ്റു...

വീണ്ടും എന്റെ കണ്ണുകൾക്കൊണ്ടുള്ള ഉഴിച്ചിൽ തുടങ്ങി...

സ്ലീവ് ലെസ്സ് ഇട്ടിരുന്നത് കൊണ്ട് നഗ്നമായ അവളുടെ തോള് മുതൽ കൈ മുട്ട് വരെയുള്ള ഭാഗത്ത് എന്റെ പുറം കൈ കൊണ്ട് മെല്ലെ തഴുകി... നല്ല മിനുസമുണ്ട്... ഞാൻ പിന്നെയും താഴേക്കു നോക്കി...

ഒരു കുന്നിന്റെ താഴ്‌വാരം തുടങ്ങി മുകൾ ഭാഗത്തേക്ക് എന്ന പോലെയുള്ള വയറും അരക്കെട്ടും...

" അയ്യേ എനിച് നാണം വരണു 🙈... അതോണ്ട് ബാക്കി പറയുന്നില്ല 😁... "

ആകെ മൊത്തോം നല്ല അടിപൊളി ഫിഗർ തന്നെ ആണ് എന്റെ ഭാര്യ 😍...

"എന്നിട്ട് എന്താ കാര്യം മുഴുവൻ തേങ്ങ കിട്ടിയ നാ..."

"മതി നിർത്തിക്കെ... നിന്നോട് ചോദിച്ചോ...മൂഡ് കളയാൻ കൃത്യ സമയത്ത് എഴുന്നള്ളിക്കോളും നാറി...മനസ്സാക്ഷി ആണത്രെ മനസാക്ഷി 😏..."

എന്തായാലും ഞാൻ അവളുടെ കാലിലേക്ക് നോക്കി...

കൈ പോലെ തന്നെ മിനുസമാർന്ന കാൽ... ഒരു സ്വർണ്ണ പാദസ്വരം കിടപ്പുണ്ട്...അവൾക്കും നിലാ വെളിച്ചത്തിൽ സ്വർണം പോലെ നിറമുള്ളത് കൊണ്ട് നല്ല ഭംഗി ഉണ്ട് കാണാൻ...

നൈറ്റി മുട്ടിനു മുകളിലായി പൊങ്ങി കിടക്കുന്നു... തുടകളും അല്പം കാണാം...

"ബാക്കി ഉള്ളവന്റെ ഉള്ള കണ്ട്രോൾ കളയാൻ..."

അല്പം നേരം ഞാൻ ആ കാലിലേക്ക് തന്നെ നോക്കി നിന്നു...

ഫാനിന്റെ കാറ്റ് വർധിച്ചപ്പോൾ പെണ്ണിന് തണുക്കുന്നുണ്ട് എന്ന് തോന്നുന്നു... കാലിലെയും കൈയിലെയും രോമമൊക്കെ അല്പം എഴുന്നേറ്റിട്ടുണ്ട്...

"ആഹാ... കുറച്ച് നേരം തണുത്തു മരവിച്ചു കിടക്കട്ടെ... എനിക്കിട്ടു എട്ടിന്റെ പണി തന്നിട്ട് ഒന്നും അറിയാത്ത പോലെ കിടക്കുന്ന കണ്ടില്ലേ ജന്തു... തിരിച്ചു ഒരു പണി ഞാൻ തന്നാൽ പത്തു മാസത്തേക്ക് നീളുമത് ... കേട്ടോടി ശവമേ..."

ഓഹ്... രണ്ടു തെറി വിളിച്ചപ്പോൾ എന്തൊരു ആശ്വാസം...

"പാവത്തിന് നല്ല പോലെ തണുക്കുന്നുണ്ട് എന്ന് തോന്നുന്നു... "ലവൻ പിന്നേം തുടങ്ങി...

"അവൾ കുറച്ച് അനുഭവിക്കട്ടെടോ..."

"എങ്കി ഇങ്ങനെ നോക്കി വെള്ളം ഇറക്കാതെ പോയി കിടക്ക്, ഇങ്ങനെ അവളെ കണ്ടാൽ എനിക്ക് കഷ്ടം തോന്നും... ഒന്നുമില്ലേലും താലി കെട്ടി കൂടെ കൂട്ടിയ പെണ്ണല്ലേ..."

"ശ്ശെ... ഇവൻ വീണ്ടും സെഡ് ആക്കുവാണല്ലോ... ഓർക്കാൻ ഇഷ്ടപെടാത്തത് ഓർമിപ്പിക്കാതെ പൊന്നെ..."

എന്തായാലും ലവൻ പറഞ്ഞത് പോലെ താലി കെട്ടിയ പെണ്ണല്ലേ... ഒന്ന് പുതപ്പിച്ചേക്കാം...

പുതപ്പിക്കുന്നതിന് മുൻപായി അവളുടെ നൈറ്റി കൂടി ഒന്ന് നേരെ ഇടാം എന്ന് കരുതി അതിൽ പിടിച്ചു അല്പം പൊക്കി നേരെ ഇടാൻ തുടങ്ങിയതും...

"ഠപ്പേ..." ഒരു ശബ്ദം മാത്രം കേട്ടു... വെട്ടിയിട്ട പോലെ ഞാൻ താഴേക്കു ഒരു വീഴ്ചയും...( ഈ തവണ അഭിനയം അല്ല കേട്ടോ...)

"ങ്.........."

പിന്നീട് കാതിൽ എന്തോ മൂളുന്ന പോലെയല്ലാതെ വേറെ ഒന്നും കേൾക്കുന്നുമില്ല... അടി വയറിൽ ഭയങ്കര വേദനയും...

"എന്താ ഇവിടിപ്പോ സംഭവിച്ചത്... ഇന്ന് വിഷുവണോ...അല്ല പടക്കം പൊട്ടുന്നതൊക്കെ കേട്ടല്ലോ...🙄"... ലവൻ പിന്നേം വന്നു പറഞ്ഞു...

"നിനക്ക് ഒന്നും മനസ്സിലായില്ല അല്ലേടാ പന്നി... നിന്റെ വാക്കും കേട്ടു വേണ്ടാത്ത പണിക്ക് പോയ എന്നെ പറഞ്ഞാൽ മതിയല്ലോ..."

ഞാൻ മനസ്സിൽ ഒരു സ്ലോ മോഷൻ ഫ്ലാഷ് ബാക്ക് എടുത്ത് നോക്കി...

നൈറ്റി പിടിച്ചു അല്പം പൊക്കിയതും ലവൾ ഉണർന്നതും ഒന്നിച്ചു...

ആദ്യം തന്നെ കാലും കൊണ്ട് യോർക്കർ എറിഞ്ഞു എന്റെ മൂന്ന് കുറ്റിയും തെറിപ്പിച്ചു ക്ലീൻ ബോൾഡ് ആക്കി കളഞ്ഞു...

വിക്കറ്റും തപ്പിപ്പിടിച്ചു കുനിഞ്ഞപ്പോൾ ഹെൽമെറ്റ് വെക്കാത്ത എന്റെ മോന്തക്ക് തന്നെ അവളുടെ കൈ കൊണ്ടുള്ള ബൗൺസ്ർ പതിഞ്ഞു ഞാൻ താഴേക്ക് വീണു...എല്ലാം ഞൊടിയിടയിൽ തന്നെ സംഭവിച്ചു...

സൈഡ് വിക്കറ്റിനു നന്നായി കീറ് കിട്ടിയത് കൊണ്ട് അടിവയറ്റിൽ ഭയങ്കര വേദന... ഞാൻ അമർത്തിപ്പിടിച്ചു തല ഉയർത്തി നോക്കി...

അവൾ എഴുന്നേറ്റിരുന്നു മുടി പിന്നിൽ വട്ടം കെട്ടി വച്ച് കൊണ്ട് എന്നെ തെറി വിളിക്കുന്നുണ്ട് -

"ആഭാസൻ... വൃത്തികെട്ട ജന്തു... ഡയലോഗ് അടിച്ചു പോയിട്ട് ഉറങ്ങി കിടക്കുമ്പോൾ ഉടുപ്പ് പൊക്കി നോക്കുന്നു... ചെറ്റ..."

"താലി കെട്ടിയ പെണ്ണിന് തണുക്കാതെ ഇരിക്കാൻ പുതപ്പിക്കാൻ പോയ നെന്മ മരം ഞാൻ 😥..."

(ബെസ്റ്റ് ആക്ടർ മൂവി സെന്റി ബിജിഎം ബാക്ക്ഗ്രൗണ്ടിൽ -

"അ ആ അ ആാ ആാ അ...")

"അപ്പോൾ കുറച്ച് മുൻപ് കിസ്സ് അടിച്ചതോ..."

"നീ പിന്നേം വന്നോ മരഭൂതമേ... അതിന്റെ കാര്യം ഇപ്പോൾ എന്തിനാ പറയുന്നേ... സെഡ് മൂഡ് പോയി..."

"അപ്പോൾ ആണ് പൊക്കിയിരുന്നത് എങ്കിലോ..."

"കിസ്സ് അടിച്ചു പോകുന്നതിലും ***തീവ്രത*** ഉടപ്പ് പോകുന്നതിൽ ആണെന്നാണ് ***തീവ്രത അളക്കുന്ന കമ്മിഷൻ*** പറഞ്ഞേക്കുന്നത്..."

അപ്പോളേക്കും അവളുടെ അലർച്ച കേട്ടു...

"ഡാ നാറി... നീ എന്താ സ്വപ്നം കാണുന്നോ..." എന്നും പറഞ്ഞു അവൾ മുന്നോട്ടു ആഞ്ഞു എന്റെ ഷർട്ടിന്റെ കോളറിൽ പിടുത്തമിട്ടു...

നിലത്ത് ഇരിക്കുന്നത് കൊണ്ട് അവൾ അല്പം കുനിഞ്ഞപ്പോൾ കൃത്യം അവളുടെ നെഞ്ച് എന്റെ മുഖത്തിനു നേരെ ആയി...

കണ്ണുകൾ ഓട്ടോമാറ്റിക് ആയി നോട്ടം പോകേണ്ട ഇടത്തേക്ക് തന്നെ കൊണ്ട് പോയി...

"എന്റെ ദൈവമെ... ഈ ശരീരത്തിൽ എന്നോട് കൂറുള്ള എന്തേലും നീ ഫിറ്റ് ചെയ്തിട്ടുണ്ടോ... 😭"

അത് കൊണ്ട് എന്തായാലും ഒരു ഗുണം ഉണ്ടായി... റിട്ടയേർഡ് ഹർട്ട് ആയി ഇനി ഒരു ഇന്നിങ്സിനു ബാല്യം ഉണ്ടാകുമോ എന്ന് ഭയന്നിരുന്നയാൾ അടുത്ത ഇന്നിങ്ങ്സിന് തയ്യാർ എടുത്ത് തുടങ്ങി...

"ഭാഗ്യം 😇..."

അവളുടെ ഒച്ച കേട്ടു ഞാൻ മുഖത്തേക്ക് നോക്കി...

"ഇനി ഇതുപോലെ ഞാൻ ഉറങ്ങുമ്പോൾ വല്ലോം കലാപരിപാടി ആയി വന്നാൽ നേരത്തെ കിട്ടിയതിന്റെ ത്രീപിൾ സ്ട്രോങ്ങ് ആയി താഴെ ഞാൻ ഒരെണ്ണം തരും... അതോടെ നിന്റെ സൂക്കേട് എന്നന്നേക്കുമായി അങ്ങ് നിക്കും..."

അവളുടെ ഡയലോഗ് കേട്ടു കൈ ഓട്ടോമാറ്റിക് താഴേക്ക് പോയി തപ്പിപ്പിടിച്ചു...

എന്നെ പിടിച്ചൊരു തള്ളും തന്നു എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അവൾ കയറി കിടന്നു...

പിന്നാലെ ഞാനും...

അസ്ഥാനത്ത് ചവിട്ട് കിട്ടിയത് കൊണ്ട് ഇനിയും പേടിക്കേണ്ട ആവിശ്യം ഇല്ല എന്ന് മറ്റോ തോന്നിയിട്ടാണോ ആവോ... നിദ്രാ ദേവി വേഗം തിരികെ വന്നു... ഈ പൂതനെയെ എങ്ങനെ മെരുക്കും എന്ന ചിന്തയുമായി ഞാൻ ഉറങ്ങിപ്പോയി...

***********

പിറ്റേന്ന് രാവിലേ ബാത്റൂമിൽ വെള്ളം വീഴുന്ന ശബ്ദം കേട്ടാണ് ഞാൻ എഴുന്നേറ്റത്...

സമയം നോക്കിയപ്പോൾ 7 മണി ആകുന്നതേ ഉള്ളു... ഞാൻ പുതച്ച് കൊണ്ട് പിന്നെയും കിടന്നു... പക്ഷെ ഉറക്കം വന്നില്ല... അതെ സമയം എഴുന്നേൽക്കാനും തോന്നുന്നില്ല...

"രാവിലേ തന്നെ വയ്യാവേലി എഴുന്നേറ്റ് കുളിയൊക്കെയാണല്ലോ... എന്താകും കാര്യം..." ഞാൻ ആലോചിച്ചു കൊണ്ട് കിടന്നു...

"ഓഹ്... **'"നല്ലവളായ മരുമോൾ"'** അല്ലേ... അത് കാണിക്കാനാകും..."

പെട്ടന്നാണ് ബാത്‌റൂമിന്റെ ഡോർ തുറക്കുന്ന ശബ്ദം കേട്ടത്...

ഞാൻ ഉറക്കം നടിച്ചു കിടന്ന് ഒരു കണ്ണ് അല്പം തുറന്ന് അങ്ങോട്ട് നോക്കി...

ആമ തല പുറത്തിടുന്ന പോലെ ഒരു തല പുറത്തേക്ക് വന്നു എന്നെ ഒന്ന് നോക്കി... ഞാൻ ഉറക്കം ആണെന്ന് കണ്ടിട്ടോ മറ്റോ പതിയെ പുറത്തിറങ്ങി ഡോർ അടച്ചു...

രാവിലെ തന്നെ കോരിത്തരിപ്പിക്കുന്ന കാഴ്ച...

ഒരു ബ്ലൗസും പാവാടയുമാണ് അവളുടെ വേഷം... ചുവന്ന ബ്ലൗസ്സിൽ എന്തൊക്കെയോ ഡിസൈൻസ് ഒക്കെയുണ്ട്... പാവാടയും റെഡ് കളർ തന്നെ... അവൾക് നല്ല മാച്ചിങ് ആയിരുന്നു...

ഞാൻ അങ്ങനെ തന്നെ കിടന്ന് അവളെ ശ്രദ്ധിക്കാൻ തുടങ്ങി...

എന്റെ നേരെ തിരിഞ്ഞു നിന്ന് കൊണ്ട് അവൾ, മുടി മുന്നിലേക്കിട്ട് തല തുവർത്താൻ തുടങ്ങി...

മുടി മറച്ചപ്പോൾ എന്റെ നോട്ടം നെഞ്ചിൽ നിന്നും താഴേക്ക് മാറി...

തഴച്ചു മുടി ഉണ്ടായിരുന്നത് കൊണ്ട് അതിനിടയിലൂടെ അവളുടെ പൊക്കിൾ ചുഴിയും അതിന് താഴെയായി നിര പോലെ പോകുന്ന ചെമ്പൻ രോമരാജിയും ചെറുതായി കാണാം... വയറിൽ ഒരു കിണർ പോലെയുണ്ട് അവളുടെ പൊക്കിൾ ചുഴി...

ഞാൻ നന്നായി കാണാൻ അബദ്ധത്തിൽ രണ്ട് കണ്ണ് തുറന്നതും അവൾ മുണ്ടി എടുത്ത് പിന്നിലേക്കിട്ടതും ഒന്നിച്ചു... മുടിയിൽ നിന്നും വീണ വെള്ളത്തുള്ളികൾ എന്റെ മുഖത്ത് വീണു...

സിനിമയിലൊക്കെ കാണുന്ന പോലെ സൂപ്പർ കാഴ്ച ആണെങ്കിലും മുടി പിന്നിലായപ്പോൾ കാണുന്നത് എന്നേം നോക്കി ഉണ്ടകണ്ണുരിട്ടി നിൽക്കുന്ന പൂതനെയാണ്...

"എന്റെ ദൈവമേ... വീണ്ടും പെട്ട്..."

പൂതനയുടെ നോട്ടം കണ്ട് പേടിച്ചു ഓട്ടോമാറ്റിക് കൈ താഴേക്ക് പോയി ഒരു കവചം സൃഷ്ടിച്ചു...

പിന്നെ ഒന്നും നോക്കിയില്ല ചവിട്ട് കിട്ടുന്നതിന് മുൻപ് ഓടി ബാത്റൂമിൽ കയറി കതകടച്ചു...

"ഗതികേട് 😭..."

"ഇതെന്താ അവൾക്കിട്ടു രണ്ട് ചവിട്ട് തിരിച്ചു കൊടുക്കണം എന്ന് ആഗ്രഹം ഉണ്ടായിട്ടും എന്നെ കൊണ്ട് പറ്റാത്തത് 🤔..."

എന്തൊക്കെ സ്വപ്നങ്ങളാ ഞാൻ കാണാറുള്ളത്... അനീതിയും അക്രമവും കാണിക്കുന്ന ഗുണ്ടകളെ ഇടിച്ചു വീഴ്ത്തുന്നു... പാവങ്ങളെ രക്ഷിക്കുന്നു... പോലീസുകാരെ ഇടിക്കുന്നു... ടെററിസ്റ്റ് അറ്റാക്ക് ഒറ്റക്ക് നേരിടുന്നു...

ആ ഞാൻ... ആ ഞാൻ ഇന്നൊരു പെണ്ണിന്റെ... അതും താലി കെട്ടിയ പെണ്ണിന്റെ അടികൊണ്ടു തിരിച്ചു ഒരു വാക്ക് പോലും മിണ്ടാൻ ആകാതെ പേടിച്ചു ഓടിയിരിക്കുന്നു😭...

"ലജ്ജാവഹം 😑..."

ഞാൻ കണ്ണാടിയിൽ മുഖം നോക്കി... ഇന്നലെ കിട്ടിയ അടിയുടെ വേദന മാറിയിട്ടില്ല... കവിളിൽ ചെറിയ നീരുണ്ട്...

താടിയുള്ളത് കൊണ്ട് ഭാഗ്യത്തിന് പാട് ആരും കാണില്ല എന്നതാണ് ഏക ആശ്വാസം...

വായിൽ അല്പം വെള്ളമെടുത്തു കുലുക്കുഴിഞ്ഞു...

നല്ല നീറ്റൽ... വായിക്കുള്ളിൽ പൊട്ടിയിട്ടുണ്ട്...

"ഫസ്റ്റ് നൈറ്റിൽ തന്നെ സ്വന്തം പെണ്ണുമ്പിള്ളയുടെ കയ്യിൽ നിന്നും കീറ് വാങ്ങി ബാത്രൂമിൽ ഇരുന്ന് മോങ്ങേണ്ട വന്ന എന്നെക്കാളും ഗതി കെട്ടവൻ ആരുണ്ട് കർത്താവെ..."😭😭😭

ഞാൻ പല്ല് തേച്ച് കുളിക്കാൻ ചെന്നപ്പോൾ ബാത്റൂം നിറയെ പരിചിതം അല്ലാത്ത കുറെ സാധനങ്ങൾ. ഞാൻ ഒന്ന് എടുത്ത് നോക്കി -

ജോൺസൺ ആൻഡ് ജോൺസൺ ബേബി ലോഷൻ, ബേബി ഷാംപൂ, ബേബി സോപ്പ്, ബേബി ഓയിൽ അങ്ങനെ കുറെ ബേബി സാധനങ്ങൾ...

"ഇവളിതെന്തോന്ന് കെട്ടുന്ന മുന്നേ കുഞ്ഞുങ്ങളുടെ സാധനം കൊണ്ട് നടക്കുന്നത് 🙄..."

കുറെ നാളായി ഷാംപൂ ഇട്ട് കുളിച്ചിട്ട്... ഇത് വച്ച് ട്രൈ ചെയ്യാം... ഞാൻ ആ ബേബി ഷാംപൂ എടുത്ത് നോക്കി...

"NO MORE TEARS..."

ആഹാ അങ്ങനെ ആണേൽ ഒന്ന് ട്രൈ ചെയ്യണമല്ലോ...

ഞാൻ എടുത്ത് തലയിൽ തേച്ച് പിടിപ്പിച്ചു കണ്ണ് തുറന്ന് സോപ്പ് പത കഴുകി... അത് കണ്ണിൽ വീണതും എരിച്ചിലോ എരിച്ചിൽ...

"ഏത് നാറിയാണാവോ ഇത് കണ്ട് പിടിച്ചത്... മനുഷ്യനെ പറ്റിക്കാൻ..."

അര മണിക്കൂർ ഷവറിന്റെ ചോട്ടിൽ നിന്നിട്ടാണ് നീറ്റൽ അല്പം കുറഞ്ഞത്...

നേരെ ടവൽ റോടിൽ കിടന്ന തോർത്ത് എടുത്ത് തല തുവർത്തി...

അപ്പോളാണ് അതിൽ തന്നെ കിടന്ന അവളുടെ ഡ്രെസ്സ് ശ്രദ്ധിച്ചത്... തലേ ദിവസം ഇട്ടിരുന്ന നൈറ്റിയും അടി വസ്ത്രങ്ങളും...

അത് കണ്ടപ്പോൾ ഒരു കൗതുകം തോന്നി ഞാൻ എടുത്തു നോക്കി...

ബ്രായിൽ "34D" എന്ന് എഴുതിട്ടുണ്ട് മറ്റേത് 95ഉം... ആഹാ കൊള്ളാലോ...

ഈ ബ്രാ ഒന്ന് ഇട്ടു ട്രൈ ചെയ്യണം എന്ന എന്റെ ഏറെ നാളത്തെ ആഗ്രഹം ആയിരുന്നു...

പിന്നെ ഒന്നും നോക്കിയില്ല... എടുത്തു പിടിച്ചു കയറ്റി...

ഹൂക്ക് ഇടാൻ എത്ര നോക്കിട്ടും നടന്നില്ല... നല്ല ടൈറ്റ് ആയിരുന്നു...ലാസ്റ്റിൽ എങ്ങനെയൊക്കെയോ വലിച്ചു കയറ്റി ഇട്ട് കണ്ണാടിയിൽ നോക്കി...

"അയ്യേ വൃത്തി കേട്..."

ഇതും ഇട്ടു ഈ പെണ്ണുങ്ങൾ എങ്ങനെ നടക്കുന്നോ എന്തോ... എന്തൊരു ടൈറ്റ് ആണ് ദൈവമേ... നെഞ്ച് എല്ലാം കൂടെ കെട്ടി വരിഞ്ഞു ശ്വാസം എടുക്കാൻ വരെ ബുദ്ധിമുട്ട്... ഹൃദയം അമർത്തി വച്ച ഫീലിംഗ്...

പെട്ടന്ന് ഫീലിംഗ് എല്ലാം നിന്നു... ഹൂക്ക് പൊട്ടിപ്പോയി 😭...

അവളെങ്ങാണം പൊക്കിയാൽ അതിനും കിട്ടും...

ഞാൻ അത് ഊരി നൈസ് ആയി തിരികെ ഇട്ടു നൈറ്റി എടുത്ത് അതിന്റെ മുകളിലും ഇട്ട് മറച്ചു വച്ച് ഒന്നും അറിയാത്ത പോലെ തോർത്തും ഉടുത്തു ബാത്‌റൂമിൽ നിന്നും ഇറങ്ങി...

പുറത്ത് ഇറങ്ങിയപ്പോൾ അവൾ അവിടെ ഇല്ല... ഞാൻ പോയി കതക് അടച്ചു ഒരു ജീൻസും റെഡ് ഷർട്ടുമിട്ട് പുറത്തേക്ക് ഇറങ്ങി...

അടുക്കളയോട് ചേർന്നുള്ള ഡൈനിങ് ടേബിളിൽ പ്രാതൽ എടുത്തു വച്ച് കൊണ്ട് നിപ്പുണ്ട് എന്റെ ഭാര്യ എന്ന് പറയുന്ന സാധനം...

"ഇതാര് കാവിൽ നിന്ന് ഇറങ്ങി വന്ന ദേവിയൊ 🙏..."

ചുവപ്പ് പട്ട് സാരീയാണ് വേഷം... അതിന്റെ കരയുടെ ഭാഗത്ത് സ്വർണ്ണ നിറവും... ചുവന്ന ചെറിയ പൊട്ടും അതിന് മുകളിൽ നേർത്തയൊരു ചന്ദനക്കുറിയും... വിടർന്ന ഉണ്ടക്കണ്ണുകൾ വാലിട്ടെഴുത്തിയിട്ടുണ്ട്... കഥകളിൽ മറ്റും കേട്ട ദേവി രൂപം പോലെ, സ്വഭാവം കള്ളിയങ്കാട്ട് നീലി പോലെയും...

ഇതിനെ തളക്കാൻ ഇനി

"മന്ത്രികൻ മഹാ മന്ത്രികൻ പാട്ടും പാടിവരുന്ന കടമറ്റത്തു കത്തനാർ ആകാൻ എന്താണാവോ ഞാൻ ചെയ്യേണ്ടത് 🙄😪..."

എത്ര നോക്കണ്ട, മൈൻഡ് ചെയ്യണ്ട എന്ന് വിചാരിച്ചാലും കണ്ണ് ഈ യക്ഷിയുടെ പുറത്ത് തന്നെ വന്ന് പതിയും...😑

ഞാൻ നോക്കുന്നത് അവൾ ശ്രദ്ധിച്ചിട്ടോ മറ്റോ അവൾ മുഖം ഉയർത്തി എന്റെ മുഖത്തേക്ക് ഒന്ന് നോക്കി...

"വീണ്ടും പെട്ട്😑..." ഞാൻ മനസ്സിൽ ചിന്തിച്ചു... ഇനി ചമ്മി നാറാൻ ബാക്കി ഒന്നുമില്ലാത്തോണ്ട് ഞാൻ അങ്ങനെ തന്നെയങ്ങ് നിന്നു...

അവളുടെ നോട്ടം കണ്ട് പേടിച്ചു നിന്ന എന്റെ മുഖത്ത് നോക്കി ഒരു കുഞ്ഞു പുഞ്ചിരി നൽകി അവൾ മധുരമായ ശബ്ദത്തിൽ ചോദിച്ചു -

"വരുൺ... ബ്രേക്ഫാസ്റ്റ് എടുത്ത് വെക്കട്ടെ..."

ഞെട്ടി പണ്ടാരമടങ്ങിപ്പോയി ഞാൻ...

" ദൈവമെ... കുറച്ച് മുൻപ് റൂമിൽ കണ്ട സാധനം തന്നെ അല്ലേ ഇത്... 🙄"

"എന്താടാ നോക്കി നിക്കുന്നത്... എടുത്ത് കഴിക്കെടാ... കഴിച്ചിട്ട് രാഹുകാലത്തിനു മുൻപ് മോളുടെ വീട്ടിലേക്ക് ഇറങ്ങാനുള്ളതാ..." മാതാ ശ്രീ ചായ ടേബിളിൽ വച്ച് കൊണ്ട് പറഞ്ഞു...

ഞാൻ പൊട്ടൻ ആട്ടം കാണുന്ന പോലെ തലേം കുലിക്കി ടേബിളിൽ ചെന്നിരുന്നു...

എന്റെ പ്ലേറ്റിൽ അവൾ തന്നെ വിളമ്പി തന്നു... ഞാൻ പതിയെ മുഖത്തേക്ക് നോക്കിയതും വീണ്ടുമൊരു ചിരി...

ഞാൻ പ്ലേറ്റിലേക്ക് നോക്കി... പ്ലേറ്റിൽ വിളമ്പിയ ആവി പറക്കുന്ന പൂട്ടിന്റേം കടലക്കറിയുടെയും മണം മൂക്കിലേക്ക് അടിച്ചപ്പോൾ തന്നെ വായിൽ വെള്ളം വന്നു...

അവൾ അവിടെ ഉണ്ടെന്നുള്ള കാര്യം ഞാൻ ഓൺ ദി സ്പോട് മറന്ന് (അല്ലേലും ഭക്ഷണം കണ്ടാൽ എനിക്ക് പ്രാന്തിളകും... ) ഞാൻ വലിച്ചു വാരി തിന്നാൻ തുടങ്ങി...

അതും കണ്ടോണ്ടു രാവിലെ പത്രത്തിലെ ചരമകോളത്തിന്റെ അങ്ങാടി നിലവാരവും നോക്കി വന്ന പിതാശ്രീയുടെ വായിൽ ഇരിക്കുന്നത് കേട്ടു...

"ആക്രാന്തം എടുക്കാതെ പതിയെ വിഴുങ്ങടാ... മനുഷ്യനെ നാണം കെടുത്താതെ... മോള് വേണം ഇനി ഇവനെ നേരെയാക്കി എടുക്കാൻ..."

"അതിനെന്താ അച്ഛാ... വരുണിനെ ഞാൻ നേരെ ആക്കിയെടുത്തോളം..." അവൾ അച്ഛനെ നോക്കി ചിരിച്ചു കൊണ്ട് പറഞ്ഞു...

"ഞാൻ കുറെ നോക്കിയതാ... മണ്ടയില്ലാത്ത തെങ്ങിന് വളമിടുന്നത് പോലെയായി എന്ന് മാത്രം... ഇനി മോള് വേണം ഈ മണ്ടയില്ലാത്തവന്റെ മണ്ടയിൽ വല്ലതും കയറ്റാൻ...ഹ... ഹാ... ഹാാ..."

ജന്മനാ മുഷഠനായ എന്റെ തന്തപ്പടി സ്വയം ചളിയടിച്ചു ചിരിക്കുന്നു... "വാട്ട് എ മിറക്കിൾ 🙄..."

ഇനി ഇങ്ങേരു "എന്റെ ജന്മനാ..." ഇങ്ങനെ ആയതാണോ... അതിനാണ് സാധ്യത 😥...

അതും കേട്ട് അവളും ഭയങ്കര ചിരി...

"എന്റെ അച്ഛനെ വരെ ഇവൾ കയ്യിൽ എടുത്തിരുക്കുന്നു എന്ന സത്യം ഞാൻ വേദനയോടെ മനസ്സിലാക്കി..."

വിശപ്പിന്റെ അസുഖം ഉള്ളത് കൊണ്ട് മാത്രം അതെല്ലാം സഹിച്ചും ഞാൻ അവിടെ ഇരുന്ന് വെട്ടി വിഴുങ്ങി...

ഭക്ഷണ ശേഷം റൂമിലെത്തി ഞാൻ ബാഗ് പാക്ക് ചെയ്തു...

അല്പം കഴിഞ്ഞ് അവളും റൂമിലെത്തി പറഞ്ഞു...

"വേഗം പാക്ക് ചെയ്യണം...10 മണിക്ക് മുൻപ് ഇറങ്ങാനുള്ളതാ... മണി ഒമ്പതെ മുക്കാൽ ആകുന്നു..."

"മ്മ്മ്..." ഞാനൊന്ന് മൂളി...

സ്വന്തം വീട്ടിൽ പോകുന്നത് കൊണ്ട് മറ്റോ ആള് അല്പം ഉത്സാഹത്തിലാണ്...

"അനു പാക്ക് ചെയ്യുന്നില്ലേ..."

ചോദ്യം കേട്ട് അവൾ എന്നെ ഒന്ന് നോക്കി...

"ഇല്ല... ഞാൻ കുറച്ച് സാധങ്ങളെ ഇങ്ങോട്ട് എടുത്തിട്ടുള്ളു ... അവിടയുണ്ട് എന്റെ ഡ്രെസ്സൊക്കെ..."

ഭാഗ്യം രാവിലെ മാന്യമായ മറുപടി കിട്ടി...

10 മിനിറ്റ് കഴിഞ്ഞ് ഞങ്ങൾ അവളുടെ വീട്ടിലേക്ക് അച്ഛനോടും അമ്മയോടും യാത്ര ചോദിച്ച് ഇറങ്ങി...

ആകെ രണ്ട് മൂന്ന് ദിവസത്തേക്ക് വേണ്ടിയുള്ള പോക്കാണ്... അമ്മ ആണേൽ അവൾ അമേരിക്കയിൽ പോകുന്ന പോലെയുള്ള എക്സ്പ്രഷൻ ആണ് ഇടുന്നത്...

അവളും മോശമല്ല... നല്ല പ്രോഹത്സാഹനം കൊടുക്കുന്നുണ്ട്... അച്ഛൻ മുഖത്ത് ഒരു എക്സ്പ്രഷനും ഇട്ടട്ടില്ല...കയ്യും കെട്ടി നില്പുണ്ട്...

"എന്ത് പ്രഹസനമാണോ എന്തോ🙄..."

ഇതിന്റെയൊക്കെ ഇടക്ക് ഒരു പട്ടി പോലും... അല്ല വെയിറ്റ്...

എന്നെ തിരക്കി ആള് എത്തി...

"എന്റെ ക്ലിയോ... ❤️"

അപ്പോൾ പറഞ്ഞു വന്നത് ഇതിന്റെ ഇടക്ക് എന്റെ ക്ലിയോ മാത്രം ഓടി വന്നു വാലുമാട്ടി എന്റെ ദേഹത്ത് ചാടിക്കയറി...

ഞാൻ അവളുടെ ദേഹത്ത് ഒന്ന് തലോടി, അവളോട് യാത്ര ചോദിച്ച് കാറിൽ കയറി... പട്ടിയെ കണ്ട് മറ്റോ പൂതന ആദ്യമേ കാറിൽ കയറി ഇരുന്നിരുന്നു...

"പട്ടിയെ എങ്കിലും പേടിയുണ്ട് അപ്പോ... ഭാഗ്യം..."

ഞങ്ങൾ അവിടെ നിന്നും യാത്ര തിരിച്ചു...ഞാൻ ആയിരുന്നു വണ്ടി ഓടിച്ചത്... പോകുന്ന വഴി ബാങ്ക് ലോക്കറിൽ അവളുടെ കുറെ ആഭരണങ്ങളും വച്ചു...

ഏകദേശം 11.30 ആയപ്പോളേക്കും അവളുടെ വീട്ടിൽ എത്തി...

ചെന്ന് കയറിയപ്പോൾ തന്നെ നല്ല സ്മെൽ വരുന്നുണ്ട്...

"ബീഫും ചിക്കനും എന്തായാലുമുണ്ട്... 🤤"

ഗേറ്റ് കടന്നു ഉള്ളിൽ ചെന്ന് വണ്ടി നിർത്തിയപ്പോൾ തന്നെ കണ്ടു ഒരു പട തന്നെ ഉമ്മറത്തു ഞങ്ങളെ ഉള്ളിലേക്ക് ആനയിക്കാൻ നില്പുണ്ട്...

രണ്ട് നിലയുള്ള വലിയ വീടാണ്... പുറത്ത് നിന്ന് കണ്ടാൽ തന്നെ അറിയാം ഒരുപാട് സൗകര്യമുണ്ടെന്ന്...കല്യാണം പ്രമാണിച്ചാകും നന്നായി അലങ്കരിച്ചിട്ടുണ്ട്...

ഞങ്ങൾ വണ്ടിയിൽ നിന്നുമിറങ്ങി ബാഗും എടുത്ത് അവരുടെ അടുത്തേക്ക് നടന്നു...

അനുവിന്റെ അച്ഛനും അമ്മയും പിന്നെ കുറെ പരിചയമില്ലാത്ത ആളുകളും പിള്ളേർ സെറ്റ് ഒക്കെ ആയി പത്തു പതിനഞ്ച് പേരെങ്കിലുമുണ്ടാകും...

പൂമുഖത്ത് എത്തിയപ്പോൾ ഞാൻ ഒന്ന് നിന്നു... അവൾ ചിരിച്ചു കൊണ്ട് അവിടെയുള്ള കുറെ പെൺപിള്ളേരുടെ അടുത്തേക്ക് പോയി...

"എന്താ മോനെ അവിടെ തന്നെ നിന്ന് കളഞ്ഞത്... അകത്തേക്ക് വാ... ഇനി മുതൽ നിന്റെ കൂടെ വീടല്ലേ..."

ഞാൻ ഒന്ന് ചിരിച്ചു കൊണ്ട് അകത്തേക്ക് കയറി...

"മോനെ... ഇനി നിങ്ങളെ കുറച്ച് ദിവസം കഴിഞ്ഞേ ഇവിടുന്ന് വിടുള്ളു... ഒന്ന് രണ്ട് ദിവസം കൊണ്ട് കുറച്ച് ബന്ധു വീടുകളിൽ മറ്റും വിരുന്നിന് പോകാനുണ്ട്..."

"ശരി അങ്കിൾ... അങ്ങനെ ആയിക്കോട്ടെ..."

"ഇനി മോൻ അങ്കിൾ എന്ന് വിളിക്കരുത്... നീ ഞങ്ങൾക്ക് സ്വന്തം മകൻ തന്നെയാ... അച്ഛാ എന്ന് വേണം വിളിക്കാൻ..."

"അങ്ങനെ ആകട്ടെ അങ്കിൾ... സോറി അച്ഛാ...😁"

നിങ്ങൾ റൂമിൽ പോയി ബാഗ് വച്ച് വാ ചായ എടുക്കാം...

അവൾ എന്നെയും കൊണ്ട് മുകളിലുള്ള അവളുടെ റൂമിൽ കൊണ്ട് ചെന്നു...

നല്ല വിശാലമായ കിടിലൻ റൂം... വൃത്തി ആയി ഇട്ടിട്ടുണ്ട്... എസിയും ഉണ്ട്... ബെഡും ഒരു സ്റ്റഡി ടേബിൾ രണ്ട് കപ്പ്ബോർഡ് ഇത്രയും ഫർണിച്ചർ... ഒരു ഗ്ലാസ് ബൗളിൽ മീൻ ഇട്ട് വച്ചിട്ടുണ്ട്...

ചുമരിൽ മോഡേൺ ആർട്ട് പോലെ മനുഷ്യന് മനസ്സിൽകാത്ത എന്തോ ഒന്ന് തൂക്കി ഇട്ടേക്കുന്നത് ഒഴിച്ചാൽ മൊത്തത്തിൽ നല്ല ഭംഗിയുണ്ട്...

എന്റെ ബാഗ് വാങ്ങി ഒരു മൂലയിൽ വച്ച് അവൾ എന്നെയും കൊണ്ട് താഴേക്ക് പോയി...

താഴെ എത്തിയപ്പോൾ അവൾ വീണ്ടും ബാക്കി പെൺപിള്ളേരുടെ ഒപ്പം പോയി...

സ്വീകരണ മുറിയിലെ സോഫയിൽ അവളുടെ അച്ഛൻ എന്നെ പിടിച്ചിരുത്തി...

ഉടനെ തന്നെ ഒരു ട്രേയിൽ ചായയുമായി അവളും വേറെ കുറെ പ്ലേറ്റിൽ പലഹാരങ്ങളുമായി കുറച്ച് മുതിർന്ന സ്ത്രീകൾ പിന്നാലെയും...

"കല്യാണം കഴിഞ്ഞ് ഒരു മിനി പെണ്ണുകാണൽ... അല്ലേ മോനെ... ഹഹാ..." അവളുടെ അച്ഛൻ പറഞ്ഞു കൊണ്ട് ചിരിച്ചു...

എന്റെ മനസ്സിലും അത് തന്നെയാണ് വന്നത്...

അവളും ഞങ്ങളെ നോക്കി ചിരിച്ചു കൊണ്ട് മാറി നിന്നു...

എന്റെ ശ്രദ്ധ മേശമേലുള്ള പലഹാരത്തിലേക്ക് തിരിഞ്ഞു... ഒരു ബേക്കറി ഫുൾ വാങ്ങിട്ടുണ്ട്...

അച്ചപ്പം, കുഴലപ്പം, ലഡ്ഡു, ജിലേബി, ഹൽവ, തുടങ്ങി സകലമാന സാധനവും നിരത്തി വച്ചിട്ടുണ്ട്...

അത്രേയും പലഹാരം ഞാൻ ആദ്യമായി ആണ് ഒന്നിച്ചു കാണുന്നത് പോലും...

എല്ലാം കൂടെ കണ്ടപ്പോൾ വായിലാണെൽ വെള്ളം വരാനും തുടങ്ങി, എങ്കിലും കടിച്ചു പിടിച്ച് വെയിറ്റ് ഇട്ടിരുന്നു ...

"നമ്മുടെ വിലകളയാൻ പാടില്ലല്ലോ... ഏത്..."

എന്താ മോനെ കഴിക്കാത്തത്... എടുത്ത് കഴിച്ചേ... അവളുടെ അമ്മ പറഞ്ഞു...

ഞാൻ ഒന്ന് ചിരിച്ചു... എന്നിട്ട് അവളുടെ മുഖത്തേക്ക് നോക്കി... അവൾ കണ്ണുരുട്ടി കണ്ണ് ചെറുതാക്കിയും വലുതാക്കിയും എന്തൊക്കയോ കോപ്രായം കാണിക്കുന്നണ്ട്...

ഞാൻ എന്തായാലും ഒരു ലഡ്ഡു എടുത്ത് പതിയെ കഴിച്ചു തുടങ്ങി...

അപ്പോളേക്കും അവിടെ ഉണ്ടായിരുന്ന സകലരെയും എനിക്ക് പരിചയപ്പെടുത്തി തന്നെങ്കിലും ഒന്നോ രണ്ടോ പേരെ ഒഴിച്ച് ബാക്കി ആരാണെന്ന് അപ്പോൾ തന്നെ ഞാൻ മറന്നു 😇...

പരിചയപ്പെടുത്തൽ കഴിഞ്ഞാണ് അവളുടെ അച്ഛൻ പറഞ്ഞത്-

"വിവാഹത്തിന് മുൻപ് ജ്യോത്സനെ വിളിച്ചു പൊരുത്തം നോക്കാൻ ആയില്ലല്ലോ... അത് കൊണ്ട് എന്തെങ്കിലും ദോഷം മറ്റോ ഉണ്ടേൽ പരിഹാരം നോക്കാൻ ഇന്ന് ഒരാളെ വിളിച്ചിട്ടുണ്ട്... അദ്ദേഹം ഇപ്പോൾ വരും... മോന് എതിർപ്പൊന്നുമില്ലല്ലോ... അല്ലേ..."

ഞാൻ ഇല്ല എന്നും പറഞ്ഞു...

കുറച്ച് കഴിഞ്ഞ് അച്ഛൻ പറഞ്ഞത് പോലെ ജ്യോത്സൻ വന്നു...

അങ്ങേര് സ്വീകരണ മുറിയിലെ ടേബിളിൽ "കു ക മ " എഴുതിയ പലകയും വച്ചു കവടി നിരത്തുന്ന ശംഖു കിഴി തുറന്ന് എടുത്ത് പലകയുടെ പുറത്ത് വച്ചു...

എന്നിട്ട് ബാഗിൽ നിന്നും പഞ്ചാങ്ങം എടുത്ത് ഞങ്ങളുടെ രണ്ടിന്റെയും ജനിച്ച ദിവസം,സമയം മറ്റും ചോദിച്ചു... ശേഷം പഞ്ചാങ്ങത്തിൽ എന്തൊക്കയോ തിരഞ്ഞു, രാശി പലകയിൽ ഗണിച്ചു പറഞ്ഞു -

"പത്തിൽ എട്ട് നാൾ പൊരുത്തമുണ്ട്... ഗ്രഹനില വച്ച് നോക്കുമ്പോൾ പാപ സാമ്യം ഉത്തമം... ഈ ബന്ധം ശുഭമാണ്... പേടിക്കാൻ ഒന്നുമില്ല... "

അദ്ദേഹം പറഞ്ഞത് കേട്ട് എല്ലാവർക്കും ആശ്വാസമായി, ഒന്നും മനസ്സിലാകാത്ത് കൊണ്ട് എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല...

പിന്നീട് അദ്ദേഹം രണ്ട് പേരുടെയും സമയവും, ദൈവാദീനവും നോക്കി പറഞ്ഞു -

" പെൺ കുട്ടിക്ക് നല്ല സമയമാ... ഭർത്താവ് നിമിത്തം ഒരുപാട് അപകടങ്ങൾ ഒഴിഞ്ഞ് പോകും..., പക്ഷെ പയ്യന് അത്ര നല്ല സമയമല്ല... ഒരു യക്ഷി ശല്യം കാണുന്നുണ്ട്... ശാരീരിക മാനസ്സീക അസ്വസ്ഥതകൾ അത് നിമിത്തം ഉണ്ടാകാൻ ഇടയുണ്ട്... "

"വൗ... " ഇത്രയും നാളും ഇതൊക്കെ മനുഷ്യനെ പറ്റിക്കാൻ വേണ്ടിയുള്ള ഉടായിപ്പാണ് എന്ന വിചാരിച്ചിരുന്നത്... പക്ഷെ ഇപ്പോൾ ഉറപ്പായി ഇതിലൊക്കെ എന്തോ സത്യമുണ്ട്...

അങ്ങേരു അത് പറഞ്ഞപ്പോൾ ഞാൻ അവളുടെ മുഖത്ത് നോക്കി... അവിടെയും ഒരു ചമ്മൽ...

"അപ്പോ സ്വയം ആരാ എന്ന് നല്ല ബോധ്യമുണ്ട് അല്ലേ..."

കുടുംബത്തിന്റെ പൊതുവായ കാര്യങ്ങളും പരിഹാരങ്ങളും നിർദേശിച്ചു ദക്ഷിണയും വാങ്ങി അദ്ദേഹം യാത്രയായി...

അപ്പോളേക്കും ഉച്ചക്ക് ഭക്ഷണത്തിനുള്ള സമയമായി...

ചിക്കൻ, ബീഫ്, മീൻ മുതൽ എല്ലാമടങ്ങിയ വിഭവ സമൃദ്ധമായ ഭക്ഷണം...

അവളെയും എന്നെയും ഒന്നിച്ചിരുത്തി കഴിപ്പിച്ചു...

എന്തായാലും ഈ തവണ അവളുടെ മുഖത്ത് നോക്കാൻ നിന്നില്ല... ഞാൻ വെട്ടികയറ്റാൻ തുടങ്ങി...

അവളും മോശമല്ലാതെ തന്നെ തട്ടുന്നുണ്ട്...

"അപ്പോൾ എന്റെ വീട്ടിൽ വച്ച് ഇറക്കിയ മിതഭക്ഷണക്കാരി അപ്പോൾ ഉടായിപ്പാണല്ലേ...🙄"

ഭക്ഷണമെല്ലാം കഴിഞ്ഞ് വീണ്ടും വാർത്തമാനവും വിശേഷവും മറ്റും പറഞ്ഞിരുപ്പായി...

എന്റെ അതിവിനയവും മിതഭാഷാ ശൈലിയും എന്റെ അമ്മായിയപ്പനും അമ്മായി അമ്മയ്ക്കും നന്നായി ബോധിച്ചു...

ചുരുക്കം പറഞ്ഞാൽ ഞാൻ അവരുടെ കണ്ണിലുണ്ണിയായി 😁...

അവളുടെ കുറ്റവും കുറവും ഒരു പൊടി വിടാതെ അവർ രണ്ടുപേരും കൂടി തന്നെ എന്നോട് പറഞ്ഞു തന്നു...

അതിൽ പാചകവും അവളുടെ വീട്ടുകാര്യങ്ങൾ നോക്കാനുള്ള മടിയും എല്ലാം ഉൾപ്പെടും...

അപ്പോൾ ആണ് അവളെ പറ്റിയുള്ള ആ ഞെട്ടിപ്പിക്കുന്ന വിവരം എനിക്ക് കിട്ടിയത് -

"മോനെ അവൾക് മടിയില്ലാത്ത ഒരേ ഒരു കാര്യം ഇതാണ്..."

അവളുടെ അച്ഛൻ ഒരു ഫ്രെയിം ചെയ്ത ഫോട്ടോ എന്നെ കാണിച്ചു പറഞ്ഞു -

"അതിൽ അവൾ വെളുത്ത പാന്റും വെളുത്ത മേൽ വസ്ത്രവും അരയിൽ കറുത്ത ബെൽറ്റും അണിഞ്ഞ്, കൈ കൊണ്ട് ഇടിക്കുന്ന ഒരു പോസ് ചെയ്തു നില്കുന്നു..."

അതെ കരാട്ടെ ബ്ലാക്ക് ബെൽറ്റ് ആണ് എന്റെ ഭാര്യ....😭😭😭

തലേന്ന് രാത്രിയിൽ കിട്ടിയതിന്റെ വേദനയിൽ കൈ കവിളിലേക്ക് പോയി...

"എന്റെ പൊന്ന് കിളവാ... ഈ സാധനത്തെ എന്റെ തലേൽ കേട്ടിവക്കുന്നതിനു മുൻപ് നിങ്ങൾക്കിത് എഴുന്നള്ളിച്ച് കൂടാരുന്നോ 😭😭..." ഞാൻ മനസ്സിൽ കരഞ്ഞു...

"ഞാൻ പറഞ്ഞാൽ കേൾക്കാത്ത എന്റെ മനസ്സും ശരീരവും, പിന്നെയാ പൂതനയും കൂടി കൂടിയാൽ വല്യ തമാസമില്ലാതെ എന്റെ നെഞ്ചത്ത് റീത്ത് വെക്കേണ്ട വരുമല്ലോ സിവനെ 😭😭..."

സന്ധ്യ കഴിഞ്ഞപ്പോളേക്കും ബന്ധുക്കൾ ഒക്കെ പോയിരുന്നു...

ഞാൻ പോയി കുളിച്ച് ഫ്രഷായി ഒരു ഷോർട്സും ടി ഷർട്ടും എടുത്തിട്ടു...

രാത്രി ഭക്ഷണവും കുറച്ച് കാര്യങ്ങളും സംസാരിച്ച് ഞങ്ങൾ കിടക്കാനായി റൂമിലേക്ക് പോയി...

റൂമിൽ എത്തി കതക് അടച്ചതും അവളുടെ അമ്മയെത്തി കതകിൽ മുട്ടി...

"മോളെ... അനു..."

അവൾ ബാത്റൂമിൽ ആയിരുന്നത് കൊണ്ട് ഞാൻ കതക് തുറന്നു...

"എന്താ അമ്മേ..."

"അനു മോൾക് കിടക്കുന്ന മുൻപ് ബൂസ്റ്റിട്ട് പാല് കുടിക്കുന്ന ശീലമുണ്ട്...മോനും വേണോ... അമ്മ കൊണ്ട് വരാം..."

"വേണ്ട അമ്മേ... എനിക്ക് അങ്ങനെ ശീലമൊന്നുന്നില്ല..."

"എങ്കിൽ ശരി മോനെ... അമ്മ കിടക്കുവാ... എന്തേലും ആവിശ്യം ഉണ്ടേൽ മോൻ അനുവിനോട് പറഞ്ഞാൽ മതി..."

"ഗുഡ് നൈറ്റ് അമ്മേ..." (സോപ്പ് ഇടാനുള്ള അവസരം ഞാൻ കളഞ്ഞില്ല...).

"ഗുഡ് നൈറ്റ് മോനെ..."

അമ്മ പോയപ്പോൾ ഞാൻ കതക് ലോക്ക് ചെയ്തു തിരിഞ്ഞതും ഒരു പിങ്ക് സ്ലീവ്ലെസ്സ് നൈറ്റി ഇട്ട് അവൾ ബാത്റൂമിൽ നിന്നും ഇറങ്ങി...

"അമ്മ പാല് കൊണ്ട് തന്നോ...ബൂസ്റ്റ് ഇട്ടിട്ടുണ്ടോ..."

"നോക്കട്ടെ..." ഞാൻ ആ പാൽ എടുത്ത് മൊത്തി..."ആ നല്ലോണം ഇട്ടിട്ടുണ്ട്... 😁"

"ഡാ... ആരോട് ചോദിച്ചിട്ടാ എനിക്കുള്ള പാൽ കുടിച്ചത്..."

"നീ ആരോട് ചോദിച്ചിട്ടാ ഇന്നലെ എനിക്കുള്ള പാൽ കുടിച്ചത്..."

"ഇന്നലെയുള്ളത് എനിക്കും കൂടി അവകാശപ്പെട്ടതാ..."

"ഞാൻ കുടിച്ചതിന്റെ ബാക്കിയായിരുന്നു നിന്റെ അവകാശം..."

അവൾ പിന്നെ ഒന്നും മിണ്ടിയില്ല...എന്നെ ഒന്ന് നോക്കി കണ്ണുരുട്ടിയവൾ കബോർഡ് തുറന്ന് എന്തോ തിരഞ്ഞു...

"എവിടുന്ന് കിട്ടി എനിക്കപ്പോൾ ആ ധൈര്യമെന്നാ...എന്തായാലും പൂതന ഒന്ന് അടങ്ങിയത് കണ്ടപ്പോൾ സന്തോഷം..."

അവൾ പോയി എക്സ്ട്രാ ഒരു ബ്ലാങ്കെറ്റും തലയിണയുമെടുത്തു ബെഡിൽ കയറി കിടന്നു...

"എസി ഇടുന്നതാ... തറയിൽ കിടക്കാൻ ബുദ്ധിമുട്ടാകും... മുകളിൽ കിടന്നാൽ മതി...എന്നിട്ട് ഇത് പുതച്ചോ..."

തലയിണ എടുത്ത് ഇടയിൽ വച്ച് അവൾ എന്നോട് ഒടറിട്ടു ...

"ആഹാ നീ ആരാടി എന്നോട് ഒടറിടാൻ .... എനിക്കിപ്പോ സൌകര്യമില്ല നിന്റെയോപ്പം കിടക്കാൻ ... ഞാൻ നിലത്ത് തന്നെ കിടന്നോളാം ... "

അവൾ ഒന്നും മിണ്ടാതെ എന്നെ ഒന്ന് നോക്കി... എന്നിട്ട് ഒരു ബെഡ്ഷീറ്റും തലയിണയും ബ്ലാങ്കറ്റും മെടുത്തു നിലത്തിട്ട് കിടന്നു...

"പിന്നല്ലാ... വേണ്ട വേണ്ട എന്ന് വക്കുമ്പോൾ തലയിൽ കയറി ട്രെയിനോടിക്കുവാ അലവലാതി... വരുണിനോടാ അവളുടെ കളി..."

"മാസ്സ്... കൊല മാസ്സ്... 😎😎"

മൊത്തത്തിൽ ഇത്തിരി ധൈര്യമൊക്കെ വന്നത് പോലെ...

ഞാൻ കിടക്ക വിരിച്ച് കിടന്നു...

"ലൈറ്റ് ഓഫ് ചെയുന്നു..." അവൾ പറഞ്ഞു...

റൂം തണുത്ത് വരുന്നതേ ഉണ്ടായിരുന്നുള്ളു...നല്ല സുഖം തോന്നി...ഞാൻ ബ്ലാങ്കെറ്റിൽ ചുരുണ്ട് കൂടി സുഖമായി ഉറങ്ങി...

രാത്രി എപ്പോളോ ഞാൻ എഴുന്നേറ്റു...ടയൽ ഇട്ട തറയെല്ലാം തണുത്ത് മരവിച്ചിരുന്നു...

തണുപ്പ് അടിയിൽ നിന്നു വരാൻ തുടങ്ങിയപ്പോൾ ശരീരവും മരവിച്ചു തുടങ്ങി... അപ്പോൾ ആണ് എണീറ്റത്...

"പണ്ടാരം... മാസ്സ് കാണിച്ചു വഴിക്കൂടെ പോയ പണി ഓട്ടോറിക്ഷ പിടിച്ചു വരുത്തിയല്ലോ ദൈവമേ... 😭😭😭"

"അപ്പോൾ അവളുടെ വാക്ക് കേട്ടാൽ മതിയാരുന്നു... ഇനി ഇപ്പോൾ എങ്ങനെയാ മറുതയോടു ചോദിക്കുന്നത്... പിന്നെയും നാറും...അവളുടെ വായിൽ ഇരിക്കുന്നത് കേൾക്കേണ്ടതും വരും...അത് ശരിയാകില്ല..."

ഞാൻ ബ്ലാങ്കറ്റിന് മുകളിൽ കിടന്ന് അത് കൊണ്ട് എന്നെ പൊതിയാൻ നോക്കി...

ഒരു രക്ഷയുമില്ല... മുകളിൽ നിന്നും താഴെ നിന്നും സൈഡിൽ നിന്നുമെല്ലാം തണുപ്പ് ഇരച്ച് കയറുവാ...

എങ്ങനെ എങ്കിലും നേരം വെളുപ്പിക്കണം എന്ന് ആലോചിച്ചു കിടന്നപ്പോൾ റൂമിലെ ലൈറ്റ് തെളിഞ്ഞു...

ഞാൻ കട്ടിലിലേക്ക് നോക്കി...അവൾ കട്ടിലിൽ ഇരുന്ന് മുടി പിന്നിൽ കെട്ടി വച്ച്, ബെഡിൽ ഇരുന്ന് എന്നെ നോക്കി...

ഞാൻ തിരികയും...

അവൾ എഴുന്നേറ്റ് ബ്ലാങ്കറ്റ് നിവർത്തി എന്റെ കൈയിൽ പിടിച്ചു വലിച്ചു എഴുന്നേൽപ്പിച്ചു...എന്നിട്ട് ബ്ലാങ്കറ്റും തലയിണയും ബെഡിൽ എടുത്തിട്ടു പറഞ്ഞു...

"വരുൺ... തണുപ്പത്ത് തറയിൽ കിടക്കാൻ ആകില്ല... കട്ടിലിൽ കിടക്കു..." ഈ തവണ ഓടർ അല്ലായിരുന്നു... ഒരു ഉപദേശം പോലെ...

ഞാൻ ഒന്നും മിണ്ടാതെ അവൾ പറഞ്ഞത് പോലെ കയറിക്കിടന്നു...

അവളും പിന്നെ ഒന്നും മിണ്ടിയില്ല... ഒരു തലയണ ഞങ്ങളുടെ ഇടയിൽ വച്ച് കിടന്നിട്ട് ലൈറ്റ് അണച്ചു...

"ഡേയ്... ലവക്ക് അപ്പോ നിന്നോട് സ്നേഹമൊക്കെയുണ്ട്... കള്ളൻ..."

"കറക്റ്റ് സമയത്ത് എഴുന്നള്ളിയല്ലോ..."

"തനിക്ക് ഇത്തിരി സന്തോഷമായിക്കോട്ടെ എന്ന് കരുതി..."

"എന്റെ ഉള്ള സന്തോഷം കളയാതെ ഒന്ന് പോയിത്താ മരഭൂതമേ...🙏"

"ഓഹ് ശരി... ഞാൻ പോണ്..."

മനസ്സിന് ഒരു സന്തോഷം...

"അവൾ എന്റെ കാര്യം ശ്രദ്ധിക്കുന്നുണ്ടായിരുന്നു, അല്ലേ..."

"കളിയാക്കിയുമില്ല... വഴക്ക് പറഞ്ഞതുമില്ല..."

അപ്പോൾ ലവൻ പറഞ്ഞത് പോലെ യക്ഷിക്ക് എന്നോട് ഇത്തിരി സ്നേഹമൊക്കെയുണ്ടല്ലേ 😍😍😍...

*******************

എന്റെ സ്നേഹമുള്ള പൂതനയുമായുള്ള സുന്ദര സ്വപ്നങ്ങൾ കണ്ടു എസിയുടെ തണുപ്പിൽ ചുരണ്ട് കൂടി ഞാൻ കിടന്നു...

പിന്നീട് എന്തായാലും മറ്റേ ലവൻ പണി വാങ്ങിത്തരാൻ കെട്ടിയെടുത്തില്ല... എന്നാലും അവളെ ഒന്ന് കെട്ടിപിടിച്ചു കിടക്കണം എന്നൊക്കെയുണ്ട്...

എങ്കിലും കുരുത്തക്കേട് ഒന്നും ഒപ്പിക്കാതെ ഞാൻ പതിയെ ഉറക്കത്തിലേക്ക് പോയി...

**********

പിറ്റേന്ന് രാവിലെ അവൾ വന്ന് കുത്തി എണീപ്പിച്ചു...

ഇന്നലെ വീട്ടിൽ ഉണ്ടായിരിന്ന ടീമ്സിന്റെയെല്ലാം വീട്ടിൽ വിരുന്ന് പോകൽ മഹാമഹം ഇന്ന് തുടങ്ങുകയായി...

അത് കൊണ്ട് വേഗം പോയി കുളിച്ച് റെഡി ആയി വന്ന് ജീൻസും ചൈനീസ് കോളറുള്ള നേവി ബ്ലൂ ഷർട്ടും എടുത്തിട്ടു റൂമിന് വെളിയിലേക്ക് ഇറങ്ങി...

താഴെയെത്തിയപ്പോൾ ദേ ശ്രീമതി പൂതനയൊരു നേവി ബ്ലൂ കളർ ചുരിദാർ ഇട്ട് നിൽക്കുന്നു... നല്ല ഡിസൈൻ ഒക്കെയുള്ളത്... നെറ്റ് പോലെയുള്ള ഷാളിന്റെ അറ്റത്തു മുത്ത് പോലെ എന്തൊക്കയോ പിടിപ്പിച്ചിട്ടുണ്ട്...

"വൗ... എന്താ മനപ്പൊരുത്തം... ഇന്നലെ റെഡ്, ഇന്ന് ബ്ലൂ... എനിച് വയ്യ 🙈..."

പതിവിന് വിപരീതമായി കിളി പോയി നിൽപ്പ് മാറ്റി, ഞാൻ അവളെ നോക്കി ഒന്ന് ചിരിച്ചു... അവൾ എന്റെ മുഖത്തേക്കും പിന്നെ ഷർട്ടിലേക്കും ഒന്ന് നോക്കി... എന്നിട്ട് അവളുടെ ഉണ്ടക്കണ്ണുരുട്ടി കാണിച്ചു...

അപ്പോളേക്കും മിസ്റ്റർ ആൻഡ് മിസ്സിസ് അമ്മായിയപ്പൻസ് ലാൻഡ് ചെയ്തു...

"നവ വധുവും വരനും പ്ലാൻ ചെയ്തു ഒരേ കളർ ഡ്രെസ്സ് മാത്രമേ ഇടുകയുള്ളോ..." തലേന്നും ഇന്നും സെയിം കളർ ഇട്ടത് ശ്രദ്ധിച്ചോ മറ്റോ മൂപീൻസ് കമന്റടിച്ചു...

"അയ്യോ അല്ല അച്ഛാ... ഞങ്ങൾ പ്ലാൻ ചെയ്തോന്നും ഇട്ടതല്ല..." ഞാൻ ചിരിച്ച് കൊണ്ട് മറുപടി കൊടുത്തു...

"മീനു... കണ്ടോ... ഇതാണ് മനപ്പൊരുത്തം എന്ന് പറയുന്നത്... നമ്മൾ പോലും നമ്മുടെ മക്കളെ കണ്ടു പഠിക്കണം..."

"ആഹ് ഭയങ്കര മനപ്പൊരുത്തമാ... ഫസ്റ്റ് നൈറ്റിൽ തന്നെ കെട്ടിയോന്റെ അണ്ടം ചവിട്ടി കീറുന്നതാ മനപ്പൊരുത്തം... ആ കിളവന്റെ മൊട്ടത്തലക്കിട്ട് ഒന്ന് കൊടുക്കാമോ... 😡" ലവൻ അത് കേട്ട് എഴുന്നള്ളി...

"ഡേയ്... ചുമ്മാ ഇരി... മോള് കരാട്ടെ... തന്ത ഇനി എന്തൊക്കെയാ എന്ന് തമ്പുരാനറിയാം... ഉള്ളതും കൂടെ ചവിട്ടി കലക്കിയാൽ നിനക്കെന്താ...ഞാൻ അല്ലേ അനുഭവിക്കേണ്ടത്..."

"എന്താ മോനെ ഒരു ആലോചന..."

"ഒന്നുല്ല അമ്മേ...😁"

"മോനെ... ഇന്നും നാളെയും രാവിലെ മുതൽ രാത്രി വരെ നിങ്ങൾക്ക് വിരുന്നിന് പോകുന്ന വീട്ടിൽ നിന്നുമാണ് ഭക്ഷണമൊക്കെ... മോളോട് ഞാൻ പറഞ്ഞിട്ടുണ്ട് എവിടെയൊക്കെ പോകണം എന്നത്... സമയം ആകുന്നു... നിങ്ങൾ ഇറങ്ങിക്കോ..."

"ശരി അച്ഛാ..."

"ആ... പിന്നെ മക്കളെ... അവിടെയൊക്കെ കൊടുക്കാനുള്ള ഡ്രെസ്സ് എടുത്ത് വണ്ടിയിൽ വച്ചിട്ടുണ്ട്... അത് കൂടി കൊടുക്കണം... കേട്ടോ..."

"അതൊക്കെ ഞാൻ നോക്കിക്കോളാം മീനുട്ടി..." അവൾ അമ്മയുടെ മൂക്കിൽ പിടിച്ചു കൊണ്ട് പറഞ്ഞ് ഇറങ്ങി...

ഞങ്ങൾ വണ്ടിയിൽ കയറി... ഞാൻ ആണ് ഡ്രൈവിംഗ് സീറ്റിൽ...സ്റ്റാർട്ട് ചെയ്യാൻ നോക്കുമ്പോൾ വണ്ടി സ്റ്റാർട്ട് ആകുന്നില്ല...

ഞാൻ പിന്നേം നോക്കി... നോ രക്ഷ...

ഞങ്ങൾ വണ്ടിയിൽ നിന്നും തിരിച്ചിറങ്ങി...

"എന്താ മോനെ... സ്റ്റാർട്ട് ആകുന്നില്ലേ..."

"ഇല്ല അച്ഛാ..."

"ഇവിടുത്തെ വണ്ടി രാവിലെ വന്ന് സർവീസിന് എടുത്ത് കൊണ്ട് പോയി... ഒരു കാര്യം ചെയ്യാം ഞാൻ ഒരു ടാക്സി അറേഞ്ച് ചെയ്യാം..."

പുള്ളിക്കാരൻ അത് പറഞ്ഞപ്പോൾ ആണ് അവിടെയിരുന്ന ബൈക്ക് എന്റെ ശ്രദ്ധയിൽ പെട്ടത്...

"ഒരു യമഹ എഫ്സി..."

"മോനെ മനസ്സിൽ ലഡ്ഡു പൊട്ടി...അവളുമൊത്തൊരു ബൈക്ക് യാത്ര... പൊളിക്കും 😁..."

"അച്ഛാ... അച്ഛന്റെ ബൈക്ക് ആണോ... ഞങ്ങൾ ബൈക്കിൽ പൊക്കോട്ടെ..."

അച്ഛനും അമ്മയും മുഖത്തോട് മുഖം നോക്കി...

"അനുവിന് കുഴപ്പമില്ലെ നിങ്ങൾ അതിൽ പൊക്കോ മക്കളെ... കാറ് നോക്കാൻ ഞാൻ ആളെ റെഡി ആക്കിയേക്കാം..."

ഞാൻ അവളുടെ മുഖത്ത് നോക്കി ചിരിച്ചു കാണിച്ചു... 😁

"എനിക്ക് കുഴപ്പമില്ല അച്ഛാ... ഞങ്ങൾ പോയി വരാം..."

"മിഷൻ സക്സസ്സ് 😁😎..."

ഞാൻ ചാവിയും വാങ്ങി ഹെൽമെറ്റും വച്ച് വണ്ടി മുന്നോട്ട് എടുത്തു അവളുടെ അടുത്ത് നിർത്തി...

അവൾ അതിൽ തുണിയുടെ മൂന്ന് നാല് കവറും പിടിച്ചു വണ്ടിയിൽ കയറിയിരുന്നു ... ഞങ്ങൾ യാത്ര ചോദിച്ചു പുറപ്പെട്ടു...

ഗേറ്റിന് പുറത്തേക്ക് വണ്ടിയെടുത്തു ആദ്യത്തെ ഹമ്പിന് തൊട്ടടുത്ത് എത്തിയതും ഞാൻ ഒന്ന് സഡൻ ബ്രേക്ക് ഇട്ടു...

കയ്യിൽ കവർ ഉള്ളത് കൊണ്ട് അവൾ മര്യാദക്ക് പിടിച്ചിട്ടുണ്ടാകില്ല എന്ന് എനിക്ക് ഉറപ്പായിരുന്നു...

ഞാൻ പ്രതീക്ഷിച്ച പോലെ അവൾ മൊത്തത്തിൽ എന്റെ പുറത്തേക്ക് ചാഞ്ഞു... മാറിടം എന്റെ പുറത്തായി അമർന്നു...

"നേരാവണ്ണം ദർശന സുഖം പോലുമില്ല... മൊത്തത്തിൽ ഒരു കുളിര്... ആഹഹാ... റോഡിൽ നിറയെ ഹംമ്പും ഗട്ടറും അകണേ ദൈവമെ..."

ഞാൻ പ്രാർത്ഥിച്ചു തീർന്നതും പിന്നിൽ നിന്നും പൂതന ഒരു അലർച്ച-

"ഢാ..."

അവളുടെ അലർച്ച കേട്ട് ഞെട്ടി വണ്ടി മൊത്തത്തിൽ ഒന്ന് പാളി, വീണ്ടും അവളുടെ നെഞ്ച് എന്റെ പുറത്ത് വന്ന് റസ്റ്റ് എടുത്തു...

"നിന്റെ സൂക്കേട് എനിക്ക് മനസ്സിലായി... നിന്നോട് ഞാൻ പറഞ്ഞിട്ടില്ലേ ഇമ്മാതിരി വേഷംകെട്ട് എന്റെ അടുക്കൽ വേണ്ട എന്ന്..."

വീണ്ടും അലർച്ച... റോഡിലൂടെ പോകുന്നവർ ശ്രദ്ധിക്കുമോ എന്ന ചിന്ത പോലുമില്ലാതെ ശവം എന്റെ ചെവിയിൽ ഇരുന്ന് അമറാൻ തുടങ്ങി...

"ഇനി ഒന്നുടെ ഈ പണി കാണിച്ചാൽ നിന്റെ കിണുങ്ങാമണി ചെത്തി ഞാൻ കാക്കക്ക് ഇട്ടു കൊടുക്കും... പറഞ്ഞേക്കാം..."

"സുഭാഷ്... ആകെയുള്ള രണ്ട് ലഡ്ഡുവും പൊട്ടും എന്ന് ഉറപ്പായപ്പോൾ, നേരത്തെ പൊട്ടിയ ആ ലഡ്ഡു ഒറ്റയടിക്ക് റിവേഴ്സ് എടുത്ത് വന്ന് ഒട്ടിയിരുന്നു..."

"പൂതന അപ്പോൾ ഇന്നലെ സ്നേഹം കാണിച്ചത് വെറുതെ ആയിരുന്നോ...🙄... വീണ്ടും കൺഫ്യൂഷൻ..."

ഉള്ള മൂട് പോയി... അവൾക്കിട്ടു എന്ത് പണി കൊടുക്കും എന്ന് ആലോചിച്ചപ്പോൾ ആണ് നല്ല ഉഗ്രൻ ഒരു ഐഡിയ മനസ്സിൽ വന്നത്...

ഒന്നും നോക്കിയില്ല... വണ്ടി അങ്ങ് പറപ്പിച്ചു വിട്ടു... എന്റെ പ്രാർത്ഥന ദൈവം കേൾക്കഞ്ഞത് നന്നായി, നല്ല സ്മൂത്ത് റോഡ്...

വണ്ടി ആദ്യം റേസ് ചെയ്തപ്പോൾ തന്നെ അവൾ മൊത്തത്തിൽ ഒന്ന് പിന്നോട്ട് ആഞ്ഞു... ഞാൻ ഒന്നുടെ സ്പീഡ് കൂട്ടി...

അവൾ പതുക്കെ പോകാൻ പറയുന്നുണ്ട്... പക്ഷെ ഞാൻ ശ്രദ്ധിച്ച മട്ട് കാണിച്ചില്ല... പറപ്പിച്ചു വിട്ട് കൊണ്ടിരുന്നു...

ഇടക്ക് വെട്ടിക്കും, വളവ് വീശിയെടുക്കും... അവൾ നന്നായി പേടിച്ചിരുന്നു എന്ന് ഉറപ്പായിരുന്നു... പരമാവധി അവൾ എന്നോട് ചേർന്നിരിക്കാൻ ശ്രമിച്ചു...

അങ്ങനെ പതിനഞ്ചു മിനിറ്റ് എടുത്തുള്ള സാഹസിക റൈടിനു ഒടുവിൽ ആദ്യ സ്റ്റോപ്പ് എത്തി... അവളുടെ അമ്മാവന്റെ വീട്...

ബൈക്ക് നിർത്തിയതും അവൾ അതിൽ നിന്നും ചാടി ഇറങ്ങി എന്നെ രൂക്ഷമായി ഉണ്ടക്കണ്ണു കൊണ്ട് നോക്കിപ്പേടിപ്പിക്കാൻ തുടങ്ങി...

ഞാൻ ഒന്നും അറിയാത്ത മട്ടിൽ ഒന്ന് നോക്കിയിട്ട് മൈൻഡ് ചെയ്യാതെ ഹെൽമെറ്റ് ഊരി വച്ച് കണ്ണാടിയിൽ തലമുടി ഒതുക്കി വച്ചു...

"വരുണേ... അത് പൊളിച്ചു ... പൂതന നന്നായി വിരണ്ടിട്ടുണ്ട്... ഐ ആം പ്രൌട് ഓഫ് യു മൈ ബോയ്... 😁"

"പിന്നെ താൻ എന്ത് വിചാരിച്ച്... എന്നോടാ അവള്ടെ കളി... അന്ത മാസ്സ് ബിജിഎം പോട്രാ 😎😎..."

അപ്പോളേക്കും അവളുടെ അമ്മാവനും അമ്മായിയും ഉമ്മറത്തേക്ക് എത്തിയിരുന്നു ഞങ്ങളെ അകത്തേക്ക് ക്ഷണിക്കാൻ...

"കയറിവാ മോനെ...ഇതെന്താ നിങ്ങൾ ബൈക്കിൽ... ഫോർമാലിറ്റി ഒന്നും വേണ്ട ഇങ്ങ് കയറിപ്പോര്..."

"വരുണിന്റെ കാർ കേടായി, അവിടുത്തെ കാറാണേൽ സർവിസിന് കയറ്റിയേക്കുവാ..."

ഞങ്ങൾ അകത്തു കയറി അവരെയൊക്കെ ഒന്നുടെ പരിചയപെട്ടു...

അമ്മാവൻ അമ്മായി രണ്ട് പെൺമക്കൾ... ഒരാൾ ഡിഗ്രിക്കു പഠിക്കുന്നു മറ്റൊരാൾ പ്ലസ്ടുവിനും ...

കയറി ചെന്ന് ഇരുന്നപ്പോൾ തന്നെ ആദ്യം ചായയും പലഹാരങ്ങളും അമ്മായി കൊണ്ട് വച്ചു...

"അനുമോൾക്ക് ആറിയ ചായ വേണം... മോനും അങ്ങനെ ആണോ..."

**"ചൂടുള്ള ചായ ഊതി ഊതി കുടിക്കാനാണ്** അമ്മച്ചി ഗുപ്തന് ഇഷ്ടം😌..." ഞാൻ മനസ്സിൽ പറഞ്ഞു...

"വേണ്ട അമ്മായി..."

കുറച്ച് സമയം കാര്യം പറഞ്ഞ് ഭക്ഷണം കഴിക്കാൻ വിളിച്ചു...

ആഡംബരം ഒട്ടും കുറവില്ല... ടേബിൾ നിറച്ച് ഭക്ഷണം...

ചിക്കന്റയും ബീഫിന്റെയും  തന്നെ രണ്ട് മൂന്ന് വെറൈറ്റി... അപ്പം ഇടിയപ്പം പൊറോട്ട... കൂടാതെ കുറെ മധുര പലഹാരം... പഴങ്ങൾ...

10 പേർക്ക് കഴിക്കാൻ ഉള്ളത് ഉണ്ടാക്കി വക്കും... അതിൽ ഒരു നുള്ള് കഴിക്കും... ബാക്കി കൊണ്ട് കളയും...

പക്ഷെ ആഹാരം കളയുന്നത് എനിക്ക് തീരെ ഇഷ്ടം അല്ലാത്തത് കൊണ്ട് എന്നെ കൊണ്ട് ആവുന്നത് ഞാൻ കുത്തിയിറക്കി ഭക്ഷണത്തിന്റെ വേസ്റ്റേജ് കുറച്ച് ഞാൻ മാതൃകയായി...

"വീണ്ടും ഞാനൊരു  നെന്മ മരം 🤗..."

ഭക്ഷണം കഴിഞ്ഞ് ഞങ്ങൾ യാത്ര ചോദിച്ച് പുറത്തേക്കിറങ്ങി...

ഈ തവണ വണ്ടിയുടെ അടുത്ത് എത്തിയതും ബാക്കിയുള്ള കവർ എല്ലാം അവൾ എന്റെ കയ്യിൽ തന്നു...

എന്നിട്ട് അവൾ  വണ്ടിയുടെ ഫ്രണ്ടിൽ കയറി ഇരുന്നു...

"ദൈവമേ ഈ കൂതറക്ക് ബൈക്ക് ഓടിക്കാനും അറിയുമോ..."

"മോൻ ധൈര്യമായി കയറു... അവളെ വണ്ടി പഠിപ്പിച്ചത് ഞാനാ..." കയറാൻ മടിച്ചു നിന്ന എന്നെ നോക്കി അവളുടെ അമ്മാവൻ തെണ്ടി വിളിച്ചു പറഞ്ഞു...

"കടവുളേ കാപ്പാത്തുങ്കോ...🙏"

ഞാൻ പ്രാർത്ഥിച്ചുകൊണ്ട് വണ്ടിയിൽ കയറി ഇരുന്നു...

അവൾ വണ്ടി പുറത്തേക്ക് എടുത്ത് മെയിൻ റോഡിൽക്കൂടി ഓടിച്ചു തുടങ്ങി...

പൂതനക്ക് നന്നായി ഓടിക്കാൻ അറിയാം എന്ന് അപ്പോളേ എനിക്ക് കത്തി...

അവൾ അധികം സ്പീഡ് എടുക്കാതെ 45-50 റേഞ്ചിൽ ആണ് വണ്ടി ഓടിച്ചിരുന്നത്...

ആദ്യം ഞാൻ ഒന്ന് വെയിറ്റ് ചെയ്തു...

പിന്നെ പറഞ്ഞു ഞാൻ ഓടിക്കാം എന്ന്... അവൾ ശ്രദ്ധിച്ചില്ല...

പിന്നെ ഞാൻ പറഞ്ഞു "പെട്ടിയോട്ടോ വരെ നമ്മളെ ഓവർ ടേക്ക് ചെയ്യുന്നു... ഒന്ന് വേഗം പോകു... അല്ലേ നമ്മൾ അവിടെ എത്തുമ്പോൾ ലഞ്ചിനു പകരം ഡിന്നറിനുള്ള ടൈം ആകും... " അതും അവൾ കേട്ട ഭാവം നടിച്ചില്ല...

എനിക്ക് അങ്ങ് ദേഷ്യം വന്ന് തുടങ്ങി, അപ്പോൾ ഞാൻ പറഞ്ഞു -

"ഇതാണ് ഈ പെണ്ണുങ്ങൾ വണ്ടി ഓടിച്ചാൽ കുഴപ്പം... നന്നായി ഓടിച്ചാലും എപ്പോളും ഒരു ഭയം ആണ്... സ്പീഡിൽ പോകുകയുമില്ല..."

ഞാൻ അവൾ കേൾക്കെ പറഞ്ഞ് തീർന്നതും ആക്സിലറേറ്റർ കൊടുത്ത് എൻജിൻ രണ്ട് തവണ അവൾ ഇരപ്പിച്ചതും എനിക്ക് ഓർമയുണ്ട്...

വണ്ടി മുന്നോട്ട് ഒരു കുതിക്കലും ഞാൻ പിന്നോട്ട് ഒന്ന് ആഞ്ഞു, തിരികെ അവളുടെ പുറത്ത് പോയി തട്ടി നിന്നു...

വണ്ടി അവൾ പറപ്പിച്ചു... വെറും പറപ്പിക്കൽ അല്ല... പറപറപ്പിക്കൽ...

വണ്ടിയുടെ ബാക്ക്സീറ്റ് പൊങ്ങി ഇരിക്കുന്നത് കൊണ്ട് കാറ്റ് നന്നായി മുഖത്ത് അടിക്കുന്നുണ്ട്...സ്പീടോ മീറ്റർ നോക്കാൻ കണ്ണ് തുറന്നാൽ കാറ്റ് കയറി നിറഞ്ഞു വെള്ളം ഒഴുകും... പിന്നെ ബ്ലർ ആയി ഒന്നും കാണാൻ ആകില്ല...

കണ്ണിലൂടെയും മൂക്കിലൂടെയും എല്ലാം വെള്ളം വരുന്നുണ്ട്...

ഞാൻ എനിക്ക് അറിയാവുന്ന സകലമാന ദൈവങ്ങളെയും വിളിക്കാൻ തുടങ്ങി...

അവൾ ഒരു കാറ്കാരനെ ഓവർ ടേക്ക് ചെയ്യാൻ തുടങ്ങുകയും എതിരെ ഒരു ടിപ്പർ വന്നതും ഒന്നിച്ച്...

എന്റെ സകല ധൈര്യവും ചോർന്നു പോയിരുന്നു... ടിപ്പർ തൊട്ടു തൊട്ടില്ല എന്ന പോലെ അടുത്ത് വന്നു...

"എന്റെ അമ്മച്ചിയേ..." എന്നും പറഞ്ഞ് ഞാൻ രണ്ട് കൈ കൊണ്ടും അവളുടെ വയറിലൂടെ കൈയിട്ടു അവളെ കെട്ടിപിടിച്ചു അവളുടെ പുറത്തേക്ക് മുഖം പൂഴ്ത്തി കണ്ണുകൾ ഇറുക്കിയടച്ചിരുന്നു...

ടിപ്പർ തൊട്ട് അടുത്ത് എത്തിയപ്പോൾ അവൾ വെട്ടിച്ചു മാറ്റി കാറിനു മുന്നിലേക്ക് കയറിയിരുന്നു...

പക്ഷെ ഞാൻ ഇതൊന്നും അപ്പോൾ അറിഞ്ഞതേയില്ല 😁...

ഞാൻ ചത്തോ ജീവനോടെ ഉണ്ടോ എന്ന് പോലുമുള്ള ബോധം എനിക്ക് ഉണ്ടായിരുന്നില്ല... അവളുടെ പുറത്ത് തന്നെ മുഖം ചേർത്ത് കണ്ണടച്ച് വച്ചിരിക്കുകയായിരുന്നു...

അല്പം കൂടി മുന്നോട്ട് പോയി അവൾ വണ്ടി സൈഡിൽ ഒതുക്കി നിർത്തി...

ഞാൻ വണ്ടി നിർത്തിയതും അറിഞ്ഞില്ല... അവളെ വട്ടം കെട്ടിപിടിച്ചു മുഖം പുറത്ത് അമർത്തി വച്ച് തന്നെ ഇരുന്നു...

മരണമാണ് മുന്നിൽ കണ്ടത്... ആകെ വിറക്കുകയായിരുന്നു ഞാൻ...

"വരുൺ..."

സുന്ദര ശബ്ദത്തിൽ ശാന്തമായ ഒരു വിളി ഞാൻ കേട്ടു...

ആദ്യം കരുതി ഞാൻ ചത്ത് കാണും സ്വർഗ്ഗത്തിൽ കൊണ്ടുപോകാൻ വല്ല മാലാഖയും വന്ന് വിളിക്കുന്നത് ആകുമെന്ന്... ഞാൻ പേടിച്ചു കണ്ണ് തുറക്കാതെ അങ്ങനെ തന്നെ ഇരുന്നു...

വിളിയുടെ ശബ്ദം അല്പം കൂടിയപ്പോൾ മനസ്സിലായി, മാലാഖ അല്ല യക്ഷിയാണെന്ന്, ഞാൻ കണ്ണ് തുറന്നു നോക്കി...

"ഭാഗ്യം... അപ്പോ ചത്തിട്ടില്ല 😇..."

അപ്പോൾ ആണ് പൂതനെയേ കെട്ടിപിടിച്ചു അവളുടെ പുറത്ത് മുഖം പൂഴ്ത്തിയാണ് ഞാൻ ഇരിക്കുന്നത് എന്ന ബോധം വന്നത്...

കണ്ണും മൂക്കുമെല്ലാം നിറഞ്ഞ് ഒഴുക്കുന്നുണ്ട്... കിട്ടിയ ഗ്യാപ്പിൽ ഞാൻ മൂക്കളയും കണ്ണിരുമെല്ലാം അവളുടെ പുറത്ത് തന്നെ തൂത്തിട്ട് നിവർന്നു...

ബൈക്കിൽ നിന്ന് ഞാൻ താഴെ ഇറങ്ങി... അപ്പോളും വിറയൽ നിന്നട്ടില്ല... ചെറുതായി മൂത്രവും പോയിരുന്നു...

"ഭാഗ്യം ഷെഡ്ഢിയിട്ടത്... ഇല്ലേ മൊത്തത്തിൽ നാറിയേനെ

..." ഞാൻ മനസ്സിൽ ആലോചിച്ചു...

"വരുൺ..."

വിളിക്കേട്ട് ഞാൻ അവളുടെ മുഖത്തേക്ക് നോക്കി...

"ഇപ്പോൾ നിനക്ക് സമാധാനമായോ... സ്പീഡിൽ ഓടിക്കാൻ അറിയാത്തത് കൊണ്ടോ പേടിച്ചിട്ടോ ആകില്ല മിക്കവാറും പെണ്ണുങ്ങൾ പതിയെ പോകുന്നത്..."

"ഒരു സ്ത്രീയെ സംബന്ധിച്ചു അവൾക്കു അവളുടെ കുടുംബത്തോട്, ഭർത്താവിനോട്, കുട്ടികളോട് എല്ലാം ഉത്തരവാദിത്തം ഉണ്ടാകും..."

"ഞാൻ ഇല്ലാതെ ആയാൽ അവരുടെ അവസ്ഥ എന്താകും, എന്റെ മക്കളെ ആര് നോക്കും എന്ന ചിന്ത ഉള്ളത് കൊണ്ടാകും അവർ പതിയെ ഓടിക്കുന്നത്... അങ്ങനെ ചിന്തയുള്ള കുടുംബത്തോട് ഉത്തരവാദിത്തമുള്ള പുരുഷന്മാരും ഉണ്ട്..."

"അവരെയും നിങ്ങളെ പോലെയുള്ളവർ പതിയെ പോകുന്ന അമ്മാവൻ എന്നൊക്കെ പറഞ്ഞു കളിയാക്കും..."

"അതിന് രണ്ട് കാരണമുണ്ട്... ഒന്ന് നിനക്കൊന്നും യാതൊരുവിധ ഉത്തരവാദിത്തവുമില്ല..."

"രണ്ടാമത്തെ റീസൺ തിന്നിട്ട് എല്ലിന്റെ ഇടയിൽ കയറുമ്പോളുള്ള സൂക്കേട്... അതിനുള്ള മരുന്നാണ് നിനക്കിപ്പോ കിട്ടിയത്... അത് നീ ഇരന്ന് വാങ്ങിയതാ..."

അവൾ പറഞ്ഞത് എല്ലാം ഞാൻ മിണ്ടാതെ നിന്ന് കേട്ടു...

"അല്ലേലും താൻ എന്ത് മിണ്ടാനാ...അവൾ പറഞ്ഞത് മുഴുവൻ ശരിയാണല്ലോ..." ലവൻ വന്ന് പറഞ്ഞു...

"ആഹാ കറക്റ്റ് സമയത്ത് തന്നെ കെട്ടിയെടുത്തല്ലോ..."

ഞാൻ അങ്ങനെ മിണ്ടാതെ നിന്നപ്പോൾ അവൾ പറഞ്ഞു -

"ഇനി നീ തന്നെ ഓടിച്ചോ വരുൺ... ഇന്നാ ചാവി..."

"വേണ്ട... നീ തന്നെ ഓടിച്ചോ അനു..."

അവൾ എന്നെ ഒന്ന് നോക്കി, എന്നിട്ട് വണ്ടി സ്റ്റാർട്ട് ആക്കി...

ഞാൻ പിന്നിൽ കയറി അവളെ നേരത്തെ ഉള്ളത് പോലെ പിടിച്ചിരുന്നു...

ഞാൻ വണ്ടി ഓടിക്കാതെ ഇരുന്നത് സത്യത്തിൽ അവൾ ഓടിക്കുന്നത് ഇഷ്ടം ആയത് കൊണ്ടൊന്നുമല്ല...

ഒന്നാമതായി ഞാൻ നന്നായി പേടിച്ചിരുന്നു, വിറയലും മാറിയിട്ടില്ല...

രണ്ടാമത് അവളോട് അങ്ങനെ ചേർന്നിരുന്നു ചൂട് പറ്റി യാത്ര ചെയ്യാൻ നല്ല സുഖം തോന്നി...കാര്യം എന്തൊക്കെ ആണേലും ഐ ലവ് മൈ യക്ഷി 😍...

"എന്നാലും എനിക്ക് എന്തിന്റെ കേടായിരുന്നു... വീണ്ടും വീണ്ടും വഴിയിൽക്കൂടി പോകുന്ന പണിയെല്ലാം ചോദിച്ചു വാങ്ങുവാണല്ലോ..."

"ഇപ്പോൾ മനസ്സിലായില്ലേ എല്ലാം തന്റെ കുഴപ്പമാ എന്ന്... ഇത്രയും നാളും സകലതിനും കുറ്റക്കാരൻ ഞാൻ ആയിരുന്നല്ലോ... ഇതിപ്പോ കരഞ്ഞു കൂവി പെടുത്ത് ആകെ നാറ്റക്കേസ് ആക്കിയില്ലേ...🤦‍♂️"

"ഒന്ന് മിണ്ടാണ്ടിരിയഡോ... ഒത്തിരി ഒന്നും പെടുത്തിട്ടില്ല.. ഒരു മൂന്നാല് തുള്ളിയെ പോയിട്ടുള്ളു...😇"

അല്പം കൂടി കഴിഞ്ഞപ്പോളേക്കും ഞങ്ങൾ അടുത്ത ഡെസ്റ്റിനേഷനിൽ എത്തി...

അവളുടെ കുഞ്ഞമ്മയുടെ വീട്... കുഞ്ഞമ്മയുടെ ഭർത്താവും മകനും കുഞ്ഞമ്മയും ഞങ്ങളെ അകത്തേക്ക് ക്ഷണിച്ചു...

ചെന്ന് കയറിയപ്പോളെ ചിക്കൻ ബിരിയാണിയുടെ മണം മൂക്കിൽ അടിച്ചു കയറി ... അപ്പോളാണ് മനസ്സ് ശാന്തമായി, നേരത്തെ നടന്നത് എല്ലാം മനസ്സിൽ നിന്ന് പോയത്...

ഗിഫ്റ്റ് ക്കെ കൊടുത്ത്, അല്പം നേരം സംസാരിച്ച് ഞങ്ങൾ വീണ്ടും പ്രധാന ചടങ്ങിലേക്ക് കടന്നു...

"ഭക്ഷണം കഴിക്കൽ..."

നല്ല ചിക്കൻ ബിരിയാണി തന്നെയാണ് കുഞ്ഞമ്മ ഉണ്ടാക്കിയിരുന്നത്...

കുറച്ച് മുൻപ് സംഭവിച്ച സംഭവ വികാസങ്ങൾ മൂലം നേരത്തെ കഴിച്ചത് ദഹിച്ചിരുന്നു...

അത് കൊണ്ട് ഇവിടെ നിന്നും നന്നായി വെട്ടിക്കയറ്റാനായി...

അവിടെ അല്പം നേരം വിശ്രമിച്ച് അടുത്തിടത്തേക്ക്...

വൈകുന്നേരം ചായ അവളുടെ അമ്മയുടെ കുഞ്ഞമ്മയുടെ വീട്ടിലും രാത്രി ഭക്ഷണം മറ്റൊരു ബന്ധു വീട്ടിൽ നിന്നും കഴിച്ചു ഞങ്ങൾ തിരികെ അവളുടെ വീട്ടിൽ എത്തി...

അപ്പോളേക്കും ഞങ്ങൾ രണ്ടാളും തളർന്നിരുന്നു... തിരികെ വന്ന് ഫ്രഷ് ആയി ഞങ്ങൾ കയറിക്കിടന്ന് ഉറങ്ങി...

പിറ്റേന്നു എന്തായാലും കാർ ഉണ്ടായിരുന്നു... തലേന്ന് ഒരു ദിവസം കൊണ്ട് ബൈക്ക് യാത്ര എനിക്ക് മതിയായിരുന്നു...

അന്നും കുറെ ബന്ധു വീടുകളിലും സുഹൃത്തുക്കളുടെ വീട്ടിലും ചിലവിട്ട് രാത്രി ഞങ്ങൾ വീട്ടിലെത്തി...

പിറ്റേന്ന് ഒരു ദിവസം മുഴുവൻ അവളുടെ വീട്ടിൽ തന്നെ കഴിച്ചു കൂട്ടി...

ഇതിന്റെ ഇടയിൽ, ഇടക്കൊക്കെ യക്ഷി പാവം ആയി സ്നേഹത്തോടെ പെരുമാറും, പക്ഷെ ചെറിയ കാര്യം മതി തനി സ്വരൂപമെടുക്കാൻ...

അതിന്റെ പിറ്റേന്ന് ഞങ്ങൾ എന്റെ വീട്ടിലേക്ക് തിരികെ പുറപ്പെട്ടു...

കാർ ഗേറ്റ് കടന്നപ്പോളേക്കും എവിടുന്നോ പാഞ്ഞു പിടിച്ചു മാതാ ശ്രീ വീടിന് മുൻപിൽ എത്തി... പിതാശ്രീയും തൊട്ട് പിന്നാലെ തൊടിയിലുള്ള **വാഴക്ക് വളമിടുന്നത്** നിർത്തി ഓടിയെത്തി...

ഞാൻ കോളേജിൽ പഠിച്ചിരുന്ന സമയം ഹോസ്റ്റലിൽ നിന്ന് രണ്ട് മൂന്നു മാസം കൂടി വരുമ്പോൾ തിരിഞ്ഞു നോക്കാതിരുന്ന ഐറ്റങ്ങളാണ് ഇപ്പോൾ രണ്ട് ദിവസം മാറി നിന്നിട്ട് മരുമോൾ വന്നപ്പോൾ വർഷങ്ങൾക്ക് ശേഷം ഗൾഫിൽ നിന്ന് വരുന്ന പോലെയുള്ള സ്വീകരണം അവൾക്ക് കൊടുക്കുന്നത്...

കാറിൽ നിന്ന് ഇറങ്ങിയ ഉടനെ അവളുടെ അടുത്ത് വന്ന് കെട്ടിപിടിച്ചു ഉമ്മയൊക്കെ കൊടുത്ത് അവളുടെ ഒരു ബാഗും വാങ്ങി സ്വീകരണ കമ്മറ്റി പ്രസിഡന്റായ അമ്മ അവളെ ആനയിച്ച് അകത്തേക്ക് കൊണ്ട് പോയി...

തൊട്ട് പിന്നാലെ അവളുടെ അടുത്ത ബാഗും പിടിച്ചു കമ്മറ്റി സെക്രട്ടറി അച്ഛനും അകത്തേക്ക് പോയി...

ഞാൻ ബാഗും പിടിച്ചു ഈ പ്രഹസനം എല്ലാം കണ്ട് അവിടെ തന്നെ നിന്നു😒...

"ഇവളുടെ തനിക്കോണം കണ്ടാൽ ഇതുങ്ങൾ തന്നെ ഈ പൂതനെയെടുത്ത് തോട്ടിലിടുമെന്ന് എനിക്കല്ലേ അറിയൂ..."

ആരും നമ്മളെ മൈന്റ് ചെയ്യാനില്ല എന്ന സത്യം മനസ്സിലാക്കി അകത്തേക്ക് കാലെടുത്ത് വക്കാൻ തുടങ്ങിയപ്പോളേക്കും എന്റെ ക്ലിയോ മോൾ ഓടി വന്ന് ദേഹത്തു ചാടി കയറി വാലാട്ടാനും നക്കാനും തുടങ്ങി... വാലാട്ടി കൊണ്ട് ചുറ്റിനും വട്ടം കറങ്ങാനും തുടങ്ങി...

"നമ്മളെ മൈൻഡ് ചെയ്യാനും ആളുണ്ട് 😎... ബാഗ് കൂടി ഇവൾ കൊണ്ട് പോകുമോ 🤔🤔..."

ഞാൻ വാലും ആട്ടി അടുത്ത്  നിന്ന ക്ലിയോയുടെ പുറത്തേക്ക് ബാഗ് വച്ച് നോക്കി...

അവൾ വന്നതിന്റെ ഇരട്ടി സ്പീഡിൽ തിരിച്ച് ഒരു പോക്കും...

"ആഹ്ഹ്...സ്നേഹം മാത്രമെ ഉള്ളല്ലേ.. അപ്പോൾ ബാഗ് ഞാൻ തന്നെ ചുമക്കണം 😥..."

ഞാൻ ബാഗും തൂക്കി അകത്തേക്ക് നടന്നു...

************

പിന്നീടുള്ള ദിവസങ്ങളിൽ എന്റെ ബന്ധുക്കളുടെ വീട്ടിലും വിരുന്നിന് പോകൽ കലാപരിപാടി തുടങ്ങി...

അവിടെയൊക്കെ എനിക്ക് **നല്ല പേരായത്** കൊണ്ട് അവളേം കൊണ്ട് പോകാൻ നല്ല പേടിയുണ്ടായിരുന്നു...

എന്തായാലും വലുതായി തടി കേടാകാതെ രക്ഷപെട്ടു...

അർജുവിന്റേം വിനുവിന്റേം വീട്ടിൽ ഞങ്ങൾ ജസ്റ്റ് ഒന്ന് കയറിയിരുന്നു...

അത്രേം നാളും തെറി വിളിച്ച അവന്റെ അമ്മമ്മ അന്ന് ആദ്യം ആയി സ്നേഹത്തോടെ സംസാരിച്ചു...

"പെണ്ണ് കെട്ടിയതോടെ കൊച്ചു മോനെ ചീത്തയാക്കുന്ന ഐറ്റം ഒഴിഞ്ഞ് പോയി എന്ന് കുഴിലോട്ട് കാലും നീട്ടിയിരിക്കുന്ന തള്ള വിചാരിച് കാണും..."

ബന്ധു വീട്ടിൽ ആയാലും ഫ്രണ്ട്സിന്റെ വീട്ടിൽ ആയാലും ഒന്ന് മാത്രം ഒരുപോലെ ഉണ്ടായിരുന്നു... അവളെ എല്ലാവർക്കും നന്നായി തന്നെ അങ്ങ് ബോധിച്ചു...

ഒർജിനലായി തനി യക്ഷി ആണേലും മറ്റുള്ളവരോടുള്ള അവളുടെ പെരുമാറ്റം ആരെയും ആകർഷിക്കുന്ന തരത്തിലുള്ളതായിരുന്നു...

തത്കാലം ഞാനും അനുവും തമ്മിലുള്ള സംസാരവും മറ്റും ഞാൻ വിനുവിനോടും, അർജുവിനോടും പറഞ്ഞിരുന്നില്ല...

അവളെ പരിചയപ്പെട്ടപ്പോൾ അവന്മാർ പോലും പറഞ്ഞു -

"ഭാഗ്യവാൻ..."😭😭😭

അങ്ങനെ വിരുന്നും യാത്രയും കഴിഞ്ഞ് ഞങ്ങൾ ഒന്ന് റിലാക്സ് ആയപ്പോൾ ആണ് അവളുടെ ഓഫീസിൽ നിന്നും കാൾ വന്നത്...

അവർ ഒരു പാർട്ടി അറേഞ്ച് ചെയ്തിട്ടുണ്ട്, വരുന്ന ഞായറാഴ്ചയിൽ... ഞങ്ങൾക്ക് വേണ്ടി...

അവൾക്ക് അതിനോട് വല്യ താല്പര്യം ഉണ്ടായിരുന്നില്ല എന്ന് എന്നോട് പറഞ്ഞ മുഖഭാവത്തിൽ നിന്നും മനസ്സിലാക്കി...

സംഭവം ഹൈ ക്ലാസ്സ് ആകുമെന്ന് അവളുടെ വിവരണത്തിൽ നിന്നും ഞങ്ങൾക്ക് മനസ്സിലായി...

അതിനാൽ പാർട്ടിക്ക് വേണ്ടിയുള്ള ഡ്രെസ്സും മറ്റും വാങ്ങാൻ അവളും ഞാനും ഒന്നിച്ചു സിറ്റിയിലേക്ക് പോയി...

ഞാൻ പതിവ് പോലെ ബ്ലൂ ജീൻസും ഒരു പർപ്പിൾ ഷർട്ടും എടുത്തിട്ടു... സ്കൈ ബ്ലൂ കളർ ചുരിദാറും വൈറ്റ് ലെഗ്ഗിൻസും വൈറ്റ് ഷാളുമായിരുന്നു അവളുടെ വേഷം...

പ്രമുഖ കടകളിൽ കയറി തുണിത്തരങ്ങളും, ഷൂ, അവൾക് വേണ്ടി കുറെ പേർസണൽ സാധങ്ങൾ, ഫാൻസി സാധങ്ങൾ എല്ലാം വാങ്ങിച്ചു...

ഒരു കടയിൽ അവൾ കയറിയാൽ മണിക്കൂറുകൾ അതും ഇതും നോക്കിയും എടുത്തും ചിലവിടും...

ഞാൻ അത്രയും സമയം പോസ്റ്റ് അടിച്ചു ഫോണിൽ കുത്തിയിരിക്കും..

അവളെ ഒരു കാര്യത്തിൽ സമ്മതിക്കണം, പോകുന്നിടത്തുള്ള സകലമാന ആണുങ്ങളുടെയും തുറിച്ചു നോട്ടം അവളുടെ ദേഹത്തായിരുന്നു... ഇതൊന്നും മൈൻഡ് ചെയ്യാതെ നടക്കുന്നതിൽ അവളെ സമ്മതിക്കാതെ തരമില്ല...

എനിക്കും കിട്ടി കുറച്ച് അസൂയ നിറഞ്ഞ നോട്ടം... പക്ഷെ അത് കിട്ടിയപ്പോൾ ഞാൻ കൃഥാർത്ഥനായി...

"പട്ടിണിയാണേലും ജാഡക്ക് ഒരു കുറവുമില്ല 😁😇..."

അവളുടെ മണിക്കൂറുകൾ നീണ്ട ഷോപ്പിംഗിനു ഇടയിൽ ഒരു അക്ഷരം എതിർത്തു സംസാരിക്കാത്തത് കൊണ്ടോ മറ്റോ ആവും... ആള് ഭയങ്കര ഹാപ്പിയാണ്...

തിരികെ പോകാൻ വണ്ടിയിൽ കയറി സ്റ്റാർട്ട് ചെയ്തപ്പോൾ ആണ് അവളുടെയൊരു ചോദ്യം -

"നമ്മുക്ക് കുറച്ച് സമയം ബീച്ചിൽ പോയി ഇരുന്നാലോ..."

ഞാൻ ഒന്ന് ഞെട്ടി...

"ദൈവമേ... ഇത് എന്റെ പൂതന തന്നെയല്ലേ..."

ഞാൻ നോക്കി കൺഫേം ചെയ്തു അവൾ തന്നെ അല്ലേ എന്ന്... ഇതെന്ത് മറിമായം...

എന്തായാലും അവളെയും കൊണ്ട് കറങ്ങാൻ എനിക്ക് ഇഷ്ടമായിരുന്നത് കൊണ്ട് നോ പറഞ്ഞില്ല...

അവൾ പറഞ്ഞ ബീച്ചേലക്ക് തന്നെ വച്ച് പിടിച്ചു...

അവിടെ അധികം തിരക്കില്ല... മത്സ്യ ബന്ധനത്തിന് പോകുന്ന സ്ഥലം ആണ്...

അധികം ആളുകൾ വരാത്തത് കൊണ്ട് അധികം കടകളും മറ്റുമില്ല... ഒരു കോഫി ആൻഡ് ഐസ് ക്രീം പാർലറുണ്ട് ...

അതിന് മുന്നിലായി മുള കൊണ്ട് നിർമിച്ച പന്തൽ പോലെ ആളുകൾക്ക് ഇരിക്കാൻ സ്ഥലമുണ്ട്...

ചെറിയ ഒരു ടേബിളിനു രണ്ട് വശത്തുമായി ഞങ്ങൾ ഇരുന്ന് കാപുച്ചിനോ കോഫീ പതുക്കെ കുടിക്കാൻ തുടങ്ങി...

അസ്തമയ സമയം ആയിരുന്നു... സൂര്യൻ വൺ സൈഡ് ബുൾസ് ഐയിലെ മഞ്ഞ വെള്ളയിൽ നിൽക്കുന്ന പോലെ ഓറഞ്ച് ചുവപ്പ് കളറിൽ വെള്ള ആകാശത്ത് നിൽപ്പുണ്ട്...

സൂര്യപ്രകാശം വെള്ളത്തിൽ റിഫ്ലക്ട് ചെയ്ത് കണ്ണിൽ അടിച്ചത് കൊണ്ട് കൂടുതൽ നോക്കാൻ ഞാൻ നിന്നില്ല...

പറഞ്ഞു വന്ന സംഭവം മനസ്സിലായല്ലോ, അത് തന്നെ റൊമാന്റിക് മൂഡ്...

"നല്ല ഭംഗിയുണ്ടല്ലേ..." അവൾ കടലിലേക്ക് നോക്കി കൊണ്ട് പറഞ്ഞു...

"അതെ നല്ല **ഫങ്ങിയുണ്ട്**...😒" നോക്കിയാൽ കണ്ണ് മഞ്ഞളിക്കും, അതോണ്ട് ഞാൻ നോക്കാതെ തന്നെ പറഞ്ഞു...

"എന്ത് പറ്റിയോ ആവോ യക്ഷി ഇന്ന് നല്ല മൂടിലാണല്ലോ, ഇന്ന് വെള്ളിയാഴ്ചയാണോ 🤔..."(ഞാൻ മനസ്സിൽ...)

"വരുൺ...ഇത് എന്റെ ഫേവറൈറ്റ് സ്പോട്ടാണ്... ഞാൻ ഇടക്കൊക്കെ വരാറുണ്ട്..."

"എന്നിട്ട് പനയൊന്നും കാണുന്നില്ലല്ലോ 🙄..." (ഞാൻ മനസ്സിൽ...)

"അതെ... അതെ... നല്ല സ്ഥലമാണ്..."

"നോർമൽലി യക്ഷികൾക്ക് കാടല്ലേ പ്രിയം, കടൽത്തീരം ഇഷ്ടമുള്ള യക്ഷി... ആഹ്... കൊള്ളാം..."(മനസ്സിൽ...)

"വരുണിന് അറിയുമോ, എത്ര കണ്ടാലും മടുപ്പ് തോന്നാത്തത് എന്താ എന്ന്,

അത് കടൽ തിരമാലയാണ്..."

"അത് മോള് സുനാമി വരുന്നത് ഒന്ന് കണ്ടാൽ മതി...അത് എങ്ങനെയാ ദുരന്തത്തിന് ദുരന്തവും ഇഷ്ടപ്പെടും..." (മനസ്സിൽ... )

"അതെയോ..." ഞാൻ പറഞ്ഞു...

"ചെഞ്ചായം പൂശിയ ആദിത്യ കിരണങ്ങൾ, കടലിൽ മുങ്ങി താഴ്ന്ന് കൊണ്ട്, രജനിക്കും തിങ്കളിനും വേണ്ടി അരങ്ങൊഴിയുന്നു..." കവിത രൂപേണ അവൾ ചൊല്ലി...

"ഇവൾ ഇത് എന്ത് തേങ്ങയാണോ പറയുന്നത്, ചോവല പെയിന്റടിച്ചു ആദിത്യനും കിരണും കൂടി കടലിൽ മുങ്ങി ചത്ത് ,

രജനിക്ക് തിങ്കളാഴ്ച വരാൻ സ്റ്റേജ് വിട്ടെന്നോ🙄..."

"ഓഹ് മൈ ഗോഡ് സാഹിത്യമായിരുന്നോ... ഇറങ്ങി ഓടിയാലോ 🤯..."

"എനിക്ക് ഇവിടെ വന്ന് ഈ അസ്തമയം കാണുമ്പോൾ അല്പം സാഹിത്യം വരും... ബോർ ആകുന്നുണ്ടോ..."

"ഏയ്യ്..." (ദൈവമേ പെട്ട്, എങ്ങനെയാ ഒന്ന് എസ്കേപ്പ് ആകുക... ഒന്ന് എറിഞ്ഞു നോക്കാം... )

"അച്ഛനും അമ്മയും കാണാതെ വിഷമിക്കും, നമ്മുക്ക് തിരിച്ച് ഇറങ്ങിയാലോ..."

"സാരമില്ല... ഇത്തിരി വൈകും എന്ന് ഞാൻ പറഞ്ഞിരുന്നു... കുറച്ച് നേരം കൂടെ ഇവിടെയിരുന്നു കാര്യം പറയാം..."

"രക്ഷയില്ല, പൂതനക്ക് എന്തോ പറയാൻ ഉണ്ടെന്ന് തോന്നുന്നു... ഇമ്മാതിരി സാഹിത്യം അല്ലേൽ ഇറക്കില്ലല്ലോ 🤥... ഇനി എന്നോട് ഐ ഡബ്ലിയു പറയാനാണോ 🙈🙈... ശൊ എനിച് വയ്യ... മോനെ വീണ്ടും മനസ്സിൽ ലഡ്ഡു പൊട്ടി..."

"ഇത്രയും പൊട്ടാൻ ഇതിനും മാത്രം ലഡ്ഡു തന്റെ മനസ്സിൽ എവിടെയാടോ 🙄..." ലവൻ എഴുന്നള്ളി...

"തന്നെ ബോധിപ്പിക്കണ്ട കാര്യമില്ല... ഒന്ന് പോയെടോ റൊമാന്റിക് മൂഡ് നശിപ്പിക്കാതെ..."

"ഓഹ്... ഞാൻ പോയേക്കാം 😏..."

അവൾ എന്തോ സംസാരിക്കാൻ തുടങ്ങിയപ്പോളാണ് നാല് പേര് പാർലറിലേക്ക് വന്നത്...

അവർ അവൾക് എതിരെയുള്ള ടേബിളിൽ വന്നിരുന്നു...

അവരുടെ ലൂക്കും ഭാവവും അവൾക്ക് അത്ര പിടിച്ചില്ല എന്ന് തോന്നുന്നു...

"നമുക്കിറങ്ങാം..."

അവൾ പറഞ്ഞു...

ഞങ്ങൾ അവിടെ നിന്നും ഇറങ്ങി കാറിന്റെ അടുത്തേക്ക് നടന്നു...

"പാവം പിടിച്ച കുറച്ച് പയ്യന്മാർ... പൂതന പൈങ്കിളി സാഹിത്യ ഫാൻ ആണെന്ന് തോന്നുന്നു..."

"ചായക്കടയിൽ ഒരു ആണും പെണ്ണും ഇരിക്കുമ്പോൾ കുറച്ച് ആണുങ്ങൾ വരും അവർക്ക് ഫ്രീക് ലുക്ക്, പഞ്ചാരയടി, ഫൈറ്റ്... ടൈപ്പിക്കൽ പൈങ്കിളി കഥ സീൻ ആണല്ലോ 😁... ഏത്..."

"എന്തായാലും ദൈവം എന്റെ പ്രാർത്ഥന കേട്ടു... അധികം സാഹിത്യം കേൾക്കാതെ ഞാൻ രക്ഷപ്പെട്ടു..."

തിരിച്ചുള്ള യാത്രക്കിടയിൽ പിന്നെ അധികം സംസാരം ഞങ്ങൾ തമ്മിൽ ഉണ്ടായില്ല...

സാഹിത്യം മലവെള്ള പാച്ചിൽ പോലെ ഒഴുകി വന്നപ്പോൾ അല്ലേ ലവന്മാർ വന്ന് തടയിട്ടത്... പിടിച്ചു കാണില്ല 😂...

രാത്രി 8 മണിയോടെ ഞങ്ങൾ വീട്ടിലെത്തി ഫ്രഷ് ആയി ഭക്ഷണവും കഴിച്ചു കിടന്നു...

മൂന്ന് ദിവസം കഴിഞ്ഞാണ് പാർട്ടി...

അടുത്ത രണ്ട് ദിവസങ്ങൾ വേഗം കടന്ന് പോയി...സൺഡേ വൈകിട്ട് 6 മണിക്കാണ് പാർട്ടി അറേഞ്ച് ചെയ്തേക്കുന്നത്...

ഉച്ച തിരിഞ്ഞു കൃത്യം 3 മണിയോടെ അവൾ പെയിന്റിംഗ് ആൻഡ് ഡെക്കറേഷൻ വർക്കിന് കയറി...

കാശ് ഇഷ്ടം പോലെ ഉള്ളത് കൊണ്ട് പുറത്ത് നിന്ന് പെയിന്റ് പണിക്കാരെ വിളിച്ചു പുട്ടി അടിപിക്കുന്നത് സ്ഥിരം ആണെന്ന് തോന്നുന്നു... ഇന്നും റിസപ്ഷന് വന്ന കോനാം പീച്ചി അമ്മച്ചി കെട്ടിയെടുത്തിട്ടുണ്ട്...

പണി എല്ലാം കഴിഞ്ഞ് വന്നപ്പോൾ 5 മണി കഴിഞ്ഞിരുന്നു...

പണിക്കാരത്തി അമ്മച്ചി കൊള്ളാം... വർക്ക് ഓക്കെ കഴിഞ്ഞ് പുറത്തിറങ്ങിയ അവളെ കണ്ടാൽ എന്താ പറയുക ഒരു ഗ്രീക്ക് ദേവത എന്നൊക്കെ പറയുന്ന ഐറ്റം പോലെയുണ്ട്...

മുടി സ്മൂത്ത് ചെയ്തു തോള് വഴി മുനിലേക്ക് ഇട്ടിരുന്നു... മുഖത്ത് പുട്ടിയും ലിപ്സ്റ്റിക്ക് ഐ ലൈനർ അങ്ങനെ എല്ലാ പണികളും നടത്തിയിട്ടുണ്ട്...

മെറൂൺ കളർ ഫുൾ കൈയുള്ള, താഴെ വരെ എത്തുന്ന അനാർക്കലി ആണ് ഇട്ടിരുന്ന ഡ്രെസ്സ്... അതിന്റെ ദുപ്പട്ട ഒരു പ്രേതക രീതിയിൽ ഇടത്തെ തോളിലും കൈയിലും ഇട്ടിട്ടുണ്ട്...

ആഭരണം എന്ന് പറയാൻ കഴുത്തിൽ ഒരു ഡയമണ്ട് നെക്ക്ളേസ്, കാതിൽ ഡ്രെസ്സിനു മാച്ചിങ് മെറൂൺ കല്ല് വച്ച നീണ്ട കമ്മൽ...

അവൾ ഇറങ്ങിയപ്പോളേക്കും ഞാനും ഒരുങ്ങി ഇറങ്ങിയിരുന്നു...

ഒരു നേവി ബ്ലൂ സ്യുട്ട് ആണ് ഞാൻ ഇട്ടിരുന്നത്...

ഞങ്ങൾ അച്ഛനോടും അമ്മയോടും യാത്ര ചോദിച്ചു ഇറങ്ങി... പാർട്ടി നടക്കുന്നത് പ്രമുഖ റിസോർട്ടിലാണ്...

ഏകദേശം 5.45 ആയപ്പോളേക്കും ഞാൻ റിസോർട്ടിൽ എത്തി...

വണ്ടി പാർക്ക് ചെയ്തു അവളുടെ ഒപ്പം നടന്നു...

അവളുടെ കൂടെ ജോലി ചെയ്യുന്നവർ അറേഞ്ച് ചെയ്ത പാർട്ടി ആയിരുന്നത് കൊണ്ട് അധികം ആളുകൾ ഇല്ല...

കയറി ചെന്നപ്പോൾ തന്നെ അവളുടെ അടുത്ത കുറച്ച് സുഹൃത്തുക്കൾ ഞങ്ങളുടെ അടുത്ത് വന്ന് പരിചയപെട്ടു...

പേര് ചോദിച്ച ശേഷം ആദ്യം എല്ലാവർക്കും അറിയേണ്ടത് ഒന്ന് മാത്രം -

"എന്താ ചെയ്യുന്നത്..."

"വീണ്ടും പെട്ട്... വിവരമില്ലാത്തവർ വല്ലോം ആണേൽ വല്ല സപ്പ്ളിഫിക്കേഷൻ എന്ന് പറഞ്ഞു തടിയൂരമായിരുന്നു... ഇതിപ്പോ 😭..."

ഞാൻ ചാക്കോ മാഷ് എ പ്ലസ് ബി ദി ഹോള് സ്‌ക്വയർ എക്സ്പാൻഷൻ ചോദിച്ചപ്പോൾ തോമാച്ചായൻ പറഞ്ഞ പോലെ ബബബാ അടിക്കാൻ തുടങ്ങിയപ്പോൾ കെട്ടിയോൾ ഇടപെട്ട് രക്ഷപ്പെടുത്തി...

"വരുൺ ബിടെക് കഴിഞ്ഞ് അസിസ്റ്റന്റ് എഞ്ചിനീയർ ആയി ഒരു ഫേമിൽ ആയിരുന്നു.... ഇപ്പോൾ റിസൈൻ ചെയ്തു സിവിൽ സർവീസ് എക്സാമിന് പ്രിപ്പയർ ചെയ്യുന്നു... ആൾക്ക് ഈ കോപ്പറേറ് ലൈഫിലും പ്രിയം സാമൂഹ്യ സേവനമാണ്..."

"വൗ... കേട്ടിട്ട് ഇൻസ്റ്റന്റ് കള്ളം ആണെന്ന് തോന്നുന്നില്ല... പൂതന പ്ലാൻ ചെയ്ത് കാണും... എന്നിട്ട് അത് ബാക്കി ഉള്ളവനും കൂടി പറഞ്ഞ് തന്നുടെ..."

"ആള് ഒന്നും മിണ്ടുന്നില്ലല്ലോ... ഇൻട്രോവേർട്ട് ആണോ... അങ്ങനെയുള്ള ആള് എങ്ങനെയാ ഒരു നല്ല സിവിൽ സെർവന്റ് ആകുന്നത്..." അവളുടെ ഫ്രണ്ട് ഒരുത്തി കമന്റ് അടിച്ചു...

ഞാൻ നമ്മുടെ പതിവ് ശൈലിയിൽ പല്ലിളിച്ചു കാണിച്ചുകൊണ്ട് നിന്നു...

ഏകദേശം 20 പേര് ഉണ്ട്... അവളുടെ ഫ്രണ്ട്സ് ഓരോ ആളുകൾ വന്ന് പരിചയപെട്ട് കൊണ്ടിരുന്നു...

അപ്പോളേക്കും മൈക്കും പിടിച്ചു ഒരാൾ ഡയസിൽ കയറി എന്തൊക്കയോ ഇംഗ്ലീഷിൽ വിളിച്ചു കൂവുന്നുണ്ട്... അത് അവളുടെ ബോസ്സ് ആണെന്ന് അവൾ ചെവിയിൽ പറഞ്ഞു...

എനിക്ക് ആ വട്ടൻ പറഞ്ഞത് ഒന്നും മനസ്സിലായില്ല എങ്കിലും അതീവ ശ്രദ്ധ കൊടുക്കുന്ന പോലെ നോക്കി നിന്ന് എക്സ്പ്രഷൻ ഇട്ടു പ്രോഹാത്സാഹിപ്പിച്ചു...

അങ്ങേര് ഞങ്ങളെ അങ്ങോട്ട് ക്ഷണിച്ചു... എനിക്ക് പണ്ടേ ഈ സ്റ്റേജിൽ കയറിയുള്ള പെർഫോമൻസിൽ വല്യ താല്പര്യം ഇല്ലാത്തോണ്ട് ഞാൻ മടിച്ചു എങ്കിലും വേറെ നിവർത്തി ഇല്ലാത്തത് കൊണ്ട് ഞങ്ങൾ ഒന്നിച്ചു സ്റ്റേജിൽ കയറി...

അങ്ങേര് എന്റെയും അവളുടെയും കൈ പിടിച്ചു കുലുക്കി പരിചയപ്പെട്ടു വിഷസ് അറിയിച്ചു...

കുറച്ച് നേരം കൂടി എന്തൊക്കയോ ഡയലോഗ് അടിച്ചു അങ്ങേരു മൈക് എടുത്ത് എന്റെ കയ്യിൽ തന്നു,

"ഇന്ന് ആരെയാണോ കണി കണ്ടത്... വീണ്ടും കുടിങ്ങിയല്ലോ... പഠിച്ചിരുന്ന സമയം സെമിനാറിനു പവർപോയിന്റ് നോക്കി വായിച്ചതാണ് ഇംഗ്ലീഷിൽ സ്റ്റേജിൽ കയറി പ്രസംഗിച്ച ആകെ അനുഭവം..."

"ആഹ്... എന്തായാലും നനഞ്ഞു... ഇനി കുളിച്ച് കയറാം..."

ഞാൻ സംസാരിച്ചു തുടങ്ങി -

"ഹലോ... ഗുഡ്... ഈവെനിംഗ് എവെരി ബോഡി... ഐ ആം...വരുൺ... നൈസ് ടു... മീറ്റ്... യു..."

അത്രയും പരിചയം ഇല്ലാത്ത വക്തികളുടെ മുന്നിൽ ആദ്യമായി സ്റ്റേജിൽ നിന്നുള്ള പ്രസംഗം തുടങ്ങിയപ്പോൾ പേടി കൊണ്ട് ഞാൻ ആകെ വിക്കാനും വിറക്കാനും തുടങ്ങി... പാണ്ടി പടയിലെ കറുപ്പയ്യ സാമിയെ പോലെ തപ്പി തപ്പി സംസാരിക്കുന്നതിന്റെ ഇടക്ക് ഞാൻ അവളുടെ മുഖത്തേക്ക് ഒന്ന് നോക്കി... തന്തപ്പടി "ഐ ആം ഫൈന്, താങ്ക്സ്..." എന്ന് പറഞ്ഞപ്പോൾ നവ്യാനായരുടെ മുഖം ഐസ് ആയത് പോലെയുണ്ട് അത്.. .അതുടെ കണ്ട് എന്റെ ഉള്ള ഗ്യാസ് കൂടി പോയി...

"മിക്കവാറും ശവം ഇന്ന് വലിച്ചു കീറും എന്നെ 😭😭😭..."

എന്തായാലും അത്രയുമെ പറയണ്ട വന്നോള്ളു... പെട്ടന്ന് ശടപടെ എന്ന് എന്തോ വീഴുന്ന ശബ്ദം കേട്ട് എല്ലാവരുടെയും ശ്രദ്ധ അങ്ങോട്ട് പോയി...

ഞാൻ ആ കാഴ്ച കണ്ട് മൈക് അവിടെ വച്ച് അങ്ങോട്ടേക്ക് ഓടി...

ആരോ വീണ ശബ്ദം ആണ് കേട്ടത്... ഞാൻ കിട്ടിയ അവസരം അവിടെ നിന്നും എസ്കേപ്പ് ആക്കാൻ മുതലാക്കിയതാണ്...

അടുത്ത് ചെന്നപ്പോൾ ഒരു പെൺകുട്ടി വീണ് കിടക്കുന്നത് ആണ് കണ്ടത്...

പച്ച കളർ ഡ്രെസ്സും ബ്ലാക്ക് തട്ടവുമിട്ട ഒരു കുട്ടി...

അവളെ ദൈവം തമ്പുരാനായി വീഴ്ത്തിയത് ആണെന്ന് തോന്നിപ്പോയി...

പക്ഷെ ഹൈ ഹീൽസിന്റ ഹീൽ, റിസോർട്ടിലെ പൈപ്പ് പോകുന്ന ഓട പോലെയുള്ള കുഴിയുടെ ഗ്രില്ലിൽ കുടുങ്ങിയത് ആയിരുന്നു...

അവൾ ഞാൻ അടുത്ത് ചെന്നപ്പോൾ എന്റെ മുഖത്തേക്ക് നോക്കി പല്ല്മുപ്പത്തി രണ്ടും കാണിച്ചു വളിച്ച ഒരു ചിരി പാസ്സാക്കി...

അവളെ ഞാൻ കൈ പിടിച്ചു എണീപ്പിച്ചു... എണിറ്റു വീണ്ടും നടക്കാൻ തുടങ്ങിയപ്പോൾ അവൾ വീണ്ടും മൂക്കും കുത്തി താഴെ...

ഗ്രില്ലിൽ സ്റ്റക്ക് ആയ ചെരുപ്പ് അതിൽ നിന്നും ഊരാൻ ആള് മറന്ന് പോയി...

അതൊക്കെ കണ്ടപ്പോളെ മനസ്സിലായി ഇവളൊരു കിളിപോയ ഐറ്റം ആണെന്ന്...

ചെരുപ്പ് നല്ല രീതിയിൽ തന്നെ സ്റ്റക്ക് ആയിരുന്നത് കൊണ്ട് അവൾ പിടിച്ചു വലിച്ചു നോക്കിയിട്ടും ഊരി വന്നില്ല...

"ലവിടുന്ന് മുങ്ങാൻ ഓടിയത് ആണെന്ന് നമുക്ക് അല്ലേ അറിയൂ... അത് കൊണ്ട് ഈ വിവരദോഷിയെ സഹായിച്ചല്ലേ പറ്റു... "

അങ്ങനെ ഞാനും അവളുടെ വലത് കാലിൽ പിടിച്ചു വലിയായി...പക്ഷെ എവിടെ ഊരി വരാൻ...

"ആഹാ നമ്മളോടാ കളി... ഇന്ന് വലിച്ചൂരി എടുത്തിട്ടേ ബാക്കി കാര്യമുള്ളു..."

ലാസ്റ്റിൽ സർവ്വ ശക്തിയുമെടുത്തു ഞാനും അവളും കൂടി കാലിൽ പിടിച്ചു വലിച്ചു...

ഭാഗ്യത്തിന് കൂടുതൽ ഒന്നും പറ്റിയില്ല...

ചെരുപ്പ് അങ്ങ് പൊട്ടി ഗ്രില്ലിൽ തന്നെ കുടിങ്ങിയിരുന്നു...ഞാനും അവളും പിന്നോട്ട് കുണ്ടിയും കുത്തി ഒരു വീഴ്ചയും...

ബാക്കി അതും നോക്കി നിന്ന സകലമാന എണ്ണവും ഇതെല്ലാം കണ്ട് പൂരച്ചിരിയും... സുഭാഷ്...

"പട പേടിച്ചു പന്തളത്ത് ചെന്നപ്പോൾ അവിടെ ചുട്ടും കെട്ടി പട എന്ന അവസ്ഥ..."

പ്രസംഗം നടത്തി നാറിയപ്പോൾ അവിടുന്ന് എസ്കേപ്പ് ആകാൻ ആണ് ഈ നരന്ത് പെണ്ണിന്റെ വീഴ്ച കണ്ട് ഓടി വന്നത്...

എന്നിട്ട് ഇപ്പോൾ ഞാനും നാറി, അവളും നാറി മൊത്തത്തിൽ നാറി...കൂടെ നടുവും പോയി 😭😭😭...

എല്ലാവരും അപ്പോളേക്കും അവിടേക്ക് എത്തി... ഒപ്പം പുതനയും...

ഞാൻ അവളെയൊന്ന് പാളി നോക്കി ...

മുഖം ഒക്കെ ചുവന്നു തുടുത്തു നല്ല ആപ്പിൾ പരുവം ആയിട്ടുണ്ട്...ഉണ്ടക്കണ്ണ് കൊണ്ട് രൂക്ഷമായുള്ള നോട്ടം എന്റെ നേരെ തന്നെ...

"മോനെ പൊളിച്ചു... നടുവും തല്ലി വീണ് നീ നാറിയാൽ എന്താ... പൂതനയും മൊത്തത്തിൽ നാറി അവള്ടെ കൊമ്പ് ഒടിഞ്ഞിട്ടുണ്ട്... സുഭാഷ് ബേട്ടാ... "

"പോടാ മനസാക്ഷി തെണ്ടി... എന്റെ ബാക്കി ഉള്ള നടു കൂടെ പൂതനയിന്ന് ചവിട്ടി ഒടിക്കും 😭😭..."

"വരുൺ... ആർ യു ഓക്കേ..."

ഏതോ ഒരു അലവലാതി വന്ന് കൈ തന്ന് എണീപ്പിച്ചു...

"ആ ഇപ്പോൾ ഒരുവിധം ഓക്കേ ആണ്, നാളെ രാവിലെ ആകുമ്പോളേക്കും ലവൾ എന്നെ ഒടിച്ചു മടക്കി പെട്ടിയിലാക്കും... 😭"

"എസ്... ഐ ആം ഓക്കേ...താങ്ക്സ്..." ഞാൻ ഇല്ലാത്ത ഗൗരവം ഉണ്ടാക്കി തട്ടി വിട്ടു...

മറ്റേ വീണ പെണ്ണ് ആണേൽ ചെരുപ്പും എന്നെയും മാറി മാറി നോക്കുന്നുണ്ട്...

കുറെ പെണ്ണുങ്ങൾ ചെന്ന് അവളെയും താങ്ങി പിടിച്ച് എണീപ്പിച്ചു...

സുഖ വിവരം ഒക്കെ തിരക്കി എല്ലാരും തിരിച്ചു പോയി...

ആ വീണ പെണ്ണും ഞാനും അനുപമയും മാത്രം അവിടെ നിന്നു...

"അനു... ഇതാണോ നിന്റെ ഹസ്ബൻഡ്..."

"ആഹ്... അങ്ങനെ പറ്റിപ്പോയി..."

ഓഹ് തളർത്തി കളഞ്ഞു പിശാശ്...😑

"ഒന്ന് പോടീ തമാശ പറയതെ...ഹി ഈസ് സൊ ക്യൂട്ട്... ഹായ് ഐ ആം ഷാന..."

അവൾ എന്റെ നേരെ കൈ നീട്ടികൊണ്ട് പറഞ്ഞു...

"ഹായ്... ഐ ആം വരുൺ...ബൈ ദി വേ പറ്റിയത് എനിക്കാ..."

ഞാൻ അവളെ നോക്കി ചിരിച്ച് കൊണ്ട് പറഞ്ഞു...അങ്ങനെ വിട്ട് കൊടുക്കാൻ എനിക്കും പ്ലാൻ ഇല്ല... ആഹാ...

പൂതന അത് കേട്ട് തീപാറുന്ന ഒരു നോട്ടമെന്നേ നോക്കി... എന്തായാലും ഇനി വരുന്നിടത്തു വച്ച് കാണം എന്നത് കൊണ്ട് ഞാനും വിട്ട് കൊടുത്തില്ല... ഞാനും തിരികെ തുറിച്ചു ഒരു നോട്ടം നോക്കി...

"മോനെ... ഇപ്പൊ ശരിക്കും തീ പാറി 🔥🔥...ബാഹുബലി ക്ലൈമാക്സ് മാറി നിൽക്കുന്ന നോട്ടം 🔥🔥..."

"അല്ല പിന്നെ... വേണ്ട വേണ്ട എന്ന് വെക്കുമ്പോൾ അവൾ തലയിൽ കയറിയിരുന്നു നിരങ്ങുവാ... ഇനി നോ വിട്ട് വീഴ്ച്ച...ഒരുങ്ങിക്കോ മാണിക്കവുമായുള്ള അങ്കത്തിന് 😎..."

"നിങ്ങൾ രണ്ടാളും എന്താ ഇങ്ങനെ തുറിച്ചു നോക്കി നിക്കുന്നത്... കൂളായിക്കെ..."

ഞങ്ങൾ നോട്ടം പിൻവലിച്ചു...പിന്നെ ഒന്നും മിണ്ടാതെ മുഖം വെട്ടി തിരിച്ചു ഞങ്ങൾ ബാക്കി ഉള്ളവരുടെ അടുത്തേക്ക് നടന്നു...

ഷാനയും അനുവും ഒന്നിച്ച് എന്റെ മുന്നിൽ നടന്നു ...

താത്ത ഒറ്റകാലിൽ ചെരുപ്പുമിട്ട് "തത്തൊ പുത്തോ തത്തൊ പുത്തോ..." എന്നാണ് നടപ്പ്...

ഇടക്ക് വച്ച് ആരേലും ശ്രദ്ധിച്ചോ എന്ന് നോക്കി മറ്റേ കാലിൽ ഉള്ള ചെരുപ്പ് കൂടി ഊരി കളഞ്ഞു ഒന്നും അറിയാത്ത പോലെ അവൾ കൂൾ ആയി നടന്നു...

"ഇവളൊരു കൊടൂര ലൂസ് ഐറ്റം തന്നെ...ഇമ്മാതിരി ഒരെണ്ണത്തിനെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല..."

ഞാനും അവർക്ക് പിന്നാലെ നടന്നു...

എന്തായാലും അവളുടെ പ്രാന്തൻ ബോസ്സ് എന്റെ പെർഫോമൻസ് കണ്ട് ഞെട്ടിയിട്ടോ മറ്റോ പിന്നെ എന്നെ ആ വഴിക്ക് വിളിച്ചില്ല 😇...

കുരിശ് കണ്ട പിശാശ് പോലെ പൂതന എന്റെ അടുത്തേക്ക് വന്നതുമില്ല...

ഞാൻ അങ്ങനെ ഓരോന്ന് ഓർത്ത് നിന്നപ്പോൾ ആണ് അവളുടെ കൂടെ വർക്ക് ചെയ്യുന്ന കുറച്ച് ചെറുപ്പക്കാർ എന്റെ അടുത്തേക്ക് വന്നത്...എല്ലാത്തിന്റെയും മുഖത്ത് ഒരു പുച്ഛവും കളിയാക്കുന്ന ചിരിയുമുണ്ട്...

അവർ എന്റെ ചുറ്റിലുമായി നിന്നു... അതിൽ ഒരുത്തൻ ആദ്യം ചോദിച്ചു -

"ഹായ് വരുൺ... എന്ത് പറ്റി സ്റ്റേജ് ഫിയർ ആയിരുന്നോ..."

"ഓഹ്... ആൻസ്പെക്ടഡ് ആയിട്ട് പറഞ്ഞപ്പോൾ ചെറിയ കൺഫ്യൂഷൻ..."

"ആൻസ്പെക്ടഡ് ആയി കല്യാണം കഴിച്ച ആളല്ലെടോ താൻ... എന്നിട്ടാണോ ഇത്... ഹ.. ഹഹാ..." വേറെ ഒരു കോന്തൻ ഊള കോമഡി പറഞ്ഞു കളിയാക്കിക്കൊണ്ട് ചിരിച്ചു ...

ഞാൻ അത് കേട്ട് ജസ്റ്റ് ഒന്ന് ചിരിച്ചു...അപ്പോൾ വേറെ ഒരുത്തൻ...

"സത്യം പറഞ്ഞാൽ ഇവിടെ ഉള്ള ഞങ്ങൾക്ക് എല്ലാം അനുപമയോട് ഇത്തിരി ക്രഷ് ഉണ്ടായിരുന്നു... ബട്ട് തനിക്കാണ് ലോട്ടറി അടിച്ചത്... യു ലക്കി മാൻ..."

"അപ്പോ അതാണ് സംഭവം...ഈ പൊങ്ങന്മാർക്ക് പൂതനയുമായി ലൈൻ വലിക്കാൻ ഉള്ള പ്ലാനിലാണ് ഞാൻ കത്തി വച്ചത്...അപ്പോൾ അതിന്റെ ചൊരുക്ക് തീർക്കാൻ ഇറങ്ങിയതാ അണ്ണന്മാർ..."

"എങ്കിൽ ഇന്ന് ഇവന്മാരുടെ മുറിവിൽ മുളക് പൊടി വാരി ഇട്ടിട്ടു തന്നെ കാര്യം 😁..."

"പിന്നല്ലാതെ... അനു പൊളിയല്ലേ..."

"അവൾ രാവിലെ എണിറ്റു ആദ്യം ചെയുന്നത് എന്താ എന്നോ... " ഞാൻ അവന്മാരെ നോക്കി ചോദിച്ചു...

"എന്താ..."

"എണീറ്റാൽ ആദ്യം എന്റെ കാല് തൊട്ടു തൊഴും... എന്നിട്ടു എനിക്ക് കൃത്യം സമയത്ത് ബെഡ് കോഫി.... ഞാൻ കഴിച്ചിട്ട് ആ പ്ലേറ്റിൽ മാത്രമേ ഭക്ഷണം പോലും കഴിക്കു..."

"എത്ര തിരക്ക് ആയാലും എനിക്ക് വേണ്ടി അവൾ വച്ചുണ്ടാക്കും... ഞാൻ എന്തേലും സ്പെഷ്യൽ ആയി വേണം എന്ന് പറഞ്ഞാൽ മതി... അടുത്ത നിമിഷം ഉണ്ടാക്കി തരും..."

"ഞാൻ എന്ന് വച്ചാൽ അവൾക്ക് ജീവനാ... ദൈവത്തെ പോലെ..."

"എന്നെ വീട്ടിൽ അവൾ വിളിക്കുന്നത് എന്താ എന്നോ... "വരൂ" എന്ന്... "

"നിങ്ങക്ക് ഒരു സംഭവം അറിയുമോ... ഞാൻ ഒരു വാ വാരി കൊടുക്കണം എന്ന് വാശിയാണ് അവൾക്... ഇല്ലേ കഴിക്കില്ല പെണ്ണ്...പുറത്തൊക്കെ വച്ച് ഇത് വല്ലോം ചെയ്യാൻ ആകുമോ... നാണക്കേട് അല്ലേ... പക്ഷെ പെണ്ണിന് നിർബന്ധം ആണ്...ഹു.. ഹ്ഹു..."

"ഞാൻ കുളിച്ചിട്ടു വന്നാൽ തല തുവർത്തി രാസ്നാദി പൊടി ഇട്ട് തരും... "

"ചൂട് വെള്ളത്തിലെ കുളിക്കാൻ സമ്മതിക്കു..."

"എന്റെ തുണി വാഷിംഗ് മെഷീനിൽ ഇടില്ല... അവൾ കൈ കൊണ്ട് തന്നെ കഴുകും... എന്നിട്ട് തേച്ച് മടക്കി വക്കും..."

"മറ്റേ ഒരു സംഭവം ഉണ്ടല്ലോ... എന്താരുന്നു...നാവിൻ തുമ്പത്തുണ്ട്...ശ്ശോ... മറ്റേ കിടപ്പറയിൽ വേശ്യ എന്നൊക്കെ പറഞ്ഞേ..."

"സ്നേഹത്തിൽ അമ്മയും, പരിചരണത്തിൽ ദാസിയും, കിടപ്പറയിൽ വേശ്യയും പോലെ എന്നത് ആണോ..."

"ആഹ്... അത് തന്നെ... അതാണവൾ ഐറ്റം...ഡെയിലി രാവിലെ എണിറ്റു പൂമുഖ വാതിക്കൽ എന്ന പാട്ട് രണ്ട് തവണ ഇട്ട് ഞാൻ കേൾക്കും... എന്നിട്ട് അവളെ ഒന്ന് നോക്കും...എന്നിട്ടു അവളെ ഓർത്ത് അത് ഒന്ന് പാടും...അവളെക്കുറിച്ച് തന്നെ എഴുതിയതാ അതെന്ന തോന്നുന്നത്..."

"പൂമുഖ വാതിക്കൽ ചൂലും കൊണ്ട് നിക്കുന്ന പൂതനയാകുന്നു ഭാര്യ... അതല്ലേടോ താൻ പാടിയത്... എന്നിട്ടു ഇപ്പോൾ എന്ത് തള്ളാടോ... " ലവൻ എഴുന്നള്ളി പറഞ്ഞു...

"തന്നെ ഇപ്പോൾ ആരേലും ഇങ്ങോട്ട് വിളിച്ചോ മിച്ചർ... ഇവന്മാർക്ക് ഇതിന്റെ ആവശ്യമുണ്ട്...താൻ തന്റെ കാര്യം നോക്കിപ്പോയെ..."

"എന്നാലും ഒരു മയത്തിലൊക്കെ... ഇതിപ്പോ ഐഎസ്ആർഒ റോക്കറ്റ് വിടുമ്പോൾ തന്നെ വിളിച്ചാൽ മതിയല്ലോ തള്ളി വിടാനായി..."

"നിന്ന് ചളിയടിക്കാതെ പോടോ...ബ്ലഡി മനസ്സാക്ഷി..."

എന്റെ തള്ള് നന്നായി ഏറ്റിരുന്നു... ലവൻമാരുടെ പുച്ഛം നോട്ടം മാറി അസൂയ നിറഞ്ഞ നോട്ടം ആയി...

"നമ്മളെകൊണ്ട് ഇത്രയൊക്കെയേ പറ്റു 😎..."

ഉടനെ ആണ് കൂട്ടത്തിൽ ഒരു ദുരന്തൻ അടുത്ത പണി തന്നത്...

"വരുൺ ഇപ്പോൾ സിവിൽ സർവീസിന് പ്രിപയർ ചെയുവാണല്ലേ... അതിൽ ഏതിനോട താല്പര്യം കൂടുതൽ..."

"ദൈവമേ പെട്ട്... ഐഎഎസും ഐപിഎസ് അല്ലാതെ വേറെ വല്ലോം ഉണ്ടോ... ഐഎഎസ് തട്ടി വിടാം..."

"ഐഎഎസ് ആണ് എനിക്ക് ഇന്ട്രെസ്റ്റ്..."

"വൗ... എന്റെ ബ്രദർ എക്സമിനു തയ്യാർ എടുക്കുന്നുണ്ട്... വരുൺ എവിടെയാ കോച്ചിങ്..."

"ശ്ശോ... ഒരു റസ്റ്റ് തരില്ലേ തെണ്ടികൾ🤦‍♂️...ഇനി ഇപ്പോ എന്താ തട്ടി വിടുക..."

"എന്താ വരുൺ കോച്ചിങ്ങിനു പോകുന്നില്ലേ..."

"അതെ... ഞാൻ സെൽഫ് സ്റ്റഡി ആണ്..."

"ആണോ... കോച്ചിങ്ങിന് പോകുന്നതല്ലേ നല്ലത്... ആട്ടെ...വരുൺ ഏതൊക്കെ ബുക്ക് ആണ് റെഫർ ചെയുന്നത്..."

"ഈശ്വരാ... ഇവന്മാർക്ക് മതിയായില്ലേ😭...ഇനി ഒറ്റ വഴിയേ ഉള്ളു...എന്റെ എഞ്ചിനീയറിംഗ് ദൈവങ്ങളെ കാത്തോളണേ... 🙏"

"ആർ കേ ബൻസാൽ, ബിസ് ഗ്രേവാൾ ... ഇവരുടെ മെറ്റീരിയൽസ് ആണ് മെയിൻ... കൂടാതെ പികെ നാഗും...അനു എനിക്ക് വേണ്ടി വെയിറ്റ് ചെയ്യുവാ എന്ന് തോന്നുന്നു... പിന്നെ കണാമേ..."

"ഉള്ള ഗ്യാപ്പിൽ കുറച്ച് എഞ്ചിനീയറിംഗ് ടെക്സ്റ്റ് ബുക്സ് ഒതറിന്റെ പേരും തട്ടി വിട്ട് ഞാൻ സ്കൂട്ടായി..."

"ഇത് വരെ ഈ തടിച്ച പുസ്തകങ്ങൾ കൊണ്ട് ഒരു ഗുണവും ഉണ്ടായിട്ടില്ലേലും ഇന്നാദ്യമായി ഗുണമുണ്ടായി... എന്റെ എഞ്ചിനീയറിംഗ് ദൈവങ്ങൾ കാത്ത് 🙏😍..."

എന്നെ മൈൻഡ് ചെയ്തില്ലേലും ഇനി അവളുടെ അടുത്ത് ചുറ്റിപ്പറ്റി നിൽക്കാൻ ഞാൻ തീരുമാനിച്ചു...

അത് അവളോടുള്ള സ്നേഹം കൊണ്ടൊന്നുമല്ല...

ഞാൻ ഇവിടെ വച്ച് നാറുന്നത് ഏറ്റവും നാണക്കേട് അവൾക്കായത് കൊണ്ട്... ഞാൻ നാറാതെ എങ്ങനെയെങ്കിലും അവള് തന്നെ നോക്കിക്കോളും എന്ന് ഉറപ്പുള്ളതു കൊണ്ടായിരുന്നു...

അപ്പോളേക്കും ഭക്ഷണം കഴിക്കാനുള്ള സമയം ആയി...

നല്ല കിടിലൻ ബുഫെ സെറ്റപ്പ്...കോഴി, താറാവ്, മീൻ മുതലായ മിക്കവാറും ഐറ്റംസ് ഉണ്ട്... ഫ്രൈഡ് റൈസും...

എല്ലാവരും കഴിക്കാൻ പ്ലേറ്റിൽ സാധനം ഓക്കെ എടുത്ത് വന്നിരുന്നു...

ബുഫെയിൽ ഞാൻ ആദ്യം ആയിട്ട് പങ്കെടുക്കുകയായിരുന്നു...അത് കൊണ്ട് ഞാനും അനുവിന്റെ കൂടെ പോയി അവൾ ചെയ്യുന്നത് പോലെ എല്ലാം വാരി എടുത്ത് വന്നു...

അവൾ ഒരു ടേബിളിൽ വന്നിരുന്നു സ്പൂണും ഫോർക്കും ഉപയോഗിച്ച് കഴിക്കാൻ തുടങ്ങി...

ഞാൻ നോക്കിയപ്പോൾ സകലമാന എണ്ണവും അത് തന്നെയാ...

എന്തായാലും ഞാനും അതും എടുത്ത് വന്ന് ഇരുന്ന് കഴിക്കാൻ നോക്കി...

ഈ കോഴിയും താറാവും ഓക്കെ എങ്ങനെ ഇത് വച്ച് തിന്നാനാ... കുടുങ്ങിയല്ലോ കർത്താവേ...

അവൾ എന്നെ മൈൻഡ് പോലും ചെയ്യാതിരുന്ന് വെട്ടിവിഴുങ്ങുന്നുണ്ട്...

ഒരുതവണ അവൾ ചെയ്യുന്നത് നോക്കി കഴിക്കാൻ ശ്രമിച്ചു... എവിടെ നമ്മളെക്കൊണ്ട് ഇത് വല്ലോം നടക്കുമൊ...

ഞാൻ നൈസായി കൈകൊണ്ട് കഴിക്കാൻ നോക്കിയപ്പോൾ അവൾ വീണ്ടും ചുഴിഞ്ഞൊരു നോട്ടം നോക്കി, കണ്ണുകൊണ്ട് സ്പൂണിലും ഫോർക്കിലേക്കും ചൂണ്ടി...

ഞാൻ വീണ്ടും അങ്കം വെട്ടാൻ പോകുന്ന ചേകവർ വാളും പരിചയും പിടിക്കുന്നതുപോലെ ഒരു കൈയിൽ സ്പൂണും മറ്റേ കൈയിൽ ഫോർക്കുമായി ഭക്ഷണത്തിലേക്ക് നോക്കി...

വീണ്ടും ഭക്ഷണം ആയുള്ള അങ്കം തുടങ്ങി...അതിന്റെ ഇടയിൽ സ്പൂൺ കൊണ്ട് മുറിക്കാൻ നോക്കിയാപ്പോൾ ഒരു കോഴി കഷ്ണം നേരെ തെറിച്ചു അടുത്ത ടേബിളിൽ ഇരുന്ന ഷാന താത്തയുടെ പ്ലേറ്റിൽ...

ഭാഗ്യത്തിന് അവൾ അത് കണ്ടില്ല... മാത്രമല്ല കൃത്യം അത് തന്നെ എടുത്ത് കഴിക്കാനും തുടങ്ങി...

ഞാൻ ഒന്നും അറിയാത്ത പോലെ വീണ്ടും അങ്കം തുടർന്നു...

വാളും പരിചയും കുട്ടി മുട്ടുന്ന പോലെയുള്ള ശബ്ദം സ്പൂൺ പ്ലേറ്റിൽ തട്ടുമ്പോൾ ഉണ്ടാവുന്നുണ്ട്... ശബ്ദം കേൾക്കുമ്പോൾ ലവൾ നോക്കി കണ്ണുരുട്ടും...

ഈ പെണ്ണുങ്ങൾ എന്താ ഇങ്ങനെ... ഫുൾ ടൈം കണ്ണുരുട്ടി പേടിപ്പിക്കൽ തന്നെ...

അങ്ങനെ ഏറെ നേരം പിടിച്ചു നിൽക്കാൻ കഴിയാതെ ഞാൻ തോൽവി സമ്മതിച്ചു...

ആദ്യമായി...ജീവിതത്തിൽ ആദ്യമായി കോടൂര വിശപ്പ് ഉണ്ടായിട്ടു പോലും, കഴിക്കാൻ എടുത്ത ഭക്ഷണം കൊണ്ട് വേസ്റ്റിൽ തട്ടേണ്ട അവസ്ഥ വന്നു😭😭😭...ശോ ഷാഡ് 😭...

ഭക്ഷണം കഴിഞ്ഞ് അല്പനേരം കൂടി അവിടെ ചിലവിട്ട് ഞങ്ങൾ തിരികെ യാത്രയായി...

പൂതനയുടെ മുഖം കടന്നൽ കുത്തിയത് പോലെയുണ്ട്... ഒന്നും മിണ്ടാതെ ഇമവെട്ടാതെ മുന്നോട്ടും നോക്കി ഇരിക്കുന്നുണ്ട് ആള്...

കുറെ നേരം കഴിഞ്ഞ് ഞാൻ ചോദിച്ചു -

"എന്താ അനു നിന്റെ മുഖം വാടിയിരിക്കുന്നത് ..."

ചോദ്യം തീർന്നതും ഉണ്ടക്കണ്ണുരുട്ടി ദേഷ്യത്തോടെ ഒരു നോട്ടം...

"നീ എന്തുവാ കുറെ തവണ ആയല്ലോ എന്നെ ഇങ്ങനെ നോക്കി പേടിപ്പിക്കാൻ തുടങ്ങിയിട്ട്...ഞാൻ എന്ത് ചെയ്തു..."

"എന്ത് ചെയ്തു എന്നോ... ഇതിൽ കൂടുതൽ ഇനിയെന്ത് ചെയ്യാനാ... മനുഷ്യനെ നാണം കെടുത്തി തൊലിഉരിച്ചില്ലേ..."

ആഹാ... കുറ്റപ്പെടുത്തുന്നോ... ബ്ലഡി ഫൂൾ...

"ഞാൻ എപ്പോ നാണം കെടുത്തി നിന്നെ 😁..."

"എന്താരുന്നു മോന്റെ ഇംഗ്ലീഷ് പ്രസംഗം...ഒന്നുമില്ലേലും നീ ബിടെക്കിന് അല്ലേ പഠിച്ചത്... എന്നിട്ട് നാലക്ഷരം ഇംഗ്ലീഷിൽ സംസാരിക്കാൻ നിനക്കറിയില്ലേ..."

"ബിടെക് എന്നാൽ ഇംഗ്ലീഷ് പ്രസംഗ മത്സരം ആണെന്ന് നിന്നോട് ആരാടി പറഞ്ഞത്..."

"വരുൺ വേസസ് പൂതന ആൻഡ് വരുൺ ഓൺ ഫയർ... 🔥" മനസ്സാക്ഷി ചിയർ ഗേൾ കോസ്റ്റ്യൂമ് ഇട്ട് വന്നു പറഞ്ഞു...

"ഒന്ന് പോയെടാ നാറി...അവന്റെ ഒരു കൊണവധിയാരം..."

"പ്രസംഗിക്കാൻ ഒന്നും ആരും പറഞ്ഞില്ല... സ്വന്തം പേര് പറയുമ്പോൾ വരെ വിക്കും വിറയലും...അത് പോട്ടെ... നീ എന്തിനാ ഷാന വീണത് കണ്ട് അങ്ങോട്ട് ഓടിയത്..."

"അത് പിന്നെ ഒരാൾ വീഴുന്നത് കണ്ടാൽ മനസാക്ഷി ഉള്ളവർ സഹായിക്കും..."

"എന്നെ വിളിച്ചോ... 🙄"

"ഇറങ്ങി പോടാ തെണ്ടി..."

"ഞാൻ പോണ്..."

"അയ്യോ ഭയങ്കര മനുഷ്യത്വം... ഡാ നിന്റെ ഓട്ടവും ഭാവവും കണ്ടാൽ ആർക്കും മനസ്സിലാവും നീ എസ്കേപ്പ് ആവാൻ സ്റ്റേജിൽ നിന്ന് ഇറങ്ങി ഓടിയതാ എന്ന്..."

"എന്നിട്ട് സഹായിക്കൻ പോയി അവളുടെ ചെരുപ്പും വലിച്ചു പൊട്ടിച്ചു നടുവും കുത്തി വീണ് ബാക്കി ഉള്ളവരെ കൊണ്ട് ചിരിപ്പിച്ച് അവിടെയും എന്നെ നാണം കെടുത്തി..."

"അതെല്ലാം പോട്ടെ... സിവിൽ സർവീസ് പ്രിപ്പയർ ചെയുന്ന ബുക്സ് ചോദിച്ചപ്പോൾ നീ എന്തിനാ എഞ്ചിനീയറിംഗ് ബുക്സിന്റെ ഓതെർസിന്റെ പേര് പറഞ്ഞത്... നീ പൊട്ടൻ ആണെന്ന് കരുതി ബാക്കി ഉള്ളവർ എല്ലാം പൊട്ടന്മാർ അല്ല..."

"പൊട്ടൻ എന്നോ... പൊട്ടൻ നിന്റെ ബാപ്പ... ബ്ലഡി ഫൂൾ..." ഇത്തവണ ഞാൻ കേൾക്കെ തന്നെ പറഞ്ഞു...

"ദേ എന്റെ അച്ഛന് പറഞ്ഞാൽ ഉണ്ടല്ലോ..."

അതും പറഞ്ഞു ഗിയർ ലിവറിൽ ഇരുന്ന എന്റെ കൈ എടുത്ത് പിടിച്ചു അവൾ മുന്നു നാല് വിരൽ പിടിച്ചു പിന്നിലേക്ക് ഓടിക്കാൻ തുടങ്ങി...

"അയ്യോ...എന്റെ കയ്യേ..."

വണ്ടി അതിന്റെ ഇടക്കും എങ്ങനെയൊക്കെയോ ഞാൻ ചവിട്ടി ഒതുക്കി നിർത്തി...വണ്ടിയിൽ നിന്നും പുറത്തേക്ക് ചാടി ഇറങ്ങി...

പൂതനക്ക് പ്രാന്താണ് എന്ന് തോന്നുന്നു... വണ്ടി ഓടിക്കുന്നതിന്റെ ഇടയിലാണ് കൈ പിടിച്ചു തിരിച്ചത്...നന്നായി തിരിച്ചിരുന്നു... വേദന കൊണ്ട് വയ്യ...

അവളും കാറിനു പുറത്തിറങ്ങി എന്റെ പരാക്രമം കണ്ട് കൈ കെട്ടി നോക്കി നില്പുണ്ട്...

എനിക്കാണേൽ അവളുടെ നിൽപ്പും ഭാവവും കണ്ട് ദേഷ്യം അങ്ങോട്ട് തിളച്ചു മറിഞ്ഞു...

പിന്നെ ഒന്നും നോക്കിയില്ല... സുരേഷ് ഗോപി സ്റ്റൈലിൽ അവളുടെ അടുത്തേക്ക് നടന്ന് ചെന്ന് കരണം നോക്കി ഒന്ന് കൊടുത്തു...

അവൾ അത് തീരെ പ്രതീക്ഷിച്ചില്ല എന്ന് തോന്നുന്നു... അടി ഒട്ടും മിസ്സ് ആകാതെ അഞ്ചു വിരലിന്റെ പാടും പുട്ടിയും കടന്ന് കവിളിൽ തന്നെ പതിഞ്ഞു...

"വൗ... ഫന്റാസ്റ്റിക്, പ്ലാസ്റ്റിക് ആൻഡ് ബോംബ്ലാസ്റ്റിക് ...അവൾക്കത് ആവിശ്യം ആരുന്നു...വെൽ ടണ് മൈ ബോയ്..."

"മിണ്ടാണ്ടിരുന്നോ അല്ലേ നിനക്കും കിട്ടും... ശവം..."

അടി കൊണ്ട് കഴിഞ്ഞ് കവിളും പൊത്തിപ്പിടിച്ചു അവൾ വീണ്ടും എന്നെ രൂക്ഷമായി ഒന്ന് നോക്കി വണ്ടിയിൽ കയറി, കവിളും പൊത്തി തന്നെ മുന്നോട്ടു നോക്കിയിരുന്നു...

കണ്ണ് ചുവന്ന്, ഇത്തിരി നനവ് വന്നിട്ടുണ്ട്...

അവളുടെ കണ്ണീരു കണ്ടപ്പോൾ എന്റെ മനസ്സൊന്ന് അയഞ്ഞു...

"ശ്ശെ... വേണ്ടാരുന്നു... ജീവിതത്തിൽ ആദ്യമായാ..."

"എന്തോ... ആദ്യമായോ 😁..."

"എങ്കി രണ്ടാമതായി...എന്തായാലും വാങ്ങിയത് എല്ലാം ഒരാൾ തന്നെ അല്ലേ....🤗"

അല്ലേലും ഞങ്ങൾ ആണുങ്ങൾ ലോല ഹൃദയന്മാരാ... ഒരു പെണ്ണ് മോങ്ങിയാൽ തീർന്ന് ദേഷ്യവും മസ്സിൽ പിടിത്തവുമൊക്കെ...

ഞാൻ വണ്ടിയിൽ കയറി പതുക്കെ മുന്നോട്ട് എടുത്തു...

ജസ്റ്റ് ഞാൻ അവളെ ഒന്ന് നോക്കി... അനക്കം ഒന്നുമില്ലാതെ കവിളും പൊത്തി ഒരു ഇരുപ്പാണ്...

"ദൈവമേ... ഈ മറുതക്ക് ഇനി ശരിക്കും പ്രാന്താണോ..."

എന്തായാലും ഞാനും അനങ്ങാൻ പോയില്ല... വണ്ടി നേരെ വീട്ടിലേക്ക് വിട്ടു...

വണ്ടി വീടിന്റെ മുന്നിലേക്ക് കയറിയപ്പോൾ തന്നെ അച്ഛനും അമ്മയും മുന്നിലേക്ക് വന്നു...

വണ്ടി നിർത്തിയതും അവൾ വണ്ടിയിൽ നിന്നും ഇറങ്ങി...പിന്നാലെ ഞാനും...

കവിളും പൊത്തി തന്നെ അവൾ അകത്തേക്ക് കയറി...അമ്മയുടെ മുഖത്തേക്ക് ഒന്ന് നോക്കിയിട്ട്, അതെ പോലെ തന്നെ അകത്തേക്ക് കയറി...

അമ്മയും അച്ഛനും എന്നെ ദഹിപ്പിക്കുന്ന ഒരു നോട്ടവും നോക്കി "എന്താ മോളെ എന്ത് പറ്റി...." എന്നും ചോദിച്ചു അവളുടെ പിന്നാലെ...

ഞാൻ ഷോ ഓക്കെ ആസ്വദിച്ചു ഉമ്മറത്തു കയറി ഭിത്തിയിൽ ചാരിയിരുന്നു...

അല്പം കഴിഞ്ഞ് അച്ഛനും അമ്മയും പുറത്തേക്ക് വന്നു...

രണ്ട് പേരുടെയും മുഖത്തു നല്ല ദേഷ്യമുണ്ട്... പക്ഷെ നമ്മൾ അതൊക്കെ കണ്ട് കുലുങ്ങുമോ... എവിടെ...

അമ്മ റാപ്പിഡ് ഫയർ പോലെ ചോദ്യങ്ങൾ തുടങ്ങി...

"നീ അവളെ തല്ലിയോ..."

"അതെ..."

"എന്തിനാ എന്റെ കൊച്ചിനെ നീ തല്ലിയത്..."

അവൾ അമ്മയുടെ കൊച്ചോ🙄... അപ്പോൾ ഞാൻ ആരാ🤔...

"അവൾക്ക് രണ്ട് തല്ലിന്റെ കുറവുണ്ടാരുന്നു..." ഞാൻ സ്റ്റൈലിൽ മാസ്സ് ആയി അങ്ങോട്ട് കാച്ചി...

ഞാൻ കാച്ചിയത് അടുപ്പത്ത് നിന്ന് ഇറക്കുന്നതിന് മുന്നേ തന്നെ അമ്മ എന്ത് ചേപ്പാക്കുറ്റി നോക്കി ഒരു കാച്ചു കാച്ചി...

വൗ... ഹൌ നൈസ് പീപ്പിൾ... ത്രിപതി അയി അമ്മേ... ത്രിപതി ആയി 🙏...ഇതെന്താ തലക്ക് ചുറ്റും കിളി വട്ടം ഇട്ട് പറക്കുന്നത് 🤔...

"ശു... ശു... പോ കിളി..."

വീണ്ടും ഒരു അലർച്ച കേട്ടു...പോയ കിളി അതോടെ തിരിച്ച് വന്നു...

കോളറിൽ പിടിച്ചു കൊണ്ട് അമ്മയാണ്...

"ഇറങ്ങേടാ പടിക്ക് പുറത്ത്... എന്റെ കുഞ്ഞിനെ അടിച്ചതും പോരാ, നിന്ന് തർക്കുത്തരം കൂടി പറയുന്നൊ..."

അതും പറഞ്ഞു സൈഡിലേക്ക് ഒരു തള്ള്...

അമ്മ വിറഞ്ഞു തുള്ളുവ... ഇനി വല്ല ഫിറ്റ്സ് വന്നതാണോ... താക്കോൽ എടുത്ത് കയ്യിൽ കൊടുത്തു നോക്കിയാലോ 🙄...

എന്തായാലും അതിന് മുൻപേ വീണ്ടും എന്നെ തള്ളിക്കൊണ്ട് അലറി..

"ഇറങ്ങഡാാാ...എന്റെ വയറ്റിൽ തന്നെ ഇങ്ങനെ ഒരെണ്ണം കുരത്തല്ലോ..."

ഞാൻ ഞെട്ടി ഒറ്റ ചട്ടത്തിന് മുറ്റത്തെത്തി...

"ഇവരുടെയൊക്കെ പറച്ചിൽ കേട്ടാൽ തോന്നും ഞാൻ വന്ന് നിർബന്ധിച്ചിട്ടാ എന്നെ ഉണ്ടാക്കിയെ എന്ന് 🙄🙄..."

"അല്ലേലും മുൻകൂട്ടി അറിഞ്ഞിരുന്നേൽ അവർ ഈ അതിക്രമത്തിന് മുതിരുമാരുന്നോ..." ലവൻ വീണ്ടും വന്ന് പറഞ്ഞു...

അച്ഛൻ അപ്പോളേക്കും അമ്മേ പിടിച്ചു വലിച്ചു ഉള്ളിൽ കൊണ്ട് പോയി...

"ഠപ്പേ..." എന്ന ശബ്ദത്തോടെ കതക് വലിച്ചടച്ചു...

"കതക് പതുക്കെ അടച്ചാൽ പോരെ... എന്തിനാണാവോ ഇങ്ങനെ ശബ്ദമൊക്കെ ഉണ്ടാകുന്നത്...ദേഷ്യം ആണെന്ന് കാണിക്കാൻ ആണോ... അത് അല്ലേലും എനിക്കറിയാമല്ലോ...അയിന് ഇനി വീടുടെ തല്ലി പൊളിച്ചുള്ള പ്രഹസനമൊക്കെ വേണോ 🙄..."

"എന്തായാലും ചവിട്ടി പുറത്താക്കി എങ്കി പിന്നെ കിടക്കാൻ ഒരു പായും തലയിണയും കൂടെ തന്നൂടാരുന്നോ..."

"ശ്ശോ... ഇനി ഈ രാത്രി ഞാൻ എവിടെ പോകും... വിനുവിന്റെയോ അർജുവിന്റെയോ വീട്ടിൽ വിട്ടാലോ..."

"ഏയ് വേണ്ട... ഒന്നുടെ ഇന്നിനി നാറാൻ വയ്യ... പെണ്ണുമ്പിള്ളേ തല്ലിയതിന് തന്തേം തള്ളേം അടിച്ചിറക്കി എന്ന് പറഞ്ഞാൽ നാണക്കേടാ..."

"ക്ലിയോയുടെ കൂട്ടിൽ കയറി കിടന്നാലോ...ആഹ് എന്നിട്ട് വേണം അതും കൂടെ അടിച്ചു പുറത്താക്കാൻ..."

"ഇനി ടെറസ് തന്നെ ശരണം..."

സ്റ്റെപ്പ് അകത്തൂടെ ആയത് കൊണ്ട് ഞാൻ പുറത്ത് വച്ചിരുന്ന ഏണി എടുത്ത് വച്ച് വലിഞ്ഞു കയറി ടെറസിൽ പോയി കിടന്നു...

"അങ്ങനെ ജീവിതത്തിൽ ആദ്യമായി അമ്മയുടെ കയ്യിൽ നിന്നും കീറ് വാങ്ങി...ആദ്യം ആയി തന്നെ വീട്ടിൽ നിന്നും ചവിട്ടി പുറത്താക്കി..."

"നല്ല ബെസ്റ്റ് ടൈം..."

"മറ്റേ പുള്ളി യക്ഷിയുടെ ശല്യം ഉണ്ടാവും എന്ന് പറഞ്ഞിട്ട് ഇമ്മാതിരി ശല്യം ആകും എന്ന് വിചാരിച്ചില്ല... വന്ന് വന്ന് അമ്മ വരെ യക്ഷി ആയിപ്പോയില്ലേ 🙄..."

ഞാൻ എന്റെ കയ്യിലേക്ക് നോക്കി... നല്ല സോഫ്റ്റ് കൈ...

"പണിയെടുക്കാത്ത ഇതും കൊണ്ട് ഒരെണ്ണം കിട്ടിയപ്പോൾ ലവൾ 2 മണിക്കൂർ ആയി കവിളും പൊത്തിയാണ് നടപ്പ്..."

"അപ്പോൾ ഫുൾ ടൈം പണിയെടുത്തു തഴമ്പിച്ച അമ്മയുടെ കയ്യിൽ നിന്നും എനിക്ക് കിട്ടിയത് പോലെ ഒന്ന് കിട്ടിയിരുന്നെലോ..."

"താടി ഉണ്ടായിട്ട് പോലും എന്താ ഒരു വേദനയാ... പല്ല് ഇളകിയിട്ടുണ്ടോ ആവോ..."

"ശോ... കഴിക്കാൻ എന്താണാവോ ഉണ്ടാക്കിയെക്കുന്നത്... വല്ലോം തിന്നാൻ തന്നിട്ട് അടിച്ചു പുറത്താക്കിയാൽ പോരാരുന്നോ ഇതുങ്ങക്ക്... പാർട്ടിയിൽ നിന്നും കാര്യമായി തട്ടാത്തത് കൊണ്ട് മനുഷ്യനാണേൽ വിശന്നിട്ടും വയ്യ..."

"അവളുടെ ഒരു പാർട്ടി... ഈ നാറികൾക്ക് കൈ കൊണ്ട് തിന്നാൽ എന്താ...അവന്മാരുടെ മോതിരം ഊരി പോരുമോ..."

"ഈ ചൈനക്കാരെ സമ്മതിക്കണം... മനുഷ്യൻ ഒരു സ്പൂൺ വച്ച് തിന്നാൻ നോക്കിട്ടു നടക്കുന്നില്ല... അപ്പോള അവന്മാർ കമ്പും കോലും കൊണ്ട് ചോറ് വാരി തിന്നുന്നത്...🙄"

"ഇനി മറ്റേ ഒർജിനൽ യക്ഷി എങ്ങാണം പാതിരാത്രി വരുമോ..."

"ഇനി അതും കൂടെ താങ്ങാൻ എനിക്ക് വയ്യ 😭😭😭..."

അങ്ങനെ കൊതുകിന്റെ താരാട്ട് പാട്ടും കേട്ട് യക്ഷിയേം പേടിച്ചു ഞാൻ അവിടെ കിടന്ന് അങ്ങ് ഉറങ്ങി...

************

പിറ്റേന്ന് രാവിലെ തന്നെ വെയിലിന്റെ ചൂട് അടിച്ചു ഞാൻ ഉണർന്നു...

രാവിലെ എന്നെ തിരക്കുന്നുണ്ടോ എന്ന് അറിയാനായി ഞാൻ കുറച്ച് നേരം അവിടെ തന്നെ കാത്തിരുന്നു...

എവിടെയാ ഒരു മനുഷ്യൻ തിരക്കുന്നില്ല...

"പുല്ല്... രാവിലെ മൂഡ് പോയി... ഇനി ഇതുങ്ങക്ക് എന്നെ കളഞ്ഞു കിട്ടിയത് വല്ലോം ആണോ 🙄..."

"അപ്പോൾ ആണ് അമ്മയും പൂതനയും മുറ്റത്തേക്ക് ഇറങ്ങിയത്..."

"അമ്മേ... വരുൺ എവിടെയാ എന്ന് ഒരു പിടിയുമില്ലല്ലോ..."

"പൂതന എങ്കിലും തിരക്കിയല്ലോ... ഭാഗ്യം..."

"മോള് ടെന്ഷൻ ആവണ്ട.. അവൻ എവിടെ പോകാനാ...വിശക്കുമ്പോൾ ഇങ്ങു വന്നോളും..."

"ശ്ശെ...സെഡ് ആക്കി വീണ്ടും..."

"വിശക്കുമ്പോൾ വരും അല്ലേ... നമുക്ക് കാണം..." ഞാൻ അവിടെ കാത്തിരുന്നു...

പക്ഷെ അധിക നേരം അതിന് ആയുസ്സ് ഉണ്ടായില്ല...

"വയറു പണി തന്നു 😭😭..."

കക്കൂസിൽ പോകാൻ മുട്ടിയിട്ടു വയ്യാതെ വയറും തടവി ഞാൻ താഴെ ഇറങ്ങി നൂറേ നൂറിൽ കക്കൂസിലേക്ക് വിട്ടു...

അച്ഛൻ പേപ്പറും വായിച്ചു ഉമ്മറത്തും അമ്മയും അവളും ഭക്ഷണം ടേബിളിൽ എടുത്ത് വെക്കുകയും ആയിരുന്നു...

എല്ലാവരും എന്റെ ഓട്ടം നോക്കുന്നുണ്ട്... ഞാൻ ഒന്നും മിണ്ടാതെ ഓടി ബാത്‌റൂമിൽ കയറി കതകടച്ചു...

"ശ്ശേ...മൊത്തത്തിൽ നാണക്കേട് ആയി..."

"ആഹ് എന്നാലും കാര്യമായി...അല്ലേ എന്തും പറഞ്ഞു അകത്ത് കയറിയേനെ...ഇനി പോയി വല്ലോം നന്നായി തട്ടണം... വിശന്നിട്ട് വയ്യ... 😋"

കാര്യം സാധിച്ചു പല്ലും തേച്ച് കുളിച് ഞാൻ പുറത്തേക്ക് വന്നു...

ആരും ഒരു മൈൻഡുമില്ല... ഇന്നലെ അങ്ങനെ സംഭവിച്ചു എന്ന ഓർമ പോലുമില്ലാതെ ആണ് എല്ലാരുടേം നടപ്പ്...

അതെന്തായാലും കാര്യമായി... അല്ലേ ഞാൻ തന്നെ നാറിയേനെ...ഡൈനിങ് ഹാളിൽ എന്റെ വടി വിഴുങ്ങിയ നിൽപ്പ് കണ്ടാകും അമ്മ വന്നൊന്ന് നോക്കി, വന്ന പോലെ തിരിച്ച് പോയി... പ്ലേറ്റ് കൊണ്ട് വെക്കാൻ അവൾ ആണ് വന്നത്... പതിവ് ചിരിക്ക് പകരം ഒന്നു നോക്കി മൈന്റ് ചെയ്യാതെ അവളും അങ്ങ് പോയി... അച്ഛനും അത് തന്നെ...

ഒഹ്ഹ്... പ്ലാൻ ചെയ്തു മൈന്റ് ചെയ്യാതെ ഇരിക്കാൻ ഉള്ള പുറപ്പാട് ആണപ്പോൾ... ദൈവമേ, വിശന്നിട്ട് ആണേൽ കുടൽ കരിയുന്നു... ഇതുങ്ങൾ വിളിക്കാതെ കഴിക്കാൻ ചെന്നാൽ ഉള്ള മാനം കൂടെ കപ്പൽ കയറും...

അപ്പോളേക്കും അച്ഛൻ വന്നു, എന്നെ ഒന്നു നോക്കിയിട്ട് പുള്ളി പോയി ഇരുന്നു അപ്പവും മുട്ടയും തട്ടി കയറ്റാൻ തുടങ്ങി...

അല്ലേലും ഞാൻ പിണങ്ങാൻ നോക്കി നീക്കുവാ എന്നു തോന്നുന്നു എനിക്കു ഏറ്റവും പ്രിയപ്പെട്ട സാധനങ്ങൾ ഉണ്ടാക്കാനായി...

അച്ഛൻ തട്ടുന്നതും നോക്കി നിന്നു ഞാൻ വായിൽ വെള്ളം ഇറക്കുന്നത് കണ്ട് പുള്ളി പറഞ്ഞു,

" നോക്കി നിന്നു വെള്ളം ഇറക്കി ബാക്കി ഉള്ളവന് പണി തരാതെ വേണേൽ വന്നു തിന്നടാ..."

ഭാഗ്യം, ഗ്രീൻ സിഗ്നൽ കിട്ടി... കേൾക്കേണ്ട താമസം ഞാൻ എനിക്കു വേണ്ടാത്ത പോലെ വെയിറ്റ് ഒക്കെ ഇട്ടു ചെന്നിരുന്ന് നാല് അപ്പവും കറിയുമെടുത്ത് തട്ടാൻ തുടങ്ങി...

ഇടക്ക് അമ്മ ചായ കൊണ്ട് വന്നു വച്ചിട്ട് പോയി...

മനസ്സിൽ ഇത്തിരി വിഷമം ഉള്ളത് കൊണ്ട് അതികം കഴിച്ചില്ല, വെറും ഏഴ് അപ്പം മാത്രം തട്ടി ചായയും കുടിച്ച് പോയി കൈ കഴുകി... ആരോടും ഒന്നും മിണ്ടാൻ നിന്നില്ല...

"വേണേൽ ഇങ്ങോട്ട് വന്നു മിണ്ടട്ടെ... അതല്ലേ ഹീറോയിസം..."

അതികം താമസിക്കേണ്ട വന്നില്ല, അമ്മ അടുത്തേക്ക് വന്ന് വിളിച്ചു-

"ഡാ..."

ഞാൻ എന്താ എന്ന അർത്ഥത്തിൽ അമ്മയെ നോക്കി...

"നിനക്ക് നൊന്തോ..."

"കവിളിൽ പടക്കം പൊട്ടുന്ന പോലെ ഒരെണ്ണം തന്നിട്ട് നൊന്തോ എന്നോ... ഇതിന് വട്ടാണോ ആവോ 🙄..."(മനസ്സിൽ...)

"ഏയ്... സാരമില്ല അമ്മേ..."

"നൊന്തില്ലേ നന്നായി നോവിച്ചു ഒന്നുടെ തരാം ഞാൻ... "

"ഇതെന്തോന്ന് ഒന്തോ ഈശ്വരാ... ഒരു നിമിഷം സ്നേഹം അടുത്ത നിമിഷം വീണ്ടും കലിപ്പ്..."

"നൊന്ത്... നൊന്ത്..."

"ഇനി എന്ത് സംഭവിച്ചാലും മേലിൽ അവളെ തല്ലരുത്... അവളെ എന്നല്ല... ഒരു സ്ത്രീയെയും... കേട്ടോ..."

"ആഹ്... കേട്ട്... തല്ലൂല..."

അമ്മ എന്നെ ചേർത്ത് നിർത്തി ഇന്നലെ അടിച്ച കവിളത്തു ഒരു ഉമ്മ തന്നു...

"എന്റെ മോൻ ഒരു പെണ്ണിനെ അടിച്ചാൽ അതിന്റെ നാണക്കേട് അമ്മക്കാ... അമ്മ ശരി അല്ലാത്തോണ്ടാ എന്ന് എല്ലാവരും പറയും..."

"ഇനി ചെയ്യില്ല അമ്മേ..." ഞാനും കൊടുത്തു അമ്മക്ക് ഒരു ഉമ്മ...

"എങ്കിൽ അവളോട് സോറി പറയണം..."

"അത് വേണോ..."

"വേണം... അവൾ പാവമാ..."

"പറയാം അമ്മേ..."

ഇത്തിരി സെന്റി ഇട്ടപ്പോൾ അമ്മ ഫ്ലാറ്റ് ആയി...ഇനി പൂതനയെ കൂടി ഒന്ന് സെറ്റ് ആക്കണം... 😁

"എവിടെ എന്റെ യക്ഷി..."

ഞാൻ അവളെ നോക്കി അകത്തേക്ക് നടന്നു...

***************

പൂതനയേയും തപ്പി ഞാൻ അകത്തേക്ക് കയറി...

"അടുക്കളയിൽ ഇല്ല... എവിടെ പോയോ ആവോ..."

ഞാൻ അവളെ നോക്കാനായി റൂമിലേക്ക് ചെന്നു...

ഡോറിന്റെ അവിടെ ചാരി നിന്ന് എത്തി നോക്കി...

അവൾ തുണി മടക്കി വക്കുകയാണ്...

"ആഹാ തുണിയും മടക്കി നിക്കുവാ കള്ളി... പിന്നിലൂടെ പോയി കെട്ടിപിടിച്ചു ഒരു ഉമ്മ കൊടുത്താലോ..."

"വേണ്ട പെടലിക്ക് കിഴുക്ക് മേടിക്കാൻ ചാൻസ് ഉണ്ട്..."

ഞാൻ അങ്ങനെ നിന്നപ്പോൾ എന്തോ അനക്കം മറ്റോ കണ്ട് അവൾ എന്നെ ഒന്ന് നോക്കി... ഒരു ഭാവവുമില്ല...

അവൾ ഞാൻ അവിടെ നിൽക്കുന്നു എന്ന് പോലും മൈൻഡ് ചെയ്യാതെ വീണ്ടും പണി തുടർന്നു...

"ശ്ശെ... ഈ പൂതനയെ ഇനി എങ്ങനെയാ ഒന്ന് പതപ്പിച്ചു കയ്യിലെടുക്കുന്നത്... എന്തായാലും അമ്മ പറഞ്ഞത് പോലെ സോറി പറഞ്ഞു നോക്കാം..."

"ഹലോ..."

എന്താ എന്ന അർത്ഥത്തിൽ അവൾ ഒന്ന് നോക്കി...

"സോറി... ഇന്നലെ അങ്ങനെ സംഭവിച്ചതിന്..."

"ഇറ്റ്സ് അൾറൈറ്റ്..."

"പൂതന അമ്പും വില്ലിനും അടുക്കുന്ന ലക്ഷണമില്ല... ഇത്തിരി സെന്റി അടിച്ച് നോക്കാം..."

"അനു... ദേഹം നൊന്താൽ എനിക്ക് കണ്ണ് കാണില്ല... അപ്പോളത്തെ ഒരു ദേഷ്യത്തിന് ഒന്ന് പറ്റിപ്പോയി... താൻ ക്ഷമിക്കണം..." ഞാൻ ഇത്തിരി സെന്റി ടോണിൽ തട്ടി വിട്ടിട്ട് അവളെ നോക്കി...

"ഡെയിലി അവളെ ചവിട്ടിക്കൂട്ടണം എന്ന് താൻ തന്നെ അല്ലെടോ പറയാറ്... നുണയൻ... "

"ഞാൻ എനിക്ക് തോന്നുന്നത് പറയും മിച്ചർ... താൻ പോയെ...."

എവിടെയാ, ഒരു റിയാക്ഷനുമില്ല...

അവൾ എന്റെ മുഖത്തേക്ക് ഒന്ന് നോക്കി, ഞാൻ വീണ്ടും സെന്റി എക്സ്പ്രഷൻ വാരി വിതറി...

"ഞാൻ പറഞ്ഞല്ലോ... അത് കുഴപ്പമില്ല... ഇറ്റ്സ് ഓക്കേ..."

"ഒത്തില്ല😑... വേറെ വല്ല നമ്പറും നോക്കണം... പൂതന പിണങ്ങി തന്നെയാ..."

അന്നേ ദിവസം ഇടക്ക് ഇടക്ക് അവളെ ചുറ്റി പറ്റി പിണക്കം മാറ്റാൻ ഞാൻ നടന്നു എങ്കിലും ഒന്നും വർക്ക്ഔട്ട് ആയില്ല...

കാര്യം പൂതന യക്ഷി ആണേലും മിണ്ടാതെ പിണങ്ങി ഇരിക്കുമ്പോൾ ഒരു സുഖമില്ല...

അങ്ങനെ രാത്രിയായി... അവൾ കിടക്കാൻ റൂമിലേക്ക് വന്നു...

എനിക്ക് പിന്നെ വേറെ പണി ഒന്നും ഇല്ലാത്തത് കൊണ്ട് റൂമിൽ തന്നെ ഫോൺ കുത്തി കിടപ്പുണ്ട്...

"ഒരു നമ്പർ കൂടി ഇട്ട് നോക്കാം... സ്ട്രൈറ്റ് അപ്രോച്ച്... 😁"

അവൾ ഡ്രെസ്സ് മാറി കിടക്കാൻ വന്നു... ഞാൻ നിലത്ത് വിരിച്ചു കിടന്നു...

അവൾ കിടന്നപ്പോൾ ഞാൻ പറഞ്ഞു...

"അനു എന്നോട് പിണക്കമാണോ..."

"വണ്ടി ഓടിക്കുമ്പോൾ കൈ പിടിച്ചു ഒടിച്ചാൽ എവിടെ എങ്കിലും പോയി ഇടിച്ചു ആക്സിഡന്റ് ആയി എന്റെ അനുവിന് വല്ലോം പറ്റിയിരുന്നെലോ... അത് കൊണ്ട എനിക്ക് അപ്പോൾ അത്രയും ദേഷ്യം വന്നത്..."

അത് ഏറ്റു എന്ന് തോന്നുന്നു... പെണ്ണ് കട്ടിലിൽ ചരിഞ്ഞു കിടന്ന് നിലത്തേക്ക് നോക്കി...

"ഞാൻ പറഞ്ഞല്ലോ കുഴപ്പമില്ല... എന്റെ ഭാഗത്തും തെറ്റ് പറ്റി... സോറി... പിന്നെ..."

"മോനെ സെറ്റ് ആയി... ആ ""പിന്നെ"" കേട്ടാൽ അറിയാം എന്നോട് കാര്യമായി എന്തോ പറയാൻ ആണെന്ന്... ഇനി കൂടെ കിടക്കാൻ എങ്ങണം ആണോ 🫤...ശ്ശോ ...എനിച്ച് നാൺ വരണു... "

"പിന്നെ പിണങ്ങാൻ നമ്മൾ എപ്പോളാ ഇണങ്ങിയത്..."

ഒറ്റയടിക്ക് എന്റെ ഗ്യാസ് പോയി... വൻ പ്രതീക്ഷകളോടെ ഞാൻ അടുപ്പത്ത് വച്ച ബിരിയാണി ചെമ്പാണ് അവൾ എടുത്ത് കമത്തിത്...

"വേറെ ഒരു കാര്യം കൂടി ഉണ്ട്... ഞാൻ ലീവ് ക്യാൻസൽ ചെയ്തു... ബുധനാഴ്ച മുതൽ വീണ്ടും പോയി തുടങ്ങും..."

"ശരി..."

കൂടുതൽ ഒന്നും എനിക്ക് പറയാൻ ഇല്ലാരുന്നു... അത്രയെങ്കിലും അവൾ പറഞ്ഞല്ലോ... അത് തന്നെ വല്യ കാര്യം...

എന്നാലും ഓഫീസിൽ പോകാൻ തുടങ്ങിയാൽ ഇപ്പോൾ ഉള്ള പോലെ ഫുൾ ടൈം അവളെ കാണാൻ ആകില്ലല്ലോ എന്ന് ഒരു വിഷമമുണ്ട്...

എന്തോ... യക്ഷിയെ കാണാതെ ഇരിക്കാൻ ഒരു പ്രയാസം... ഐ ആം ഇന് ലബ് 🥰...

എന്നാലും പൂതനക്ക് ഒരു മൈൻഡുമില്ല... ഇതിപ്പോ കെട്ടിയ പെണ്ണിനെ വളക്കേണ്ട ഗതികേടായി... ഈ കാര്യത്തിൽ ആണേൽ ഞാൻ ഒരു സമ്പൂർണ തോൽവിയും 😑...

"അതൊക്കെ ശരി ആകും മോനെ..." ലവൻ പറഞ്ഞു...

"ഡോ... താൻ ആദ്യമായി നല്ലത് പറഞ്ഞല്ലോ... നന്നാവാൻ ഉദ്ദേശമുണ്ടോ..."

"ശ്ശോ... പോ അവിടുന്ന്... 😁"

അങ്ങനെ ഓരോന്ന് ആലോചിച്ച് ആലോചിച്ച് ഞാൻ നിദ്ര പ്രാപിച്ചു... (മറ്റേ പ്രാപിക്കൽ അല്ല കേട്ടോ 😁)

പിറ്റേന്ന് രാവിലെ പതിവ് പോലെ ഫോണും കുത്തി ഇരുന്നപ്പോൾ ആണ് വാട്സാപ്പിൽ ഒരു മെസ്സേജ്...

കൂടെ പഠിച്ചിരുന്ന അശ്വിൻ...

ഞാൻ തുറന്ന് നോക്കി... ഞെട്ടി പണ്ടാരം അടങ്ങി...

എക്സാം ഡേറ്റും ടൈം ടേബിളും വന്നു... രണ്ട് സെമെസ്റ്റർ ഒന്നിച്ചു... എസ് 3, എസ് 5 ആയി 3 വീതം 6 സപ്പ്ളി ഉണ്ട്... അതിൽ 5 എണ്ണം അടുപ്പിച്ചു അടുപ്പിച്ചു... ഒന്നിട വിട്ട ദിവസം ഒരു സെമസ്റ്റർ വിഷയങ്ങൾ...

"ഒന്നാമതെ ദുർബല അതിന്റെ കൂടെ ഗർഭിണി" അതാണോ.. ഇടിവെട്ട് ഏറ്റവനെ പാമ്പ് കടിച്ചു എന്നാണോ... ആ... " എന്തായാലും വേണ്ടില്ല, ആ പറയുന്ന എന്താണ്ട് പോലെയായി എന്റെ അവസ്ഥ 😭...

"നല്ല ഗ്യാപ് ഇട്ട് എക്സാം വന്നിട്ട് തന്നെ കടന്ന് കൂടിയില്ല... പിന്നെ അല്ലേ ഇത്... പൊട്ടും എന്ന് ഉറപ്പാ 😭..."

പാസ്സ് ആയി ഒരു ജോലി സെറ്റ് ആകാതെ പൂതന ആണേൽ മൈൻഡ് ചെയുകയുമില്ല...

കാര്യങ്ങൾ കണ്ടിട്ട് ഞാൻ കൂട്ടിയാൽ കൂടും എന്നും തോന്നുന്നില്ല...

ഇനി ഏക പോംവഴി വിനുവിനോടും അർജുവിനോടും ഉള്ളത് മുഴുവൻ പറഞ്ഞു ഐഡിയ ചോദിക്കുക...

അവന്മാരുടെ കുരുട്ടു ബുദ്ധിയിൽ എന്തേലും വരാതെ ഇരിക്കില്ല എന്ന പ്രതീക്ഷയുമായി ഞാൻ അങ്ങോട്ട് വിട്ടു...

********

ഞാൻ നേരെ അർജുവിന്റെ വീട്ടിലേക്ക് ആണ് പോയത്...

ഞാൻ വിളിച്ചു പറഞ്ഞിരുന്നത് കൊണ്ട് അല്പം കഴിഞ്ഞു വിനുവും അങ്ങോട്ടേക്ക് വന്നു...

ഞാൻ അവന്മാരോട് കല്യാണത്തിന്റെ അന്ന് മുതൽ ഇന്ന് വരെയുള്ള സകലമാന കാര്യങ്ങളും വിവരിച്ചു പറഞ്ഞു...

പറഞ്ഞു കഴിഞ്ഞതും നല്ല ഒരു ആട്ടാണ് കേട്ടത്....

"പ്ഫാ... കള്ള #&%## നീ ഇത് വരെ ഞങ്ങളോട് എന്നിട്ട് എന്താടാ പറയാഞ്ഞത്..."

"അത് പിന്നെ..." ഞാൻ പല്ല് 32 പുറത്ത് കാണിച്ചു ഇളിച്ചു...

"നീയൊക്കെ തെറി വിളിക്കാതെ അവളെ വളക്കാൻ ഐഡിയ പറഞ്ഞു താടാ... എക്സാം എഴുതി പാസ്സ് ആകാം എന്ന വ്യാമോഹം ഒന്നും എനിക്കില്ല ഇപ്പൊ 😭..."

"നിന്നെ കൊണ്ട് കൂട്ടിയാൽ കൂടില്ല എന്ന് ഉറപ്പാണോ..." അർജു ചോദിച്ചു...

"അതോണ്ടല്ലെടാ നിന്നോടൊക്കെ സഹായം ചോദിച്ചു കെട്ടിയെടുത്തത്..."

"നാണം ഇല്ലാലോ സ്വന്തം പെണ്ണുമ്പിള്ളേ വളക്കാൻ നടക്കുന്നു... പോയി ചാവട ശവമേ..." വിനു വീണ്ടും വഴക്ക് പറഞ്ഞു തുടങ്ങി...

"ടാ മോനെ... നീ അവളെ മറന്നേക്ക്... ആ പൂതന പോയാൽ ശല്യം തീർന്നു എന്ന് വിചാരിച്ചാൽ പോരെ..." അർജു തട്ടി വിട്ടു...

"ഒന്ന് പോയെടാ നാറി... ആറ്റു നോറ്റു കാത്തിരുന്നു ലോട്ടറി പോലെ ഒരു പെണ്ണിനെ കിട്ടിയതാ... അപ്പോള അവന്റെ ഒരു..."

"ആഹാ... അത് മാത്രമേ ഉള്ളോ... നിനക്ക് അവളെ ഇഷ്ടം അല്ലേടാ..."

"ഇഷ്ടമല്ലേ ഞാൻ ഇതിനൊക്കെ ഇറങ്ങുമോ... അവൾ എന്തേലും ചെയ്യാൻ പറഞ്ഞനെ... ബ്ലഡി ഫൂൾ...നിന്ന് കഥ പ്രസംഗം പറയാതെ ഐഡിയ പറഞ്ഞു താടാ തെണ്ടികളെ..."

"ആഹ് ശരി ശരി... ആലോചിക്കട്ടെ..."

തല പുകഞ്ഞ ആലോചനക്ക് ഒടുവിൽ ആദ്യത്തെ ഐഡിയ അർജു ഇറക്കി...

"നിനക്ക് ആവിശ്യത്തിനുള്ള സൗന്ദര്യം ബോഡി ഓക്കെ ഇല്ലേ... ഇതൊക്കെ കാണിച്ചു അവളെ മയക്കേടാ... നിന്റെ പറച്ചിലിൽ അവൾക് ഇത്തിരി ഇഷ്ടമൊക്കെ ഉണ്ട് നിന്നോട്..."

അവൻ ഐഡിയ ഡീറ്റൈൽഡ് ആയി പറഞ്ഞു തന്നു...

"സൊ ഇത് വർക്ഔട്ട് ആകും..."

"ആകുമല്ലേ..."

"എന്തായാലും ഇത് ആദ്യം പരീക്ഷിക്ക്... വർക്ക് ആകും എന്നാണ് എന്റെ ഒരു ഇത്... ആയില്ലേ അടുത്ത ഐഡിയ ആലോചിക്കാം..."

"പക്ഷേ കുതിരക്ക് ഞാൻ എവിടെ പോകും..."

"കുതിര കിട്ടിയില്ലേ വല്ല പശുവോ കാളയോ നോക്ക്..."

"അത് നിന്റെ അപ്പൻ കൊണ്ട് വരുമോ... പട്ടി മതിയോ..."

"ആ... പട്ടി സെറ്റ്... അതാകുമ്പോൾ അകത്ത് തന്നെ കാര്യം നടക്കുമല്ലോ..."

ഗൂഢമായ ചിരിയോടെ അവന്മാർ പറഞ്ഞു തന്ന പ്ലാൻ നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഞാൻ വീട്ടിലേക്ക് വിട്ടു...

ഐഡിയ നമ്പർ-1 സീൻ നമ്പർ-1

**"മിഷൻ സെഡ്യൂസ്"**

ഞാൻ വീട്ടിലേക്ക് കയറി ചെന്നു... അവൾ അടുക്കളയിൽ അമ്മയുടെ കൂടെ ഓരോന്ന് പറഞ്ഞു നില്പുണ്ട്...

സകലമാന പണിയും എടുക്കുന്നത് അമ്മയാ... പാവം... പൂതന നിന്ന് കൊഞ്ചുന്നത് അല്ലാതെ കുനിഞ്ഞു ഒരു കുപ്പി എടുക്കുന്നത് ഞാൻ ഇത് വരെ കണ്ടിട്ടില്ല...

ആഹ് എന്തേലും ആവട്ടെ... ഇനി ഇവളെ വളക്കാൻ ഉള്ള പരിപാടി തുടങ്ങണം...

വളച്ചൊടിച്ചു കയ്യിൽ എടുത്തിട്ടു വേണം അവളെ കൊണ്ട് അടിമ പണി എടുപ്പിക്കാൻ...

"ഹാ... ഹഹാ... ഹാാാ..."

ഞാൻ നേരെ റൂമിൽ പോയി ഷർട്ട് ഊരി കളഞ്ഞു... കണ്ണാടിൽ ഒന്ന് നോക്കി...

"കൊള്ളാം.... ഒന്നുടെ ഉരുട്ടി എടുക്കണം..."

"അവളോട് പറഞ്ഞാൽ മതി "ഊരുട്ടി എടുത്ത് " തരും... "

"പോടാ തെണ്ടി..."

യക്ഷിയെ വശികരിക്കാനുള്ള ആദ്യ ചുവടായി ഒരു സ്ലീവ്‌ലെസ്സ് ടി ഷർട്ട് തന്നെ എടുത്ത് വലിച്ചു കയറ്റി അവളുടെ മുന്നിലൂടെ തേരാ പാര നടപ്പായി...

അവൾ നോക്കുമ്പോൾ കൈ ഒന്ന് സ്ട്രെച് ചെയ്തു മസിൽ പിടിക്കുകയും, ചെസ്റ്റ് ഓക്കെ ശ്വാസം പിടിച്ചു നിന്ന് ഒന്ന് പെരുപ്പിക്കും...

തെക്കോട്ടും വടക്കോട്ടും നടന്ന് എന്റെ കാല് വേദന എടുക്കാൻ തുടങ്ങിയത് അല്ലാതെ വേറെ വല്യ മെച്ചം ഒന്നും ഉണ്ടായില്ല...

രാത്രി അവൾ റൂമിലേക്ക് വരുന്നത് നോക്കി ഞാൻ ഇരുന്നു...

അവൾ വരുന്ന ശബ്ദം കേട്ടപ്പോൾ ചാടി തറയിൽ കിടന്നു പുഷ്അപ്പ് എടുക്കാൻ തുടങ്ങി...

അവൾ മൈൻഡ് പോലും ചെയ്യാതെ ബാത്റൂമിൽ കയറി...

"മൂഡ് പോയി... പൂതനയുടെ അടുത്ത് ഇതൊന്നും ചിലവാവുന്ന ലക്ഷണമില്ല... ഇനി എണ്ണ പ്രയോഗം കൂടെ നോക്കണം..."

പിറ്റേന്ന് രാവിലെ ഞാൻ നേരത്തെ എണിറ്റു... പൂതന ബാത്റൂമിൽ മറ്റോ ആണെന്ന് തോന്നുന്നു...

ഞാൻ നേരെ പോയി ക്ലിയോ മോളുടെ കൂട് തുറന്ന് അവളെ തുടലിൽ പിടിച്ചു അകത്തേക്ക് കയറി...

എന്നിട്ട് ഞാൻ നേരെ അടുക്കളയിലേക്ക് പോയി... അമ്മ രാവിലെ ജോലിയിലാണ്...

ഞാൻ ക്ലിയോയേം കൊണ്ട് അടുക്കളയിൽ ചെന്ന് അമ്മ അല്പം മാറിയ ഗ്യാപ്പിൽ കുറച്ച് വെളിച്ചെണ്ണ അടിച്ചു മാറ്റി ഒരു കുടുവൻ പത്രത്തിൽ ഒഴിച്ച് റൂമിലേക്ക് നടന്നു...

"ലവൾ കുളിച്ചിട്ട് ഇറങ്ങുമ്പോൾ കാണുന്നത് ജയൻ ശരപഞ്ചരത്തിൽ കുതിരയുടെ മുകളിൽ എണ്ണ തടവുന്ന പോലെ, ഞാൻ ക്ലിയോ മോളുടെ ദേഹത്ത് എണ്ണ തടവുന്നത് ആവണം..."

അതിനായി ബിജിഎം ഇടാൻ കസ്തൂരി മാൻ മിഴി പാട്ടൊക്കെ ഞാൻ ഫോണിൽ സെറ്റ് ചെയ്ത് വച്ചിരുന്നു...

അവൾ ബാത്റൂമിൽ നിന്ന് ഇറങ്ങുമ്പോൾ എന്റെ പുറം കാണുന്ന രീതിൽ തറയിൽ ഇരുന്ന് പാട്ടിനൊപ്പം അല്പം എണ്ണ കയ്യിൽ എടുത്ത് മസിൽ പെരിപ്പിച്ചു കൊണ്ട് ക്ലിയോയുടെ ദേഹത്തു തേച്ചു പിടിപ്പിക്കാൻ തുടങ്ങി...

"കസ്തൂരി മാൻ മിഴി മലർ ശരമെയ്തു കൽഹാര പുഷ്പങ്ങൾ പൂമഴ പെയ്തു..."

അവൾ ബാത്റൂമിൽ നിന്ന് മുടി മുന്നിലേക്കിട്ട് തുവർത്തി ഇറങ്ങിയപ്പോൾ കണ്ടത് എന്റെ മാസ്മരിക പ്രകടനം ആണ്...

അവൾ അതും കണ്ട് വായും പൊളിച്ചു നില്കുന്നത് ഞാൻ അലമാരയുടെ കണ്ണാടി വഴി കണ്ടു...

"എസ്... സക്സസ്സ്... അവൾ വശീകരണ പെട്ടിരിക്കുന്നു..."

ഞാൻ മസ്സിൽ വിചാരിച്ച് തീർന്നതും ചില്ല് പാത്രം വീണുടയുന്ന പോലെ ക്ലിഞ്ഞോ പ്ലിഞ്ഞോ ചിരിയാണ് കേട്ടത്...

അവൾ നിർത്താതെ എന്നെ നോക്കി ചിരിച്ചു...

സംഭവം പ്ലാൻ പാളി എങ്കിലും ആദ്യമായി ആണ് യക്ഷി ഇങ്ങനെ ചിരിച്ച് കാണുന്നത്... എനിക്കല്പം സന്തോഷം തോന്നി...

"ഒരു യക്ഷി അട്ടഹാസം...." കണ്ട പോലെ ഞാൻ അതും നോക്കി നിന്നു...

"പലതരത്തിൽ ഉള്ള വട്ട് ഞാൻ കണ്ടിട്ടുണ്ട്... എന്നാലും ഇമ്മാതിരി ഐറ്റം ഇതാദ്യമാ..."

"ഇന്നലെ മുതൽ ഞാൻ ശ്രദ്ധിക്കുന്നുണ്ട്... എന്താ മോന്റെ ഉദ്ദേശം... എന്നെ മയക്കാൻ ഉള്ള വേലയണ് ചെയ്യുന്നത് എങ്കിൽ ഇപ്പോളെ നിർത്തിക്കോ..."

അവൾ പറഞ്ഞത് കാര്യമായി... അല്ലേ വീണ്ടും വർക്ക് ആകാത്ത ഈ പ്ലാൻ ചെയ്ത് ചെയ്ത് എന്റെ ആപ്പീസ് പൂട്ടിയേനെ...

ഇനി ഡയറക്റ്റ് അടുത്ത വഴി നോക്കാമല്ലോ... സമാധാനം 😇...

ബ്രേക്ക്ഫാസ്റ്റ് കഴിച്ചു ഞാൻ നേരെ വിനുവിന്റെ വീട്ടിലേക്ക് വിട്ടു...

അവനേം വിളിച്ചു പിന്നെ അർജുവിന്റെ വീട്ടിലേക്ക് പോയി...

പ്ലാൻ ഫെയിൽ ആയ കാര്യം ഞാൻ നേരത്തെ അവന്മാരെ വിളിച്ചു പറഞ്ഞിരുന്നു...

ഞങ്ങൾ അടുത്ത ഐഡിയ ആലോചിക്കാൻ തുടങ്ങി...

കുറച്ച് നേരം കഴിഞ്ഞപ്പോൾ അർജു തന്നെ അടുത്ത ഐഡിയ ഇറക്കി... വിനു ആലോചിക്കുവാ എന്ന പേരിൽ ഫോണിൽ കുത്തി ഇരുന്നു മറ്റേ പെണ്ണിനോട് സൊള്ളും..."കള്ള ബടുവ... "

ഐഡിയ നമ്പർ-2

ഐഡിയ തന്നെ സീൻ ആയോണ്ട് സീൻ ഇല്ല...

**"പീഡനം"**

"നീ അവളെ ബലം ആയി കീഴ്പ്പെടുത്തുന്നു... ഒരാണിന്റെ, അതായത് അവളുടെ ഭർത്താവിന്റെ പൌരുഷം അറിഞ്ഞാൽ അവളുടെ അഹങ്കാരം അതോടെ തീരും... അവൾ നീ വരച്ച വരയിൽ നിക്കും മോനെ..."

ഞാൻ അവനെ ഒന്ന് സൂക്ഷിച്ച് നോക്കി....

"പ്ഫാ... വേണ്ടാത്ത ഐഡിയ പറഞ്ഞു ബാക്കി ഉള്ളവനെ കൊലക്ക് കൊടുക്കാൻ ആണോടാ നാറി നിന്റെ പ്ലാൻ... നിന്നോട് പറഞ്ഞില്ലെടാ തെണ്ടി അവൾ കരാട്ടെ ബ്ലാക്ക് ബെൽറ്റ് ആണെന്ന്..."

"ഒന്നും ചെയ്യാതെ തന്നെ ആകെ ഉള്ള പൌരുഷത്തിന്റെ പകുതി അവൾ ചവിട്ടി പൊളിച്ചു... ഇനി ബാക്കി ഉള്ളത് നിന്റെ തൊലിഞ്ഞ ഐഡിയ വർക്ഔട്ട് ആക്കാൻ പോയി അവൾ പിഴിഞ്ഞെടുക്കും..."

"അളിയാ നീ ചൂടാവാതെ... വേറെ ഐഡിയ നോക്കാം..."

"ഡാ... ഈ തെണ്ടിയുടെ മണ്ടൻ ഐഡിയ കേട്ടിരിക്കാതെ വേറെ വല്ലതും ആലോചിക്ക്..." വിനു പറഞ്ഞു...

"ആഹാ... എന്റെ മാസ്റ്റർ പ്ലാൻ മണ്ടത്തരമോ... എങ്കിൽ താൻ പറഞ്ഞു കൊടുക്കടോ അവന് ഐഡിയ..."

"ഞാൻ പറയാമെടാ പറയാം... ഡാ വരുണേ... നീ ഉള്ളത് പോയി അവളോട് തുറന്ന് പറ... അടുപ്പിച്ചു അടുപ്പിച്ചുള്ള എക്സാം, പഠിക്കാൻ ഉള്ള സമയക്കുറവ്, നീ മാക്സിമം ശ്രമിക്കാം എങ്കിലും പാസ്സ് ആകാൻ ചാൻസ് കുറവാ എന്ന് പറ..."

"സത്യസന്തമായി ഉള്ള കാര്യം പറയുന്നവരെ പെണ്ണുങ്ങൾ വില തരും... എന്നിട്ട് ഇരുന്ന് പറ്റുന്ന പോലെ നന്നായി പഠിച്ചു പോയി എക്സാം എഴുതാൻ നോക്ക്..."

ഞാൻ വിനുവിനെ നോക്കി... കൂട്ടത്തിൽ പെണ്ണുങ്ങളുമായി ഇടപെട്ട് എക്സ്പീരിയൻസ് ഉള്ളത് അവനു മാത്രമാ...

അർജുവും ഞാനും കോഴികൾ ആണേലും ഇതേ വരെ ഒരണ്ണം പോലും സെറ്റ് ആക്കാൻ ആയിട്ടില്ല... എന്തിന് കെട്ടിയിട്ട് സ്വന്തം ഭാര്യ പോലും സെറ്റ് ആയില്ല... 😢

"അളിയാ ഈ ഐഡിയ വേണോ... എന്റെ പീഡനം തന്നെ ആരുന്നു മെച്ചം... അത് നോക്കിട്ട് നടന്നില്ലേ ഇത് നോക്കാരുന്നു..."

"വെറുതെ അല്ല ലവന് പെണ്ണ് സെറ്റ് ആകാത്തത്... മോനെ വരുണേ നമുക്ക് വിനുവിന്റെ ഐഡിയ മതി..." മനസാക്ഷി തെണ്ടി പറഞ്ഞു...

മനസ്സാക്ഷി പറഞ്ഞതിൽ കാര്യം ഉള്ളത് കൊണ്ട് ഞാൻ അവന്മാരോട് പറഞ്ഞു...

"എന്റെ പൊന്ന് അർജു നിന്റെ ഐഡിയയും നടക്കില്ല അത് നടത്താൻ നോക്കിയാൽ ഞാനും നടക്കില്ല... അവൾ ചവിട്ടി ഒടിച്ചിടും... വിനു നീ പറഞ്ഞതെ ഉള്ളു മാർഗം... ഞാൻ അവളോട് ഉള്ളത് പറഞ്ഞ് എങ്ങനെ എങ്കിലും പഠിച്ചു സെറ്റ് ആക്കാൻ നോക്കാം..."

ഞാൻ വീട്ടിലേക്ക് ചെന്നു... അവളോട് കാര്യങ്ങൾ തുറന്ന് പറയാൻ ഒരു അവസരത്തിന് വേണ്ടി ഞാൻ കാത്തിരുന്നു...

പെണ്ണ് ഫുൾ ടൈം അമ്മയുടെ കൂടെയ... ഭാഗ്യത്തിന് നാളെ മുതൽ ഓഫീസിൽ പോകണ്ട കൊണ്ട് ഇടക്ക് എന്തൊക്കെയോ പ്രെപെയർ ചെയ്യാൻ റൂമിലേക്ക് വന്നു...

ലാപ്പും മടിയിൽ വച്ച് എന്തോ ചെയ്തു കൊണ്ട് അവൾ ഇരുന്നു...

ഞാൻ നേരെ അവളുടെ മുന്നിൽ പോയി നിന്നു...

വെട്ടം മറഞ്ഞപ്പോൾ അവൾ മുഖം ഉയർത്തി എന്നെ നോക്കി... എന്താ എന്ന അർത്ഥത്തിൽ ഒരു പുരികം അല്പം പോക്കി എന്തോ ഷോഷ്ടി കാണിച്ചു...

"എനിക്ക് കുറച്ച് സംസാരിക്കാനുണ്ട്..."

"എന്താ... പറഞ്ഞോ..."

ഞാൻ പോയി റൂമിന്റെ വാതിൽ ലോക് ചെയ്തു അവളുടെ അടുത്ത് കട്ടിലിൽ വന്നിരുന്ന് പതുക്കെ കാര്യങ്ങൾ തുറന്ന് പറഞ്ഞു...

എല്ലാം കേട്ടിട്ട് കുറച്ച് സമയത്തേക്ക് അവൾ അനങ്ങിയില്ല... പിന്നീട് ചോദിച്ചു -

"ഇപ്പോൾ എന്താണ് ഇതൊക്കെ എന്നോട് പറഞ്ഞത്..."

"എന്തോ... തന്നോട് ഉള്ളത് തുറന്ന് പറയണം എന്ന് തോന്നി..." ഞാൻ ഇത്തിരി സെന്റി ടോണിൽ അല്പം ആത്മാർത്ഥ കൂടി കലക്കി ഒരു കാച്ചു കാച്ചിയിട്ട് ഇടം കണ്ണിട്ട് നോക്കി...

പൂതന ഒന്ന് ഞെട്ടിയ പോലെ... എന്നിട്ട് ഒരു നോട്ടവും...

"ഇത് നീ തന്നെ ആണോ രമണ " എന്ന ഭാവത്തിൽ...

സംഭവം ക്ലിക്ക് ആയി...

പുതന പറഞ്ഞു...

"എന്തായാലും ഇത്രയും ദിവസം ഉണ്ടല്ലോ... ഇതൊക്കെ ആൾറെഡി പഠിച്ചിട്ടുമുണ്ട്... ആകുന്ന പോലെ പഠിക്കു... പാസ്സ് ആകും..."

"പിന്നെ അഡിഷണൽ ഹെല്പിന് ഒരു ട്യൂഷൻ അറേഞ്ച് ചെയ്യാം... എന്റെ ഒരു ഫ്രണ്ട് ബിടെക് ട്യൂഷൻ സെന്റർ നടത്തുന്നുണ്ട്... ഞാൻ അവനോടു സംസാരിക്കാം..."

"പുതന ആള് പൊളി ആണല്ലോ... സംഭവം മുൻപേ പഠിച്ചതൊക്കെ കണക്കാ എങ്കിലും എന്തൊക്കെയോ ആത്മവിശ്വാസം പോലെ... പാസ്സ് ആകും എന്ന ഒരു ധൈര്യം മനസ്സിൽ വന്ന് കൂടി..."

"താങ്ക്സ് അനു..." ഞാൻ സീരിയസ് ടോൺ ഒട്ടും കുറക്കാതെ തട്ടി വിട്ടു...

"ആ പിന്നെ എന്റെ കൂട്ടുകാരൻ ട്യൂഷന്റെ കാര്യം സംസാരിക്കാൻ വിളിച്ചാൽ നീ എന്റെ ഹസ്ബൻഡ് ആണെന്ന് പറയണ്ട... കേട്ടോ..."

നല്ല മൂഡിൽ വന്നതാ... നശിപ്പിച്ചു പൂതന...

"കേട്ടു..."

*********

പിറ്റേന്ന് രാവിലെ അവൾ ഓഫീസിൽ പോയി...

അവൾ പോയി അല്പം കഴിഞ്ഞപ്പോൾ തന്നെ അവളുടെ കൂട്ടുകാരൻ ഇങ്ങോട്ട് വിളിച്ചു...

ഫുൾ ഹെല്പ് ആണ് ഓഫർ ചെയ്തത്... അവിടെ അങ്ങ് ചെന്നാൽ മതി എന്ന പറഞ്ഞേ...

വീട്ടിൽ ഒറ്റക്ക് ഇരുന്ന് ഞാൻ പ്രതേകിച് ഒന്നും പുളുത്താൻ പോകുന്നില്ല എന്ന് നല്ല ഉറപ്പായത് കൊണ്ട് ഞാൻ അങ്ങോട്ട് പോകൻ തീരുമാനിച്ചു...

കാർ അവൾ ഓഫീസിൽ എടുത്തോണ്ട് പോയത് കൊണ്ട്, ഞാൻ ഉള്ള നോട്ടും പുസ്തകവുമൊക്കെ തപ്പി എടുത്ത് ഉച്ച കഴിഞ്ഞ് ബൈക്കും എടുത്ത് അവളുടെ ഫ്രണ്ടിന്റെ ട്യൂഷൻ സെന്ററിലേക്ക് വിട്ടു...

"PINNACLE GUIDENCE ACADEMY ", കയറി ചെന്നപ്പോൾ തന്നെ വല്യ ബോർഡ് കണ്ടു...

എന്തോന്ന് "പിണ്ണാ-"ക്കിൾ ഗൈഡൻസ് അക്കാഡമിയൊ ... തലയിൽ പിണ്ണാക്ക് ഉള്ളവർക്ക് വേണ്ടി ഉള്ള സ്ഥാപനം ആണെന്ന് തോന്നുന്നു...

"ഓഫ്കോഴ്സ്... നിന്നെ പോലെ ഉള്ളവർക്ക് വേണ്ടി തന്നെയാകും..."

"എന്റെ തലക്കുള്ളിൽ അല്ലേ താൻ... അപ്പോൾ താൻ ആണോ പിണ്ണാക്ക്..."

"ചളി അടിക്കാതെ പോയി പഠിക്കാൻ നോക്ക് മിച്ചർ..."

ഞാൻ അകത്തേക്ക് കയറി ചെന്നു... ഉച്ച സമയം ആയത് കൊണ്ട് മറ്റാരുമില്ല...

ഇത്തിരി വിശാലമായ റൂം ആണ്... അത് തന്നെ ചെറിയ ചെറിയ ക്ലാസ്സ് മുറി ആയി തിരിച്ചിട്ടുണ്ട്... മുകളിലെ നിലയിലും അതെ പോലെ തന്നെയാണ്...

മുകളിൽ ഒരു സെക്ഷൻ ചെറിയ ഒരു ഓഫീസ് മുറി ആയി സജീകരിച്ചിട്ടുണ്ട്...

അവിടെ ഗ്ലാസ് കൊണ്ട് ആണ് അത് തിരിച്ചിരിക്കുന്നത്... അകത്ത് സീലിംഗ് ചെയ്ത് എയർകണ്ടീഷൻ ചെയ്തിട്ടുണ്ട്...

ഞാൻ അവിടേക്ക് കയറി ചെന്നു...

എന്റെ വരവ് പ്രതീക്ഷിച്ചെന്ന പോലെ അകത്തേക്ക് കയറി ചെന്നപ്പോൾ തന്നെ എന്റെ പ്രായമൊക്കെയുള്ള ഒരു പയ്യൻ ചെയറിൽ നിന്നും എണിറ്റു അടുത്തേക്ക് വന്ന് കൈ തന്നു കൊണ്ട് ചോദിച്ചു-

"വരുൺ അല്ലേ..."

"അതെ... കിഷോർ അല്ലേ..."

"അതെ അതെ... ഇരിക്ക് വരുൺ..."

കസേര ചുണ്ടിക്കാണിച്ചു കൊണ്ട് കിഷോർ പറഞ്ഞു...ഞാൻ നന്ദി പറഞ്ഞ് അതിൽ ഇരുന്നു...

"വരുൺ അനുവിന്റെ ബ്രദർ ആണല്ലേ..."

"ബ്രദർർർ..." എന്റെ കിളി പോയി അത് കേട്ട്...

"ആാാാഹ്ഹ്........" (ആടിലെ ബിജിഎം 😁)

"ആഹ്... അവൾ പറഞ്ഞു വകയിൽ ഒരു ബ്രദർ ആയി വരുമെന്ന്..."

"ആഹ്... ഞാൻ അവളുടെ ഒരു കസിൻ ആണ്..." (ബ്രദർ സോൺഡ് ഹസ്ബൻഡ്... പട്ടി പൂതന.... ഉള്ളിൽ സങ്കടമുണ്ടിട്ടോ 😪...

"വരുണിന് എത്ര സപ്പ്ളി ഉണ്ട്..."

"6 എണ്ണം..."

"ഏതൊക്കെ സെമെസ്റ്ററിലെയാണ്..."

"മൂന്നും അഞ്ചും..."

"സപ്പ്ളി ഒന്നും വല്യ കാര്യമൊന്നുമില്ല... എനിക്ക് തന്നെ കുറെ എണ്ണം ഉണ്ടാരുന്നു... എന്നിട്ടും ഞാൻ ഈ ട്യൂഷൻ സെന്റർ തുടങ്ങിയില്ലേ..."

"ദൈവമേ വെളുക്കാൻ തേച്ചപ്പോൾ പണ്ടായി എന്ന അവസ്ഥ ആകുമോ..."

"എന്താ വരുൺ ആലോചിക്കുന്നത്..."

"ഏയ്... എന്നിട്ടും എങ്ങനെ പഠിപ്പിക്കുന്നു എന്ന് ആലോചിച്ചതാ..."

"ഞാൻ പൊട്ടി ഇരുന്നപ്പോൾ ആണ് ഇങ്ങനെ ഒരു സ്ഥാപനത്തിന്റെ വില മനസ്സിലാക്കുന്നത്..."

"അതോടെ നന്നായി പഠിച്ചു ഞാൻ പാസ്സ് ആയി... അതിന് ശേഷം ഇത് തുടങ്ങി..."

"എന്നാലും എനിക്ക് അത്ഭുതം അതല്ല..."

"ഞാൻ സംശയത്തോടെ കിഷോറിനെ നോക്കി..."

"അനുപമ പോലെ ഒരു ബുദ്ധിജീവിയുടെ ബ്രദർ ഒരു ഉഴപ്പനോ... ആ ഫാമിലിയിൽ അങ്ങനെ ഒന്ന് കാണില്ല എന്ന ഞാൻ കരുതിയെ... എല്ലാം വല്യ ടീംസ് അല്ലേ..."

"ആഹ്... എവിടെയും പേര് ദോഷം കേൾപ്പിക്കാൻ ഒരെണ്ണം ഉണ്ടാകുമല്ലോ... അതാണ് താൻ അല്ലേ... ഹ... ഹഹാ..."

"ചെറ്റ... മൂഡ് കളഞ്ഞു ചളിയടിച്ചു 🤦...ഇവന്റെ അണ്ണാക്കിൽ കുറച്ച് മണ്ണ് വാരി ഇട്ടാലോ..."

"അനുപമയുടെ ഹസ്ബൻഡ് വല്ല ഐഐടി ലെവൽ ആകുമല്ലേ... ഭാഗ്യവാൻ... തനിക്ക് അറിയുമോ... എനിക്ക് അവളെ ഇഷ്ടമാരുന്നു... കുറെ പിന്നാലെ നടന്നിട്ടുണ്ട്..."

"ദൈവമേ സകലമാന കൊന്തന്മാരും ഈ യക്ഷിയുടെ പിന്നാലെയാരുന്നൊ..."

"നടന്നു നടന്നു എന്റെ ചെരുപ്പ് തേഞ്ഞതല്ലാതെ അവൾ മൈൻഡ് ചെയ്തില്ല..."

"ഹോ... ആശ്വാസം...😇"

"തന്റെ സ്ഥാനത്തു അവളുടെ കെട്ടിയോൻ ആയിരുന്നേൽ ഞാൻ പൊട്ടിച്ചു വിടാൻ പഠിപ്പിച്ചേനെ..."

"ആഹ്...പക്ഷെ തന്നെ പോലെ ഒരു തോൽവിയെ കൊണ്ട് അവളെ ആരേലും കെട്ടിക്കുമോ... ഹ.. ഹഹാ..."

"ഈ കള്ള പന്നിയെ അങ്ങ് കൊന്നാലോ... പറഞ്ഞു കൊടുക്കെടോ അവള്ടെ മൊട്ട തലയൻ തന്ത ഈ തോൽവിയെ കൊണ്ട അവളെ കെട്ടിപ്പിച്ചേ എന്ന്..."

"കൂൾ ഡൌൺ... ആ നാറി ഇപ്പോൾ അറിഞ്ഞാൽ ഞാൻ പൊട്ടും... സൊ വെയിറ്റ് അവനിട്ടു പണി കൊണ്ടുത്തിട്ടേ പോകു... എന്തായാലും വെറുതെയല്ല പൂതന ഇവനോട് ഞാൻ അവളുടെ കെട്ടിയവൻ ആണെന്ന് പറയാഞ്ഞേ... ശോ തെറ്റിദ്ധരിച്ചു 😥... പ്യാവം പൂതന...."

അധികം താമസിക്കാതെ തന്നെ പഠനം ആരംഭിച്ചു... കാര്യം എനിക്ക് ഒരു തേങ്ങയും ഓർമ ഇല്ലാരുന്നു എങ്കിലും വേഗം വേഗം കിഷോർ പഠിപ്പിച്ചു മനസ്സിലാക്കി തന്നു...

ഇത് വരെ ഇല്ലാതെ ഇരുന്ന ഇന്ട്രെസ്റ്റ് പഠിപ്പിൽ വന്നത് കൊണ്ടോ മറ്റൊ സംഭവം എല്ലാം വേഗം തലയിലും കയറി...

വീട്ടിൽ ചെന്ന് കയറിയപ്പോൾ ഇത് വരെ ഇല്ലാത്ത സ്നേഹം ആണ് പൂതനക്ക്...

കൃത്യ സമയം ജ്യൂസ്, പഠിക്കുന്ന ടൈം കൂടെ തന്നെ ഇരിക്കും... ഭയങ്കര കേറിങ്... ഇത് എന്റെ യക്ഷി തന്നെ അല്ലേ എന്ന് പലപ്പോഴും എനിക്ക് സംശയം പോലും തോന്നി...

സിഐഡി മൂസയിൽ മൂസ ട്രെയിൻ ചെയുന്ന പോലെ ക്ലിയോയെയും അടുത്തിരുത്തി ഞാൻ കട്ടക്ക് പഠിച്ചു...

അങ്ങനെ എക്സാം ദിവസം വന്നെത്തി...

ഇത് വരെ ഇല്ലാത്ത ഭയം ആദ്യമായി എനിക്ക് തോന്നി... ഇതിന് മുൻപ് എക്സാം ഓക്കെ കെകെപിപി (കിട്ടിയാൽ കിട്ടി പോയാൽ പോയി ) മോഡിൽ ആയിരുന്നു എങ്കിൽ ആദ്യമായി ചോദ്യപേപ്പറിനെ പറ്റിയും, എല്ലാം ഓർമ വരുമോ എന്ന ടെൻഷൻ ആയിരുന്നു...

ടെൻഷൻ കൂടി എനിക്കാണേൽ ഓക്കാനിക്കാൻ വരുവോ, വയറിൽ എന്തോ ഉരുണ്ട് കയറുന്ന ഫീൽ ഒക്കെ...

രാവിലെ നേരത്തെ എണീറ്റിരുന്നു ഞാൻ... അനുവിന്റെ നിർദേശം സ്വീകരിച്ചു തലേന്ന് നേരത്തെ കിടന്ന് എക്സാമിനു രാവിലെ എണീറ്റു...

അവളും എണീറ്റിരുന്നു... എന്റെ ടെൻഷൻ ഒക്കെ കണ്ട് അവൾ ആശ്വസിപ്പിക്കുന്നുണ്ടായിരുന്നു...

താലി കെട്ടി എങ്കിലും ആദ്യമായി പൂതന എന്റെ ഭാര്യ എന്ന പോലെ എനിക്ക് ഫീൽ ചെയ്തത് അപ്പോൾ ആണ്...

മനസ്സ് ശാന്തം ആകാൻ എന്നേം വിളിച്ചു കൊണ്ട് അവൾ അമ്പലത്തിൽ പോയി...

കസവു മുണ്ടും നേരിയതും ഉടുത്തു, നെറ്റിയിൽ സിന്ദൂരവും ചന്ദനവും ഒക്കെയായി എന്റെ ഒപ്പം നിന്നവൾ ദേവി വിഗ്രഹം നോക്കി തൊഴുത് നിന്നപ്പോൾ സത്യത്തിൽ ദേവിയെ നോക്കണോ അവളെ നോക്കണോ എന്ന് വണ്ടർ അടിച്ചു ഞാൻ നിന്നു...

എന്റെ നിൽപ്പ് കണ്ടു, കണ്ണ് കൊണ്ട് ശ്രീക്കോവിലിലേക്ക് നോക്കി തൊഴാൻ അവൾ ആംഗ്യം കാണിച്ചു...

ശാന്തമായ അമ്പലത്തിന്റെ അന്തരീക്ഷത്തിൽ അവളുടെ കൂടെ അങ്ങനെ നടന്നപ്പോൾ മനസ്സിൽ നവരത്ന എണ്ണ ഒഴിച്ച പോലെ ഒരു കുളിർ...

"പണ്ടാരം പൂതന അസ്ഥിക്ക് തന്നെ കയറി പിടിച്ചു... ഓന്തിന്റെ സ്വഭാവം ആണ്... എപ്പോളാ ഇനി മൂർഖനെ പോലെ നിന്ന് ചീറ്റുന്നെ എന്ന് ആര് കണ്ട്..."

ക്ഷേത്രദർശനം കഴിഞ്ഞ് തിരികെ എത്തി ഞാൻ ബ്രേക്ഫാസ്റ്റ് കഴിഞ്ഞ് എക്സാമിനു പോകാൻ ഇറങ്ങി...

അവളെ ഓഫീസിൽ ഇറക്കി ഞാൻ വണ്ടിയുമെടുത്തു പോകാൻ തുടങ്ങിയതും ഒരു ഷേക്ക് ഹാൻഡും ആൾ ദി ബെസ്റ്റും പറഞ്ഞ് അവൾ അകത്തേക്ക് കയറി...

പൂതന ഷേക്ക് ഹാൻഡ് തന്ന കൈയിൽ ഞാൻ ഒന്ന് നോക്കി... അവിടെ ഒരു ഉമ്മ വച്ചു... ബേബി ലോഷന്റെ മണം ആണ്...

കുറച്ച് നേരം കൂടി സ്വപ്ന ലോകത്ത് പോയി അവളും ഒന്നിച്ചു ഒരു ഡ്യൂവറ്റ് ഓക്കെ അടിച്ചു ഞാൻ എക്സമിനു കോളേജിലേക്ക് വണ്ടി വിട്ടു...

എക്സാം ഹാളിൽ ഞാൻ സകലമാന ദൈവങ്ങളെയും പ്രാർത്ഥിച്ചു കയറിയിരുന്നു...

അതിനുള്ളിൽ കയറിയപ്പോൾ വീണ്ടും ടെൻഷൻ...

അല്പം കഴിഞ്ഞ് ചോദ്യപേപ്പർ കൈയിൽ കിട്ടി... ആശ്വാസം... പഠിച്ചിട്ട് പോയത് ഓക്കെ തന്നെയാണ്... ഞാൻ തകർത്ത് എഴുതി...

ഉച്ച ആയപോളെക്കും എക്സാം അവസാനിച്ചു ഞാൻ തിരിച്ച് പുറപ്പെട്ടു...

അനുവും ഉച്ചക്ക് ഇറങ്ങും എന്ന് പറഞ്ഞിരുന്നു അന്ന്... അത് കൊണ്ട് അവളെ വിളിക്കാൻ ഞാൻ നേരെ അവളുടെ ഓഫീസിലേക്ക് പോയി...

വിളിച്ചു പറഞ്ഞിരുന്നത് കൊണ്ട് മുന്നിൽ തന്നെ അവൾ കാത്ത് നിന്നിരുന്നു...

വണ്ടിയിൽ കയറിയപ്പോൾ തന്നെ ആദ്യ ചോദ്യം -

"എക്സാം നന്നായി എഴുതാൻ ആയി... അല്ലേ???..."

"കുഴപ്പമില്ലാരുന്നു... നന്നായിട്ട് എഴുതിയിട്ടുണ്ട്..."

അവൾ വീണ്ടും ചോദ്യപേപ്പർ എടുത്ത് ഓരോ ചോദ്യവും ഞാൻ എങ്ങനെ എഴുതി എത്ര മാർക്ക് കിട്ടും എന്നൊക്കെ പരീക്ഷ കഴിഞ്ഞ് ഇറങ്ങിയ കുട്ടിയോട് അമ്മ ചോദിക്കുന്ന പോലെ നോൺസ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് ബസ് പോലെ ചോദ്യങ്ങൾ വന്നു...

കഴിഞ്ഞതിനെ പറ്റി ആലോചിക്കുന്നതെ എനിക്ക് കലിയാണ്... പക്ഷെ അവളുടെ ചോദ്യത്തിന് വേറെ നിവർത്തി ഇല്ലാത്തോണ്ട് ഉത്തരം പറഞ്ഞ് കൊണ്ടേ ഞാൻ ഇരുന്നു...

അങ്ങനെ വീട് എത്താറായപ്പോളേക്കും 72 മാർക്ക് 100ഇൽ എനിക്ക് കിട്ടും എന്ന് പ്രവചിച്ചു കൊണ്ട് അവൾ ഇറങ്ങി...

അടുത്ത ദിവസവും പരീക്ഷ ഉള്ളത് കൊണ്ട് കഴിച്ചിട്ട് വീണ്ടും പഠിത്തം തുടങ്ങി...

പിറ്റേന്ന് ഞാൻ ബൈക്കിൽ ആണ് പോയത്... അവൾക്ക് ഓഫീസ് വൈകിട്ട് വരെ ഉള്ളത് കൊണ്ട് കാർ അവൾക്ക് കൊടുത്തു...

ഒരാഴ്ച്ചത്തെ കഷ്ടപ്പാടിന് ഒടുവിൽ എക്സാം തീർന്നു കിട്ടി...

പാസ്സ് ആകും എന്ന് ഉറപ്പ് ഉണ്ടെങ്കിലും എന്തോ ഒരു പേടി പോലെ...

"കൊസ്റ്റിൻ നമ്പർ ഇട്ടോ, ഉത്തരം മാറി പോയോ... പേപ്പർ മാറി പോകുമൊ എന്ന് വരെ നീളുന്ന പേടി..."

എക്സാം കഴിഞ്ഞതും പൂതന വീണ്ടും കുരിശ് കണ്ട പിശാശ് കണക്ക് എന്നോട് സ്നേഹത്തോടെയുള്ള പെരുമാറ്റം അങ്ങ് നിർത്തി...

ഇവൾക്ക് ശരിക്കും പ്രാന്ത് ഉണ്ടോ എന്ന് എനിക്ക് നല്ല സംശയം ആയിത്തുടങ്ങിയിരുന്നു...

അങ്ങനെ കാര്യമായി വല്യ സംഭവങ്ങൾ ഒന്നും സംഭവിക്കാതെ മൂന്ന് മാസം കടന്ന് പോയി...

വെറുതെ അങ്ങനെ നടക്കുമ്പോൾ ഒരു മെസ്സേജ്...

"റിസൾട്ട് വന്നിട്ടുണ്ട്..."

ഒറ്റയടിക്ക് ഹൃദയം കൂടും പൊളിച്ചു പുറത്ത് വരും എന്ന അവസ്ഥ...

ഞാൻ വേഗം സൈറ്റിൽ കയറി ലോഗിൻ ചെയ്ത് നോക്കി...

അത്യവിശമായി നമ്മൾ ഒരു കാര്യം നോക്കുമ്പോൾ സൈറ്റുകളുടെ സ്ഥിരം സ്വഭാവം, ഓടുകത്തെ സ്ലോ ...

അങ്ങനെ നൂറ്റാണ്ടുകൾ നീണ്ട കാത്തിരുപ്പിന് ഒടുവിൽ പേജ് ലോഡ് ആയി,

"പാസ്സ്..."

ആ ഒരു നിമിഷം... ഒരു ഒന്നൊന്നര നിമിഷമ... ഇത്രേം സന്തോഷം തോന്നിയ ഒരു സംഭവം വേറെ ഉണ്ടായിട്ടില്ല ജീവിതത്തിൽ...

അങ്ങനെ ഞാനും ഒരു എഞ്ചിനീയർ ആയി... ചിരിക്കണോ കരയണോ എന്ന് അറിയാതെ സന്തോഷം കൊണ്ട് മരവിച്ച ഒരു അവസ്ഥ 😇...

കാര്യം സ്വഭാവം ഓന്തിന്റെയാണേലും അനു ഒരുത്തി കാരണം ആണ് പാസ്സ് ആയത്...

അത് കൊണ്ട് പൂതനെ തന്നെ ആദ്യം അറിയിക്കാൻ തീരുമാനിച്ചു... മാത്രം അല്ല ആദ്യം അവളോടാ വിവരം പറയുന്നത് എന്നും പറഞ്ഞു, അവളേ ഒന്ന് സോപ്പ് ഇടുകയും ആവാം...

ഞാൻ വിളിച്ചു...ബെൽ അടിച്ചു നിന്നത് അല്ലാതെ എടുത്തില്ല...

വീണ്ടും വിളിച്ചു... അവൾ കട്ട് ചെയ്തു... എനിക്ക് വേറെ പണി ഇല്ലാത്തോണ്ട് വീണ്ടും വിളിച്ചു...

രണ്ട് ബെൽ ആയപ്പോൾ ഫോൺ എടുത്തു...

"എന്ത് വേണം തനിക്ക്...ഒരു മനുഷ്യൻ കട്ട് ചെയ്താൽ തിരക്കിൽ ആകും എന്ന സാമാന്യ ബോധം ഇല്ല... ഇടിയറ്റ്..."

അതും പറഞ്ഞു അവൾ ഫോൺ വച്ചു...

സോപ്പ് ഇടാൻ കൊണ്ട് പോയ സോപ്പ് എടുത്ത് അവൾ എനിക്ക് എനിമ വച്ചത് പോലെ ആയി...😢

കെട്ടിയോൻ ആണെന്ന് പോലും ചിന്തിക്കാതെയാണ് ആട്ടിയത്...

"ഇടിയറ്റ് അവളുടെ അമ്മേടെ നായർ..."

"ആരേലും കേട്ടോ ആവോ 🙄...ഭാഗ്യം ആരും ഒന്നും അറിഞ്ഞിട്ടില്ല...അറിഞ്ഞാൽ ചമ്മി നാറിപ്പോയേനെ... പൂതന വന്നാൽ ഇന്ന് ഇനി എങ്ങനെ മുഖം കൊടുക്കുമോ എന്തോ..."

ഞാൻ പാസ്സ് ആയ വിവരം അച്ഛനെയും അമ്മയെയും അറിയിച്ചു...അവർക്ക് ഒരുപാട് സന്തോഷമായി എന്ന് മനസ്സിലായി... അമ്മയുടെ കണ്ണ് നിറഞ്ഞിട്ടുണ്ട്... ഈ സന്തോഷം വന്നാൽ കണ്ണ് എന്താ നിറയുന്നേ... ഒരു പിടുത്തവും കിട്ടുന്നില്ല...

പിന്നെ കിഷോറിനെയും അർജുവിനെയും, വിനുവിനെയും കൂടെ വിളിച്ച് അറിയിച്ചു...

അമ്മയോട് വിവരം പറഞ്ഞപ്പോൾ എന്നെ അഭിനന്ദിക്കേണ്ടതിനു പകരം എടുത്ത വായിൽ ചോദ്യം വന്നത് "അനുവിനോട് പറഞ്ഞോ..." എന്നാണ്...

അത് അനുവല്ല അണുവാണെന്ന് പറയാൻ എന്റെ നാക്ക് ചൊറിഞ്ഞു വന്നെങ്കിലും ഞാൻ കണ്ട്രോൾ ചെയ്തു...

"ഇല്ല...അമ്മ ഒന്ന് പറഞ്ഞേക്ക്..." ഞാൻ എന്റെ ഫോൺ നീട്ടിക്കൊണ്ട് അമ്മയോട് പറഞ്ഞു...(വിളിച്ചു തെറി വിളി കേൾക്കുന്നേൽ രണ്ടെണ്ണം അമ്മയ്ക്കും കേട്ടോട്ടെ എന്ന് കരുതി...നെൻമ മരം എഗൈൻ 😁)

അമ്മ ഫോൺ എന്റെ കയ്യിൽ തിരികെ തന്നു...

"നിനക്ക് വേണമെങ്കിൽ നീ നിന്റെ ഫോണിൽ നിന്ന് പറ... അല്ലേ എനിക്ക് എന്റെ ഫോണുണ്ട്..."

"സ്മാർട്ട് ഫോൺ തോണ്ടി കളിക്കാൻ തുടങ്ങിയപ്പോൾ അമ്മ വരെ അഹങ്കാരിയായി മാറി..."

അമ്മ വിളിച്ചു പറഞ്ഞ് കാണണം...5മിനിറ്റ് കഴിഞ്ഞവളുടെ കാൾ എന്റെ ഫോണിലേക്ക് വന്നു...

ഞാൻ എടുക്കാൻ പോയില്ല... പൂതന അവളുടെ ഷോയും കൊണ്ട് അവിടെ ഇരിക്കട്ടേ...

കുറെ നേരം അടിച്ചു ബെൽ നിന്നു... പിന്നെയും അടിച്ചു... ഞാൻ പിന്നേം മൈൻഡ് ചെയ്തില്ല... പിന്നയും അടിച്ചു...

ഞാൻ എടുത്തില്ല... അപ്പോൾ ഒരു മെസ്സേജ് -

"Congrats..."

ഇത്ര മാത്രം... ഒരു സോറി ആണ് ഞാൻ പ്രതീക്ഷിച്ചത്...ഞാൻ ഫോൺ എടുത്ത് റിപ്ലൈ ടൈപ്പ് ചെയ്തു -

"Thanks...

"നോ മോർ നോ ലെസ്സ്... അതിന്റെ ആവിശ്യമേയുള്ളു..."

പിന്നേയും ഒരു സോറി ഞാൻ പ്രതീക്ഷിച്ചെങ്കിലും വന്നില്ല...ആ എന്തേലും ആവട്ടെ...

വൈകിട്ട് അവൾ സാധാരണ വരുന്ന സമയം നോക്കി ഞാൻ ഒരു മുങ്ങ് മുങ്ങി...

എന്തോ അവൾക്ക് മുഖം കൊടുക്കാൻ എനിക്ക് ഒരു താല്പര്യം തോന്നിയില്ല...

ഞാൻ ആ സമയം വിനുവിന്റെ വീട്ടിലേക്ക് വിട്ടു...

അവന്മാരും ഞാൻ പാസ്സ് ആയതിൽ ഹാപ്പി... ചുമ്മാതല്ല നല്ല ഒരു വെള്ളമടി പാർട്ടി തന്നെ കിട്ടും എന്ന് അവന്മാർക്കറിയാം 😁...

അർജുവും വന്നിരുന്നു... ഞങ്ങൾ ഒന്നിച്ചു പുറത്തൊക്കെ കറങ്ങി, ഭക്ഷണവും കഴിച്ച് ലേറ്റ് ആയി ആണ് ഞാൻ വീട്ടിൽ വന്നത്...

ഗേറ്റ് കടന്ന് വന്നപ്പോൾ കാർ കിടപ്പുണ്ട്... പൂതന വന്നിട്ടുണ്ട് എന്ന് മനസ്സിലായി...

ഞാൻ അകത്തേക്ക് കയറി... അമ്മ വന്ന് എന്താ ലേറ്റ് ആയത് മോൾ നോക്കി ഇരിക്കുവാരുന്നു എന്നൊക്കെ പറഞ്ഞു...

ഞാൻ അവന്മാരുടെ കൂടെ ആയിരുന്നു എന്നും പറഞ്ഞ് അകത്തേക്ക് കയറി...

"നീ കഴിച്ചോ..."

"ആം...ഞാൻ കിടക്കാൻ പോകുവാ..."

ഞാൻ റൂമിലേക്ക് ചെന്നു...അവൾ അവിടെ ഉണ്ടായിരുന്നില്ല...മുകളിൽ വല്ലോം ആകും...

ബെഡിൽ ഒരു തുണിക്കടയുടെ കവർ കിടപ്പുണ്ട്...

ഞാൻ അവൾ വരുന്നുണ്ടോ എന്ന് ഡോറിന്റെ ഭാഗത്ത് ഒന്ന് എത്തി നോക്കിയിട്ട് കവറിന്റെ ഉള്ളിലേക്ക് നോക്കി...

ഒരു ഷർട്ട് ആണ്...

കവർ അവിടെ പഴയ പോലെ വച്ചിട്ട്, ഞാൻ ഒന്നും അറിയാത്ത പോലെ ബാത്റൂമിൽ കയറി ഒന്ന് ഫ്രഷ് ആയിട്ടു, വസ്ത്രം മാറി വന്നു... ഇടക്ക് അവൾ വന്നു എന്ന് തോന്നുന്നു...

കതക് കുറ്റിയിടുന്ന ശബ്ദം കേട്ടു...

എനിക്ക് പൂതനയുടെ മുഖത്തേക്ക് നോക്കാൻ തോന്നുന്നില്ല...ബാത്റൂമിൽ തന്നെ അങ്ങ് ഇരിക്കാൻ തോന്നി... പക്ഷെ വേറെ നിവർത്തി ഇല്ലാത്തത് കൊണ്ട് ഞാൻ ഇറങ്ങി വന്നു...

കണ്ണാടിയുടെ മുന്നിൽ നില്പുണ്ട് ആള്... മുടി ചീകുന്നു...

ഞാൻ ജസ്റ്റ് ഒളിക്കണ്ണിട്ട് നോക്കി... അവളും കണ്ണാടി വഴി നോക്കുന്നുണ്ടായിരുന്നു... കണ്ണ് ഉടക്കിയപ്പോൾ ഞങ്ങൾ നോട്ടം പിൻവലിച്ചു...

ഞാൻ നൈസ് ആയി തറയിൽ വിരിച്ചങ്ങ് കിടന്നു...

അവൾ മുടി കെട്ടിയിട്ട് വന്ന് കട്ടിലിൽ ഇരുന്നു...

ഒന്നും മിണ്ടാതെ കുറച്ച് നേരം പൂതന എന്തോ ആലോചിച്ചു ഇരുന്നിട്ട് പെട്ടന്ന് പറഞ്ഞു...

"ഉച്ചക്ക് ദേഷ്യപ്പെട്ടതിനു സോറി..."

"പൂതന സോറി പറഞ്ഞോ... ആഹാ കൊള്ളാല്ലോ... മൂഡ് വന്താച്ച്..."

"അല്പം വെയ്റ്റ് ഇട്ടേക്കാം... അല്ലേ പൂതനക്ക് ഒരു വില ഉണ്ടാവില്ല..."

"ഇട്സ് ആൾ റൈറ്..." ഞാൻ ചിരി മാക്സിമം കണ്ട്രോൾ ചെയ്ത് സീരിയസ് മോഡ് ഇട്ട് തട്ടി വിട്ടു...

"ഞാൻ വരുണിന് വാങ്ങിയതാ..." അവൾ കവർ നീട്ടിക്കൊണ്ട് പറഞ്ഞു...

ഞാൻ അത് മടിച്ചു മടിച്ചു വാങ്ങി... തുറന്ന് നോക്കാതെ സൈഡിലേക്ക് വച്ചു...

"തുറന്ന് നോക്കുന്നില്ലേ..."

ഞാൻ അതെടുത്തു തുറന്ന് നോക്കി... നല്ല റെഡ്ഡിഷ് ബ്രൗൺ ഡിസൈൻ ഒക്കെയുള്ള ഒരു ഷർട്ട്...

എനിക്ക് ഒരുപാട് ഇഷ്ടമായി...പക്ഷെ പുറത്ത് കാണിച്ചില്ല...

"എങ്ങനെയുണ്ട്..."

"അഹ്... കൊള്ളാം..." ഞാൻ വീണ്ടും ജാട ഇട്ടു...

അവൾക്ക് എന്റെ സംസാരം തീരെ പിടിച്ചില്ല എന്ന് മനസ്സിലായി...

"എന്നോട് പിണക്കം ആണോ..."

"അനു മുൻപ് പറഞ്ഞത് പോലെ പിണങ്ങാൻ നമ്മൾ എപ്പോളാ ഇണങ്ങിയത്..."

അവൾ പ്ലിങ്ങി മുഖം ഓക്കെ ചുവന്നു... ഞാൻ തിരിഞ്ഞ് കിടന്നു...

"ഇറ്റ്സ് റിവഞ്ച് ടൈം ഡിയർ ..."

അല്പം കഴിഞ്ഞ് അവളും കിടന്നു...

അങ്ങനെ തട്ടിയും മുട്ടിയും പോയി കുറച്ച് ദിവസം കഴിഞ്ഞ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഒപ്പിച്ചെടുത്തു...

പിന്നീട് ജോലിക്ക് വേണ്ടിയുള്ള ശ്രമം തുടങ്ങി...

കുറെ ഇന്ററർവ്യൂ ഒക്കെ പോയെങ്കിലും പഠിപ്പ് കഴിഞ്ഞ് ഇത്രേം നാളും പാസ്സ് ആകാൻ എടുത്ത ഒരാളിൽ അവർക്ക് കോൺഫിഡൻസ് ഇല്ല പോലും...

എനിക്ക് പക്ഷെ എന്നിൽ ഭയങ്കര കോൺഫിഡൻസ് ആയോണ്ട് പിന്നേം ശ്രമിച്ചു കൊണ്ടേ ഇരുന്നു...

അങ്ങനെ കൂടെ പഠിച്ച ഒരു ഫ്രണ്ടിന്റെ സഹായത്തിൽ അവൻ വർക്ക് ചെയ്യുന്ന കമ്പനിൽ പ്രോഗ്രാമ്മർ ആയി ജോലി കിട്ടി...

ആദ്യം കുറച്ച് നാൾ ശമ്പളം അല്പം കുറവാണ്... മാസം 20000 രൂപ... പക്ഷെ എനിക്ക് അത് ലാവിഷ് ആണെന്ന് ഇവന്മാർക്ക് അറിയില്ലല്ലോ...

എന്തായാലും ഞാൻ ജോലിക്ക് പോയി തുടങ്ങി...കാര്യം കോളേജിൽ പഠിച്ച വിഷയം ഒന്നും ജോലിക്ക് യാതൊരു ഗുണവും ഇല്ലാത്തതു കൊണ്ട് കാര്യങ്ങൾ സ്മൂത്ത് ആയി പൊക്കോണ്ടിരുന്നു...

ഞാൻ നന്നായി പണി പഠിച്ചു...ജോലി നല്ല പോലെ എൻജോയ് ചെയ്തു പൊക്കോണ്ടിരുന്നു...

പൂതനയും ആയി വല്യ പ്രശ്നം ഒന്നുമില്ലാതെ എല്ലാം കൊമ്പ്ലിമെൻസ് ആക്കി മുന്നോട്ട് പോയികൊണ്ടിരുന്നു...

അങ്ങനെ ആദ്യത്തെ ശമ്പളം കിട്ടിയ ദിവസം... നേരെ അക്കൗണ്ടിൽ ആണ് വന്നത്...

ആദ്യമായി കിട്ടിയ ശമ്പളം ആണ്... ഞാൻ അച്ഛന് ഒരു ഷർട്ടും അമ്മക്ക് ഒരു സാരിയും വാങ്ങി...

കാര്യം പൂതന ആണേലും അനുവിന് എന്തെങ്കിലും വാങ്ങണം എന്നുണ്ട്...

എന്ത് വാങ്ങും എന്ന് സംശയം...

ലാസ്റ്റിൽ വിനുവിനെ വിളിച്ചു... അവൻ ആരതിയോട് ചോദിച്ച് പറയാം എന്ന് പറഞ്ഞു...

അങ്ങനെ അവളുടെ വാക്ക് കെട്ട് ഒരു ചുരിദാർ വാങ്ങി...

അധികം പൈസ ഒന്നും ചിലവാക്കാൻ ഇല്ലാത്തത് കൊണ്ട് രണ്ടായിരം രൂപയുടെ ഒരു ഇളം പച്ച കളർ ചുരിദാർ ആണ് വാങ്ങിയത്...

അധികം ഡെക്കറേഷൻ ഒന്നുമില്ല എങ്കിലും നല്ല ഭംഗിയുള്ളത് ആയിരുന്നു...

എല്ലാം കൂടെ നാലായിരം രൂപക്ക് ഒതുക്കി, കുറച്ച് പൈസ കൊണ്ട് അർജുവിനും വിനുവിനും ഒരു കുപ്പിയും ട്രീറ്റ് പ്ലാൻ ചെയ്തു...

പതിനായിരം രൂപ അമ്മായി അപ്പന് തിരികെ ഏൽപ്പിക്കണം... താലിയുടെ കൂലി... ബാക്കി എന്റെ ചിലവിനും...

ഓഫീസിൽ നിന്ന് ഇറങ്ങി നേരെ അവളുടെ ഓഫീസിന്റെ മുന്നിൽ ഞാൻ കാത്ത് നിന്നു...

ഇപ്പോൾ ഞാൻ അവളെ കൊണ്ട് വിടും, തിരികെ പിക്ക് ചെയ്യും...

അല്പ സമയം കഴിഞ്ഞ് അവൾ വന്നു... ഞാൻ ഒന്നും മിണ്ടാതെ കാർ നേരെ അവളുടെ വീട്ടിലേക്ക് വിട്ടു...

"ഇതെന്താ ഇന്ന് എന്റെ വീട്ടിലേക്ക് ആണല്ലോ പോകുന്നത്...എന്തേലും വിശേഷം ഉണ്ടോ..."

"മ്മ് വിശേഷം... അത് ഉണ്ടാകാൻ നീ കൂടെ മനസ്സ് വച്ചിരുന്നേൽ എന്നെ നടന്നേനെ...😁" ഞാൻ മനസ്സിൽ പറഞ്ഞു...

"വിശേഷം ഒന്നുമില്ല... പക്ഷെ ചെറിയ ഒരു കാര്യമുണ്ട്... തന്റെ മുന്നിൽ വച്ചു തന്നെ അത് ചെയ്യണം എന്നുണ്ട്..."

എന്താ എന്ന അർത്ഥത്തിൽ പൂതന നോക്കിയെങ്കിലും ഞാൻ അനങ്ങാൻ പോയില്ല...

കാർ ഗേറ്റിന് മുന്നിലായി നിർത്തി ഇറങ്ങി, ഞാൻ ഗേറ്റ് തുറന്ന് വണ്ടി ഉള്ളിൽ കയറ്റി ഇട്ടു...

മാസ്സ് ആയി ഒരു നടത്തവും നടന്ന് കാറിന്റെ ഡോർ തുറന്ന്, അനുവിന്റെ കൈയിൽ പിടിച്ചു പുറത്തേക്ക് കൊണ്ടുവന്നു...

അപ്പോളേക്കും അച്ഛനും അമ്മയും പുറത്തേക്ക് വന്നു...

എന്റെ മാസ്സ് എക്സ്പ്രഷൻ ഓക്കെ കണ്ടാകും രണ്ടാളും അല്പം വിജ്രംഭിച്ചിട്ടുണ്ട്... "സില്ലി പീപ്പിൾ..."

"അച്ഛാ... അമ്മേ... പേടിക്കണ്ടാ..." ശബ്ദത്തിൽ അല്പം ഗംഭീര്യം നിറച്ചു ഞാൻ പറഞ്ഞു...

"എന്താ മോനെ ഒന്ന് അറിയിക്കാതെ പെട്ടെന്ന്..." അമ്മ ചോദിച്ചു...

ഞാൻ കരുതി വച്ചിരുന്ന പൈസ അച്ഛന്റെ കൈയിൽ കൊടുത്തു...

പുള്ളിക്കാരൻ ആണേൽ ഇതൊക്കെ എന്താ എന്ന രീതിൽ കിളി പോയി അവളേം അമ്മയെയും മാറി മാറി നോക്കുന്നുണ്ട്...

ഞാൻ ഗംഭീര്യം ഒട്ടും കുറക്കാതെ തന്നെ പറഞ്ഞു,

"അച്ഛാ... ഇവളുടെ കഴുത്തിൽ കെട്ടിയ താലി ശരിക്കും ഞാൻ വാങ്ങേണ്ടതാണ്, പക്ഷെ അന്നത്തെ സാഹചര്യത്തിൽ എനിക്കതിനു ആയതുമില്ല, അച്ഛൻ ആണ് അത് ചെയ്തത്... ഇന്ന് എനിക്ക് ആദ്യമായി ശംമ്പളം കിട്ടി...ആദ്യം തന്നെ ഈ കടം വീട്ടാം എന്ന് വച്ചു..."

അച്ഛന് അതങ്ങ് ഇഷ്ടമായി... എന്നെ ചേർത്ത് പിടിച്ചു... പുള്ളിടെ കണ്ണിൽ നിന്നു രണ്ടിറ്റ് കണ്ണീർ ഓക്കെ വീണു...

കൂടുതൽ ഒന്നും പറഞ്ഞില്ല... അല്ലേലും സെന്റി എനിക്ക് പണ്ടേ ഇഷ്ടം അല്ലാത്തത് കൊണ്ട് ഞങ്ങൾ യാത്ര ചോദിച്ചു വേഗം ഇറങ്ങി...

അവൾ ഒന്നും മിണ്ടിയില്ല...

മുഖത്ത് എന്തോ വിഷമം ഉള്ള പോലെ... പുറത്തേക്ക് നോക്കി ഇരുപ്പാണ്... ഞാനും ഒന്നും മിണ്ടാൻ പോയില്ല...

വീട്ടിൽ എത്തി വാങ്ങി വച്ചിരുന്ന കവർ എല്ലാം പുറത്തെടുത്തു...

അച്ഛനും അമ്മയ്ക്കും അവൾക്കും സമ്മാനിച്ചു...

അച്ഛനും അമ്മയ്ക്കും ഭയങ്കര സന്തോഷം... അമ്മ കെട്ടിപിടിച്ചു നെറ്റിയിൽ ഒരു ഉമ്മയും തന്നു...

അച്ഛൻ പുറത്തൊക്കെ തട്ടി...

എനിക്ക് ഇതൊക്കെ കണ്ടു എന്താണ്ട് വല്ലാണ്ടായിപ്പോയി...

അവൾ ഒന്നും മിണ്ടാതെ ചെറിയ ഒരു പുഞ്ചിരിയുമായി നില്പുണ്ട്... പക്ഷെ മുഖത്ത് എന്തോ ഒരു വിഷമം ഉള്ളത് പോലെ...

ഞാൻ കുളിക്കാൻ പോയി... കുളിച്ചു ഭക്ഷണം ഓക്കെ കഴിഞ്ഞു വിനുവിനേം അർജുവിനേം ചിലവിന്റെ കാര്യം പറയാൻ ഞാൻ ഫോൺ എടുത്തു...

താഴത്തെ നിലയിൽ കിടിലം റേഞ്ച് ആയത് കൊണ്ട് മുകളിൽ, ബാൽക്കണിയിലേക്ക് നടന്നു...

ബാൽക്കണിയിൽ നിന്നപ്പോൾ ആണ് താഴെ അടക്കി പിടിച്ചൊരു സംസാരം കേട്ടത്...

അടുക്കള വാതിക്കൽ അമ്മയും അച്ഛനും അവളും...

"മോള് മിണ്ടുക്കിയാണ്... അവന്റെ എല്ലാ മാറ്റത്തിനും കാരണം മോളാ..."

അച്ഛൻ ആണ്... അവൾ ഒന്നും മിണ്ടാതെ കേട്ടു നിൽക്കുന്നു...

"അവൻ ഉത്തരവാദിത്തവും കാര്യ ബോധവും ഉള്ളവൻ ആയത് മോള് കരണം മാത്രമാണ്...മോള് ഞങ്ങൾ പറഞ്ഞത് മനസ്സിലാക്കി പ്രവർത്തിച്ചത് കൊണ്ട് മാത്രമാണ്... എങ്ങനാ കുഞ്ഞേ നിന്നോട് നന്ദി പറയേണ്ടത്..."

"എന്റെ കടമ അല്ലേ അച്ഛാ..."

"അവൻ ഇപ്പോ വരും... നമുക്ക് അകത്തേക്ക് പോകാം..." അമ്മ പറഞ്ഞു...

"ഓഹോ... അപ്പോൾ എല്ലാരും കൂടെ പ്ലാൻ ഇട്ട് എന്നെ നന്നാക്കിയതാണ് അല്ലേ..."

"ച്ചോ... അപ്പോൾ പൂതനക്ക് എന്നെ ഇഷ്ടം ആണല്ലേ... കള്ളി... ഇനി മുതൽ നീ പൂതന അല്ല... എന്റെ ജീവിതം പാപനമാക്കിയ പൂങ്കരളാ..."

"കർളേ..." എന്നും വിളിച്ചു ഞാൻ റൂമിലേക്ക് ഓടി...

"തത്കാലം ഒന്നും അറിഞ്ഞതായി ഭവിക്കണ്ട..."

ഇനി എങ്കിലും എന്നെ അവളുടെ കൊന്തനയായി അംഗീരിക്കുമോ എന്ന് ചോയിച്ചു നോക്കാം...

സമ്മതിച്ചാൽ ഇന്ന് ഓണവും വിഷുവും ഒന്നിച്ചു ഞാൻ ആഘോഷിക്കും എന്റെ പൂതനെ...ശ്ശെ... പൂങ്കർളേ...

ഞാൻ വിരിച്ചു കിടക്കുന്ന ബെഡ്ഷീറ്റിലും തലയിണയും നോക്കി പറഞ്ഞു...

"വേണേ നീയൊക്കെ തറയിൽ കിടന്നോ... ഞാൻ ഇന്ന് മുതൽ എന്റെ പെണ്ണുമ്പിള്ളേം കെട്ടിപിടിച്ചു മുകളിൽ കിടക്കും..."

ഒരു അല്പം കഴിഞ്ഞപ്പോളേക്കും അനു വന്നു...

ഞാൻ സാധാരണ പോലെ തന്നെ ബെഡിൽ ഇരുന്നു...

അവൾ ഡ്രെസ്സ് മാറി കിടക്കാൻ വന്നു...

ഞാൻ താഴെ വിരിച്ചു കിടക്കാതെ കട്ടിലിൽ ഇരിക്കുന്നത് കണ്ടിട്ട് അവൾ സംശയത്തോടെ നോക്കി...

"കെട്ടിപിടിച്ചു ഒരു കിസ്സ് അങ്ങ് കാച്ചിയാലോ..."

"അല്ലേ വേണ്ട നോ ആക്രാന്ത്... ആവോളം കാത്തില്ലേ... ഇനി വെവോളം കൂടി കാക്കാം..."

"എന്താ ഇവിടെ ഇരിക്കുന്നത്...കിടക്കണ്ടേ..."

"ഇനി ഞാൻ താഴെ കിടക്കണ്ട ആവിശ്യം ഉണ്ടോ മോളെ..."

അവൾ ഒന്ന് ഞെട്ടി എന്റെ സംസാരം കേട്ട്...

"അതെന്താ..."

"നമ്മുടെ ഫസ്റ്റ് നെറ്റിൽ അനു പറഞ്ഞു പാസ്സ് ആയി നല്ല ഒരു ജോലിയും ഉണ്ടേൽ നീ എന്നെ നിന്റെ ഭർത്താവായി അംഗീകരിക്കാം എന്ന്..."

"ഇന്നിപ്പോൾ രണ്ടും ഉണ്ട് എനിക്ക്... ഇനി എന്നെ അംഗീകരിക്കാമല്ലോ..." അതും പറഞ്ഞു ഞാൻ അവളുടെ കൈ പിടിച്ചു വലിച്ചു...

അവൾ കറങ്ങിതിരിഞ്ഞു, എന്റെ ദേഹത്തേക്ക് വീണു...ഞാൻ അവളെ ചേർത്തു പിടിച്ചു, എന്റെ മുഖത്തേക്ക് അവളുടെ മുടി ഇഴകൾ വീണു, അവളുടെ ശവസോച്ഛ്വാസം ഉയരുന്നത് ഞാൻ അറിഞ്ഞു, മുടി ഇഴകൾ പുറം കയ്യാൽ അല്പം വകഞ്ഞു മാറ്റി, അവളുടെ ചെവിയിലായി ഞാൻ ചോദിച്ചു,

**"ഇനി എന്നെ അംഗീകരിക്കുമോ..."**

**"ഇനി എന്നെ അംഗീകരിക്കുമോ..."**

അവൾ കുറച്ച് നിമിഷം അനങ്ങാതെ അങ്ങനെ ഇരുന്നു...

അവളുടെ പിൻ കഴുത്തിൽ എന്റെ ചൂടുള്ള നിശ്വാസം വന്നു വീഴുന്നുണ്ടായിരുന്നു...

അവൾക്ക് ആകെമൊത്തത്തിൽ ഒരു രോമാഞ്ചിഫിക്കേഷൻ വന്നത് ഞാൻ ശ്രദ്ധിച്ചു...

പെട്ടന്ന് എന്തോ ബാധ കൂടിയത് പോലെ,

"വിടടാ എന്നെ..."

എന്ന് അലറിക്കൊണ്ട് അവൾ എന്റെ മടിയിൽ നിന്നും ചാടി എണീറ്റ്, എന്റെ നെഞ്ചിൽ കൈവച്ച് പിന്നിലേക്ക് ഒരു തള്ളും തന്ന് നേരെ ബാത്‌റൂമിലേക്ക് പോയി...

കാര്യങ്ങൾ എല്ലാം കരക്കടുത്തു എന്ന് വിചാരിച്ച് സന്തോഷിച്ചിരുന്ന ഞാൻ ഷോക്കടിച്ച പോലെ കിളി പോയി കണ്ണും മിഴിച്ചു കട്ടിലിൽ മലർന്ന് കിടന്നു...

അഞ്ച് പത്ത് മിനിറ്റ് കഴിഞ്ഞു പൂതന ബാത്‌റൂമിൽ നിന്നും ഇറങ്ങി... മുഖം ഒക്കെ കടന്നൽ കുത്തിയത് പോലെ വീർത്തിട്ടുണ്ട്... കണ്ണ് ചുവന്ന് കിടക്കുന്നു...

"മിക്കവറും ഇപ്പോ തന്റെ കരണവും ചുവക്കും..."

"ബ്ലഡി ഫൂൾ പേടിപ്പിക്കുന്നോടാ... ഓട്ര തെണ്ടി..."

"ആരോട് ചോദിച്ചിട്ടാടാ പട്ടി എന്റെ ദേഹത്ത് തൊട്ടത്..." അവൾ അലറി...

പട്ടി എന്ന വാക്ക് കേട്ടതും ജനലിന്റെ അടുത്ത് രണ്ട് കുര ശബ്ദം കേട്ടു...

"ബൗ... ബൗ..."

"മോളെ ക്ലിയോ... നിന്നെ അല്ലെടി... എന്നെയാ...😔"

"നീ എന്താടാ മിണ്ടാത്തത്... ചോദിച്ചത് കേട്ടില്ലേ..."

"അത്...പിന്നെ... ഞാൻ... ഞാൻ മാത്രമല്ല... നിങ്ങൾ എല്ലാരും... പ്ലാൻ...ഞാൻ... നന്നാവാൻ..." ഹരിഹർ നഗറിൽ ജഗദീഷ് മുത്തച്ഛനെ വീഴ്ത്തിയിട്ട് ബബ്ബ്ള അടിക്കുന്നത് പോലെ ഞാൻ നിന്ന് എന്തൊക്കെയോ പറഞ്ഞു...

സ്വിച്ചിട്ട പോലെ പൂതന കള്ളിയങ്കാട്ട് നീലി മോഡിലേക്ക് മാറിയപ്പോൾ എന്റെ കംപ്ലീറ്റ് കിളിയും "**ടാറ്റ... ഗുഡ് ബൈ** " പറഞ്ഞ് പോയിരുന്നു...

"ഇതിനും മാത്രം കിളി തനിക്ക് മാത്രം എവിടാടൊ... ഞങ്ങൾക്കാർക്കുമില്ലല്ലോ..."

"തന്നോട് ഞാൻ പോകാൻ പറഞ്ഞില്ലേ... ഇതൊക്കെ തന്നെ അറിയിക്കണോ... എനിക്ക് കിളി കച്ചോടമുണ്ട്... ജോഡി ഒന്നിന് പതുരൂപ അൻപത് പൈസ 😡..."

എന്റെ ദൈവമേ... ഇവളിതെന്തോന്ന്... ഒരു പിടിത്തവും കിട്ടുന്നില്ലല്ലോ... അപ്പോൾ ഞാൻ നന്നാവാൻ വേണ്ടി അച്ഛനും അമ്മയും ഇവളും കൂടി നടത്തിയ പ്ലാൻ ഒക്കെ വല്ല സ്വപ്നവുമാണോ...

കൂടുതൽ എന്നെ ആലോചിക്കാൻ സമ്മതിക്കാതെ അവൾ വീണ്ടും ചവിട്ടി തുള്ളിയുള്ള പ്രഹസനം ശ്ശെ... പ്രകടനം തുടങ്ങി....

"ഡാ...നിന്നോട് പറഞ്ഞിട്ടില്ലേ എന്റെ അടുത്ത് ഇമ്മാതിരി പണിം കൊണ്ട് വന്നേക്കരുത് എന്ന്..."

"ആഹാ അങ്ങനെ ആയോ, ഇനി നോ വിട്ടുകൊടുക്കൽ..."

"ആടാ മോനേ അങ്ങോട്ട് തകർക്കടാ..."

"യു ശട്ട് അപ് ഫൂൾ..."

"തനിക്ക് ഒരു പ്രചോദനം ആകട്ടെ എന്നു കരുതിയപ്പോൾ ഇംഗ്ലീഷിൽ തെറിയാ... ഞാൻ പോണ്..."

"എഡീ... എഡീ... നീ തന്നെ അല്ലെടി പറഞ്ഞത് സപ്പ്ളി ക്ലിയർ ആക്കി എൻജിനിയറിങ്ങ് പാസ്സ് ആയി, നല്ലൊരു ജോലിയും സെറ്റ് ആക്കിയാൽ അംഗീകരിക്കാം എന്ന്... എന്നിട്ട് ഇപ്പോ ഒരുമാതിരി മൾടിപ്പിൾ ഡാഡി പരുപാടി ഇറക്കുന്നോ..."

"ഡാ നാറി സൂക്ഷിച്ച് സംസാരിക്കണം... ഇല്ലേ എന്റെ കൈയ്യുടെ ചൂട് നീ അറിയും... പത്ത് തവണ എഴുതിപ്പൊട്ടി തട്ടി മുട്ടി പാസ്സ് ആയ ഒരു ഇഞ്ചി നീര് വന്നേക്കുന്നു... "

"അതിരിക്കട്ടെ വല്യ ജോലിക്കാരന്റെ മാസ ശമ്പളം എത്രയാ... ഇരുപതിനായിരം കുണുവയോ???... എന്നിട്ട് അംഗീകാരം വാങ്ങാൻ വന്നേക്കുന്നു... " അവൾ എന്നെ പുച്ഛിച്ച് തള്ളി...

എനിക്കത് തീരെ ഇഷ്ടപ്പെട്ടില്ല... ഇത് വരെ ഈ യക്ഷിയുടെ പുച്ഛം സഹിച്ചത് ഈ അലവലാതിക്ക് എന്നോടു ഇഷ്ടം ഉണ്ടെന്നുള്ള പ്രതീക്ഷയിലും, ഈ പൂതനയെ എനിക്കിഷ്ടം ആയത് കൊണ്ടും മാത്രമാണ്... ഇവളുടെ ആട്ടുന്തൂപ്പും...

"ശ്ശെ...സീരിയസ് ആയി എന്തേലും പറഞ്ഞ് വരുമ്പോള... ഒടുക്കത്തെ ഒരു നാക്കുളുക്ക്..."

ഇവളുടെ ആട്ടും തുപ്പും ഇത്രേം സഹിച്ചിട്ടും ലാസ്റ്റിൽ ഞാൻ നന്നാവാൻ വേണ്ടി ആണെന്ന് അറിഞ്ഞപ്പോൾ എല്ലാം മറന്ന് എന്നും കൂടെ കൂട്ടാം എന്ന് ഉറപ്പിച്ചവനാ ഞാൻ... ആ എന്നോടാ അവൾ ഇങ്ങനെ...

ഉള്ളിൽ സങ്കടമുണ്ടിട്ടോ😥...

"അവളുടെ ഒരു പുച്ഛ ഡയലോഗടി... ഇന്ന് തീർത്തു തരാമെഡി പൂതനച്ചി നിന്റെ സൂക്കേട്..."

"ഇന്ന് മിക്കവാറും ഞാൻ വാങ്ങിച്ചു കൂട്ടും..."

"അയ്യോടി... ഒരു പത്രാസ്സ് കാരി വന്നേക്കുന്നു... നിന്റെ കൈ എന്തുവാടി ദോശക്കല്ലോ ഇത്രേം ചൂട് പിടിച്ചിരിക്കാൻ...(ദൈവമേ അവളെങ്ങാനം വച്ച് കീറിയാൽ തീർന്ന്🙄...)"

"അവള്ടെ ഒരു പുച്ഛം... ഇരുപതിനായിരത്തിനു പകരം ഇരുപത് ലക്ഷം ആരുന്നേൽ നിനക്ക് ഓക്കേ ആയിരിക്കും അല്ലേടി..."

"ഡീ ഒണക്കലെ... മണിക്കൂറിനു 300 വച്ച് വാങ്ങുന്ന ബസ്സ്റ്റാൻഡ് അമ്മിണിക്ക് നിന്നെക്കാൾ അന്തസ്സ് ഉണ്ടെടി..."

"ഇരുപതിനായിരം രൂപ മാത്രം ശമ്പളം ഉള്ളവൻ കെട്ടിയോൻ ആണെന്ന് പറയുന്നത് നിനക്ക് കുറച്ചിലാ എങ്കിൽ വേണ്ടടി... നിന്നെ പോലെ അഹങ്കാരം പിടിച്ചവളെ കൊണ്ട് നടക്കാൻ ഇനി ഞാൻ തുർക്കി രാജാവിന്റെ പട്ടം വാങ്ങി വരാം... അത് മതിയാകുമോ തമ്പ്രാട്ടിക്ക്..."

"ഇനി നിനക്ക് വേണ്ടി ഞാൻ ഒരു കോപ്പും ആകാൻ പോണില്ല... ഇങ്ങനെയൊക്കെ അങ്ങ് പോയ മതി... നിനക്ക് സൗകര്യം ഉണ്ടേൽ അംഗീകരിക്ക്... അതല്ല ലക്ഷങ്ങൾ ശമ്പളം വാങ്ങിയ കാർഡ് കൊണ്ട് ഉരച്ചാലേ നിന്നെ മുട്ടാൻ ഉള്ള ഡോർ തുറക്കു എങ്കിൽ അത് പൂട്ടി വച്ച് നീ ഇരിക്കടി..."

"അതേടാ... നിന്നെ പോലെ ഒരു പൊട്ടന് മുന്നിൽ അടിയറവ് പറയുന്നവൾ അല്ലേടാ ഈ അനുപമ... നിന്നെക്കൊണ്ട് ഒരു പിണ്ണാക്കിനും കൊള്ളില്ല എന്ന് വന്ന അന്ന് തന്നെ നിന്റെ അച്ഛനും അമ്മയും എന്നോട് പറഞ്ഞതാ... നിന്നെ ഒന്ന് നേരെ ആക്കാനും...പക്ഷെ നിന്നെ ഒക്കെ നന്നാക്കാൻ ആകില്ല എന്ന് എനിക്ക് അന്നേ അറിയാം... അതിലും എളുപ്പം വല്ല പട്ടിടെ വാല് നേരെ ആക്കുന്നത് ആകും "

"നീയും എന്റെ ഒണക്ക തന്തേം തള്ളേം കൂടെ ഗൂഢാലോചന നടത്തിയത് ഞാൻ കേട്ടടി...അത് കേട്ടത് കൊണ്ട കള്ളിയങ്കാട്ടു നീലിക്ക് ഡ്രാക്കുളയിൽ ഉണ്ടായ കൊണം നീ കാണിച്ചിട്ടും എല്ലാം ക്ഷമിച്ചു, നിന്നെ സ്നേഹിച്ചു കൂടെ കൂട്ടാം എന്ന് വിചാരിച്ചത്..."

"പിന്നെ എനിക്ക് എന്താടി ഒരു കുഴപ്പം, നേരെ അല്ലാതെ ഞാൻ വളഞ്ഞൊന്നും അല്ലല്ലോ ഇരിക്കുന്നത്... അവളൊരു നേരെ ആക്കൽ കാരി വന്നേക്കുന്നു..."

"പട്ടിടെ വാല് വേണ്ടടി, ഒർജിനൽ പൊട്ടൻ ഇല്ലേ, നിന്റെ തന്ത... അങ്ങേരുടെ മൊട്ടത്തലയിൽ തലയിൽ മുടി നട്ടു വളർത്ത്... അതാ അതിലും എളുപ്പം... ഉണ്ണിയാർച്ചക്ക് അടിയറവു മാത്രമേയുള്ളോ, വാളും പരിചയും ഒന്നും കാണുന്നില്ലല്ലോ..."

"ഡാ... നിന്നോട് ഞാൻ പറഞ്ഞിട്ടുണ്ട് എന്റെ അച്ഛനെ വേണ്ടാത്തത് പറയരുത് എന്ന്..."

"തലേ മുടി ഇല്ലാത്ത അങ്ങേരെ പിന്നെ മൊട്ടത്തലയൻ എന്നല്ലാതെ മമ്മൂട്ടി എന്ന് വിളിക്കണോ... പിന്നെ ഒരു ആശ്വാസം അങ്ങേരുടെ തലക്ക് ഉള്ളിലും ഒന്നുമില്ലല്ലോ... അപ്പോൾ പുറത്ത് ഇല്ലേലും സാരമില്ല...."

പറഞ്ഞ് തീർന്നതും പൂതന, "ഡാ..." എന്നും പറഞ്ഞ് ഹനുമാൻ ലങ്കയിലേക്ക് ചാടിയത് പോലെ ഒരു ചാട്ടവും എന്റെ നെഞ്ചാം കൂട് നോക്കി ഒരു ചവിട്ടും തന്നു...

ചവിട്ട് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല, ഒരു അടിയാണ് പ്രതീക്ഷിച്ചത്... അതുകൊണ്ട് ഒട്ടും മിസ്സ് ആകാതെ ഫുൾ ഞാൻ നെഞ്ചും കൊണ്ട് തന്നെ തടുത്ത്, പിന്നിലേക്ക് വീണ്ടും വീണു...

കട്ടിലിൽ ആയോണ്ട് കൂടുതൽ അപകടമൊന്നും പറ്റിയില്ല... പക്ഷെ നെഞ്ചിൽ ഫുൾ വേദന... അമ്മാതിരി ചവിട്ടാണ് യക്ഷി ചവിട്ടിയത്...

"**സ്വാസകോസം സ്പോഞ്ചു** പോലെ ആയത് കൊണ്ട് കൂടുതൽ ഒന്നും പറ്റിക്കാണില്ല. പക്ഷേ ചവിട്ട് കൃത്യം നടുക്ക് ആരുന്നത് കൊണ്ട് ഫ്രീ ആയി ഒരു വിസിആർ കിട്ടിയ എഫെക്ട്...ആഹാ...ഹൃദയം ഒക്കെ അവിടെ ഉണ്ടോ ആവോ🙄... തമ്പുരാനറിയാം😌..."

"ചവിട്ടും വാങ്ങി അവിടെ കിടന്ന് റസ്റ്റ് എടുക്കാതെ അടിക്കടാ അവളെ😡..."

"അത് വേണോ... ഇപ്പോൾ കിട്ടിയതു കൊണ്ട് തന്നെ എനിക്കു ത്രിപതിയായി😌..."

"തൻ്റെയൊക്കെ മനസാക്ഷി ആവാനെ എനിക്ക് പറ്റിയുള്ളല്ലോ എന്റെ ദൈവമേ🤦‍♂️..."

"ശ്ശെ...ഇവൻ സമ്മതിക്കൂല😖..."

"ഡീ... പൂതനെ...നീ എന്നെ ചവിട്ടും അല്ലേഡി..." എന്ന് പറഞ്ഞ് ഞാൻ ചാടി എണീറ്റ് അവളുടെ അടുത്തേക്ക് നടന്നു...

ആ ... ചവിട്ടുമെട എന്നും പറഞ്ഞ് അവൾ വീണ്ടും കാല് പൊക്കിയതും, അത് പ്രതീക്ഷിച്ചിരുന്ന ഞാൻ, "ഒരു **പ്രത്യേക എക്ഷൻ**" എടുത്ത് ആ പൊക്കിയ കാലിൽ ഞാൻ കയറി അങ്ങ് പിടിച്ചു...

അവൾ അത് പ്രതീക്ഷിച്ചില്ല എന്ന് തോന്നി... പക്ഷേ ഒറ്റക്കാലിൽ നിൽകുന്നത് ഒന്നും അവൾക്ക് ഒരു പ്രശ്നമേ ആയിരുന്നില്ല... അവൾ അങ്ങനെ  നിന്ന് കൊണ്ട് ഞാൻ പിടിച്ച കാല് കുടയാൻ തുടങ്ങി...

കൈ എങ്ങാണം വിട്ടാൽ ഇത്രേം നാളും ഒന്നാം ക്ലാസ്സിൽ പോകുന്നത് കണ്ടിരുന്ന എനിക്ക് നാളെ മുതൽ രണ്ടാം ക്ലാസിൽ പോകുന്നത് കാണം...

ഐ മീൻ എന്റെ തല അവളുടെ തൊഴിയേറ്റ് തിരിയുമെന്ന്...

"ചത്താലും വിടൂലടി പന്നി..." എന്നും പറഞ്ഞ് ഞാൻ കാലിൽ മുറുകെ പിടിച്ചു ഒരു കടി അങ്ങ് കൊടുത്തു...

എന്റെ ആ മാസ്മരിക കടി അവൾ പ്രതീക്ഷിച്ചില്ല...ആ കടിയിൽ അവളുടെ ബാലൻസ് പോയി...

ഭാഗ്യത്തിന് കട്ടിൽ പിന്നിൽ ഉള്ളത് കൊണ്ട് അവൾ അതിലേക്കാണ് വീണത്...

അപ്പോൾ ഞാൻ പിടിവിട്ടിരുന്നു...

പക്ഷെ ഞാൻ വീണ പോലെ മലർന്നടിച്ച് വീഴാതെ കൈ തോളിനു മുകളിലൂടെ പിന്നിലേക്ക് കുത്തി വീണ അവൾ, മെയ്യ് വഴക്കം ചെന്ന അഭ്യാസിയെ പോലെ ഒറ്റയടിക്ക് ചാടി എണീറ്റു...

എന്നിട്ട് ഇടത് കാല് മുന്നിലും വലതു കാൽ പിന്നിലുമായി വച്ച് രണ്ട് കയ്യിലെയും മുഷ്ടി ചുരുട്ടി എന്തോ കൊപ്രയം കാണിച്ച്, എന്നെ ഇടിക്കാനായി നിന്നു...

"ദൈവമേ... പൂതന അടവൊക്കെ ഇറക്കുന്നു... ഇറങ്ങി ഓടിയാലോ..."

ഇനി രക്ഷ ഇല്ല എന്ന് കണ്ടു ഞാൻ പതിനെട്ടാം അടവ് തന്നെ പ്രയോഗിക്കാൻ തീരുമാനിച്ചു...

ഞാൻ കൈ കൂപ്പി "എന്നെ ഒന്നും ചെയ്യല്ലേ" എന്ന് പറഞ്ഞ് അവളുടെ കാലിൽ വീണു...

പൂതന ഒന്ന് അയ്ഞ്ഞു എന്ന് കണ്ടതും ഞാൻ കാലിൽ പിടിച്ചു ഒരു വലി...

അടി തെറ്റിയ പൂതന ബാലൻസ് തെറ്റി പിന്നിലേക്ക് വീണ്ടും വീണു...

വീണ കൂട്ടത്തിൽ കാലിലെ  പിടി ഞാൻ വിട്ടതും എന്റെ അണ്ഡകടാഹവും അതിന്റെ നെയ്ബെർസും വരെ അവൾ ചവിട്ടി ഉള്ളിൽ കയറ്റിക്കളഞ്ഞു...

കണ്ണ് രണ്ടും പുറത്ത് ചാടി... അമ്മാതിരി ചവിട്ടാണ് പൂതന തന്നത്...

"എന്റെ പൊന്നു ദൈവമേ ഈ ശരീരം ഉണ്ടാക്കിയപ്പോൾ ഇത്രേം ലോലമായ സാധനം കൃത്യം അവൾക്ക് ചവിട്ടാൻ എളുപ്പമായി തന്നെ നീ ഉണ്ടാക്കി വച്ചല്ലോ... ഇതിപ്പോ രണ്ടാമത്തെ തവണയാ😭..."

ഇനി അങ്കക്കലി മൂത്ത് നിക്കുന്ന ഉണ്ണിയാർച്ചയുടെ അടുക്കലേക്ക് ഞാനില്ല...

ഞാൻ അവിടെ തന്നെ കിടന്ന് പോയി...എന്തായാലും എന്റെ പത്തൊൻപതാം അടവ് അവൾക് കാണണ്ട വന്നില്ല...

ചവിട്ട് തന്നത്തോടെ പൂതനയും അടങ്ങി...

അല്ലേലും അവൾക്ക് മനസ്സിലായി കാണും എന്നെ കൊണ്ട് ഇനി വല്യ കാര്യം ഒന്നുമില്ല എന്ന്...😭

ഞാൻ ഒന്ന് നോക്കി അവളെ... സ്ഥിരം മുടി വാരി കെട്ടൽ പോസിൽ ഇരുന്ന് എന്നെ നോക്കുന്നുണ്ട്...

ഞാൻ കണ്ണ് അടച്ചു കിടന്നു...തലയിണയും ബെഡ്ഷീറ്റും ഒന്നും വേണ്ടാതെ വെറും തറയിൽ കിടന്നു, അപ്പോൾ തന്നെ ഉറങ്ങിപ്പോയി...സ്വാഭാവികം 😔...

പിറ്റേന്ന് രാവിലെ എഴുന്നേറ്റപ്പോളും അടിവയറ്റിൽ വേദന...

പൂതനയെ കാണാൻ ഇല്ല... ഒന്ന് എണീക്കാൻ പോലും വയ്യ... പിന്നെ എങ്ങനെയൊക്കെയോ കട്ടിലിന്റെ കാലിൽ പിടിച്ചു എണീറ്റു... എഴുന്നേറ്റപ്പോൾ കാലടുപ്പിച്ച് നടക്കാൻ വയ്യ...പണ്ട് കിട്ടിയതിലും നന്നായ ഇപ്പൊ കിട്ടിയത്...

ഒരുമാതിരി ഗട്ടറിലെ വീഴാതെയിരിക്കാൻ നടക്കുന്ന പോലെ തള്ളവിരൽ കുത്തി കാലകത്തി ഞാൻ ബാത്റൂമിലേക്ക് നടന്നു...

ഈ പരുവത്തിൽ ഞാൻ എങ്ങനെ ഓഫീസിൽ പോവുമോ ആവോ... ആദ്യ ശമ്പളം കിട്ടിയ പിറ്റേന്ന് തന്നെ ലീവ് ആക്കിയാൽ ചിലവ് ചെയ്യാതെ ഇരിക്കാൻ മുങ്ങിയതാ എന്ന് കൂടെ വർക്ക് ചെയ്യുന്ന ചെറ്റകൾ അടിച്ചിറക്കും,... ഇനി അവിടെ പോയി ഈ പരുവം കണ്ട് അവന്മാർ എന്താണ് എന്ന് ചോദിച്ചാൽ, പെണ്ണുംപിള്ള ആസ്ഥാനം നോക്കി ഒന്ന് തന്നതാ എന്ന് പറയാൻ പറ്റുമോ... അതുമില്ല...

എങ്ങനെയൊക്കെയോ കുളിച്ചു... തണുത്ത വെള്ളം വീണപ്പോൾ ഒരു ആശ്വാസം...

കുളിച് കഴിഞ്ഞപ്പോളേക്കും വേഗത അല്പം കുറഞ്ഞായാലും മാന്യമായി നടക്കാം എന്ന രീതിയിലായി...

"ആശ്വാസം😇..."

പൂതനെയെ കണ്ടില്ല... കഴിക്കാൻ ചെന്നപ്പോൾ അവിടെയുണ്ട്...ഇരുന്ന് ഇഡലിയും സാമ്പാറും വെട്ടി വിഴുങ്ങുന്നു...

ഇന്നലെ അല്പം കൂടി അടി നീണ്ടിരുന്നേ അഞ്ചിന്റെ അന്ന്, എന്റെ സഞ്ചയനത്തിന് അവൾക്കിത് വെട്ടി വിഴുങ്ങാരുന്നു എന്നോർത്ത് കൊണ്ട് അവൾക് എതിരായി ഞാനും ഇരുന്നു...

പൂതന എന്റെ വരവ് കണ്ട് ആരാ വരുന്നേ എന്ന് നോക്കിയിട്ട് വീണ്ടും തീറ്റി തുടങ്ങി...

ഞാനും ഒന്നും മിണ്ടാൻ പോയില്ല... തൊണ്ടയിൽ നിന്നും ഒന്നും ഇറങ്ങുന്നില്ല...

ആകെ ഒരു സമാധാനം ഓഫീസിൽ എത്തി ഒരിടത്തു പ്രതിഷ്ഠ കണക്കിന് അങ്ങ് ഇരിക്കാമല്ലോ എന്നതാ...

കട്ടില് കണ്ടാൽ ശവമാകുന്ന എന്റെ അച്ഛനും അമ്മയും ഇന്നലത്തെ മേളം ഒന്നും അറിഞ്ഞിട്ടില്ല...

അറിഞ്ഞിരുന്നെങ്കിൽ അവൾക്ക് ചവിട്ടിക്കൂട്ടാൻ വേണ്ടി പിടിച്ചു കൊടുത്തേനേ...അല്ലാതെ വേറെ ഒന്നും സംഭവിക്കാൻ പോണില്ല എന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു...

"എന്റെ അല്ലേ തന്തേം തള്ളേം... 😁"

എങ്ങനെയൊക്കെയോ കുറച്ച് ആഹാരം കുത്തി ഇറക്കി, വെള്ളവും കുടിച് ഞാൻ പണി തീർത്തു...

അല്പം കഴിഞ്ഞ് പൂതന കൂടി റെഡി ആയി വന്നപ്പോൾ ഞാൻ ഓഫീസിലേക്ക് ഇറങ്ങി...

പതിവ് പോലെ തന്നെ അവളും വന്ന് വണ്ടിയിൽ കയറി...

ഞാൻ ഒന്നും മിണ്ടിയില്ല... വണ്ടി എടുത്ത് നേരെ ഓഫീസിലേക്ക് വിട്ടു...

വീട്ടിൽ നിന്നും അല്പം ദൂരം എത്തിയപ്പോൾ അവൾ വണ്ടി നിർത്താൻ പറഞ്ഞു...

ഞാൻ കൂടുതൽ ചോദ്യത്തിനും പറച്ചിലിനും ഒന്നും പോയില്ല...എന്നിട്ട് വേണം ഇനി തലേന്നത്തേതിന്റെ ബാക്കി കൂടി വാങ്ങിക്കൂട്ടാൻ... പ്രാന്തി വണ്ടിയിൽ ആണെന്ന് പോലും ഓർക്കാറില്ല...എന്നാലും ഇന്നലെ എനിക്ക് എന്തിന്റെ കേടാരുന്നു😭...

വെറുതെ ഒന്ന് നോക്കിയിട്ട് വണ്ടി സൈഡിലേക്ക് ഇൻഡിക്കേറ്റർ ഇട്ട് ഒതുക്കി നിർത്തി...

"ഞാൻ ഓട്ടോ പിടിച്ചു പൊക്കോളാം..."

"ആയിക്കോട്ടെ..." അത്രേം നേരം കുറച്ച് സഹിച്ചാൽ മതിയല്ലോ ഈ പൂതനയെ എന്ന് ഞാനും വിചാരിച്ചു...

അവളുടെ ആസ്ഥാനത്തുള്ള തൊഴിയുടെ വേദന മാറിയിട്ടില്ല...ഓഫീസിൽ എത്തിയിട്ട് കസേരയിൽ അനങ്ങാ പറ പോലെ ഒരു ഇരുപ്പങ്ങിരുന്നു...

അത്രേം ദിവസം ചെയ്തതിലും വർക്ക് അന്ന് ചെയ്തപ്പോൾ, അന്ന് വൈകിട്ട് ഞങ്ങളുടെ ടീമ് ലീഡർ അശ്വതി ചേച്ചി വന്ന് അഭിനന്ദനമൊക്കെ അറിയിച്ചു...

"ആദ്യ സാലറി കിട്ടിയപ്പോൾ കണ്ടില്ലേ അവന്റെ പ്രോഡക്റ്റിവിറ്റി കൂടി... ഇങ്ങനെ വേണം ഒരു പ്രൊഫഷണൽ...വെരി ഗുഡ് വരുൺ...കീപിറ്റ് അപ്പ്..."

"ആ കീപിറ്റ് ഉപ്പ്... ഇനി അപ്പ് ആവണ്ടതൊക്കെ അപ്പ് ആകുമോ എന്ന് തമ്പുരാനറിയാം..."

പെണ്ണുമ്പിള്ളയുടെ തോഴി വാങ്ങി അനങ്ങാൻ വയ്യാതെ ഇരുന്ന് ബോർ അടിച്ചപ്പോൾ ചെയ്തതാ എന്ന് ഈ തള്ളയോട് പറയാൻ ആകില്ലല്ലോ... ഞാൻ ഒന്നും മിണ്ടാതെ നിന്ന് ചിരിച്ച് കൊടുത്തു...

വൈകിട്ട് ഫോണിൽ ഒരു മെസ്സേജ് വന്നു-

"നോ നീഡ് ടു പിക്ക് മി അപ്പ്..."

പൂതനയാണ്... അവളെ വിളിക്കാൻ ചെല്ലണ്ട എന്ന്...

പൂതനയെ വിളിക്കാൻ ചെല്ലേണ്ട കാര്യം ഇല്ലാത്തത് കൊണ്ടും, എസിയിലുള്ള ഇരുപ്പ് നല്ല ആശ്വാസം ആയിരുന്നത് കൊണ്ടും, ഞാൻ അന്ന് അല്പം താമസിച്ചാണ് ഓഫീസിൽ നിന്നും ഇറങ്ങിയത്...

പിറ്റേന്ന് സാറ്റർഡേ... സൺഡേയും സാറ്റർഡേയും ലീവാണ്... പോകുന്ന വഴിക്ക് മാറ്റി വച്ച പൈസയിൽ നിന്ന് ബീവറേജിൽ കയറി രണ്ട് കുപ്പിയും വാങ്ങി ആണ് ഞാൻ വീട്ടിലേക്ക് വിട്ടത്...

ചെന്ന് കയറിയപ്പോൾ പോർച്ചിൽ പുതിയ ഒരു സ്കൂട്ടി ഇരുപ്പുണ്ട്...ഒരു ആക്ടിവ "3G"...

"ആഹാ... കൊള്ളാലോ, എന്റെ ജീവിതത്തിന്റെ അവസ്ഥ വച്ചോക്കെ പുതിയ വണ്ടി മോഡൽ ഇറക്കിയോ... ഇവമ്മാരെ കൊണ്ട് ഞാൻ തോറ്റു...എന്റെ അവസ്ഥ എന്താ എന്ന് നോക്കി ഇരിക്കുവാ ഇവന്മാർ പുതിയ വണ്ടി ഇറക്കാൻ..."

"ഫോർ രജിസ്ട്രേഷൻ " സ്റ്റിക്കർ ഒട്ടിച്ചിട്ടുണ്ട്... പുതിയതാ... പൂതന പുതിയ വണ്ടി വാങ്ങിക്കാണും..."

"അല്ലേലും കാശ് ഉള്ളവർക്കൊക്കെ എന്തും ആകാമല്ലോ..."

ഞാൻ അകത്തേക്ക് കയറി... അമ്മ ഞാൻ വന്നത് അറിഞ്ഞു മുറ്റത്തേക്ക് വന്നു...

"നീ എന്താടാ വൈകിയത്... അനുമോൾ പുതിയ വണ്ടി വാങ്ങി..."

"ആഹ്... ഞാൻ കണ്ട്...ഇത്തിരി തിരക്കായിപ്പോയി..." ഞാൻ വല്യ ഇന്ട്രെസ്റ്റ് ഒന്നും കാണിക്കാതെ പറഞ്ഞു...

"നിന്നോട് പറഞ്ഞില്ല അല്ലേ അവൾ വണ്ടി വാങ്ങുന്ന കാര്യം..."

"ഇല്ല..."

"രാവിലെ അവൾക് അല്പം താമസിച്ചു ഇറങ്ങിയാൽ മതിയല്ലോ... നിന്റെ കൂടെ ഇറങ്ങുമ്പോൾ ഒത്തിരി നേരത്തെ പോകണ്ടേ... അവൾ നേരത്തെ പോയി ഒറ്റക്ക് ഇരുപ്പാ എന്ന്...അത് കൊണ്ട് വാങ്ങി എന്ന പറഞ്ഞത്..."

"ആം... എന്നോട് ആരും ഇതൊന്നും പറഞ്ഞിട്ടില്ല..."

"മോള് പറഞ്ഞു നിന്നോട് പറഞ്ഞില്ല എന്ന്... പറഞ്ഞാൽ നീ ചിലപ്പോൾ സമ്മതിക്കില്ല എന്ന അവൾ പറഞ്ഞത്..."

"ഞാൻ സമ്മതിക്കാതെ ഇരിക്കാൻ എന്താ... അവളുടെ കാശ് അല്ലേ... അവൾ ഇഷ്ടം പോലെ ചെയ്യട്ടെ..."

"നീ എന്താഡാ ഇങ്ങനെയൊക്കെ പറയുന്നേ... അവൾ നിന്റെ ഭാര്യ അല്ലേ..."

"മ്മ്... ഫാര്യ... ഭാര്യ അല്ല അവൾ, എന്റെ കാലന... സോറി കാലിയാ..."

"നീ എന്താടാ നിന്ന് ആലോചിക്കുന്നത്..."

"ഒന്നുമില്ല എന്റെ അമ്മേ... ഞാൻ ഒന്ന് ഫ്രഷ് ആവട്ടെ..."

ഞാൻ നേരെ റൂമിലേക്ക് പോയി... പൂതന ആരോടോ ഫോണിൽ സംസാരിച്ചു ജനലിന്റെ അരികിൽ നില്പുണ്ട്...

ഇടക്ക് "അമ്മേ..." എന്ന് വിളിക്കുന്നത് കേട്ടു...വീട്ടിൽ വിളിച്ചതാകും...

ഞാൻ കയറി ചെല്ലുന്ന കണ്ട് ഒന്ന് നോക്കിയിട്ട് അവൾ വീണ്ടും ഫോൺ വിളി തുടർന്നു...

ഞാനും വലിയ മൈൻഡ് കൊടുക്കാതെ കുളിക്കാൻ വേണ്ടി ബാത്റൂമിൽ തോർത്തുമെടുത്തു കയറി...

ഇപ്പോൾ വല്യ വേദനയൊന്നുമില്ല...

കുളിച്ച് തോർത്ത് ഉടുത്തു, അലക്കാനുള്ള ഡ്രെസ്സുമായി ഞാൻ ബാത്റൂമിന് വെളിയിൽ ഇറങ്ങി...

പുതിയ ഡ്രെസ്സ് ഇടാൻ അലമാരയുടെ അടുത്തേക്ക് നടന്നു...

അത്യാവശ്യം വലിയ അലമാര ആയത് കൊണ്ട് ഒരു സൈഡ് ഞാനും ഒരു സൈഡ് അനുവുമാണ് യൂസ് ചെയുന്നത്...

ഞാൻ അലമാര തുറന്ന് ഡ്രെസ്സ് നോക്കുമ്പോൾ ആണ് ഒരു കാര്യം ശ്രദ്ധിച്ചത്...

ഞാൻ വാങ്ങി കൊടുത്ത ഗിഫ്റ്റ് അവൾ തുറന്ന് പോലും നോകിയിട്ടില്ല...

ആ കവർ അവളുടെ ഉപയോഗിക്കാത്ത വസ്ത്രം വെക്കുന്ന അറയിൽ എടുത്തിട്ടിട്ടുണ്ട്...

"വെറുതെ രണ്ടായിരം രൂപ കളഞ്ഞു...അതും കൂടെ ഇട്ടു ഇത്തിരി വില കൂടിയ സാധനം വാങ്ങി ലവന്മാർക്ക് ചിലവ് കൊടുക്കാരുന്നു..."

"ആഹ്...പൂതനക്ക് അതൊന്നും പറ്റില്ലാരിക്കും... ലക്ഷങ്ങൾ ശമ്പളം വാങ്ങുന്നവൾക്ക് രണ്ടായിരം രൂപ മാത്രം വിലയുള്ള ഗിഫ്റ്റൊക്കെ നാണക്കേടാകും... അതും അവളുടെ ഹസ്ബൻഡ് കൊടുക്കുമ്പോൾ..."

"എനിക്ക് ഇതൊക്കെ പറ്റു... അവൾക് സൗകര്യമുണ്ടെൽ ഇട്ടാ മതി..."

ഞാൻ അവൾ വാങ്ങി തന്ന ഷർട്ടിലേക്ക് നോക്കി...തേച്ച് മടക്കി വച്ചിട്ടുണ്ട്...

"ഞാൻ വാങ്ങിയത് എടുത്ത് വേസ്റ്റിന്റെ കൂടെ ഇട്ടിട്ട് അവൾ വാങ്ങിയത് ഞാൻ തലേ ചുമന്നു നടക്കുന്നു... അത് വേണ്ട..."

അവൾ വാങ്ങിയ ഷർട്ട് ഞാൻ എടുത്ത് ചുരുട്ടിക്കൂട്ടി എന്റെ ഉപയോഗിക്കാത്ത പഴയ തുണിയുടെ കൂടെ എടുത്തിട്ടു...

അത് കഴിഞ്ഞ് ഞാൻ ഡ്രെസ്സ് എടുത്തിട്ടു...

പിറ്റേന്ന് രാവിലെ എണിറ്റു... പൂതന എഴുന്നേറ്റട്ടില്ല... ഞാൻ റെഡി ആയി വണ്ടിയെടുത്തു കുപ്പിയുമായി വിനുവിന്റെ വീട്ടിലേക്ക് വിട്ടു...

അമ്മയോട് മാത്രം ഇറങ്ങുവാ എന്ന് പറഞ്ഞു... അല്ലേലും നമ്മളെ ആരും തിരക്കാൻ ഒന്നും പോകുന്നില്ല എന്ന് ഉറപ്പല്ലേ... പിന്നെ ഒരു ഫോർമാലിറ്റിക്ക് വേണ്ടി പറയുന്നു എന്ന് മാത്രം...

പിന്നെയിപ്പോൾ സ്വന്തം പൈസക്കുള്ള കറക്കം ആയത് കൊണ്ട് ആർക്കും വല്യ പ്രശ്നമുണ്ടാകേണ്ട കാര്യവുമില്ല...

പൂതനയുടെ മോന്ത കാണണ്ടല്ലോ... അത്രേം സമാധാനം... അതാണ് രാവിലെ തന്നെ ഇറങ്ങിയത്...

അവൾ നമ്മളെ ഒഴിവാക്കിയാൽ നമ്മൾ രണ്ട് തവണ അവളെ ഒഴിവാക്കും... അല്ല പിന്നെ...

വിനുവിനെ പൊക്കിക്കൊണ്ട് നേരെ അർജുവിന്റെ വീട്ടിലേക്ക് പോയി... അവിടെ നിന്ന് അവനേം വിളിച്ചു ഞങ്ങൾ വീണ്ടും യാത്ര തിരിച്ചു...

അന്നത്തെ ഫുൾ ചിലവ് ഞാൻ ഏറ്റിരുന്നു...

ഞങ്ങൾ ആരും രാവിലെ ഒന്നും കഴിക്കാതെയാണ് ഇറങ്ങിയിരുന്നത്...

ആദ്യം തന്നെ ഒരു ഹോട്ടലിൽ കയറി നല്ല ചൂട് മസാല ദോശയും കഴിച്ചു ഞങ്ങൾ ടൗണിലേക്ക് വിട്ടു...

മാളിൽ കയറി അല്പസ്വല്പം വായിനോട്ടമൊക്കെ നടത്തി സിനിമക്ക് കയറി...

ഓരോ പെണ്ണിനേം നോക്കുമ്പോൾ പൂതനയുടെ മുഖമാണ് മനസ്സിൽ വരുന്നത്... അതോടെ ഉള്ള മൂഡ് അങ്ങ് പോകും...

എങ്ങനെ വായിനോക്കി നടന്ന ഞാനാ... നാശപ്പിടിച്ചവൾ കാരണം വായിനോട്ടം തന്നെ വെറുത്തു പോയി😪😪...

സിനിമയും കഴിഞ്ഞ് ഫുഡും അടിച്ചു ഞങ്ങൾ ബീച്ചിലേക്ക് വിട്ടു...

അവിടെ കുറെ നേരം ഇരുന്നു... വൈകിട്ട് ആയപോളെക്കും ഫുഡും വാങ്ങി നേരെ വീടിന്റെ അടുത്തേക്ക്...

അവിടെ കനാലിന്റെ ഒരു റിസേർവോയർ ഉണ്ട്... അതിന്റെ ഒരു മെയിൻ ഭാഗവും ഒരു സബ് ഭാഗവും ഉണ്ട്...രണ്ടിന്റെയും, ഉള്ളിൽ വെള്ളം ഒന്നുമില്ല...

സബ് റിസേർവോയറിൽ കനാൽ തുറന്ന് വിടുമ്പോൾ മെയിൻ റിസർവോയർ നിറഞ്ഞു ഓവർഫ്ലോ വന്നാലേ വെള്ളം വരുകയുള്ളു...

അതിന് അധികം താഴ്ചയുമില്ല... അത് കൊണ്ട് സ്ഥിരം വെള്ളമടി സങ്കേതം അവിടെയാണ്...

ഞങ്ങൾ പതിയെ കമ്പി കൊണ്ടുള്ള ഏണിയിൽ പിടിച്ചു താഴേക്ക് ഇറങ്ങി...

താഴെ എത്തി കൈയിൽ ഉള്ള പേപ്പർ ഒക്കെ വിരിച്ച് അതിൽ ഇരുന്ന് നടുക്കൊരു എമർജൻസി ലാമ്പും തെളിച്ച് വച്ച് ഞങ്ങൾ കലാപരിപാടി തുടങ്ങി...

ബൈ ദുബായ് പറയാൻ മറന്നു... ഞാൻ വെള്ളം അടിക്കില്ല കേട്ടോ... അത് ഞാൻ നല്ല പുള്ള ആയത് കൊണ്ട് ഒന്നുമല്ല...

പണ്ട്...പണ്ടന്ന് പറഞ്ഞാൽ വളരെ പണ്ട്... ഞാൻ പ്ലസ് ടു പാസ്സ് ആയപ്പോൾ വല്യ ആളായല്ലോ...

ആ സന്തോഷത്തിൽ കൂട്ടുകാരുടെ കൂടെ ചേർന്ന് ഇത്തിരി കൂടിയത് അടിച്ചു... അത് വരെ ലൈറ്റ് ആയി ബിയർ കഴിച്ചിരുന്ന ഞാൻ അന്ന് ആദ്യമായി അവന്മാർ വാങ്ങിയ ഏതോ ചാത്തൻ ഐറ്റം ഒന്ന് വീശി...

പണ്ടാരം ഒരെണ്ണം കുടിച്ചപ്പോളേക്കും അണ്ഡകടാഹം വരെ കത്തി...

പിന്നെ ഒരു സുഖം... അപ്പോൾ ഒന്നുടെ വീശി...

അതോടെ ഫ്ലാറ്റ്... ആദ്യ തവണ ആയോണ്ട് ഒരു വെളിവും ഇല്ലാതെ അവന്മാർ ആരോ വീട്ടിൽ കൊണ്ട് വിട്ടു...

വീട്ടിൽ ചെന്ന് കയറി നടുമുറ്റം തന്നെ ഞാൻ ഒരു അത്തപൂക്കളം അങ്ങ് വരച്ചു...

എന്നിട്ട് അതിലേക്ക് തന്നെ വീണു ഭൂമി ദേവിയെ വന്ദിച്ചു അവിടെ തന്നെ കിടന്നു...

എന്നെ കൊണ്ട് ഇട്ടവന്മാർ നൈസ് ആയി അങ്ങ് മുങ്ങി...

അച്ഛനും അമ്മയും പിടിച്ചു ഉമ്മറ പടിയിൽ ഇരുത്തി കുറച്ച് നേരം ജലാധര ചെയ്തപ്പോളാണ് ഞാൻ പിന്നെ പ്രസാദിച്ചത്...

പിന്നെ മോരോ തൈരോ ഓക്കെ തന്ന് എന്റെ കെട്ടിറക്കി...

കെട്ടിറങ്ങിയ സ്പോട്ടിൽ എന്റെ തന്തപ്പടി എന്നെ എടുത്തിട്ടങ് അറഞ്ഞു...

അങ്ങേര് മുറ്റത്തു അമ്മ 150 രൂപ കൊടുത്ത് വാങ്ങി വച്ച പേര മൂടോടെ വെട്ടി, അതിന്റെ കമ്പ് എടുത്തിട്ട കീച്ചിയത്...

ലാസ്റ്റിൽ അടി വാങ്ങാൻ ബോഡിയിൽ ഒരു സ്പോട് ബാക്കി ഇല്ലാതെ ആയപ്പോൾ വന്ന ബോധം വീണ്ടും പോയി...

ഓഹ്... വെള്ളമടി കമ്പനിക്ക് പോകുമ്പോൾ അതോർമ്മ വരും... പിന്നെ ഒരു തുള്ളി കഴുത്തിനു താഴോട്ട് ഇറങ്ങില്ല...😑

സാധനം എടുത്ത് അവന്മാർ അടി തുടങ്ങി... ഞാൻ കോളയും ടച്ചിങ്സ്സും കയറ്റി ഫിറ്റ് ആകാൻ തുടങ്ങി 🤗...

ആദ്യമായി കുപ്പി വാങ്ങിക്കൊടുത്തു ഞാൻ അടിക്കാതെ ഇരിക്കുന്നത് കണ്ടപ്പോൾ അവന്മാർക്ക് സങ്കടം...

അങ്ങനെ അവന്മാർ എന്നെ നിർബന്ധിക്കാൻ തുടങ്ങി...

"അളിയാ... അന്ന് ഉള്ള പോലെ പടു വാഴ അല്ല മുത്തേ നീ ഇന്ന്... അന്ന് നീ വീശി ചെന്നപ്പോൾ അച്ഛന് രണ്ട് പെഗ് മാറ്റി വച്ചിരുന്നേ അങ്ങേര് നിന്നെ മാലയിട്ട്

സ്വീകരിച്ചേനെ... ഇത് ഒറ്റക്ക് കമത്തിയിട്ട് ചെന്നോണ്ടല്ലേ അങ്ങേര് എടുത്തിട്ടു പൂശിയത്..." അർജു പറഞ്ഞു... വിനു ആണേൽ പിന്താങ്ങാനും...

"ഇന്ന് നിന്റെ കൈയിൽ കാശുണ്ട്... പോകുമ്പോൾ അങ്ങേർക്ക് കൂടി ഒരു ഫുൾ വാങ്ങാം... ഇപ്പോ ഇത് നീ അങ്ങോട്ട് പിടിപ്പിച്ചേ... നിന്റെ കാശിനു വാങ്ങി ഞങ്ങളെ കുടിപ്പിക്കുമ്പോൾ നീ ഇങ്ങനെ നോക്കി ഇരിക്കുന്നത് എനിക്ക് സഹിക്കില്ലടാ..." എന്ന് പറഞ്ഞു വിനു ഒരു ഗ്ലാസെടുത്ത് ഒരു ലാർജ് ഒഴിച്ച് എനിക്ക് തന്നു...

ഞാൻ മടിച്ചു മടിച്ചു പതിയെ അൽപാൽപമായി കുടിച്ചിറക്കി...

അന്ന് കുടിച്ചത് പോലെ അല്ല... ഇത് ഒരു സുഖമൊക്കെയുണ്ട്... തീ പോലെ എരിഞ്ഞു തന്നെയാണ് ഉള്ളിലേക്ക് പോകുന്നത്...

ഒരു ലാർജ് ഉള്ളിൽ ചെന്നപ്പോൾ തലയുടെ ഭാരം കുറഞ്ഞത് പോലെ...

പതിയെ പൂതനയുടെ മുഖം മനസ്സിലേക്ക് വന്നു...

അതോടെ വീണ്ടും കുടിക്കാൻ ഒരു ത്വര തോന്നി...

ഞാൻ തന്നെ ഒരെണ്ണം ഒഴിച്ചടിച്ചു...മനസ്സ് ആദ്യം ശാന്തമായി... വീണ്ടും പൂതനയുടെ ചിരിക്കുന്ന മുഖം...അല്പം കഴിഞ്ഞ് അത് സ്ഥിരം പുച്ഛ ഭാവമായി മാറി... പിന്നെ ദേഷ്യം...

ഞാൻ കിടന്ന് മോങ്ങാൻ തുടങ്ങി...

അവന്മാർ എന്താ എന്ന് എന്നെ പിടിച്ചു കുലുക്കിക്കൊണ്ട് ചോദിച്ചു...

അകത്തു ചെന്ന വെള്ളത്തിന്റ ഓളത്തിൽ ഉള്ള കാര്യം വള്ളി പുള്ളി തെറ്റാതെ ഞാൻ അവന്മാരുടെ മുന്നിൽ തള്ളി...

"നിനക്കൊക്കെ അറിയാമോടാ തെണ്ടികളെ... അവൾക്ക് ചുരിദാർ വാങ്ങാൻ നിനക്കൊക്കെ ജെഡി വാങ്ങാൻ വച്ചിരുന്ന ക്യാഷെടുത്ത ഞാൻ ചിലവാക്കിയത്..."

"എന്നിട്ട് ആ യക്ഷി എന്നോട് ചെയ്തത് എന്താ എന്ന് അറിയുമോ...അവളുടെ വേസ്റ്റിന്റെ കൂടെ എടുത്ത് എറിഞ്ഞേടാ അത്...ആഹ്...നിനക്കൊന്നും ജെഡിയടിക്കാൻ യോഗമില്ല എന്ന് പറഞ്ഞാൽ മതിയല്ലോ..."

"ഡാ മോനെ... എനിക്ക് മാസം എത്രയാ ശമ്പളം....ഇരുപതിനായിരം കുണുവാ... അവൾക് ഒന്നെമുക്കാൽ ലക്ഷം..."

"അവൾക് തുക്കടാച്ചി ശമ്പളം വാങ്ങുന്ന എന്നെ അംഗീകരിക്കാൻ ആവില്ല എന്ന്... അവൾക ഞാൻ ലക്ഷങ്ങൾ വാങ്ങി വന്നാലെ എന്നെ അവളുടെ കൊന്തനായി അംഗീകരിക്കാനാകുള്ളു പോലും..."

"ഡാ... വരുണേ... നീ വിഷമിക്കാതെ... അവള് പോട്ടെടാ... അവളെ നമുക്ക് അങ്ങ് ഡിവോഴ്സ് ചെയ്യാം..." അർജു വെള്ളപ്പുറത്തു എനിക്ക് പ്രോഹത്സാഹനം തന്നു...

"പ്ഫാ... നായെ... അവളെ ഡിവോഴ്സ് ചെയ്താൽ നിന്റെ അപ്പൻ വന്ന് എനിക്ക് പെണ്ണ് കണ്ടുപിടിച്ചു തരുമോ..."

"ഇത്രേം നാളും വായിനോക്കി നടന്നത് അല്ലാതെ ഒരുത്തി പോലും തിരിഞ്ഞു നോക്കിയിട്ടില്ല... ലാസ്റ്റിൽ ഒരുത്തിയോട് ഇഷ്ടമാണെന്നു പറഞ്ഞപ്പോൾ അവൾക് എന്നെ വേണ്ട ഈ തെണ്ടിയെ മതി എന്ന്... ഇവനെക്കാളും സൗന്ദര്യമില്ലേ അളിയാ എനിക്ക്..." ഞാൻ വിനുവിനെ ചൂണ്ടി പറഞ്ഞു...

"എന്നിട്ട് ഞാൻ ഇവളെ ഡിവോഴ്സ് ചെയ്തിട്ട് വേറെ ഒരു പെണ്ണിനേം കിട്ടാതെ കന്യകനായി മൂത്ത് നരച്ചു തട്ടി പോണത് നിനക്ക് കാണണം... അല്ലേടാ മ*#@"

"ഡാ... അവൾക് പകരം നിനക്ക് ഞങ്ങൾ നല്ല തങ്കം പോലെ ഒരുത്തിയെ കണ്ട് പിടിച്ചു തരുമെടാ...അല്ലേടാ വിനു..." അർജു വീണ്ടും പറഞ്ഞു...

"എനിക്ക് വേറെ ഒരുത്തിയേം വേണ്ടഡാ... എനിക്ക് അവളെ തന്നെ മതി... എനിക്ക് അവളെ വേണം... എനിക്ക്... എനിക്ക് അവളെ അത്രക്ക് ഇഷമാടാ നാറികളെ... അത്രക്ക് ഞാനങ് ഇഷ്ടപ്പെട്ടു പോയെടാ ആ പൂതനയെ..." ഞാൻ വീണ്ടും മോങ്ങി... കുറച്ച് നേരം കൂടെ മോങ്ങി അവസാനം ഞാൻ ഓഫ് ആയി...

ബോധം വന്നത് പാതിരാത്രി കഴിഞ്ഞ് മറ്റോ ആണ്... അവന്മാരും അടിച്ചു കിണ്ടിയായി കിടപ്പാണ്...

സംഭവം കുടിച്ചു വെളിവില്ലാരുന്നെങ്കിലും, പറഞ്ഞതൊക്കെ എനിക്ക് നല്ല ഓർമയുണ്ടായിരുന്നു...

തിരിച്ച് വീട്ടിൽ പോവാൻ ഞാൻ അവന്മാരെ വിളിച്ചു ഉണർത്തി...

അപ്പോളേക്കും എല്ലാരുടെയും കെട്ട് വിട്ടിട്ടുണ്ടാരുന്നു...

വിനു പറഞ്ഞു...

"ഡാ... അവൾ നിന്റെ യോഗ്യത  ശമ്പളവും, സ്റ്റാറ്റസ്സും കൊണ്ടാണ് അളക്കുന്നത് എങ്കിൽ നീ ഈ ബന്ധം വേണ്ടന്ന് വക്കണം... അതാണ് ഞങ്ങൾക്ക് പറയാനുള്ളത്..."

അവന്മാർ പറയുന്നതിൽ കാര്യമുണ്ടെങ്കിലും ഞാനൊന്നും മിണ്ടിയില്ല...

അവന്മാരെ വീട്ടിലാക്കി ഞാൻ തിരികെ എന്റെ വീട്ടിലേക്ക് പോന്നു...

നടക്കാൻ ചെറിയ ബുദ്ധിമുട്ടുണ്ട്... ഞാൻ ചെന്ന് കതകിൽ മുട്ടി...

കുറച്ച് നേരം കഴിഞ്ഞപ്പോൾ പൂതന വന്ന് കതക് തുറന്നു...

ഉറക്കം പോയ ദേഷ്യമുണ്ട് മോന്തക്ക്...

"ആഹാ... അങ്ങനെ എന്റെ ഉറക്കം കളഞ്ഞു നീ ഉറങ്ങണ്ടടി യക്ഷി..." ഞാൻ മനസ്സിൽ പറഞ്ഞു...

ഞാൻ പതിയെ ആടി ആടി റൂമിലേക്ക് കയറി... ഒരു തലയിണയും ബെഡ്ഷീറ്റുമെടുത്തു തറയിലേക്ക് അങ്ങ് വീണു...

പൂതന അപ്പോളേക്കും റൂമിൽ വന്നു... എന്ത് ഭാവം ആണോ അവളുടെ മുഖത്ത്... എനിക്കും മനസ്സിലാവുന്നില്ല...

തവള ഇരപ്പിടിക്കാൻ ഇരിക്കുമ്പോൾ ഉള്ള ഭാവം പോലെയുണ്ട്...

എന്തായാലും വെള്ളമടിച്ചു നാല് കാലിൽ ഉള്ള എന്റെ വരവ് പൂതനക്ക് പിടിച്ചിട്ടില്ല...

"താൻ മദ്യപിച്ചിട്ടുണ്ടോ..."

ഞാൻ ഒന്ന് നോക്കി... പുച്ഛ ഭാവത്തോടെ പറഞ്ഞു...

"എന്റെ കാശിനു എനിക്ക് സൗകര്യം ഉള്ളത് ഞാൻ ചെയ്യും... ആരും അത് തിരക്കാൻ വരേണ്ട..."

"എന്റെ കൂടെ മദ്യപിച്ച് കിടക്കണ്ട..."

"അയ്യോടി... തമ്പ്രാട്ടിയെ കെട്ടിപിടിച്ചു ആണല്ലോ അടിയൻ പള്ളിയുറങ്ങുന്നത്... ഒന്ന് പോയേടി..."

അവൾ ഒന്നും മിണ്ടിയില്ല... ദേഷ്യത്തോടെ എന്തോ പിറുപിറുത്തുകൊണ്ട് ലൈറ്റ് അണച്ചു കിടന്നു...

പൂതനക്ക് അപ്പോൾ ഇതിഷ്ടമല്ല... എങ്കിൽ അത് തന്നെ മാക്സിമം ചെയ്യും...

പിന്നീടുള്ള മിക്കവാറും ദിവസം ഞാൻ രണ്ട് വീശിയിട്ട് ആയിരുന്നു വന്നിരുന്നത്...

വീശാത്ത ദിവസം ഞാൻ അടിച്ചിട്ടുള്ള പോലെ അഭിനയിക്കും...

അച്ഛനും അമ്മയ്ക്കും ഞാൻ വെള്ളമടിക്കുന്ന കാര്യം മനസ്സിലായി...

"നന്നായി വന്നു എന്ന് കരുതിയപ്പോൾ മറ്റൊന്ന്... നീ ഒരിക്കലും നന്നാവില്ലെടാ..."

ഇതാണ് ഇപ്പോ അവരുടെ സ്ഥിരം പല്ലവി...

രാവിലെ നേരത്തെ ഇറങ്ങി പരമാവധി വൈകി ആണെന്റെ വരവ്... അത്രയും കുറച്ച് സമയം പൂതനയെ കണ്ടാൽ മതിയല്ലോ...

അങ്ങനെ ഒരു ദിവസം ഞാൻ അല്പം നേരത്തെ വന്നു...

അന്ന് കഴിച്ചിട്ടുമില്ല...

റൂമിൽ ചെന്നപ്പോൾ പൂതന കുളിക്കാൻ കയറിയേക്കുവാ എന്ന് തോന്നുന്നു...

ബാത്റൂമിൽ ശബ്ദം കേൾക്കാം...

ബെഡിൽ അവളുടെ ഫോൺ കിടപ്പുണ്ട്... ബാക്ക് ലൈറ്റ് ഓഫ് ആയിട്ടില്ല...

അവൾ കയറിയിട്ടുള്ളു എന്ന് മനസ്സിലായ ഞാൻ വെറുതെ അവളുടെ ഫോൺ ഒന്ന് എടുത്ത് നോക്കി...

സ്ക്രീൻ ലോക്ക് അല്ല... ഞാൻ ഹോം സ്ക്രീനിൽ നോക്കിയപ്പോൾ ആദ്യം കണ്ണ് പോയത് "വാട്സ്ആപ്പ്... " എന്ന ആപ്പിൽ ആയിരുന്നു...

എന്തോ മെസ്സജ് വന്നിട്ടുണ്ട്...

ഞാൻ ജസ്റ്റ് വാട്സ്ആപ്പ് ഓപ്പൺ ആക്കി...

ആദ്യം തന്നെ കണ്ടത്

"**ലവ് യു ഡിയർ**..." എന്ന മെസ്സജ് ആണ്...

ഫോൺ എന്റെ കൈയിൽ നിന്നും ബെഡിലേക്ക് വീണു...വയറ്റിൽ ഒരു ആന്തൽ... ലോകം മുഴുവൻ എനിക്ക് ചുറ്റും കറങ്ങുന്നത് പോലെ...

വീഴാതെ ഇരിക്കാനായി ഞാൻ കട്ടിലിന്റെ ക്രാസ്സയിൽ പിടുത്തമിട്ടു...

ഞെട്ടി പണ്ടാരം അടങ്ങിയ ഞാൻ വേഗം ഫോൺ എടുത്ത് മെസ്സേജ് അയച്ച ആളിന്റെ പേര് നോക്കി...

എവിടെയോ കേട്ട് മറന്ന പേര്... എത്ര ആലോചിച്ചും ഓർമ വരുന്നില്ല...

ഒറ്റ നിമിഷം കൊണ്ട് ഞാൻ വിയർത്തു കുളിച്ചു... ആ പേര് ആരുടെയാണ് എന്ന് ആലോചിച്ചു ഞാൻ കട്ടിലിലേക്ക് തന്നെ ഇരുന്ന് പോയി...

ആ പേര് ഞാൻ ഓർത്ത് കൊണ്ടേ ഇരുന്നു...

"അജിത്..."

ആ മെസ്സേജിന് മുൻപുള്ളത് എല്ലാം അവൾ ക്ലിയർ ചെയ്തിട്ടുണ്ട്...

ഒന്നും തീർച്ചപ്പെടുത്താനുമാകില്ല...

അവളെക്കുറിച്ചുള്ള എന്റെ ഓർമകളിലേക്ക് ഞാൻ കടന്നു...

അന്ന് വിവാഹ ദിവസം, അത് മുടങ്ങിയപ്പോൾ ആദ്യമായി അവളെ കല്യാണം കഴിക്കാൻ താല്പര്യം പ്രകടിപ്പിച്ച ആളുടെ പേര്...

അന്ന് അവളുടെ ബന്ധുക്കൾ നടത്തിയ ചോദ്യോത്തര വേളയിലേക്ക് മനസ്സ് പോയി...

//"**എന്താ മോന്റ പേര്...**"

**"അജിത്...**"//

അതെ അത് തന്നെ... ആ അജിത് തന്നെ ആകുമോ ഇതും...

ആലോചിച്ചിട്ട് വട്ടാകുന്നത് പോലെ...

പൂതന ആണേലും ഒരല്പം സ്നേഹം അവളുടെ മനസ്സിൽ എന്നോട് ഉണ്ടാകും എന്ന പ്രതീക്ഷയുടെ ചെറിയ തീയിലേക്കാണ് ഈ മെസ്സേജ് വെള്ളം കോരി ഒഴിച്ചത്...

അവളോട് ചോദിച്ചിട്ട് തന്നെ കാര്യം...

"പക്ഷെ ഞാൻ ആരാ അവൾക്ക്... താലി കെട്ടിയിട്ടുണ്ട് എന്നല്ലാതാരുമല്ല അവൾക്ക് ഞാൻ..."

ചോദിച്ചാൽ തന്നെ അവൾ എന്ത് വില തരാനാണ്... എന്തായാലും ചോദിച്ചു നോക്കുക തന്നെ...

അല്ല ഇനി ഇതുള്ളതാണേൽ നാശം പിടിച്ചവൾ ബാക്കി ഉള്ളവന്റെ ജീവിതം കൂടെ ആണല്ലോ കോഞ്ഞാട്ടയാക്കിയത്...

ഞാൻ അതെ പോലെ അവിടെ ഇരുപ്പ് തുടർന്നു...

കുറച്ച് സമയം കഴിഞ്ഞപ്പോൾ അവൾ പുറത്തിറങ്ങി...

ഇപ്പോ ചോദിക്കണോ വേണ്ടയോ... ചോദിക്കണോ വേണ്ടയോ എന്നുള്ള ഗംഭീര ഫൈറ്റ് ആണ് എന്റെ മനസ്സിൽ നടന്നു കൊണ്ടിരുന്നത്...

അവസാനം ഒരു തീരുമാനത്തിൽ ഞാൻ എത്തി ...

"എന്തായാലും ഇതിൽ കൂടുതൽ ഒന്നും വരാനില്ല... ചോദിക്കാം..."

അവൾ എന്റെ ഇരുപ്പിലെ വശപ്പിശക് ശ്രദ്ധിച്ചോ മറ്റോ ഒന്ന് നോക്കി...

പിന്നെ കണ്ണാടിയുടെ മുന്നിൽ നിന്ന് മുടി ചീകാൻ തുടങ്ങി...

യക്ഷി വയലന്റ് ആയാലും വേണ്ടില്ല, ഞാൻ വിചാരിക്കുന്നത് പോലെ ഒന്നും ഉണ്ടാവരുതേ എന്ന ഒരു പ്രാർത്ഥന മാത്രമേ എനിക്ക് ഉണ്ടായിരുന്നുള്ളു...

"ആരാ ഈ അജിത്..."

എന്റെ ചോദ്യം കേട്ട് പൂതന സ്വിച്ച് ഓഫ് ആക്കിയ മെഷീൻ  കണക്കിന് മുടി ചീകിയത് പകുതിക്ക് നിർത്തി അനങ്ങാതെ ഒരു നിൽപ്പ് നിന്നു...

അവളുടെ ഗ്യാസ് പോയുള്ള നിൽപ്പ് കണ്ടപ്പോളെ സംഭവത്തിന്റെ ഏകദേശ രൂപം എനിക്ക് മനസ്സിലായി...

അവൾ എന്റെ നേരെ തിരിഞ്ഞു...

ഇന്ന് വരെ കാണാത്ത ഒരു മുഖ ഭാവം അവളിൽ ആദ്യമായി ഞാൻ കണ്ടു...

"ഭയം..."

"ചോദിച്ചത് കേട്ടില്ലേ... ആരാണ് ഈ അജിത്... അവനും നീയും തമ്മിൽ എന്ത് ബന്ധമാണ് ഉള്ളത് എന്ന് തന്നെയാ ഞാൻ ഉദേശിച്ചത്..."

അവൾ ഒന്നും മിണ്ടാതെ തല താഴ്ത്തി എന്റെ മുന്നിൽ നിന്നു...

എനിക്ക് കൂടുതൽ ഒന്നും ചോദിക്കനോ പറയാനോ ഇല്ലായിരുന്നു...

എനിക്ക് വേണ്ട ഉത്തരം മുഴുവൻ അവളുടെ മുഖത്ത് നിന്ന് തന്നെ വായിച്ചറിഞ്ഞു...

"വരുൺ..."

"നീ കൂടുതൽ ഒന്നും പറയണ്ട... എല്ലാം എനിക്ക് മനസ്സിലായി..."

"വരുൺ... ഐ ക്യാൻ എക്സ്പ്ലെയിൻ..."

"ഇവളിതെന്തോന്ന് മുംബൈ പോലീസ് ഡയലോഗ് ഒക്കെ ഇറക്കുന്നത്..."

"ഞാൻ പറഞ്ഞല്ലോ എനിക്കൊന്നും കേൾക്കണ്ട... ഇവിടെയുള്ള രണ്ടെണ്ണത്തിനോട് പറഞ്ഞിട്ട് കാര്യമില്ല... നാളെ തന്നെ നിന്റെ തന്തേം തള്ളേം വിവരം അറിയിക്കും ഞാൻ...

"വരുൺ... പ്ലീസ്... ട്രൈ ടു അണ്ടർസ്റ്റാൻഡ്... പ്ലീസ്..."

"ഇനി എന്ത് അണ്ടർസ്റ്റാൻഡാൻ ആണ് മോളെ... നീ നല്ല ഒന്നാതരം കോൺക്രീറ്റ് പണിക്കാരത്തി ആണെന്നുള്ളത് ഞാൻ അണ്ടർസ്റ്റാന്റി... കൃത്യം എന്റെ തലേ തന്നെ വന്ന് വീണല്ലോടി നാശമേ നീ... എന്റെ വയറും മനസ്സുമെല്ലാം നിറഞ്ഞു..."

അപ്പോളാണ് അമ്മ കഴിക്കാൻ വിളിക്കാൻ വന്നത്...

"എന്താ... വയറു നിറഞ്ഞെന്നോ... നീ കഴിച്ചിട്ടാണോ വന്നത്... എങ്കിൽ കഴിക്കണ്ട...അനു മോൾ വന്നേ... ഞാൻ കഴിക്കാൻ എടുത്തു വച്ചിട്ടുണ്ട്..."

അമ്മ അവളുടെ കൈ പിടിച്ചു വലിച്ചു കൊണ്ട് അടുക്കളയിലേക്ക് പോയി...

പോകുന്ന വഴി അവൾ എന്റെ മുഖത്തേക്ക് തിരിഞ്ഞ് കൊണ്ട് ദയനീയമായി ഒന്ന് നോക്കി...

എനിക്ക് അത് കണ്ടു വല്യ സഹതാപം ഒന്നും ഉണ്ടായില്ല...

ആകെ ഒരു മരവിച്ച അവസ്ഥ... സത്യം പറഞ്ഞാൽ എങ്ങനെ പ്രതികരിക്കണം എന്ന് അറിയില്ല...

അവളുടെ വീട്ടിൽ വിളിച്ചു പറഞ്ഞാലോ എന്നാണ് ആദ്യം ആലോച്ചിച്ചത്... പക്ഷെ എന്തോ എടുത്ത് ചാടി ഒന്നും വേണ്ട എന്ന് തോന്നി...

ഇത്രം നാളും അവളുടെ ഭരണം സഹിച്ചു... നാ&@# മോൾളുടെ ചവിട്ടും തൊഴിയും വരെ സഹിച്ചു... അന്ന് അതെല്ലാം എല്ലാം എനിക്ക് തമാശയായിരുന്നു...

അവളോടുള്ള വഴക്കും ബഹളവുമെല്ലാം ഞാൻ ആസ്വദിക്കുകയായിരുന്നു...

പലപ്പോഴും ഒരു കോമാളിയെപ്പോലെ...

ആർക്കും വില ഇല്ലാതിരുന്ന എന്നേ, അതൊന്നും എനിക്ക് വിഷയമല്ലായിരുന്നു എങ്കിൽ കൂടി, ആർക്കെങ്കിലുമൊക്കെ ഇന്ന് വിലയുണ്ടേൽ അത് അവൾ കാരണം ആണെന്ന് ഓർത്ത് ഞാൻ സന്തോഷിച്ചിരുന്നു...

എല്ലാം അവൾക്ക് എന്നോട് സ്നേഹമുണ്ടെന്നുള്ള മിഥ്യ ധാരണയിൽ, ഒരുനാൾ എന്നെ അവൾ അംഗീകരിക്കും എന്ന് വിശ്വസിച്ച ഞാൻ മണ്ടൻ...

ഇത്രയും സാമർത്ഥ്യവതിയായ അവൾ ഇത്രയും അധപതിച്ചു എന്ന് വിശ്വസിക്കാൻ ആകുന്നില്ല... ദേഷ്യമോ സങ്കടമോ അല്ല... ഒരു തരം അറപ്പും മരവിപ്പുമാണ് എനിക്ക് അവളോട് തോന്നിയത്...

ഞാൻ റൂമിൽ ഓരോ കാര്യങ്ങൾ ആലോചിച്ചിരുന്നു... കുറച്ച് കഴിഞ്ഞ് അവളും റൂമിലേക്ക് വന്നു...

ഞാൻ കട്ടിലിൽ കയറി കിടന്നിരുന്നു... കണ്ടവളുമാർക്ക് വേണ്ടി ഞാൻ എന്തിന് തറയിൽ കിടന്ന് ആരോഗ്യം കളയണം...

റൂമിലെത്തിയ അവൾ കതകടച്ചിട്ട് എന്നോട് സംസാരിക്കാൻ എന്ന പോലെ വന്ന് നിന്നു...

എനിക്ക് അവളോട് ഒന്നും സംസാരിക്കാൻ ഉണ്ടായിരുന്നില്ല... അത് കൊണ്ട് ഞാൻ കണ്ട ഭാവം നടിച്ചുമില്ല...

"വരുൺ... പ്ലീസ്... എനിക്ക് പറയാൻ ഉള്ളത് കേൾക്കണം... എന്നിട്ട് വരുണിന് എന്ത് വേണമെങ്കിലും ചെയ്യാം..."

"നീ ഇനി എന്ത് പറയാനാണ്... നിനക്ക് വേറെ ഒരാളെ ഇഷ്ടമാണ്... എന്റെ കൂടെ ജീവിക്കാൻ ആകില്ല... അല്ലേലും നിന്നെ പോലെ ഒരുത്തിയുടെ കൂടി താമസിക്കാൻ എനിക്ക് താല്പര്യമില്ല... പക്ഷെ എല്ലാവരുടേം മുന്നിലുള്ള നിന്റെയീ നല്ല പിള്ള പരിവേഷം ഞാൻ തീർക്കും..."

"വരുൺ എന്ത് വേണമെങ്കിലും ചെയ്തോളു... എല്ലാം ഏറ്റുവാങ്ങാൻ ഞാൻ ബാധ്യസ്ഥയാണ്... ഞാൻ വരുണിനെ മെന്റലി, ഫിസിക്കലി ഒക്കെ ഒരുപാട് ഹറാസ്സ് ചെയ്തിട്ടുണ്ട്... സൊ വരുൺ എന്ത് ചെയ്താലും അത് ഞാൻ ഏറ്റു വാങ്ങും... പക്ഷെ ഞാൻ പറയുന്നത് ഒന്ന് കേൾക്കണം... അതിനുള്ള മനസ്സ് കാണിക്കണം..."

പൂതനയുടെ കണ്ണ് കലങ്ങിയിട്ടുണ്ട്... എന്തോ കരയുന്നത് എന്റെ മനസ്സലിയിച്ചു...

എങ്കിലും ഞാൻ ഒന്നും മിണ്ടിയില്ല... അപ്പോളേക്കും ഞാൻ കിടന്നിരുന്നു... കണ്ണ് പുറം കൈ കൊണ്ട് മറച്ചാണ് ഞാൻ കിടന്നത്...

"വരുൺ പ്ലീസ്..."

"നാളെ ഓഫീസിൽ നിന്ന് മടങ്ങുന്ന വഴി സംസാരിക്കാം..." അത്രയും പറഞ്ഞു ഞാൻ തിരിഞ്ഞ് കിടന്നു...

അവളും ഒന്നും മിണ്ടയില്ല... കുറച്ച് കഴിഞ്ഞ് ലൈറ്റ് അണച്ച് അവളും കിടന്നു...

********

പിറ്റേന്ന് ഞങ്ങൾ ഓഫീസിലേക്ക് ഒന്നിച്ചാണ് പോയത്... അവൾ സ്കൂട്ടി എടുത്തില്ല...

വൈകിട്ട് ഞാൻ അവളെ പിക് ചെയ്തു വണ്ടി നേരെ ബീച്ചേ്ലക്ക് വിട്ടു...

പൊതുവെ തിരക്ക് കുറഞ്ഞ അവിടെ അന്ന് വർക്കിംഗ് ഡേ ആയത് കൊണ്ടോ മറ്റോ ആരും ഉണ്ടായിരുന്നില്ല...

കുറെ നേരം കടലും നോക്കി ഇരുന്നതല്ലാതെ പൂതന ഒരു അക്ഷരം മിണ്ടിയില്ല...

എനിക്ക് ആണേൽ ക്ഷമ കെട്ടു...

"എന്തോ പറയാൻ ഉണ്ടെന്ന് പറഞ്ഞല്ലേ ഇങ്ങോട്ട് കെട്ടിയെടുത്തത്... പറയാൻ ഉള്ളത് പറഞ്ഞാൽ എനിക്ക് പോകാമാരുന്നു... " ഞാൻ നല്ല ദേഷ്യത്തിൽ തന്നെ പറഞ്ഞു...

അവൾ എന്നെ ഒന്ന് നോക്കി... എന്ത് ഭാവമാണോ എന്തോ...

"ഞാൻ പറയാം വരുൺ... എവിടുന്ന് തുടങ്ങണം എന്നോ എന്ത് പറയണം എന്നോ എനിക്കറിയില്ല..."

"നീ നിന്ന് കണ്ണീർ സീരിയലിലെ ഡയലോഗ് അടിക്കാൻ ആണോ ഇങ്ങോട്ട് കെട്ടിയെടുത്തത്... വല്ലോം പറയാൻ ഉണ്ടേൽ പറഞ്ഞ് തുലക്കടി... അതിന് ശേഷം എനിക്ക് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്..."

"ഞാൻ പറയാം..."

അവൾ പറഞ്ഞ് തുടങ്ങി... ഞാൻ ശ്രദ്ധയോടെ കേൾക്കാനും...

*********

***കഥ ഇവിടം മുതൽ അനുവിന്റെ പോയിന്റ് ഓഫ് വ്യൂവാണ്...***

ഞാൻ എംബിഎക്ക് ജോയിൻ ചെയ്ത സമയം...

ഞാൻ പഠിച്ചത് കേരളത്തിന് പുറത്താണ് എന്ന് വരുണിന് അറിയാമല്ലോ...

അവിടേക്ക് സെലക്ഷൻ കിട്ടാൻ തന്നെ ഭയങ്കര പാടാണ്...

രാജ്യത്തിന്റെ അങ്ങോളം ഇങ്ങോളം ഉള്ള കുട്ടികൾ എൻട്രൻസ് എക്സാം എഴുതിയാണ് അവിടേക്ക് യോഗ്യത നേടുന്നത്...

എന്റെ ക്ലാസ്സിൽ ഞാനും അജിത്തും മറ്റ് രണ്ട് പെൺ കുട്ടികൾ മാത്രമായിരുന്നു മലയാളികൾ ആയി ഉണ്ടായിരുന്നത്...

അത്രയും നാൾ വീട്ടിൽ നിന്ന് മാറി നിന്നിട്ടില്ലാത്ത ഞാൻ പെട്ടന്ന് ഹോംസിക്ക് ആയി എന്ന് തന്നെ പറയണം...

കോളേജ് ഹോസ്റ്റലിൽ ഞാൻ കൂടുതൽ സമയവും ഏകാന്തമായി ചിലവിട്ടു...

കൂടെ ഉള്ള രണ്ട് പെൺകുട്ടികൾക്കും പഠിത്തം മാത്രമായിരുന്നു എപ്പോളും ചിന്ത... അത് കൊണ്ട് തന്നെ ആ ഒറ്റപ്പെടൽ കൂടി...

പക്ഷെ ക്ലാസ്സിൽ ബ്രേക്ക് ടൈം ആയാലും അജിത് എന്നോട് കൂടുതൽ ഇടപെടുമായിരുന്നു...

എപ്പോളും തമാശ കലർന്ന രീതിയിലുള്ള അവന്റെ സംസാരം ആർക്കും വേഗം ഇഷ്ടമാകും...

അവൻ നന്നായി കവിതകളും എഴുതും... അത് ചൊല്ലി കേൾപ്പിച്ചു അതിന്റെ അഭിപ്രായം തിരക്കൽ ആയിരുന്നു അവന്റെ പ്രധാന ഹോബി...

ഒരാളുടെ മനസ്സിലേക്കുള്ള പ്രധാന വാതിൽ അയാളുടെ വായിൽ നിന്നാണ് എന്ന് പറയുന്നത് വളരെ ശരിയാണ്...

വീടും വീട്ടുകാരോടുമൊപ്പം ഏറ്റവും പ്രധാനമായി വീട്ടിലെ ഭക്ഷണവും ഞാൻ മിസ്സ് ചെയ്തിരുന്നു...

എന്നാൽ കോളേജിന് അടുത്ത് ഒരു അപ്പാർട്മെന്റ് ഷെയർ ചെയ്തു താമസിച്ചിരുന്ന അവൻ എന്റെ ഇഷ്ടങ്ങൾ കേട്ട് പിറ്റേന്ന് തന്നെ അതൊക്കെ എനിക്ക് ഉണ്ടാക്കിക്കൊണ്ട് വന്ന് തന്നിരുന്നു...

കോളേജിൽ ഒന്നിച്ചു... നാട്ടിലേക്ക് ഉള്ള വരവും പോക്കും ഒന്നിച്ചു...

പതിയെ അവന്റെ പെരുമാറ്റത്തിൽ നിന്നും അവന് എന്നെ ഇഷ്ടം ആണെന്ന് എനിക്ക് മനസ്സിലായിരുന്നു...

ഒരുപാട് പേര് എന്റെ പിന്നാലെ വന്നിട്ടുണ്ട് എങ്കിലും അജിത് എന്റെ മനസ്സിൽ എപ്പോളോ സ്ഥാനം പിടിച്ചിരുന്നു...

അത് കൊണ്ട് തന്നെ ആദ്യം അവൻ ഇഷ്ടം പ്രകടിപ്പിച്ചപ്പോൾ ഞാൻ ഒഴിഞ്ഞ് മാറി എങ്കിലും എപ്പോളോ എനിക്ക് അവനെ അംഗീകരിക്കേണ്ട വന്നു...

കലാലയ ജീവിതത്തിനോടൊപ്പം പതിയെ ഞങ്ങളുടെ പ്രണയവും തളിർത്തു...

എങ്കിലും ഒരു നാട്ടിൻപുറത്തുകാരിയും യാഥാസ്ഥിതികവാതിയുമായ ഞാൻ ഒരിക്കലും പരിധി വിട്ടിരുന്നില്ല...

കോഴ്സ് കഴിഞ്ഞു രണ്ട് പേരും വെൽ സെറ്റിൽഡ് ആയിട്ട് മതി വിവാഹം എന്ന് തീരുമാനിച്ചിരുന്നു...

കോഴ്സ് തീരുന്നതിനു മുൻപ് എന്തൊക്കയോ കാരണങ്ങൾ കൊണ്ട് അജിത് ഡ്രോപ്പ്ഔട്ട് ചെയ്തു...

അവന് എന്തൊക്കയോ സ്റ്റാർട്ട്അപ്പ് തുടങ്ങാൻ ആയിരുന്നു താല്പര്യം...

കോഴ്സ് കംപ്ലീറ്റ് ചെയ്തു ക്യാമ്പസ് പ്ലേസ്മെന്റ് തന്നെ വാങ്ങി ഞാൻ നാട്ടിലും വന്നു...

ഞാൻ നാട്ടിൽ വന്നപ്പോൾ മുതൽ എനിക്ക് കല്യാണ ആലോചനകൾ വന്ന് തുടങ്ങി...

അജിത്തിനെ ഞാൻ കാര്യങ്ങൾ അറിയിച്ചു എങ്കിലും അവന്റെ ബിസിനസ് ഒന്നും പച്ചപിടിക്കാതെ ഇരുന്നത് കൊണ്ട് അതിന് സാധിച്ചില്ല...

മാത്രമല്ല സമുദായത്തിന്റെ വ്യത്യാസവും...

അച്ഛനെയും അമ്മയെയും എതിർത്തും ഞാൻ അജിത്തിന് ഒപ്പം ജീവിക്കും എന്ന് തന്നെ ഉറപ്പിച്ചിരുന്നു...

അങ്ങനെ ഒന്ന് രണ്ട് വിവാഹം ഞാൻ തന്നെ ആരും അറിയാതെ വിളിച്ചു സംസാരിച്ചു മുടക്കി...

ജാതകപ്രകാരം മറ്റോ 26 വയസ്സ് കഴിയുന്നതിനു മുൻപ് എന്റെ വിവാഹം നടക്കണം എന്ന് മറ്റോ ഉണ്ടായിരുന്നു... അച്ഛനും അമ്മയും ഇതിൽ അതിയായ വിശ്വസിക്കളും...

ഇങ്ങനെ വിവാഹം മുടങ്ങുന്നത് അത് കൊണ്ട് തന്നെ അച്ഛന് ഭയങ്കര ടെൻഷൻ ആയിക്കൊണ്ടിരുന്നു...

ടെൻഷൻ കാരണം മറ്റോ ഒരു ദിവസം അച്ഛന് ഒരു മൈനർ അറ്റാക്ക് വന്നു...

അങ്ങനെ എനിക്ക് മനസ്സില്ലാ മനസ്സോടെ അവർ ചുണ്ടിക്കാണിക്കുന്ന ആളിനെ തന്നെ വിവാഹം ചെയ്തേ മതിയാകു എന്ന അവസ്ഥ വന്നു...

എന്നാൽ അജിത്തിനെ ഒഴിവാക്കാനും ആകില്ല...

"ഒരു പെണ്ണ് സാഹചര്യം മൂലം മറ്റൊരു വിവാഹത്തിന് സമ്മതിച്ചാലും അവൾ ഉടനെ തേപ്പ്കാരി ആകുമല്ലോ..."

"അങ്ങനെ തേപ്പ് കാരി ആയില്ലേ ഉടനെ ഇതൊന്നും അറിയാതെ കെട്ടുന്നവനെ എടുത്തിട്ട് വാർത്തു വാർപ്പുകാരി ആകണം..." അതിന്റെ ഇടയിൽ വരുൺ നൈസ് ആയി എനിക്കിട്ട് താങ്ങി...

അവന്റെ ഭാഗത്ത് നിന്ന് ചിന്തിക്കുമ്പോൾ ന്യായമുണ്ട്... അതിനാൽ ഞാൻ ഒന്നും പറഞ്ഞില്ല...

അതിന് ശേഷം എനിക്ക് ഒരു ആലോചന വന്നു... അരവിന്ദ് എന്ന പയ്യനുമായി...

സാധാരണ ഞാൻ അങ്ങോട്ട് വിളിച്ചു വിവാഹം മുടക്കുമായിരുന്നു...

എന്നാൽ അവൻ എന്നെ വിളിച്ച് അവന് വേറെ ഒരു പെണ്ണുമായി സ്നേഹത്തിലാണ് ഈ വിവാഹത്തിന് താല്പര്യമില്ല എന്ന് വീട്ടിൽ പറയണം എന്ന് പറഞ്ഞത്...

അത് കേട്ട് ഞാൻ എന്റെ അവസ്ഥ അവനോടും പറഞ്ഞു...

അങ്ങനെ ആണ് ഞങ്ങൾ ഒരു പ്ലാനിൽ വന്ന് ചേരുന്നത്...

അവൻ എന്തായാലും സ്നേഹിച്ച പെണ്ണിനെ കെട്ടുള്ളു എന്നു പറഞ്ഞു...

അങ്ങനെ എങ്കിൽ എന്നെ കൂടെ ഹെല്പ് ചെയ്യാൻ ഞാൻ പറഞ്ഞപ്പോൾ അവന്റെ മനസ്സിൽ വന്ന ഐഡിയ ആയിരുന്നു ആ കല്യാണം...

അരവിന്ദുമായുള്ള വിവാഹത്തിന്റ അന്ന് രാവിലെ അവൻ സ്നേഹിച്ച പെണ്ണിന്റെ കൂടെ ഒളിച്ചോടും...

അവൻ പോയത് അറിഞ്ഞു വിവാഹം മുടങ്ങുമ്പോൾ രക്ഷകനായി അജിത് വിവാഹ താല്പര്യം അറിയിച്ചു മുന്നോട്ട് വരും...

ഒന്നും അറിയാത്ത പോലെ ഞാൻ സമ്മതിക്കും...

അതായിരുന്നു ഞങ്ങളുടെ പ്ലാൻ...

അജിത് വിവാഹ താല്പര്യം അറിയിച്ചു വന്നപ്പോൾ ഞാൻ അച്ഛന്റെ മുന്നിൽ ഒന്നും അറിയാത്തവൾ കണക്കിന് ഇരുന്ന് അച്ഛനും അമ്മയും തീരുമാനിക്കുന്ന ആരെയും വിവാഹം ചെയ്യുമെന്ന് പറയുകയും ചെയ്തു...

അപ്പോൾ ആണ് സമുദായത്തിന്റെയും ജാതകത്തിന്റെയും പ്രശ്നം പറഞ്ഞ് അജിത്തിന്റെ ബന്ധം വേണ്ട എന്ന് വച്ചത്...

അതേ ടൈമിൽ വിശ്വൻ അങ്കിൾ വരുണിന്റെ അച്ഛനോട് വരുണിന്റെ കാര്യം ചോദിച്ചു...

എന്റെ അച്ഛനും അമ്മക്കും അത് സമ്മതം...

എന്റെ പ്രാർത്ഥന വിഫലമാക്കിക്കൊണ്ട് വരുണിനും സമ്മതം...

അങ്ങനെ നമ്മുടെ വിവാഹം നടന്നു...

തന്നോട് അപ്പോൾ എനിക്ക് തീർത്താൽ തീരാത്ത ദേഷ്യമാണ് തോന്നിയത്...

അത് കൊണ്ടാണ് അന്ന് രാത്രി മോശമായി പെരുമാറിയത്...

അതിന് ശേഷം ഞാൻ അജിത്തിനോട് സംസാരിക്കാൻ നിന്നില്ല...

അവൻ വിളിച്ചപ്പോൾ പിരിയാം എന്ന അർത്ഥത്തിൽ തന്നെ ഞാൻ പറഞ്ഞു...

പതിയെ പതിയെ എങ്ങനെ എങ്കിലും സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ തന്നെ ഞാൻ തീരുമാനിച്ചു...

വരുണിനെ നേരെ ആക്കി എടുക്കണം എന്ന്, ഞാൻ വന്ന് കയറിയ അന്ന് തന്നെ വരുണിന്റെ അച്ഛനും അമ്മയും എന്നോട് പറഞ്ഞിരുന്നു...

അത് മാനിച്ചു ഞാൻ എന്നാൽ കഴിയും വിധം ചെയ്തു... അതിൽ വിജയിക്കുകയും ചെയ്തു...

പക്ഷെ തന്റെ എക്സാം കഴിഞ്ഞ സമയമാണ് എനിക്ക് ഒരു കാൾ വന്നത്...

ഞങ്ങളുടെ കൂടെ പഠിച്ച ഒരു പയ്യൻ... മലയാളി അല്ല...

ആ കാൾ എന്നെ ആകെ ധർമ്മ സങ്കടത്തിൽ ആക്കി...

എന്നെ കിട്ടാത്ത വിഷമത്തിൽ അജിത് ആകെ മാനസികമായി തകർന്നു... മദ്യപാനത്തിൽ അഭയം പ്രാപിച്ച് ഡിപ്രെഷനിലായി... അവന്റെ ബിസിനസ് വളർന്നു വന്നതും തകർന്നു... എന്നെ വിളിച്ചിട്ട് ഞാൻ കാൾ അറ്റൻഡ് ചെയ്തിരുന്നില്ല... എല്ലാം കൂടി ആയി അവൻ ആത്മഹത്യക്ക് ശ്രമിച്ചു എന്ന്...

അതും കൂടി കേട്ട് ഞാൻ ആകെ തകർന്നു പോയി വരുൺ...

ആകെ ധർമ്മ സങ്കടത്തിൽ പെട്ട ഞാൻ അവനെ വിളിച്ചു...

അപ്പോളും അവൻ ഹോസ്പിറ്റലിൽ ആയിരുന്നു...

എനിക്ക് എന്ത് ചെയ്യണം എന്ന് അറിയില്ല...

വരുണിനെ ചതിക്കാനും വയ്യ... അവനെ ഒഴിവാക്കാനും വയ്യ...

തന്നോട് എല്ലാം തുറന്ന് പറയണം എന്ന് തന്നെ ഞാൻ വിചാരിച്ചിരുന്നു... പക്ഷെ എന്നും പക്വത ഇല്ലാതെ പെരുമാറിയിരുന്ന താൻ എങ്ങനെ അത് സ്വീകരിക്കും എന്ന് എനിക്ക് അറിയില്ലായിരുന്നു...

വരുൺ എന്റെ അച്ഛനോടോ അമ്മയോടോ എടുത്തടിച്ച പോലെ പറഞ്ഞാൽ ഉള്ള ഭവിഷ്യത്ത്...

അത് തന്നോട് പറയുന്നതിൽ നിന്നുമെന്നെ വിലക്കി...

അജിത്തിന്റെ ജീവിതത്തിൽ ഞാൻ വേണം എന്ന ചിന്ത എന്നെ വീണ്ടും അവനിലേക്ക് അടുപ്പിച്ചു...

ഞങ്ങൾ വീണ്ടും വിളിയും സംസാരവും മറ്റും തുടങ്ങി...

പക്ഷെ വരുണിനോട് സത്യം പറയാതെയുള്ള ഒളിച്ചു കളി എന്നെ ആകെ വിഷമിപ്പിച്ചിരുന്നു...

തനിക്ക് ഒരു ജോലി കിട്ടി ഉത്തരവാദിത്തം ആകുമ്പോൾ എല്ലാം തുറന്ന് പറയണം എന്ന് ഞാൻ ഉറപ്പിച്ചിരുന്നു...

സംസാരിക്കണം എന്ന് തീരുമാനിച്ച് ഉറപ്പിച്ച അന്ന് രാത്രിയാണ് വരുണിനെ ഞാൻ ഭർത്താവായി അംഗീരിക്കുമോ എന്ന് ചോദിച്ചത്...

ആ ഒരു നിമിഷം ഞാൻ സർവവും മറന്നു...

പക്ഷെ അടുത്ത നിമിഷം വീണ്ടും എല്ലാം ഓർമ്മയിൽ വന്നപ്പോൾ എനിക്ക് ഭ്രാന്ത് പിടിച്ചത് പോലെയായി...

തന്റെ സ്നേഹം കണ്ടില്ല എന്ന് നടിക്കാൻ വയ്യ... അതെ സമയം ഞാൻ കാരണം ഒരാളുടെ ജീവനും ജീവിതവും അപകടത്തിൽ...

ആ നിമിഷം എനിക്ക് ചെയ്യാൻ തോന്നിയത് തന്നെ എന്നിൽ നിന്ന് അകറ്റുക എന്ന് മാത്രമായിരുന്നു...

താനായി അകന്നാൽ പ്രശ്നമില്ലല്ലോ... അതിനായി താൻ എന്നെ വെറുക്കാൻ, മാക്സിമം വെറുക്കാനായി ഞാൻ എന്തൊക്കെയോ പറഞ്ഞു... ചെയ്തു...

"അതിനാണോടി സാമദ്രോഹി നീ എന്റെ മർമ്മം നോക്കി തന്നത്... വെറുക്കനായി വേറെ എങ്ങും ചവിട്ടാൻ കണ്ടില്ലേ... രണ്ട് ദിവസം നടക്കാൻ വയ്യാരുന്നു എനിക്ക്..."

"സോറി... അത് ഞാൻ മനഃപൂർവം ചെയ്യണം എന്ന് കരുതിയതല്ല... വരുൺ കാലിൽ പിടിച്ചു വലിച്ചെൻ്റെ ബാലൻസ് തെറ്റി വീണപ്പോൾ വെപ്രാളത്തിനു കാല് വലിച്ചു കുടഞ്ഞതാ..."

ഞാൻ വിചാരിച്ചത് പോലെ തന്നെ വരുൺ എന്നെ വെറുത്തു എന്നാണ് ഞാൻ കരുതിയത്...

പക്ഷെ മദ്യപിച്ച് ബോധം ഇല്ലാതെ വന്ന് കിടക്കുന്ന ദിവസങ്ങളിൽ വരുൺ ഒന്നേ പറഞ്ഞിരുന്നുള്ളു...

"എനിക്ക് അനുവിനെ വേണം... അവൾ എന്റെയാ..."

അവിടെ അജിത് ഇവിടെ വരുൺ... രണ്ട് പേരും ഞാൻ കാരണം മദ്യപാനം...

രണ്ട് പേരുടെയും ജീവിതം ഞാൻ കാരണം ഇല്ലാതെയാകുന്നു...

എനിക്ക് എന്ത് വേണം എന്ന് അറിയില്ല...

വരുണിനോട് പറയാനും ആകുന്നില്ല... അവസാനം ഇന്നലെ താൻ അത് മനസ്സിലാക്കി...ഇപ്പോൾ ബാക്കി ഉള്ളതും....

"ഒന്ന് ചോദിച്ചോട്ടെ വരുൺ... താൻ എങ്ങനെ അജിത്തിന്റെ കാര്യമറിഞ്ഞു..."

അവൻ ഉത്തരം ആലോചിച്ചു വെപ്രാളപ്പെടുന്നത് കണ്ടപ്പോളെ കള്ളം പറയാൻ ആണെന്ന് തോന്നി...

"കള്ളം പറയണ്ട വരുൺ... സത്യം പറഞ്ഞോളൂ എങ്ങനെ ആയാലും... എനിക്ക് കുഴപ്പമില്ല... തന്നോട് സത്യം പറയാനായ ആശ്വാസം മാത്രമാണ് ഇപ്പോൾ മനസ്സിൽ..."

"ഞാൻ ഇന്നലെ ഓഫീസിൽ നിന്ന് വന്നപ്പോൾ ഫോൺ സ്ക്രീൻ ഓൺ ആയിരുന്നു... അപ്പോൾ എടുത്ത് നോക്കി..."

"പക്ഷേ....മെസ്സേജ് എല്ലാം ഞാൻ ക്ലിയർ ചെയ്തിരുന്നല്ലോ..."

"ക്ലിയർ ചെയ്ത് ശേഷം ഒന്ന് വന്നിരുന്നു..."

" ലവ് യു ഡിയർ... - എന്ന് പറഞ്ഞ് ഒരു മെസ്സേജ്... "

കുറച്ച് സമയത്തേക്ക് ഞങ്ങൾ രണ്ട് പേരും ഒന്നും മിണ്ടിയില്ല...

അവൻ എന്ത് പറയും എന്ന ടെൻഷനിൽ ആയിരുന്നു ഞാൻ... എന്നാലും സത്യം എല്ലാം തുറന്ന് പറഞ്ഞപ്പോൾ മനസ്സിലെ ഭയങ്കരമായ ഒരു ഭാരം എടുത്ത് മാറ്റിയത് പോലെ...

അല്പം കൂടി കാത്തിരുന്നു ഞാൻ ചോദിച്ചു-

"എന്താ വരുൺ ഒന്നും പറയാത്തത്..."

"ഞാൻ എന്ത് പറയാനാണ്... ഒന്ന് ചോദിച്ചോട്ടേ..."

എന്താണ് എന്ന അർത്ഥത്തിൽ ഞാൻ പുരികം ഉയർത്തി...

"അനു അജിത്തിനെ ഇഷ്ടം ആണെന്നുള്ള കാര്യം എപ്പോളെങ്കിലും അനുവിന്റെ അച്ഛനോടൊ അമ്മയോടോ സംസാരിച്ചിട്ടുണ്ടോ..."

"ഇല്ല..."

പറഞ്ഞ് തീർന്നതും പടക്കം പൊട്ടുന്ന പോലെ ഒരെണ്ണം ചെകിട്ടത്ത് കിട്ടി...

കണ്ണിൽ നിന്നും പൊന്നീച്ച പറന്നു...വായിൽ ചോരയുടെ ചുവ...

ഞാൻ കവിളും പൊത്തിപ്പിടിച്ചു വരുണിനെ നോക്കി...

ഇത്രയും ദേഷ്യത്തിൽ അവനെ ഇതുവരെ ഞാൻ കണ്ടിട്ടില്ല...

"ഡീ നീ എന്തുവാ പൊട്ടിയാണോ... ഇത്രയും വിദ്യാഭ്യാസവും കാര്യ പ്രാപ്തിയുമുള്ള നീ നിന്റെ അച്ഛനോടും അമ്മയോടും ഒന്നും പറഞ്ഞില്ല അല്ലേ..."

അവൻ പറയുന്നത് മറുത്തു ഒരക്ഷരം മിണ്ടാതെ ഞാൻ ശ്രദ്ധിച്ചു കേട്ടു...

"നിന്റെ എന്തേലും ആഗ്രഹത്തിന് ഇന്ന് വരെ അവർ എതിര് നിന്നിട്ടുണ്ടോ..."

"ഇല്ല..."

"എന്നിട്ടാണോടി നീ അവരോടു ഇത് പറയാതെ ഇരുന്നത്... അറിഞ്ഞിരുന്നേൽ അവർ ഒരുപക്ഷെ ആദ്യം എതിർത്താലും നടത്തി തന്നേനെ..."

"വരുൺ... ഞാൻ അവരോടു പലപ്പോഴും പറയാൻ ശ്രമിച്ചു... പക്ഷെ നടന്നില്ല...വരുണിന് അറിയില്ല എന്താ ഞാൻ പറയാതെ ഇരുന്നത് എന്ന്..."

"അതെ... അറിയില്ല... അത് തന്നെ അല്ലേ ഞാൻ ചോദിച്ചേ... നിന്ന് നാടകം കളിക്കാതെ എന്താ എന്ന് പറഞ്ഞു തുലക്കടി..."

"എന്റെ മുകളിൽ എല്ലാവർക്കുമുള്ള അമിതമായ വിശ്വാസം... പ്രതീക്ഷ..."

"കുഞ്ഞുന്നാളിൽ മുതൽ ഞാൻ എല്ലാത്തിലും ഒന്നാമത് ആയിരുന്നു..."

"പഠിത്തത്തിൽ, കലയിൽ, സ്വഭാവത്തിൽ... അങ്ങനെ എല്ലായിടവും..."

"ഞാൻ വളരും തോറും എന്നിലുള്ള എല്ലാവരുടെയും പ്രതീക്ഷ കൂടെയാണ് വളർന്നു വന്നത്..."

"അത് ഒരു തരം ബാധ്യത പോലെയായി... വീട്ടിൽ ബന്ധുക്കളോ സുഹൃത്തുക്കൾ ഒക്കെ വരുമ്പോൾ അച്ഛനും അമ്മയും എന്നെക്കുറിച്ച് അഭിമാനത്തോടെ പറയും..."

"കുടുംബത്തിൽ എല്ലാവരും അവരുടെ മക്കളോട് എന്നെ കണ്ട് പഠിക്കണം എന്ന് പറയും..."

"ഈ കാര്യം പറയാൻ ഞാൻ പല തവണ ശ്രമിച്ചു എങ്കിലും സാധിച്ചില്ല... ലാസ്റ്റിൽ പറയാം എന്ന അവസ്ഥ വന്നപ്പോളാണ് അച്ഛന് അറ്റാക്ക് വന്നത്... "

വരുൺ എല്ലാം കേട്ട് എന്തോ ആലോചനയോടെ നിന്നു... പിന്നെ ചോദിച്ചു...

"ഇനി എന്താ തന്റെ പ്ലാൻ..."

"നമുക്ക് പിരിയാം വരുൺ..."

"അല്ലേലും വിവാഹ ശേഷം വേറെ ഒരാളെ മനസ്സിൽ കൊണ്ട് നടക്കുന്ന നിന്നെ ഇനി ചുമക്കേണ്ട ആവിശ്യം എനിക്കില്ല... പക്ഷെ ഒന്ന് ചോദിച്ചോട്ടെ... ഇപ്പോൾ എന്റെ ജീവിതം തന്നെ തകർന്നില്ലേ... ഇനി നല്ലൊരു പെൺകുട്ടിയെ വിവാഹം ചെയ്യാൻ എനിക്കാകുമോ... നല്ലൊരു ജീവിതം ഉണ്ടാകുമോ..."

"സ്വന്തം മകനായ എന്നെക്കാളും ജീവനായി നിന്നെ സ്നേഹിച്ച എന്റെ അച്ഛനോടും അമ്മയോടും എന്ത് പറയും..."

"നിന്റെ അച്ഛനും അമ്മേക്കും നിന്നിലുള്ള അമിത പ്രതീക്ഷ ഇപ്പോളും ഉണ്ടാവുമല്ലോ... നീ ബന്ധം വേർപെടുത്തി ചെല്ലുമ്പോൾ അവർ അതെങ്ങനെ സ്വീകരിക്കും..."

വരുണിന്റെ ആ മുന്ന് ചോദ്യങ്ങൾ ശരങ്ങൾ പോലെ എന്റെ നെഞ്ചിൽ തന്നെ തറച്ചു കയറി...

എനിക്ക് ഉത്തരമില്ലാത്ത എന്റെ ഉറക്കം കളയുന്ന മൂന്ന് ചോദ്യങ്ങൾ...

"ഞാൻ ചോദിച്ചത് കേട്ടില്ലേ... ഇതിന് നിനക്ക് മറുപടിയില്ലേ അനൂ..."

"ആദ്യത്തെ ചോദ്യം പോട്ടെ... അല്ലേലും എനിക്ക് നിന്നെ വേണ്ട... അത് ഞാൻ പറഞ്ഞ് കഴിഞ്ഞു... നീ എന്നെ എങ്ങനെ കാണുന്നു എന്ന് നിന്റെ പെരുമാറ്റത്തിൽ നിന്നും നീ തെളിയിച്ചിട്ടുമുണ്ട്... നിന്നെ എടുത്ത് തലയിൽ വച്ച ശിക്ഷ ഞാൻ അനുഭവിച്ചല്ലേ പറ്റു... പക്ഷെ രണ്ട് അച്ഛനമ്മമാർ... അവർ ഇത് എങ്ങനെ സ്വീകരിക്കും..."

"വരുൺ... ഇത് ഇങ്ങനെയൊക്കെ ആകും എന്ന് ഞാൻ ഒരിക്കലും കരുതിയില്ല... വിവാഹ ശേഷം ഞാൻ എല്ലാത്തിനോടും പൊരുത്തപ്പെട്ടു വന്നതുമാണ്... പക്ഷെ ഞാൻ കാരണം ഒരാളുടെ ജീവൻ നഷ്ടപെടുക എന്ന് പറയുമ്പോൾ..."

"ആഹാ... ഇപ്പോ ഒരാളുടെ ജീവന് പകരം അഞ്ച് പേരുടെ ജീവൻ നഷ്ടപെട്ടാലോ... ഞാൻ പോയി ആത്മഹത്യ ചെയ്താലോ... മകൻ നഷ്ടമായ വേദനയിൽ എന്റെ അച്ഛനോ അമ്മക്കോ വല്ലോം സംഭവിച്ചാലോ... ഇതൊക്കെ കൊണ്ട് അനുവിന്റെ അച്ഛനും അമ്മയ്ക്കും എന്തെങ്കിലും സംഭവിച്ചാലോ???... ഈ ജീവനുകൾക്ക് വിലയില്ലേ..."

ഞാൻ ഒന്നും മിണ്ടിയില്ല... ഉത്തരമില്ലായിരുന്നു എനിക്ക്...

"പിന്നെ നീ വിഷമിക്കണ്ട... നിന്നെ ഓർത്ത് ദുഃഖിക്കാനും ചാവാനും എന്തായാലും ഞാൻ നിക്കില്ല..."

"വരുൺ... എന്നെ വരുണിന് സഹായിക്കാമോ... ഒരേ ഒരു കാര്യത്തിന്... "

അവൻ എന്നെ എന്താ എന്നുള്ള അർത്ഥത്തിൽ സൂക്ഷിച്ച് നോക്കി... എന്നിട്ട് പറഞ്ഞു-

"എന്റെ പൊന്നു മോളെ നിനക്ക് ചാവാൻ വല്ലോം ഹെല്പ് വേണം എന്നാണേൽ എനിക്ക് വയ്യ... നീ എങ്ങാണം ചത്താൽ നിന്റെ കള്ള കാമുകന് പ്രശ്നം ഒന്നും ഉണ്ടാകില്ല... ഞാൻ മാത്രമേ കുടുങ്ങു... എനിക്ക് പാരവക്കാൻ എന്റെ വീട്ടുകാർ തന്നെ മുന്നിൽ ഉണ്ടാവുകയും ചെയ്യും... അതോണ്ട് ചാവാൻ ആണ് പ്ലാൻ എങ്കിൽ അത് നടക്കില്ല... നിന്റെ ബാധ ഒഴിഞ്ഞാലും എന്റെ ജീവിതം കോഞ്ഞാട്ടയാകുന്നത് നടക്കില്ല...🙏"

അവൻ പറയുന്നത് കേട്ട് ഞാൻ ആകെ ചൂളിപ്പോയിരുന്നു...

"അതല്ല വരുൺ..."

അവൻ വീണ്ടും എന്നെ എന്താ എന്ന അർത്ഥത്തിൽ സൂക്ഷിച്ചു നോക്കി...

" വരുൺ ചോദിച്ച മൂന്ന് ചോദ്യങ്ങളില്ലേ... അതിലെ മൂന്നാമത്തെ ചോദ്യം... എന്റെ വീട്ടുകാരുടെ അടുത്ത് നമ്മൾ പിരിയുന്നത് ബോധ്യപ്പെടുത്താൻ... "

"നിന്നെ ഞാൻ എന്തിന് ഹെല്പ് ചെയ്യണം... അതിരിക്കട്ടെ എന്താ നിന്റെ പ്ലാൻ..."

"മൂന്നാമത്തെ കാര്യത്തിൽ ഹെല്പ് ചെയ്താൽ ആദ്യത്തെ കാര്യത്തിൽ വരുണിനെ ഞാൻ ഹെല്പ് ചെയ്യാം... ആ രണ്ടും സോൾവ് ആയാൽ രണ്ടാമത്തേതും സോൾവ് ആകും..."

അവൻ സംശയത്തോടെ എന്നെ നോക്കി...

"അതെ... വരുണിന് നല്ലൊരു ജീവിതം ഉണ്ടാകുന്നത്... അതിന് തന്നെ ഞാൻ ഹെല്പ് ചെയ്യാം..."

"എന്താ നീ ഉദ്ദേശിക്കുന്നത്..."

ഞാൻ അവനോടു എന്റെ മനസ്സിൽ തോന്നിയ പദ്ധതി പറഞ്ഞു...

"കൊള്ളാം മോളെ... നല്ല ഐഡിയ... പക്ഷെ ചെറിയ ഒരു കുഴപ്പമുണ്ട്..."

വരുൺ പറഞ്ഞത് കേട്ട് എന്താ എന്ന അർത്ഥത്തിൽ ശ്രദ്ധയോടെ ഞാൻ അവനെ നോക്കി...

"എനിക്ക് തലക്ക് ഓളമില്ല... ഒരു പക്ഷെ ഇത് നിന്റെ തന്തയോടു പറഞ്ഞാൽ അങ്ങേര് സമ്മതിക്കുമാരിക്കും..."

ഞാൻ മൊത്തത്തിൽ ഒന്ന് ചൂളി... എല്ലാം എന്റെ കുഴപ്പം കൊണ്ട് തന്നെയാണ്... എനിക്ക് വേണ്ടി അവന് ഒന്നും ചെയ്യണ്ട കാര്യമില്ല... ആത്മാഭിമാനമുള്ള ആരായാലും ഇതേ മറുപടിയെ എനിക്ക് ലഭിക്കു...

"നിന്റെ വീട്ടുകാരുടെ മുന്നിൽ നിന്നെ പുണ്യവതി ആക്കിയാൽ എനിക്ക് വേറെ പെണ്ണിനെ ഒപ്പിച് തരുമെന്ന് അല്ലേ... അതിരിക്കട്ടെ എന്ന് തുടങ്ങി മോൾ ഈ മാമാ പണിയൊക്കെ..."

"എവിടുന്നു കിട്ടുന്നു നിനക്ക് ഈ ഐഡിയയൊക്കെ... ഇത്രയും തഴം താഴ്ന്ന് ചിന്തിക്കാൻ തുടങ്ങിയോ അനു നീ..."

"ഇതിന്റെ പകുതി ബുദ്ധി നീ വേണ്ട സമയത്ത് വേണ്ട പോലെ പ്രയോഗിച്ചിരുന്നു എങ്കിൽ ഇന്ന് നീ എന്റെ പിടലിക്ക് ഇരിക്കില്ലായിരുന്നു..."

"വരുൺ... അത് പിന്നെ... അങ്ങനെയല്ല... ഞാൻ കാരണം വരുണിന്റ ജീവിതം കൂടെ ഇല്ലാതെ ആകുമോ എന്ന് പേടിച്ച്... "

"ആഹാ... എന്താ കെയർ... അതിരിക്കട്ടെ... ഇങ്ങനെ ഒക്കെ തട്ടി വിടാൻ കാര്യങ്ങൾ എല്ലാം മനസ്സിലാക്കി എന്നെ അക്സെപ്റ്റ് ചെയ്യാൻ നിനക്ക് പരിചയമുള്ള പെണ്ണുങ്ങൾ ആരേലുമുണ്ടോ..."

"ഇല്ല..."

"നിന്റെ പറച്ചിൽ കേട്ടാൽ ഒരു പത്തെണ്ണം എങ്കിലും സ്റ്റോക്ക് ഉണ്ടെന്ന് തോന്നുമല്ലോ... നിന്നെ തന്നെ കെട്ടിയ കേട് തീർന്നിട്ടില്ല...അപ്പോ പിന്നെ നീ കണ്ട് പിടിച്ചോണ്ട് വരുന്നതിനെ കൂടി ഇനി തലയിൽ എടുത്ത് വെക്കാത്തതിന്റെ കുഴപ്പം കൂടിയേ എനിക്കുള്ളു... ഒന്ന് പോയേടി..."

എനിക്ക് വേറെ നിവർത്തിയില്ല... അവന്റെ കാല് പിടിച്ചു ആയാലും സമ്മതിപ്പിച്ചേ പറ്റു... ഇല്ലെങ്കിൽ ഒരു പക്ഷെ സത്യം എല്ലാവരും അറിഞ്ഞാൽ ഞാൻ ഒറ്റപ്പെട്ടു പോകും... ഒരു പക്ഷെ എന്റെ അച്ഛനെ തന്നെ എനിക്ക് നഷ്ടം ആകും...

"വരുൺ... പ്ലീസ്... പ്ലീസ് ഹെല്പ് മി... എനിക്ക് വേറെ അഫ്‌ഫയർ ഉള്ളത് കൊണ്ടാണ് നമ്മൾ പിരിയുന്നത് എന്നറിഞ്ഞാൽ ഒരു പക്ഷെ എന്റെ അച്ഛൻ..." ഞാൻ കരച്ചിലിന്റെ വാക്കോളമെത്തി, വിതുമ്പി തുടങ്ങി...

"പൂങ്കണ്ണീർ ഒഴുക്കി ടൈം കളയണ്ട... പറ്റില്ല എന്ന് പറഞ്ഞാൽ പറ്റില്ല... സത്യം എല്ലാവരും അറിയട്ടെ അനു... കുറച്ച് നാൾ എതിർപ്പൊക്കെ ഉണ്ടാകും... നിനക്ക് ഇഷ്ടപെട്ട ആളിന്റെ കൂടെ ജീവിക്കാനുള്ള പ്രാപ്തിയുണ്ട്... കുറച്ച് നാൾ കഴിഞ്ഞ് എല്ലാവരും എല്ലാം മറക്കും... എല്ലാവരും നിന്നെയും അവനെയും ആക്സപ്റ്റ് ചെയ്യും... നിങ്ങൾക്ക് സുഖമായി ജീവിക്കാം... പക്ഷെ അപ്പോളും എന്റെ കാര്യം ആലോചിച്ചെ... "

ഞാൻ ഒന്നും മിണ്ടിയില്ല... കണ്ണുനീർ ഇടതടവില്ലാതെ ഒഴുകിത്തുടങ്ങി...

"വരുൺ... അങ്ങനെ ആണെങ്കിൽ ആരും ഒന്നും അറിയണ്ട... ഞാൻ വരുണിന്റെ ഒപ്പം ജീവിച്ച് കൊള്ളാം..."

"അയ്യടി മോളെ... എന്നിട്ട് വേണം നാളെ മുതൽ നീ ഓരോന്ന് ഓർത്ത് പ്രതിക്കാരം ചെയ്ത് എന്നെ പെട്ടിയിലാക്കാൻ... വേല മനസ്സിൽ ഇരിക്കട്ടെ... മാത്രമല്ല ഇനി എന്ത് തന്നെ ആയാലും നിന്നെ എനിക്ക് വേണ്ട... അത്രക്ക് നിന്നെ ഞാൻ സ്നേഹിച്ചിട്ടുണ്ട്... വിവാഹത്തിന് മുൻപ് എന്ത് തന്നെ ആയാലും കുഴപ്പമില്ലായിരുന്നു... ഞാൻ സഹിച്ചേനേ, പൊറുത്തേനേ...പക്ഷെ വിവാഹ ശേഷം ഒരാളിന്റെ താലി കഴുത്തിലിട്ട് മറ്റൊരാളെ മനസ്സിൽ കൊണ്ട് നടക്കുന്നവളെ എനിക്ക് വേണ്ട..."

"വരുൺ... ഞാൻ കാല് പിടിക്കാം തന്റെ..."

ഞാൻ അവന്റെ കാല് പിടിക്കാനായി മുന്നോട്ടാഞ്ഞു... പക്ഷെ അവൻ പെട്ടന്ന് വേച്ചു പിന്നിലേക്ക് മാറി...

"നീ എന്താ ഈ കാണിക്കുന്നത്..."

"ഞാൻ നിന്റെ കാല് പിടിക്കാം വരുൺ... നീ എല്ലാം അച്ഛനോട് പറഞ്ഞാൽ ഒരുപക്ഷെ പിന്നെ അദ്ദേഹം ജീവനോടെ ഉണ്ടാവില്ല... അച്ഛന് വല്ലോം സംഭവിച്ചാൽ ഞാനും ജീവനോടെ ഉണ്ടാവില്ല..."

ഞാൻ മുട്ടിൽ നിലത്തിരുന്ന് മുഖം പൊത്തി കരയാൻ തുടങ്ങി...

"ഡീ... നീ ഇവിടെ ഇങ്ങനെ ഇരുന്ന് കരയുന്നത് ആരേലും ശ്രദ്ധിച്ചാൽ അടുത്ത പണിയാകും..."

പക്ഷെ നിർത്താനാവുന്ന ഒരു അവസ്ഥ ആയിരുന്നില്ല എന്റേത്... ചെകുത്താനും കടലിനുമിടയിൽ പെട്ടു പോയത് പോലെ...

എന്റെ കരച്ചിൽ കണ്ടോ മറ്റോ കുറച്ച് സമയം കഴിഞ്ഞ് അവൻ പറഞ്ഞു-

"നീ കരച്ചിൽ നിർത്ത് അനു... ഞാൻ ഒന്ന് ആലോചിക്കട്ടെ... എന്നിട്ട് പറയാം... "

ഞാൻ പ്രതീക്ഷയോടെ മുഖം ഉയർത്തി വരുണിനെ നോക്കി...

അവന്റെ മുഖത്ത് ഭാവ വ്യത്യാസങ്ങൾ ഒന്നുമില്ല...

"ഇപ്പോൾ എന്തായാലും അനു എഴുന്നേൽക്ക്... നമുക്ക് വീട്ടിലേക്ക് പോകാം..." അത് പറഞ്ഞ് ഒരു മിനിറ്റ് അവൻ എന്നെ ഒന്ന് നോക്കികൊണ്ട് ശങ്കിച്ചു നിന്നു...

കാര്യം മനസ്സിലാവാതെ എന്താ എന്ന് ഞാൻ ചോദിച്ചപ്പോൾ വരുൺ എന്റെ മുഖത്തേക്ക് വിരൽ ചൂണ്ടി...

ഞാൻ പതിയെ കൈ കവിളിലേക്ക് കൊണ്ട് പോയി...

തിണിർത്തു കിടക്കുന്നുണ്ട്... അഞ്ച് വിരലിന്റെ പാടും... അടി കൊണ്ട് കഴിഞ്ഞ് ചെവിയിൽ കുറെ നേരം ഒരു മൂളൽ പോലെ ആയിരുന്നു...

ഇതും കൊണ്ട് വീട്ടിൽ ചെന്ന് കയറിയാൽ അമ്മയുടെ കയ്യിൽ നിന്ന് വരുണിന് വല്ലതും കിട്ടും...

അവന്റെ മൂടിന് വേണേൽ അവൻ ഉള്ള സത്യം വിളിച്ചു പറഞ്ഞാൽ ഞാൻ തന്നെ ആകും കുടുങ്ങുന്നത്...

"ഈ അവസ്ഥയിൽ വീട്ടിലേക് ചെന്നാൽ ശരിയാകില്ല വരുൺ..."

"പിന്നെ നീ എവിടെ പോകും..."

"എന്റെ ഒരു കൂട്ടുകാരിയുണ്ട്... അന്ന് നീ പരിചയപ്പെട്ടിട്ടുണ്ട്... ഷാന... അവൾ ഒറ്റക്കാണ് താമസം ഇന്ന് അവിടേക്ക് പോകാം... "

"ശരി... പക്ഷെ അവളും കാണുമ്പോൾ മുഖത്ത് എന്ത് പറ്റിയതാ എന്ന് ചോദിച്ചാൽ എന്ത് പറയും..."

"അവൾ എന്റെ അടുത്ത സുഹൃത്താണ്... പക്ഷെ ഞാൻ എല്ലാം പറഞ്ഞിട്ടില്ല അവളോട്... അവളോട് കാര്യങ്ങൾ പറയാം..."

"മ്ഹ്... നീ ഇല്ലാതെ വീട്ടിൽ ചെല്ലുമ്പോൾ അമ്മ തിരക്കില്ലേ..."

"അത് ഞാൻ അമ്മയെ വിളിച്ചു പറയാം... കൂട്ടുകാരിക്ക് സുഖമില്ല... അവൾ ഒറ്റക്കാണ് ... സഹായത്തിനു ഇന്ന് അവളുടെ കൂടെ നില്കുന്നു എന്ന്..."

"നീ ഫുൾ ഉടായിപ്പാണല്ലോടി... സെക്കന്റുകൾ കൊണ്ടല്ലേ ഓരോന്ന് അടിച്ചിറക്കുന്നത്..."

വരുൺ അത് പറഞ്ഞപ്പോൾ എനിക്ക് എന്നോട് തന്നെ പുച്ഛവും സഹതാപവും തോന്നി...

ഒരിക്കൽ ഒരു കള്ളം കാണിച്ചാൽ പിന്നെ പിടിച്ചു നിൽക്കാൻ കള്ളത്തിന് പുറത്ത് കള്ളം... ഒപ്പം ആത്മാഭിമാനം, മനസമാധാനം എല്ലാം ഇല്ലാതയുമാകും...

"നമുക്ക് പോകാം..."

ഞാൻ ഒന്നും മിണ്ടാതെ വരുണിന് ഒപ്പം നടന്നു...

ദുപ്പട്ട തലയിലൂടെ തട്ടം പോലെയിട്ടു, ആരും മുഖം കാണാതെയിരിക്കാനായി...

വരുൺ വണ്ടി ഷാന താമസിക്കുന്ന വില്ലയില്ലേക്ക് ഓടിച്ചു...

കുറച്ച് സമയം കൊണ്ട് തന്നെ ഞങ്ങൾ അവിടെയെത്തി...

എന്നെ അവിടെ ഇറക്കി വരുൺ വീട്ടിലേക്ക് പോയി...

പുറത്ത് വണ്ടി വന്ന് നിൽക്കുന്ന ശബ്ദം കേട്ട് ഷാന പുറത്തേക്ക് വന്നിരുന്നു...

ഞാൻ ആണെന്ന് കണ്ട് അവൾ ഗേറ്റ് തുറന്ന് എന്നെ അകത്തേക്ക് കൂട്ടിക്കൊണ്ട് പോയി...

"അനു, നീ എന്താടി ഈ സമയം... ഒന്നും പറയാതെ... ആരാ കൂടെ വന്നത്... ഹസ്ബൻഡ് ആണോ...ഇതെന്താ നീ തട്ടമൊക്കെ ഇട്ട്..."

അകത്തേക്ക് കയറിയ ഉടനെ കുറെ ചോദ്യങ്ങൾ അവൾ ഒറ്റ ശ്വാസത്തിൽ ചോദിച്ചു...

അവളുടെ ചോദ്യം കേട്ട് ഞാൻ ചിരിച്ചു കൊണ്ട് ദുപ്പട്ട തലയിൽ നിന്ന് മാറ്റി...

"അള്ളോ... ഇതെന്താടി മുഖത്ത്... ആരാ നിന്നെ അടിച്ചത്..."

എല്ലാം ഞാൻ പറയാം... നിന്നോട് എങ്കിലും എല്ലാം പറയണം... എനിക്കാകെ വട്ട് പിടിക്കുന്നു...

"നീ ഇരിക്ക്... ഞാൻ കുടിക്കാൻ എന്തേലും എടുക്കാം... സമാധാനമായി എല്ലാം പറ..."

"മ്മ്... എന്റെ സമാധാനമൊക്കെ എന്നെ പോയെടി..."

"അനു... ഇത് നീ തന്നെ ആണോ... ആന കുത്താൻ വന്നാലും നേരിടാൻ നിൽക്കുന്ന നീ ഇങ്ങനെ ഡെസ്പ് ആകുന്നത് എനിക്ക് വിശ്വസിക്കാൻ വയ്യ..."

ഞാൻ അവളെ നോക്കി ക്ഷീണിച്ച ഒരു പുഞ്ചിരി സമ്മാനിച്ചു...

അവൾ വേഗം പോയി കുടിക്കാൻ ജ്യൂസുമായി വന്നു...

ഞാൻ അവളോട് എല്ലാം പറഞ്ഞ് തുടങ്ങി...

കോളേജ് കാലഘട്ടത്തിൽ നടന്നത് മുതൽ ഇന്ന് നടന്നത് വരെയുള്ള സംഭവങ്ങൾ...

എല്ലാം കേട്ട് ഷാനയും ഞെട്ടി...

"എന്റെ അനു... നീ ഇത് എന്തൊക്കെയാ പറയുന്നത്... ദൈവത്തിന് പോലും നീയും അജിത്തും ഒന്നാവാണത് ഇഷ്ടമായി കാണില്ല... വരുൺ നിന്നെ വിവാഹം ചെയ്ത സ്ഥിതിക്ക് എല്ലാം മറന്ന് നീ അവനോടൊപ്പം ജീവിക്കണമായിരുന്നു..."

"ഞാൻ അതിന് തന്നെ അല്ലേടി ശ്രമിച്ചത്... പക്ഷെ അപ്പോൾ അല്ലേ... ഞാൻ കാരണം... അജിത്..."

"നിനക്കും നിന്റെ അജിത്തിനും ഒന്നിച്ചു ജീവിക്കണം എങ്കിൽ വീട്ടുകാരോട് പറഞ്ഞിട്ടു ആകാമായിരുന്നു... അവർ സമ്മതിച്ചില്ല എങ്കിൽ പോലും നിനക്ക് ഇഷ്ടം ഉള്ള ആളിന്റ ഒപ്പം ജീവിക്കാമായിരുന്നു... അങ്ങനെ ചെയ്താലും നിന്റെ ഭാഗത്ത് ആയിരുന്നേനെ ശരി."

"പക്ഷെ ഇതിപ്പോ വരുൺ എന്ത് തെറ്റ് ചെയ്തു... എന്നിട്ടും നീ അവനെ എത്രത്തോളം ഉപദ്രവിച്ചു... രണ്ട് വീട്ടുകാരെയും അവനെയും നീ ചതിച്ചു..."

"നീയും കൂടി എന്നെ കുറ്റപ്പെടുത്തല്ലെടി..."

"നീ കരയാതെ... അത് കൊണ്ട് എന്താ കാര്യം... എല്ലാം മറന്ന് നിനക്ക് വരുണിന്റെ കൂടെ തന്നെ ജീവിച്ചു കൂടെ... അജിത് ഇനി ആത്മഹത്യക്ക് ശ്രമിക്കും എന്ന് എനിക്ക് തോന്നുന്നില്ല..."

"വരുണിന് ഇനി എന്നെ വേണ്ട എന്ന് പറഞ്ഞു..."

"മ്മ്... അവന്റെ സ്ഥാനത്ത് ആരായാലും അങ്ങനെ അല്ലേ പറയു... അന്ന് പാർട്ടിയുടെ ദിവസം, അവൻ നിന്നെ നോക്കുന്ന രീതിയും മറ്റും കണ്ടപ്പോൾ തന്നെ നിന്നെ എത്ര മാത്രം അവൻ സ്നേഹിക്കുന്നു എന്ന് എനിക്ക് മനസ്സിലായതാണ്... ഇതാണ് മോളെ പ്രശ്നം... നമ്മൾ ഒരാളെ ഒരുപാട് സ്നേഹിച്ച് അവരിൽ നിന്നും ചതി നേരിട്ടാൽ പിന്നെ ഒരിക്കലും ആ സ്നേഹം ഉണ്ടാകില്ല..."

ഷാനയുടെ വാക്കുകൾ മുള്ള് പോലെ എന്റെ ഹൃദയത്തിൽ തറഞ്ഞു കയറി...

"വരുൺ മാത്രമല്ല... ഇതൊക്കെ അറിഞ്ഞാൽ നിന്റെ വീട്ടുകാരും നിന്നെ തള്ളിപ്പറയും എന്ന് ഒരു സംശയവും വേണ്ട..."

ഞാൻ തല കുനിച്ചു ഇരുന്നു...

"അതിരിക്കട്ടെ... എന്താ ഇനി നീ ചെയ്യാൻ പോകുന്നത്..."

"വരുണും ഞാനും പിരിയാൻ തീരുമാനിച്ചു..."

"പക്ഷെ ഇത് നിങ്ങളുടെ വീട്ടുകാർ എങ്ങനെ സ്വീകരിക്കും..."

"അതിന് വരുണിന്റെ സഹായം വേണം... അജിത്തിന്റെ കാര്യങ്ങൾ അറിയിക്കാതെ ഒത്തു പോകാൻ ആവാത്തത് കൊണ്ട് പിരിയുന്നു എന്ന് പറയാം..."

"ഡീ... അതിന് കാരണങ്ങൾ എന്താ എന്നുള്ള ചോദ്യം വരില്ലേ..."

"അത് അവനും കൂടി ആലോചിച്ച് തീരുമാനിക്കാം "

"ആഹ് ബെസ്റ്റ്...അവൻ ആദ്യം നിന്നെ ഹെല്പ് ചെയ്യാം എന്ന് സമ്മതിക്കുമോ എന്ന് ഉറപ്പാക്ക്... എന്നിട്ട് അല്ലേ ബാക്കി..."

"അവൻ സമ്മതിച്ചില്ല എങ്കിൽ എനിക്കറിയില്ലടി എന്ത് ചെയ്യുമെന്ന്..."

"നീ പോയ ശേഷം അവന്റെ ജീവിതം ആലോചിച്ചിട്ടുണ്ടോ... നിനക്ക് വേണ്ടി അജിത് ഉണ്ട്... എല്ലാം മറന്ന് നാളെ നിങ്ങൾ ഒരു ജീവിതം തുടങ്ങും..."

"പക്ഷെ രണ്ടാം കെട്ട് കാരനായ വരുണിന് പിന്നെ നല്ലൊരു ആലോചന വരുമോ... പിന്നെ നാട്ടുകാരുടെയും ബന്ധുക്കളുടെയും മുന്നിലുള്ള നാണക്കേടും കുറ്റപ്പെടുത്തലും വേറെ..."

"ശരിക്കും ചെയ്യാത്ത തെറ്റിന് അവനെ നീ ഒരുപാട് ഉപദ്രവിച്ചു... ഞാൻ ഒന്നേ പറയുന്നുള്ളു... അവൻ നിന്നെ സഹായിച്ചാൽ അത് അവന്റെ വെറും ഔദാര്യം മാത്രമാണ്... നീ അത് അർഹിച്ചിട്ടല്ല..."

ഷാന പറയുന്നത് കേട്ട് മിണ്ടാതെ തലകുനിച്ചു മുഖം പൊത്തി ഇരിക്കാൻ മാത്രമേ എനിക്ക് ചെയ്യാൻ ഉണ്ടായിരുന്നുള്ളു...

*************

ഇവിടെ മുതൽ വരുണിന്റെ പോയിന്റ് ഓഫ് വ്യൂവിൽ ആണ് കഥ നീങ്ങുന്നത് -

അനുവിനെ ഷാനയുടെ അടുത്താക്കി ഞാൻ വീട്ടിലേക്ക് തിരിച്ചു...

മനസ്സ് മരവിച്ച അവസ്ഥയിൽ നിന്നും മാറി... അനുവിനോട് ഒരുപാട് വെറുപ്പ് തോന്നുന്നു...

അവൾ പറഞ്ഞ ന്യായങ്ങൾ ഒന്നും എനിക്ക് സ്വീകര്യമായി തോന്നിയില്ല... പച്ചക്ക് പറഞ്ഞാൽ ഇതിൽ പരം ഒരു ചതിയില്ല...

എല്ലാവരെയും അവൾ ചതിച്ചു... എന്നെയും അച്ഛനെയും അമ്മയെയും എല്ലാവരെയും...

അച്ഛനും അമ്മക്കും അതാവശ്യമാണ്... എങ്കിലും...

വീട്ടിൽ ചെന്ന് കയറിയപ്പോൾ ആദ്യം കേട്ടത് അനു മോൾ എവിടെയാ എന്ന്...

പൂതന ചത്തു എന്നാ നാക്കിൽ ആദ്യം വന്നത്... എങ്ങനെയോ നിയന്ത്രിച്ചു കൂട്ടുകാരിക്ക് സുഖം ഇല്ലാത്തത് കൊണ്ട് ഇന്ന് അവളുടെ ഒപ്പം ആണെന്ന് പറഞ്ഞു...

"നീ എന്താടാ രണ്ട് ദിവസം ആയി ഒരുമാതിരി വെട്ട് പോത്ത് പോലെ... എന്ത് പറഞ്ഞാലും കടിച്ചു കീറാൻ വരുന്നത് പോലെയാണല്ലോ സംസാരം..."

"ഒന്നുമില്ല അമ്മേ..." ഞാൻ ഒരു ഫേക്ക് പുഞ്ചിരി മുഖത്ത് ഫിറ്റ് ചെയ്ത് പറഞ്ഞു കൊണ്ട് അകത്തേക്ക് കയറി...

"ആഹ്... ഞാൻ ശ്രദ്ധിക്കുന്നുണ്ട്... "

ഞാൻ അകത്തേക്ക് കയറി ഒരു കുളി പാസ്സ് ആക്കി... കുളി ശരീരം മാത്രമല്ലല്ലോ, മനസ്സും കൂടി അല്ലേ തണുപ്പിക്കുന്നത്...

ഫോൺ തുറന്ന് നോക്കി...

വാട്സാപ്പിൽ മെസ്സജ് വന്നിട്ടുണ്ട്... തുറന്ന് നോക്കിയപ്പോൾ പൂതന...

തണുത്ത മനസ്സ് വീണ്ടും ചൂടാവാൻ അത് മതിയല്ലോ...

തുറന്ന് നോക്കി -

"വരുൺ... പ്ലീസ്..."

ഇത്ര മാത്രം... "അവളുടെ അമ്മേടെ നായരുടെ ഒരു പ്ലീസ്... ഇവൾ ഞാൻ വെറും ഒരു മൃഗം ആണെന്നുള്ള രീതിയിലായിരുന്നു ഇതുവരെയുള്ള സംസാരം... എന്നിട്ടിപ്പോൾ പുണ്യാളത്തിയുടെ മുഖം മൂടി താഴെ വീണപ്പോൾ അവളുടെ പ്ലീസ്സും കൊണ്ട് വന്നേക്കുവാ..."

ഞാൻ ഫോൺ എടുത്ത് ബെഡിലേക്ക് ഒരു ഏറു കൊടുത്തു...

ഞാൻ ബെഡിലേക് കിടന്നു... കണ്ണടച്ചു കൈ തണ്ട കൊണ്ട് കണ്ണു മറച്ചു കിടന്ന് ആലോചിച്ചു...

"നാശം പിടിച്ചവളെ സഹായിക്കണം പോലും... തന്തേം തള്ളേം വിളിച്ചു ഒള്ളത് മുഴുവൻ പറഞ്ഞണ്

സഹായിച്ചാലോ..."

"അല്ലേ വേണ്ട ... അങ്ങേരു അത് കെട്ട് കാഞ്ഞു പോയാൽ പൂതന കെട്ടിതൂങ്ങും എന്നാ പറഞ്ഞത്..."

"അവൾ എങ്ങാണം തൂങ്ങിയാൽ ഞാൻ ഉണ്ട തിന്നണ്ട വരും..."

"എന്നാലും... സഹായിക്കാണോ വേണ്ടയോ..."

"ഉള്ളത് പറഞ്ഞു ഇവളെ ഒഴിവാക്കിയാൽ വേണേ നാട്ടുകാര് നാറികൾ എനിക്ക് കഴിവില്ലാത്തോണ്ട് അവൾ വേറെ ഒരുത്തന്റെ കൂടെ പോയി എന്നെ അടിച്ചു വിടു... "

"അതെന്റെ ഭാവിക്കും ദോഷമാണ്... എങ്കിലും..."

"അവളുടെ അച്ഛനും അമ്മയും എന്ത് തെറ്റ് ചെയ്തു... "

മനസ്സ് ചാഞ്ചാടിക്കൊണ്ടിരുന്നു... അവസാനം പൂതനയെ സഹായിക്കാം എന്നാ തീരുമാനത്തിൽ ഞാൻ എത്തി ചേർന്നു...

**********

മെസ്സേജ് അയച്ച് പറഞ്ഞത് അനുസരിച്ചു പിറ്റേന്ന് ഓഫീസ് കഴിഞ്ഞു അവളെയും കാത്ത് ബീച്ചിനോട് ചേർന്നുള്ള ഐസ് ക്രീം പാർലറിൽ ഞാൻ കാത്ത് നിന്നു...

സന്ധ്യ സമയവും മഴക്കുള്ള കോളും ഉള്ളത് കൊണ്ട് നേരത്തെ തന്നെ ലേശം ഇരുട്ട് വീണിരുന്നു...

ഏകദേശം പത്ത് പതിനഞ്ചു മിനിറ്റ് കാത്ത് നിന്ന് കഴിഞ്ഞപ്പോൾ അനുവും ഷാനയും കൂടി ഒരു മഞ്ഞ കാറിൽ വന്നിറങ്ങി...

മഞ്ഞ കാറിൽ മഞ്ഞ ചുരിദാറും മഞ്ഞ തട്ടവുമിട്ട് ശിവഗിരി തീർത്ഥാടനം അനുസ്മരിപ്പിക്കും വിധമാണ് ഷാനയുടെ വരവ്...

കൂടാതെ ഇരുട്ടാ എന്ന് പോലും ഓർക്കാതെ മുഖത്തേക്കാളും വല്യ ഒരു മഞ്ഞ ഷെഡ് ഉള്ള കൂളിംഗ് ഗ്ലാസും വച്ചിട്ടുണ്ട്...

ഷോ ഇറക്കാൻ ഇരുട്ടത്ത് കൂളിംഗ് ഗ്ലാസ് വച്ചിരുന്നത് കൊണ്ട് കണ്ണ് കാണുന്നില്ല എന്ന് തോന്നുന്നു...

ഇടക്ക് ഒന്ന് രണ്ട് തവണ വീഴാൻ ഒക്കെ പോയി... അപ്പോൾ അനു പിടിച്ചത് കൊണ്ട് വീണു നാണംകെട്ടില്ല...

എങ്കിലും ഇപ്പോ വീഴും എന്ന പോലെയുള്ള നടപ്പ് കണ്ടു ഞാൻ അവളുടെ കാലിലേക്ക് നോക്കി... പൂഴി മണ്ണിൽ ഹൈ ഹീൽസ് ഇട്ടാണ് ആശാട്ടിയുടെ വരവ്...

അവള്ടെ വരവ് കണ്ടപ്പോളെ കലിപ്പിട്ടിരുന്ന എനിക്ക് ചിരി വെട്ടി...

"വട്ട് താത്താ...

ഇടിവെട്ട് താത്താ...

തത്തോപുത്തോ നടക്കും താത്താ..."

എന്ന് മനസ്സിൽ ബിജിഎം ഇട്ടു താത്തയുടെ നടപ്പും ഘോഷ്ടികളും ഞാൻ നോക്കിയിരുന്നു...

"പൂതന എന്തിനാണാവോ ഈ ലൂസിനെ കൂടി കൊണ്ടുവരുന്നത്... ആ എന്തായാലും ഒരു എന്ററർടൈൻമെന്റ് ആയി..."

എനിക്കാണേൽ ആ ജാട എല്ലാം കൂടെ കണ്ടപ്പോൾ മറ്റേ പാർട്ടിക്ക് പോയപ്പോൾ കോഴിക്കാൽ തെറിച്ച് അവളുടെ പ്ലേറ്റിൽ വീണ സംഭവം ആണ് ഓർമ വന്നത്...

"പണ്ടാരം മനുഷ്യനെ ചിരിപ്പിച്ചു സമ്മതിപ്പിക്കാൻ ആകും ഇവളേം കെട്ടിയെടുത്തോണ്ട് പൂതനയുടെ വരവ്..."

ഞാൻ നൈസ് ആയി തിരിഞ്ഞ് നിന്ന് കുറച്ച് നേരം ചിരിച്ച് വീണ്ടും കലിപ്പ് മോഡ് ഇട്ട് നിന്നു...

അവർ ഞാൻ ഇരുന്ന ഇടത്തേക്ക് വന്ന് എനിക്ക് എതിരായി കസേര നീക്കി ഇട്ട് ഇരുന്നു...

കുറച്ച് നേരം ആരും ഒന്നും മിണ്ടിയില്ല...

"നിങ്ങൾ എന്തോന്നിത് അവാർഡ് പടം കണക്കിനിരിക്കുന്നു... കാര്യങ്ങൾ സംസാരിക്കുന്നില്ലേ..." ഷാന ചോദിച്ചു...

"വരുൺ... അത് പിന്നെ... എന്ത് തീരുമാനിച്ചു..."

"എനിക്ക് ഒരു വ്യക്തമായ തീരുമാനത്തിൽ എത്താൻ ആയിട്ടില്ല... നഷ്ടം എനിക്ക് മാത്രം... എല്ലാം സഹിച്ചു മഹാമനസ്കത കാണിക്കാൻ ഒന്നും എനിക്ക് തോന്നുന്നില്ല..."

"വരുണേ... നീ പറഞ്ഞത് ശരിയാണ്... ഇതൊന്നും നടന്നിട്ടില്ല എന്ന് വിചാരിച്ച് നീ ഇവളോട് ക്ഷമിച്ച് നിങ്ങൾ ഒന്നിച്ചു ജീവിക്കാൻ നോക്ക്..." ഷാന പറഞ്ഞത് കെട്ട് ഞങ്ങൾ രണ്ടും അവളെ നോക്കി...

എന്നിട്ട് ഞാൻ അനുവിനെ നോക്കി പറഞ്ഞു -

"എന്നിട്ട് നാളെ അവൻ ചവാൻ നോക്കിയാൽ ഇവൾ വീണ്ടും ഇതൊക്കെ തന്നെ ആവർത്തിക്കില്ല എന്ന് എന്താ ഉറപ്പ്... അതല്ലേ ഇവൾ എനിക്ക് വിഷം കലക്കി തന്ന് അവന്റെ കൂടെ പോകും... ഇവൾ ഈ ചെയ്ത ചതി ക്ഷമിക്കാൻ ആകില്ല എനിക്ക്..."

"കൂൾ ഡൌൺ... എനിക്ക് തന്റെ മാനസ്സീകാവസ്ഥ മനസ്സിലാവുന്നുണ്ട്... ന്യായം നൂറ് ശതമാനം വരുണിന്റ പക്ഷത്താണ്... പക്ഷെ ഇവളെ തനിക്ക് സഹായിച്ചു കൂടെ... ഇവളുടെ അച്ഛനും അമ്മയും എന്ത് തെറ്റ് ചെയ്തു... അവരെ ഓർത്ത് എങ്കിലും സമ്മതിച്ചു കൂടെ..."

ഞാൻ ഒന്ന് ആലോചിച്ചു...

"ശരി... ഞാൻ എന്താ ചെയ്യണ്ടത്... എന്താ ഇവളുടെ മനസ്സിൽ..." ഞാൻ അനുവിനെ നോക്കി പറഞ്ഞു...

ഷാനയും അനുവും മുഖത്തൊട് മുഖം നോക്കി...

"അത് വരുൺ... അത് നമുക്ക് ആലോചിച്ച് തീരുമാനിക്കണം... ഞാനായി തീരുമാനമെടുക്കാൻ ആകില്ലല്ലോ..."

"നിനക്ക് വീട്ടിൽ കാര്യം അറിയിക്കണം പക്ഷെ നിന്റെ മോന്ത നാറാനും പാടില്ല അതല്ലേ വേണ്ടത്... എനിക്ക് ആലോചിച്ചിട്ട് ഒരു കോപ്പും കിട്ടുന്നില്ല... അല്ല എനിക്ക് അതിന്റെ അവശ്യമില്ല... നീ ആലോചിച്ച് കണ്ട് പിടിക്ക്... ഞാൻ സമ്മതം ആണേൽ അറിയിക്കാം..."

അത് കെട്ട് പൂതനയുടെ മുഖം സ്വിച്ച് ഇട്ട പോലെ വാടി... എനിക്ക് മനസ്സിന് ഒരു ആശ്വാസം കണ്ടപ്പോൾ...

"ഞാൻ ഒന്ന് പറയട്ടെ..." ഷാന പറഞ്ഞു...

ഞാനും അനുവും അവൾ പറയാൻ പോകുന്നത് എന്താ എന്ന് ശ്രദ്ധിച്ചു...

"ഡിവോഴ്സ് കിട്ടണം എങ്കിൽ വിവാഹ ശേഷം ഒരു വർഷം കഴിയണം എന്നാണ്... നിങ്ങളുടെ ഇപ്പോൾ എത്ര നാൾ ആയി..."

" പത്ത് മാസം... " ഞാൻ പറഞ്ഞു...

"തത്കാലം ഒന്നും ചെയ്യാൻ ആകില്ലല്ലോ... ഇങ്ങനെ പോട്ടെ... ഒരു വർഷം കഴിഞ്ഞ് നിങ്ങൾ നിയമപരമായി പിരിയാനുള്ള അപേക്ഷ കൊടുക്കണം... എന്തായാലും അത് ശരി ആയി

വരാൻ അത്യാവശ്യം സമയം എടുക്കും എന്നാണ് എന്റെ അറിവ്... വേണമെങ്കിൽ ഇപ്പോൾ തന്നെ അതിനുള്ള പ്രൊസിജൊർ ഒരു അഡ്വക്കേറ്റിനെ കണ്ട് മനസ്സിലാക്കാം... "

"ഇത്രയും സമയം എടുക്കും എന്ന് ഉള്ളത് കൊണ്ട് തത്കാലം നിങ്ങൾ ആരെയും ഒന്നും അറിയിക്കേണ്ട... ഇങ്ങനെ പോട്ടെ... ഡിവോഴ്സ് ആകുന്ന ടൈം അടുപ്പിച്ചു കാര്യങ്ങൾ പറയുക... അപ്പോളേക്കും എന്തേലും ആലോചിച്ചു തീരുമാനിക്കാനും സമയം കിട്ടും..."

ഷാന പറയുന്നത് ഞങ്ങൾക്ക് സ്വീകര്യമായി തോന്നി...

"കണ്ടാൽ പറയില്ല എങ്കിലും താത്തയുടെ വയറ് നിറച്ചും ഫുദ്ധിയാണ്..." ഞാൻ മനസ്സിൽ ഓർത്തു...

ഷാനയും ഞാനും നല്ല ഒരു സൗഹൃദം രൂപീകരിച്ചാണ് അന്ന് പിരിഞ്ഞത്...

ഞങ്ങൾ അല്പം കഴിഞ്ഞ് ഷാനയെ യാത്രയാക്കി വീട്ടിലേക്ക് തിരിച്ചു... തിരികെയുള്ള യാത്രക്കിടയിൽ ഞാൻ ഒന്നും മിണ്ടാൻ പോയില്ല... അവളും മൌനം പാലിച്ചു...

വീട്ടിൽ എത്തിയ ശേഷവും പരമാവധി ഞാൻ അവളിൽ നിന്ന് അകലം പാലിച്ചു... മൊത്തത്തിൽ വീട് ചത്ത പോലെ ഒരു മൌനം തളം കെട്ടി നിന്നു...

രാത്രി വേറെ നിവർത്തി ഇല്ലത്തത് കൊണ്ട് ഞാൻ റൂമിൽ ചെന്നു... പൂതനയും കുറച്ചു കഴിഞ്ഞ് റൂമിലേക്ക് വന്നു... കതകടച്ച ശേഷം അവൾ തറയിൽ വിരിച്ച് കിടക്കാൻ തുടങ്ങി...

"തംപ്രാട്ടി തറയിൽ കിടക്കണ്ട മോളിൽ തന്നെ കിടന്നോ... " അതും പറഞ്ഞു ഞാൻ ഇറങ്ങി പോയി ക്ലിയോ മോളെയും പിടിച്ച് റൂമിലേക്ക് വന്നു...

"പൂതന വന്നപ്പോൾ എന്റെ പാവം ക്ലിയോ മോൾ ഔട്ട് ആയി... ഇനി വേണ്ട... അവൾ ഔട്ട് ഇവൾ ഇന്..."

ക്ലിയോയെ കണ്ടപ്പോളേ പൂതന കട്ടിലിൽ കയറി...

പേടികൊണ്ട്(🤭)...

ഞാൻ തറയിൽ കിടന്നു... ക്ലിയോ എന്റെ അടുത്തായി കിടന്നു... അവളും ഹാപ്പി ഞാനും ഹാപ്പി...

********************

രണ്ട് ദിവസം കഴിഞ്ഞ് ഒരു അവധി ദിനം ഞാനും പൂതനയും കൂടി ഷാനയുടെ പരിചയത്തിൽ ഉള്ള ഒരു അഡ്വക്കേറ്റിനെ കാണാൻ പോയി...

വക്കിൽ ഓഫീസിൽ എത്തി ഞങ്ങൾ പ്രധാന ലോയറുടെ ഓഫീസ് റൂമിലേക്ക് ചെന്നു...

അഡ്വക്കേറ്റ് റാഷിദ് മുഹമ്മദ് എം.എ എ എൽ.എൽ.എം...പുറത്ത് ബോർഡ് കണ്ടു...

"മേ ഐ കം ഇന്..." അനു അകത്തേക്ക് വരാൻ അനുവാദം ചോദിച്ചു...

"എസ്... പ്ലീസ് കം ഇന്.." അദ്ദേഹം അകത്ത് നിന്ന് പറഞ്ഞു...

ഞാൻ അകത്തേക്ക് എത്തി നോക്കി... ഫുൾ വൈറ്റ് കട്ട മുടിയും തടിയുമായി ഒരു മനുഷ്യനാണ് അകത്ത് നിന്നും ഞങ്ങൾക്ക് വരാൻ അനുവാദം തന്നത്...

"ആഹാ താത്തയുടെ ഫ്രണ്ട് എന്ന് പറഞ്ഞിട്ട് കാണാൻ ക്രിസ്മസ് അപ്പൂപ്പനെ പോലെ ഉണ്ടല്ലോ..." ഞാൻ ആത്മഗദം പറഞ്ഞു...

"ഗുഡ് മോർണിംഗ് സർ... ഞങ്ങൾ ഷാന പറഞ്ഞിട്ട് വരുകയാണ്..." അനു പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു...

"ആ... മനസ്സിലായി മനസ്സിലായി... അനുപമയും വരുണും... അല്ലേ... ഇരിക്ക് ഇരിക്ക്..."

"അതെ സർ... താങ്ക്സ്..." ഞങ്ങൾ അദ്ദേഹത്തിന് മുന്നിലായി ഇരുന്നു...

"അപ്പോൾ നിങ്ങൾ പിരിയാൻ തീരുമാനിച്ചു... ഷാന കാരണം ഒന്നും പറഞ്ഞില്ല... അനു എന്റെ ഫ്രണ്ട് ആണ് അവൾ വരും ഒന്ന് ഹെല്പ് ചെയ്യണം എന്ന് മാത്രമേ പറഞ്ഞിട്ടുള്ളു..."

"സാധാരണ പിരിയാൻ ആഗ്രഹിക്കുന്ന ദമ്പതികളിൽ ഒരാൾ മാത്രമാണ് എന്നെ കാണാൻ വരാറ്... ഇത് ആദ്യമയാണ് രണ്ട് പേരും കൂടി വരുന്നത്... "

"എനിവേ... ആദ്യം നിങ്ങളെ പറ്റിയുള്ള ഡീറ്റൈസൽ, എന്ത് കൊണ്ട് പിരിയുന്നു... ഇത്രയും അറിയണം... ബാക്കി നമുക്ക് പിന്നെ സംസാരിക്കാം..."

"ആദ്യം എത്ര വർഷമായി നിങ്ങളുടെ വിവാഹം കഴിഞ്ഞിട്ട് എന്ന് പറയുക..."

"പത്ത് മാസം..."

"ഓക്കേ... അറേഞ്ജ്ഡ് ഓർ ലവ്..."

ഞങ്ങൾ മുഖത്തോട് മുഖം നോക്കി...

"എന്താ രണ്ടാളും നോക്കുന്നത്... അല്ല സാധാരണ ഇത്ര ഷോർട് ടൈം കൊണ്ട് പിരിയാൻ ഇവിടെ വരുന്ന കേസുകൾ കൂടുതലും ലവ് മാര്യേജ് ആണ്... അറേഞ്ച് മാര്യേജ് വന്നിട്ടില്ല എന്നല്ല കേട്ടോ..."

"എങ്കിലും ഈ പ്രേമികുമ്പോൾ ഉള്ള ആവേശം ജീവിതം തുടങ്ങിയാൽ കാണില്ല... വീട്ടുകാരുടെ സപ്പോർട്ടും ഉണ്ടാവില്ല മിക്കവാറും കേസിൽ... അവസാനം ഒരുപാട് ബന്ധങ്ങൾ കുടുംബ കോടതിയിൽ എത്തും...അതിരിക്കട്ടെ... നിങ്ങളുടെ കേസ് എന്താണ്..."

"അത് പിന്നെ ഞങ്ങൾക്ക് അറിയില്ല അറേഞ്ജ്ഡ് ആണോ ലവ് ആണോ എന്ന്..." ഞാൻ ആണ് പറഞ്ഞത്...

എന്റെ മറുപടി കെട്ട് അദ്ദേഹം ഒന്ന് സൂക്ഷിച്ച് നോക്കി... ഞാൻ കല്യാണം എങ്ങനെ നടന്നു എന്നത് വിശദമായി പറഞ്ഞു കൊടുത്തു...

"ഓഹോ... അൺഎക്സ്പെക്ടഡ് മാര്യേജ്...ഇങ്ങനെ ഒരു കേസ് ആദ്യമായാണ് എന്റെ മുന്നിൽ..."

"ഓക്കേ... നിങ്ങൾ പരസ്പരം അറിയാതെ മനസ്സിലാക്കാതെ വിവാഹത്തിലേക്ക് എത്തി... ആദ്യ നാൾ മുതൽ ഉള്ള പൊരുത്തക്കേടുകൾ രണ്ട് പേരെയും അലോസരപ്പെടുത്തി... അവസാനം പിരിയാൻ തീരുമാനിക്കുന്നു... അതാണോ??..."

ഞങ്ങൾ അതെ എന്ന് തലയാട്ടി...

"കുഞ്ഞുങ്ങളെ... വേർപിരിയാൻ എളുപ്പാണ്... പക്ഷെ തക്കതായ കാരണം ഇല്ലാതെ ആണെങ്കിൽ ജീവിതത്തിലെ മറ്റ് എടുത്ത് ചാട്ടം പോലെ പെട്ടന്ന് തിരുത്താൻ ആകുന്നത് അല്ല വിവാഹം..."

"നിങ്ങൾ എപ്പോളും പരസ്പരമുള്ള വത്യാസങ്ങൾ നോക്കാതെ സമമായ കാര്യങ്ങൾ ശ്രദ്ധിക്കു... നിങ്ങൾക്ക് ഒത്തൊരുമിച്ചു ജീവിക്കാൻ ആക്കും... യു ടു മേക്ക് എ ക്യൂട്ട് കപ്പിൾ..."

അപ്പുപ്പൻ ഉപദേശിക്കാതെ പിരിയാൻ എന്താ ചെയ്യണ്ടത് എന്ന് പറയാൻ എനിക്ക് തോന്നി...

"ഒന്നും കൂടെ ആലോചിച്ചു പോരെ ഈ തീരുമാനം..."

"അല്ല സർ... ഒരുപാട് ആലോചിച്ചാണ് ഈ തീരുമാനത്തിൽ എത്തിയത്..." ഞാൻ ചാടിക്കയറി പറഞ്ഞു...

"ഓക്കേ ഓക്കേ... എങ്കിലും നിങ്ങളുടെ ഇടയിൽ ഒരു സ്ട്രോങ്ങ് റീസൺ ഉണ്ടെന്ന് തോന്നുന്നില്ല... ഉദാഹരണം നിങ്ങളിൽ ഒരാൾക്ക് അവിഹിതം പോലെ വല്ലോം ഉണ്ടേൽ അടുത്ത ആൾക്ക് കോർട്ടിൽ ഡിവോഴ്സ് ആയി മൂവ് ചെയ്യാം... "

അവിഹിതം എന്ന് കേട്ടപ്പോൾ പൂതനയുടെ മുഖത്ത് ഒരു ജാള്യത വന്ന് മുഖം വാടി...

ഇവൾക്ക് അതുണ്ട് അപ്പുപ്പാ എന്ന് പറയാൻ ആണ് എനിക്ക് തോന്നിയത്... പക്ഷെ നിയന്ത്രിച്ചു...

"അപ്പോൾ രണ്ടാളും പിരിയണം എന്നാണ് പറയുന്നത്..."

അതെ എന്ന അർത്ഥത്തിൽ ഞങ്ങൾ രണ്ടാളും തലയാട്ടി...

"ഓക്കേ ഞാൻ പ്രൊസിജൊർ പറഞ്ഞു തരാം..."

"ഇങ്ങനെയുള്ള കേസുകളിൽ നമ്മൾ മ്യൂച്ചൽ പെറ്റീഷൻ ആണ് ഫയൽ ചെയ്യുക..."

"രണ്ടുപേർക്കും അവരുടേതായ ലോയർ വേണം... "

"ലോയർ വഴി കുടുംബകോടതിയിൽ നമ്മുടെ പെറ്റിഷൻ ഫയൽ ചെയ്യും... "

പെറ്റീഷൻ ഫയൽ ചെയ്യാനുള്ള മുന്ന് പ്രധാന നിബന്ധനകൾ ഉണ്ട്..

"ഒന്ന് വിവാഹ കഴിഞ്ഞ് ഒരു വർഷത്തോളം അകന്നു താമസിക്കുകയായിരുന്നു... അതായത് ഭാര്യാഭർത്യബന്ധം ഉണ്ടാവാൻ പാടില്ല..."

"രണ്ട് ഇനി ഒന്നിച്ചു പോകാൻ ആകില്ല..."

"മുന്ന് മ്യൂച്ചൽ അണ്ടർസ്റ്റാൻഡിംഗിൽ വിവാഹം പൂർണമായും പരാജയപ്പെട്ടു... ആയതിനാൽ ഡിവോഴ്സ് അനുവദിക്കണം... എന്ന രീതിയിൽ പെറ്റിഷൻ ഫയൽ ചെയ്യാം..."

"പെറ്റിഷൻ ഫയൽ ചെയ്താൽ കോടതി രണ്ടുപേരെയും ഹിയറിങ്ങിനു വിളിപ്പിക്കും... നിങ്ങളുടെ മൊഴിയും മറ്റും രേഖപ്പെടുത്തും...ഡോക്യൂമെന്റസ് പരിശോധിക്കും..."

"എന്നിട്ട് ആദ്യമായി കോടതി ഒരു മോഷൻ പാസ്സ് ആക്കും..."

"അത് കഴിഞ്ഞുള്ള ആറ് മാസം കൗൺസിലിംഗ് മറ്റും ഉണ്ടാവും... അങ്ങനെ രണ്ട് സെറ്റ് കൗൺസിലിംഗ് പരാജയപ്പെട്ട് ആറു മാസം കൊണ്ട് ഒന്നിച്ചില്ല എങ്കിൽ സെക്കൻഡ് മോഷന് വേണ്ടി നിങ്ങൾ വീണ്ടും പെറ്റിഷൻ ഫയൽ ചെയ്യണം..."

"കോടതി അത് അംഗീകരിച്ചു ഡിവോഴ്സ് അനുവദിക്കും... സൊ എങ്ങനെ പോയാലും ഒരു എട്ട് മാസം പിടിക്കും എല്ലാം കൂടി..."

അദ്ദേഹം വിശദമായി തന്നെ എല്ലാം പറഞ്ഞു മനസ്സിലാക്കി... ഞങ്ങൾ നന്ദി പറഞ്ഞ് ഇറങ്ങി...

ഇറങ്ങാൻ നേരം ആദ്ദേഹം പറഞ്ഞു -

"ഇനിയും രണ്ട് മാസമുണ്ട്... നിങ്ങൾ പിരിയില്ല എന്നാണ് എന്റെ വിശ്വാസം..."

*******

വക്കിൽ ഓഫീസിൽ നിന്നും ഞങ്ങൾ നേരെ വീട്ടിലേക്ക് പോയി...

ഞാൻ മാക്സിമം അനുവിൽ നിന്നും അകന്ന് നിക്കാൻ ശ്രമിച്ചു... അതിന്റെ ഇടയിൽ എനിക്ക് ബാംഗ്ലൂർ ഹെഡ്ഓഫീസിൽ പോവാൻ ഒരു അവസരം വന്നു...

രണ്ടാഴ്ച്ച ബാംഗ്ലൂർ പോയി നിന്നു... ബാംഗ്ലൂരിൽ എന്റെ പെർഫോമൻസ് നല്ലത് ആരുന്നത് കൊണ്ട് സാലറി ഇൻക്രെമെന്റ് ആകുകയും ചെയ്തു...

**********

വേഗം തന്നെ ഒന്ന് രണ്ട് മാസം കടന്നു പോയി... ഫസ്റ്റ് ആൻവേസറി ഗംഭീരം ആയി എല്ലാവരും ആഘോഷിക്കണം എന്ന് നേരത്തെ പ്ലാൻ ഇടുന്നത് ശ്രദ്ധിച്ചു...

ഭാഗ്യത്തിന് ആ സമയം തന്നെ വീണ്ടും ബാംഗ്ലൂരിൽ പോകണ്ട അവസരം ഉണ്ടായി... ഞാൻ രണ്ട് കൈ നീട്ടി അത് സ്വീകരിച്ചു...

തിരികെ വന്നത് വിവാഹ വാർഷികം കഴിഞ്ഞ് ഒരാഴ്ച്ച കൂടി കഴിഞ്ഞാണ്... വന്നപ്പോൾ കുറെ വഴക്ക് കേട്ടെങ്കിലും ഞാൻ കാര്യമാക്കിയില്ല...

അധികം താമസിക്കാതെ ഞങ്ങൾ ഡിവോഴ്സ് പെറ്റിഷൻ ഫയൽ ചെയ്യാൻ തീരുമാനിച്ചു...

അതിനോടകം ഞങ്ങൾ മാനസികമായി നന്നായി അകന്നിരുന്നു...

"അല്ലെങ്കിൽ തന്നെ എന്നാണ് അടുത്തത്..."

അനുവിനോട് ഞാൻ മിണ്ടുക പോയിട്ടു മുഖം കൊടുത്തിട്ട് തന്നെ നാളുകൾ ഒരുപാട് ആയിരുന്നു...

അങ്ങനെ ഒരു സാറ്റർഡേ ഞങ്ങൾ റാഷി വക്കിലിന്റെ അടുക്കലേക്ക് വിട്ടു...

പുള്ളിയുടെ രണ്ട് ജൂനിയർ വക്കിലന്മാർ കാര്യങ്ങൾ തിരക്കാൻ ഞങ്ങളുടെ അടുക്കലേക്ക് വന്നു...

എല്ലാം വിശദമായി പറഞ്ഞു വേണ്ട അപ്ലിക്കേഷനും ഡോക്യുമെന്റ്സും സമർപ്പിച്ചു പെറ്റിഷനിൽ ഒപ്പ് വെക്കാൻ പേന എടുത്തപ്പോൾ നെഞ്ചിൽ എന്തോ ഭാരം പോലെ... കണ്ണ് അല്പം ഉരുണ്ട് കൂടി... കൈ വിറക്കുന്നുണ്ട്... എങ്ങനെയൊക്കെയോ സൈൻ ചെയ്ത് കൊടുത്തു...

മനസ്സ് മൊത്തത്തിൽ കലുഷിതമായിരുന്നു... എത്രയൊക്കെ ഒളിപ്പിച്ചാലും മനസ്സിന്റെ കോണിൽ അവളോടുള്ള സ്നേഹം ഇപ്പോളും നിലനിൽക്കുന്നു എന്ന സത്യം ഞാൻ മനസ്സിലാക്കി...

അവളുടെ അവസ്ഥ അറിയില്ല... അറിയാൻ ഒന്നുമില്ല... ഒരു കൂസലുമില്ലതെ ഇഷ്ടപെട്ട ആളിനോപ്പൊനം ജീവിക്കാൻ പോകുന്ന ത്രില്ലിൽ സന്തോഷത്തോടെ ഒപ്പ് വച്ച് കാണും...

അവിടുന്ന് ഞങ്ങൾ ഇറങ്ങി...

ഞാൻ പ്രതീക്ഷിച്ച പോലെ പൂതനയുടെ മുഖത്ത് സന്തോഷം ഒന്നുമില്ല... മുഖം വാടിയാണ് ഇരിക്കുന്നത്...

ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു...

മൂന്നാഴ്ച കഴിഞ്ഞ് ഒരു ബുധനാഴ്ച ഹിയറിങ്ങിനു കോടതി വിളിപ്പിച്ചിട്ടുണ്ട് എന്ന് റാഷി വക്കീൽ വിളിച്ചു പറഞ്ഞത് അനുസരിച്ചു ഞങ്ങൾ കുടുംബ കോടതിയിൽ എത്തി...

ആദ്യമായി ആണ് ഒരു കോടതിയിൽ വരുന്നത്... സിനിമയിൽ കാണുന്ന പോലെ വലിയ സെറ്റപ്പ് ഒന്നുമല്ല കുടുമ്പ കോടതി...അത്യാവശ്യം പ്രൈവസി ഒക്കെയുണ്ട്...

ഞങ്ങൾ ഞങ്ങളുടെ അഡ്വക്കേറ്റ്സിനെ കണ്ട് കോടതിയുടെ ഉള്ളിലേക്ക് നീങ്ങി...

അല്പം നേരം കാത്തിരുന്ന ശേഷം ഞങ്ങളെ വിളിപ്പിച്ചു...

ഒരു സ്ത്രി ആയിരുന്നു ജഡ്ജ്... അവർ എന്തൊക്കെയോ ചോദിച്ചു... ഞാൻ എന്തൊക്കയോ പറഞ്ഞു... അവളോടും ചോദിച്ചു...

ചോദ്യങ്ങൾ ഒന്നും ശ്രദ്ധിക്കാൻ ആകുന്ന ഒരു മാനസ്സികാവസ്ഥ ആയിരുന്നില്ല എന്റേത്...

മനസ്സിൽ എന്തൊക്കെയോ സങ്കടം പോലെ... പക്ഷെ എന്താ എന്ന് മനസ്സിലാകുന്നില്ല... പൊട്ടി കരയണം എന്നുണ്ട്... പക്ഷെ കരയാൻ ആകുന്നില്ല...

എല്ലാം കേട്ട് കഴിഞ്ഞ് കോടതി ആദ്യ മോഷൻ പാസ്സ് ആക്കി... ആദ്യ കൗൺസിലിംഗ് സെഷൻ തീയതിയും നിശ്ചയിച്ചു...

ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു...

പരസ്പരം ഒന്നും മിണ്ടിയില്ല... കുറെ നാളുകൾ ആയി രണ്ട് വാക്കിനപ്പുറം ഞങ്ങൾ സംസാരിച്ചിട്ടില്ല എന്നതാണ് സത്യം...

വീട്ടിൽ കയറി ചെല്ലുമ്പോൾ അനുമോളെ എന്നു വിളിച്ചു ഓടി വരുന്ന അമ്മയുടെ മുഖം എന്റെ മനസ്സിലേക്ക് വന്നു... അച്ഛനും മോളെ എന്നല്ലാതെ വിളിക്കുന്നത് കേട്ടിട്ടില്ല...

ഇവൾക്ക് എങ്ങനെ സാധിക്കുന്നു ആ പാവങ്ങളെ കൂടി വഞ്ചിക്കാൻ... ഒന്നും വേണ്ടിയിരുന്നില്ല... ഇതിപ്പോ ഞാൻ കൂടി അവരെ ചതിക്കാൻ കൂട്ട് നില്കുന്നു എന്ന തോന്നൽ...

"കല്ല് കൊണ്ട് ഉണ്ടാക്കിയ മനസ്സാ യക്ഷിക്ക്..."

വിൻഡോ ഗ്ലാസിന് പുറത്തേക്ക് നോക്കി ഒന്നും മിണ്ടാതെ ഇരിക്കുന്നുണ്ട് യക്ഷി... ശരിക്കും ഇവൾ ഒരു യക്ഷിയല്ല... അതിൽ കൂടുതൽ എന്തോ ആണ്...

"യക്ഷി ചോരയല്ലേ ഊറ്റി കുടിക്കുള്ളു... ഇവൾ ആത്മാവും കൂടി കുടിക്കും..."

എനിക്ക് എന്നോട് തന്നെ വെറുപ്പ് തോന്നിപ്പോയി...

ഞങ്ങൾ വീട്ടിലെത്തി... ചെന്ന് കയറിയപ്പോൾ വാതിക്കൽ തന്നെ നിപ്പുണ്ട് രണ്ടാളും...

അനുമോളെ എന്നും വിളിച്ചു അവളുടെ പിന്നാലെ കൂടി പാവങ്ങൾ, തങ്ങൾ വഞ്ചിക്കപ്പെടുകയാണ് എന്ന് മനസ്സിലാക്കതെ...

അവളുടെ മുഖം വാടി ഇരിക്കുന്നതിനും എനിക്കാണ് വഴക്ക്...

"നീ എന്റെ കൊച്ചിനെ എന്തോ പറഞ്ഞെഡാ... എന്താ അവളുടെ മുഖം വാടിയിരിക്കുന്നത്..."

പൊതുവെ ഇത് കേൾക്കുമ്പോൾ ദേഷ്യം വരാറാണ് പതിവ്... പക്ഷെ അപ്പോൾ എനിക്ക് സഹതാപം തോന്നി പാവങ്ങളോട്...

"അവൾക്ക് തലവേദനയാണെന്ന് പറഞ്ഞു അമ്മേ... "

"ആണോടാ... മോളുടെ മുഖത്ത് കുറച്ച് നാൾ ആയി ഒരു തെളിച്ചമില്ലല്ലോടാ..."

അത് കയ്യിലിരിപ്പ് കൊണ്ട എന്ന് പറയനാ ഞാൻ നാക്ക് എടുത്തത് എങ്കിലും, അവൾക്ക് ഓഫീസിൽ വർക്ക് കൂടുതൽ ആണെന്ന് പറഞ്ഞ് ഒഴിവാക്കി...

അമ്മ പെയിന് ബാമും എടുത്ത് അവളുടെ അടുത്തേക്ക് ചെന്നു...

"പാവം..." ഞാൻ മനസ്സിൽ പറഞ്ഞു...

**********

അങ്ങനെ ഒരു മാസം കഴിഞ്ഞ് ആദ്യ കൗൺസിലിംഗിന് ഞങ്ങൾ പോയി...

അവർക്ക് പിരിയാൻ ഉള്ള യഥാർത്ഥ കാരണം അറിയില്ലാരുന്നത് കൊണ്ട് എന്തൊക്കയോ പറഞ്ഞു...

അതൊന്നും കേൾക്കാനുള്ള മാനസികാവസ്ഥയിൽ അല്ലാരുന്നത് കൊണ്ട് ഞാൻ ഒന്നും ശ്രദ്ധിച്ചില്ല... പിരിയണം എന്നതിൽ ഉറച്ചു നിന്നു...

അങ്ങനെ ആദ്യ കൗൺസിലിംഗ് പ്രതീക്ഷിച്ച പോലെ തന്നെ പരാജയപ്പെട്ടു...

*************

അനുവിന്റെ പോയിന്റ് ഓഫ് വ്യൂ...

"ഞാൻ അവനെ സ്നേഹിക്കുന്നില്ല..." പിന്നെ എന്തിനാ ഈ പെറ്റിഷൻ ഒപ്പിടുമ്പോൾ എനിക്ക് വിഷമം ഉള്ളത് പോലെ തോന്നുന്നത്... എന്താ എന്റെ കൈ വിറക്കുന്നത്...

ഞാൻ ആലോചിച്ചു... സ്വീകരയമായ ഒരു ഉത്തരം എന്റെ മനസ്സിന് നൽകാനായില്ല...

"വരുൺ എന്റെ ആരുമല്ല... ഞാൻ മനസ്സിനെ പറഞ്ഞു പഠിപ്പിച്ചു..."

വിറയ്ക്കുന്ന കൈകൾക്ക് ബലം കൂടുതൽ കൊടുത്ത് ഒപ്പിട്ടു...

ഒപ്പിട്ടു കൊടുത്തതും എന്നോടൊപ്പം കൂടെയുള്ള എന്തോ ഒന്ന് വിട്ട് പോയത് പോലെ... ആകെ ഒരു ശൂന്യത തോന്നുന്നു മനസ്സിൽ...

"നീ വരുണിനെ സ്നേഹിക്കുന്നു അനു..." എന്ന് തലയിൽ ഇരുന്ന് ആരോ മന്ത്രിക്കുന്നത് പോലെ...

പക്ഷെ ബലമായി എന്റെ മനസ്സിന്റെ വാതിൽ കൊട്ടിയടച്ചു...

"ഞാൻ മനസ്സറിഞ്ഞു സന്തോഷിക്കുകയാണ് എന്നാകും വരുൺ ഇപ്പോൾ ചിന്തിക്കുന്നത്..."

അവന്റെ മുഖത്തും നല്ല സങ്കടമുണ്ട്... പക്ഷെ അത് മനഃപൂർവം കണ്ടില്ല എന്ന് നടിച്ചു...

അവന്റെ മുഖത്ത് നോക്കാനുള്ള ശക്തി എനിക്കുണ്ടായിരുന്നില്ല...

വല്യ താമസമില്ലാതെ കോടതി വിളിപ്പിച്ചു...

അവനോടൊപ്പം ഒരേ കാറിൽ യാത്ര ചെയ്ത് കോടതിയിൽ ചെന്നു...

"ഒന്നിച്ചു പോയി... പിരിയാനായി... അകലനായി.... എന്നുന്നേക്കുമായി..."

സ്വാർത്ഥത ഒന്ന് കൊണ്ട് മാത്രം... എന്റെ സ്വാർത്ഥത ഒന്ന് കൊണ്ട് മാത്രം...

കോടതിയിയുടെ ചോദ്യങ്ങൾക്ക് യന്ത്രികമായ ഉത്തരങ്ങൾ നൽകി... വരുൺ എന്താണ് പറഞ്ഞത് എന്ന് പോലും ശ്രദ്ധിക്കനായില്ല...

കോടതിയിൽ നിന്നും ഇറങ്ങുമ്പോൾ മനസ്സാകെ മരവിച്ച അവസ്ഥ...

എനിക്ക് വരുണിനെ കെട്ടിപിടിച്ചു ഒന്ന് കരയണം എന്ന് മാത്രം മനസ്സിൽ ഉണ്ടായിരുന്നുള്ളു...

പക്ഷേ വരുണിന്റെ മുഖത്തേക്ക് നോക്കാൻ പോലും എനിക്ക് ആകുമായിരുന്നില്ല...

അവൻ എന്തെങ്കിലും ഒരു വാക്ക് അപ്പോൾ സംസാരിച്ചിരുന്നു എങ്കിൽ ചില്ല് പാത്രം കണക്കിന് പൊട്ടി മഴ പോൽ ഞാൻ പെയ്തിറങ്ങിയേനെ...

പക്ഷെ ഒന്നും മിണ്ടിയില്ല... ഒന്ന് നോക്കിയില്ല...

വിദൂരതയിലേക്ക് കണ്ണും നട്ടിരുന്നു ഞാൻ...

വീട്ടിലേക്ക് പോകാൻ എനിക്ക് മനസ്സുണ്ടായില്ല... ഇനിയും എത്ര നാൾ ജീവന് തുല്യമായി സ്നേഹിക്കുന്ന ആ പാവം മനുഷ്യരെ പറ്റിക്കും...

"മഹാപാപിയാണ് ഞാൻ... അതിലേക്ക് എന്റെ സ്വാർത്ഥ മൂലം എത്ര പേരെയാണ് ഞാൻ വലിച്ചിട്ടത്..."

"ഈ ഒരു നിമിഷം മരിച്ചു പോയിരുന്നു എങ്കിൽ... ഞാൻ ആശിച്ചു..."

വീട്ടിലേക്ക് കയറിയ ഉടനെ "അനുമോളെ എന്ന് വിളിച്ചുള്ള അമ്മയുടെ വരവ്..."

എനിക്ക് അധികം പിടിച്ചു നിക്കാനായില്ല...

മുഖത്ത് എങ്ങനെയോ ചിരി വരുത്തി ബാത്റൂമിലേക് ഓടി...

പൈപ്പ് തുറന്ന് വിട്ട് അലതല്ലി കരഞ്ഞു... കുറച്ചുനേരം കരഞ്ഞപ്പോളേക്കും മനസ്സിന് ഒരു ആശ്വാസമായി...

പുറത്ത് ഇറങ്ങിയപ്പോൾ ബാം കയ്യിൽ പിടിച്ചു നിപ്പുണ്ട് അമ്മ...

"മകളെ പോലെ... അല്ല മകൾ ആയി ആണ് എന്നെ കൊണ്ട് നടക്കുന്നത്... എന്റെ വിഷമം ആ അമ്മ മനസ്സ് അറിഞ്ഞു കാണും... വരുൺ തലവേദന ആണെന്ന് പറഞ്ഞും കാണും... അതാ ബാം എടുത്ത് ഓടി വന്നത് പാവം..."

"തലവേദന എങ്ങനെ ഉണ്ട് മോളെ..."

"ഉണ്ട് അമ്മേ..."

"എന്റെ മോള് കിടന്നേ..."

ആ അമ്മ ഇരുന്ന്, എന്നെ മടിയിൽ കിടത്തി നെറ്റിയിൽ ബാം പുരട്ടി തലയിൽ തലോടി തന്ന് കൊണ്ടിരുന്നു...

മനസ്സ് ശാന്തമാകാൻ അത് തന്നെ ആയിരുന്നു വേണ്ടിയിരുന്നത് എങ്കിലും അത് എന്നെ കൂടുതൽ സങ്കടത്തിൽ ആഴ്ത്തി...

"ഈ അമ്മയേം അച്ഛനേം ഒരിക്കലും വേറെ കിട്ടില്ല... ഇവരെ ആണല്ലോ ഞാൻ ചതിക്കുന്നത് ദൈവമേ..."

അമ്മയുടെ മടിയിൽ കിടന്ന് ഞാൻ ഉറങ്ങി... അല്ല തലയിൽ തഴുകി തലോടിയുള്ള ആ മാതൃവാത്സല്യത്തിൽ ഞാൻ അലിഞ്ഞു പോയി...

കൗൺസിലിംഗ് ഡേറ്റ് അടുത്ത് വന്നു...

അവിടെയും എന്തൊക്കയോ പറഞ്ഞു... അതും പരാജയം...

പ്രതീക്ഷിച്ചിരുന്നു... യഥാർത്ഥ സത്യം പറഞ്ഞിരുന്നു എങ്കിൽ ഒരു പക്ഷേ അവർക്ക് എന്തെങ്കിലും വഴികൾ നിർദ്ദേശിക്കാൻ ആയിരുന്നേനെ...

വരുൺ പൂർണമായും എന്നെ അവോയ്ഡ് ചെയ്തിരുന്നു... മുഖത്തേക്ക് നോക്കാറു പോലുമില്ല...

പലപ്പോഴും വൈകിയുള്ള വരവ് മനപൂർവം എന്നിൽ നിന്നും അകന്ന് നില്കാൻ ആണെന്ന് എനിക്കും അറിയം...

എനിക്കതിൽ പരാതിയുമില്ല... അവന്റെ സ്ഥാനത്തു ഞാൻ ആണെങ്കിലും അതല്ലേ ഉണ്ടാവു...

പക്ഷെ ഈ അവഗണന ഇത്ര വേദനിപ്പിക്കും എന്ന് ഇപ്പോൾ ആണ് എനിക്ക് മനസ്സിലാവുന്നത്..

"അത് എന്ത് കൊണ്ടാണ്... തനിക്ക് വരുണിനോട് സ്നേഹമുണ്ടോ... ഒരു പക്ഷെ താലി ചാർത്തിയ പുരുഷനോട് ഏതൊരു പെണ്ണിനും എത്ര വേണ്ട എന്ന് വച്ചാലും ഒരു ഇഷ്ടം കടന്ന് കൂടുമായിരിക്കും..."

ഈ വീടിന്റ പടി ഇറങ്ങുന്നത് ആലോചിക്കുമ്പോൾ മനസ്സിൽ ഒരു വിങ്ങൽ പോലെ... ആയിരം സൂചി മുനകൾ കുത്തി നോവിക്കുന്നത് പോലെ...

വരുണിനോട് ഉണ്ടോ എന്ന് അറിയാത്ത ഇഷ്ടം കൊണ്ടാണോ...

അതോ എന്റെ അച്ഛനും അമ്മയും സ്നേഹിക്കുന്നതിൽ അധികം എന്നെ സ്നേഹിക്കുന്ന ഈ അമ്മയെയും അച്ഛനെയും എന്നന്നേക്കും നഷ്ടം ആകും എന്ന ചിന്തയിലോ...

ഒരു തീരുമാനത്തിൽ എത്താൻ ആകുന്നില്ല... അജിത്തിനോട് വിളിച്ചു പറഞ്ഞ് എല്ലാം മറക്കണം എന്ന് പറയാൻ പലപ്പോഴും ഒഴുങ്ങിയതാണ്...

പക്ഷെ വരുൺ തന്നെ സ്വീകരിക്കുമൊ... ഒരിക്കലും ഉണ്ടാവില്ല... എന്നെ പോലെ ഒരു മോശം പെണ്ണിനെ സഹിക്കണ്ട ആവിശ്യം അവനില്ലല്ലോ...

എങ്കിലും ഈ അച്ഛന്റെയും അമ്മയുടെയും മകളായി ഇവിടെ തന്നെ ജീവിക്കാൻ വല്ലാതെ കൊതിച്ചു പോകുന്നു... പക്ഷെ അങ്ങനെ ഞാൻ ചെയ്താൽ വരുണിന് ഉണ്ടാവാൻ പോകുന്ന നല്ലൊരു ജീവിതം കൂടി ഇല്ലാതെയാകും...

ഇനി എന്റെ സ്വാർത്ഥത മൂലം ഒരു തെറ്റും ചെയ്യാത്തവർ വിഷമിക്കാൻ പാടില്ല...

ഒരു ഉറച്ച തീരുമാനത്തിൽ എത്താതെ മനസ്സ് അങ്ങോട്ടുമിങ്ങോട്ടും ചാഞ്ചാടിയപ്പോൾ

അജിത്തിനെ വിളിച്ച് നോക്കിയത്...

നേരിട്ട് കണ്ട് സംസാരിച്ചു അവന്റെ കൂടി അഭിപ്രായം ചോദിച്ച് തീരുമാനിക്കണം എന്നായിരുന്നു...

അവന് ഇനിയും വേണ്ടാത്ത ചിന്തകൾ ഉണ്ടാവില്ല എങ്കിൽ എല്ലാം അവസാനിപ്പിക്കണം എന്ന് ഞാൻ ആഗ്രഹിച്ചു...

എന്നാൽ വൈകി വരുന്ന മെസ്സേജ് റിപ്ലൈ അല്ലാതെ ഒരു തവണ പോലും അവൻ ഫോൺ പോലും എടുത്തില്ല...

നേരിട്ട് കാണാൻ വരാൻ പറയുമ്പോൾ തിരക്ക് ആണ് ഉടനെ വരാം എന്നുള്ള മറുപടി മാത്രം...

അവസാനം മെസ്സേജിലൂടെ അവസ്ഥ പറഞ്ഞപ്പോൾ വന്ന മറുപടി -

"നമുക്ക് നമ്മുടെ കാര്യം ചിന്തിക്കാം... മറ്റുള്ള എല്ലാവരെയും പറ്റി ഓർത്ത് ജീവിക്കാൻ ആവില്ല... അവർ നിന്റെ അച്ഛനും അമ്മയും അല്ലല്ലോ..."

എനിക്ക് ആ മറുപടി ഒട്ടും ഇഷ്ടമായില്ല...

നേരിൽ കാണുമ്പോൾ സംസാരിക്കാം എന്ന് മറുപടി കൊടുത്ത് ആ വിഷയം അവിടെ നിർത്തി...

അജിത് ഇത്ര സ്വാർത്ഥമായി സംസാരിക്കും എന്ന് ഞാൻ ഒട്ടും കരുതിയില്ല... അവൻ ഇങ്ങനെ അല്ലായിരുന്നു...

അതോ സ്വാർത്ഥമായി മാത്രം ചിന്തിച്ചിരുന്ന എനിക്ക് മനസ്സിലാക്കാൻ ആകാതെ പോയതോ...

"ഇവർ ആരും അവന് ആരും അല്ലായിരിക്കും... പക്ഷെ എനിക്ക് വേണ്ടപ്പെട്ടവരാണ്... എന്നെ സ്നേഹിക്കുന്നവരാണ്... ഞാൻ സ്നേഹിക്കുന്നവരാണ്... ഞാൻ അല്ലേ പിന്നെ ആരാണ് അവർക്ക് വേണ്ടി ചിന്തിക്കുക..."

ചിന്തകൾ കാട് കയറി പോകാൻ തുടങ്ങിയപ്പോൾ എനിക്ക് എന്ത് വേണം എന്ന് തന്നെ അറിയാത്ത അവസ്ഥയായി...

ഒഴുക്കിന് ഒത്തു നീന്തുക എന്ന പോലെ യാന്ത്രികമായി ജീവിതം മുന്നോട്ട് പോകാൻ തുടങ്ങി...

രണ്ടാം കൗൺസിലിംഗ് ഡേറ്റ് ലഭിച്ചു...

അതും പരാജയപ്പെട്ടാൽ കോടതി വിവാഹ മോചനം അനുവദിക്കും...

ഡേറ്റ് വന്നപ്പോൾ വരുൺ എന്നോട് സംസാരിച്ചു -

"ഡേറ്റ് വന്നത് അറിഞ്ഞില്ലേ... ഇനി അധികം സമയം ശല്യമായി ഞാനുണ്ടാവില്ല... പക്ഷെ രണ്ട് വീട്ടിലും കാര്യങ്ങൾ അറിയിക്കണ്ടേ... "

എന്റെ ഹൃദയം പൊട്ടുന്ന പോലെ തോന്നി... എങ്ങനെ ഇവരെ അറിയിക്കും... എന്ത് പറയും ഒരെത്തും പിടിയുമില്ല...

"എന്ത് പറയും വരുൺ..."

"ഒന്നിച്ചു മുന്നോട്ട് ഒത്തു പോകാൻ ആകില്ല... അത് കൊണ്ട് പിരിയുന്നു... "

"കാരണം ചോദിക്കില്ലേ..."

"നമ്മുടെ ജീവിതമല്ലേ... കാരണം ഒത്തു പോകാൻ ആകുന്നില്ല... അത്രയും മതി..."

കൃത്യം ഡേറ്റിനു രണ്ടാം കൗൺസിലിംഗ് നടന്നു...

തിരികെ വന്ന് വരുണിന്റെ വീട്ടിൽ കാര്യങ്ങൾ ആദ്യം അവതരിപ്പിച്ചു...

"നീ എന്താടാ ഈ പറയുന്നത്... പിരിയാൻ പോകുവാ എന്നോ... എന്തിന്... നിങ്ങൾക്ക് എന്താ തലക്ക് വല്ല കുഴപ്പമുണ്ടോ..."

ഞാൻ തല താഴ്ത്തി നിന്നതല്ലാതെ ഒന്നും മിണ്ടിയില്ല...

"അമ്മേ... മനസ്സികമായി പൊരുത്തപ്പെടാൻ ആകാതെ ഒന്നിച്ച് ജീവിക്കുന്നതിൽ എന്താണ് അർത്ഥം..."

"നീ വലിയ വായിൽ വർത്തമാനം പറയണ്ട..."

"നിങ്ങൾ ആണ് വേണ്ടത് എല്ലാം ഒപ്പിച്ചത്... ഈ അവസ്ഥക്ക് കാരണവും... നേരാവണ്ണം കണ്ടും മനസ്സിലാക്കാതെ എടുത്ത് ചാടി വിവാഹം കഴിപ്പിക്കാൻ ആര് പറഞ്ഞു... "

"അന്നേ ഞങ്ങൾ തമ്മിൽ എന്ത് ചേർച്ചയാണ് ഉള്ളത്... എനിക്ക് ജോലി പോലും ഉണ്ടായിരുന്നില്ല..."

"ഇവളുടെ സ്റ്റാറ്റസ് ആണോ എനിക്ക്... അത് ഇപ്പോളുമില്ല... ഞാൻ എന്ന ഒരാളെ ഭർത്താവായി കൊണ്ട് നടക്കാൻ അവൾക്ക് ബുദ്ധിമുട്ടുണ്ട്..."

"അതെ പോലെ എന്റെ കൊക്കിനു ഒതുങ്ങാത്ത പെണ്ണിനെ ഭാര്യ ആയി കൊണ്ട് നടക്കാൻ എനിക്കും... പലയിടത്തും ഞാൻ ചെറുതാവുന്നു... നിങ്ങൾക്ക് ഇതൊന്നും അറിയണ്ട... "

"ജീവിതം എന്റെയും ഇവളുടെയുമാണ്... ഞങ്ങള്ക്ക് ഒന്നിച്ചു പോകാൻ ആകില്ല...അത് കൊണ്ട് ഞങ്ങൾ പിരിയുന്നു... അനു നീ പോയി നിന്റെ സാധനങ്ങൾ എടുത്ത് വക്ക്... ഞാൻ വീട്ടിൽ കൊണ്ട് വിടാം..."

ഞാൻ ഒന്നും മിണ്ടാതെ കരഞ്ഞു കൊണ്ട് റൂമിലേക്ക് പോയി...

എന്തൊക്കയോ ഒരു ബാഗിൽ വലിച്ചു വാരിയിട്ടു...

ബാഗും എടുത്ത് ഞാൻ തിരികെ ഹാളിൽ വന്നു..

ഞങ്ങൾ പുറത്തേക്ക് ഇറങ്ങി...

"മോളെ... ഈ അമ്മയെ വിട്ട് നിനക്ക് പോകാൻ ആകുമോ..." എന്ന് പറഞ്ഞ് അമ്മ എന്റെ കയ്യിൽ പിടുത്തമിട്ടു...

ഞാൻ ദയനീയമായി അമ്മയെ നോക്കി... വരുൺ വന്ന് കൈ പിടിച്ചു മാറ്റി ബലമായി എന്റെ കൈ പിടിച്ചു വലിച്ചു കാറിൽ കയറ്റി...

അച്ഛൻ ഉമ്മറത്തു തുണിൽ ചാരി നിന്ന് വിതുമ്പുന്നുണ്ട്...

അമ്മ ഉമ്മറപ്പടിയിലിരുന്നു "മോളെ... പോവല്ലേ..." എന്ന് പറഞ്ഞു പൊട്ടിക്കരയുന്നുണ്ട്...

കണ്ടു നിക്കാൻ ആക്കാതെ ഞാൻ മുഖം പൊത്തി...

വരുൺ കാർ മുന്നോട്ട് എടുത്തു...

എന്റെ വീട്ടിൽ എത്തിയപ്പോൾ അച്ഛനും അമ്മയും അവിടെ ഉമ്മറത്ത് തന്നെ ഇരിക്കുന്നുണ്ടായിരുന്നു...

രണ്ട് പേരുടെയും മുഖ ഭാവത്തു നിന്നും കാര്യങ്ങൾ എല്ലാം അറിഞ്ഞുള്ള ഇരുപ്പാണ് എന്ന് ഞങ്ങള്ക്ക് മനസ്സിലായി...

വരുൺ സംസാരിച്ചു തുടങ്ങി -

"അച്ഛാ... കാര്യങ്ങൾ അറിഞ്ഞു എന്ന് മനസ്സിലായി... ഞങ്ങൾക്ക് ഒന്നിച്ചു പോകാൻ ആകില്ല..."

"മോൻ ഒന്നും പറയണ്ട... ഈ അച്ഛന്റെ തെറ്റാണെല്ലാം... മകളുടെ കല്യാണം നടന്ന് കാണാൻ ഉള്ള ആഗ്രഹം കൊണ്ട് അവളെയോ നിന്നെയോ പറ്റി ആലോചിച്ചില്ല... ക്ഷമിക്കണം..."

അച്ഛൻ കണ്ണീരോടെ കൈ കൂപ്പി നിന്നു...

കണ്ട് നിക്കാൻ ആകാതെ ഞാൻ അകത്തേക്ക് ഓടി...

അല്പം കഴിഞ്ഞ് കാർ സ്റ്റാർട്ട് ആക്കി വരുൺ പോകുന്ന ശബ്ദം കേട്ടു...

ഞാൻ അലറികരഞ്ഞു.. എന്തിന് വേണ്ടി ആണെന്ന് അറിയില്ല... എനിക്ക് കരയണം എന്ന് തോന്നി... ഒരുപാട് ഒരുപാട് കരഞ്ഞു...

**************

വരുണിന്റ പോയിന്റ് ഓഫ് വ്യൂ-

അവളെ വീട്ടിൽ വിട്ട് ഞാൻ അവിടെ നിന്നും തിരിച്ചു...

കണ്ണ് നിറഞ്ഞ് റോഡ് പോലും കാണാൻ വയ്യ...

ഞാൻ നേരെ ബീച്ചേലക്ക് പോയി... ഒറ്റക്കിരുന്നു കുറെ സമയം.... മരവിച്ചിരുന്നു മനസ്സ്...

കരയാൻ പോലും ആവുന്നില്ല...

മനസ്സിൽ അന്ന് കല്യാണം മുതൽ ഇന്ന് അവളെ വീട്ടിൽ ആകുന്നത് വരെയുള്ള സംഭവങ്ങൾ ഒരു സിനിമ പോലെ കടന്ന് പോയി...

എനിക്ക് അപ്പോൾ അവളോട് ദേഷ്യമൊന്നും ഉണ്ടായിരുന്നില്ല...

അവൾക്ക് നല്ലൊരു ജീവിതം ഉണ്ടാകണം എന്ന പ്രാത്ഥന മാത്രം...

എങ്കിലും... എങ്കിലും മനസ്സിന്റെ ഏതെങ്കിലുമൊരു കോണിൽ അവൾക് എന്നോട് അല്പം സ്നേഹം ഉണ്ടായിരുന്നോ എന്ന ചിന്ത എന്ന വല്ലാതെ അലട്ടി...

ഈ കഴിഞ്ഞ എട്ട് ഒൻപത് മാസം അവൾ എന്ന ഒരു വെക്തി ജീവിച്ചിരിപ്പുണ്ടെന്ന് മനഃപൂർവം മറന്നു... അവഗണിച്ചു...

അവളോടുള്ള വെറുപ്പ് കൊണ്ടല്ല...

പക്ഷെ... ഒരു തവണ കൂടി അവളോട് അല്പം അടുത്താൽ... എനിക്ക് വിട്ടു കൊടുക്കാനാകില്ല എന്ന് പേടിച്ചാണ്...

എല്ലാം മറക്കാൻ അല്പം കുടിക്കണം എന്ന് തോന്നി...

ബാറിലേക്ക് പോയി... അവിടെ ആകെ ബഹള മയം...

ഒറ്റക്ക് ഇരിക്കാൻ തോന്നി... കുപ്പി വാങ്ങി സ്ഥിരം വെള്ളമടി സ്പോട്ടിൽ വന്നിരുന്നു...

എത്ര കഴിച്ചു എന്നറിയില്ല... ബോധം മറയുന്ന വരെ കുടിച്ചു... തലയുടെ ഭാരം ഇല്ലാതെ ആയ പോലെ...

അവിടെ തന്നെ മലർന്ന് കിടന്നു... നിലാവും നക്ഷത്രവും പോലും അവളായിരുന്നു... അതിന്റെ ഇടയിൽ ഞാൻ ഒഴുകി നടന്നു...

**************

അനുവിന്റെ പോയിന്റ് ഓഫ് വ്യൂ...

വരുൺ എന്നെ വീട്ടിൽ കൊണ്ട് വിട്ടിട്ട് രണ്ട് ദിവസം കഴിഞ്ഞു...

റൂമിൽ ബെഡിൽ കിടക്കുകയായിരുന്നു ഞാൻ... അധിക സമയവും റൂമിൽ തന്നെ ഞാൻ കഴിച്ച് കൂട്ടിയിരുന്നു...

ഓഫീസിൽ നിന്നും ഞാൻ ലീവ് എടുത്തു... പോയിട്ടും വലിയ കാര്യമില്ല... അവിടെ പോയാലും ജോലിയിൽ ശ്രദ്ധിക്കാൻ ആകില്ല എന്നത് കൊണ്ട് തന്നെ...

അച്ഛനും അമ്മയും എന്നോട് അധികം സംസാരിക്കില്ല... ഞാൻ തിരിച്ചും...

എന്നും സന്തോഷം നിറഞ്ഞു നിന്നിരുന്ന വീട് മരണ വീട് പോലെയായി... എല്ലാരുടെയും സന്തോഷം ഞാനായി തല്ലിക്കെടുത്തി...

അങ്ങനെ കിടക്കുമ്പോൾ ആണ് ഫോൺ ബെൽ അടിച്ചത്...

അണ്നോൺ നമ്പർ...

ഞാൻ കാൾ എടുത്തു...

"ഹെലോ... അനുക്കുട്ടി..." അങ്ങേ തലക്കൽ നിന്നും ശബ്ദം കേട്ടു...

ആ ശബ്ദം എന്നിൽ ഒരു വിറയൽ ഉണ്ടാക്കി...

ഒരുപാട് നാൾ ആയിരുന്നു അത് കെട്ടിട്ടെങ്കിലും ഒരിക്കലും ഞാൻ മറക്കാത്ത ശബ്ദം...

പണ്ടൊക്കെ കേൾക്കുമ്പോൾ ഒരുപാട് സന്തോഷിപ്പിച്ച ശബ്ദം... പക്ഷെ ഇന്ന് സന്തോഷം മാത്രം തോന്നിയില്ല...

"ഹലോ... അജിത്..."

"അപ്പോൾ ശബ്ദം മറന്നിട്ടില്ല..."

ഞാൻ ഒന്നും മിണ്ടിയില്ല...

"അജിത് എനിക്ക് തന്നെ അത്യാവശ്യമായി കാണണം..."

"അതിനെന്താ അനു കുട്ടി... കാണാമല്ലോ... അത് പറയാനാ ഞാൻ വിളിച്ചത്... ഞാൻ ഇപ്പോൾ ബാംഗ്ലൂർ ആണ്... നാളെ ഞാൻ തിരിക്കും...മറ്റെന്നാൾ നമുക്ക് കാണാം..."

"മറ്റെന്നാളോ..."

"അതെ മറ്റെന്നാൾ തന്നെ... എന്തേലും ബുദ്ധിമുട്ട് ഉണ്ടോ..."

"ഇല്ല..."

"എങ്കിൽ എന്റെ ഫ്രണ്ടിന്റെ ഒരു റെസ്റ്റോറന്റ് കം പാർലർ ഉണ്ട്... തന്റെ ടൗണിൽ... "ഗ്രേറ്റ് ഷെഫ്"... അവിടെ രാവിലെ ഒരു ഒൻപത് മണി ആയിട്ട് വാ..."

"ശരി... പക്ഷെ ഇത്തിരി കൂടി പ്രൈവസി ഉള്ള ഇടം മതിയാരുന്നു..."

"അത് കുഴപ്പമില്ല... അവിടെ അന്നത്തേക്ക് നമുക്ക് വേണ്ടി ഞാൻ ബുക്ക് ചെയ്തിട്ടുണ്ട്..."

"മ്മ്..."

"എന്താണ് ഒരു സന്തോഷമില്ലാത്തത്..."

"ഒന്നുമില്ല... വെക്കട്ടെ..."

"തിരക്കാണോ..."

"അതെ..."

"എങ്കിൽ മറ്റെന്നാൾ കാണാം..."

"ശരി..."

അജിത്തിനോട് സംസാരിച്ചു ഫോൺ വച്ച ശേഷം ഞാൻ വിശേഷങ്ങൾ ഷാനയെ വിളിച്ചു പറഞ്ഞു...

***********

കഥ ഒരു ഇനി മുതൽ ഒരു തേർഡ് പേഴ്സൺ വ്യൂവിൽ ആണ് പോകുന്നത് -

അനുവിനെ വിളിച്ചു വച്ച ശേഷം അജിത് അവന്റെ സുഹൃത്തായ ലിജോയെ വിളിച്ചു...

രണ്ട് ബെൽ അടിച്ചപ്പോളേക്കും അവൻ കാൾ എടുത്തു...

"അളിയാ... അജി..."

"ലിജു... മിഷൻ സക്സസ്... ഇര വന്ന് വീണു..."

"ആണോ... പൊളിച്ചു... മറ്റെന്നാൾ നമ്മുടെ കടയിൽ വരുമോ ആള്..."

"വരുമെടാ... നീ ബാക്കി ഉള്ളത് എല്ലാം അറേഞ്ച് ചെയ്യ്..."

"എടാ റൂം അല്ലേ... ബിൽഡിങ്ങിന് മുകളിലെ നിലയിൽ അങ്ങനെ ഒരു ബെഡ്റൂം സെറ്റ്അപ്പ് ആർക്കും അറിയില്ല... ഞങ്ങൾ നീ ഇല്ലാത്തപ്പോൾ പല തവണ പരുപാടി നടത്തിയതല്ലേ..."

"സ്ഥിരം ആണോടാ... ഞാൻ ബാക്കി മുന്ന് എണ്ണത്തിനെ കൂടി വിവരം അറിയിക്കട്ടെ..."

"ഡാ... അഞ്ചണ്ണം കയറി നിരങ്ങിയാൽ അവൾ ബാക്കി ഉണ്ടാകുമോ..."

"എന്റെ മോനെ... അവൾ ഒരു എമണ്ടൻ ചരക്കാണ്... അഞ്ചല്ലാ... പതിനഞ്ചു താങ്ങും അവൾ..."

"ഹ...ഹ്ഹ... എങ്കിൽ നമുക്ക് അങ്ങ് ആഘോഷിക്കാം..."

"ഡാ മോനെ... ഞാൻ അന്ന് രാവിലെ എത്തു... വരാൻ എങ്ങാണം വൈകിയാൽ കയറി പിടിക്കാൻ ഒന്നും നോക്കിയേക്കല്ലേ... അവളൊരു കുതിരയാണ്... മാർഷ്യൽ ആർട്സ് ഒക്കെ പഠിച്ചിട്ടുണ്ട്... അടിച്ചു നിന്റെയൊക്കെ അണ്ടം കലക്കി കളയും..."

"അതിനുള്ള സാധനം കരുതി വച്ചിട്ടുണ്ട്... "

"അപ്പോൾ പറഞ്ഞതൊക്കെ ഓർമ ഉണ്ട്... ഏതാടാ ഐസ്(മെത്) ആണോ അതോ എൽഎസ്ഡിയൊ..."

"എൽഎസ്ഡി... അതാകുമ്പോൾ 12 മണിക്കൂർ കഴിഞ്ഞ് ബോധം വന്നോളും... അപ്പോൾ ഒന്നും ഓർമ ഉണ്ടാവുകയുമില്ല... എപ്പടി..."

"ആഹാ... മിടുക്കൻ... എല്ലാം പഠിച്ചു വച്ചേക്കുവാണല്ലോടാ..."

"അളിയാ... അത് പിന്നെ അവൾക് എങ്ങാണം ബോധം വന്ന് എല്ലാരേം ഓർത്തെടുത്താൽ കുടുങ്ങില്ലേ... ഇതിപ്പോ നിന്നെ മാത്രമേ അവൾ കാണു ലാസ്റ്റ്... കാമുകൻ ആയോണ്ട് നീ എന്തേലും പറഞ്ഞു ഊരും... ഞങ്ങൾ പെടാൻ പാടില്ലല്ലോ..."

"ഡാ മക്കളെ... അങ്ങനെ ഒന്നും പെടത്തില്ല... അവളുടെ കെട്ടിയോനെ കളഞ്ഞാണ് അവൾ ഇപ്പോ എന്നെ തപ്പി വരുന്നത്..."

"സൊ... ഇത് വല്ലോം പുറത്ത് വന്നാൽ പ്രോബ്ലം അവൾക്ക് മാത്രമാണ്... ഞാൻ അവളെ കെട്ടാം എന്ന് പറയും... എന്നിട്ട് ഞാൻ നൈസ് ആയി ഒരു മുങ്ങ് മുങ്ങും..."

"എടാ എരണം കെട്ടവനെ... നിനക്ക് അതിന്റെ ഒക്കെ കാര്യം ഉണ്ടാരുന്നോ... "

"അളിയാ... അവൾ ഇപ്പോളും ഫ്രഷ് ആണ്... നായിന്റെ മോൾ പഠിച്ചിരുന്ന സമയം ഒന്ന് തൊടിച്ചിട്ടില്ല... കല്യാണം കല്യാണം എന്ന് പറഞ്ഞ് ഓടിക്കുമായിരുന്നു..."

"അവളോടുള്ള പൂതി മൂത്ത് കല്യാണത്തിന് പോലും ഞാൻ റെഡി ആയിരുന്നെടാ... കെട്ടിക്കഴിഞ്ഞു എന്നെ പറ്റി നല്ല ധാരണ ആകുമ്പോൾ അവൾ തന്നെ നൈസ് ആയി പോയേനെ... പക്ഷെ അപ്പോള വേറെ ഒരുത്തൻ കയറി വന്ന് എന്റെ പ്രതീക്ഷ തകർത്തത്..."

"അവൾക്കും അവനോടു ദേഷ്യം ഉള്ളത് കൊണ്ട് അവനെ അടുപ്പിക്കില്ല എന്ന് എനിക്ക് അറിയാമായിരുന്നു..."

"കഷ്ടകാലത്തിനു അപ്പോളാ മറ്റേ കേസ് ഉണ്ടായതും ഒളിവിൽ പോയതും... പിന്നെ പിടിക്കപ്പെട്ട് തല്ല് വാങ്ങി ഹോസ്പിറ്റലിൽ ആയിരുന്നപ്പോൾ ആണ് ഞാൻ അവളെ വിളിച്ചത്..."

"ഭാഗ്യത്തിന് പെണ്ണ് എന്റെ ആത്മഹത്യാ നാടകം തൊള്ള തൊടാതെ വിഴുങ്ങി..."

"അങ്ങനെ രണ്ടിനേം പിരിച്ചു...ഹ... ഹഹ... ഇത്രയും നാളും എന്നെകൊണ്ട് കാത്തിരുപ്പിച്ചല്ലേ... രണ്ടിനും ഒരു പണി ഇരിക്കട്ടെ..."

"അവളുടെ കെട്ടിയോൻ ഒരു മക്കുണൻ ആണോടാ അജി... ഐറ്റം പൊണ്ടാട്ടി ഉണ്ടായിട്ടും ഉപ്പ് നോക്കാത്ത പൊട്ടൻ..."

"ആകും ആകും..."

"അപ്പോൾ പറഞ്ഞ പോലെ... രാവിലെ എപ്പോളേക്ക് എത്തും... "

"ഒരു എട്ട് മണിക്ക് തന്നെ...ഞാൻ വെക്കുവാ... നമ്മുടെ പ്രഫുലിനെയും ലാലുനോടും കാര്യം പറയട്ടെ... നീ സാവിയെയോയെ വിളിച്ചു പറ..."

***********

അജിത്തിനെ കാണാൻ കൃത്യ സമയം തന്നെ ഒരു ലൈറ്റ് റെഡ് സാരീ ഉടുത്ത് അനു വീട്ടിൽ നിന്നും സ്കൂട്ടി എടുത്ത് ഇറങ്ങി...

പറഞ്ഞത് പോലെ തന്നെ കൃത്യം ഒൻപത് മണിക്ക് "ഗ്രേറ്റ് ഷെഫ്" റെസ്റ്റോറന്റിൽ വന്നു

ഫ്രണ്ട് ഡോർ കഴിഞ്ഞ് അവൾ ഉള്ളിലേക്ക് കയറിയപ്പോൾ ആരുമില്ല...

മിക്കവാറും ടേബിളിനു മുകളിലായി ചെയർ കയറ്റി വച്ചിട്ടുണ്ട്...

കണ്ടാൽ പ്രവൃത്തിക്കുന്ന ഒരു സ്ഥാപനം ആണെന്ന് തോന്നില്ല...

അനു ഉള്ളിലേക്ക് കയറി വരുന്നത് ലിജു കണ്ടിരുന്നു...

അജിത് ഇത് വരെ എത്തിയിട്ടില്ലായിരുന്നു... വിളിച്ചിട്ട് കിട്ടുന്നതുമില്ല...

"എന്റെ മോനെ ആറ്റം ചരക്ക് തന്നെ..." ലിജു കൂടെ ഉള്ളവരോടായി പറഞ്ഞു...

അനു വിളിച്ചപ്പോളും അജിത് ഫോൺ എടുത്തിരുന്നില്ല...

അനു ഉള്ളിലേക്ക് വന്നത് കണ്ട് ലിജു വന്ന് സ്വയം പരിചയപ്പെടുത്തികൊണ്ട് പറഞ്ഞു -

"ഹായ്... അനുപമ അല്ലേ... ഞാൻ ലിജു... അജിത് എത്തിയിട്ടില്ല... പുറപ്പെട്ടിട്ടുണ്ട്... വേഗം എത്തും എന്നാണ് പറഞ്ഞത്... അനുപമ വെയിറ്റ് ചെയ്യു..."

അവൻ അവൾക്ക് ഇരിക്കാൻ ഒരു ചെയർ നീക്കി ഇട്ടു കൊടുത്തു...

"ഈ ഷോപ്പിൽ ബിസിനസ് ഇല്ലേ ഇപ്പോൾ..."

"അതെന്താ അനുപമ അങ്ങനെ ചോദിച്ചത്..." ലിജു സംശയത്തോടെ ചോദിച്ചു...

"കണ്ടിട്ട് അങ്ങനെ ഫീൽ ചെയ്യുന്നു..."

"അത് ഇവിടെ ഉച്ചയോടെ ഓപ്പൺ ആകാറുള്ളു... ബ്രേക്ഫാസ്റ്റ് നമ്മൾ പ്രൊവൈഡ് ചെയ്യാറില്ല..."

"ഓഹ്... ആൾറൈറ്..."

ലിജു മുകളിലേക്ക് പോയി...

"ഡാ... അവൾക്ക് ചെറിയ സംശയം അടിച്ചിട്ടുണ്ടോ എന്ന് ഡൌട്ട്... നീ അജിത്തിനെ ഒന്നുടെ വിളിച്ചേ..."

"വിളിച്ചിട്ട് എടുക്കുന്നില്ല അളിയാ..." സാവിയോ പറഞ്ഞു...

"ഒത്തിരി നേരം അവളെ അവിടെ ഇരുത്താൻ ആകില്ല... നീ ആ പൊടി ഇങ് എടുത്തെ..."

"ലാലു ആ ജ്യൂസ് ഇങ് എടുത്തേ... ഇത് അതിൽ കലക്ക്..."

ലിജു പറഞ്ഞത് പോലെ അവർ ചെയ്തു...

ലാലു... പ്രഫുലെ... ഞാൻ ഇത് കൊടുക്കാം... അപ്പോളേക്കും നിങ്ങൾ കൂടി താഴേക്ക് വരണം...

സാവിയോ... നീ ആ ഷട്ടർ അങ്ങ് ഇടണം...ലിജു താഴേക്ക് ഇറങ്ങാൻ തുടങ്ങിയപ്പോൾ ആണ് ഫോൺ വന്നത്...

നോക്കുമ്പോൾ അജിത്തിന്റെ നമ്പർ ആണ്...

അവൻ ഫോൺ എടുത്തു...

"ഹലോ... അജി... നീ എവിടെയാ..."

"ഹലോ... ഇത് ആയാൾ അല്ല... പാലക്കാട് പോലീസ് സ്റ്റേഷനിൽ നിന്നുമാണ്... അജിത് സഞ്ചാരിച്ചിരുന്ന കാർ ആക്സിഡന്റിൽ പെട്ടു... അയാൾ ഹോസ്പിറ്റലിൽ ഐസിയുവിൽ ആണ്... ലാസ്റ്റ് ഡയൽ ചെയ്ത നമ്പർ ഇതായത് കൊണ്ട് വിളിച്ചു പറഞ്ഞതാണ്..."

"ഡാ... അജിക്ക് ആക്സിഡന്റ്... എന്ത് വേണം... ഇവളെ വിട്ടേക്കാനോ..."

"എന്റെ മോനെ... ഇമ്മാതിരി ഒരു പീസിനെ ഞാൻ ഇതിന് മുൻപ് കണ്ടിട്ട് പോലുമില്ല... വിടാനോ... അജിയോട് പോവാൻ പറ..." സാവിയോ പറഞ്ഞു...

"അളിയാ എന്റേം അഭിപ്രായം അതാണ് ..." ലാലു പറഞ്ഞു...

"ഡാ... അജി പോണേൽ പോട്ടെ... ചരക്ക് ലാസ്റ്റിൽ വല്ല കേസും കൊടുത്താലോ... " പ്രഫുലൻ സംശയം ഉന്നയിച്ചു...

"ഏയ്യ് അതില്ലടാ... അവളുടെ ജീവിതം ആൾറെഡി കോഞ്ഞാട്ടയാണ്... കാമുകന് വേണ്ടി കെട്ടിയോനെ കളഞ്ഞവൾ എന്ന പേര് ആൾറെഡി ഉണ്ട്... ഇനി എന്തേലും വന്നാൽ അവളുടെ തലയിലെ വരു... അത് കൊണ്ട് അവൾ മിണ്ടില്ല..." ലിജു മറുപടി കൊടുത്തു...

ലിജു ജ്യൂസുമായി അനുവിന്റെ അടുത്തേക്ക് പോയി...

"അജിത് വിളിച്ചോ..." അനു മുഷിച്ചിലോടെ ചോദിച്ചു...

"ദേ ഇപ്പോൾ വിളിച്ചതെ ഉള്ളു..." ലിജു കാൾ ലിസ്റ്റ് അനുവിനെ കാണിച്ചു കൊണ്ട് പറഞ്ഞു...

"അനുപമ ഈ ജ്യൂസ് കുടിച്ചു കഴിയുമ്പോളേക്കും അവൻ ഇങ് എത്തും..."

രാവിലെ വെള്ളം പോലും കുടിക്കാതെയാണ് അനു ഇറങ്ങിയത്...

നല്ല ദാഹം ഉണ്ടായിരുന്നത് കൊണ്ട് ജ്യൂസ് കിട്ടിയപ്പോൾ തന്നെ അവൾ മുഴുവനും കുടിച്ചു...

പെട്ടന്ന് തന്നെ അവൾക് തല ചുറ്റുന്നത് പോലെ തോന്നി...

അവൾ എണീക്കാൻ തുടങ്ങി...

ഉടനെ ബാക്കി ഉള്ളവർ എല്ലാവരും വന്ന് അവളുടെ ചുറ്റും നിരന്നു...

പാതി ബോധത്തിൽ അവൾക്ക് ആരാ എന്താണ് എന്നൊന്നും മനസ്സിലായില്ല...

അവൾ വല്ലാതെ വിയർക്കാൻ തുടങ്ങി...

വീഴാതെ ഇരിക്കാൻ കസേരയിൽ പിടുത്തമിട്ട് വാതിൽ ലക്ഷ്യം ആക്കി നടന്നു...

പെട്ടന്ന് കടയുടെ ഷട്ടർ അടച്ചു... ഇരുട്ട് വീണു... അത് ഒരു ഭീതിയുടെ കൊല്ലിയാൻ അവളുടെ പെരുവിരലിൽ നിന്നും തലയിലേക്ക് ഇരച് കയറി...

അവൾക് പേടി തോന്നി...

ആ നാല് പേരും അവളുടെ ചുറ്റിനും നിന്നു...

അവൾ അവരെ തള്ളി മാറ്റി എങ്ങോട്ട് എന്നറിയാതെ ഓടാൻ ശ്രമിച്ചു...

പക്ഷെ ഒന്നിനും ആരോഗ്യമില്ല... അവൾക്ക് ആകെ തളരുന്നത് പോലെ... ചുറ്റിനും അട്ടഹാസം കേൾക്കാം...

കുതറി പോകാൻ ശ്രമിച്ച അവളുടെ കയ്യിൽ ആരോ പിടുത്തമിട്ടു...

ആരൊക്കയോ ചേർന്നു അവളേ എടുത്ത് പൊക്കി ഒരു റൂമിൽ കൊണ്ടുപോയി...

"ആദ്യം ഞാൻ..."

"ക്യാമറ ഓൺ ആക്കഡാ..."

ഇങ്ങനെ നേർത്ത ശബ്ദങ്ങൾ അവൾ കേട്ടു...

ലിജു സാരീ തലപ്പ് അവളുടെ നെഞ്ചിൽ നിന്നും മാറ്റാൻ തുടങ്ങി... അർദ്ധ ബോധവസ്ഥയിൽ പോലും ഒരു ചെറുത്തു നിൽപ്പിന് അവൾ ശ്രമിച്ചു എങ്കിലും വിഫലമായിരുന്നു അത്...

ബ്ലൗസ്സിനുള്ളിൽ നിറഞ്ഞു നിന്ന അവളുടെ വിരിഞ്ഞ മാറിടവും, പൊക്കിൾ ചുഴിയും അതിന് താഴെയായി, താഴേക്ക് നിര പോലെ നനുത്ത ചെമ്പൻ രോമരാജിയും, അഴകാർന്ന അരക്കെട്ടും ലിജുവിന്റെയും കൂട്ടരുടെയും നിയന്ത്രണങ്ങൾ തെറ്റിച്ചു...

"എന്നെ... ഒന്നും ചെയ്യല്ലേ...വരുൺ... വരുൺ... രക്ഷിക്കണേ... " എന്ന് നേർത്ത സ്വരത്തിൽ അവൾ ഉരുവിട്ട് കൊണ്ടിരുന്നു...

"വരുണോ... ആരാടി നിന്റെ വരുൺ... നിന്റെ വേറെ സെറ്റപ്പ് ആണോ... ആരായാലും ഒരു മാറ്റവനും നിന്നെ രക്ഷിക്കാൻ ഇവിടെ വരില്ല..." ലിജു അലറി...

***********

അന്നും പതിവ് പോലെ രാവിലെ ഓഫീസിൽ പോകാൻ ഉള്ള തയ്യാറെടുപ്പിൽ ആയിരുന്നു വരുൺ...

വീട്ടിൽ ഒറ്റക്ക് ഇരുന്നാൽ അവളെ പറ്റിയുള്ള ചിന്തകൾ മനസ്സിനെ അലട്ടും...

അതിനാൽ അവൻ അനുവിനെ അവളുടെ വീട്ടിൽ കൊണ്ട് വിട്ട ശേഷം ഓഫീസിൽ പോകുന്നത് മുടക്കിയിട്ടില്ല...

അവൾ പോയെ പിന്നെ വീട് മരണ വീട് കണക്കാണ്... ആരും അങ്ങോട്ടും ഇങ്ങോട്ടും സംസാരിക്കാറു പോലുമില്ല...

രാവിലെ ബ്രേക്ക്ഫാസ്റ്റും കഴിച്ച് വരുൺ അല്പം നേരത്തെ തന്നെ ഇറങ്ങിയിരുന്നു...

പതിവിലും നേരത്തെ തന്നെ ഓഫീസിൽ എത്തി ജോലി തുടങ്ങി... നാട്ടിൽ നിൽക്കാൻ വലിയ താല്പര്യം ഇല്ലാത്തത് കൊണ്ട് ഒരു ട്രാൻസ്ഫർ ഒപ്പിച്ചു എടുക്കാൻ ഉള്ള തത്രപ്പാടിൽ ആയിരുന്നു അവൻ...

അതിനായി മോളിൽ ഉള്ളവരെ ഇമ്പ്രെസ്സ് ചെയ്യിക്കാൻ വേണ്ടി ആണ് ഈ നേരത്തെ തന്നെ വന്നുള്ള ജോലി ചെയ്ത്ത്... കൂടാതെ മിക്കവാറും ദിവസം താമസിച്ചാണ് ഇറങ്ങുന്നത് ...

ഇതൊക്കെ കൊണ്ട് അനുവിൽ നിന്നും ശ്രദ്ധ പരമാവധി മാറ്റി നിർത്താൻ അവൻ ശ്രമിച്ചു...

അന്ന് ഏകദേശം ഒരു പത്തു മണി ആയിക്കാണും ഓഫീസിൽ ടീ ബ്രേക്ക് ടൈമിൽ വരുണിന് ഷാനയുടെ കാൾ വന്നത്...

പൂതനയുടെ മുൻകാല കാമുകനുമായുള്ള മീറ്റിംഗ് ഇന്നാണ് എന്ന് ഷാന വിളിച്ചു വരുണിനോട് പറഞ്ഞിരുന്നു...

"എന്തേലും ന്യൂസ് കിട്ടിക്കാണും താത്തക്ക്... അതാണ് ഈ വിളി..."

അവൻ മനസ്സിൽ പറഞ്ഞു കൊണ്ട് ഫോൺ എടുത്തു...

"ഹലോ... വരുണേ... നീ വേഗം വരണം ... ടൗണിൽ കെഎം ഹോസ്പിറ്റലിൽ ഉണ്ട് ഞാൻ..."

"എന്താടി... നിനക്ക് എന്ത് പറ്റി... കാര്യംപറ... ടെൻഷൻ ആക്കാതെ..."

"എനിക്കല്ലടാ... അനു.. അനുവിനാ..."

"അയ്യേ... അവൾക്കോ... അവൾക് എന്താ പേയ് ഇളകിയോ..." അവൻ ചിരിച്ച് കൊണ്ട് ചോദിച്ചു...

"നിന്നെ വിളിച്ച എന്നെ പറഞ്ഞാൽ മതിയല്ലോ... നീ വരണ്ട... ഫോൺ വെക്കുന്നു... അവളുടെ വീട്ടിൽ വിളിച്ചു പറയട്ടെ..."

അതും പറഞ്ഞ് അവൾ വച്ചിട്ട് പോയി...

"എന്താണാവോ പൂതനക്ക്... പോയി ഒന്ന് അന്വേഷിച്ചാലോ???..."

********

ഓഫീസിലേക്ക് പോകുന്ന വഴിയാണ് ഷാന അനു പറഞ്ഞത് ഓർക്കുന്നത്...

ഷാനയും ഇത് വരെ അജിത്തിനെ കണ്ടിട്ടില്ലല്ലോ...

"ഒരു പക്ഷെ അജിത്തിനോട് സംസാരിക്കാൻ അവൾക് ഒരു സഹായം ആയാലോ..." അത് ചിന്തിച്ചു ഷാന അങ്ങോട്ട് പോകാൻ തീരുമാനിച്ചു...

"സമയം ഒൻപത് കഴിഞ്ഞിട്ടേയുള്ളു... ഇപ്പോ പോയാൽ കാണാൻ പറ്റുമാരിക്കും... എന്താരുന്നു അതിന്റെ പേര്... ആഹ്... കിട്ടി... ഗ്രേറ്റ് ഷെഫ്..."

ഷാന ഫോൺ  എടുത്ത് ഗൂഗിൾ മാപ്പിൽ ലൊക്കേഷൻ ഇട്ട് അവിടേക്ക് തിരിച്ചു...

ഉദ്ദേശം ഒൻപതര കഴിഞ്ഞപ്പോളേക്കും അവൾ അവിടെ എത്തി...

ഷാന നോക്കുമ്പോൾ അവിടെ പോലീസ് വണ്ടി കിടക്കുന്നു... കുറച്ച് ആളുകളും കൂടിയിട്ടുണ്ട്... പോലീസുകാർ കുറച്ച് പേര് താഴെ നിൽപ്പുണ്ട്...

"പടച്ചോനെ... അനുവിന് കുഴപ്പം ഒന്നും ഉണ്ടാവരുതേ..." അവൾ പ്രാർത്ഥിച്ചു കൊണ്ട് വണ്ടി പാർക്ക് ചെയ്ത് ഇറങ്ങി അങ്ങോട്ടേക്ക് നടന്നു...

അവിടേക്ക് നടക്കുന്നതിന്റെ ഇടയിൽ അനുവിന്റെ സ്കൂട്ടറും ഷാന ഒരു സൈഡിൽ ആയി ഇരിക്കുന്നത് കണ്ടു...

അവൾക്ക് ടെൻഷൻ കൂടിക്കൂടി വന്നു...

ഷാന വേഗം നടന്ന് അവിടെയുള്ള പോലീസ് വാഹനത്തിന് അടുത്തായി വന്നു...

അവിടെ ഒരു പോലീസുകാരൻ നിൽക്കുന്നത് കണ്ടവൾ ചോദിച്ചു...

"സർ... എന്താണ് ഇവിടെ പ്രശ്നം..."

അവളുടെ പരിഭ്രമവും മറ്റും കണ്ട് പോലീസുകാരന് ആകെ ഒരു വശപ്പിശക് തോന്നി...

അയാൾ തിരികെ ചോദിച്ചു -

"നീയെതാ കൊച്ചേ... ഇവിടെ എന്ത് നടന്നാൽ നിനക്ക് എന്താ... നിനക്കും ഈ ബിസിനസ്സിൽ പങ്കുണ്ടോ..."

അവൾക് ഒന്നും മനസ്സിലായില്ല... പക്ഷെ അയാളുടെ ചോദ്യം കെട്ട് അവൾക്കാകെ ദേഷ്യം വന്നു...

പക്ഷെ സമ്യപനം വിടാതെ അവൾ കാര്യം പറഞ്ഞു -

" സർ... എന്റെ പേര് ഷാന... ഞാൻ *#**# എന്ന കമ്പനിയിൽ വർക്ക് ചെയുന്നു... എന്റെ കൊളീഗ് അനുപമ ഇന്ന് ഇവിടെ അവളുടെ ഫ്രണ്ടിനെ കാണാൻ വരും എന്ന് പറഞ്ഞിരുന്നു...

ഓഫീസിലേക്ക് പോകുന്ന വഴി ഇവിടെ പോലീസ് വണ്ടിയും ആൾകൂട്ടവും കണ്ടപ്പോൾ ടെൻഷൻ... കൂടാതെ അവളുടെ വണ്ടിയും അവിടെ സൈഡിൽ ഇരിക്കുന്നുമുണ്ട്...

അനുവിന് എന്തെങ്കിലും അപകടം സംഭവിച്ചോ എന്ന് ടെൻഷൻ ആയി വന്നതാ... "

"മ്മ്... കുട്ടിക്ക് ബോധമില്ല... ആംബുലൻസ് വന്നാൽ ഉടൻ മാറ്റും...

ഇടക്ക് "വരുൺ..." എന്നും "ഒന്നും ചെയ്യല്ലേ..." "രക്ഷിക്കണേ..." എന്നും അബോധവസ്ഥയിലും കരയുന്നുണ്ടായിരുന്നു... എന്തോ മയക്ക് മരുന്ന് ആ കുട്ടിയുടെ ഉള്ളിൽ ചെന്നിട്ടുണ്ട്...

അത് കൊടുത്ത് മയക്കി പീഡിപ്പിക്കാൻ ഉള്ള ശ്രമം ആയിരുന്നു എന്നാണ് ഞങ്ങളുടെ സംശയം... പീഡനം നടന്നോ ഇല്ലയോ എന്ന് വൈദ്യ പരിശോധന നടത്തിയാലേ അറിയൂ...

അവന്മാർ മൂന്ന് നാല് പേര് ഉണ്ടായിരുന്നു... ഞങ്ങൾ വരുന്നത് കണ്ട് ഓടിക്കളഞ്ഞു...

പക്ഷെ ആ കുട്ടി "വരുൺ" എന്ന് പറഞ്ഞത് കൊണ്ട് ആ പേരുള്ളവൻ ആയിരിക്കണം അവളെ ഉപദ്രവിക്കാൻ ശ്രമിച്ചതിൽ ഒരാൾ...

അതാണോ ഈ അനുപമ കാണാൻ വന്ന ഫ്രണ്ടിന്റെ പേര്...??? കുട്ടിക്ക് അറിയാമോ???... "

ആ പോലീസുകാരൻ പറയുന്നത് കേട്ട് അവൾ ആകെ തരിച്ച് നിന്ന് പോയി...

അനുവിന് ഒന്നും സംഭവിച്ചു കാണരുതേ എന്ന് അവൾ ഉള്ളുരുകി പടച്ചതമ്പുരാനോട് അപേക്ഷിച്ചു...

"സർ... വരുൺ അവളുടെ ഹസ്ബൻഡ് ആണ്..."

"ഓഹോ അപ്പോൾ അവനും കൂടെ ചേർന്നുള്ള പീഡന ശ്രമം ആയിരിക്കണം..."

അവൾക്ക് അത് കേട്ടപ്പോൾ അയാൾക്കിട്ട് ഒരെണ്ണം കൊടുക്കാൻ ആണ് തോന്നിയത്...

പൊട്ടൻമാരേയും പോലീസിൽ എടുക്കുമോ എന്ന് മനസ്സിൽ ഓർത്ത് കൊണ്ട് അവൾ അയാളോട് പറഞ്ഞു...

"സർ... അപകടം വന്നപ്പോൾ ഭർത്താവിനെ ഓർത്ത് അവളെ വന്ന് രക്ഷിക്കാൻ കരഞ്ഞു പറഞ്ഞത് ആയിക്കൂടെ... വരുൺ അങ്ങനെ ഉള്ള ഒരാൾ അല്ല..."

"ആണോ... ഒരു പക്ഷെ അതാകും..."

"സർ... ഒരു കാര്യം കൂടി ചോദിച്ചോട്ടെ..."

അയാൾ എന്താ എന്ന അർത്ഥത്തിൽ അവളെ നോക്കി...

"സർ... നിങ്ങൾ എങ്ങനെ കൃത്യ സമയം ഇവിടെ എത്തി..."

"ഡ്രഗ് മാഫിയയുമായി ബന്ധം ഉള്ള കുറച്ച് ചെറുപ്പക്കാർ ഇവിടെ ഉണ്ടെന്ന് ഇൻഫോ കിട്ടിയിരുന്നു... കൂടുതൽ പറയാൻ ആകില്ല..."

"താങ്ക് യു സർ..."

സംസാരിച്ചു തീരുന്നതിനു മുൻപ് തന്നെ അവിടെ ഒരു ആംബുലൻസ് വന്ന് നിന്നു...

വേഗം തന്നെ അതിൽ നിന്നും ഒരു ഡോക്ടറും മറ്റ് സ്റ്റാഫും വന്ന് അനു കിടന്നിടത്തേക്ക് പോയി...

പോലീസുകാരന്റെ സമ്മതത്തോട് കൂടി ഷാനയും അവരോടൊപ്പം അനുപമ കിടന്നിരുന്നിടത്തേക്ക് പോയി...

ഒരു പോലീസുകാരൻ മുന്നിൽ നടന്ന് വഴി കാട്ടി... അവിടെ മുകളിലെ നിലയിൽ ഉണ്ടായിരുന്ന ഒരു റൂമിന് മുന്നിലായി അയാൾ നിന്നു, ശേഷം അകത്തേക്ക് ചൂണ്ടി...

ഷാന കരയുന്ന അവസ്ഥയിൽ എത്തിയിരുന്നു... അനു അവൾക്ക് കൂട്ടികാരിയോ സഹപ്രവർത്തകയോ മാത്രമല്ല... ഒരു സഹോദരി കൂടി ആയിരുന്നു...

അവൾ പതിയെ അകത്തേക്ക് നോക്കി...

ഒരു ഇളം ചുവപ്പ് സാരിയിൽ അനു ബോധം ഇല്ലാതെ കിടക്കുന്നു... സിഐ റാങ്കിൽ ഉള്ള ഒരു ഉദ്യോഗസ്ഥ അകത്ത് തന്നെ ഉണ്ടായിരുന്നു...

അനുവിന്റെ മുഖം കണ്ടപ്പോൾ ഷാനക്ക് അല്പം ആശ്വാസം തോന്നി...

അവരുടെ അനുവാദത്തോടെ ഡോക്ടർ അനുവിനെ പരിശോദിച്ചു...

ബ്രീത്തിങ് പൾസ് റേറ്റ് എല്ലാം ചെക്ക് ചെയ്തു ഡോക്ടർ ആ ഉദ്യോഗസ്ഥയോട് പറഞ്ഞു-

"ബ്രീതിങ് ഫെയിന്റ് ആണ്... പൾസും... ഡ്രഗ് ഓവർ ഡോസ് ആയിട്ടുണ്ട്... എത്രയും വേഗം ഹോസ്പിറ്റലിലേക്ക് മാറ്റണം നമുക്ക്... എന്ത് ഡ്രഗ് ആണെന്ന് അറിയണം..."

സിഐ അതിനുള്ള പെർമിഷൻ അവർക്ക് കൊടുത്തു...

അറ്റെൻഡേഴ്‌സ് അവളെ സ്ട്രെച്ചെറിലേക്ക് മാറ്റി ആംബുലസിനു അടുത്തേക്ക് നടന്നു...

ഷാന അവരോടു ഒപ്പം ഇറങ്ങാൻ തുടങ്ങിയപ്പോൾ സിഐ അവളെ വിളിച്ചു -

"താൻ ഏതാ... ആരോട് ചോദിച്ച ഇങ്ങോട്ട് വന്നത്..."

"ഞാൻ ആ കൊണ്ട് പോയ കുട്ടിയുടെ സുഹൃത്താണ് മേടം... താഴെ ഉണ്ടായിരുന്ന ഒരു സർ ആണ് പെർമിഷൻ തന്നത്..."

"മ്മ് ഓക്കേ..."

"മേടം... അനുവിന്... " ഷാന ചോദിക്കാൻ തുടങ്ങിയപ്പോളേക്കും അവളെ പകുതിക്ക് വച്ച് തടഞ്ഞു കൊണ്ട് അവർ പറഞ്ഞു -

"താൻ ചോദിക്കാൻ പോകുന്നത് എനിക്കറിയാം... ഭാഗ്യത്തിന് അവർ ആ കുട്ടിയെ ഉപദ്രവിക്കാൻ തുടങ്ങുന്നതിന് മുൻപേ ഞങ്ങൾ ഇവിടെ എത്തി... ഇപ്പോളാണ് അവന്മാർ ഷൂട്ട് ചെയ്യാൻ വച്ച ഒരു ഫോൺ കിട്ടിയത്... അതിൽ നാല് എണ്ണത്തിന്റെയും മുഖവും പതിഞ്ഞിട്ടുണ്ട്..."

"ഞാൻ കൂടി അനുപമയുടെ ഒപ്പം ഹോസ്പിറ്റലിലേക്ക് പൊയ്ക്കോട്ടേ..."

"കുട്ടിയിൽ നിന്നും കുറച്ച് കാര്യങ്ങൾ അറിയാനുണ്ട്... തത്കാലം പൊയ്ക്കോളൂ... ഹോസ്പിറ്റലിൽ ഉണ്ടാകുമല്ലോ... ഞാൻ അങ്ങോട്ടേക്ക് വരാം..."

ഷാന അവരോടു നന്ദി പറഞ്ഞു താഴെ എത്തിയപോളെക്കും ആംബുലൻസ് പോകാൻ തുടങ്ങി...

ഒരു പ്രെസ്സിന്റ വണ്ടിയും വന്ന് കിടപ്പുണ്ട്... മീഡിയക്കാർ പോലീസുകാരോട് എന്തെല്ലാമോ ചോദിക്കുന്നുണ്ട്...

സിഐ അപ്പോളേക്കും താഴേക്ക് വന്ന് അവരോട് സംസാരിക്കാനും തുടങ്ങി...

കൂടുതൽ നേരം വിവരങ്ങൾ മനസ്സിലാക്കാൻ കാത്ത് നിൽക്കാൻ ഇല്ലാത്തത് കൊണ്ട് അവൾ വേഗം കാർ എടുത്ത് അതിന്റെ പിന്നാലെ ഹോസ്പിറ്റലിലേക്ക് വിട്ടു...

ഹോസ്പിറ്റലിൽ എത്തി ആദ്യം അവൾ വരുണിനെ വിളിച്ചു...

കാര്യം എന്താ എന്ന് കേൾക്കുന്നതിനു മുൻപ് തന്നെ അനുവിനെ പറ്റി ആണെന്ന് അറിഞ്ഞപ്പോൾ ഉള്ള അവന്റെ പുച്ഛം കണ്ട് ദേഷ്യം വന്ന ഷാന ഫോൺ കട്ട് ചെയ്ത് അനുവിന്റെ വീട്ടിൽ വിളിച്ച് കാര്യങ്ങൾ പറഞ്ഞു...

********

അനു അബോധവസ്ഥയിൽ എന്തൊക്കയോ പുലമ്പുന്നുണ്ടായിരുന്നു...

ലിജുവും കൂട്ടരും അതൊക്കെ കണ്ട് മതി മറന്ന് നിന്നു...

"അവളുടെ ചുണ്ട് കണ്ടോടാ... ചോര കുടിക്കാം..."

അവൻ അവളുടെ മുഖത്തിന്റ അടുത്തേക്ക് അവന്റെ മുഖം ചേർത്ത് പിടിക്കാൻ തുടങ്ങി...

പെട്ടന്നാണ് വാതിലിൽ ഒരു മുട്ട് കേട്ടത്...

"നശിപ്പിച്ച്... നോക്കെടാ..."

ലാലു ചെന്ന് വാതിൽ തുറന്നു...

സാവിയോ ആയിരുന്നു... കതകിൽ മുട്ടിയത്...

അവനെ ആരേലും വരുന്നുണ്ടോ എന്ന് മുകളിൽ നിന്ന് നിരീക്ഷിക്കാൻ നിർത്തിയിരുന്നു...

അവൻ കിതക്കുന്നുണ്ടായിരുന്നു...

"ടാ... പുറത്ത് പോലീസ്... ഇങ്ങോട്ടേക്കു ആണെന്ന് ഉറപ്പാ... വേഗം രക്ഷപ്പെടണം..."

കേട്ടപാതി കേൾക്കാത്ത പാതി അവർ വേഗം അവിടെ നിന്നും ഇറങ്ങി ഓടി...

താഴെ ഉള്ള നിലയിൽ എത്തി പിൻവാതിൽ വഴി ഇറങ്ങി മതിൽ ചാടി രക്ഷപെട്ടു...

സിഐയുടെ നേതൃത്വത്തിൽ ഉള്ള സംഘം അകത്ത് കയറി പരിശോധന നടത്തിയപ്പോൾ ആണ് മുറിയിൽ അനു ബോധം ഇല്ലാതെ കിടക്കുന്നത് കണ്ടത്...

അവർ അവളുടെ സാരീ തലപ്പ് പിടിച്ചു നേരെ ഇട്ട് ആംബുലൻസ് വിളിച്ചു...

*********

ഷാന വിളിച്ച് വിവരം അറിഞ്ഞ ഉടനെ തന്നെ അനുവിന്റെ അച്ഛനും അമ്മയും ഹോസ്പിറ്റലിലേക്ക് എത്തിയിരുന്നു...

ആരെയോ കാണാൻ ഉണ്ടെന്ന് പറഞ്ഞ് രാവിലെ വീട്ടിൽ നിന്ന് ഇറങ്ങിയ മകൾ പെട്ടന്ന് ഹോസ്പിറ്റലിൽ ആണെന്ന് കേട്ടപ്പോൾ ആ അച്ഛനമ്മമാർ ആകെ പരിഭ്രാന്തരായി...

അവർ ഓടി റിസപ്ഷന്റെ അടുത്തായുള്ള വെയിറ്റിങ് ഏരിയയിൽ ഇരുന്ന ഷാനയുടെ അടുത്തേക്ക് എത്തി...

ഷാന അവരെ കണ്ടതും എണീറ്റ് അവരുടെ അടുത്തേക്കും നടന്നു...

"എന്താ മോളെ... എന്താ ഉണ്ടായത്..."

ഷാന എന്ത് പറയണം എന്ന് അറിയാത്ത അവസ്ഥയിൽ ആയിരുന്നു...

"അത്... അച്ഛാ... അനു..."

അവൾ തപ്പി തടഞ്ഞു പറഞ്ഞു കൊണ്ടിരുന്നപ്പോൾ വെയ്റ്റിംഗ് ഏരിയയിൽ വച്ചിരുന്ന ടിവിയിൽ നിന്നും ഫ്ലാഷ് ന്യൂസ് കേട്ടു...

"ഇപ്പോൾ കിട്ടിയ വാർത്ത...

മയക്ക് മരുന്ന് നൽകി അബോധാവസ്ഥയിൽ ആക്കി യുവതിയെ പീഡിപ്പിക്കാൻ ശ്രമം...

വാർത്തകൾ വിശദമായി...

*#**# ടൗണിലായി പൂട്ടിക്കിടന്ന റെസ്റ്റോറന്റിൽ യുവതിക്ക് മയക്ക് നൽകി അബോധാവസ്ഥയിൽ ആക്കി പീഡന ശ്രമം...

പോലീസ് കൃത്യ സമയത്ത് എത്തിയത് കൊണ്ട് യുവതിക്ക് അപകടം ഒന്നും സംഭവിച്ചില്ല എന്നാണ് ഞങ്ങളുടെ റിപ്പോർട്ടർക്ക് കിട്ടിയ വിവരം... പോലീസ് വരുന്നത് കണ്ട് പ്രതികൾ ഓടി രക്ഷപെട്ടു...

യുവതി, അജിത് എന്ന സുഹൃത്തിനെ കാണാനായി അയാൾ പറഞ്ഞത് അനുസരിച്ച് പൂട്ടിക്കിടന്ന റെസ്റ്റോറന്റിൽ വന്നതായിരുന്നു...

അപ്പോൾ ആണ് നാലാംഗ സംഘം മയക്ക് മരുന്ന് നൽകി അബോധാവസ്ഥയിൽ ആക്കിയ ശേഷം യുവതിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ചത്...

പീഡന ശ്രമം നടത്തിയ യുവാക്കൾ ഡ്രഗ് ഡിലേഴ്സും മയക്ക് മരുന്ന് മാഫിയ കണ്ണി അംഗങ്ങളും ആണെന്ന് പോലീസ് പറഞ്ഞു...

കർണാടക പോലീസിൽ നിന്നും ഇൻഫർമേഷൻ കിട്ടിയത് അനുസരിച്ചു സെർച്ചിന് വന്നപ്പോൾ ആണ് അവശ നിലയിലായ യുവതിയെ പോലീസ് കണ്ടെത്തിയത്...

ലിജു, സാവിയോ, ലാലു, പ്രഫുൽ എന്നി നാല് പേരാണ് പ്രതികൾ എന്ന് പോലീസ് പറഞ്ഞു...

ഇവർക്കായി തിരിച്ചിൽ ഊർജിതം ആക്കിയിട്ടുണ്ട് എന്നും എത്രയും വേഗം കണ്ടെത്തും എന്നും പോലീസ് വൃത്തങ്ങൾ അറിയിച്ചു... "

വാർത്ത കെട്ട് അവിടെ ഇരുന്ന ഒരു അമ്മാവൻ ഉറക്കെ വിളിച്ച് പറഞ്ഞു -

"അവൾ ആയിരിക്കും ആദ്യത്തെ ഉടായിപ്പ്... കഞ്ചാവടിച്ചു കിടന്നു കൊടുക്കാൻ പോയിക്കാണും...

കേട്ടില്ലേ കൂട്ടുകാരനെ കാണാൻ പൂട്ടിപ്പോയ റെസ്റ്റോറന്റിൽ ചെന്നു എന്ന്... ഇത് അത് തന്നെയാ കേസ്... ഇനി ഇവളെ ഒക്കെ പിടിച്ചു പുണ്യാളാത്തി ആക്കും..."

ഷാനക്ക് കൂടുതൽ ഒന്നും പറയൻ ഉണ്ടായിരുന്നില്ല... അവൾ പോലീസുകാരനോട് പറഞ്ഞ വിവരം ഉൾപ്പെടെ ന്യൂസിൽ വന്നിട്ടുണ്ട്...

അവൾ അനുവിന്റ അച്ഛന്റെയും അമ്മയുടെയും മുഖത്തേക്ക് നോക്കി...

ആ പാവങ്ങൾക്ക് തങ്ങളുടെ മകളെ പറ്റിയുള്ള വാർത്തയാണ് വന്നത് എന്ന് മനസ്സിലായില്ല...

"മോളെ... പറയു... അനുവിന് എന്ത് പറ്റി..."

"അച്ഛാ ആ വാർത്തയിൽ പറഞ്ഞത് അനുവിനെക്കുറിച്ചാണ്..." അവൾ ശബ്ദം താഴ്ത്തി പറഞ്ഞു...

ആ മാതാപിതാക്കൾ ശില പോലെ അവിടെ നിന്ന് പോയി...

വാർത്ത കണ്ട് അവിടെ ഇരുന്ന മൂപ്പിന്റെ ഡയലോഗ് ആണ് ആ അച്ഛന്റെ മനസ്സിലേക്ക് ഓടി വന്നത്...

"തന്റെ മകൾക്ക് തെറ്റ് പറ്റിയൊ... വാർത്തയിൽ പറഞ്ഞ സുഹൃത്തിന്റെ പേര്... അജിത്... അവളുടെ ഒപ്പം പഠിച്ച കുട്ടി... വിവാഹത്തിന് താല്പര്യം പ്രകടിപ്പിച്ച് ആദ്യം വന്നയാൾ... അവളുടെ വിവാഹ മോചനം... "

അദ്ദേഹം ഓരോന്നും അവിടെ ഇരുന്ന് ആലോചിക്കാൻ തുടങ്ങി...

"അനുവും വരുണും എന്തിന് പിരിയുന്നു എന്ന് കൃത്യമായി ഒരു ഉത്തരം അവനോ അവളോ തന്നിട്ടില്ല... ഒത്ത് പോകാൻ ആകാത്ത എന്ത് സാഹചര്യം ആണെന്ന് താൻ പലപ്പോഴും ഓർത്തിട്ടുണ്ട്..."

അദ്ദേഹം ഓരോ കണ്ണികൾ ആയി കൂട്ടി യോജിപ്പിച്ചു...

എല്ലാ സത്യവും അനുവിന്റെ അച്ഛന് മനസ്സിലായിരുന്നു...

"തന്റെ മകൾക്ക് അങ്ങനെ ഒരു തെറ്റായ ബന്ധം ഉണ്ടെങ്കിലോ" എന്ന ചിന്ത വരുണിനോട് ചോദിക്കുന്നതിൽ നിന്നും ആ അച്ഛനെ പിന്മാറ്റി...

എല്ലാം സ്വന്തം മകളോട് തന്നെ ചോദിക്കാൻ അദ്ദേഹം തീരുമാനിച്ചു...

********

അനുവിനെ ഐസുയിൽ അഡ്മിറ്റ് ചെയ്തിരുന്നു...

കുറെ ദിവസങ്ങളായുള്ള മാനസ്സീക സമർദ്ദവും ഉറക്ക കുറവും ഇപ്പോൾ അവളുടെ മനസ്സിൽ ആഴത്തിൽ ഏറ്റ മുറിവും ഡ്രഗ്സിന്റ ഓവർ ഡോസും എല്ലാം കൂടി ആയപ്പോൾ അവളുടെ ശരീരത്തിന് താങ്ങാവുന്നതിലും അധികം ആയിരുന്നു...

ഓക്സിജൻ മാസ്കും പൾസ് മോണിറ്ററും ട്രിപ്പും മറ്റും ഘടിപ്പിച്ചായിരുന്നു അവളെ കിടത്തിയിരുന്നത്...

അച്ഛനും അമ്മയും ഷാനയും ഐസിയു ഡോറിന് മുന്നിൽ അക്ഷമയോടെ കാത്തിരുന്നു...

അച്ഛന്റെ മനസ്സിൽ ഇത്രയും പ്രതീക്ഷയോടെ താൻ വളർത്തിയ മകൾക്ക് ഇങ്ങനെ ഒരു തെറ്റ് പറ്റിയൊ എന്ന സംശയമായിരുന്നു...

********

അനു അവളുടെ വീട്ടിൽ പോയതിന് ശേഷവും പതിവായി വരുണിന്റെ അമ്മ അനുവിനെ വിളിക്കും...

അവർ അത്രയും മരുമകളുമായി മാനസ്സികമായി അടുത്തിരുന്നു...

"അനു മോളെ വിളിച്ചിട്ട് രണ്ട് ദിവസമായി... ഒന്ന് വിളിച്ചു നോക്കട്ടെ..." സുഭദ്ര ഭർത്താവിനോടായി പറഞ്ഞിട്ട് അനുവിന്റ നമ്പറിൽ ഡയൽ ചെയ്തു...

ആദ്യം ഫുൾ ബെൽ അടിച്ചു നിന്നപ്പോൾ അവർ വീണ്ടും വിളിച്ചു...

കുറച്ച് സമയം ബെൽ അടിച്ചപ്പോൾ പരിചയം ഇല്ലത്ത ഒരു പുരുഷ ശബ്ദം...

അവർ നമ്പർ തെറ്റിയിട്ടില്ലല്ലോ എന്ന് ഉറപ്പാക്കിയതിന് ശേഷം ചോദിച്ചു -

"ഹലോ... ഇത് അനുപമയുടെ നമ്പർ അല്ലേ..."

"അതെ... ഞാൻ ടൌൺ പോലീസ് സ്റ്റേഷനിലെ എസ്ഐ ആണ്... ആ കുട്ടിയുടെ ഫോൺ ഇപ്പോൾ ഞങ്ങളുടെ കയ്യിൽ ഉണ്ട്... മടക്കി കൊടുക്കാൻ ഹോസ്പിറ്റലിലേക്ക് പോകുവാണ്..."

"അയ്യോ... അനുമോൾക് എന്ത് പറ്റി..." അവർ പരിഭ്രാന്തിയോട് ചോദിച്ചു...

"ആ കൊച്ചിന് ഒരു അപകടം... വാർത്ത വെച്ച് നോക്ക്... പേടിക്കണ്ട... ഇപ്പോൾ കുഴപ്പമില്ല..."

സുഭദ്ര  വരുണിന്റെ അച്ഛനോടും വിവരങ്ങൾ പറഞ്ഞു... അവർ വാർത്താ ചാനൽ വച്ചു നോക്കി...

വാർത്ത വെച്ചപ്പോൾ തന്നെ ഫ്ലാഷ് ന്യൂസ് കണ്ടു... അവർക്കും ഒരുപാട് ടെൻഷൻ ആയി... ആദ്യം അനുവിന്റെ അച്ഛനെയും അമ്മയെയും വിളിച്ചു കാര്യങ്ങൾ അന്വേഷിച്ച് നേരെ ഹോസ്പിറ്റലിലേക്ക് പോയി...

*************

വരുൺ ഓഫീസിൽ ജോലിയുടെ ഇടക്കും ഷാന എന്തിനാണ് വിളിച്ചത് എന്ന ആലോചനയിൽ ആയിരുന്നു...

ഇടക്ക് ഒന്ന് രണ്ട് തവണ അവൻ തിരികെ വിളിച്ചു നോക്കി എങ്കിലും അവൾ ഫോൺ എടുത്തില്ല...

ഉച്ചക്ക് ലഞ്ച് ബ്രേക്ക് ടൈമിൽ ഓഫീസിലെ കഫെയിൽ ഇരുന്ന് കഴിക്കുമ്പോൾ അവിടെ ഉള്ള ടീവിയിൽ വാർത്ത കണ്ട് വരുൺ ഒന്ന് ഞെട്ടി...

ഷാന അത്യാവശ്യമായി ചെല്ലാൻ പറഞ്ഞതിന്റെ കാരണം അപ്പോൾ ആണ് അവന് മനസ്സിലായത്...

ഉടനെ തന്നെ അവൻ പോകാൻ ഒരുങ്ങി എങ്കിലും താൻ അവളുമായി പിരിഞ്ഞതല്ലേ എന്ന ചിന്ത അവനെ ആ തീരുമനത്തിൽ നിന്നും പിൻവലിച്ച് കൊണ്ടേ ഇരുന്നു...

പക്ഷെ അവന് പിടിച്ച് നിൽക്കാൻ ആയില്ല...

എത്രയൊക്കെ വേണ്ടാ എന്ന് വെച്ചാലും അവൾക്ക് ഒരു അപകടം ഉണ്ടാകുമ്പോൾ കണ്ടില്ല എന്ന് നടിക്കാൻ അവന് ആകുമായിരുന്നില്ല...

ഭാര്യക്ക് ആക്സിഡന്റ് പറ്റി എന്ന് പറഞ്ഞു ലീവ് എടുത്ത് അവൻ ഹോസ്പിറ്റലിലേക്ക് പോയി...

*********

വരുൺ ഹോസ്പിറ്റലിൽ എത്തിയപ്പോൾ അനുവിന്റെ അച്ഛനും അമ്മയും അവന്റെ അച്ഛനും അമ്മയും ഷാനയും ഹോസ്പിറ്റലിൽ ഉണ്ട്...

അവനെ കണ്ട് നോക്കിയതല്ലാതെ ആരും ഒന്നും തന്നെ മിണ്ടിയില്ല...

അവൻ അനുവിന്റെ അവസ്ഥ അറിയാനായി നേരെ ഷാനയുടെ അടുത്തേക്ക് ചെന്നു...

അവൾക്ക് അവനോടു നല്ല ദേഷ്യം ഉണ്ടായിരുന്നത് കൊണ്ട് അവൻ അടുത്ത് എത്തിയപ്പോളും മൈൻഡ് ചെയ്തില്ല...

"ഷാന അനുവിന് എങ്ങനെ ഉണ്ട്..."

"നീ എന്തിനാ അതൊക്കെ തിരക്കുന്നത്... "

"ഷാന നീ കലിപ്പിടാതെ കാര്യം പറയെടി..."

"നീ പറഞ്ഞില്ലേ അത് തന്നെയാ സംഭവം... അവൾക് പേ ഇളകി... ഇപ്പോൾ ഐസിയുവിലാണ്..."

"ഡി... ഒരു അബദ്ധം പറ്റി... അത് വിട്ട് കള... അവൾക് എന്താ പറ്റിയത്..."

"നീ എന്തിനാ അത് തിരക്കുന്നത്... നിങ്ങൾ പിരിഞ്ഞില്ലേ... അവൾ നിന്റെ ആരും അല്ലല്ലോ..."

"നീ ചുമ്മാ നാടകം കളിക്കാതെ കാര്യം പറ..."

അവൾ അവനെ രൂക്ഷമായി ഒന്ന് നോക്കി...

"അപ്പുറത്തു മാറി നിന്ന് സംസാരിക്കാം..." അവൾ പറഞ്ഞു...

അവർ കുറച്ച് മാറി നിന്നു...

"ഡാ... അവളുടെ ഭാഗത്ത് ഒരുപാട് തെറ്റ് സംഭവിച്ചു... പക്ഷെ ഒരു പെണ്ണ് അല്ലേടാ അവൾ... നിന്റെ താലി ഇപ്പോളും അവളുടെ കഴുത്തിൽ കിടപ്പുണ്ടല്ലോ... അവൾ ഹോസ്പിറ്റലിൽ ആണെന്ന് അറിഞ്ഞപ്പോൾ എന്താ എന്ന് എങ്കിലും നിനക്ക് അപ്പോൾ തിരക്കാരുന്നു..."

"ഷാന... കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെന്ന് ഞാൻ അറിഞ്ഞില്ലല്ലോ..."

"അത് അറിയുന്നതിന് ആദ്യം ഒന്ന് തിരക്കണം... ആർക്കായാലും ഒരു അപകടം പറ്റി എന്ന് കേട്ടാൽ തിരക്കാൻ ഉള്ള മനോഭാവം കാണിക്കണം..."

"ഡീ ഞാൻ തിരക്കാൻ വന്നപ്പോൾ നീ ഫോൺ വെച്ച് പോയി... പിന്നെ വിളിച്ചിട്ട് എടുത്തോ..."

"നിന്നോട് അനു ഈ ഹോസ്പിറ്റലിൽ ആണെന്നു ഞാൻ പറഞ്ഞല്ലോ... വന്ന് ഒന്ന് തിരക്കാമായിരുന്നു..."

"ഇന്നലെ നീ അവളുടെ കാമുകനെ അവൾ രാവിലെ കാണാൻ പോകും എന്ന് വിളിച്ച് പറഞ്ഞു... നീ പറഞ്ഞില്ലേ എന്റെ താലി അവളുടെ കഴുത്തിൽ ഇപ്പോളും ഉണ്ടെന്ന്...

അത് കേൾക്കുമ്പോൾ ആ താലി കെട്ടിയ എന്റെ മനസ്സിൽ ഉണ്ടാകുന്ന വികാരം നിനക്ക് മനസ്സിലാകില്ല

അങ്ങനെ ഒരു സിറ്റുവേഷനിൽ മനസ്സ് നിൽകുമ്പോൾ എങ്ങനെ പ്രതികരിക്കും എന്ന് പറയാൻ ആകില്ല..."

"മ്മ്... പക്ഷെ അവൾ അവനെ എന്തിന് കാണാൻ പോയി അവൾ അവനോടു എന്താ സംസാരിക്കാൻ ഉദ്ദേശിച്ചത് എന്ന് നിനക്ക് അറിയാമോ..."

"എനിക്ക് അതറിയണ്ട കാര്യം എന്താ... ഒരു കോടതി ഉത്തരവ് വരുന്നത് വരെ മാത്രമേ ഈ ബന്ധത്തിന് ഇനി ആയുസ്സുള്ളൂ..."

"അങ്ങനെ ഒരു കോടതി ഉത്തരവ് കൊണ്ട് തീരുന്ന ബന്ധം അല്ല വിവാഹം... നിയമപരമായി അവസാനിക്കും... പക്ഷെ മനസ്സികപരമായി അവസാനിക്കണം എന്നില്ല..."

"അവൾ ഇഷ്ടപെടുന്ന ആളിന്റെ ഒപ്പം ജീവിക്കാൻ പോകുന്നു... അതോടെ മാനസ്സികപരമായുള്ള ബാധ്യതയും അവസാനിച്ചില്ലേ..."

"ഞാൻ തർക്കിക്കാൻ ഇല്ല... നീ പറയുന്നതിൽ ന്യായമുണ്ട്... ഒന്ന് അറിഞ്ഞോ... അവൾ ആരോടും പറയരുത് എന്ന് പറഞ്ഞതാണ്... പക്ഷെ നീ ഇപ്പോൾ അറിയണം...

നിന്നെ ഉപേക്ഷിച്ചു നിന്റെ ജീവിതം തകർത്ത് മറ്റൊരാളുടെ കൂടെ അവൾ ജീവിക്കില്ലായിരുന്നു... അജിത്തിനെ കണ്ട് അത് പറയാൻ വേണ്ടി തന്നെയാണ് അവൾ പോയത്...

നിനക്ക് ഒരിക്കലും അവളെ അംഗീകരിക്കാൻ ആവില്ല എന്ന് നീ പറഞ്ഞത് മനസ്സിലാക്കി ഇനിയും നിന്റെ ജീവിതത്തിൽ കടിച്ച് തൂങ്ങി ബുദ്ധിമുട്ടിക്കാതെ ഒഴിഞ്ഞു പോകാൻ മാത്രം ആണ് അവളുടെ തീരുമാനം...

എല്ലാവരെയും ചതിച്ചു മറ്റൊരാളുടെ കൂടെ സുഖിച്ചു വാഴാം എന്ന് അവൾ ആഗ്രഹിച്ചിട്ടുമില്ല..."

"എല്ലാം സമ്മതിച്ചു... പക്ഷേ അവൻ വീണ്ടും ആത്മഹത്യ ചെയ്യും എന്ന് പറഞ്ഞു നോക്കിയിരുന്നേൽ കാണാമായിരുന്നു..." വരുൺ കളിയാക്കുന്ന മട്ടിൽ ആണ് അത് പറഞ്ഞത്...

"നിന്റെ സംശയം ഞാനും ചോദിച്ചു... ഇനിയും അവൻ അങ്ങനെ പറഞ്ഞാൽ അവൾ പിന്നെ ജീവനോടെ ഉണ്ടാവില്ല എന്ന് പറഞ്ഞാണ് പോയത്...

പിന്നെ മാനവും ജീവനും നഷ്ടപ്പെടാൻ പോയ നിമിഷവും അവൾ നിന്റെ പേര് വിളിച്ചാണ് കരഞ്ഞത്...

ആ നിമിഷം അവളുടെ അച്ഛനേയോ അമ്മയേയോ അജിത്തിനെയൊ ഒന്നും ഓർത്തിട്ടില്ല...

ഒരു പെണ്ണ് അവളുടെ പുരുഷനായി ഒരാളെ മനസ്സിൽ കൊണ്ട് നടന്നാൽ മാത്രമേ അങ്ങനെ ഒരു സമയത്ത് അയാളുടെ മുഖം മാത്രം ഓർക്കുകയുള്ളു..."

"ഡീ... നിനക്ക് ഞങ്ങൾ ഒന്നിച്ചു കാണാൻ ആഗ്രഹം ഉണ്ടെന്ന് എനിക്കറിയാം... അതിന് വേണ്ടി നീ നുണ പറയണം എന്നില്ല..."

"നിനക്ക് വേണേൽ വിശ്വസിച്ചാൽ മതി... എനിക്ക് നുണ പറയണ്ട ആവിശ്യം ഒന്നുമില്ല..."

"ശരി... ഞാൻ വിശ്വസിക്കാം ... പക്ഷെ അവൾക് എന്നോട് സത്യം പറയാമായിരുന്നു... എന്ത് ന്യായം പറഞ്ഞാലും ഞാൻ ആ മെസ്സേജ് കാണുന്ന വരെ അവൾ സത്യം പറഞ്ഞോ..."

"നീ എന്താ കണ്ടത്... അവൾ പറഞ്ഞു... ലവ് യു എന്ന് മറ്റോ അവൻ അയച്ചത്... ബാക്കി ഒന്നും കണ്ടില്ലല്ലോ... നീ അത് ചോദിച്ചപ്പോൾ അവൾക്ക് ഈസി ആയി ആരോ ശല്യം ചെയ്യാൻ അയച്ചത് ആണെന്ന് പറഞ്ഞാൽ പോരെ...

ഒരു പെണ്ണിന്റെ പിന്നാലെ അങ്ങനെ എത്ര പേര് നടക്കും... നിന്നെ അത് പറഞ്ഞ് വിശ്വസിപ്പിച്ച് ചതിക്കാമായിരുന്നു...

പക്ഷെ അവൾ നിന്നോട് എല്ലാം പറയാൻ വേണ്ടി ഒരു അവസരത്തിനായി കാത്തിരുക്കുകയായിരുന്നു വരുൺ..."

"ഷാന... അവൾ ആ മെസ്സജുകൾ എല്ലാം എന്തിന് ക്ലിയർ ചെയ്യണം എങ്കിൽ... അത് ഒളിക്കാൻ അല്ലേ..."

"അല്ല... അവൻ വീണ്ടും അടുത്ത് തുടങ്ങിയപ്പോൾ പഴയ ആളെ പോലെ ആയിരുന്നില്ല സംസാരിച്ചിരുന്നത്... പലപ്പോഴും അതിരു വിട്ട സംസാരം...

അവൾക്ക് അത് അല്ലെങ്കിൽ തന്നെ ഉൾകൊള്ളാൻ ആകില്ല... അപ്പോൾ മറ്റുള്ളവരെ ചതിക്കുകയാണ് എന്ന ചിന്ത കൂടി ആയപ്പോൾ ആകെ അരോചകം ആയി തോന്നിയിരിന്നു...

നിനക്ക് ഇഷ്ടപെടാത്ത തരത്തിൽ ഉള്ള മെസ്സേജുകൾ നീ ഫോണിൽ സൂക്ഷിക്കുമോ..."

"ഇതൊക്കെ നിന്നോട് അവൾ പറഞ്ഞോ..."

"ഞാൻ ചോദിച്ച് അറിഞ്ഞു..."

"എടി... ഞാൻ ഒന്ന് ചോദിച്ചോട്ടെ... അവൾ എന്നോട് പറഞ്ഞതാണ് അവന്റെ ആത്മഹത്യാ ശ്രമത്തിന് ശേഷം അവൾ അവനുമായി അടുത്തു എന്ന്...

അതിന് ശേഷം അവർ വീണ്ടും അടുത്തു... സംസാരവും തുടങ്ങി എന്ന്... ഇതെല്ലാം അവൾ എന്നോട് പറഞ്ഞതാണ്...

അവൻ സംസാരിച്ചതിനെ പറ്റി നീ പറഞ്ഞു... അവൾ എന്ത് മറുപടി കൊടുത്ത് കാണും അതിനൊക്കെ... അവളുടെ ഭർത്താവായ ഞാൻ ഇതൊക്കെ എങ്ങനെ സഹിക്കും..."

"എടാ... നീ പറയുന്നത് എനിക്ക് മനസ്സിലാവും... സത്യത്തിൽ അവൾ തന്നെ ആണ് എല്ലാത്തിനും കാരണം... അവൾ നോ പറയേണ്ടിടത്തു നോ പറഞ്ഞില്ല...

ആ അജിത് സത്യത്തിൽ ചെയ്തത് ഇമോഷണൽ ബ്ലാക്മെയ്ൽ ആണ്... അവൻ നല്ലവൻ ഒന്നുമല്ല... അത് ഇന്ന് തെളിഞ്ഞല്ലോ...

പക്ഷെ ഞാൻ ഒന്ന് ചോദിക്കട്ടെ വരുൺ... നീ ഇന്ന് അവൾക്ക് ഇങ്ങനെ സംഭവിച്ചു എന്ന് അറിഞ്ഞപ്പോൾ വന്നു... നീ വിവരം തിരക്കുന്നു...

നീ അവളുമായി പിരിയാൻ പോകുന്നു... അവൾക് എന്ത് സംഭവിച്ചാലും നിനക്ക് എന്താണ്... നിന്നെ അവൾ സ്നേഹിച്ചിട്ടില്ല നിന്റെ മനസ്സിൽ... എന്നിട്ടും നീ വന്നു...

എന്ത് കൊണ്ട്??? ഉള്ളിന്റെയുള്ളിൽ നിനക്ക് അവളോട് സ്നേഹം ഉള്ളത് കൊണ്ട്... ഇത്രേം ആയിട്ടും, ഇപ്പോൾ നീ ചോദിച്ചത് ഉൾപ്പടെ നിന്റെ മനസ്സിൽ ഉണ്ടായിട്ടും നീ വന്നു...

അപ്പോൾ അവളുടെ കാര്യം ആലോചിച്ചേ... അവൾ അത്രയും സ്നേഹിച്ച ഒരാൾ...

അയാളുടെ കൂടെ ജീവിക്കണം എന്ന് അവൾ ആത്മാർഥമായി ആഗ്രഹിച്ചത് കൊണ്ടല്ലേ അവൾ വിവാഹത്തിന്റെ സമയം പോലും അത്രയും സാഹസം കാണിച്ചത്...

ആ അയാളുടെ ജീവൻ, അയാളുടെ ജീവിതം... ഇതെല്ലാം താൻ നിമിത്തം ഇല്ലാതെ ആയി എന്ന് അറിയുമ്പോൾ അവൾ എന്ത് ചെയ്യും??... നീ എന്ത് ചെയ്യും...??? "

"മറ്റൊരാളുടെ ജീവിതം തകർത്തിട്ട്... അവന്റെ വീട്ടുകാരെ വഞ്ചിച്ചു വേണമല്ലോ കാമുകനെ രക്ഷിക്കാൻ..."

"അവൾ ആരേം വഞ്ചിക്കാൻ ഉദ്ദേശിച്ചിട്ടില്ല... അവൻ ആദ്യം അങ്ങനെ പറഞ്ഞപ്പോൾ അവൾക്ക് എന്ത് വേണം എന്ന് അറിയാതെ ആയിപ്പോയി...

അവൾ അപ്പോൾ അയാളുടെ ജീവന് മുൻതൂക്കം കൊടുത്തു...

അതിന്റെ ഇടയിൽ അയാൾ വിളിച്ച് സംസാരിക്കുമായിരുന്നു... പക്ഷെ ഒരു മാസം മാത്രമേ അത് ഉണ്ടായിരുന്നുള്ളു എന്ന എന്നോട് പറഞ്ഞത്...

അതിന് ശേഷം അയാൾ സ്ഥിരമായി മെസ്സേജിങ് മാത്രം ആയിരുന്നു...

അവനെ നേരിൽ കണ്ട് സംസാരിച്ച് മനസ്സിലാക്കണം എന്ന് അവൾ ആഗ്രഹിച്ചിരുന്നു... പക്ഷെ അവളെ അയാൾ ആ ഒരു മാസത്തിനു ശേഷം വിളിച്ചിട്ട് കൂടി ഇല്ല...

അയാൾ ഗൾഫിൽ ആണ്... അതാണ് വിളിച്ചാൽ കിട്ടാത്തത്... മെസ്സേജ് അയക്കാൻ പറയും...

എന്തോ പുതിയ ബിസിനസ് ഒക്കെ അവിടെ തുടങ്ങാൻ വേണ്ടിയാണെന്ന്..."

"ഓഹ്... അപ്പോൾ എനിക്ക് ഇട്ട് വേല വെച്ച് ഗൾഫിൽ പോയി സുഖിക്കാൻ ആയിരുന്നു അവളുടെ പ്ലാൻ അല്ലേ..."

"എടാ... അവൾ അവനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു... പക്ഷെ അവളില്ലെ ചത്തു കളയും എന്ന ഭീഷണി മുഴക്കി ആണ് അവൻ മറുപടി കൊടുത്തിരുന്നത്...

ആൾറെഡി അവൻ  അത് ചെയ്യാൻ നോക്കിയില്ലേ...

എങ്കിലും അവസാനം എല്ലാം അവസാനിപ്പിക്കാൻ തന്നെയാണ് അവൾ പോയത്... അത് ഇങ്ങനെയും ആയി..."

"ഷാന... എല്ലാം ശരി... അവൾ ആണ് ആദ്യം പിരിയാം എന്ന് എന്നോട് പറഞ്ഞത്... ഞാൻ അത് അംഗീകരിച്ചു...

കാരണം എന്നെ ചതിക്കുന്ന ഒരുവളെ എനിക്ക് ചുമകക്കേണ്ടത് ഇല്ല എന്ന് ഉള്ളത് കൊണ്ട്...

പക്ഷെ അവൾ എന്നെ വിട്ട് അവന്റെ കൂടെ ജീവിക്കാൻ തന്നെയാണ് പദ്ധതി ഇട്ടത്... നീ ഇപ്പോൾ പറഞ്ഞ ഇതൊന്നും അവൾ എന്നോട് പറഞ്ഞിട്ടില്ല..."

"ഡാ... അവൾ ഇതൊക്കെ പറഞ്ഞാൽ നീ വിശ്വസിക്കുമായിരുന്നോ...???... ഇല്ല എന്ന് ഉറപ്പല്ലേ...

പിന്നെ നീ കണ്ട് പിടിച്ച സമയം അവനുമായി അവൾ വീണ്ടും അടുത്ത സമയം ആണ്... അന്ന് അവൾ അജിത്തിനെ ഓർത്ത് പറഞ്ഞു എന്നതും ശരിയാണ്...

പക്ഷെ പിന്നീട് അവന്റെ മാറ്റം... നിന്നെക്കുറിച്ചുള്ള ചിന്തകൾ... നിന്റെ അച്ഛനും അമ്മയും... അവൾക്ക് സ്വന്തം മാതാപിതാക്കളോടുള്ള സ്നേഹത്തിലും അധികം ആണ് അവരോടു ഉള്ളത്...

എല്ലാവരെയും ചതിക്കുന്നു എന്ന കുറ്റബോധം... എല്ലാം ആയപ്പോൾ അവൾ മാറി ചിന്തിച്ചു തുടങ്ങിയിരുന്നു..."

"മാറി ചിന്തിച്ചപ്പോൾ വൈകി ഷാന... കോടതി വിധി പറയുന്ന വരെ ആയുസ്സ് മാത്രം അല്ലേ ഈ ബന്ധത്തിന് ഉള്ളു... അതാണ് ശരിയും... ഉപ്പ് തിന്നവൻ വെള്ളം കുടിച്ചേ മതിയാകു..."

"ഒരവസരം കൂടി അവൾക്ക് കൊടുത്തുകൂടെ..."

അവൻ മറുപടി ഒന്നും പറഞ്ഞില്ല... അല്പം കഴിഞ്ഞ് ചോദിച്ചു -

"അതിരിക്കട്ടെ... അവൾക്കിപ്പോൾ എങ്ങനെ ഉണ്ട്... ഡോക്ടർ എന്ത് പറഞ്ഞു..."

"ഡോക്ടർ കുഴപ്പമില്ല എന്നാ പറഞ്ഞത്... ഐസിയുവിൽ നിന്ന് എപ്പോൾ മാറ്റാൻ ആകും എന്ന് പറഞ്ഞില്ല..."

അവർ മറ്റുള്ളവരുടെ അടുത്തേക്ക് നടന്നു...

*******

ഏകദേശം ആറു മണിക്കൂറിനു ശേഷമാണ് അനുപമയെ ഐസിയുവിൽ നിന്നും റൂമിലേക്ക് മാറ്റിയത്...

അപ്പോളും അവൾക്ക് ബോധം വീണ്ടട്ടുണ്ടായിരുന്നില്ല...

അടുത്ത ദിവസമേ ബോധം തെളിയു എന്ന് ഡോക്ടർ അറിയിച്ചു...

ഷാന വൈകിട്ട് വീട്ടിലേക്ക് പോയി... വരുണിന്റെ അച്ഛനും അമ്മയെയും മടക്കി അയച്ചു...

അനുവിന്റെ അച്ഛനും അമ്മയും ഹോസ്പിറ്റലിൽ തന്നെ നിന്നു...

ആരും പറഞ്ഞില്ല എങ്കിൽ കൂടിയും വരുണും നിന്നു...

അനുവിന്റെ അച്ഛൻ പൊയ്ക്കോളാൻ പറഞ്ഞു എങ്കിലും പ്രായമായവരെ തനിച്ച് അവിടെ ആക്കി പോകുന്നില്ല എന്ന മറുപടി അവൻ കൊടുത്തു...

പിറ്റേന്ന് വരുൺ ലീവ് ആക്കിയിരുന്നു...

രാവിലെ തന്നെ അവന്റെ അച്ഛനും അമ്മയും വന്നിരുന്നു...

വരുണിന്റെ അച്ഛനും അമ്മക്കും അപ്പോളും അവൾ ആരെയാണ് കാണാൻ പോയത് എന്ന സംശയം ബാക്കിയുണ്ട്...

പക്ഷെ അങ്ങനെ ഒരു സിറ്റുവേഷൻ ആയത് കൊണ്ട് ചോദിക്കാൻ നിന്നില്ല...

രാവിലെ അനുവിന് ബോധം തെളിഞ്ഞു... ഡോക്ടറോട് അവൾ എല്ലാവരെയും തിരക്കി...

എല്ലാവരും റൂമിലേക്ക് വന്നു...

അവൾക്ക് ജീവനോടെ ഉണ്ടെന്ന് തന്നെ വിശ്വസിക്കാൻ ആകുന്നുണ്ടായിരുന്നില്ല...

എല്ലാവരെയും ഒരു നിമിഷം അവൾ നോക്കി... അതിൽ വരുണിന്റെ മുഖം മാത്രമാണ് അവളുടെ കണ്ണുകളെ ഈറനണിയിച്ച് കടന്നുപോയത്...

അവൻ ഒന്നും മിണ്ടാതെ ഭാവ വ്യത്യാസം ഇല്ലാതെ അവളെ നോക്കി നിന്നു..

അപ്പോളേക്കും ഒരു നേഴ്സ് വന്ന് അവൾക്ക് ഇൻജെക്ഷൻ നൽകി... അനുവിന് ഫുഡ് കൊടുക്കണം എന്ന് പറഞ്ഞു...

വരുൺ അവൾക് കഴിക്കാനായി എന്തെങ്കിലും വാങ്ങാൻ വേണ്ടി കാന്റീൻ ലക്ഷ്യം ആക്കി നടന്നു...

നേഴ്സ് പോയപ്പോൾ അനുവിന്റെ അച്ഛൻ അവളുടെ ബെഡിൽ ഇരുന്നു...

അവൾ അദ്ദേഹത്തെ നോക്കി ക്ഷീണിച്ച ഒരു പുഞ്ചിരി സമ്മാനിച്ചു...

അദ്ദേഹം അവളുടെ മുടിയിൽ തഴുകികൊണ്ടിരുന്നു...

"മോളെ..." അദ്ദേഹം പതിയെ അവളെ വിളിച്ചു...

അവൾ എന്താ എന്ന അർത്ഥത്തിൽ അച്ഛനെ തന്നെ നോക്കിയിരുന്നു...

"എന്റെ മോൾക്ക് വയ്യാതെ കിടക്കുവാ എന്ന് അച്ഛന് അറിയാം... പക്ഷെ അച്ഛൻ ഈ കാര്യം മോളോട് ചോദിക്കാതെ ഇരിക്കാൻ ആകുന്നില്ല..."

അനുവിന് കാര്യം മനസ്സിലായിരുന്നു... അവൾ മനസ്സികമായി എല്ലാം പറയാൻ തയ്യാറെടുത്തു...

ഇനി ഒന്നും ആരോടും ഒളിച്ചു വെക്കാൻ അവൾക്ക് താല്പര്യം ഉണ്ടായിരുന്നില്ല...

വരുൺ അവളെ വീട്ടിൽ കൊണ്ട് വിട്ട ശേഷം പലപ്പോഴും അച്ഛനും അമ്മയും പിരിയുന്ന കാര്യത്തിൽ പോലും വരുണിനെ കുറ്റം പറഞ്ഞിരുന്നു...

അന്ന് അവൾ പ്രതികരിച്ചില്ല... പക്ഷെ ഇനിയും തന്റെ തെറ്റുകൾക്ക് ആ പാവം ആരുടെയും കുറ്റപ്പെടുത്തൽ ഏൽക്കുന്നത് കണ്ട് നിൽക്കാൻ അവൾക്ക് ആകുമായിരുന്നില്ല....

"അച്ഛൻ ചോദിച്ചോളൂ..."

"മോൾ എന്തിനാണ് അവിടെ പോയത്..."

"എന്റെ... ഒരു ഫ്രണ്ടിനെ... കാണാൻ..."

"അജിത് ആയിരുന്നോ അത്..."

"മ്മ്..." അച്ഛൻ ഇതൊക്കെ അറിഞ്ഞു എന്നത് അവൾക്ക് മനസ്സിലായില്ല...

"അച്ഛാ... "

അവൾ സത്യം പറയാൻ തയ്യാറെടുത്തു... റൂമിൽ അപ്പോൾ അവളുടെ അച്ഛനും അമ്മയും വരുണിന്റെ അച്ഛനും അമ്മയും ഉണ്ടായിരുന്നു...

വരുൺ ഡോറിന്റെ മുന്നിൽ എത്തിയിരുന്നു അപ്പോളേക്കും...

ഉള്ളിൽ സംസാരം കെട്ട് അവൻ പക്ഷെ അകത്തേക്ക് കയറി ഇല്ല... അവന് മനസ്സിലായിരുന്നു അവൾ എല്ലാം തുറന്ന് പറയാൻ പോകുവാ എന്ന്...

"അല്ലെങ്കിൽ തന്നെ വാർത്തയിൽ വരെ എല്ലാം വന്ന സ്ഥിതിക്ക് ഒളിച്ചുവെക്കാനായി ഇനി ഒന്നും ബാക്കിയില്ലല്ലോ..." വരുൺ മനസ്സിൽ ആലോചിച്ചു...

"അച്ഛാ... അജിത്തും ഞാനും... ഞങ്ങൾ തമ്മിൽ ഇഷ്ടത്തിൽ ആയിരുന്നു... വിവാഹ ശേഷവും എനിക്ക് അത് നിർത്താൻ ആയില്ല... വരുൺ അത് മനസ്സിലാക്കി... അതാണ് ഞങ്ങൾ പിരിഞ്ഞത്...

അവൻ ഒന്നും ചെയ്തിട്ടില്ല... പാവം ആണ്... എനിക്ക് വേണ്ടി ആരോടും സത്യം പറഞ്ഞില്ല എന്നേയുള്ളു..."

എല്ലാവർക്കും ഷോക്ക് ഏറ്റത് പോലെയായി...

അവളുടെ അച്ഛൻ ഒന്നും മിണ്ടാതെ തല കുനിച്ചു പുറത്തേക്ക് പോയി...

അദ്ദേഹത്തിന്റെ തൊട്ട് പിന്നാലെ അവളുടെ അമ്മയും...

അവർ ആകെ മാനസികമായി തകർന്നു പോയിരുന്നു...

പുറത്തേക്കിറങ്ങിയ അനു വിന്റെ അച്ഛൻ വരുണിന്റെ മുന്നിലേക്ക് ആണ് എത്തിപ്പെട്ടത്...

അദ്ദേഹം അവന്റെ മുഖത്തേക്കൊന്നു നോക്കി... എന്നിട്ട് തലതാഴ്ത്തി നടന്നകന്നു...

അവർക്ക് പിന്നാലെ വരുണിനെ അച്ഛനും അമ്മയും ഒന്നും മിണ്ടാതെ റൂമിനു പുറത്തേക്ക് നടന്നു...

വരുണിന്റെ അച്ഛനും അമ്മയ്ക്കും നല്ല ദേഷ്യം വന്നിരുന്നു...

ഇത്രയും സ്നേഹിച്ച... മോളെ പോലെ കൊണ്ടുനടന്ന അനു അവരെ ചതിക്കുമെന്ന് അവർ പ്രതീക്ഷിചിരുന്നില്ല...

പുറത്തേക്കിറങ്ങിയപ്പോൾ, വഴിയിൽ വരുണിനെ കണ്ട് അവർ ദേഷ്യത്തോടെ അവന്റെ മുഖത്തേക്ക് നോക്കി... അല്പം മാറി നിന്നു...

വരുൺ അനുവിന് ഭക്ഷണം കൊടുക്കാൻ അകത്തേക്ക് കയറി...

അവൾ കരയുകയായിരുന്നു... അവന്റെ മുഖം കണ്ടതും അത് കൂടിക്കൂടി വന്നു...

അവൻ ഒന്നും സംസാരിച്ചില്ല...

അവൻ കഴിക്കാൻ വാങ്ങിയത് അവിടെ വച്ച് പുറത്തേക്ക് നടന്നു...

മറ്റൊന്നും ചെയ്യാൻ അവന് അപ്പോൾ തോന്നിയില്ല... അവൾക്കല്പം സമയം തനിച്ചിരിക്കാൻ അനുവദിക്കുന്നത് ആണ് നല്ലത് എന്ന് അവൻ ഊഹിച്ചു...

കുറച്ച് കഴിഞ്ഞ് ഡോക്ടർ എത്തി... അവർ അനുവിനെ പരിശോദിച്ചു...

അത് കഴിഞ്ഞ് ഒരു സൈക്കോളജിസ്റ്റിനേ അങ്ങോട്ട് വിളിപ്പിച്ചു...

അവർ അവളോട് എന്തൊക്കയോ ചോദിച്ചു...

ഡോക്ടർസ് പുറത്തേക്ക് വന്നു...

അവർ പുറത്തേക്ക് വരുന്നത് കണ്ട് അനുവിന്റെ അച്ഛൻ അവിടേക്ക് നടന്നു...

"ഡോക്ടർ അവൾക്ക് എങ്ങനെയുണ്ട്..."

"പറയാം... കുട്ടിയുടെ അച്ഛൻ ആണല്ലേ... ഹസ്ബന്റിനെ കൂട്ടി റൂമിലേക്ക് വരു... കുറച്ച് കാര്യങ്ങൾ സംസാരിക്കണം..."

അത് കെട്ട് അനുവിന്റെ അച്ഛൻ വരുണിനെ നോക്കി...

അവന് അതിന്റെ അർത്ഥം അറിയുമായിരുന്നു...

അവർ ഒന്നിച്ചു ഡോക്ടറിന്റെ റൂമിലേക്ക് നടന്നു...

********

"അകത്തേക്ക് വരു..." അനുവിനെ പരിശോദിച്ച ഡോക്ടർ വിളിച്ചു പറഞ്ഞു...

വരുണും ചന്ദ്രശേഖരനും അകത്തേക്ക് ചെന്നു...

"ഡോക്ടർ... മോൾക്കിപ്പോൾ..."

"നിങ്ങൾ അവിടെ ഇരിക്കു..."

അവർ ഡോക്ടറുടെ മുന്നിലായി ഇട്ടിരുന്ന ചെയറിൽ ഇരുന്നു...

"വരുൺ... അല്ലേ... " ഡോകട്ർ വരുണിനെ നോക്കി ചോദിച്ചു...

"അതെ..."

"സീ... അനുപമക്ക് ആൾറെഡി എന്തൊക്കയോ പ്രോബ്ലെംസ് ഉണ്ടായിരുന്നു... പിന്നെ ഈ സംഭവം കൂടി അയപ്പോൾ അവളുടെ മനസ്സിനെ വല്ലാതെ പിടിച്ചു ഉലച്ചു കളഞ്ഞു...

അവളുടെ ഉള്ളിൽ കൊടുത്ത ഡ്രഗ്സ് എൽഎസ്ഡി എന്ന കെമിക്കലാണ്... അത് ഒരുപാട് ഉള്ളിലും ചെന്നു...

ഇമോഷണൽ ട്രൗമ കൂടാതെ അത് കൂടി ആയപ്പോൾ അവൾക്ക് മെന്റൽ ഡിപ്രെഷൻ ഉണ്ടായിട്ടുണ്ട്...

ഒപ്പം ഇന്നലെ നടന്ന സംഭവങ്ങൾ അവളെ വല്ലാതെ ഭയപ്പെടുത്തിയിട്ടുണ്ട്...

ഷി നീഡ്സ് കെയർ... അവളുട  മെന്റൽ സ്റ്റെബിലിറ്റി വീണ്ടു കിട്ടുന്നത് വരെ മനസ്സിൽ ഒരു സുരക്ഷിതത്തം അവൾക്ക് അനുഭവപ്പെടണം... "

"ഞങ്ങൾ എന്ത് ചെയ്യണം ഡോക്ടർ..." വരുൺ ചോദിച്ചു...

"നിങ്ങൾ തമ്മിൽ എന്തോ പ്രോബ്ലം ഉണ്ടെന്ന് അവൾ പറഞ്ഞു... ആൻഡ് യു ടു ആർ ലീവിങ് സെപ്രേറ്റലി... ബട്ട് ഷി നീഡ്സ് യു നൗ...

അവളെ ഇവിടെ കൊണ്ട് വന്നപ്പോൾ മുതൽ ബോധം തെളിഞ്ഞപ്പോൾ വരെ തന്റെ പേരാണ് പറഞ്ഞു കൊണ്ടിരുന്നത്...

ബോധം വന്നപ്പോൾ ആദ്യം തന്നെ കാണണം എന്നാണ് അവൾ പറഞ്ഞത് പോലും...

അവൾ പഴയത് പോലെ ആകുന്നത് വരെ എങ്കിലും യു ഹാവ് ടു ടേക്ക് കെയർ ഓഫ് ഹെർ... "

വരുൺ ഒന്നും മിണ്ടിയില്ല...

"എല്ലാരും എല്ലാം അറിഞ്ഞു... എന്റെ അച്ഛനും അമ്മയും പോലും... അവർക്ക് ഇനി അവൾ വരുന്നത് സ്വീകാര്യം ആകാൻ വഴിയില്ല..." അവൻ മനസ്സിൽ ആലോചിച്ചു...

വരുൺ ആലോചിക്കുന്നത് കണ്ടിട്ടോ മറ്റോ ഡോക്ടർ പറഞ്ഞു -

"സീ വരുൺ... എനിക്ക് നിങ്ങൾ തമ്മിലുള്ള പ്രശ്നം എന്താണ് എന്ന് അറിയില്ല...

ബട്ട് ഇപ്പോൾ അവൾക് വേണ്ട കെയർ കൊടുത്തില്ല എങ്കിൽ ഒരു പക്ഷെ അവൾക്ക് മെന്റൽ സ്റ്റബിലിറ്റി തന്നെ നഷ്ടമാകും... മോർ ഓവർ ഷി ഈസ് ഷോയിങ് സം സൂയിസൈടൽ സിംപ്റ്റംസ്..."

ഡോക്ടറുടെ സംസാരം കെട്ട് അനുവിന്റെ അച്ഛൻ വരുണിനെ നോക്കി...

അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു...

"ഡോക്ടർ എത്രനാൾ എടുക്കും എല്ലാം നോർമൽ ആയി വരാൻ..." വരുൺ ചോദിച്ചു...

"പറയാൻ ആകില്ല... മനസ്സിന്റെ കാര്യമല്ലേ... ഒരുപക്ഷെ ഒന്ന് രണ്ട് മാസം മതിയാകും..."

"മ്മ്... താങ്ക്സ് ഡോക്ടർ... ഇന്ന് ഡിസ്ചാർജ് ആക്കുമോ..."

"ഓഫ്കോഴ്സ്... കുറച്ച് ക്ഷീണം ഉണ്ടാകും... ട്രിപ്പ് തീർന്നാൽ കൊണ്ട് പോകാം... പോലീസ് മൊഴി എടുക്കാൻ വന്നിരുന്നോ..."

"ഇല്ല... "

"എങ്കിൽ അത് വരെ വെയിറ്റ് ചെയ്യണ്ട വരും..."

അവർ നന്ദി പറഞ്ഞ് റൂമിൽ പുറത്തേക്ക് വന്നു...

മറ്റുള്ളവർ അപ്പോളും അനു കിടന്ന റൂമിന് വെളിയിൽ ഉണ്ട്...

ഡോക്ടർ പറഞ്ഞത് മുഴുവൻ അവളുടെ അച്ഛൻ അവരോടായി പറഞ്ഞു...

എല്ലാം കേട്ട് വരുണിന്റെ അച്ഛൻ അവനോടു ചോദിച്ചു -

"എന്നിട്ട് നീ എന്ത് തീരുമാനിച്ചു..."

"അവൾക്ക് സമ്മതം ആണെങ്കിൽ എല്ലാം ശരി ആകുന്നത് വരെ അവൾ എന്റെയൊപ്പം നിൽക്കട്ടെ..."

"പറ്റില്ല..."

വരുണിന്റ അമ്മയാണ് പറഞ്ഞത്... ഉറച്ച സംസാരമായിരുന്നു അത്...

ഇതേ സമയം ഷാനയും അവിടെ എത്തിയിരുന്നു...

"എന്ത് പറ്റില്ല... "വരുൺ ചോദിച്ചു...

"അവളെ ഇനി നമ്മുടെ വീട്ടിൽ കൊണ്ടുവരാൻ പറ്റില്ല... ഞാൻ സമ്മതിക്കില്ല...

അവൾ നിന്നോടും ഞങ്ങളോടും ചെയ്തത് ക്ഷമിക്കാൻ ആകുന്ന തെറ്റല്ല...

നിങ്ങൾ പിരിയുകയാണല്ലോ എന്ന് ഓർത്താണ് ഞാൻ ഒന്നും ഇത് വരെ മിണ്ടാതെ നിന്നത്..."

"അമ്മേ ഇത് എന്റെ തീരുമാനമാണ് തത്കാലം അവളെ ഒപ്പം നിർത്താം എന്ന്... പിരിയുന്ന തീരുമാനത്തിൽ നിന്നും ഞാൻ മാറിയിട്ടില്ല..."

"വേണ്ട... ഒരു ദിവസത്തേക്ക് പോലും അവളെ അവിടേക്ക് കൊണ്ടുവരേണ്ട..."

"അമ്മേ..." വരുൺ എന്തോ പറയാൻ തുടങ്ങിയപ്പോളേക്കും അനുവിന്റെ അച്ഛൻ അവനെ തടഞ്ഞു...

"വേണ്ട... എന്റെ മോൾ ആർക്കും ഒരു ബാധ്യത ആവില്ല... അവളെ നോക്കാനും സംരക്ഷിക്കാനും എനിക്കറിയാം... അഭിമാനം കളഞ്ഞു അവളെ എങ്ങോട്ടും വിടുന്നില്ല..."

വരുണിന് ഇതെല്ലാം കേട്ട് ആകെ ദേഷ്യം വന്നു...

"നിർത്ത്..." അവൻ ശബ്ദം കുറച്ച് ആണ് പറഞ്ഞത് എങ്കിലും വളരെ ആജ്ഞാശക്തിയോട് കൂടിയാണ് അത് പറഞ്ഞത്...

എല്ലാവരും അവനെ തന്നെ ശ്രദ്ധിക്കാൻ തുടങ്ങി...

"നിങ്ങൾ നാല് പേരാണ് ഇതിനെല്ലാം കാരണം... " വരുൺ രണ്ട് പേരുടെയും അച്ഛനമ്മമാരോടായി പറഞ്ഞു...

അവൻ അനുവിന്റെ അച്ഛന്റെ നേർക്ക് തിരിഞ്ഞു-

"നിങ്ങൾക് നിങ്ങളുടെ മകളെക്കാട്ടിലും വലുത് നിങ്ങളുടെ കോംപ്ലക്സും ദുരഭിമാനവും ആയിരുന്നു...

നിങ്ങൾ എപ്പോൾ എങ്കിലും നിങ്ങളുടെ മകളുടെ ഇഷ്ടം തിരക്കിയിട്ടുണ്ടോ...

നിങ്ങളുടെ ഈ കോംപ്ലക്സും പൊങ്ങച്ചവും അവൾക് ഒരു ബാധ്യത ആയത് നിങ്ങൾ അറിഞ്ഞോ...

അവൾക് വിവാഹം ആലോചിച്ചു തുടങ്ങിയപ്പോൾ ഒരിക്കൽ എങ്കിലും നിങ്ങൾ അവൾക്ക് ആരോട് എങ്കിലും ഇഷ്ടം ആണോ എന്ന് ഒരു വാക്ക് ചോദിച്ചിട്ടുണ്ടോ...

ഒരുപക്ഷെ നിങ്ങൾ അവളെ ഒരുമാതിരി മറ്റുള്ളവരുടെ മുന്നിൽ നിങ്ങൾക്ക് പൊങ്ങച്ചം കാണിക്കാനുള്ള പ്രദർശന വസ്തു ആക്കാതെ ഇരുന്നു എങ്കിൽ ഇങ്ങനെ ഒന്നും വരില്ലാരുന്നു...

അവളുടെ ഇഷ്ടം മനസ്സിലാക്കി വേണ്ട വിധത്തിൽ അന്വേഷിച്ച് നല്ലതാണ് എങ്കിൽ നടത്തി കൊടുക്കണമായിരുന്നു...

അതല്ല മോശം ആണെങ്കിൽ അവളോട് പറഞ്ഞു മനസ്സിലാക്കി കൊടുത്താൽ അവൾക്കത് സ്വീകാര്യം ആയേനെ...

ഇതൊന്നും ചെയ്യാതെ നിങ്ങളുടെ ഇഷ്ടത്തിന് എന്തൊക്കയോ കാട്ടിക്കൂട്ടി...

എന്നിട്ട് അവൾ ഈ നിലയിൽ ആയപ്പോളും ദുരഭിമാനം കെട്ടിപിടിച്ചു ഇരിക്കുന്നു...

ഒന്ന് ചോദിച്ചോട്ടെ... അന്ന് വിവാഹം മുടങ്ങിയിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു...

അവൾക്ക് പിന്നീട് ആയിരുന്നു എങ്കിലും നല്ലൊരു ആലോചന വന്നേനേ...

ഇന്ന് അവളുടെ ഈ അവസ്ഥക്ക് പ്രധാന കാരണം നിങ്ങളാണ്..."

അത്രയും പറഞ്ഞു വരുൺ അവന്റെ അച്ഛന്റെയും അമ്മയുടെയും നേരെ തിരിഞ്ഞു...

"നിയപരമായി ബന്ധം ഇപ്പോളും വേർപെട്ടിട്ടില്ല... എന്റെ താലി തന്നെയല്ലേ അവളുടെ കഴുത്തിൽ കിടക്കുന്നത്...

അത് കൊണ്ട് അവളുടെ കാര്യത്തിൽ എനിക്ക് കുറച്ച് ഉത്തരവാദിത്തം ഉണ്ട്...

പിന്നെ നിങ്ങളെ അവൾ എന്ത് ചതിച്ചു എന്നാ... നിങ്ങളോട് അവൾ കാണിച്ച സ്നേഹം അഭിനയം ഒന്നും ആയിരുന്നില്ല...

അവൾ ചതിച്ചത് എന്നെ മാത്രം ആണ്... ആ എനിക്ക് അത് കുഴപ്പമില്ല എങ്കിൽ നിങ്ങൾക്ക് എന്താ...

ഒന്നുമില്ലേലും വേലയും കൂലിയും ഉത്തരവാദിത്തവും ഇല്ലാതിരുന്ന എന്നെ ഇങ്ങനെ മാറ്റിയെടുത്തത് അവളല്ലേ...

നിങ്ങൾക്ക് അങ്ങനെ നോക്കുമ്പോൾ അവളെക്കൊണ്ട് ലാഭം മാത്രം അല്ലേയുള്ളു...

പിന്നെ ചെറുപ്പം മുതലേ ഒന്നിനും കൊള്ളില്ല പടു വാഴയായി അല്ലേ നിങ്ങൾ എന്നെ കണ്ടത്...

അന്ന് എനിക്ക് വേറെ നല്ല പെണ്ണിനെ കിട്ടില്ല എന്ന് ഉറപ്പുള്ളത് കൊണ്ടും കൂടി അല്ലേ നിങ്ങൾ എല്ലാം അതിന് കൂട്ടു നിന്നത്... എന്റെ ഭാവി സേഫ് ആക്കാൻ...

ഇത്രേം നാളും മോളെ പോലെ നിങ്ങൾ കൊണ്ട് നടന്നവൾ അല്ലേ അവൾ... ഒന്നോ രണ്ടോ മാസം സഹിക്കാൻ നിങ്ങൾക്ക് ആവില്ലേ..."

വരുൺ അത്രയും ചോദിച്ചു തീർന്നപ്പോൾ ആർക്കും ഉത്തരം ഉണ്ടായിരുന്നില്ല...

ഷാന ഇതെല്ലാം കേട്ട് സന്തോഷിച്ചു... വരുണിന്റെ സംസാരം അവൾക് നന്നായി ബോധിച്ചിരുന്നു...

അവൾ അനുവിന്റെ റൂമിന്റെ അകത്തേക്ക് കയറി...

അവൾ അപ്പോളും തളർന്നു കണ്ണ് അടച്ച് കിടക്കുകയായിരുന്നു...

മുഖം ആകെ ചുവന്ന്... കണ്ണുനീർ രണ്ട് വശത്തേക്കും ചാലിട്ട് ഒഴുകുന്നുണ്ടായിരുന്നു...

ഷാന വന്നത് അറിഞ്ഞു അവൾ കണ്ണ് തുടച്ച് മുഖത്ത് ഒരു പുഞ്ചിരി വരുത്തി എണീറ്റിരുന്നു...

"എന്തിനാടി കരയുന്നത്..."

"സന്തോഷം കൊണ്ടാണെടി... എനിക്കിപ്പോൾ ഒരുപാട് സന്തോഷം തോന്നുന്നു... ടെൻഷൻ എല്ലാം മാറി... എല്ലാവരും എല്ലാം അറിഞ്ഞു... "

"മ്മ്... സാരമില്ല... നീ എന്തെങ്കിലും കഴിച്ചോ..."

"എനിക്ക് വേണ്ടടി... വിശപ്പില്ല... ഷാനാ... ഞാൻ ഇപ്പോ എല്ലാവരുടെയും മുന്നിൽ മോശക്കാരി ആണല്ലേ..."

ഷാനക്ക് അവളോട് എന്ത് മറുപടി കൊടുക്കണം എന്ന് അറിയില്ലായിരുന്നു...

"നീ പറയണ്ട... എനിക്ക് സത്യം അറിയാം... ഞാൻ അത് അർഹിക്കുന്നുണ്ട്... എല്ലാവർക്കും ഇനി മിടുക്കി എന്ന പേര് മാറ്റി ഓമനത്തമുള്ള മറ്റൊരു പേര് എന്നെ വിളിക്കാം "അവിഹിതക്കാരി" അതും അല്ലെങ്കിൽ "വേശ്യ "... "

വീണ്ടും അവളുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകിത്തുടങ്ങി...

ഷാനയുടെ കണ്ണുകളും ഈറനായി... അവൾ വേഗം വിഷയം മാറ്റാൻ ശ്രമിച്ചു -

"നീ ഒന്നും പറഞ്ഞാൽ പറ്റില്ല... വല്ലോം കഴിക്കണം... ഭക്ഷണം വാങ്ങിട്ടുണ്ടോ ആരെങ്കിലും... ഇല്ലാ എങ്കിൽ ഞാൻ പോയി ഭക്ഷണം വാങ്ങിയിട്ട് വരാം... "

അനു വരുൺ വാങ്ങി വച്ച ഭക്ഷണപൊതിയിലേക്ക് കണ്ണ് കാണിച്ചു...

ഷാന അത് തുറന്ന് അവൾക്ക് വാരിക്കൊടുക്കാൻ തുടങ്ങി...

അനുവിന്റെ അമ്മയും അങ്ങോട്ടേക്ക് വന്നു...

"ആഹാ... ഷാന മോളോ... ഞാൻ എത്ര തവണയായി എന്തെങ്കിലും കൊടുക്കാൻ നോക്കുന്നു എന്നോ... മോള് വന്നത് കാര്യമായി..."

ഷാന അമ്മയെ നോക്കി ചിരിച്ചു...

അവൾ പിന്നീട് അവിടെ തന്നെ സമയം ചിലവിട്ടു...

ഉച്ച കഴിഞ്ഞപ്പോളേക്കും പോലീസ് അനുവിന്റെ മൊഴി എടുക്കാനായി വന്നു...

ഷാനക്ക് ആളെ കണ്ടപ്പോളെ മനസ്സിലായി... തലേന്ന് അവൾ സംസാരിച്ച സിഐ ആയിരുന്നു വന്നത്...

പോലീസ് വന്നപ്പോൾ വരുണും ഉള്ളിലേക്ക് കയറി...

പോലീസിനെ കണ്ടപ്പോൾ അനുവിന് ഭയം തോന്നി... പക്ഷെ വരുണിനെ കണ്ടപ്പോൾ അവൾക്ക് ആശ്വാസമായി...

ആ ഉദ്യോഗസ്ഥയും അനുവിന് ആശ്വാസം ആണെന്ന് കണ്ട് വരുണിനെ അവിടെ തുടരാൻ അനുവദിച്ചു...

അവർ അവളെ ഉപദ്രവിക്കാൻ ശ്രമിച്ച നാല് പേരുടെയും ഫോട്ടോ കാണിച്ചു...

ലിജുവിന്റ മുഖം മാത്രമാണ് അനുവിന് അല്പം ഓർമ ഉണ്ടായിരുന്നത്... പോലീസ് മൊഴി എടുത്ത് പോയതിനു ശേഷം അനുവിന് ഡിസ്ചാർജ് അനുവദിച്ചു...

അപ്പോളേക്കും വരുണിന്റെ അച്ഛനും അമ്മയും  വീട്ടിലേക്ക് പോയിരുന്നു...

സാധങ്ങൾ എടുത്ത് അനുവിന്റെ അച്ഛൻ മുന്നിൽ നടന്നു...

ഷാനയും അമ്മയും അനുവിനെ താങ്ങി പിന്നാലെയും വന്നു...

വരുൺ തിരികെ വീട്ടിൽ പോയി എന്നാണ് അവൾ കരുതിയത്...

പുറത്തേക്ക് ഇറങ്ങിയപ്പോൾ അനുവിന് ഒരുപാട് വിഷമം തോന്നി...

അവളുടെ മനസ്സിൽ ഇനി വരുണിനെ കാണണം എങ്കിൽ ഡിവോഴ്സിന്റെ അന്ന് കോടതിയിൽ ആയിരിക്കും എന്ന ചിന്ത വന്നപ്പോൾ കണ്ണുകൾ അറിയാതെ തന്നെ നിറഞ്ഞൊഴുകി...

അപ്പോളാണ് ഹോസ്പിറ്റലിന്റെ പോർച്ചിൽ വരുണിന്റെ കാർ വന്നു നിന്നത്...

അവൻ വേഗം പുറത്തിറങ്ങി സാധനങ്ങൾ അനുവിന്റെ അച്ഛന്റെ കയ്യിൽ നിന്നും വാങ്ങി വണ്ടിക്കുള്ളിൽ വച്ചു...

എന്നിട്ട് അനുവിനെ താങ്ങി പതിയെ വണ്ടിയുടെ മുൻ സീറ്റിൽ ഇരുത്തി...

അവൻ എല്ലാവരോടും യാത്ര ചോദിച്ചു കൊണ്ട് ഇറങ്ങി...

അനുവിന് വിശ്വസിക്കാൻ ആയില്ല നടന്നത്... അവൾ സ്വപ്നം കാണുകയാണോ എന്ന് വരെ ചിന്തിച്ചു പോയി...

ഡോക്ടർ പറഞ്ഞത് ഒന്നും അവൾ അറിഞ്ഞിട്ടില്ലായിരുന്നു... വരുണിനോട് ഒത്തുള്ള ഈ പോക്ക് താൽക്കാലികം ആണെന്നും...

അവൻ ഒന്നും മിണ്ടുന്നില്ലായിരുന്നു...

അവൾക്ക് ദിവസങ്ങൾക്കു ശേഷം അതിയായ സന്തോഷം തോന്നി...

അവൾ ഒന്നും മിണ്ടാതെ പുറത്തേക്ക് നോക്കിയിരുന്നു...

അവൾ പോലും അറിയാതെ അവളുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു...

***********

അജിത് ബാംഗ്ലൂരിൽ നിന്നും കേരളത്തിലേക്ക് വന്നു കൊണ്ടിരിക്കുകയായിരുന്നു...

കാറിൽ ഒറ്റക്ക് ഡ്രൈവ് ചെയ്യതാണ് അവൻ വന്നു കൊണ്ടിരുന്നത്...

പാലക്കാട് എത്തിയപ്പോൾ ഏകദേശം വെളുപ്പിനെ നാല് മണി ആയിരുന്നു...

അവൻ അങ്ങനെ പോയികൊണ്ടിരുന്നപ്പോൾ ആണ് പെട്ടന്ന് ഒരു ടിപ്പർ ഇടത് സൈഡിൽ നിന്നും ഹൈവേയിലേക്ക് കയറിയത്...

ആ ടിപ്പർ അജിത്തിന്റെ കാറിന്റെ സൈഡിൽ ഇടിച്ചു...

ഇടിയുടെ ആഘാതത്തിൽ അജിത് സഞ്ചാരിച്ചിരുന്ന കാർ നിയന്ത്രണം വിട്ട് തലകീഴായ് മറിഞ്ഞു റോഡിൽ നിന്ന് നിരങ്ങി ഒരു മരത്തിൽ ഇടിച്ചു നിന്നു...

അവന്റെ വണ്ടിയുടെ തൊട്ടു പിന്നാലെ വന്ന പജീറോ സൈഡിലേക്ക് ഒതുക്കി നിർത്തി...

അതിൽ നിന്നും ഒരാൾ ഇറങ്ങി അജിത്തിന്റെ കാറിന്റെ അടുത്തേക്ക് നടന്നു...

ചോരയിൽ കുളിച്ച് ബോധം ഇല്ലാതെ അജിത് കിടക്കുന്നത് ഒരു നിമിഷം നോക്കി നിന്നതിനു ശേഷം അയാൾ പുഞ്ചിരിച്ചു...

എന്നിട്ട് ടിപ്പറിലേക്ക് നോക്കി കൈ ഉയർത്തി ഓക്കേ 👍 എന്ന് കാണിച്ചു...

അവിടെ നിന്നും തിരിച്ചും...

ടിപ്പർ ഓടിച്ചിരുന്നയാൾ വേഗം വണ്ടി തിരിച്ച് അടുത്തുള്ള ഒരു വണ്ടി പൊളിക്കുന്ന ഇടത്തേക്ക് കൊണ്ടുപോയി...

പജീറോയിൽ വന്നയാൾ തിരികെ അതിൽ കയറി ഫോൺ എടുത്ത് ഒരു നമ്പറിൽ വിളിച്ചു...

ആ വിളി പ്രതീക്ഷിച്ചെന്നപോലെ അങ്ങേ തലക്കൽ ഉള്ളയാൾ വേഗം ഫോൺ എടുത്തു...

"ഹലോ..."

"എല്ലാം ഭംഗിയായി കഴിഞ്ഞു..."

"മ്മ്... ഇനി അവിടെ നിൽക്കണ്ട..."

"ശരി..."

അയാൾ ഫോൺ കട്ട് ആക്കി... വേഗം വണ്ടി സ്റ്റാർട്ട് ആക്കി അവിടെ നിന്നും ഓടിച്ചു പോയി...

**********

പോലീസ് വരുന്നത് കണ്ട് ഓടി രക്ഷപ്പെട്ട ലിജുവും കൂട്ടരും പോയത് സാവിയോയുടെ എസ്റ്റേറ്റിലേക്ക് ആയിരുന്നു...

ഇല്ലീഗൽ ബിസിനെസ്സ് നടത്താൻ മാത്രം യൂസ് ചെയ്തിരുന്ന പ്രോപ്പർട്ടി ആയത് കൊണ്ട് അടുത്ത ചില ആളുകൾക്ക് അല്ലാതെ അതിനെ പറ്റി അറിവുണ്ടായിയുന്നില്ല...

പോലീസ് മുക്കിനും മൂലക്കും അവർക്ക് വേണ്ടി തിരഞ്ഞു നടക്കുന്നത് കൊണ്ട് പുറത്തേക്ക് ഇറങ്ങാതെ അവർ എസ്റ്റേറ്റിനു നടുക്കായുള്ള കെട്ടിടത്തിൽ കഴിച്ചു കൂട്ടി...

ഭക്ഷണം വാങ്ങാൻ വേണ്ടി എസ്റ്റേറ്റ് നോക്കി നടത്തിപ്പ്കാരൻ ഉള്ളത് കൊണ്ട് അയാൾ മാത്രം പുറത്തേക്ക് പോയി വരും...

അതും ആരുടെയും കണ്ണിൽ പെടാതെ ഇരിക്കാൻ അർദ്ധ രാത്രി കഴിഞ്ഞേ അയാൾ വരു...

അനുവിനെ ഉപദ്രവിക്കാൻ ശ്രമിച്ച സംഭവം കഴിഞ്ഞിട്ട് രണ്ട് ദിവസം കഴിഞ്ഞിരുന്നു...

ഏകദേശം അർദ്ധ രാത്രി കഴിഞ്ഞ സമയം... അവർ നാല് പേരും റൂമിൽ ജോലിക്കാരൻ ഭക്ഷണവും മറ്റ് സാമഗ്രികളും ആയി വരാൻ കാത്തിരിക്കുക ആയിരുന്നു...

അപ്പോൾ ആണ് എസ്റ്റേറ്റിനുള്ളിലേക്ക് ഒരു പജീറോ വന്ന് നിന്നത്...

അതിൽ നിന്നും ഒരാൾ പുറത്തേക്ക് ഇറങ്ങി...

"സർ... ഞങ്ങളും വരട്ടെ... "

"വേണ്ട നിങ്ങൾ ഇവിടെ തന്നെ നിന്നാൽ മതി ഞാൻ പോയി വരാം..."

"പക്ഷെ സർ... ഒറ്റക്ക് വിടരുത് എന്നാണ്..."

അയാൾ അവർക്ക് നേരെ നിർത്താൻ എന്ന അർത്ഥത്തിൽ കൈ ഉയർത്തിയിട്ട് പറഞ്ഞു-

"സാരമില്ല... ഞാൻ പറഞ്ഞോളാം..."

അതെ സമയം ആ വീടിനുള്ളിൽ-

ലിജു- "ഡാ... എത്ര ദിവസം നമ്മൾ ഇതിനുള്ളിൽ ഇങ്ങനെ..."

സാവിയോ- "സഹിച്ചേ പറ്റു... ഒരു മാർഗം തെളിയും... പോലീസിന്റ കൈയിൽ കിട്ടിയാൽ അവന്മാർ ഇഞ്ച പരുവം ആക്കും...

വാർത്ത കണ്ടില്ലേ... മയക്ക് മരുന്ന് കേസ്... ഒപ്പം പീഡന ശ്രമം... ജാമ്യം കിട്ടുന്നത് പോയിട്ട് ഈ ജന്മം പുറം ലോകം കാണാം എന്ന് മോഹിക്കേണ്ട...

അതിലും ഭേദം ഒരു വഴി തെളിയുന്ന വരെ ഇവിടെ പിടിച്ചു നിക്കാം... അവസരം കിട്ടിയാൽ ബാംഗ്ലൂർ അല്ലേ ഗോവയിലേക്ക് കടക്കാം..."

മറ്റുള്ളവരും ആ തീരുമാനം അനുകൂലിച്ചു...

ലാലു- " ഡാ... ആ വർഗീസിനെ കാണുന്നില്ലല്ലോ... "

ലിജു- " അയാൾ വന്നോളും... പുറത്ത് ആരുടേം കണ്ണിൽ പെടാതെ ഉള്ളിൽ എത്തണ്ടേ... "

അവർ സംസാരിച്ച് ഇരിക്കവേയാണ് കതകിൽ മുട്ട് കേട്ടത്...

"ഡാ വർഗീസ് വന്നു... പോയി ഡോർ തുറന്ന് കൊടുക്ക്... "

പ്രഫുലൻ ഡോർ തുറക്കാനായി കുറ്റി എടുത്തതും അവൻ തെറിച്ചു പോയി പിന്നിൽ നിന്ന ലാലുവിന്റെ ദേഹത്തേക്കാണ് വീണത്...

എല്ലാവരും ഞെട്ടി തരിച്ചു നിന്ന് പോയി... ആർക്കും എന്താണ് നടക്കുന്നത് എന്ന് ഒരു നിമിഷം മനസ്സിലായില്ല...

ആദ്യം പോലീസ് ആണെന്നാണ് അവർ വിചാരിച്ചത്...

പക്ഷെ അത് മുഖം തൂവാല കൊണ്ട് മറച്ച്, ഹൂടിയും ധരിച്ച ഒരു ചെറുപ്പക്കാരൻ ആയിരുന്നു...

അയാളുടെ കണ്ണുകൾ മാത്രമാണ് അവർക്ക് കാണാൻ ആയത്...

പകയും ദേഷ്യവും കൊണ്ട് വല്ലാത്തൊരു തിളക്കം ആയിരുന്നു ആ കണ്ണുകൾക്ക്...

പെട്ടന്ന് ആരാ എന്തിനാ എന്നൊന്നും അറിയാതെ ഉള്ളിലേക്ക് വന്നപ്പോൾ അവർ ഒന്ന് പകച്ചു പോയിരുന്നു...

പക്ഷെ അയാൾ ഒറ്റക്കെ ഉള്ളു എന്ന് മനസ്സിലാക്കിയപ്പോൾ അവർ അക്രമണത്തിലേക്ക് തിരിഞ്ഞു...

"നീ ഇന്ന് ഇവിടെ നിന്നും ജീവനോടെ പോകില്ലടാ... ഒരു കൊലക്കേസ് കൂടി ആയാലും ഞങ്ങൾക്ക് പുല്ലാ..."

അത് പറഞ്ഞു ലിജു ഓടി അയാളുടെ അടുത്തേക്ക് അടുത്തു...

അയാൾ അനങ്ങാതെ അവിടെ തന്നെ അവന്റെ വരവ് നോക്കി നിന്നു...

അടുത്തെത്തിയതും ലിജു ചാടി ആജ്ഞാതന്റെ നെഞ്ചിലേക്ക് വലത് കാൽ ഉയർത്തി ചവിട്ടാനായി വന്നു...

പക്ഷെ ഞൊടി ഇടയിൽ അയാൾ വലത്തേക്ക് ചരിഞ്ഞു ചവിട്ടിൽ നിന്നും ഒഴിഞ്ഞ് മാറി, ഇടം കൈ കൊണ്ട് ലിജുവിന്റെ കാലിൽ പിടിത്തമിട്ടു...

കാലിൽ അമർത്തി പിടിച്ച് കാൽ നേരെ മുകളിലേക്ക് പൊക്കി...

വേദന കൊണ്ട് പുളഞ്ഞ ലിജു ബാലൻസ് തെറ്റി നടു ഇടിച്ചു താഴേക്ക് വീണു...

ആ അജ്ഞാതൻ കാലിലെ പിടി വിട്ടിട്ട്... ഇടം കാൽ മുട്ട് മടക്കി വീണ് കിടന്ന ലിജുവിന്റ നെഞ്ചിൽ അമർത്തിയിരുന്നു...

എന്നിട്ട് ഇടം കൈ കൊണ്ട് അവന്റെ കഴുത്തിൽ അമർത്തിപിടിച്ചു വലത് കാലിൽ വലത് കൈ സപ്പോർട്ട് ചെയ്ത് മറ്റുള്ളവരെ നോക്കി...

പ്രഫുലനും ലാലുവും വീണിടത്തു തന്നെ കിടന്നും, സാവിയോ അല്പം മാറി നിന്നും ആ അജ്ഞാതൻ തങ്ങളെ നോക്കുന്നത് ശ്രദ്ധിച്ചു...

ദേഷ്യം കൊണ്ട് അയാളുടെ ചുവന്ന കണ്ണുകളിലെ വന്യത അവരെ മൂന്ന് പേരെയും ഭയചിത്തർ ആക്കിയിരുന്നു...

ലിജു പ്രാണവായുവിന് വേണ്ടി പിടഞ്ഞു... അവൻ ആജ്ഞാതന്റെ കൈയിൽ പിടിച്ചു വലിക്കാൻ ശ്രമിച്ചു എങ്കിലും ആ ബലത്തിന് മുന്നിൽ നിസ്സഹായൻ ആയിരുന്നു...

ലിജുവിന്റ അവസ്ഥ കണ്ട് വേഗം സാവിയോ ആജ്ഞാതന്റെ അടുക്കലേക്ക് ഓടി അടുത്തു...

പ്രഫുലനും ലാലുവും വേഗം വീണിടത്തു നിന്നും എഴുന്നേറ്റ് സാവിയോയുടെ പിന്നാലെ അയാളുടെ അടുത്തേക്ക് ഓടി...

സാവിയോ വരുന്നത് കണ്ട് അയാൾ ലിജുവിന്റെ കഴുത്തിൽ നിന്നും പിടിവിട്ടു...

ലിജു ചുമച്ചു കൊണ്ട് നിലത്ത് കിടന്ന് പിടഞ്ഞു...

സാവിയോ അയാളുടെ അടുത്തെത്തി കഴിഞ്ഞിരുന്നു...

ആ അജ്ഞാതനായ വ്യക്തി രണ്ട് തോളും പിന്നിലേക്ക് കറക്കി ഞൊടിച്ചു കൊണ്ട് രണ്ട് കൈയ്യിലെയും മുഷ്ടി ചുരുട്ടി സാവിയോയെ നേരിടാൻ തയ്യാറായി നിന്നു..

അടുത്ത് എത്തിയതും സാവിയോ മുഷ്ടി ചുരുട്ടി അയാളുടെ മുഖത്തിനു നേരെ വീശി...

അത് പ്രതീക്ഷിച്ചെന്നവണ്ണം അയാൾ തല മാത്രം അല്പം വലത്തേക്ക് ചരിച്ചുകൊണ്ട് ഇടം കൈ പത്തി കൊണ്ട് സാവിയോടുടെ മുഷ്ടിയിൽ പിടുത്തമിട്ടു ആ പഞ്ച് തടഞ്ഞു കൊണ്ട് വലം കൈ കൊണ്ട് സാവിയോയുടെ താടിയുടെ കീഴെയായി അപ്പർ കട്ട് പഞ്ച് ചെയ്തു...

വായിൽ നിന്നും ചോര ഒലിപ്പിച്ച് കൊണ്ട് അവൻ പിന്നിലേക്ക് തെറിച്ചു വീണു...

അപ്പോളേക്കും ലാലുവും പ്രഫുലനും ഓടി ആ അജ്ഞതന്റെ അടുത്തേക്ക് എത്തിയിരുന്നു...

രണ്ട് വശത്ത് നിന്നും ഒരേ സമയം അവർ അയാളെ ആക്രമിക്കാൻ ശ്രമിച്ചു...

പെട്ടന്ന് തന്നെ മുകളിലേക്ക് ഉയർന്നു കാലകത്തി ചാടികൊണ്ട് അയാൾ അവർ രണ്ട് പേരുടെയും നെഞ്ചിൽ തന്നെ ചവിട്ടി...

ചവിട്ടേറ്റ് അവർ രണ്ടും പിന്നിലേക്ക് വീണു...

പെട്ടന്നാണ് ലിജു പിന്നിൽ നിന്നും കയർ കൊണ്ട് ആ അജ്ഞാതന്റെ കഴുത്തിൽ പിടി മുറിക്കിയത്...

പിന്നിൽ നിന്നും അങ്ങനെ ഒരു ആക്രണം അയാൾ പ്രതീക്ഷിച്ചിരുന്നില്ല...

പക്ഷെ ഉടനെ തന്നെ മനോനില വീണ്ടെടുത്ത അയാൾ തല പിന്നിലേക്ക് അല്പം നീക്കി, രണ്ട് കൈയ്യിലെയും രണ്ട് വിരൽ പെട്ടന്ന് ആ കയറിനും കഴുത്തിനും ഇടയിൽ ഇട്ടു...

എന്നിട്ട് കയറിൽ പിടിച്ച് മുന്നിലേക്ക് ഒന്ന് വലിച്ചു വലം കൈ മുട്ട് കൊണ്ട് ലിജുവിന്റെ തലക്ക് തന്നെ നല്ല താങ്ങു കൊടുത്തു...

തലക്ക് ഏറ്റ ശക്തമായ ഇടിയുടെ അഘാത്തിൽ, അവൻ പിന്നിലേക്ക് വീണ് പോയിരുന്നു...

പെട്ടന്ന് തന്നെ അജ്ഞാതൻ തിരിഞ്ഞ് ലിജുവിന് നേരെ നടന്ന്... ലിജുവിന്റെ വലം കാൽ പൊക്കി അയാളുടെ വലം കാൽ കൊണ്ട് അവന്റെ നെഞ്ചിൽ ചവിട്ടി നിന്നു തിരിച്ചു...

കാൽ ഓടിഞ്ഞ "ഘടക്..." എന്ന ശബ്ദം അവിടെ കേട്ടു... ഒപ്പം ലിജുവിന്റെ അലർച്ചയും...

അപ്പോൾ അയാൾ അവന്റെ ഇടം കൈ കോർത്തു പിടിച്ച് പിന്നിലേക്ക് തിരിച്ചു ഓടിച്ചു...

ലിജു വേദന കൊണ്ട് അലറി കരയാൻ തുടങ്ങി...

ഇതൊക്കെ കണ്ട് ബാക്കി മൂന്ന് പേരും പുറത്തേക്ക് ഓടാൻ ശ്രമിച്ചു...

പെട്ടന്ന് അയാൾ വാതിലിന്റെ അടുത്തെത്തി... വാതിൽ അടച്ചു കുറ്റിയിട്ട ശേഷം അവർ മൂവരെയും നോക്കി...

മുന്ന് പേരും മറ്റ് വഴികൾ ഇല്ലാ എന്ന് കണ്ട് ഒന്നിച്ച് അയാളുടെ നേരെ ഓടി അടുത്തു...

അവർ അടുത്ത് എത്താർ ആയതും അയാൾ ഇടത് വശത്തും നിന്ന് ഓടി അടുത്ത ലാലുവിന്റ കഴുത്തിൽ പിടുത്തമിട്ട് ഉയർന്നു ചാടി ബാക്കി രണ്ട് പേരുടെയും മുഖത്ത് തന്നെ ചവിട്ടി വീഴ്ത്തി...

നിലത്ത് നിന്ന ശേഷം ലാലുവിന്റെ മുഖത്ത് വലത് കരം കൊണ്ട് അടിച്ചു...

കഴുത്തിലെ പിടി വിട്ട ശേഷം രണ്ട് കൈ കൊണ്ടും അവന്റെ കോളറിൽ കുത്തി പ്പിടിച്ചു കുനിച്ചു മുട്ട്കാല് കൊണ്ട് വയറ്റിൽ പ്രഹരിച്ചു...

വേദന കൊണ്ട് വയറിൽ കൈ വച്ച് മുട്ടിൽ ഇരുന്ന ലാലുവിന്റ കൈ പിടിച്ച് തിരിച്ചു ഓടിച്ചു...

ലാലു വേദന കൊണ്ട് കിടന്ന് പിടഞ്ഞു...

അതിന് ശേഷം ആ അജ്ഞാതൻ സാവിയോയുടെയും പ്രഫുലന്റെയും നേരെ തിരിഞ്ഞു...

നിലത്ത് കിടന്നിരുന്ന അവർ രണ്ട് പേരുടെയും കാലിൽ പിടിച്ച് വലിച്ചു മാറി മാറി നിലത്തിട്ട് ചവിട്ടിക്കൂട്ടി...

എന്നിട്ട് രണ്ട് പേരുടെയും കൈകൾ ഓടിച്ചു....

നാല് പേരുടെയും ബോധം അപ്പോളേക്കും പോയിരുന്നു...

അയാൾ കതക് തുറന്നു പുറത്ത് ഇറങ്ങി അയാൾ വന്ന പജീറോയുടെ നേരെ നടന്നു...

അതിൽ ഉണ്ടായിരുന്ന രണ്ട് പേരോടുമായി പറഞ്ഞു...

അവന്മാരെ ചാക്കിൽ കെട്ടി സിഐ ഓഫീസിൽ എത്തിക്കണം...

അയാളുടെ നിർദേശം പോലെ തന്നെ നാലു ചാക്കുമായി അവർ ഉള്ളിലേക്ക് പോയി ലിജുവിനെയും കൂട്ടരെയും ചാക്കിൽ കെട്ടി പോലീസ് സ്റ്റേഷന്റെ ഗേറ്റിനു മുന്നിലായി കൊണ്ടിട്ടു പോയി...

*********

ഹോസ്പിറ്റലിൽ നിന്നും വീട്ടിലേക്ക് പോകുന്ന വഴി വരുൺ അനുവിനോട് ഒന്നും മിണ്ടിയിരുന്നില്ല...

വീട്ടിൽ എത്തിയപ്പോൾ അനു ആദ്യം ഉമ്മറത്തേക്ക് നോക്കി...

അവൾ അവിടെ വന്ന ശേഷം എപ്പോൾ പുറത്ത് പോയി വരുമ്പോളും ഓഫീസിൽ പോയി വരുമ്പോളും അച്ഛനും അമ്മയും ഉമ്മറത്ത് വന്ന് അവളോട് വിശേഷങ്ങൾ തിരക്കി അവളെ അകത്തേക്ക് കൊണ്ട് പോയിരുന്നു...

അന്ന് വണ്ടി വന്ന് നിന്നപ്പോൾ അച്ഛൻ ഉമ്മറത്ത് ഇരുന്ന് പത്രം വായിക്കുക ആയിരുന്നു...

പക്ഷെ അവർ വരുന്നത് കണ്ട് അദ്ദേഹം പത്രം മടക്കി അകത്തേക്ക് പോയി...

അനുവിന്റെ കണ്ണുകൾ പെട്ടന്ന് നിറഞ്ഞു...

അവളോടുള്ള ദേഷ്യം കൊണ്ടാണ് അദ്ദേഹം പോയത് എന്ന് അവൾക്ക് മനസ്സിലായിരുന്നു...

"ചെയ്ത തെറ്റിന്റെ എല്ലാം ഫലം ഞാൻ അനുഭവിച്ചല്ലേ മതിയാകു..." അവൾ സ്വയം മനസ്സിൽ പറഞ്ഞു...

രണ്ട് തുള്ളി കണ്ണുനീർ അവളുടെ മിഴികളിൽ നിന്ന് പൊഴിഞ്ഞു...

വരുൺ ഡോർ തുറന്ന് ഇറങ്ങിയിട്ട്, അവളുടെ ഡോർ തുറന്ന്, അനുവിനെ താങ്ങി റൂമിൽ കൊണ്ടിരുത്തിയ ശേഷം ബാഗുകളും മറ്റും ഉള്ളിൽ എടുത്ത് വച്ചു...

അമ്മ അവർ വരുന്നത് കണ്ട് ഒന്നും മിണ്ടാതെ അടുക്കളയിലേക്ക് കയറി...

അനുവിന് ഒരുപാട് വിഷമം ഉണ്ടാക്കുന്നത് ആയിരുന്നു അത്...

പ്രതീക്ഷിച്ചിരുന്നു എങ്കിലും ഇത്രയും നാൾ നിഴൽ പോലെ അമ്മയുടെ ഒപ്പം ഉണ്ടായിരുന്നിട്ടും, അമ്മ കൂടി അവഗണിച്ചത് അവൾക്ക് സഹിക്കാവുന്നതിലും അപ്പുറം ആയിരുന്നു...

എത്ര പിടിച്ചു നിൽക്കാൻ ശ്രമിച്ചിട്ടും റൂമിൽ എത്തിയതും അവൾ വിതുമ്പി തുടങ്ങി...

വരുൺ കാറിൽ നിന്ന് സാധനവും ആയി റൂമിലേക്ക് വന്നപ്പോൾ അവൾ കരയുന്നത് ആണ് കണ്ടത്...

അവൻ വരുന്നത് കണ്ടതും അവൾ പെട്ടന്ന് മുഖം പിന്നിലേക്ക് തിരിച്ചു കണ്ണീർ തുടച്ചു...

"കാര്യം പൂതനക്ക് ആവശ്യം ആണേലും... കരയുമ്പോൾ... എന്തോ..." അവൻ മനസ്സിൽ ആലോചിച്ചു...

വരുൺ അവളുടെ അടുത്തേക്ക് നടന്നു...

"അനു... മരുന്ന് കഴിക്കാൻ സമയം ആയി... എന്തെങ്കിലും കഴിച്ചിട്ട് കഴിക്കണം എന്ന ഡോക്ടർ പറഞ്ഞത്... താൻ ഡൈനിങ് ഹാളിലേക് വരുന്നോ... അതോ ഭക്ഷണം ഇവിടേക്ക് എത്തിക്കണോ..."

"എനിക്ക് വിശപ്പില്ല വരുൺ... സാരമില്ല... വരുൺ കഴിച്ചു വാ..."

വരുണിന് അവളുടെ വിഷമത്തിന്റെ കാര്യം മനസ്സിലായിരുന്നു... അവൻ അത് അവളോട് തുറന്നു ചോദിച്ചു...

"താൻ ഇങ്ങനെ വിഷമിക്കാതെ... അച്ഛനും അമ്മയും മൈൻഡ് ചെയ്യാത്തത് ആണോ കാര്യം..."

അനു ഒന്നും മിണ്ടിയില്ല... പക്ഷെ അവളുടെ കണ്ണുകൾ വീണ്ടും ഉരുണ്ട് കൂടി...

"ആഹ്... അവർ എന്റെ അച്ഛനും അമ്മയും അല്ലേ... അവർ എന്നോട് എങ്ങനെയാണു പെരുമാറിയിരുന്നത് എന്നും താൻ കണ്ടില്ലേ... എന്നിട്ട് എനിക്ക് വല്ല കൂസലും ഉണ്ടോ... പിന്നെ അല്ലേ താൻ... അതൊന്നും ആലോചിക്കേണ്ട..."

വരുൺ പറയുന്നത് കേട്ട് ചിരിക്കണോ കരയണോ എന്ന് അറിയാത്ത ഒരു അവസ്ഥ ആയിരുന്നു അനുവിന്...

അവൾ അത് കേട്ട് അവന് ഒരു ക്ഷീണിച്ച പുഞ്ചിരി സമ്മാനിച്ചു...

വരുൺ പുറത്തേക്ക് നടന്നു...

അല്പം കഴിഞ്ഞ് അവൻ ഒരു കുപ്പി വെള്ളവും, ഒരു പ്ലേറ്റിൽ ഭക്ഷണവുമായി റൂമിലേക്ക് വന്നു...

"എനിക്ക് വേണ്ട വരുൺ... വിശപ്പില്ല... ഒന്നും കഴിക്കാൻ തോന്നുന്നില്ല... "

"അങ്ങനെ പറഞ്ഞാൽ പറ്റില്ലല്ലോ... ഡോക്ടർ പ്രത്യേകം പറഞ്ഞിട്ടുണ്ട് ക്ഷീണം മാറണം എങ്കിൽ സമയത്ത് ഭക്ഷണം കഴിക്കണം എന്ന്...

എങ്കിൽ അല്ലേ പഴയ പോലെ ആകാനും ഓഫീസിൽ ഒക്കെ പോകാനും പറ്റു..."

"മ്മ്മ്..."

വരുൺ പ്ലേറ്റ് ടേബിളിൽ വച്ച്, അവളെ കട്ടിലിന്റെ ക്രാസ്സയിൽ ചാരി ഇരുത്തി... ഭക്ഷണം കൈയിൽ കൊടുത്തു...

അവൾ അതിലേക്ക് നോക്കി വിരൽ കൊണ്ട് ചിത്രം വരച്ചത് അല്ലാതെ കഴിച്ചില്ല...

"ഇവൾ ഇതെന്തോന്ന്, ചോറിൽ പിക്കാസോയും മൺവെട്ടിയും ഒക്കെ കളിക്കുന്നോ... " വരുൺ മനസ്സിൽ ആലോചിച്ചു കൊണ്ട് ചോദിച്ചു -

"എന്താ അനു കഴിക്കുന്നില്ലേ..."

"എനിക്ക് വേണ്ട വരുൺ..." അവൾ ആ പ്ലേറ്റ് അവന്റെ നേരെ നീട്ടിക്കൊണ്ട് പറഞ്ഞു...

അവൻ ഒന്നും മിണ്ടാതെ പ്ലേറ്റ് വാങ്ങി... കറികൾ എല്ലാം അല്പം എടുത്ത് കുഴച്ച് ഉരുളയാക്കി അത് അവൾക്ക് നേരെ നീട്ടി...

ഒരു നിമിഷം അവൾ ഞെട്ടി... അവൾ ആ ഉരുളയിലേക്കും വരുണിന്റെ മുഖത്തേക്കും മാറി മാറി നോക്കി...

ആ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ വീണ്ടും പൊഴിഞ്ഞു...

കണ്ണുകൾ തുടച്ചു കൊണ്ട്... അവൾ പതിയെ ആ ചോർ ഉരുള കഴിച്ചു...

വരുൺ അവിടെ ഇരുന്ന് അവൾക് ആ ചോറ് മുഴുവൻ വാരിക്കൊടുത്തു...

അവൾ എതിർക്കാതെ അവൻ കൊടുത്തത് മുഴുവൻ കഴിച്ചു...

കഴിച്ച ശേഷം അവൾക്ക് വെള്ളവും മരുന്നും എടുത്ത് കൊടുത്ത്, അവളെ ബാത്റൂമിൽ കൊണ്ട് പോയി കൈയും വായും കഴുകി തിരികെ കട്ടിലിൽ കൊണ്ട് കിടത്തി...

അനുവിന് എന്ത് ചെയ്യണം എന്നോ പറയണം എന്നോ അറിയില്ലായിരുന്നു...

"ഞാൻ കഴിക്കട്ടെ പോയി... അനു മയങ്ങിക്കോ..."

അവൾ കണ്ണടച്ച് കിടന്നു... അവൻ പ്ലേറ്റുമായി പുറത്തേക്ക് നടന്നു...

അനുവിന് കരച്ചിൽ വരുന്നുണ്ടായിരുന്നു... എന്തിന് വേണ്ടി എന്ന് അറിയില്ല... പക്ഷെ അവൾ കരഞ്ഞു...

കുറച്ച് കഴിഞ്ഞപ്പോളേക്കും വരുൺ തിരികെ റൂമിൽ എത്തിയിരുന്നു...

അവൻ വരുന്നത് അറിഞ്ഞു അവൾ കണ്ണുകൾ തുറന്നു...

"താൻ ഉറങ്ങിയില്ലേ... ക്ഷീണം കാണും ഉറങ്ങിക്കോ..."

"വേണ്ട... എനിക്ക് ഉറക്കം വരുന്നില്ല..."

"ദൈവമേ ഇനി താരാട്ട് പാടേണ്ടി വരുമോ... അങ്ങനെ ആണേൽ പൂതന എന്നുന്നേക്കുമായി ഉറങ്ങും 😌..." അവൻ മനസ്സിൽ ആലോചിച്ചു...

"കണ്ണടച്ചു കിടന്നോളു... പിന്നെ നാളെ മുതൽ ഞാൻ ഓഫീസിൽ പോകും... ഒരുപാട് ദിവസം ലീവ് എടുക്കാൻ ആകില്ല... ഭാഗ്യം ഉണ്ടേൽ ഒരു സർപ്രൈസ് തരാം... തനിക്ക് ഇഷ്ടമാവും..." വരുൺ പറഞ്ഞു...

അവൾ സംശയത്തോടെ വരുണിനെ നോക്കിയിട്ട് പറഞ്ഞു ...

"മ്മ്... ശരി വരുൺ... ഞാൻ കാരണം ഇനി ജോലി കൂടി പോകണ്ട..."

"തനിക്ക് ഇവിടെ ഒറ്റക്ക് ഇരുന്ന് ബോർ ആകുമല്ലോ..."

"സാരമില്ല..."

"ഇവിടെ ഉള്ള ഒരാളെ താൻ ഇതുവരെ വേണ്ട പോലെ പരിചയപ്പെട്ടിട്ടില്ലല്ലോ..."

"ആരെ...ഇവിടെ എല്ലാരേയും ഞാൻ പരിചയപ്പെട്ടല്ലോ..." അനു സംശയത്തോടെ വരുണിനോട് ചോദിച്ചു...

മറുപടി ഒരു ചൂളം വിളി ആയിരുന്നു...

നിമിഷങ്ങൾക്ക് അകം റൂമിലേക്ക് എന്തോ പാഞ്ഞു വരുന്ന ശബ്ദം കേട്ടു...

ഒപ്പം "ബൗ... ബൗ..." എന്ന് രണ്ട് കുരയും...

ക്ലിയോ വന്ന് വരുണിന്റെ മുന്നിൽ വാലാട്ടി നിന്നു...

അനു ഇത്തിരി കൂടി കട്ടിലിന്റെ മൂലയിലേക്ക് മാറി കിടക്കാൻ നോക്കി...

"തനിക്ക് പട്ടിയെ പേടിയാണല്ലേ..."

"അതെ... ഇത് വരുണിന്റെ ഒപ്പം കിടക്കാൻ തുടങ്ങിയെ പിന്നെ രാത്രി ഞാൻ ബെഡിൽ നിന്നും ബാത്റൂമിൽ പോകാൻ പോലും എഴുനേൽക്കില്ലാരുന്നു..."

"അപ്പോൾ പൂതനക്ക് അങ്ങനേം പണി കിട്ടി... ആശ്വാസം..." വരുൺ ചിന്തിച്ചു...

"എന്താ ആലോചിക്കുന്നത്..."

"ഏയ്യ്... ഒന്നുമില്ല... തനിക്ക് എന്താ പട്ടികളെ ഇത്ര പേടി..."

"അതോ... അത്... പിന്നെ... ഞാൻ..."

"പറഞ്ഞേ... കേൾക്കട്ടെ..."

"അത് പണ്ട് വീട്ടിൽ ഒരു പട്ടി ഉണ്ടായിരുന്നു... ഞാൻ അത് ഭക്ഷണം കഴിച്ചോണ്ട് ഇരുന്നപ്പോൾ ചുമ്മാ അതിന്റെ വാലിൽ പിടിച്ചൊരു വലി കൊടുത്തു... അതെന്നെ ഓടിച്ചിട്ട് കടിച്ച്... അതിന് ശേഷം ഭയങ്കര പേടിയാ..."

വരുൺ അത് കെട്ട് പൊട്ടിച്ചിരിച്ചു... അനുവും അവന്റെ ചിരി കണ്ട് ചിരിച്ചു...

"ആഹാ അതാണോ കാര്യം... താൻ ഇവിടെ വന്നപ്പോൾ തൊട്ട് ക്ലിയോയെ കാണുമ്പോൾ ഉള്ള പേടി ഞാൻ ശ്രദ്ധിച്ചിരുന്നു...

താൻ പേടിക്കാതെ ഇങ്ങു വന്നേ..."

വരുൺ അനുവിന്റെ കൈ പിടിച്ച് മെല്ലെ എഴുന്നേൽപ്പിച്ചു കട്ടിലിന്റെ അറ്റാത്തായി ഇരുത്തി...

"താൻ പേടിക്കണ്ട... ക്ലിയോ പാവം ആണ്... അല്ലേ ക്ലിയോ..."

"ബൗ... ബൗ..." കുരച്ചു കൊണ്ട് ക്ലിയോ അതെ എന്ന് അറിയിച്ചു...

അനുവും ചിരിച്ചു അത് കണ്ട്...

"ക്ലിയോ... ഒരു ഷേക്ക് ഹാൻഡ് കൊടുത്തേ..."

പറഞ്ഞതും ക്ലിയോ നിലത്തിരുന്ന് ഒരു മുൻകാൽ പോക്കി അനുവിന്റെ നേരെ നീട്ടി...

അനു ഒരു നിമിഷം ശങ്കിച്ചു നിന്നു...

"പേടിക്കണ്ട..."

വരുണൻ പറഞ്ഞപ്പോൾ അവൾ ക്ലിയോയുടെ കൈ പിടിച്ച് കുലുക്കി...

"നല്ല രസമുണ്ടായിരുന്നു... സോഫ്റ്റ് കൈ..."

"പണ്ട് ഇത് പോലെ ഒരു സോഫ്റ്റ് കയ്യിൽ നിന്നാ ഹാർഡ് ആയി കിട്ടിയത്..." അത് കേട്ടതും വരുൺ അവൾക്കിട്ട് ഒന്ന് താങ്ങി...

അത് കേട്ടതും ഒറ്റയടിക്ക് അവളുടെ ഫ്യൂസും പോയി...

"അത്... അന്ന്...."

"അത് പോട്ടെ... ക്ലിയോ മോളുടെ വേറെ പരുപാടി ഒക്കെയുണ്ട്..."

"ആഹാ എന്തൊക്കെയാ..."

"ക്ലിയോ... ആ രണ്ട് കാലിൽ നടക്കുന്ന പരുപാടി കാണിച്ചേ..." ഇത്തിരി ആക്ഷൻ കൂടെ ഇട്ട് വരുൺ പറഞ്ഞു...

കേട്ടതും ക്ലിയോ ബാക്ക് കാലിൽ നിന്ന് ഫ്രണ്ട് കാല് പൊക്കി രണ്ട് ചുവട് മുന്നിലേക്ക് വച്ചു...

അനു അത് കണ്ട് ചിരിച്ചു കൊണ്ട് ചെറുതായി കൈ കൊട്ടി അഭിനന്ദിച്ചു...

ക്ലിയോയും ഹാപ്പിയായി അത് കണ്ട്... അവൾ വാലാട്ടി അനുവിനോട് ചേർന്ന് നിന്നു...

"മിടുക്കിയാണല്ലോ... ആരാ ഇവളെ ഇതൊക്കെ പഠിപ്പിച്ചത്..."

"ഞാൻ തന്നെയാ... തീ കത്തുന്ന റിങ്ങിലൂടെ ഒക്കെ ചാടാൻ പഠിപ്പിക്കണം എന്ന് ഉണ്ടായിരുന്നു..."

"എന്നിട്ട് എന്താ പഠിപ്പിക്കാതെ ഇരുന്നത്..."

"അത് റിങ് വാങ്ങാൻ അമ്മ പൈസ തന്നില്ല... ചെയ്ത്തായിപ്പോയി 😑..."

"അത് കാര്യമായി..."

"അതെന്താ അനു അങ്ങനെ പറഞ്ഞത് 🤨..." വരുൺ സംശയത്തോടെ ചോദിച്ചു...

"അത് തീയിലൂടെ ഒക്കെ ചാടിയാൽ പാവം എന്റെ ക്ലിയോ മോൾക്ക് പൊള്ളിയാലോ..." അവൾ അത് പറഞ്ഞു കൈ നീട്ടി ക്ലിയോയുടെ പുറത്ത് മെല്ലെ തടവി കൊടുത്തു...

"പുതിയ കമ്പനി ഒക്കെ കിട്ടിയല്ലോടി ക്ലിയോ... ഹാപ്പി ആയോ..."

അവൾ പതിയ മുഖം വരുണിന്റെ നേരെ തിരിച്ച് രണ്ട് കുര കുരച്ചിട്ട് നേരെ അനുവിന്റെ മടിയിലേക് കയറി ഇരുന്നു...

അനു ആദ്യം ഒന്ന് ഞെട്ടി എങ്കിലും പിന്നെ പതിയെ ക്ലിയോയുടെ പുറത്ത് തടവി കൊടുത്തു...

"ആഹാ... ഇവൾക്ക് തന്നെ അങ്ങ് ഇഷ്ടം ആയി എന്ന് തോന്നുന്നല്ലോ... ആണോടി ക്ലിയോ..."

"ബൗ..." അതെ എന്ന് മറുപടി ലഭിച്ചു...

"വരുണിന് ഇവളെ ഒരുപാട് ഇഷ്ടം ആണല്ലേ..."

"പിന്നെ... അവളെ ആരായാലും ഇഷ്ടപ്പെടില്ലേ... തനിക്ക് ഇഷ്ടമായില്ലേ..."

"പിന്നെ ഇല്ലേ... നായ്ക്കൾ ആണോ വരുണിന് ഇഷ്ടമുള്ള ജീവി... പൂച്ചയെ ഇഷ്ടമല്ലേ..."

"എല്ലാ ജീവികളെയും ഇഷ്ടം ആണ്... പക്ഷെ വളർത്താൻ താല്പര്യം നായ്ക്കളെ ആണ്..."

"അതെന്താ..."

"അത് കറക്റ്റ് ആയി എനിക്ക് അറിയില്ല... പക്ഷെ എനിക്ക് ജീവൻ ആണ്... പിന്നെ മറ്റ് ജീവികളെക്കാളും ഇണക്കം, നന്ദിയും... പിന്നെ മനുഷ്യരുടെ കൂട്ടല്ല... ഇവർ ചതിക്കില്ല..."

അനുവിന്റെ മുഖത്തെ ചിരി ആ ഒറ്റ ഡയലോഗിൽ ഓടി മാറി...

വരുൺ മനഃപൂർവം അവൾക്കിട്ട് താങ്ങിയത് ആയിരുന്നു...

പക്ഷെ അവൻ പെട്ടന്ന് വിഷയം മാറ്റാൻ പറഞ്ഞു...

"ഇവളുമായി അല്പം നേരത്തെ കമ്പനി ആകാതെ ഇരുന്നതിൽ വിഷമം തോന്നുന്നോ..."

"പിന്നെ... ശ്ശോ... ഭയങ്കര മിസ്സ് ആണ് അത്..."

"അപ്പോൾ തത്കാലം ഞാൻ ഓഫീസിൽ പോകുമ്പോൾ തനിക്ക് കൂട്ടായല്ലോ..."

"അതെ... താങ്ക്സ് വരുൺ... ഇത്രയും നല്ല ഫ്രണ്ടിനെ തന്നതിന്..."

"മ്മ്... പിന്നെ നന്നായി ഫുഡ് കഴിച്ചാൽ നാളെ ആകുമ്പോളേക്കും ക്ഷീണം എല്ലാം അങ്ങ് മാറും... അല്ലേ ഞാനുമില്ലാതെ ബുദ്ധിമുട്ടും..."

"മ്മ്... കഴിക്കാം..."

"കുറച്ച് സമയം ഇനി മയങ്ങിക്കോ..." ക്ലിയോ വാടി...

ക്ലിയോ അനുവിന്റെ മടിയിൽ നിന്നും ഇറങ്ങി വരുണിന്റെ ഒപ്പം പോയി...

അനു വിശ്രമിക്കാനായി കിടന്നു...

രാത്രിയിലും വരുൺ അവൾക്ക് റൂമിലേക്ക് ഭക്ഷണം കൊണ്ട് കൊടുത്തു...

പിറ്റേന്ന് രാവിലെ അനു എണീറ്റപ്പോളേക്കും വരുൺ ഓഫീസിലേക്ക് പോയിരുന്നു...

തലേന്നത്തെ പോലെയല്ല... ശരീരത്തിന്റെ ക്ഷീണം കുറഞ്ഞിട്ടുണ്ട്...

അവൾ പതിയെ എഴുന്നേറ്റു...

അനുവിന് കൂട്ട് എന്ന പോലെ ക്ലിയോ തറയിൽ ഉണ്ട്...

ടേബിളിലേക്ക് നോക്കിയപ്പോൾ അവൾക്ക് രാവിലത്തേക്ക് ഉള്ള ഭക്ഷണവും ഒപ്പം ഒരു കുറിപ്പും വച്ചിട്ടാണ് വരുൺ പോയിരുന്നത്...

അവൾ വേഗം ചെന്ന് കുറിപ്പെടുത്തു വായിച്ചു...

"രാവിലെ കഴിക്കാൻ ഉള്ളത് എടുത്ത് വച്ചിട്ടുണ്ട്... കളയാതെ കഴിക്കണം...

കഴിച്ചിട്ട് പ്ലേറ്റ് ഡൈനിങ് ടേബിളിൽ വച്ചിരുന്നാൽ മതി...

ഉച്ചക്കുള്ളത് ഡൈനിങ് ടേബിളിൽ വച്ചിട്ടുണ്ടാകും...

അത് തനിക്കും ക്ലിയോ മോൾക്കും ഉള്ളത് പ്രത്യേകം വച്ചിട്ടുണ്ടാകും...

അവളുടെ പ്ലേറ്റ് ബെഡിന്റെ അടിയിൽ ഉണ്ട് അതിൽ കൊടുക്കണം...

പിന്നെ ആരും മൈൻഡ് ചെയ്യില്ല... കാര്യം ആക്കണ്ട...

വൈകിട്ട് കാണാം... ബൈ... "

വരുൺ പറഞ്ഞത് പോലെ തന്നെ അനു ഫ്രഷ് ആയി ബ്രേക്ഫാസ്റ്റ് കഴിച്ചു വന്നു...

പ്ലേറ്റ് കൊണ്ട് വെക്കാനായി അവൾ അടുക്കളയിലേക്ക് നടന്നു... അമ്മ അടുക്കളയിൽ ഉണ്ടായിരുന്നു...

അമ്മേ കണ്ട് അവൾ വിളിച്ചു...

"അമ്മേ..."

പക്ഷെ അമ്മ അവളെ മൈൻഡ് ചെയ്തില്ല...

അവൾ വീണ്ടും വിളിച്ചപ്പോൾ അമ്മ ഒന്ന് നോക്കിയിട്ട് മുഖം വെട്ടിച്ചു ജോലിയിൽ ശ്രദ്ധിച്ചു...

അവൾ സങ്കടത്തോടെ റൂമിലേക്ക് പോന്നു...

ക്ലിയോ മോളുടെ ഒപ്പം, അവളെ കളിപ്പിച്ചു അനു ഉച്ച വരെ ചിലവിട്ടു...

ഉച്ചക്ക് ഭക്ഷണം എടുക്കാൻ അവൾ ഡൈനിങ് ഹാളിലേക്ക് ചെന്നു...

ആരും ഉണ്ടായിരുന്നില്ല... അവൾക്കും ക്ലിയോയ്ക്കുമുള്ള ഭക്ഷണം തീൻ മേശയിൽ ഉണ്ടായിരുന്നു...

അവൾ അതുമായി റൂമിൽ വന്ന് ക്ലിയോയ്ക്ക് കൊടുത്ത് അവളും കഴിച്ചു...

കഴിച്ചു പ്ലേറ്റ് അടുക്കളയിൽ പോയി കഴുകി വച്ചപ്പോൾ അമ്മ വന്നു...

അവളെ കണ്ട് തിരിഞ്ഞ് പോകാൻ തുടങ്ങിയ അമ്മയെ അവൾ പിന്നിൽ നിന്ന് വിളിച്ചു...

"അമ്മേ... പോകല്ലേ..."

അമ്മ തിരിഞ്ഞ് നോക്കാതെ അവിടെ തന്നെ നിന്നു...

"അമ്മേ... ക്ഷമിക്കണം... എന്നോട് ഇങ്ങനെ പെരുമാറല്ലേ..." അനു വിതുമ്പിക്കൊണ്ട് പറഞ്ഞു...

പെട്ടന്ന് അമ്മ തിരിഞ്ഞു... എന്നിട്ട് പറഞ്ഞു -

"നിന്നെ എന്റെ സ്വന്തം മോളെ പോലെ അല്ലേ ഞങ്ങൾ കൊണ്ട് നടന്നത്... എന്നിട്ട് നീ ഞങ്ങളെ...

ഇല്ലാ... നീ ഞങ്ങളോട് ചെയ്തത് വല്യ ചതിയാണ്... എന്റെ കുഞ്ഞിനെ നിന്റെ പേരിൽ ഞാൻ ഒരുപാട് കുറ്റപ്പെടുത്തി...

എന്നിട്ട് ഇപ്പോൾ ക്ഷമിക്കണമല്ലേ...

നീ ഇത്രേം ചെയ്തിട്ടും അവൻ എന്തിനാ നിന്നെ വീണ്ടും ഇങ്ങോട്ട് കെട്ടിയെടുത്തെ എന്ന് മാത്രം മനസ്സിലാവുന്നില്ലാ..."

"അമ്മേ... പറ്റിപ്പോയി... മനഃപൂർവം ആരേം ദ്രോഹിക്കണം എന്ന് ഞാൻ ഇന്ന് വരെ കരുതിയിട്ടില്ല...

എന്റെ അമ്മയെ പോലെ തന്നെയാ ഞാൻ അമ്മയെ കണ്ടിട്ടുള്ളത്... പൊറുക്കണം... മാപ്പ് തരണം..."

അനു അത് പറഞ്ഞു അമ്മയുടെ കാൽക്കൽ വീണ് പൊട്ടി കരഞ്ഞു...

ഒരു നിമിഷം അവളെ ഒന്ന് നോക്കി ആ അമ്മ പിന്തിരിഞ്ഞു നടന്നു...

അമ്മ പോയിട്ടും അനു അവിടെ അതെ പോലെ കമ്മന്ന് കിടന്ന് തേങ്ങിക്കരഞ്ഞു...

അവൾ റൂമിലേക്ക് എത്തിയപ്പോളാണ് ഫോൺ റിങ് ചെയ്തത്...

വരുൺ ആയിരുന്നു...

"ഹലോ അനു..." എടുത്തപ്പോൾ തന്നെ അങ്ങേ തലക്കൽ നിന്നും വരുണിന്റെ ശബ്ദം കേട്ടു...

"ഹലോ..."

"കഴിച്ചാരുന്നോ... ഞാൻ ഇല്ലാത്തത് കൊണ്ട് മടി ഒന്നും  വേണ്ട..."

"മ്മ്... കഴിച്ചു..."

"തന്റെ ശബ്ദം എന്താ വല്ലാണ്ടിരിക്കുന്നത്... കരഞ്ഞോ..."

"എയ്... ഒന്നുമില്ല..."

"അല്ലല്ലോ... അമ്മയോട് സംസാരിച്ചു അല്ലേ... കാര്യം ആക്കണ്ട... പ്രായമായവർ അല്ലേ..."

"മ്മ്... "

"ഞാൻ വെക്കുവാണെ... വൈകിട്ട് കാണാം..."

വരുൺ ഫോൺ വെച്ച ശേഷം അനു ഷാനയെ വിളിച്ചു... ലീവ് എടുത്തിരുന്നു എങ്കിലും നീട്ടാം എന്ന് വച്ചു...

"ഹലോ... അനു ആണെടി..."

"ആഹ്... അനു... എങ്ങനെ ഉണ്ട് നിനക്ക് ഇപ്പോൾ..."

"എനിക്ക് കുഴപ്പമില്ല... അവിടെ എന്തുണ്ട്... "

"നിനക്ക് ഒരു ആക്സിഡന്റ് പറ്റി എന്ന് റിപ്പോർട്ട് ചെയ്ത് ലീവ് നീട്ടി..."

"ആണോ... പിന്നെ അർജന്റ് വർക്ക് ഉണ്ടേൽ നീ വിളിക്ക്... ഞാൻ ചെയ്യാം... ഇവിടെ വെറുതെ ഇരുപ്പല്ലേ..."

"ഓക്കേ ഡി... ഇവിടെ ഞങ്ങൾക്ക് മാനേജ് ചെയ്യാൻ ആകുന്ന വർക്ക് മാത്രമേ ഉള്ളൂ ഇപ്പോൾ... എന്തെങ്കിലും ഉണ്ടെങ്കിൽ ഞാൻ പറയാം... പിന്നെ വരുൺ എന്ത് പറയുന്നു... എങ്ങനുണ്ട് നിന്നോടുള്ള പെരുമാറ്റം..."

"അത്... പിന്നെ..."

"എന്താടി പെണ്ണേ..."

"നല്ല സ്നേഹത്തോടെ ആണ് പെരുമാറുന്നത്... നല്ല കേറിങ് ആണ്... ഞാൻ സത്യത്തിൽ പ്രതീക്ഷിച്ചതല്ല...

ഇങ്ങോട്ടു കൊണ്ടു വന്നപ്പോൾ ഞാൻ കരുതി എന്നോട് പ്രതികാരം ചെയ്യാൻ ആണെന്ന്...

ഞാൻ അതാണ് ആഗ്രഹിച്ചതും... അങ്ങനെ എങ്കിലും എല്ലാവർക്കും എന്നോടുള്ള ദേഷ്യം കുറയുമല്ലോ..."

"നീ വിഷമിക്കാതെ... എല്ലാം ശരി ആകും... ഞാൻ ഫോൺ വെക്കട്ടെ..."

"മ്മ്... ബൈ... സി യു..."

"ബൈ ഡി..."

ഫോൺ വച്ച് മരുന്ന് കഴിച്ചു അവൾ കിടന്നു... അല്പം മയക്കം ഉള്ള മരുന്ന് ആയത് കൊണ്ട് അവൾ വേഗം ഉറങ്ങി...

********

രണ്ട് ദിവസം പിന്നെയും അത് പോലെ തന്നെ കടന്ന് പോയി...

വരുൺ അവളുടെ കാര്യങ്ങൾ എല്ലാം ശ്രദ്ധിക്കും... അനുവും ആരോഗ്യം വീണ്ടെടുത്ത് തുടങ്ങിയിരുന്നു...

പതിയെ സ്വന്തം കാര്യങ്ങൾ എല്ലാം നോക്കാൻ അവൾക്ക് ആയിരുന്നു എങ്കിലും വരുൺ എല്ലാത്തിലും അവളെ സഹായിച്ചു...

അച്ഛനും അമ്മയും അവളെ അവഗണിച്ചു തന്നെ പോന്നു... ക്ലിയോ വരുണിനെ പോലെ തന്നെ അനുവിനോടും കമ്പനിയായി ...

മൂന്നാം ദിവസം ഒരു സൺഡേ വരുണിന് അവധി ആയിരുന്നു...

അപ്പോൾ ആണ് സിഐ ഓഫീസിൽ നിന്നും ഒരു കാൾ വന്നത്...

അനുവിനെ ഉപദ്രവിക്കാൻ ശ്രമിച്ചവർ നാല് പേരെയും ആരോ തല്ലി പഞ്ചർ ആക്കി ചാക്കിൽ കെട്ടി പോലീസ് സ്റ്റേഷന് മുന്നിൽ കൊണ്ടിട്ടു അവർ ഇപ്പോൾ ഹോസ്പിറ്റലിൽ ആണെന്ന്...

ഒന്നിൽ അധികം ആളുകൾ ഉണ്ടായിരുന്നിരിക്കണം... നല്ല പരുക്ക് പറ്റിയിട്ടുണ്ട്... അവർക്ക് ബോധം വീണാൽ മാത്രമേ വിവരങ്ങൾ അറിയാൻ ആകു എന്നും സിഐ പറഞ്ഞു...

അനുവിന്റെ ആരെങ്കിലും ആണോ ഇത് ചെയ്തത് എന്ന് സംശയം ഉണ്ടായിരുന്നു...

അതാണ് വിളിച്ചത്... ആണെങ്കിൽ തന്നെ ഒരു താങ്ക്സ് പറയാനും കൂടി ആണെന്ന് പറഞ്ഞു സിഐ ഫോൺ വച്ചു...

വരുൺ അനുവിനോടും ഷാനയോടും വിവരം പറഞ്ഞു...

രണ്ട് പേരും ഞെട്ടിയിരുന്നു...

ഷാന പോലീസിന് അജിത്തിനെ പറ്റി എന്തെങ്കിലും വിവരം കിട്ടിയോ എന്ന് വരുന്ണിനോട് ചോദിച്ചു...

"അവർക്ക് അന്വേഷിച്ചിട്ട് ഒന്നും അറിയാൻ ആയില്ല എന്നാണ് പറഞ്ഞത്... പിന്നെ ഈ ലിജുവും കൂട്ടരും ഇറക്കിയ നമ്പർ ആണോ അതോ അവന് പങ്ക് ഉണ്ടോ എന്നും പോലീസ്കാർക്ക് ഉറപ്പില്ല..."

വരുൺ ഷാനയോടു പറഞ്ഞു...

അനുവിന്റെ വീട്ടിലും കാര്യങ്ങൾ അറിഞ്ഞു... എല്ലാവരും സന്തോഷത്തിൽ ആയിരുന്നു...

എങ്കിലും ആരാണ് അത് ചെയ്തത് എന്ന് മാത്രം എല്ലാവർക്കും സംശയം നിലനിന്നു...

പിറ്റേന്ന് വരുൺ ബാംഗ്ലൂർ പോകേണ്ട ആവശ്യം ഉണ്ടായിരുന്നു...

അവൻ അനുവിനോട് ചോദിച്ചു -

"ഞാൻ ഒരാഴ്ച കഴിഞ്ഞേ മടങ്ങി വരൂ... ഇവിടെ നിൽക്കാൻ ബുദ്ധിമുട്ടാകും... തന്നെ വീട്ടിൽ കൊണ്ട് വിടട്ടെ..."

"ഏയ്... വേണ്ട... എനിക്ക് കുഴപ്പമില്ല... എനിക്ക് കൂട്ടിനു ക്ലിയോ ഉണ്ടല്ലോ... അല്ലേടി.."

"ബൗ... ബൗ..." ക്ലിയോ സമ്മതം അറിയിച്ചു വാൽ ആട്ടി അനുവിനോട് ചേർന്ന് നിന്നു...

"എങ്കിൽ ശരി... ഞാൻ പോയി വരാം... ക്ലിയോ... നീ ചേച്ചിയെ നന്നായി നോക്കിക്കോണം..."

വീണ്ടും "ബൗ..ബൗ..." എന്ന് മറുപടി വന്നു...

വരുൺ പിറ്റേന്ന് പുലർച്ചെ ബാംഗ്ലൂർ പോയി...

അനു ഒറ്റക്ക് ആയിരുന്നു...

സമയം പോകാൻ അവൾ ഓഫീസിലെ ചില വർക്സ് വീട്ടിൽ ഇരുന്നു തന്നെ ചെയ്ത് തുടങ്ങി...

ഭക്ഷണം കഴിക്കാൻ വേണ്ടി മാത്രം അവൾ റൂമിൽ നിന്ന് പുറത്തേക് ഇറങ്ങിയിരുന്നത്...

വരുൺ പോയതിന്റെ പിറ്റേ ദിവസം അനുവിന് ചെറിയ പനിയുടെ ലക്ഷണം തോന്നി...

അവൾ അത് കാര്യം ആക്കാതെ എന്നത്തേയും പോലെ ദിവസം ചിലവിട്ടു...

വരുൺ വിളിച്ചപ്പോളും പറഞ്ഞില്ല...

വൈകുന്നേരം ആയപ്പോളേക്കും നല്ല തലവേദന തോന്നി... അവൾ നേരത്തെ കിടന്നു...

രാത്രി ഏറെ വൈകി അവൾ എഴുന്നേറ്റു... അപ്പോളേക്കും എല്ലാവരും കിടന്നിരുന്നു...

അവൾക്ക് തീരെ വയ്യാതെ ആയി... ശരീരം മുഴുവൻ വേദന... കയ്യും കാലും തളരുന്ന പോലെ... ഭയങ്കര കുളിരും... മേലാക്കെ ചൂടും കയറിക്കൊണ്ടു...

ശബ്ദം എടുക്കാൻ പോലും ആകാതെ അവൾ വിറച്ചു കട്ടിലിൽ പുതച്ചു മൂടി കിടന്നു... പല്ല് കൂട്ടി ഇടിക്കുന്ന ശബ്ദം പുറത്ത് കേൾക്കാമായിരുന്നു... അത്ര വിറയൽ...

സഹിക്കാൻ വയ്യാത്ത ദാഹം തോന്നി അവൾക്ക്...

അവൾ എങ്ങനെയൊക്കെയോ കൈ എത്തി ലൈറ്റ് ഇട്ടു...

ലൈറ്റ് കണ്ട് ക്ലിയോ എണിറ്റു...

ജെഗ്ഗ് നോക്കിയപ്പോൾ കാലി... അവൾ കഷ്ടപ്പെട്ട് എഴുന്നേറ്റ് കതകിന്റെ അവിടേക്ക് വേച്ചു വെച്ച് നടന്നു... പലപ്പോഴും വീഴാൻ പോയി...

എങ്ങനെ ഒക്കെയോ കതകിന്റെ കുറ്റി എടുത്തു അല്പം തുറന്നതും, അനു ബോധം കെട്ട് താഴേക്ക് വീണു...

നെറ്റി ഇടിച്ചാണ് അനു വീണത്... നെറ്റി പൊട്ടി ചോര അവളുടെ മുഖത്ത് നിന്ന് ഒലിക്കാൻ തുടങ്ങി...

ക്ലിയോ അവൾക്ക് ചുറ്റും കുരച്ചു ബഹളം ഉണ്ടാക്കി നടന്നു...

അനു ബോധം നഷ്ടമായി അവിടെ കിടന്നു... അവളുടെ തലയുടെ സമീപം ചോര തളം കെട്ടി കിടന്നു...

ക്ലിയോ കതകിന്റെ തുറന്ന ഗ്യാപ്പിലൂടെ റൂമിന് പുറത്ത് കടന്ന് നേരെ അച്ഛന്റേം അമ്മയുടെയും ബെഡ് റൂമിലേക്ക് ഓടി...

അവരുടെ റൂമിന്റെ ഡോറിന് മുന്നിലായി കുരച്ചു ബഹളം ഉണ്ടാക്കി...

ബഹളം കേട്ട് അച്ഛനും അമ്മയും കതക് തുറന്നപ്പോൾ ക്ലിയോ ഡോറിന് മുന്നിൽ...

അവരെ കണ്ടതും അവരുടെ നേരെ രണ്ട് കുരകുരച്ചു ക്ലിയോ താഴേക്ക് ഓടി...

അച്ഛനും അമ്മയും അവളുടെ പിന്നാലെ താഴേക്ക് വന്നു...

വരുണിന്റെ റൂമിന്റെ മുന്നിൽ എത്തി കുരച്ചു വാലാട്ടി ക്ലിയോ നിന്നു...

എന്താ എന്ന് അറിയാനായി ഡോർ തുറന്ന അമ്മ കാണുന്നത് ബോധം കെട്ട് തറയിൽ കിടന്ന അനുവിനെ ആണ്...

ചോര ഒഴുകി തളം കെട്ടി കിടന്നത് കൂടി ആയപ്പോൾ, അവർ രണ്ടാളും പേടിച്ചു പോയിരുന്നു...

"മോളെ..." എന്ന് വിളിച്ചു അമ്മ അനുവിന്റെ അടുക്കൽ ഇരുന്നു...

അവളെ തട്ടി വിളിക്കാൻ ശ്രമിച്ചു... കൈ ശരീരത്തിന് അടുത്തേക്ക് കൊണ്ട് ചെന്നപ്പോൾ തന്നെ പനിയുടെ ചൂട് അമ്മയുടെ കയ്യിലേക്ക് അടിച്ചു...

"എട്ടാ... അനു മോൾക് ഭയങ്കര ചൂട്... പനി കൂടിയതാ... ഈ കുട്ടി എന്താ ഒന്നും നമ്മളോട് പറയാഞ്ഞത്..."

"

സുഭദ്രേ... അവൾ പറഞ്ഞാൽ നമ്മൾ കേൾക്കാൻ നിൽക്കില്ല... നമ്മളുടെ എടുത്ത് ചാട്ടം ആണ് പകുതി പ്രശ്നങ്ങൾക്കും കാരണം... വേഗം മോളെ ഹോസ്പിറ്റലിൽ എത്തിക്കാൻ നോക്കാം... "

അച്ഛനും അമ്മയും അവളെ താങ്ങി എടുത്തു കാറിൽ കയറ്റി...

"ക്ലിയോ... വീട് നോക്കണം..." അമ്മ അവളെ വീട് ഏല്പിച്ചു അനുവിനെ ഹോസ്പിറ്റലിൽ എത്തിച്ചു...

********

"മോൾക്ക് എങ്ങനെ ഉണ്ട് ഡോക്ടർ..." സുഭദ്ര ചോദിച്ചു...

"കൃത്യ സമയം എത്തിച്ചത് നന്നായി... ഇപ്പോൾ കുഴപ്പമില്ല... നെറ്റി പൊട്ടിയത് ഡ്രെസ്സ് ചെയ്തിട്ടുണ്ട്... ട്രിപ്പ് തീർന്നാൽ വീട്ടിലേക്ക് കൊണ്ട് പൊക്കൊളു... കൃത്യ സമയം മരുന്ന് കൊടുത്താൽ മതി..." ഡ്യൂട്ടി ഡോക്ടർ പറഞ്ഞു...

ബോധം വന്ന അനു കൈയിൽ ഘടിപ്പിച്ച ട്രിപ്പ് കണ്ടാണ് എഴുന്നേറ്റത്... തലക്ക് ചെറിയ പെരുപ്പ് തോന്നി അവൾക്ക്...

"ആഹ് മോൾ എണീറ്റോ..." അച്ഛൻ ചോദിച്ചു...

അവൾ ചെറുതായി അദ്ദേഹത്തെ നോക്കി പുഞ്ചിരിച്ചു...

താൻ ഹോസ്പിറ്റലിൽ ആണെന്ന് അവൾക്ക് മനസ്സിലായി... പക്ഷെ എങ്ങനെ എത്തി എന്ന് സംശയം നില നിന്നു...

"എന്താ മോളെ ആലോചിക്കുന്നത്..." അദ്ദേഹം ചോദിച്ചു...

"അത്... അച്ഛാ... എങ്ങനെ ഞാൻ ഹോസ്പിറ്റലിൽ..."

"അത് പാതി രാത്രി ക്ലിയോ റൂമിന് പുറത്ത് വന്ന് ബഹളം ഉണ്ടാക്കി എഴുനേൽപ്പിച്ച് കൊണ്ട് വന്നതാ... നോക്കുമ്പോൾ മോള് ബോധം ഇല്ലാതെ കിടക്കുന്നു... നെറ്റി പൊട്ടി ചോരയും പോയിരുന്നു..." അമ്മയാണ് പറഞ്ഞത്...

അപ്പോൾ ആണ് അവൾ നെറ്റിയിലെ ബാൻഡേജ് ശ്രദ്ധിക്കുന്നത്...

അവൾക് അമ്മയുടെ മുഖത്ത്  നോക്കാൻ മനപ്രയാസം തോന്നി...

"അമ്മേ... അച്ഛാ... എന്നോട്..."

"വേണ്ട... സാരമില്ല... കഴിഞ്ഞത് കഴിഞ്ഞു... നിന്നെ മോളെ പോലെ അല്ലാ, മോളായാണ് കണ്ടതും സ്നേഹിച്ചതും... എത്ര വേണ്ട എന്ന് വച്ചാലും ആ സ്നേഹം... അത് ഇല്ലാതെ ആകില്ല..."

അച്ഛന്റെയും അമ്മയുടെയും സ്നേഹം തിരികെ കിട്ടിയത് അവൾക്ക് വല്യ ഒരു ആശ്വാസം തന്നെ ആയിരുന്നു...

നേരം പുലർന്നപ്പോളേക്കും അവർ വീട്ടിലേക്ക് പോന്നു...

ക്ലിയോ അവളെ കണ്ടതും വാലാട്ടിയും കുരച്ചും അവളുടെ സ്നേഹ പ്രകടനം കാഴ്ച വച്ചു...

ജീവൻ രക്ഷിച്ച ആ മിണ്ടാപ്രാണിയോട് അവൾക് തീർത്താൽ തീരാത്ത നന്ദിയും കടപ്പാടും തോന്നി...

രാവിലെ വരുൺ അവളെ വിളിച്ചു... വിവരങ്ങൾ എല്ലാം അറിഞ്ഞപ്പോൾ അവൻ നേരത്തെ വയ്യാരുന്നു എന്ന വിവരം അവനോട് പറയാതെ ഇരുന്നതിന് ദേഷ്യപ്പെട്ടു...

അനു ഒരു ഭർത്താവിന്റെ സ്നേഹം കേറിങ് ശ്രദ്ധ ഇവ എല്ലാം ശരിക്കും മനസ്സിലാക്കി തുടങ്ങുകയായിരുന്നു...

ആ വീടിനെയും ചുറ്റുപാടുകളെയും അറിഞ്ഞു തുടങ്ങുകയായിരുന്നു അവൾ...

പണത്തിനു മീതെ സ്നേഹത്തിന്റെ വിലയും കുഞ്ഞ് കുഞ്ഞ് കാര്യങ്ങളിലെ വല്യ വല്യ സന്തോഷങ്ങളും അവൾ മനസ്സിലാക്കി...

ഇത്രയും നാളും പുച്ഛമായിരുന്നു അവൾക്ക് വരുണിന്റെ നായ സ്നേഹം... ആ ചിന്താഗതി പോലും മാറ്റി മറിക്കപ്പെട്ടു...

ഇതിനോടൊപ്പം മറ്റൊരു പ്രധാനകാര്യം കൂടി അവൾ മനസ്സിലാക്കി...

ജീവിതത്തിൽ എന്നും സ്വന്തം സ്വാർത്ഥതക്ക് മാത്രം സ്ഥാനം കണ്ടിരുന്ന അവൾക്ക് ഇതൊന്നും അർഹതപ്പെട്ടത് അല്ലാ എന്നും...

വീട്ടിൽ എത്തിയ ശേഷം അമ്മ കട്ടിലിൽ നിന്ന് അനങ്ങാൻ സമ്മതിക്കാതെയാണ് നോക്കിയത്...

രാത്രി അമ്മ അവളുടെ ഒപ്പം കിടന്നു...

ഭക്ഷണം പോലും റൂമിൽ കൊണ്ട് ചെന്ന് അമ്മ അനുവിന് വാരിക്കൊടുത്തു...

രണ്ട് ദിവസം കഴിഞ്ഞപ്പോളേക്കും അവളുടെ അസുഖം മാറിയിരുന്നു...

അവൾ പഴയ പോലെ അമ്മയുടെ ഒപ്പം സന്തത സാഹചാരി ആയി മാറി... ഒപ്പം ക്ലിയോയും...

വരുൺ മടങ്ങി വരേണ്ട ദിവസം...

രാവിലേ അന്ന് പതിവിലും നേരത്തെ അമ്മ അനുവിനെ വിളിച്ചുണർത്തി...

"എന്താ അമ്മേ... അഞ്ചു മണി ആയതേ ഉള്ളല്ലോ..."

"വേഗം എഴുനേറ്റ് കുളിച്ചു വാ... ഇന്നൊരു വിശേഷം ഉണ്ട്..."

"എന്താ അമ്മേ..." അവൾ ആകാംഷയോടെ ചോദിച്ചു...

"മോൾ ഓർത്തിരിക്കേണ്ടതാണ്... സാരമില്ല... വരുണിന്റെ പിറന്നാൾ ആണിന്ന്..."

അവൾക്ക് അത് കെട്ട് ഒരുപാട് നിരാശ തോന്നി...

**"ഇത്രയും തനിക്ക് വേണ്ടി ചെയ്തിട്ടും ഇപ്പോളും വരുണിൽ നിന്നും താൻ ഒരുപാട് അകന്ന് തന്നെ നിൽക്കുന്നു..." എന്ന് അവൾക്ക് തോന്നി...**

"അമ്മേ... അത്... ബർത്ത്ഡേ..."

"മോള് വിഷമിക്കണ്ട... ഇംഗ്ലീഷ് ഡേറ്റ് അല്ലാ... ജന്മനക്ഷത്രമാണ്... ആണ്ടു പിറന്നാൾ... നിങ്ങൾ അതൊന്നും ഓർക്കാൻ സാധ്യത ഇല്ലാലോ... എന്തിന് അവന് പോലും ഓർമ കാണില്ല... പോയി കുളിച്ചു വാ... നമുക്ക് അമ്പലത്തിൽ പോയി വരാം..."

അവൾ പുഞ്ചിരിച്ചു... പക്ഷെ അവൾക്ക് അമ്മ പറഞ്ഞതിനോട് യോജിക്കാൻ ആയില്ല...

"എത്രയൊക്കെ വളർന്നാലും ഉള്ള് കൊണ്ട് താൻ ഒരു നാട്ടിൻപുറത്ത്കാരിയാണ്...

പിറന്നാൾ താനും ആഘോഷിക്കാറുണ്ട്... ഇതൊന്നും സ്വന്തം ഭർത്താവിന്റെ പിറന്നാൾ മറന്നതിനു ഉള്ള ന്യായം അല്ലാ...

എന്ത് തന്നെ ആയാലും അങ്ങനെ സ്നേഹിക്കുന്ന ആളിന്റെ പിറന്നാൾ മറക്കാൻ പാടില്ലല്ലോ..." അവൾ ഓർത്തു...

"സ്നേഹിക്കുന്ന ആൾ ... ഞാൻ... ഞാൻ വരുണിനെ സ്നേഹിക്കുന്നു... " അവൾ ആത്മാഗദം പറഞ്ഞപ്പോൾ മുഖത്ത് അറിയാതെ തന്നെ നാണത്തിന്റെ ഒരു പുഞ്ചിരി വിടർന്നു....

അവൾ വേഗം കുളിച്ചു ഫ്രഷ് ആയി... എന്ത് ഡ്രെസ്സ് ഇടും എന്ന് ഓർത്ത് അലമാരി തുറന്നു നോക്കി...

അവളുടെ ഒരുവിധം നല്ല വസ്ത്രങ്ങൾ എല്ലാം അവളുടെ വീട്ടിൽ തന്നെ ആയിരുന്നു...

എന്ത് ഇടും എന്ന് വിഷമിച്ചു നോക്കുമ്പോൾ ആണ് അവൾ വരുണിന്റെ വേസ്റ്റ് ഡ്രെസ്സ് ഇടുന്ന ഭാഗത്ത് അവൾ കൊടുത്ത ഷർട്ട് കണ്ടത്...

അത് കണ്ട് ഒരു നിമിഷം അവളുടെ ചങ്ക് പിടഞ്ഞു... അവൾ കൊടുത്ത സമ്മാനം ആണ് അവൻ ചുരുട്ടിക്കൂട്ടി എറിഞ്ഞേക്കുന്നത്...

അവനോടു അവൾ ചെയ്തതിനു അവൻ അങ്ങനെ ചെയ്തില്ലേലെ അതിശയമുള്ളു എന്ന് അവൾക്ക് തോന്നി...

പിന്നെയും അവൾ അലമാരയിൽ പരതി...

അപ്പോഴാണ് ഉപയോഗിക്കാത്ത വസ്ത്രങ്ങളുടെ ഭാഗത്തേക്ക് നോട്ടം പോയത്...

ആ നോട്ടം എത്തി നിന്നത് ഒരു തുണിക്കടയുടെ കവറിലും...

അവൾക്ക് പെട്ടന്ന് കണ്ടപ്പോൾ മനസ്സിലായില്ല...

അവൾ ആ കവർ കൈയിൽ എടുത്തു തുറന്നു...

അവളുടെ ഓർമ്മ അല്പം പിന്നിലേക്ക് പോയി...

വരുൺ ആദ്യ സാലറി കിട്ടി വന്ന ദിവസം...

അവൾക്ക് ആദ്യമായി വാങ്ങിക്കോടുത്ത സമ്മാനം...

അന്നത്തെ മനസ്സികാവസ്ഥയിൽ അവൾ അത് തുറന്ന് പോലും നോക്കാതെ ഉപയോഗ ശൂന്യമായ സാധനങ്ങളുടെ കൂട്ടത്തിലേക്ക് വലിച്ചെറിഞ്ഞു...

"വരുൺ ആ ഒരുപാട് തവണ ഷർട്ട് ഇട്ടിരുന്നു... ഈ ഗിഫ്റ്റ് എനിക്ക് തരുന്നത് വരെ... ഒരുപക്ഷെ ഞാൻ ഇത് അവഗണിച്ചത് കണ്ടാകും അവൻ ഇങ്ങനെ ചെയ്തത്..." അവൾ മനസ്സിലോർത്തു...

ഇന്ന് അവൾ അവന് കൊടുത്ത ഗിഫ്റ്റ് അവൻ ചുരുട്ടി എറിഞ്ഞിരുന്നത് കണ്ടപ്പോൾ അവൾക് ഉണ്ടായ വിഷമം ഓർത്തപ്പോൾ, അവൾക്ക് മനസ്സിലായി വരുൺ സ്നേഹത്തോടെ തന്നിട്ട് അവൾ ഇത് തുറന്ന് പോലും നോക്കാതെ ചവറിന്റെ ഒപ്പം എറിഞ്ഞപ്പോൾ അവന് ഉണ്ടായ വിഷമം...

"വീണ്ടും വരുൺ എനിക്ക് അർഹതപ്പെട്ടത് അല്ലാ എന്നതിന് തെളിവ്..."

അവൾക് സങ്കടം തോന്നി... അവൾ ആ കവറിൽ നിന്നും ചുരിദാർ പുറത്തേക്ക് എടുത്തു...

നീല നിറത്തിൽ... അധികം ഡിസൈൻ ഒന്നുമില്ലാത്ത ഒരു നല്ല ചുരിദാർ...

നീല അവളുടെ ഫേവറേറ്റ് കളർ കൂടി ആയിരുന്നു... ഒപ്പം സ്നേഹിക്കുന്നവനിൽ നിന്നും സ്നേഹത്തോടെ ലഭിച്ച ആദ്യ സമ്മാനം... വൈകി ആയാലും അവൾക്ക് അതിന്റെ മഹത്വം മനസ്സിലായി...

അവൾ അത് നെഞ്ചോടു ചേർത്ത് ഉമ്മ വച്ചു...

അവൾ അത് എടുത്ത് ധരിച്ചു...

കുറച്ചു ക്രീം മുഖത്തും കൈയിലും തേച്ചു പിടിപ്പിച്ചു...

അവൾ ഇടതൂർന്ന കാർകൂന്തൽ പിന്നിലേക്ക് വിടർത്തി ഇട്ട് ചെവിയുടെ പിന്നിൽ നിന്ന് രണ്ട് വശത്ത് നിന്നും കുറച്ചു മുടി കുളിപ്പിന്നൽ ശൈലിയിൽ പിന്നിയിട്ടു...

ചെറിയ നീല ഒരു വട്ടപ്പൊട്ടും തൊട്ടു...

അവൾ കണ്ണാടിയിലേക്ക് നോക്കി തന്റെ സൗന്ദര്യം ഒന്ന് ആസ്വദിച്ചു...

സ്വർണം പോലെ നിറം ഉള്ള അവൾക്ക് ആ ഡ്രെസ്സ് നന്നായി ചേർന്നിരുന്നു... അവൾക്കും ഒരുപാട് ഇഷ്ടമായിരുന്നു അത്...

പക്ഷെ എല്ലാം ഇഷ്ടം ആയി എങ്കിലും അവൾക്ക് എന്തോ ഒരു കുറവ് തോന്നി...

അവൾ കണ്ണാടിയുടെ മുന്നിൽ വച്ചിരുന്ന ട്രെയിലേക്ക് നോക്കി... അവളുടെ സിന്ദൂര ചെപ്പ് എടുത്തു ... അവൾ മൂടി തുറന്ന് അല്പം സിന്ദൂരം എടുത്തു സീമന്ത രേഖയിൽ നീളത്തിൽ തൊട്ടു...

പിന്നീട് കണ്ണാടിൽ തന്റെ പ്രതിബിംബം നോക്കി നിന്ന് ആസ്വദിച്ചു... ആദ്യമായി... ജീവിതത്തിൽ ആദ്യമായി അവൾക്കൊരു പൂർണത തോന്നിയ നിമിഷമായിരുന്നു അത്...

അവൾക്ക് അതീവ സന്തോഷവും തോന്നി...

കല്യാണ ശേഷം മറ്റുള്ളവരെ കാണിക്കാൻ ആദ്യം കുറച്ചു ദിവസം തൊട്ടു... അതിന് ശേഷം ഓർത്തിട്ട് കൂടി ഇല്ലായിരുന്നു അവൾ...

അനു വേഗം പുറത്തേക് വന്ന്

അമ്മയെ വിളിച്ചു -

"അമ്മേ..."

തിരിഞ്ഞ് നോക്കിയ അമ്മ ഒരു നിമിഷം അവളുടെ മുഖത്തേക്ക് തന്നെ നോക്കി നിന്ന് പോയി... അത്ര സുന്ദരിയായി അമ്മ അവളെ കണ്ടിട്ടുണ്ടായിരുന്നില്ല...

"മോളെ കാണാൻ ഇന്ന് എന്തോ ഒരു പ്രത്യേക ഭംഗി ഇത് ഏതാ മോളെ ഡ്രെസ്സ്... "

"ഇത് വരുൺ എനിക്ക് ഗിഫ്റ്റ് തന്നിരുന്നതാ..."

"എന്റെ ദൈവമേ... അവനോ..."

"അതെ... എന്താ അമ്മേ..."

"എന്റെ പോന്നു മോളെ അവന് ഇത്രേം സെലെക്ഷൻ ഉണ്ടെന്ന് ഞാൻ സ്വപ്നത്തിൽ പോലും അറിഞ്ഞിരുന്നില്ല... മോൾക് വേണ്ടി ഉണ്ടാക്കിയത് പോലെയുണ്ട് ഈ ഡ്രെസ്സ്..."

അനു ചിരിച്ചു അത് കെട്ട്...

"ഇന്ന് എന്റെ മോൾക്ക് കൺ ദോഷം ഒരുപാട് കിട്ടും... സമയം ആയി നമുക്ക് ഇറങ്ങിയാലോ..."

"ഇറങ്ങാം അമ്മേ..." അവൾ ചിരിച്ച് കൊണ്ട് പറഞ്ഞു...

അമ്മ പറഞ്ഞത് പോലെ നാട്ടിലെ സകലമാന എണ്ണത്തിന്റേം കണ്ണ് അവളുടെ ദേഹത്ത് തന്നെ ആയിരുന്നു...

അമ്പലത്തിൽ തൊഴുത് പ്രസാദം വാങ്ങി പൊട്ടിന് മുകളിൽ ചെറിയ ചന്ദനകുറിയുടെ ഉള്ളിൽ ഒരല്പം സിന്ധുരവും ചേർത്ത് ഒരു കുറി കൂടി തൊട്ടപ്പോൾ അവളുടെ സൗന്ദര്യം കൂടി...

"ദേവിയെ പോലെയുണ്ട് മോളെ കാണാൻ ഇപ്പോൾ..."

ക്ഷേത്രത്തിൽ നിന്ന് ഇറങ്ങിയ ശേഷം അമ്മ പറഞ്ഞു...

"ഞാൻ തന്നെ മോളെ കണ്ണ് വെക്കുവാണല്ലോ എന്റെ ദേവി..."

അതൊക്കെ കേട്ടപ്പോൾ വരുൺ ഇപ്പോൾ അവളെ ഒന്ന് കാണണം എന്ന് അവൾക്ക് അതിയായ മോഹം തോന്നി...

പക്ഷെ വരുൺ എപ്പോൾ വരും എന്ന് കൃത്യമായി പറഞ്ഞിരുന്നില്ല...

അവർ വീട്ടിൽ എത്തി വസ്ത്രം മാറി...

വരുണിന്റെ പിറന്നാൾ പ്രമാണിച്ച് രണ്ട് കൂട്ടം പായസം അടക്കം ഒരു ഗംഭീര സദ്യ തന്നെ അനുവും അമ്മയും ഒരുക്കിയിരുന്നു...

ഉച്ചയോടെ അവൻ വീട്ടിൽ എത്തി...

"കിടിലൻ അട പ്രഥമന്റെ മണം ആണല്ലോ ദൈവമേ..."

അതും പറഞ്ഞാണ് അവൻ കയറി വന്നത് തന്നെ...

അനു അടുക്കളയിൽ അമ്മയെ സഹായിക്കുന്നത് കണ്ട് അവൻ ഒന്ന് ഞെട്ടി...

അവൻ അത് തീരെ പ്രതീക്ഷിച്ചിരുന്നില്ല...

അവൻ വന്ന വിവരം പറഞ്ഞ് റൂമിലേക്ക് പോയി...

റൂമിലെത്തി വസ്ത്രം അഴിച് സ്റ്റാൻഡിൽ ഇട്ടപ്പോൾ ആണ് അവൻ വാങ്ങിയ ചുരിദാർ സ്റ്റാൻഡിൽ ഹാങ്കറിൽ തൂക്കിയിരിക്കുന്നത് അവൻ കണ്ടത്...

"ഇവൾ ഇതിട്ടോ... വേറെ ഒന്നും കിട്ടി കാണില്ല..." അവൻ മനസ്സിൽ പറഞ്ഞു കൊണ്ട് ഫ്രഷ് ആകാൻ കയറി...

അവൻ കുളിച്ചു വന്നപ്പോൾ അനു റൂമിൽ ഉണ്ടായിരുന്നു...

"പിറന്നാൾ ആശംസകൾ..."

"എന്തോന്ന് പിറന്നാളോ... ആരുടെ..."

"വരുണിന്റെ ജന്മനക്ഷത്രം ഇന്നാണ്..." അത് പറഞ്ഞു രാവിലെ ക്ഷേത്രത്തിൽ പോയി വഴിപാട് കഴിച്ചതിന്റെ പ്രസാദം കിട്ടിയ ചന്ദനം ചാലിച്ചു വെച്ചത് ഒരല്പം അവൾ വിരലിൽ എടുത്ത് അവൾ അവന്റെ നെറ്റിയിൽ അണിയിച്ചു...

അവൻ പെട്ടന്ന് എന്ത് വേണം എന്ന് അറിയാതെ നിന്ന് പോയി...

"ആഹ്... ആണോ... താങ്ക്സ്... ഓഹ് അതാണോ പായസം വച്ചത്..." ആ ഷോക്കിൽ അവൻ വിക്കി വിക്കി പറഞ്ഞു...

"അതെ... "

"പിന്നെ എന്തുണ്ട് വിശേഷം..."

"പിറന്നാൾ ഒരു വിശേഷം ആണല്ലോ..."

"അതല്ല... തനിക്ക് എന്ത് ഉണ്ടെന്ന്... അമ്മയുമായി വീണ്ടും കൂട്ടായോ..."

"മ്മ്..."

"ആഹാ... എന്ന്... എങ്ങനെ സംഭവിച്ചു... ഭയങ്കര വാശി ആണ് അമ്മക്ക്..."

"എനിക്ക് വയ്യാതെ വന്നപ്പോൾ അമ്മയാ നോക്കിയത്..."

"മ്മ്... പിന്നെ തന്റെ ഡ്രെസ്സ് അധികം ഇവിടെ ഇല്ലാ അല്ലേ... ഞാൻ പോയി എടുത്ത് വരണോ..."

"അതെന്താ അങ്ങനെ ചോദിച്ചേ..."

"ഏയ്യ് ഒന്നുമില്ല..."

അങ്ങനെ പറഞ്ഞു എങ്കിലും അവൾക്ക് കാര്യം മനസ്സിലായിരുന്നു...

"വേണ്ട... ഇപ്പോൾ ആവിശ്യം ഉള്ളത് ഇവിടെ ഉണ്ട്..." അവൾക് അല്പം വിഷമം തോന്നി... അവൾ അതും പറഞ്ഞു റൂമിൽ നിന്നും അടുക്കളയിലേക്ക് പോയി...

അവനും അവൾ പറഞ്ഞതിലെ ടോണിൽ നിന്ന് കാര്യം മനസ്സിലായിരുന്നു...

"ഓഹ്... പൂതന അപ്പോൾ കാര്യമായാണല്ലോ... " അവൻ മനസ്സിൽ ആലോചിച്ചു...

വരുൺ കുളിച്ചു വന്നപ്പോൾ തന്നെ കഴിക്കാൻ എടുത്തു...

ആദ്യമായി അനു ഓരോന്നും അവന് വിളമ്പിക്കൊടുത്തു...

"ഇന്നെന്താ പതിവില്ലാതെ താൻ വിളമ്പുന്നത്... ഞാൻ തന്നെ എടുത്ത് കഴിച്ചോളാം... അതാ സൗകര്യം... ആവിശ്യാനുസരണം എടുത്ത് കഴിക്കാമല്ലോ... താനും ഇരുന്ന് കഴിക്ക്..."

അനുവിന് അത് ബോധിച്ചില്ല...

"വേണ്ട... ഞാൻ അമ്മയുടെ ഒപ്പം കഴിച്ചോളാം... എന്ത് ആവിശ്യം ആണെന്ന് പറഞ്ഞാൽ മതി ഞാൻ വിളമ്പിത്തരാം..."

"മ്മ്..." അവൻ മറുപടിയായി ഒന്ന് മൂളി...

അവൾ ചോദിക്കാൻ ഒന്നും നിന്നില്ല... ഇലയിൽ തീരുന്നത് അനുസരിച്ചു ചോറും കറികളും ഇട്ടു കൊണ്ടിരുന്നു...

രണ്ട് തവണ ചോർ ഇട്ട് കഴിഞ്ഞ് പിന്നേം ഇടാൻ അവൾ തുടങ്ങിയപ്പോൾ അവൻ തടഞ്ഞു...

"അയ്യോ... മതി... വയറു പൊട്ടും ഇനി കഴിച്ചാൽ..." എന്ന് പറഞ്ഞു തടഞ്ഞു...

"പായസം തരട്ടെ..."

"അതൊഴിച്ചോ..."

"അപ്പോൾ അതിന് ഗ്യാപ് ഉണ്ടല്ലേ..." അവൾ കളിയാക്കി ചോദിച്ചു...

"അത് പിന്നെ... മധുരം ഉള്ളിൽ ചെല്ലുമ്പോൾ സ്പേസ് കൂടും എന്ന ശാസ്ത്രം..."

"ആണോ... എങ്കിൽ ഞാൻ ആയി ശാസ്ത്രം തെറ്റിക്കുന്നില്ല..."

അവൾ അത് പറഞ്ഞു ആദ്യം അട പ്രഥമൻ വിളമ്പി...

പഴവും പപ്പടവും ഒക്കെ പൊടിച്ചു കൂട്ടി അവൻ പായസം കുടിച്ചു...

അട കഴിച്ചു കഴിഞ്ഞു പാൽ പായസം വിളമ്പി...

വരുൺ കഴിച്ചു കൊണ്ടിരുന്നപ്പോൾ അച്ഛനും കഴിക്കാൻ വന്നു...

അമ്മ അച്ഛന് വിളമ്പാൻ വന്നു...

"മോളെ നീ അവനെ കൊണ്ട്  വച്ചതെല്ലാം കഴിപ്പിച്ചു തീർക്കുമോ... ബാക്കി ഉള്ളവർക്ക് വല്ലോം ബാക്കി ഉണ്ടോ... " അച്ഛൻ കളിയായി ചോദിച്ചു...

അവൾ ചെറിയ ചമ്മിയ ഒരു ചിരി പാസ്സ് ആക്കി...

കഴിച്ചു റൂമിൽ വന്നപ്പോൾ അവൾ വരുണിനോട് ചോദിച്ചു...

"എങ്ങനെ ഉണ്ടായിരുന്നു സദ്യ..."

"നന്നായിരുന്നു എന്ന് പറഞ്ഞാൽ കുറഞ്ഞു പോകും... ഏറ്റവും സൂപ്പർ അട പ്രഥമൻ... അമ്മയുടെ കൈ പുണ്യം... ഒരു വള ഇട്ട് കൊടുക്കാൻ തോന്നുന്നു..."

"ആഹാ... ഞാനും അമ്മയെ ഹെല്പ് ചെയ്തു..."

അവൾ ഇഷ്ടപെടാത്തവണ്ണം പറഞ്ഞു...

"എന്നാലും വെച്ചത് അമ്മ അല്ലേ... സദ്യ ഉണ്ടാക്കിയാൽ ഒരാൾ പെടും..."

"മ്മ്... ആര് പെടും..."

"ദേ ഇവൾ തന്നെ... " വരുൺ ക്ലിയോ മോളെ ചൂണ്ടി പറഞ്ഞു..

"അവൾക് കടിച്ച് പറിക്കാൻ വല്ലോം ഉണ്ടലെ ഇറങ്ങു..."

"ആണോ... എന്തേലും വാങ്ങി കൊടുത്താലോ..."

"എന്ത് വാങ്ങാൻ... ഇന്ന് ഇവളും ഇതൊക്കെ തിന്നാൽ മതി... പായസവും കൊടുക്കണം..."

"ആഹാ ഇവൾ പായസം കുടിക്കുമോ..."

"പിന്നെ പായസം അല്ലേ ഇവളുടെയും എന്റെയും ഫേവറേറ്റ്... അല്ലേടി "

അത് കേട്ടതും ക്ലിയോ അവളുടെ പതിവ് രണ്ട് കുര ആവർത്തിച്ചു...

കാര്യങ്ങൾ എല്ലാം നല്ല രീതിയിൽ പോയിക്കൊണ്ടിരുന്നു...

അവർ ഒന്നിച്ചു സമയം ചിലവിട്ടു... അവൾക്ക് ഒറ്റക്ക് പുറത്തേക്ക് ഇറങ്ങാൻ ഒരു മടിയും പേടിയും ഉണ്ടായിരുന്നു...

വരുൺ പലപ്പോഴും അനുവിനെ പുറത്ത് കൊണ്ടുപോയിരുന്നു... ബീച്ചിലും പാർക്കിലും മാളിലും സിനിമ കാണാനും അവൻ അവളെ കൊണ്ട് പോയി...

ഒരിക്കൽ അവളെ ഷാപ്പിൽ കൊണ്ട് പോയി അവൻ ചെത്തു കള്ള് വരെ ടേസ്റ്റ് ചെയ്യിപ്പിച്ചു...

അത് കുടിച് അവൾക് ശർദ്ധിൽ പിടിച്ചു എന്നത് വേറെ കാര്യം...

പതിയെ അവളുടെ പേടി മാറി വന്നു...

കൂടുതൽ സമയം അവൻ അവൾക്ക് കൂട്ടായി ചിലവിട്ടിരുന്നു...

അവന്റെ തമാശ കലർന്നുള്ള സംഭാഷണം അനുവിന് ഒരുപാട് ഇഷ്ടമായിരുന്നു...

വരുണിന് ഇത്രയും ഹ്യൂമർ സെൻസ് ഉണ്ടെന്ന് അവൾ അപ്പോൾ ആണ് അറിഞ്ഞത് തന്നെ... അല്ലാ എങ്കിൽ അവൾ ശ്രദിച്ചത് തന്നെ...

അനു മാനസികമായി വരുണുമായി ഒരുപാട് അടുത്തു...

അവൾ അവനിൽ അനുരക്തയായി മാറി എന്ന് തന്നെ പറയാം...

അവനെ കാണാതെ ഇരിക്കാൻ തന്നെ ബുദ്ധിമുട്ട് തോന്നിയിരുന്നു അവൾക്ക്...

ഓഫീസിൽ നിന്നും വരുൺ വരുന്നത് എന്നും അവൾ അക്ഷമയായി കാത്തിരുന്നു...

അങ്ങനെ ഒരു മാസത്തോളം പിന്നിട്ടു... അനുവിന് ഒരു മാസം കഴിഞ്ഞ് ഡോക്ടർ ഒരു ചെക്കപ്പ് പറഞ്ഞിരുന്നു...

വൈകിട്ട് ആണ് അപ്പോയിന്മെന്റ് എടുത്തത്...

വരുൺ വൈകിട്ട് ഇത്തിരി നേരത്തെ വന്ന് ചെക്ക്അപ്പിന് കൊണ്ടുപോകാം എന്ന് അവൾക്ക് വാക്ക് കൊടുത്തിരുന്നു...

ആ ദിവസം വരുൺ ഓഫീസിലേക്ക് പോയി...

ഉച്ച തിരിഞ്ഞ സമയം അനുവിന് ഒരു കാൾ വന്നു...

രണ്ടാഴ്ച്ച കഴിഞ്ഞ് ഡിവോഴ്സിന് വേണ്ടി കോടതിൽ ഹാജർ ആകണം എന്നത് അഡ്വക്കേറ്റ് വിളിച്ചു പറഞ്ഞു...

ഡിവോഴ്സിന്റെ കാര്യം അവൾ പൂർണമായും മറന്നു പോയിരുന്നു...

ഹോസ്പിറ്റലിൽ നിന്ന് നേരെ  വരുണിന്റെ വീട്ടിലേക്ക് അവൻ കൊണ്ട് വരുമ്പോൾ അവളെ മനസ്സീകമായി ഉപദ്രവിക്കാൻ ആകും എന്നാണ് കരുതിയിരുന്നത്...

ഡിവോഴ്സിന്റെ സമയം വരെ തന്നെ പരമാവധി അനുഭവിപ്പിച്ചിട്ടു ഡിവോഴ്സ് തന്ന് വിടും എന്നും...

അത് കൊണ്ട് തന്നെ അവൾ അന്ന് വക്കീലിനോട് ഒന്നും പറഞ്ഞിരുന്നില്ല...

പക്ഷെ ഇപ്പോൾ എല്ലാം നേരെ ആയിരിക്കുന്നു... ഈ ഡിവോഴ്സ് അവൾക്ക് ആവശ്യം ഇല്ലാ...

അവൾക് വക്കീൽ വിളിച്ചു പറഞ്ഞപ്പോൾ ചിരിയാണ് വന്നത്...

അവൾക്കും വരുണിനും ഇനി ഡിവോഴ്സ് വേണ്ട എന്ന് വക്കീലിനോട് പറഞ്ഞു...

ഇനി ഒന്നും ചെയ്യാൻ ആകില്ല... കോടതിൽ ജഡ്ജ് ചോദിക്കുമ്പോൾ ഡിവോഴ്സ് വേണ്ട എന്ന് പറയാൻ വക്കീൽ ഉപദേശിച്ചു...

അവൾ നന്ദി പറഞ്ഞു ഫോൺ കട്ട് ചെയ്തു...

അവൾ വരുണിനെ വിളിച്ചു പറയാൻ തുടങ്ങി... പിന്നെ ഓർത്തു വരുണിനും കാൾ വന്നിട്ടുണ്ടാകും എന്ന്...

വരുൺ അവളോട് പറയുമോ എന്നറിയാൻ അവൾ കാത്തിരുന്നു...

അപ്പോൾ ആണ് ഷാനയെ വിളിക്കാൻ അവൾക്ക് തോന്നിയത്... അവളോട് സംസാരിച്ചിട്ട് കുറച്ചു ദിവസം ആയിരുന്നു...

അനു ഷാനയെ വിളിച്ചു...

"ഹലോ... ഷാനൂസേ..."

"ആഹാ... ഇതാര് അനുക്കുട്ടിയോ... എന്തോ ഉണ്ടെടി വിശേഷം..."

"വിശേഷം എന്താ സുഖം ആയി ഇരിക്കുന്നു..."

"നിന്റെ വരുൺ എന്ത് പറയുന്നു..."

"വരുണും സുഖം ആയി ഇരിക്കുന്നു..."

"ഒഹ്... അപ്പോൾ നിന്റെ വരുൺ തന്നെയാ എന്ന് പെണ്ണ് സമ്മതിച്ചു..."

"പിന്നെ എന്റെ കെട്ടിയോൻ എന്റെ അല്ലാതെ വേറെ ആരുടേയാ..."

"പൊന്ന് മോളെ... അതിരിക്കട്ടെ... നിന്റെ കെട്ടിയോന് അറിയുമൊ നിന്റെയാ അവൻ എന്ന്..."

"പിന്നെ അറിയില്ലേ... എന്നോട് ഭയങ്കര സ്നേഹം ആണിപ്പോൾ..."

"സ്നേഹം കൂടി രണ്ടും കൂടി എന്തെങ്കിലും ഒപ്പിച്ചോ... വൈകാതെ ലഡ്ഡു വിതരണം ഉണ്ടാകുമോ..."

"ശ്ശെ... ഒന്ന് പൊടി..."

"പെണ്ണിന് നാണം വന്നല്ലോ... വല്ലോം ഒപ്പിച്ചോടി... പറഞ്ഞേ..."

"ഏയ്... സത്യമായും ഇല്ലാ... അത്രേം ആയിട്ടില്ല..."

"കൊച്ചു കള്ളി... അതിനൊക്കെ അല്ലേ ഞാൻ ഈ പെടാപാട് പെട്ടത്... എന്നിട്ട് ഒന്നും ഒപ്പിച്ചില്ല എന്നോ... മോശം മോശം..."

"നീ എന്ത് ചെയ്തു എന്ന..."

"ഡീ പൊട്ടിക്കാളീ... അവിടുത്തെ ഡോക്ടർ എന്റെ ഫ്രണ്ട് ആണ്... ഞാൻ പറഞ്ഞിട്ടാണ് അവർ ഹസ്ബന്റിന്റെ സാമീപ്യം വേണം എന്നൊക്കെ തട്ടി വിട്ടത്...

അതല്ലേ നിന്റെ കെട്ടിയോൻ നിന്നേം പൊക്കി അങ്ങോട്ട് കൊണ്ട് പോയത്..."

അനു അത് കെട്ട് ഞെട്ടി...

"ഡീ താങ്ക്സ്... താങ്ക് യു സോ മച്ച്..."

"അത് നീ വച്ചോ... പകരം നല്ല പോത്ത് ബിരിയാണി വാങ്ങി തന്നാൽ മതി... "

"നിനക്ക് ഞാൻ പോത്തല്ല ആന ബിരിയാണി വാങ്ങിത്തരും..."

"എന്നിട്ട് എന്തിനാ എന്നെ വനം വകുപ്പ് പിടിച്ചു ജയിലിൽ ഇടാനോ... നിനക്ക് ഞാൻ ഇങ്ങനെ ജീവിക്കുന്നത് കണ്ട് സുഖിക്കുന്നില്ലേ അനു..."

"ഒന്ന് പോയേഡി ചളി അടിക്കാതെ..."

"ഞാൻ പോണ്... അതിരിക്കട്ടെ എന്തിനാരുന്നു വിളിച്ചത്..."

"അയ്യോ അത് പറയാൻ മറന്നു..."

അനു വക്കീൽ പറഞ്ഞതും അവളുടെ മറുപടിയും ഷാനയോടു പറഞ്ഞു...

"ആഹാ... വരുണിനോട് പറഞ്ഞോ..."

"ഇല്ല... ആൾറെഡി അറിഞ്ഞു കാണും... ഇങ്ങോട്ട് പറയട്ടെ..."

"ഹി... ഹി... അത് നിന്റെ ഇഷ്ടം... രണ്ടാളും കൂടി അടിച്ചു പൊളിക്ക്... ലഡ്ഡു റെഡി ആക്കിയാൽ വിളിച്ചു പറ..."

"ഒന്ന് പോടീ അവിടുന്ന്... ഞാൻ വെക്കുവാ..."

അനു ഫോൺ കട്ട് ചെയ്തു...

പറഞ്ഞത് പോലെ വരുൺ നേരത്തെ എത്തിയിരുന്നു...

വന്ന പാടെ അവൻ അവളോട് പോകാൻ റെഡി ആയോ എന്നാണ് ചോദിച്ചത്...

അനു റെഡി ആയിക്കൊണ്ടിരിക്കുക ആയിരുന്നു...

നടക്കാത്ത ഡിവോഴ്സിന്റെ കാര്യം സംസാരിക്കും എന്ന് ഉള്ളത് കൊണ്ട് അവൾ സിന്ദുരം ഇത്തിരി കനത്തിൽ തന്നെ അണിഞ്ഞു ,അവൻ വാങ്ങിക്കൊടുത്ത ചുരിദാറും ഇട്ടാണ് പോയത്...

അവൻ അവളെയും കൊണ്ട് ഹോസ്പിറ്റലിലേക്ക് പോയി...

വരുൺ ഡിവോഴ്സിനെ പറ്റി എന്തെങ്കിലും പറയുമോ എന്ന് അറിയാനായി ആകാംഷയോടെ അവൾ കാത്തിരുന്നു...

പക്ഷെ അവൻ മറ്റ് പല കാര്യങ്ങളും സംസാരിച്ചു എങ്കിലും അത് മാത്രം മിണ്ടിയില്ല...

സൈക്കോളജിസ്റ്റിനെ കാണാൻ ആണ് അവർ വന്നത്...

അധികം തിരക്കില്ലായിരുന്നു...

ഡോക്ടർ രണ്ട് പേരെയും അകത്തേക്ക് വിളിപ്പിച്ചു... അനുവിനോടും വരുണിനോടും ചില കാര്യങ്ങൾ ചോദിച്ചു... അനുവിനെ കൊണ്ട് ഒരു ചോദ്യക്കടലാസ് കൊടുത്തിട്ട് ഉത്തരം എഴുതാൻ പറഞ്ഞു...

അവൾക് മനസ്സിലായി മെന്റൽ ഹെൽത്ത് പരിശോധിക്കാൻ ഉള്ളത് ആണ് ആ ചോദ്യങ്ങൾ എന്ന്...

അനു അവൾക് മനസ്സിൽ തോന്നിയ ഉത്തരങ്ങൾ എഴുതി...

അര മണിക്കൂർ കഴിഞ്ഞ് ഡോക്ടർ അവരെ അകത്തേക്ക് വിളിപ്പിച്ചു...

"നൗ ഷി ഈസ് പെർഫെക്ട്ലി ആൾറൈറ്റ്..."

ഡോക്ടർ പറഞ്ഞു...

രണ്ടാൾക്കും മനസമാധാനം തോന്നി... അവർ ഡോക്ടറോട് നന്ദി പറഞ്ഞു ഇറങ്ങി...

തിരികെ പോകുമ്പോളും അവൻ ഒന്നും മിണ്ടാത്തത് അവൾക്ക് ആശ്ചര്യം ആയി...

"ഇനി അറിഞ്ഞില്ലേ..." അവൾ മനസ്സിൽ ആലോചിച്ചു...

എന്തായാലും അവൾ ചോദിക്കാൻ തീരുമാനിച്ചു...

"വരുൺ..."

അവൻ എന്താ എന്ന അർത്ഥത്തിൽ അവളെ നോക്കി...

"വക്കീൽ വിളിച്ചിരുന്നോ..."

"മ്മ്..."

അവൻ ഒന്ന് മൂളി... പിന്നെ അല്പം കഴിഞ്ഞ് പറഞ്ഞു...

"നമുക്ക് ബീച്ചിൽ പോയാലോ... അവിടെ ഇരുന്ന് സംസാരിക്കാം..."

"മ്മ്.. " അവൾ സമ്മതം അറിയിച്ചു...

അല്പം സമയം കൊണ്ട് അവർ ബീച്ചിൽ എത്തി...

"വരുൺ... വക്കീൽ വിളിച്ചിട്ട് എന്ത് പറഞ്ഞു..."

"എന്ത് പറയാൻ... ഡിവോഴ്സ് എല്ലാം ശരിയായി... രണ്ടാഴ്ച കഴിഞ്ഞ് കോടതിയിൽ ഹാജരാകണം... ഇത് തന്നെ അല്ലേ തന്നോടും പറഞ്ഞത്..."

"അതെ... എന്നിട്ട് വരുൺ എന്ത് പറഞ്ഞു..."

"ഞാൻ എന്ത് പറയാൻ... നമുക്ക് അറിയാവുന്ന കാര്യം ആണല്ലോ... ഓക്കേ എന്ന് പറഞ്ഞു... "

അവൾ പെട്ടന്ന് നടുങ്ങി... എന്ത് ചെയ്യണം എന്നോ പറയണം എന്നോ അറിയാത്ത അവസ്ഥ... കണ്ണുകൾ എത്ര നിയന്ത്രിച്ചിട്ടും തുളുമ്പിത്തുടങ്ങിയിരുന്നു...

അവൾ ഇടറുന്ന ശബ്ദത്തോടെ ചോദിച്ചു -

"അപ്പോൾ നമ്മൾ പിരിയേണ്ടി വരില്ലേ..."

"അതിനല്ലേ നമ്മൾ ആദ്യം തന്നെ അതിന് കൊടുത്തത്... താൻ തന്നെ അല്ലേ ആദ്യം പിരിയാം എന്ന് പറഞ്ഞത്..."

അവൾ പോലും അറിയാതെ അവൾ കരഞ്ഞു തുടങ്ങിയിരുന്നു...

"ഇത്രയും നാൾ അവളുടെ ജീവിതം എന്ന തോണി ഒരുപാട് കാറ്റിലും ഒഴുകിലും പെട്ട് ആടി ഉലഞ്ഞു...

എല്ലാം ശാന്തമായി ഒരു കരക്ക് അടുത്തു എന്നായപ്പോൾ ആ കര തന്നെ പിളർന്നു തിളച്ചു മറിയുന്ന ലവയിലേക്ക് വീണ ആവസ്ഥ..."

"അപ്പോൾ... വരുണിന്... എന്നേ ഇഷ്ടമല്ലേ..."

അവൾ വാക്കുകൾ ഒരുമിച്ച് പറയാനായി ബുദ്ധിമുട്ടുന്നുണ്ടായിരുന്നു... വിതുമ്പൽ കാരണം ശ്വാസം എടുക്കാൻ അവൾ പാട്പെട്ടു...

അവൻ അവളുടെ മുഖത്ത് നോക്കാതെ തന്നെ പറഞ്ഞു -

"ആയിരുന്നു... ഇപ്പോൾ അല്ലാ..."

അവൾക്ക് അവളുടെ കാതുകളെ വിശ്വസിക്കാൻ ആയില്ല...

"അപ്പോൾ... പിന്നെ... ഇത്രയും ദിവസം... എന്തിനാ... എന്തിനാരുന്നു..."

"ഡോക്ടർ തന്റെ ആരോഗ്യത്തിന് വേണ്ടി അങ്ങനെ പറഞ്ഞു... ആദ്യം തന്നോട് ദേഷ്യം ഉണ്ടായിരുന്നു...

പക്ഷെ അപ്പോൾ ദേഷ്യം തോന്നിയില്ല...

പഴയത് പോലെ തന്നെ മടക്കി കൊണ്ടുവരണം എന്ന് തോന്നി..."

"എന്നോട് എന്തിനാ എങ്കിൽ സ്നേഹം ആയി പെരുമാറിയത്..." കൊച്ച് കുട്ടികൾ സങ്കടപെട്ട് ചോദിക്കുന്നത് പോലെ അവൾ ചോദിച്ചു...

"ഒന്ന്...

ഷാന നിന്നെ ഞാൻ വീട്ടിലേക്ക് കൊണ്ട് പോകുന്നു എന്ന് പറഞ്ഞപോളെ പറഞ്ഞു വേണ്ട കേറിങ് തരണമെന്ന്... തന്നോട് പ്രതികാരം ചെയ്യരുത് എന്ന്...

ഞാൻ അവൾക്ക് വാക്ക് കൊടുത്തു...

രണ്ട്... **ഇങ്ങനെ ചെയുമ്പോൾ മാത്രമേ താൻ എന്താണ് ഇല്ലാതെ ആക്കിയത് എന്ന് തനിക്ക് മനസ്സിലാക്കു... എന്റെ വക ഒരു കുഞ്ഞ് ശിക്ഷ...**"

അവൾക്ക് മിണ്ടാൻ ഒന്നും ഉണ്ടായിരുന്നില്ല...

അവൾ താഴേക്ക് മടിയിൽ തലവച്ചിരുന്നു കുറെ സമയം കരഞ്ഞു...

അല്പം കഴിഞ്ഞ് അവൾ തല ഉയർത്തി...

"എന്നെ പറ്റിക്കാൻ വേണ്ടി പറഞ്ഞതല്ലേ...".

"അല്ലാ..."

"മ്മ്..."

"നമുക്ക് പോകാം... തന്നെ ഞാൻ തന്റെ വീട്ടിൽ ആക്കട്ടെ..."

"ഒരു അപേക്ഷയുണ്ട്... രണ്ടാഴ്ച കൂടെ ഞാൻ അവിടെ നിന്നോട്ടെ..."

"അത് വേണോ... താൻ അമ്മയുമായി വീണ്ടും അടുക്കും എന്ന് ഞാൻ പ്രതീക്ഷിച്ചില്ല... ഇനിയും നിന്നാൽ അവർക്ക് കൂടുതൽ സങ്കടം ആകും... എല്ലാവരും കാരണം അവരും കുറെ വിഷമിച്ചു..."

"പ്ലീസ്... ഇനി ഒരിക്കലും അമ്മയെയും അച്ഛനെയും കളിയോയെയും കൂടെ സമയം ചിലവിടാൻ ആകില്ലല്ലോ... രണ്ടേ രണ്ട് ആഴ്ച കൂടെയല്ലേ..."

"മ്മ്... സമ്മതിച്ചു... നമുക്ക് പോയാലോ..."

അവർ വീട്ടിലേക്ക് തിരിച്ചു...

വീട്ടിൽ എത്തിയ ഉടനെ അവൾ ഷാനയെ വിളിച്ചു...

"ഹലോ... നീ ഇത്ര പെട്ടന്നു ലഡ്ഡു റെഡി ആക്കിയോ..." ഷാന ഫോൺ എടുത്തപോളെ കളിയാക്കാൻത്തുടങ്ങി...

അത് കേട്ടതും അവൾ പൊട്ടി പൊട്ടിക്കരഞ്ഞു... അടക്കി വച്ച കണ്ണീർ എല്ലാം ധാരയായി ഒഴുകി...

"അനു... നീ എന്തിനാ കരയുന്നത്..."

കരച്ചിൽ കേട്ട ഷാന ആകെ ഭയന്നിരുന്നു... അനു കാര്യങ്ങൾ എല്ലാം അവൾക്ക് വിവരിച്ചുകൊടുത്തു...

എല്ലാം കെട്ട് ഷാന പറഞ്ഞു...

"ഞാൻ വരുണിനെ ഒന്ന് വിളിക്കട്ടെ..."

ഷാന പല തവണ വിളിച്ചു എങ്കിലും വരുൺ ഫോൺ എടുത്തില്ല...

ദിവസങ്ങൾ പോയിക്കൊണ്ടിരുന്നു... അനു അവൾക്ക് ആവുന്നത്ര സ്നേഹം അച്ഛനും അമ്മയ്ക്കും ക്ലിയോയ്ക്കും നൽകി...

വരുണിന്റെ കാര്യങ്ങളും ഒരു ഉത്തമായായ ഭാര്യയെ പോലെ അവൾ ചെയ്ത് പോന്നു...

ഡിവോഴ്സിന് വെറും അഞ്ച് ദിവസം ബാക്കി നിൽക്കെ അനുവിന് ഒരു കാൾ വന്നു...

"ഹലോ..."

"ഹലോ... അനുക്കുട്ടി..."

ആ ശബ്ദം കേട്ടതും അനുവിന് ദേഹം മുഴുവൻ വിറഞ്ഞു കയറി...

"ഡാ പട്ടി... ചതിയാ... നീ എന്തിനാ എന്നെ വിളിക്കുന്നത്... ഞാൻ... ഞാൻ പോലീസിൽ പറയും..."

"അനു നീ ചൂടാവാതെ... അന്ന് നടന്നത് എല്ലാം ഞാൻ അറിഞ്ഞു... ഞാൻ..."

അത്രയും കേട്ടപ്പോളേക്കും അനു ഫോൺ കട്ട് ചെയ്തു...

അവൾ പല്ലും ഞെറുമി കട്ടിലിൽ ഇരുന്നു...

അവളുടെ ദേഷ്യം കണ്ടാണ് വരുൺ റൂമിലേക്ക് വന്നത്...

"എന്താടോ... ആരോടാ ദേഷ്യം..."

"അവൻ... ആ പട്ടി വിളിച്ചു... അജിത്..."

"അതായിരുന്നോ... അവൻ എന്ത് പറഞ്ഞു..."

"എനിക്കറിയില്ല... ഞാൻ ഫോൺ വച്ചു..."

"അവൻ എന്താ പറയുന്നേ എന്ന് കേൾക്കായിരുന്നു... താൻ പോലീസിൽ മൊഴി കൊടുത്തത് അല്ലേ അവന് എതിരെ... എന്തേലും ഇൻഫർമേഷൻ കിട്ടിയാൽ നമുക്ക് പോലീസിൽ അറിയിക്കാമല്ലോ..."

"എനിക്ക് അവനോടു സംസാരിക്കാൻ വയ്യ..."

"ഓക്കേ... താൻ അങ്ങോട്ട് വിളിക്കണ്ട... ഇങ്ങോട്ട് വീണ്ടും വിളിച്ചാൽ എടുക്കണം..."

പറഞ്ഞു തീർന്നതും കാൾ വന്നു...

"അവനാ..."

"എടുക്ക്... ലൗഡ് സ്പീക്കറിൽ ഇട്..."

വരുൺ കതക് പൂട്ടിയിട്ട് പറഞ്ഞു...

അവൾ അവൻ പറഞ്ഞത് പോലെ കാൾ അറ്റൻഡ് ചെയ്തു...

"ഹലോ... അനു താൻ ദേഷ്യപ്പെട്ടോ... എന്ത് എവേണേലും ചെയ്തോ... എനിക്ക് പറയാൻ ഉള്ളത് കേൾക്ക്..."

"ശരി... പറഞ്ഞു തുലക്ക്..."

"അന്ന് തന്നെ കാണാൻ വരാൻ പറഞ്ഞു എന്നത് ശരിയാണ്... പക്ഷെ വരുന്ന വഴി എന്റെ വണ്ടി ആക്സിഡന്റിൽപ്പെട്ടു...

എനിക്ക് ഇത്തിരി സീരിയസ് ആയിരുന്നു... ഒരാഴ്ച ഞാൻ ഐസിയുവിൽ ആയിരുന്നു..."

"കഴിഞ്ഞോ... ഇതെല്ലാം ഞാൻ വിശ്വസിക്കണം... വിശ്വസിക്കാം... എങ്കിൽ പൂട്ടി കിടന്ന തന്റെ ഫ്രണ്ടിന്റെ ഹോട്ടലിലേക്ക് എന്തിനാ എന്നോട് വരാൻ പറഞ്ഞത്..."

"അനു... സത്യത്തിൽ എനിക്ക് അവൻ ഇങ്ങനെ ചെയ്യും എന്ന് അറിയില്ലായിരുന്നു... ഈ ലിജു എന്റെ റിയൽ എസ്റ്റേറ്റ് ബിസിനസ് പാർട്ണർ ആയിരുന്നു...

അവന്റെ റെസ്റ്റോറന്റിൽ ഞാൻ വന്നിട്ടുണ്ട്... അന്ന് അത് പൂട്ടിയിട്ടു ഉണ്ടായിരുന്നില്ല... അവൻ എന്നെയും ചതിക്കുവായിരുന്നു...

ഒരുപക്ഷെ എനിക്ക് പറ്റിയ ആക്സിഡന്റ് പോലും അവൻ ചെയ്തത് ആണോ എന്ന് സംശയമുണ്ട്..."

"താൻ ഈ പറയുന്നത് മുഴുവൻ  നുണയാണ്..."

"അല്ലാ അനു... സത്യം... എന്റെ അമ്മ സത്യം... എനിക്ക് തന്നെ ഒന്ന് കാണണം... താൻ ഇല്ലാതെ പറ്റില്ലടോ... തനിക്ക് വേണ്ടി രണ്ട് തവണ ഞാൻ ഇപ്പോൾ ചത്ത് ജീവിച്ചില്ലേ..."

ഒരു നിമിഷം അനു എന്ത് മറുപടി പറയും എന്നറിയാൻ വരുണിന്റെ ശ്രദ്ധ അവളുടെ പുറത്തായി...

"അവളുടെ മനസ്സ് ഒന്ന് ഇടറിയോ...??" അവൻ ചിന്തിച്ചു...

"താൻ ചത്താലും ജീവിച്ചാലും എനിക്കൊന്നുമില്ല... തന്നെ എനിക്ക് കാണണ്ട..." അവൾ ഫോൺ കട്ട് ചെയ്തു...

അപ്പോളും അവൾ ദേഷ്യത്തിൽ ആയിരുന്നു...

"താൻ കൂൾ ആയിക്കെ അനു..."

"എന്നെ ജീവിക്കാൻ സമ്മതിക്കില്ല..."

"ഡോ... അയാൾ പറഞ്ഞത് ചിലപ്പോൾ ശരി ആണെങ്കിലോ..."

"വരുൺ വിശ്വസിച്ചോ... ഈ അനു വിശ്വസിക്കില്ല... "

"അവൻ പറയുന്നത് സത്യമാണോ എന്നറിയാൻ ഒരു വഴിയുണ്ട്..."

"എന്ത്..."

"അജിത്ത് വിളിച്ചതും പറഞ്ഞ കാര്യവും നമ്മൾ ഇപ്പോൾ പോലീസിൽ വിളിച്ചുപറയുന്നു... നമ്പറും കൊടുക്കാം... അവർ എന്ത് പറയും എന്ന് നോക്കിട്ട് ബാക്കി തീരുമാനിക്കാം..."

വരുൺ സിഐയുടെ നമ്പറിൽ വിളിച്ചു, എന്നിട്ട് ലൗഡ് സ്പീക്കറിൽ ഇട്ടു...

"ഹലോ... മേടം ഞാൻ വരുൺ ആണ്... മറ്റേ അനുപമയുടെ ഹസ്ബൻഡ്..."

"മനസ്സിലായടോ... താൻ പറ, എന്തിനാ വിളിച്ചത്... "

"മേടം അന്ന് പറഞ്ഞ അജിത് ഇല്ലേ... എന്തെങ്കിലും വിവരം കിട്ടിയോ..."

"എടൊ അത് പറയാൻ മറന്നു... ആ പറഞ്ഞവൻ അന്ന് പാലക്കാട് ഒരു ആക്സിഡന്റ് ഉണ്ടായി... കുറെ ദിവസം ഐസിയു ഒക്കെ ആയിരുന്നു...

പിന്നെ നമ്മൾ കൂടുതൽ അന്വേഷിക്കാൻ പോയില്ല... ഇവന്മാരോട് ഒന്ന് ചോദിച്ചു... ഇവന്മാരും അവന് എതിരെ ഒന്നും പറഞ്ഞിട്ടില്ല... ആക്സിഡന്റ് ആയത് പറഞ്ഞു..."

"ഓക്കേ മേടം... ഇത് ചോദിക്കാന വിളിച്ചത്... താങ്ക്സ്..."

"ഓക്കേ വരുൺ..."

അവർ ഫോൺ കട്ട് ആക്കി...

അനു അവർ പറഞ്ഞത് കെട്ട്  ഞെട്ടി... പക്ഷെ അവൾക്ക് അജിത്തിനെ വിളിക്കാനോ സംസാരിക്കാനോ താല്പര്യം തോന്നിയില്ല...

"കണ്ടോ അനു... ഇതാണ് എടുത്ത് ചാടരുത് എന്ന് പറയുന്നത്... കേട്ടിടത്തോളം അയാൾ ഒരു നിരപരാധിയാണ്...

അയാൾ നല്ലവൻ ആണേൽ താൻ സ്നേഹിച്ചിരുന്ന ആളെ തന്നെ കേട്ടുന്നതാ നല്ലത്...

ഒന്നുമില്ലേലും താൻ അയാളുടെ കൂടെ ഒരു ജീവിതത്തിനു എത്ര കഷ്ടപ്പെട്ടതാ... "

അനു ഒന്നും മിണ്ടിയില്ല... അവളുടെ തൊണ്ട ഇടറി... കണ്ണ് തുളുമ്പി ഒലിച്ചു ഇറങ്ങി... അവൾ മുഖം താത്തി ഇരുന്ന് പുറം കൈ കൊണ്ട് കണ്ണ് നീർ തുടച്ചു...

"ഡോ താൻ സങ്കടപെടാതെ... അയാൾ ഇനിയും വിളിക്കും... താൻ സ്നേഹിക്കുന്ന ആളിനൊപ്പം പോയി സന്തോഷമായി ജീവിക്ക്...

ഇനി ഇപ്പോൾ ആരും എതിർക്കാനും വരില്ല... എല്ലാം എല്ലാവർക്കും അറിയാമല്ലോ..."

വരുൺ പറഞ്ഞു നിർത്തിയതും ഫോൺ വന്നു...

അജിത് തന്നെ ആയിരുന്നു...

അനു ഫോൺ എടുക്കാൻ തുടങ്ങിയതും വരുൺ അവളെ തന്നെ ശ്രദ്ധിച്ചു...

"അനു..."

"മ്മ്..."

"ഞാൻ പറഞ്ഞത് സത്യമാണ്..."

"മ്മ്..."

"എനിക്ക് നിന്നെ വേണം... അത്യാവശ്യമായി ഒന്ന് കാണണം..."

"മ്മ്..."

"തനിക്ക് എന്നെ വിശ്വാസമില്ല അല്ലേ... ഈ തവണ താൻ പറയുന്ന സ്ഥലത്ത് താൻ പറയുന്ന സമയം കാണാം..."

"ലേക്ക് വ്യൂ ഗാർഡൻ... അറ്റ് ഷാർപ്പ് 1pm...ഫിഫ്ത് ജൂലൈ..." അവരുടെ ഡിവോഴ്സ് നടക്കുന്ന ദിവസം ആയിരുന്നു അത്...

അത്രയും മാത്രം പറഞ്ഞു അവൾ ഫോൺ കട്ട് ചെയ്തു...

മുഖത്ത് ഒരു വികാരവും ഇല്ലാത്തവളെ പോലെ അവൾ ഇരുന്നു...

പക്ഷെ കണ്ണുനീർ മാത്രം നിലക്കാത്ത പ്രവാഹം പോലെ ഒഴുകിക്കൊണ്ടിരുന്നു...

വരുണിന് അവളുടെ ഭാവം കണ്ട് ഒന്നും മനസ്സിലായില്ല...

"ഡോ... താൻ ഇങ്ങനെ വിഷമിക്കാതെ... എല്ലാം ശരിയാകും... അയാളുമായി എല്ലാം ധാരണയിൽ ആക്കാം നമുക്ക്..."

അനു പെട്ടന്ന് തീപാറുന്ന ഒരു നോട്ടം വരുണിനെ നോക്കി... അവൻ ഒരു നിമിഷം ഭയന്ന് പോയി ആ നോട്ടം കണ്ട്...

അവൾ ഒന്നും മിണ്ടാതെ എണിറ്റു ബാത്റൂമിലേക്ക് കയറി വാതിൽ അടച്ചു...

**********

വിവാഹമോചനത്തിനായി രണ്ട് ദിവസം മാത്രം ബാക്കി നിൽക്കേ രണ്ട് വീട്ടിലും കാര്യങ്ങൾ വിളിച്ചു പറഞ്ഞിരുന്നു...

അനുവിന്റെ വീട്ടിൽ സംഭവവികസങ്ങൾ ഒന്നും അറിഞ്ഞിട്ടില്ലാത്തത് കൊണ്ട് ഞെട്ടൽ ഒന്നും ഉണ്ടായിരുന്നില്ല...

പക്ഷെ വരുണിന്റെ അച്ഛനും അമ്മയും എതിർത്തു...

"അമ്മേ... ഇത് എന്റെ ജീവിതം ആണ്... ഞാൻ വളരെ ആലോചിച്ചു എടുത്ത തീരുമാനവും... നിങ്ങളെ പോലെ എടുത്തു ചാടി ഒന്നും ഞാൻ ചെയ്തിട്ടില്ല... "

"നീ എന്ത് പറഞ്ഞാലും സമ്മതിക്കില്ല ഞങ്ങൾ..."

"എനിക്ക് വേണ്ട അവളെ..."

"ഡാ... മോനെ... നീ ഒന്നും കൂടെ ആലോചിക്ക്..." അമ്മ കെഞ്ചി...

"ആലോചിക്കാൻ ഒന്നുമില്ല അമ്മേ..."

അവർക്ക് പിന്നെ ഒന്നും മിണ്ടാൻ ഉണ്ടായിരുന്നില്ല...

ഇതേ സമയം ക്ലിയോയെ കളിപ്പിച്ചു ഇരിക്കുകയായിരുന്നു അനു...

"ചേച്ചിയെ നിനക്ക് മിസ്സ് ചെയ്യുമല്ലോ ക്ലിയോ... "

"ബൗ... ബൗ..."

"വിഷമിക്കണ്ട കേട്ടോ... ചേച്ചി എല്ലാരേം കാണാൻ വരാം... പ്രത്യേകിച്ച് നിന്നെ... "

*********

ഡിവോഴ്സ് ദിവസം രാവിലെ തന്നെ വരുണും അനുവും ഇറങ്ങി...

വാശി പിടിച്ച് അച്ഛനും അമ്മയും വണ്ടിയിൽ കൂടെ കയറി...

സാധാരണ വണ്ടിയിൽ കയറാത്ത ക്ലിയോയും അന്ന് ചാടി കയറി...

വരുൺ ദേഷ്യപ്പെട്ടു എങ്കിലും അവൾ പോകാൻ തയ്യാറായില്ല...

അങ്ങനെ നിവർത്തി ഇല്ലാതെ അവൻ വണ്ടി മുന്നോട്ട് എടുത്ത് നേരെ കോടതിയിലേക്ക് വിട്ടു...

അവർ കോടതിയിൽ എത്തിയപ്പോൾ സൈഡ് ഒരു വിൻഡോ താത്തി വച്ച് ക്ലിയോയെ കാറിൽ ഇരുത്തി എല്ലാവരും ഇറങ്ങി...

ഷാനയും അനുവിന്റെ അച്ഛനും അമ്മയും വന്നിരുന്നു...

അനു ഷാനയുടെ അടുത്തേക്ക് നടന്നു...

ആരും പരസ്പരം ഒന്നും മിണ്ടിയില്ല...

അനുവും വരുണും വക്കീലിന്റെ അടുക്കലേക്ക് നടന്നു...

അവരോടൊപ്പം കോടതിയിലേക്കും...

കുറച്ചു നേരം കാത്തിരുന്നപ്പോളേക്കും കോടതിയിൽ അവരുടെ കേസ് നമ്പർ വിളിച്ചു...

*********************

കോടതിയിലേക്ക് പോകുന്ന ദിവസത്തിൻ്റെ തലേന്ന് മുതൽ ഒരു നിസംഗമായ അവസ്ഥയിൽ ആയിരുന്നു അനു...

ഒരു റോബോട്ട് പോലെ അവൾ എന്തൊക്കയോ ചെയ്തു...

ചിരി, കരച്ചിൽ അങ്ങനെ യാതൊരു ഭാവവും അവളുടെ മുഖത്ത് തെളിഞ്ഞിരുന്നില്ല...

കോടതിയിൽ എത്തിയിട്ടും അവൾ ആരോടും ഒന്നും മിണ്ടിയില്ല...

അവളോട് പറഞ്ഞതിന് എല്ലാം ഒരു  മൂളൽ മാത്രം മറുപടിയായി നൽകി...

അനു പിരിയുന്നില്ല എന്ന അർത്ഥത്തിൽ ഒന്ന് പറഞ്ഞിരുന്നു എങ്കിലും രാവിലെ കോടതിയിൽ വരുണിന്റെ അഡ്വക്കേറ്റൊ അനുവോ പിന്നീട് ഒന്നും പറയാതെ ഇരുന്നപ്പോൾ അനുവിന്റെ അഡ്വക്കേറ്റ് പെറ്റിഷൻ പിൻവലിക്കുന്നതിന് വേണ്ടി  ഒന്നും ചെയ്തിരുന്നില്ല...

കേസ് നമ്പർ വിളിച്ചതും അവർ ഇരുവരുടെയും വക്കീലന്മാർ അവരെയും കൂട്ടി ജഡ്ജിയുടെ അടുത്തേക്ക് നടന്നു...

ആ നിമിഷം അവളുടെ മനസ്സിൽ വരുണിനെ കണ്ട നാൾ മുതൽ ഉള്ള ഓരോ സംഭവങ്ങളും ഫാസ്റ്റ് ഫോർവേഡ് എന്ന പോലെ പ്ലേ ചെയ്തു...

പെട്ടന്ന് അവൾക്ക് നെഞ്ചിൽ അതിയായ ഭാരം തോന്നി... തൊണ്ടയിൽ ആരോ കുത്തിപ്പിടിച്ച അവസ്ഥ...

കണ്ണ് ഉരുണ്ട് കൂടുന്നുണ്ട്...

അവൾ തന്റെ അടുത്തായി നടന്നിരുന്ന വരുണിന്റെ മുഖത്തേക്ക് നോക്കി...

അവന്റെ മുഖത്തും നല്ല വിഷമം ഉള്ളത് പോലെ അവൾക്ക് തോന്നി... മുഖം ആകെ വിളറിയിട്ടുള്ളത് പോലെ...

ജഡ്ജിയുടെ അടുത്തെത്തി അവർ നിന്നു... മുന്നിലായി അവരുടെ വക്കീലന്മാരും...

ജഡ്ജ് അവരുടെ ഡോക്യൂമെന്റസ് എല്ലാം പരിശോധിച്ചു...

"വരുണും അനുപമയും അല്ലേ ... ഓക്കേ രണ്ട് കൗൺസിലിംഗും ഫലം കണ്ടിട്ടില്ല... സെക്കന്റ് മോഷൻ പാസ്സ് ചെയ്യാം... ഡിവോഴ്സ് അനുവദിക്കാം..."

അവർ പറഞ്ഞു...

ഡിവോഴ്സ് അനുവദിച്ചു കൊണ്ടുള്ള വിധിയിൽ ഒപ്പ് വെക്കാനായി പേന എടുത്ത് കടലാസ്സിന്റെ അടുക്കലേക്ക് എത്തിയതും...

ഒച്ചത്തിൽ ഉള്ള ഒരു എങ്ങലടി കോടതി മുറിയുടെ ഉള്ളിൽ മുഴങ്ങി...

ജഡ്ജി ഉൾപ്പെടെ അവിടെ ഉണ്ടായിരുന്നവർ എല്ലാവരും ആ ശബ്ദത്തിന് ഉറവിടത്തിലേക്ക് നോക്കി...

അനുവിന് അതിൽ കൂടുതൽ പിടിച്ച് നിൽക്കാൻ ആകുമായിരുന്നില്ല...

എങ്ങലടി പെട്ടന്ന് തന്നെ ശ്വാസം എടുക്കാൻ വിമ്മിഷ്ടപ്പെട്ടുള്ള അതീവ ശബ്ദത്തിൽ ഉള്ള കരച്ചിലായി പരിണമിച്ചു...

"എനിക്ക്... ഡി..വോർസ്.. വേണ്ട... എനിക്ക്... എന്റെ... വ.. വരുണിനെ വേണം... "

നിറത്താതെയുള്ള കരച്ചിലിന്റ ഇടയിൽ അനു എങ്ങനെയോ പറഞ്ഞൊപ്പിച്ചു...

വരുണും രണ്ട് പേരുടെയും വക്കീലന്മാരും, ജഡ്ജിയും ഞെട്ടി...

ഒപ്പിടാൻ എടുത്ത പേന അവർ തിരികെ വച്ചു...

"ഞാൻ... എന്റെ വരുണിനെ....വിട്ട് എങ്ങും... പോവൂല..."

കൊച്ച് കുട്ടികൾ ചിണുങ്ങുന്ന പോലെ അവൾ വരുണിന്റെ അടുത്തേക്ക് നീങ്ങി അവന്റെ കയ്യിൽ പിടുത്തമിട്ട് ചിണുങ്ങിക്കൊണ്ട് പറഞ്ഞു...

വരുൺ എന്ത് ചെയ്യണം എന്നറിയാതെ സ്തംഭിച്ച് നിന്ന് പോയി... അവനാകെ നാണക്കേട് തോന്നി...

അവൻ അവളുടെ കൈ വിടുവിക്കാൻ ശ്രമിച്ചു എങ്കിലും "വിടില്ല..." എന്ന് പറഞ്ഞു അവൾ ഒന്നുകൂടെ മുറുകെപ്പിടിച്ചു...

"ഇത് എന്താ ഇവിടെ നടക്കുന്നത്..." ജഡ്ജി ചോദിച്ചു... ഡിവോഴ്സ് താല്പര്യമില്ല എങ്കിൽ വക്കീലിനെ അറിയിച്ചു പെറ്റിഷൻ പിൻ വലിക്കാൻ അപ്പീൽ തരണമായിരുന്നു...

ഇതിപ്പോ കോടതിയുടെ വിലപ്പെട്ട സമയം മിനക്കെടുത്തിയത് എന്തിനാണ്...

എല്ലാവരും ആദ്യമായി ആണ് ഇങ്ങനെ ഒരു സിറ്റുവേഷൻ ഫേസ് ചെയ്യുന്നത്...

"മാഡം... സോറി ഫോർ ദി ഇൻകോൺവീനിയൻസ്... മനുഷ്യന്റെ കാര്യമല്ലേ... പെറ്റിഷൻ പിൻവലിക്കാനുള്ള അപ്പീൽ... പാർഡൺ അസ്..."

"മ്മ്... ഒരു കുടുംബം പിരിക്കാൻ കോടതി താല്പര്യപെടുന്നില്ല... അപ്പീൽ ഞാൻ ആക്സപ്റ്റ് ചെയ്യുന്നു...

മ്യൂച്ചൽ പെറ്റിഷൻ അല്ലേ, ഒരു കക്ഷി പിന്മാറിയത് കൊണ്ട് ഡിവോഴ്സ് നൽകാൻ ആകില്ല... "

കോടതി അടുത്ത കേസ് വിളിച്ചു...

അപ്പോളേക്കും രണ്ട് കുടുംബത്തിലെയും വീട്ടുകാർ അവിടേക്ക് വന്നു...

കോടതിയുടെ ഉള്ളിൽ നടന്നത് അവർ അറിഞ്ഞിരുന്നു...

വരുണിന്റെ കയ്യിൽ തൂങ്ങിയാണ് അനു പുറത്തേക്ക് വന്നത്...

അവന്റെ മുഖത്ത് യാതൊരു വികാരങ്ങളും ഉണ്ടായിരുന്നില്ല...

അവന്റെ കണ്ണുകളിലേക്ക് നോക്കി എന്താണ് അവന്റെ മനസ്സിലുള്ള വികാരം എന്നറിയാൻ പരമാവധി അനു ശ്രമിച്ചു എങ്കിലും നിസംഗമായ ഒരു അവസ്ഥക്ക് അപ്പുറം അവൾക്ക് ഒന്നും മനസ്സിലാക്കാനായില്ല...

വിഷമം തോന്നി എങ്കിലും അവന്റെ കയ്യിലുള്ള അവളുടെ പിടി വിടുവിക്കാൻ അവൻ നോക്കാതെ ഇരുന്നത് അവൾക്ക് ആശ്വാസമായിരുന്നു...

തന്നോട് അവൻ ഒന്ന് പൊട്ടിത്തെറിച്ചിരുന്നു എങ്കിലെന്നു പോലും അവൾ വല്ലാതെ കൊതിച്ചു പോയിരുന്നു...

കോടതിയുടെ പുറത്തേക്ക് എത്തിയപ്പോൾ വരുൺ അനുവിനെ ഒന്ന് പാളി നോക്കി...

അവൾ അവനെ തന്നെ നോക്കി നിന്നിരുന്നത് കൊണ്ട്, ആ നോട്ടം കണ്ടപ്പോളെ അവിടെ ഒരു ചെറു പുഞ്ചിരി വിടർന്നു...

അവൻ അത് കണ്ടതും മുഖം വെട്ടിത്തിരിച്ചു കൊണ്ട് വക്കീലിനോടായി ചോദിച്ചു-

"സർ... ഇനി ഡിവോഴ് വേണമെങ്കിൽ എന്ത് ചെയ്യണം..."

അനുവിന്റെ മനസ്സിൽ ഒരു കൊല്ലിയാൻ മിന്നി... അവൾ ഷോക്ക് ഏറ്റത് പോലെ നിന്നു...

അവൾ പോലും അറിയാതെ വരുണിന്റെ കയ്യിലുള്ള അവളുടെ പിടുത്തതിന്റെ ബലം കുറഞ്ഞു...

കണ്ണുകൾ വീണ്ടും ഉരുണ്ട് കൂടി... തൊണ്ട വരണ്ട്, നെഞ്ചിൽ ഭാരം തോന്നി... വല്ലാത്ത ദാഹവും... തല കറങ്ങുന്നത് പോലെ തോന്നിയവൾക്ക്...

"കേസ് അവസാനിച്ചു... ഇനി തനിക്ക് ഡിവോഴ്സ് വേണം എന്ന് നിർബന്ധം ഉണ്ടെങ്കിൽ പുതിയ കോൺടെസ്റ്റഡ് പെറ്റിഷൻ ഫയൽ ചെയ്യാം...

പക്ഷെ അപ്പോൾ ആദ്യം മുതൽ എല്ലാ പ്രൊസീജർ ഫോളോ ചെയ്യേണ്ടി വരും... മ്യൂച്ചൽ പെറ്റീഷനിലും കാല താമസവും ഉണ്ടാകും..."

"ഓക്കേ താങ്ക്സ്..." വരുൺ അതും പറഞ്ഞു അനുവിന്റെ മുഖത്തേക്ക് നോക്കി...

അവൾ തല കുനിച്ചു താഴേക്ക് നോക്കി നിൽക്കുകയായിരുന്നു...

കവിളിൽ നിന്നും ഉർന്നിറങ്ങുന്ന കണ്ണുനീരിൽ നിന്നും അവൾ കരയുകയാണെന്ന് അവന് മനസ്സിലായി...

അത് കണ്ടപ്പോൾ ഒരു ആത്മസംതൃപ്തിയാണ് അവനുണ്ടായത്...

കോടതി വളപ്പിലെ പാർക്കിംഗ് സ്പെസിലേക്ക് വരുൺ മുന്നിലും അനു പിന്നിലുമായിയാണ് നടന്നു വന്നത്...

രണ്ട് പേരുടെയും വീട്ടുകാർ തമ്മിൽ സംസാരിച്ചു നിൽക്കുന്നതാണ് അവർ വന്നപ്പോൾ കണ്ടത്...

അവർ പിരിയില്ല എന്ന ആശ്വാസത്തിലായിരുന്നു രണ്ട് പേരുടെയും അച്ഛനമ്മമാർ...

വരുണും അനുവും വരുന്നത് കണ്ടതും അവർ സംസാരം നിർത്തി...

മറ്റുള്ളവരുടെ അടുത്ത് എത്തിയതും രണ്ട് പേരും നിന്നു...

ആർക്കും ഒന്നും പറയുന്നുണ്ടായിരുന്നില്ല... അനു മുഖം കുനിച്ചു തന്നെ നിന്നു...

വരുണും ഒന്നും മിണ്ടിയില്ല...

ഫ്രണ്ട് ആയ ഒരു അഡ്വക്കേറ്റിനോട് സംസാരിച്ചു നിന്ന ഷാനയും അവിടെക്ക് എത്തിയിരുന്നു...

എല്ലാവരുടെയും ഇടയിൽ തളം കെട്ടി നിന്ന മൗനം ഭേദിച്ചു കൊണ്ട് വരുണിന്റെ അമ്മ ഒരു ചെറു പുഞ്ചിരിയോടെ പറഞ്ഞു -

"കഴിഞ്ഞത് കഴിഞ്ഞു... ഇനി അതൊന്നും ഓർത്ത് നിങ്ങൾ വിഷമിക്കണ്ട... ഇന്ന് മുതൽ രണ്ടാൾക്കും ഒരു പുതു തുടക്കമാവട്ടെ... നിങ്ങൾ വാ മക്കളെ നമുക്ക് വീട്ടിലേക്ക് പോകാം..."

വരുണിന് തന്നെ വേണ്ട എന്ന ചിന്ത അനുവിന് നല്ല വിഷമം ഉണ്ടാക്കിയിരുന്നു എങ്കിലും അമ്മയുടെ ആ വാക്ക് അവളുടെ മനസ്സിൽ പ്രതീക്ഷയുടെ പുതിയ പുൽനാമ്പ് മുളപ്പിച്ചു...

വരുണിന് തന്റെ സ്നേഹം മനസ്സിലാക്കിക്കൊടുക്കാൻ, അവന്റെ സ്നേഹം നേടാൻ ഒരു അവസരം ആയിരുന്നു അവൾക്ക് വേണ്ടത്...

പക്ഷെ അവളുടെ പ്രതീക്ഷയാ നാമ്പ് മുളയിലേ നുള്ളിക്കൊണ്ട്, അവളുടെ നെഞ്ചിൽ ഇടുത്തി പോലെയാണ് വരുണിന്റെ വാക്കുകൾ വന്നത്...

"അത് വേണ്ട അമ്മേ... അനു അവളുടെ വീട്ടിലേക്ക് പോയിക്കോട്ടെ... അവളുടെ ഒപ്പം താമസിക്കാൻ എനിക്ക് താല്പര്യമില്ല..."

"നീ എന്തുവാട ഞങ്ങളെ പൊട്ടന്മാർ ആക്കുവാണോ???...

നീ നേരത്തെ മോളെ വീട്ടിലേക്ക് കൊണ്ടുവരാൻ കിടന്ന് ചാടി... ഇപ്പോൾ എല്ലാം ഒന്ന് കരക്കടുത്തു എന്ന് വിചാരിക്കുമ്പോൾ അവളെ വേണ്ട എന്നും...

നീ ഇന്ന് കോടതിയിൽ വന്നപ്പോൾ അവൾക്കും ഡിവോഴ്സ് വേണം എന്ന് വിചാരിച്ച ഞാൻ മിണ്ടാതെ നിന്നത്...

ശരിക്കും എന്താ നിന്റെ മനസ്സിൽ... എന്തിനാ ഈ നാടകം കളിയൊക്കെ... "

അമ്മ അവനോടായി ചോദിച്ചു....

"അമ്മേ എനിക്ക് ഇവളുടെ കൂടെ ജീവിക്കാൻ താല്പര്യമില്ല... എന്റെ ജീവിതം അല്ലേ എനിക്ക് ഇഷ്ടം ഉള്ള പോലെ അത് ജീവിക്കാൻ അനുവാദമില്ലേ..."

അനു തല താഴ്ത്തി ഒന്നും മിണ്ടാതെയുള്ള നിൽപ്പ് തുടർന്നു...

"വരുണേ... നിനക്ക് ക്ഷമിച്ചു കൂടെടാ... ഒരു അവസരം കൂടെ അവൾക്ക് കൊടുത്തു കൂടെ..." ഷാന ചോദിച്ചു...

"മോനെ... " അനുവിന്റെ അച്ഛന്റെ സങ്കടം കലർന്ന ശബ്ദം ഇടറിയുള്ള ഒരു വിളി കെട്ട് എല്ലാവരുടെയും ശ്രദ്ധ അദ്ദേഹത്തിലേക്ക് പോയി...

"എന്റെ മോളുടെ ഭാഗത്ത് തന്നെ തന്നെയാണ് തെറ്റ്...

പക്ഷെ അവൾ തെറ്റ് ചെയ്തു എങ്കിൽ അതിന് കാരണക്കാർ ഞങ്ങൾ മാത്രമാണ്...

നീയാണ് മോനെ ഞങ്ങളുടെ കണ്ണ് തുറപ്പിച്ചത്... ഞങ്ങളുടെ ദുരഭിമാനം കൊണ്ട് മാത്രമാണ് ഇത്രയും പ്രശ്നങ്ങൾ ഉണ്ടായത്...

പക്ഷെ ഇന്നവൾ കോടതിയിൽ തുറന്നത് അവളുടെ ഹൃദയം തന്നെ അല്ലേ മോനെ... ചെയ്ത തെറ്റിന് ഒരുപാട് അനുഭവിച്ചില്ലേ അവൾ... ഇന്ന് ആ തെറ്റിന്റെ പ്രായശ്ചിത്തം കൂടി ആണ് മോനെ അത്...

ചോദിക്കാൻ അർഹതയില്ല... എങ്കിലും ചോദിക്കുവാ മോനെ... ക്ഷമിച്ചു കൂടെ എന്റെ മോളോട്... ഒരു അവസരം കൂടി അവൾക് നൽകിക്കൂടെ...

ഒരു നല്ല ജീവിതം കൊടുത്തുകൂടെ മോനെ അവൾക്ക്.... ഈ അച്ഛൻ സംഭവിച്ചു പോയതിനു എല്ലാം മോന്റെ കാലിൽ വീഴാം..."

അദ്ദേഹം വരുണിന്റെ കാലിൽ വീഴാൻ തുടങ്ങിയതും അനു പൊട്ടിക്കരയാൻ തുടങ്ങി...

വരുൺ വേഗം കാല് പിന്നോട്ട് വലിച്ചു അനുവിന്റെ അച്ഛനെ തടഞ്ഞു...

അദ്ദേഹം പുറം കൈ കൊണ്ട് കണ്ണുനീർ തുടച്ചു കൊണ്ട് അവനെ നോക്കി...

വരുണിന്റെ മുഖത്ത് നിന്ന് ആർക്കും അവന്റെ മനസ്സിൽ എന്താ എന്ന് അറിയാൻ ആകുമായിരുന്നില്ല... തീർത്തും ഒരു നിർവികാരത ആ മുഖത്ത് കളിയാടി...

"മോനെ...." അനുവിന്റെ അച്ഛൻ കെഞ്ചുന്നത് പോലെ വീണ്ടും അവനെ വിളിച്ചു...

"അച്ഛാ... വേണ്ട... സാരമില്ല..." അനു വിമ്മിഷ്ടത്തോടെ പറഞ്ഞു... വീണ്ടും പൊട്ടിക്കരയാൻ തുടങ്ങി...

പെട്ടന്നാണ് കാറ്റ് കടക്കാനായി കാറിന്റെ തുറന്നിട്ട ജനലിലൂടെ ക്ലിയോ പുറത്തേക്ക് ചാടി കുരച്ചു കൊണ്ട് അവർ നിന്നിടത്തേക്ക് ഓടി വന്നത്...

ക്ലിയോ വേഗം അനുവിനെ ചുറ്റി ഒന്ന് നടന്നു, വാലാട്ടിക്കൊണ്ട് അവളുടെ മുന്നിലായി നിന്ന് രണ്ട് തവണ കുരച്ചു...

അനു അവളെ നോക്കി... ക്ലിയോ അനുവിന്റെ കാലിനോട് ചേർന്ന് നിന്ന് മുഖം അവളുടെ കാലിൽ ഉരസാനും വാലാട്ടനും തുടങ്ങി...

ക്ലിയോ വേഗം തിരിഞ്ഞ് വരുണിനെ നോക്കി ശകാരിക്കുന്നത് പോലെ കുരാക്കാൻ തുടങ്ങി...

കുറച്ച് കഴിഞ്ഞു വരുണിന്റെ കാൽ കീഴിൽ നിന്ന് വാലാട്ടി ഒരു പ്രതേക ശബ്ദത്തിൽ കരയാൻ തുടങ്ങി...

വെറും ഒരു നായ മാത്രമല്ല... വരുണിന്റെ മനസ്സ് നന്നായി അറിയുന്ന ബുദ്ധിയുള്ളവൾ ആണ് ക്ലിയോ...

വരുണിന് ക്ലിയോ അനുവിനെ കൂടെ കൂട്ടാൻ ആണ് പറയുന്നത് എന്ന് മനസ്സിലാക്കാൻ പാടുണ്ടായിരുന്നില്ല...

അവൾ പറഞ്ഞാൽ അവൻ കേൾക്കാതെ ഇരിക്കുകയുമില്ല...

"മോനെ... നീ എല്ലാരും പറയുന്നത് ഒന്ന് കേൾക്കടാ... നീ എപ്പോളും പറയുന്നത് പോലെ നിന്റെ ജീവിതം തന്നെയാണ്...

നീ തന്നെയാ തീരുമാനിക്കേണ്ടത്... പക്ഷെ നിനക്ക് ഒരു നല്ല ജീവിതം ഉണ്ടായി കാണണം എന്നെ ഞങ്ങൾക്കുള്ളു... നീ അനു മോളെ നിന്റെ പാതിയായി കൂടെ കൂട്ടണം മോനെ..." വരുണിന്റെ അച്ഛനും പറഞ്ഞു...

അവൻ എല്ലാവരുടെയും മുഖത്തേക്ക് നോക്കി...

ക്ലിയോ ഉൾപ്പടെ എല്ലാവരുടെയും മുഖത്ത് ഒരു സങ്കടം തളം കെട്ടി നിന്നിരുന്നു...

കൂടുതൽ ബലം പിടിക്കാൻ അവന് ആകുമായിരുന്നില്ല... അച്ഛൻ വരെ കെഞ്ചുന്നത് പോലെയാണ് സംസാരിച്ചത്...

"ശരി... നിങ്ങളുടെയെല്ലാം വാക്ക് തള്ളി കളയാനും സങ്കടം കണ്ടില്ല എന്ന് നടിക്കാനും എനിക്കാവില്ല... ഞാൻ അനുവിനെ കൂടെ കൂട്ടാം...

പക്ഷെ ഇതൊരു ഒരു പരീക്ഷണം മാത്രമാണ്... അത് കൊണ്ട് തന്നെ എനിക്ക് സമയം വേണം... പൊരുത്തപ്പെടാൻ ആയില്ല എങ്കിൽ പിരിയേണ്ടതായി വരും... അതാകും രണ്ടാൾക്കും നല്ലത്..."

ആർക്കും ഒന്നും മിണ്ടാൻ ഉണ്ടായിരുന്നില്ല... എല്ലാവർക്കും അപ്പോഴാണ് സമാധാനമായത് ...

ക്ലിയോ വരുണിന്റെ അടുത്ത് വാലാട്ടി നിന്ന് അവന്റെ കാലിൽ മുഖം ഇട്ട് ഉരസാൻ തുടങ്ങി...

വരുൺ മുട്ടിലിരുന്ന് അവളെ ഒന്ന് താലോലിച്ചു കൊണ്ട് ചോദിച്ചു-

"എന്നാൽ വീട്ടിലേക്ക് പോയാലോ..."

"പോകാം... മക്കളെ നിങ്ങൾ രണ്ടാളും നമ്മുടെ കാറിൽ പൊക്കോ... എവിടെ എങ്കിലും തിരക്കില്ലാത്ത ഒരിടത്തു പോയിരുന്നു എല്ലാം സമാധാനമായി സംസാരിച്ചു ഒരു തീർപ്പാക്ക്... എന്നിട്ട് വീട്ടിലേക്ക് വന്നാൽ മതി..."

"ചന്ദ്രു... നീ ഞങ്ങളെ വീട്ടിലേക്ക് ഡ്രോപ്പ് ചെയ്യുമോ???... പിള്ളേര് ഒന്നിച്ചു പൊക്കോട്ടെ..."

"അതിനെന്താടാ... നീ കയറു..."

രണ്ട് പേരുടെയും അച്ഛനമ്മമാർ അനുവിന്റെ അച്ഛന്റെ വണ്ടിയിൽ പുറപ്പെട്ടു...

ക്ലിയോയെ വിളിച്ചു എങ്കിലും അവൾ അവർക്കൊപ്പം പോയില്ലാ...

"പോകാം..." ഒന്നും മിണ്ടാതെ നിന്ന അനുവിനോട് വരുൺ ചോദിച്ചു...

അവൾ തല കുലുക്കി... കാറിന്റെ അടുത്തേക്ക് അവർ നടക്കാൻ തുടങ്ങിയതും ഷാന അവരെ വിളിച്ചു...

"വരുൺ... ഒരു മിനിറ്റ്... അനുവിനോട് ഞാൻ ഒന്ന് സംസാരിച്ചോട്ടെ..."

"മ്മ്..." അവൻ സമ്മതം അറിയിച്ചു കൊണ്ട് മൂളി...

ഷാന അനുവിനെ അല്പം ദൂരേക്ക് മാറ്റി നിർത്തിക്കൊണ്ട് പറഞ്ഞു...

"ഡീ... എല്ലാം ശരിയാകും... അവനെ നന്നായി സ്നേഹിക്കുക... നിന്റെ സ്നേഹം അറിയിക്കുക...

പിന്നെ അജിത്തിനെ ഇന്ന് കാണാം എന്നല്ലേ പറഞ്ഞേ... നീ എന്താ അവനോടു പറയാൻ പോകുന്നത്..."

"മ്മ്... ഞാൻ നേരത്തെ പറയാൻ ഉദേശിച്ചത് തന്നെ... എനിക്ക് അവന്റെ ഒപ്പം ജീവിക്കാൻ താല്പര്യമില്ല എന്ന്..."

"അവൻ വീണ്ടും ആത്മഹത്യ ചെയ്യും എന്ന് പറഞ്ഞാലോ..."

"അതിനുള്ള മറുപടിയും എന്റെ കൈയിൽ ഉണ്ട്..."

"ശരി... വരുണിനെ ഇനിയും വെയിറ്റ് ചെയ്യിപ്പിക്കണ്ട... നിങ്ങൾ പൊക്കോ... ഓൾ ദി ബെസ്റ്റ് ടി..."

അനു അവളോട് യാത്ര പറഞ്ഞു കാറിൽ കയറി...

ക്ലിയോ അനുവിന്റെ മടിയിൽ കയറി ഇരുന്നു...

വരുൺ കാർ മുന്നോട്ട് എടുത്തു...

കുറച്ച് സമയത്തേക്ക് രണ്ട് പേരും തമ്മിൽ ഒന്നും സംസാരിച്ചില്ല...

"വരുൺ... ഐ ആം സോറി..." അവൾ ക്ലിയോയുടെ പുറത്ത് തലോടിക്കോണ്ട് പറഞ്ഞു...

അവൻ അവളെ ഒന്ന് നോക്കിയതല്ലാതെ ഒന്നും മിണ്ടിയില്ല...

"വരുൺ... "

"നീ ഒന്ന് മിണ്ടാതെ ഇരിക്കുമോ... എനിക്ക് കൂടുതൽ ഒന്നും കേൾക്കണ്ട...

അവരെയൊക്കെ ഓർത്ത നിന്നെ വീണ്ടും തലയിൽ എടുത്ത് വച്ചേക്കുന്നത്... പേരിന് മാത്രം നീ എന്റെ ഭാര്യ... അത്രയുള്ളു നമ്മൾ തമ്മിലുള്ള ബന്ധം... എങ്ങനെയാണോ ഇത് തുടങ്ങിയത്, അങ്ങനെ തന്നെ പൊക്കോട്ടെ..."

അനുവിന് വിഷമമായി എങ്കിലും ഒന്നും മിണ്ടാൻ ഉണ്ടായിരുന്നില്ല...

വരുണിന്റെ ഒപ്പം നിൽക്കാൻ എങ്കിലും ആകുന്നല്ലോ എന്നത് അവൾക്ക് ആശ്വാസമായി...

"എന്താടി... ഒന്നും മിണ്ടാത്തെ... സമ്മതം അല്ലേ പറഞ്ഞോ... വീട്ടിൽ കൊണ്ട് വിട്ടേക്കാം..."

"സമ്മതം... വരുൺ...പിന്നെ..."

"എന്താ???..."

"എനിക്ക് ഒരു ഹെല്പ് കൂടി ചെയ്ത് തരണം..."

"എന്ത് ഹെല്പ്... എന്തായാലും നിന്നെ ഹെല്പ് ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നില്ല..."

"പ്ലീസ് വരുൺ... ഈ ഒരൊറ്റ തവണ മാത്രം... പ്ലീസ്..."

"എന്തുവാടി... വല്ല കയറും വാങ്ങി തരാൻ ആണോ... ആണേൽ നടക്കില്ല... നീ തൂങ്ങിയാൽ ഞാൻ പെടും... അതിനെനിക്ക് താല്പര്യമില്ല..."

"പ്ലീസ്... അതൊന്നുമല്ല..."

"എങ്കിൽ പറഞ്ഞു തുലക്ക്..."

"അത്... പിന്നെ... ഇന്ന് അജിത്തിനെ കാണാൻ ചെല്ലും എന്ന് പറഞ്ഞിരുന്നില്ലേ... എന്റെ ഒപ്പം ഒന്ന് വരണം..."

"പഷ്ട്... നിന്റെ കാമുകനെ കാണാൻ ഞാൻ തന്നെ കൂടെ വരണം അല്ലേ... അത് മാത്രം മതിയോ... കല്യാണം കൂടി നടത്തി തന്നാലോ??... എനിക്കെങ്ങും വയ്യ..."

"പ്ലീസ്... ജസ്റ്റ് എന്നെ അവിടേക്കു കൊണ്ട് പോയാൽ മതി..."

കുറച്ച് നേരത്തേക്ക് അവൻ ഒന്നും മിണ്ടിയില്ല പിന്നെ...

"പ്ലീസ്..."

"ആഹ്... പോകാം... നീ ഒരു മണി എന്നല്ലേ അവനോടു പറഞ്ഞത്..."

"അതെ... സ്ഥലം ലേക്ക് വ്യൂ ഗാർഡൻ..."

"പന്ത്രണ്ടര കഴിഞ്ഞു... നേരെ അങ്ങോട്ട് പോകാം..."

വരുൺ കാർ നേരെ ലേക്ക് വ്യൂ പാർക്കിലേക്ക് തിരിച്ചു...

പേര് പോലെ തന്നെ  ഒരു കായലിന്റെ തീരത്തുള്ള ചെറിയ പാർക്ക്... കണ്ടൽ ചെടികളുടെ സംരക്ഷണാർത്ഥം തുടങ്ങിയ പാർക്കിൽ എല്ലാ ഇടവും അവ മൂലമുള്ള പച്ചപ്പ് ആണ്...

ഇടക്ക് ഇടക്ക് ബെഞ്ചുകൾ ഉണ്ട്... ആ ഭാഗം തറയോട് പാകി വൃത്തിയായി ഇട്ടിരിക്കുന്നു... അവിടെ കായലിലേക്ക് വീഴാതെ ഇരിക്കാൻ കൈ വഴി കെട്ടിയിട്ടുണ്ട്...

ബാക്കി ഇടങ്ങളിൽ കണ്ടൽ ചെടികൾ ഇടതൂർന്നു നില്കുന്നത് കൊണ്ട് കായൽ പോലും കാണാൻ ആകില്ല...

വരുണ് പാർക്കിംഗ് ഏരിയിൽ കാർ പാർക്ക് ചെയ്തു...

"വരുൺ കൂടി വരുമോ..."

"ഞാൻ ആദ്യമേ പറഞ്ഞല്ലോ... പൊന്ന് മോള് തന്നത്താൻ അങ്ങ് പോയി കണ്ടാൽ മതി...."

"ശരി... ഞാൻ പോയി വരാം..."

അനു കാറിൽ നിന്ന് ഇറങ്ങിയതും ക്ലിയോ അവളുടെ ഒപ്പം ചാടി ഇറങ്ങി...

വരുൺ തിരികെ വിളിച്ചിട്ടും അവൾ നിന്നില്ല... അവൻ ഇറങ്ങി ക്ലിയോയെ വണ്ടിയിൽ ആക്കി ഡോർ അടച്ചു...

അനു പാർക്കിനുള്ളിൽ എത്തിയപ്പോൾ അവിടെ ഒരു ബെഞ്ചിൽ അവളെ കാത്തിരിക്കുന്ന അജിത്തിനെ കണ്ടു...

ഉച്ച സമയവും വർക്കിംഗ് ഡേയും ആയിരുന്നത് കൊണ്ട് മാറ്റാരും അവിടെ ഉണ്ടായിരുന്നില്ല...

അനു ഒരു ദീർഘ ശ്വാസമെടുത്തു അജിത്തിന്റെ അടുത്തേക്ക് നടന്നു...

അനു അടുത്ത് എത്തിയപ്പോൾ ആണ് അജിത് അവളെ കണ്ടത്...

അവളെ കണ്ടതും അവൻ എഴുന്നേറ്റു...

"ഹെല്ലോ മിസ്സിസ്സ് അനുപമ... ഓഹ്... സോറി... മിസ്സ് അനുപമ... ലോങ്ങ് ടൈം നോ സീ..." അവൻ ചിരിച്ച് കൊണ്ട് പറഞ്ഞു...

അവൾക് അവന്റെ സംസാരം അരോചകം ആയി തോന്നി...

"മിസ്സിസ് അനുപമ ഇറ്റ് ഈസ്..." അനു മറുപടി കൊടുത്തു...

"യു മീൻ അനുപമ അജിത്..."

അത് കേട്ടതും അവൾക്ക് നല്ല ദേഷ്യം വന്നു...

"നോ... അനുപമ വരുൺ..."

അത് കെട്ട് അജിത് ഒന്ന് ഞെട്ടി...

"ഡിവോഴ്സ് ആയില്ലേ... എന്ത് പറ്റി... അവൻ വല്ല കുഴപ്പമുണ്ടാക്കിയോ...

ആ നാറിയെ ചുരുട്ടിക്കൂട്ടി എവിടെ എങ്കിലും ഇട്ടാലെ ശരിയാകുള്ളു..."

"മൈൻഡ് യുവർ വേർഡ്സ്... കുഴപ്പം ഉണ്ടാക്കിയത് വരുൺ അല്ല... ഞാനാ... എനിക്ക് ഞാൻ സ്നേഹിക്കുന്ന എന്റെ കഴുത്തിൽ ദേ ഈ താലി കെട്ടിയ ആളിന്റെ ഒപ്പം ജീവിച്ചാൽ മതി..."

അനു അങ്ങനെയൊക്കെ പ്രതികരിക്കും എന്ന് അജിത് സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല...

കാര്യങ്ങൾ കൈവിട്ട് പോകുന്നു എന്ന് മനസ്സിലായ അവൻ സെന്റിമെൻസ് വർക്ക് ഔട്ട് ആകുമോ എന്ന് നോക്കാൻ തീരുമാനിച്ചു...

"അനു... നിന്നോടൊപ്പം ഉള്ള ഒരു ജീവിതം ഞാൻ ഒരുപാട് സ്വപ്നം കണ്ടു പോയി... എനിക്ക് ഒരു ജീവിതം ഇല്ല, നീ ഇല്ലാതെ..."

അവൻ തിരിഞ്ഞ് കണ്ണിൽ ഉമിനീർ തേച്ച് കള്ള കണ്ണ് നീർ പോലും വരുത്തി...

പക്ഷേ അതൊന്നും ആ സമയം അനുവിന്റെ മനസ്സിൽ കയറാൻ മാത്രം ഉണ്ടായിരുന്നില്ല...

അവളുടെ മനസ്സിൽ വരുണിന്റെ ചിന്തകൾ നിറഞ്ഞു നിന്നു...

"ഒരുപാട് സ്വപ്നങ്ങളോടെ എന്നെ വിവാഹം കഴിച്ച ഒരാളുണ്ട്... അദ്ദേഹം ആരോടും ഒരു തെറ്റും ചെയ്തിട്ടില്ല... ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു...

ഇനി ഒരു ജീവിതം ഉണ്ടേൽ അദ്ദേഹത്തിന് ഒപ്പം മാത്രമാണ്... ഇനി നീ എന്നെ ഉപദ്രവിക്കരുത് അജിത്... പ്ലീസ്... നീ വേറെ നല്ലൊരു ജീവിതം കണ്ടെത്തണം..."

ഒന്നും ഏൽക്കുന്നില്ല എന്ന് കണ്ട് അജിത് അവസാന നമ്പർ ഇടാൻ തുടങ്ങി...

"ഞാൻ നിനക്കൊരു ശല്യമായി അല്ലേ... നീ സുഖം ആയി ജീവിച്ചോ... ഞാൻ മരിക്കാൻ പോകുന്നു... ഇനി ഒരിക്കലും നിനക്കൊരു ശല്യമാകില്ല..."

"അജിത്..."

"ഏറ്റു മോനെ..." അവൻ സംഭവം വർക്ക് ഔട്ട് ആയ പ്രതീക്ഷയോടെ അവളെ നോക്കി...

പക്ഷെ കരണം പുകയുന്ന ഒരു അടിയാണ് പക്ഷെ അവന് കിട്ടിയത്...

കവിളും പൊത്തി അവൻ അനുവിനെ നോക്കി...

"ഡാ... നിന്റെ ഭീഷണി ഇനി വേണ്ട... നിന്റെ ജീവിതം നിനക്ക് ഇഷ്ടം ഉള്ളത് പോലെ ചെയ്യാം... അതെ പോലെ ഞാൻ എന്റെ ഭർത്താവും ഒത്ത് സമാധാനം ആയി ജീവിക്കാൻ ആഗ്രഹിക്കുന്നു...

എനിക്ക് ചുറ്റും എന്നെ സ്നേഹിക്കുന്നവർ ഒരുപാട് പേരുണ്ട്... അവരും അത് തന്നെ ആഗ്രഹിക്കുന്നു...

അത് കൊണ്ട് നീ തന്നെ പറഞ്ഞത് പോലെ... എനിക്ക് എന്റെ കാര്യം... നിനക്ക് ഇഷ്ടം ഉള്ളത് ചെയ്തോ... ഗുഡ് ബൈ..."

അജിത്തിന്റെ കിളി കംപ്ലീറ്റ് പോയിരുന്നു... കവിളും പൊത്തി നിന്ന് അനു പറഞ്ഞത് മുഴവൻ അവൻ കേട്ടു...

അത് കേട്ടപ്പോൾ അവന് അനുവിനോട് തീർത്താൽ തീരാത്ത പക തോന്നി... അവന്റെ ഉള്ളിൽ ദേഷ്യം ഇരച് പൊന്തി...

അനു അതും പറഞ്ഞു തിരികെ കാറിന്റെ അടുത്തേക്ക് നടന്നു...

"ഡീ..." എന്ന അജിത്തിന്റെ അലർച്ച കേട്ടാണ് അനു തിരിഞ്ഞ് നോക്കിയത്...

അവൾ ഒരു ഞെട്ടലോടെ തിരിഞ്ഞ് നോക്കി...

ദേഷ്യം കൊണ്ട് വിറച്ചു നിന്ന അജിത്തിനെ ആണ് അവൾ കണ്ടത്...

"എഡീ പുന്നാര മോളെ... നീ എന്താടി എന്നെ പറ്റി കരുതിയത്... ഞാൻ നിന്റെ പിന്നലെ മണപ്പിച്ചു നടന്ന വെറും കോന്തൻ ആണെന്നോ... നീ പോയ വിഷമത്തിൽ തൂങ്ങാൻ നടക്കുന്ന മക്കുണൻ ആണെന്നോ...

എങ്കിൽ മോൾക്ക് തെറ്റി... ഇനി നീ ഞാൻ ആരാ എന്ന് കേട്ടിട്ട് പോയാൽ മതി...

പല ഐറ്റംസ് എന്റെ ഈ കൈയിൽ വന്നിട്ടുണ്ട്... അതിൽ ഒന്ന് മാത്രമാണ് നീ...

പക്ഷെ നീ ഒരു ആറ്റം ചരക്കാണ് മോളെ... ഈ പ്രശ്നം ഒന്നുമില്ലാതെ നിനക്ക് സമാധാനം കിട്ടിയേനെ പണ്ടേ നീ ഒന്ന് സഹകരിച്ചിരുന്നേൽ...

അപ്പോൾ അവളുടെ ഒടുക്കത്തെ ഒരു കല്യാണ ശേഷം ഡയലോഗ് അടിച്ചു സ്കൂട്ട് ആകൽ...

നിന്റെ ഉപ്പ് നോക്കാൻ മാത്രമാണ് അതിനൊക്കെ ഞാൻ കൂട്ട് നിന്നത്... അപ്പോൾ നിന്റെ കാണപ്പൻ കെട്ടിയോൻ ഇടയിൽ വന്ന് അതും തുലച്ചു...

കഴിഞ്ഞ തവണ നിന്നെ കാണാൻ അങ്ങോട്ട് വിളിച്ചു വരുത്തിയത് മനപ്പൂർവം തന്നെ ആണെടി...

എനിക്കും എന്റെ കൂട്ടുകാർക്കും കയറി നിരങ്ങാൻ വേണ്ടി... പക്ഷെ അവിടെയും നീ രക്ഷപെട്ടു...

പക്ഷെ അനുക്കുട്ടി... നിനക്ക് ഈ അജിത്തിനെ പറ്റി അറിയില്ല... ഞാൻ ആഗ്രഹിച്ചത് എല്ലാം ഞാൻ സ്വന്തം ആക്കിയിട്ടുണ്ട്... നിന്റെ കാര്യത്തിലും അത് മറിച്ചായിരിക്കില്ല... "

എല്ലാം കെട്ട് അനുവിന്റെ തല ചൂട് പിടിച്ച് പോയി... അജിത്തിനെ വിശ്വസിച്ചു സ്വന്തം ജീവിതം തന്നെ ഇല്ലാതെ ആക്കാൻ ശ്രമിച്ചത് ഓർത്തപ്പോൾ അവൾക്ക് സങ്കടം സഹിക്കാനായില്ല...

അവൾക്ക് അവളോട് തന്നെ അറപ്പ് തോന്നി... ദേഷ്യം കൊണ്ട് ചുവന്ന് തുടുത്തു ആകെ വിറക്കാൻ തുടങ്ങി അവൾ...

"ഡാ ചെറ്റേ... നീ എന്നെ ചതിക്കുകയായിരുന്നു അല്ലേ..."

അനു അജിത്തിന്റെ ഷർട്ടിൽ കുത്തിപ്പിടിച്ചു കൊണ്ട് ചോദിച്ചു...

അവൻ അവളെ നോക്കി പുച്ഛിച്ചു ചിരിച്ച് കൊണ്ട് അവളുടെ കൈ തട്ടി മാറ്റി...

"ആഹ്... പിന്നെ നീ എനിക്ക് ഇപ്പോൾ തന്നത് അങ്ങ് തിരിച്ചു തന്നേക്കാം..."

അജിത് അത് പറഞ്ഞു അനുവിന്റെ മുഖത്തേക്ക് അവന്റെ കൈ വീശി...

പെട്ടന്നുള്ള ആക്രമണം ആയത് കൊണ്ട് അനുവിന് ഒന്നും ചെയ്യാൻ ആകുമായിരുന്നില്ല...

അവൾ ഞെട്ടി കണ്ണുകൾ അടച്ചു മുഖം ഇടത്തേക്ക് തിരിച്ചു...

കുറച്ച് സമയം കഴിഞ്ഞിട്ടും അവളുടെ മുഖത്ത് കൈ പതിഞ്ഞില്ല എന്ന് കണ്ടാണ് അവൾ കണ്ണ് തുറന്നത്...

കണ്ണ് തുറന്ന അനു അജിത്തിന്റെ കൈ തണ്ടയിൽ പിടുത്തമിട്ട വേറെ ഒരു കൈയാണ് കണ്ടത്... അവളുടെ കണ്ണുകൾ ആ കയ്യുടെ ഉടമയെ തേടി സഞ്ചരിച്ചു...

"വരുൺ..." അനു പതിയെ മന്ത്രിച്ചു... അവൾക്ക് സന്തോഷം അടക്കാൻ ആകാത്ത ഒരു നിമിഷമായിരുന്നു അത്...

അജിത്തും ഒന്ന് ഞെട്ടിയിരുന്നു...

വരുൺ പെട്ടന്ന് തന്നെ അജിത്തിന്റെ കൈപത്തി പിടിച്ചു തിരിച്ചു കൊണ്ട്, കൈ പിടിച്ചു അജിത്തിന്റെ പിന്നിൽ കൊണ്ടുവന്നു ലോക്കിട്ട് നിന്നു...

ഇടത് കൈ കൊണ്ട് തടയാൻ ശ്രമിച്ചപ്പോൾ അതു കൂടെ പിന്നിലാക്കി ലോക്കിട്ടു...

അജിത് വേദന കൊണ്ട് പുളഞ്ഞു...

വരുൺ അവന്റെ ചെവിയുടെ അടുത്തേക്ക് മുഖം അടുപ്പിച്ചു കൊണ്ട് പതിയെ, പക്ഷെ ദൃഢമായി പറഞ്ഞു -

"ഞാൻ കെട്ടിയ താലി അവളുടെ കഴുത്തിൽ കിടക്കുന്ന കാലത്തോളം അവളുടെ മേലെ ആരുടെ എങ്കിലും കൈ പൊങ്ങിയാൽ, ആ കൈ ഞാൻ വെട്ടും... മനസ്സിലായോടാ...

ആ പിന്നെ നേരത്തെ നീ പറഞ്ഞല്ലോ കാണപ്പൻ എന്നോട ചുരുട്ടിക്കൂട്ടും എന്നൊക്കെ...

ചുരുട്ടിക്കൂട്ടുന്ന പോയിട്ട് നീ എന്റെ ഒരു രോമത്തിൽ പോലും തൊടില്ല... മേലിൽ അവളുടെ നിഴലിന്റെ പോലും പരിസരത്ത് നിന്നെ കണ്ടേക്കരുത്..."

അജിത്തിന്റെ നട്ടെല്ലിലൂടെ ഒരു തരിപ്പ് പോലെയാണ് വരുണിന്റെ ശബ്ദം അനുഭവപ്പെട്ടത്...അജിത് പോലും അറിയാതെ ഒരു ഭയം അവന്റെ ഉള്ളിൽ വന്ന് പോയി...

അതെ സമയം അനുവിന്റെ ഉള്ള് അഭിമാനം കൊണ്ട് തുള്ളി ചാടി... രോമാഞ്ചം വന്നു പോയി അവൾക്ക്...

വരുൺ അജിത്തിനെ മുന്നോട്ട് തള്ളിയിട്ട് വരുൺ അനുവിന്റെ കയ്യിൽ പിടിച്ചു കാറിന്റെ അടുത്തേക്ക് നടന്നു...

അനു കുറച്ച് ദൂരം നടന്നിട്ട് ഒന്ന് നിന്നു...

വരുൺ എന്താണ് കാര്യം എന്ന് അറിയാൻ അവളെ തിരിഞ്ഞ് നോക്കിയപ്പോൾ ഒരു സെക്കന്റ് എന്ന് പറഞ്ഞു വരുണിന്റെ കൈ വിടുവിച്ചു അനു അജിത്തിന്റെ അടുത്തേക്ക് നടന്നു...

അജിത്തിന്റെ അടുത്ത് എത്തിയതും അനു കൈ വീശി ഒരെണ്ണം കൂടി പടക്കം പൊട്ടുന്ന പോലെ അവന്റെ കരണം കുറ്റിക്ക് കൊടുത്തു...

അടി കൊണ്ട് കിളിപോയ അജിത്തിന്റെ ആസ്ഥാനത്തു തന്നെ അനു ആഞ്ഞു ചവിട്ടി...

വേദന കൊണ്ട് മർമവും തപ്പിപ്പിടിച്ചു മുട്ട് കുത്തി നിലത്ത് ഇരുന്ന് പോയിരുന്നു അജിത്...

അവന്റെ മുടിയിൽ പിടിച്ച് തല ഉയർത്തികൊണ്ട് അനു പറഞ്ഞു -

"മേലിൽ ഇനി ഒരു പെണ്ണിനേം നീ ഉപദ്രവിക്കാൻ പാടില്ല... അതിന് എന്റെ വക ഒരു ബോണസ് ആണ് നിനക്ക് ഇപ്പോൾ കിട്ടിയത്..."

അവൾ തിരികെ വന്ന് വരുണിന്റെ കൈ പിടിച്ചു കാറിന്റെ അടുത്തേക്ക് നടന്നു...

പാർക്കിൽ നിന്നും അവർ നേരെ വീട്ടിലേക്ക് തിരിച്ചു...

അനുവിന് വരുണിനോട് മനസ്സ് തുറന്ന് സംസാരിക്കണം എന്ന് ഉണ്ടായിരുന്നു...

അവൻ ഒന്നും മിണ്ടാതെ വണ്ടി ഓടിച്ചു കൊണ്ടിരുന്നത് കൊണ്ട് അവൾക്ക് പറയാനും മടി...

അവസാനം അവൾ സംസാരിക്കാൻ തന്നെ തീരുമാനിച്ചു...

"വരുൺ... താങ്ക്സ്..."

"ആഹ്... വക വച്ചിരിക്കുന്നു..."

"എനിക്ക് കുറച്ച് സംസാരിക്കാനുണ്ട്..."

"നീ ഇരുന്ന് സംസാരിച്ചോ... അതിന് ഞാൻ എന്ത് വേണം..."

"ശ്ശോ... അതല്ല... വരുണിനോട് സംസാരിക്കണം എന്ന്..."

അവൻ അവളെ ഒന്ന് നോക്കി...

"ഇനി എന്ത് സംസാരിക്കാനാണ്... എനിക്ക് താല്പര്യമില്ല..."

"അങ്ങനെ പറയല്ലേ... കുറച്ച് സമയം മതി..."

"മ്മ്... ശരി... സംസാരിച്ചോ..."

"അയ്യോ വണ്ടിയിൽ വച്ചു വേണോ... എവിടെ എങ്കിലും സമാധാനമായി ഇരുന്ന് സംസാരിക്കാം..."

"ഇവിടെ എന്താ ഇത്ര സമാധാനക്കുറവ്..."

"അതല്ല... എങ്കിലും..."

"മ്മ്... ബീച്ചേ്ലക്ക് പോകാം..."

"അത് മതി.."

കാര്യം ദേഷ്യത്തോടെ മാത്രമേ വരുൺ സംസാരിക്കുന്നുള്ളു എങ്കിൽ പോലും അവൾ പറയുന്നത് സാധിച്ചു തരുന്നത് അനുവിന് ചെറിയ സന്തോഷം നൽകി...

*********

ബീച്ചിലെത്തി തണൽ ഉള്ള ഭാഗത്ത് അവർ നിന്നു... വരുണിന്റെ അടുത്തായി ക്ലിയോയും ചാടി നടന്നു...

അവർക്ക് കുറച്ച് പ്രൈവസി സമ്മാനിച്ചു കൊണ്ട് ക്ലിയോ കുറച്ച് മാറി കിടന്നു...

എവിടുന്ന് തുടങ്ങും എന്ന് ആലോചിച്ചു വിഷമിക്കുവാരുന്നു അനു...

"നീ നട്ടുച്ചക്ക് കടല് കാണിക്കാൻ ആണോ എന്നെ ഇങ്ങോട്ട് കൊണ്ട് വന്നത്..." വരുൺ ചൂടായി...

"അല്ല..."

"എങ്കിൽ പിന്നെ പറയാൻ ഉള്ളത് പറ..."

"ഐ ലവ് യു..." പറഞ്ഞ് കഴിഞ്ഞാണ് വായിൽ  നിന്ന് വന്നത് അവൾ ആലോചിച്ചത്... അവൾക്ക് സത്യത്തിൽ അവളുടെ മനസ്സിൽ മറ്റൊന്നും വന്നില്ലായിരുന്നു... വരുൺ ദേഷ്യപ്പെട്ടു സംസാരിക്കാൻ തുടങ്ങിയപ്പോൾ പെട്ടന്ന് അതങ്ങ് ചാടി കയറി പറഞ്ഞു...

അത് കെട്ട് വരുണും ഒന്ന് അടങ്ങി... അവൾക് നാണം തോന്നി...

കുറച്ച് കഴിഞ്ഞ് വരുൺ ചോദിച്ചു-

"ഇതാരുന്നേൽ കാറിൽ വച്ച് അങ്ങ് പറഞ്ഞാൽ പോരായിരുന്നോ... എന്നെ ഇവിടേം വരെ കൊണ്ട് വന്ന് മിനക്കെടുത്താണോ..."

"അത്... പിന്നെ... ഇത് മാത്രമല്ല..."

"പിന്നെ... വേറെ എന്താ എന്ന് കൂടി വേഗം പറ... മണി രണ്ടായി... വിശന്നു കുടല് ഫ്രൈ ആകാൻ തുടങ്ങി..."

"എപ്പോളും തീറ്റ എന്ന ചിന്ത തന്നെ..." അനു പതിയെ കുശുകുശുത്തു...

"എന്താ വല്ലോം പറഞ്ഞോ..."

"അത്... എനിക്ക് ഇനി മുതൽ എങ്കിലും വരുണിനെ ഒരു ഭാര്യയുടെ സ്നേഹവും സാമീപ്യവും നൽകി പരിചരിച്ചു സന്തോഷമായി ജീവിക്കണം... "

അവന് അത് കെട്ട് പുച്ഛം ആണ് തോന്നിയത്...

"എനിക്ക് വേണ്ടങ്കിലോ..."

അനുവിന് തന്നെ വിഷമിപ്പിക്കാൻ വരുൺ മനഃപൂർവം പറയുന്നതാ എന്ന് തോന്നിയിരുന്നു... എങ്കിലും അവൻ എടുത്തടിച്ച പോലെ പറഞ്ഞപ്പോൾ അവൾക്ക് സങ്കടം തോന്നി...

"അങ്ങനെ പറയരുത് വരുൺ... ഇത് വരെ സംഭവിച്ചത് എല്ലാം മറക്കണം... ഒരേ ഒരു അവസരം കൂടി തരണമെനിക്ക്...

ഇത് വരെ സങ്കടങ്ങൾ മാത്രമാണ് ഞാൻ തന്നത്... ഒരുപാട് ഉപദ്രവിച്ചിട്ടുണ്ട്...

മാപ്പ് തരണം... ഒരു ജീവിതം തരണം..." കൈ കൂപ്പി കരഞ്ഞു കൊണ്ടവൾ ചോദിച്ചു...

അതൊക്കെ കണ്ട് വരുണിന്റെ മനസ്സ് ഒന്ന് അലിഞ്ഞു... എങ്കിലും അവൻ അതൊന്നും പുറത്ത് കാണിച്ചില്ല...

"അനു... നീ എന്നോട് കാണിച്ചത് കൊടും ചതിയാണ്... നിനക്കു അറിയാമോ, അന്ന് കല്യാണ പന്തലിൽ വച്ചാണ് വർഷങ്ങൾക്ക് ശേഷം നിന്നെ ആദ്യമായി കണ്ടത് ഞാൻ, പക്ഷേ ആ നിമിഷം നിന്റെ വരൻ ഞാൻ ആയിരുന്നു എങ്കിൽ എന്ന് ഞാൻ ഒരു നിമിഷം കൊതിച്ച് പോയിരുന്നു...

അവസാനം നിന്റെ കഴുത്തിൽ ദേ ഈ താലി അണിയിച്ചപ്പോൾ ഞാൻ ഒരുപാട് സന്തോഷവാൻ ആയിരുന്നു… ആ നിമിഷം തന്നെ നിനക്കു വേണ്ടി ഞാൻ മാറിയിരുന്നു...

ആദ്യ രാത്രി മുതൽ നിന്റെ പെരുമാറ്റം എന്നെ വിഷമിപ്പിച്ചു എങ്കിലും നീ പറഞ്ഞത് എല്ലാം ഞാൻ അംഗീകരിച്ചിരുന്നു…

അത് കാരണം നിന്നോടുള്ള സ്നേഹം കൊണ്ട് മാത്രമായിരുന്നു…

നിനക്കു എല്ലാ അർഥത്തിലും യോഗ്യതയുള്ള ഒരു ഭർത്താവാകാൻ ഞാൻ എന്നെ കൊണ്ട് കഴിയുന്നതിന്റെ പരമാവധി ശ്രമിച്ചു…

നീ ഒരുപക്ഷേ എന്നെ കൊല്ലാൻ ശ്രമിച്ചിരുന്നു എങ്കിൽ പോലും  എനിക്കു അത് പൊറുക്കാൻ ആയേനെ...

പക്ഷേ ഇത് ... ഇത് ചതിയായിരുന്നു ... നമ്മൾ ഒരാളെ ആഴത്തിൽ സ്നേഹിക്കുമ്പോൾ അവർ നമ്മളെ ചതിച്ചാൽ ഉണ്ടാവുന്ന വേദന മാറുമോ???

എനിക്ക് അറിയില്ല... പക്ഷേ അയാളെ പിന്നെ നമ്മൾ വിശ്വസിക്കണം എന്ന് വിചാരിച്ചാൽ പോലും നടക്കില്ല…

ഇന്ന് ഞാൻ നിനക്കു ഒരു അവസരം തന്നാലും എന്നിൽ ആ സംശയം എന്നും നിലനില്ക്കും…

നാളെ നിന്റെ ഓഫീസിൽ ഉള്ള ഒരുത്തനുമായി നീ സംസാരിക്കുന്നത് കണ്ടാൽ ഒരുപക്ഷേ ആ സംശയം പുറത്ത് വരും... അവസാനം നിനക്കു തന്നെ ഞാൻ ഒരു ബാധ്യതയാകും...

അങ്ങനെ ഈ ബന്ധം വീണ്ടും ശിഥിലം ആകും... ഒന്നിച്ച് ഒരു കുഴപ്പം ഇല്ലാത്ത പാത്രവും, പശ വച്ച് കൂട്ടി യോജിപ്പിച്ച ഒരു പാത്രവും എടുത്താൽ ഒരു കുഴപ്പവും ഇല്ലാത്ത പാത്രത്തിനായിരിക്കും ബലം...മറ്റേത് എപ്പോൾ വേണേലും വീണ്ടും തകരാം...

നമ്മുടെ ഈ കൂട്ടി യോജിപ്പിച്ച പാത്രത്തിൽ എനിക്ക് വിശ്വാസമില്ല... ഇത് മാറ്റി നല്ല പുതിയ പാത്രം വാങ്ങനെ ഞാൻ പറയൂ...

താൻ സുന്ദരിയാണ്, മിടുക്കിയാണ്, നല്ല ജോലി, ശമ്പളം ആസ്തി എല്ലാമുണ്ട്... തനിക്ക് നല്ലൊരു ജീവിതം ഇനിയും ഉണ്ടാകും... "

അനു നിറഞ്ഞു വന്ന കണ്ണ് തുടച്ചു...

ഒരു നിമിഷം മൗനമായി നിന്നു അവൾ...

"എനിക്ക് വരുൺ പറഞ്ഞത് എല്ലാം മനസ്സിലായി... പണത്തിലും വലുത് കുറെ കാര്യങ്ങൾ ഉണ്ടെന്ന് വരുൺ തന്നെ എനിക്ക് കാണിച്ചു തന്നു...

എനിക്ക് ഈ ജോലിയോ സ്വത്തുക്കളോ ഒന്നും വേണ്ട... വരുണിന്റെ ഭാര്യയായി ആ വീടിന് പുറത്ത് ഇറങ്ങാതെ ഞാൻ ജീവിച്ചോളാം..."

"അതൊന്നും നടകില്ല അനു ..."

"അതിനുള്ള അർഹത പോലും എനിക്കില്ല എന്നറിയാം... അത് കൊണ്ട് അതും പറ്റില്ലെ ഞാൻ വരുണിന്റെ അടിമ പോലെ അവിടെ കഴിഞ്ഞോളാം... പറ്റില്ല എന്ന് പറയരുത്..." അവൾ കരഞ്ഞ് കൊണ്ട് മുട്ടിൽ ഇരുന്ന് അവന്റെ മുന്നിൽ കൈ കൂപ്പി അപേക്ഷിച്ചു...

"അനു... എനിക്ക് തന്നെ ഇപ്പോൾ  എന്റെ ഭാര്യയായി കാണാൻ ബുദ്ധിമുട്ടുണ്ട്... അതിന്റെ അർത്ഥം തന്നോടു ദേഷ്യം ഉണ്ടെന്നല്ല...

തനിക്ക് എന്റെ ഒപ്പം നിൽക്കണം എന്ന് നിർബന്ധം ആണെങ്കിൽ നിൽക്കാം... പക്ഷേ എനിക്ക് ഉറപ്പുണ്ട് തനിക്ക് അധിക നാൾ അതിന് ആവില്ല എന്ന്... "

“ഞാൻ എന്തും സഹിച്ചോളാം എനിക്കു എന്റെ അടുത്ത് വരുൺ വേണം എന്ന് മാത്രമേയുള്ളൂ..."

അവന് കൂടുതൽ ഒന്നും പറയാൻ ഇല്ലായിരുന്നു... അവർ വീട്ടിലേക്ക് തിരിച്ചു...

കാറിൽ തിരികെ വീട്ടിലേക്ക്  പോകുന്ന വഴി അനു ഒരു ആവിശ്യം കൂടെ വരുണിന്റെ മുന്നിൽ വച്ചു...

"അമ്മയും അച്ഛനും ഒന്നും അറിയരുത്... നമ്മൾ സന്തോഷത്തോടെ ജീവിക്കുന്നു എന്ന് പാവങ്ങൾ വിചാരിച്ചോട്ടെ..."

"മ്മ്... സമ്മതം..."

***********************

വീട്ടിൽ എത്തി എല്ലാം ശരിയായി എന്ന പോലെ സന്തോഷത്തോടെ അവർ രണ്ടും മറ്റുള്ളവരുടെ മുന്നിൽ നിന്നു...

അച്ഛനും അമ്മയ്ക്കും സമാധാനമായിരുന്നു...

അവർക്ക് പ്രൈവസി എന്ന പോലെ ക്ലിയോ പതിവ് പോലെ റൂമിൽ കിടക്കാനായി വന്നില്ല...

അനുവിന് ചെറിയ തലവേദന തോന്നിയത് കൊണ്ട് കുറച്ച് നേരത്തെ കിടന്നു...

വരുൺ ഓഫീസിലെ ആരോ വിളിച്ചപ്പോൾ ഫോണിൽ സംസാരിക്കുകയാരിന്നു...

കിടക്കാനായി വന്നപ്പോളാണ് അനു  കിടക്കുന്നത് അവൻ കണ്ടത്...

അവൻ സാധാരണ പോലെ ബെഡ് ഷീറ്റും തലയിണയും എടുത്ത് കിടക്കാനായി തുടങ്ങിയപ്പോൾ ആണ് ചെറിയ മയക്കത്തിൽ ആയിരുന്ന അനു അവൻ വന്നത് അറിഞ്ഞത്...

അവൾ വേഗം കണ്ണ് തിരുമ്മി എണീറ്റിരുന്നു...

"വരുൺ... തറയിൽ.. തറയിൽ കിടക്കണ്ട... എന്റെ ഒപ്പം കട്ടിലിൽ കിടക്കുമോ..."

"വേണ്ട..." ദൃഢതയോടെയുള്ള പറച്ചിൽ കേട്ടപ്പോൾ തന്നെ അത് നടക്കില്ല എന്ന് അവൾക്ക് മനസ്സിലായി...

അവൾ എഴുന്നേറ്റ് അവന്റെ കൈയിൽ നിന്നും തലയിണയും ബെഡ്ഷീറ്റും വാങ്ങി വിരിച്ച് അതിൽ കിടന്നു...

"നീ എന്താ ഈ കാണിക്കുന്നേ... എണിറ്റു മാറിയേ... എനിക്ക് കിടക്കണം..."

"കട്ടിലിൽ കിടന്നോ... ഞാൻ വരുണിന്റെ അടിമയാണ്... ഞാൻ കിടന്നോളാം തറയിൽ... അതല്ല തറയിൽ കിടന്നേ മതിയാകു എങ്കിൽ എന്റെ ഒപ്പം കിടന്നോ..."

അവൻ കൂടുതൽ തർക്കിക്കാൻ നിന്നില്ല... കട്ടിലിൽ കിടന്നു...

"പിന്നെ... അടിമ ആയി ഇരിക്കണം എങ്കിൽ ഇരുന്നോ... പക്ഷെ ഒരുപാട് നാൾ ആയി ലീവ് അല്ലേ... ഓഫീസിൽ പോക്ക് മുടക്കേണ്ട... കഴിയുന്നതിലും വേഗം ജോലിക്ക് പോണം..."

അനുവിന് വരുണിന്റെ കാര്യം നോക്കി ജീവിക്കണം എന്ന് മാത്രമേ മനസ്സിൽ ഉണ്ടായിരുന്നുള്ളു...

പക്ഷെ വരുൺ ആവിശ്യപെട്ടത് കൊണ്ട് പറ്റില്ല എന്ന് പറയാൻ അവൾക്ക് തോന്നിയില്ല...

"മ്മ്... പോകാം..." അത്ര മാത്രം മറുപടി കൊടുത്തു...

ഇടക്ക് മയക്കം മുറിഞ്ഞത് കൊണ്ട് മറ്റോ അനുവിന് പിന്നെ ഉറക്കം വന്നില്ല...

രാത്രി കുറെ സമയം അവൾ മറിഞ്ഞും തിരിഞ്ഞും കിടന്നു...

നല്ല നിലാ വെളിച്ചം കർട്ടൻ മാറ്റിയിട്ട ജനാല വഴി റൂമിലേക്ക് അരിച്ചു വന്നു കൊണ്ടിരുന്നു...

അവൾ എഴുന്നേറ്റിരുന്നു...

നല്ല തണുത്ത ഇളം കാറ്റു പുറത്ത് നിന്നും ജനാലയിലൂടെ റൂമിലേക്ക് അടിച്ചു...

സ്ലീവ്ലസ് നൈറ്റിയായിരുന്നു അവളുടെ വേഷം...

അവൾക്ക് ചെറിയ കുളിര് തോന്നി... അവൾ കൈകൾ കൂട്ടി തിരുമ്മി ചൂട് പിടിപ്പിച്ചു കൈകൾ ക്രോസ്സ് ചെയ്തു തോളിൽ പിടിച്ചിരുന്നു...

കട്ടിലിൽ വരുൺ സമാധാനമായി ഉറങ്ങുന്നത് അവൾ കണ്ടു...

അവൾക്ക് അഭിമുഖമായി ചരിഞ്ഞാണ് അവൻ കിടന്നിരുന്നത്...

നിലാ വെളിച്ചത്തിൽ ശാന്തമായി ഉറങ്ങുന്ന വരുണിന്റെ മുഖം കണ്ടപ്പോൾ പുറത്തെ കാറ്റിന്റെ തണുപ്പ് അവളുടെ ഉള്ളിലേക്കും കൂടി വ്യാപിച്ചു...

പതിയെ ശബ്ദമുണ്ടാക്കാതെ അവൾ മുട്ട് കുത്തി വരുണിന്റെ അടുത്തേക്ക് നീങ്ങി...

അവന്റെ കട്ടി മീശയും താടിയും കണ്ടപ്പോൾ അവൾക്ക് ഒരു കുസൃതി തോന്നി...

അവൾ പയ്യെ അവന്റെ മീശ പിരിച്ചു വച്ചു നോക്കി... എന്നിട്ട് അവന്റെ മുഖത്ത് നോക്കിയിരുന്നു നേരിയ ശബ്ദത്തിൽ കാര്യം പറയാൻ തുടങ്ങി...

"ദുഷ്ടനാ... ഒരു പെണ്ണ് ഇത്രയും കെഞ്ചി ചോദിച്ചാലും ഒരു മനസ്സലിവില്ല..."

"അയ്യോ വേണ്ട..."

അവൾ ആ മീശ പഴയ പോലെ ആക്കി...

"പാവമാ... ഇത്രയും ദ്രോഹിച്ചിട്ടും ഈ പെണ്ണിനെ ഒഴിവാക്കാതെ കൂടെ നിർത്തിയില്ലേ... വലിയ മനസ്സാ..."

അവൾ പുറം കൈ കൊണ്ട് അവന്റെ താടിയിൽ പതിയെ തലോടി...

"ഇത് വച്ച് എന്റെ കഴുത്തിൽ ഒന്ന് ഉരസി ഇക്കിളി ആക്കിക്കൂടെഡാ കള്ളാ..."

അവളുടെ മനസ്സിൽ വികാരങ്ങളുടെ ഒരു വേലിയേറ്റം തന്നെ നടക്കാൻ തുടങ്ങി...

അവൾ മുഖം അവന്റെ മൂക്കിന് നേരെ പിടിച്ചു...

അവളുടെ ഹൃദയം പെരുമ്പറ കൊട്ടാൻ തുടങ്ങിയിരുന്നു അപ്പോളേക്കും...

ശ്വാസം അവന്റെ മുഖത്ത് അടിച്ചു ഉണരാതിരിക്കാൻ പരമാവധി അവൾ അടക്കിപ്പിടിച്ചു...

അവൾ അവന്റെ മുക്കിൽ ചെറുതായി കടിച്ചു...

പെട്ടന്ന് അവൻ ഒന്ന് ഞെരുങ്ങിക്കൊണ്ട് നേരെ കിടന്നു...

പേടിച്ച് പോയ അവൾ വേഗം മുഖം കുനിച്ചു പിടിച്ചു...

പിന്നെയും അനക്കം ഒന്നും ഇല്ലാതെ ആയപ്പോൾ അവൾ എഴുന്നേറ്റു...

അവൻ നല്ല ഉറക്കത്തിൽ തന്നെയായിരുന്നു...

രാത്രി കിടക്കുമ്പോൾ അവൻ ഷർട്ട് ഇടാറില്ലായിരുന്നു...

രോമാവൃതാമായ ആ നെഞ്ച് കണ്ടപ്പോൾ അവൾക്ക് ആ നെഞ്ചിൽ തല ചായ്ക്കാൻ തോന്നി...

അവൾ മുഖം ആ നെഞ്ചിൽ അടുപ്പിച്ചു മൃദുവായി ഒരു ഉമ്മ വച്ചു...

നെഞ്ചിൽ ഉമ്മ കൊടുത്തപ്പോൾ ഇത്തിരി കൂടി ധൈര്യം തോന്നി അവൾക്ക്...

ഹൃദയം തകർത്ത് ഇടിക്കുന്നുണ്ട്...

അവൾ മെല്ലെ ചുണ്ടുകൾ അവന്റെ നെറ്റിയോട് അടുപ്പിച്ചു ഒരുമ്മ കൂടി നൽകി...

പിന്നെ വൈകിയില്ല ചുണ്ടുകൾ താഴേക്ക് ഊർന്നിറങ്ങി അവന്റെ ചുണ്ടുകളുടെ നേരെ നിന്നു...

പതിയെ അവളുടെ അധരങ്ങൾ അവിടേക്ക് അടുപ്പിച്ചു...

ചുണ്ടുകൾ തമ്മിൽ തൊട്ടു തൊട്ടില്ല എന്ന് വന്നപ്പോൾ അവന്റെ ചുടു നിശ്വാസം അവളുടെ മുഖത്തേക്ക് പതിച്ചതും ഒരു പ്രത്യേക അനുഭൂതി അവളുടെ കാലിൽ നിന്നും തല വരെ അരിച്ചു കയറി...

ഒരു നിമിഷം അവൾ ആ സുഖാനുഭൂതിയിൽ ലയിച്ചു നിന്ന് പോയി...

വീണ്ടും അവൾ ചുണ്ടുകൾ അവന്റെ ചുണ്ടിൽ മുട്ടിച്ചു പതിയെ മുത്തി... വേഗം തന്നെ മുഖം ഉയർത്തി...

ശ്വാസം അടക്കി വച്ചിരുന്നത് കൊണ്ടു ചുംബനത്തിന്റെ ലഹരിയിലും അവൾ വല്ലാതെ കിതച്ചു പോയി...

അവൾക്ക് അതിയായ സന്തോഷം തോന്നി...

കിതപ്പോടെ കൂടി അവന്റെ മുഖത്തേക്ക് നോക്കിയപ്പോൾ അവൾക്ക് നാണം തോന്നി...

"എന്റെ കണ്ണാ... എനിക്ക് നാണം വരണു..."

അവൾ ആകെ പൂത്തുലഞ്ഞിരുന്നു...

പക്ഷെ പെട്ടന്ന് തന്നെ അവളുടെ സന്തോഷം മാറി...

അവൾ അവനെ ചതിച്ചു എന്ന അവന്റെ വാക്കുകൾ അവളുടെ മനസ്സിൽ വരാൻ തുടങ്ങി...

അവളുടെ കണ്ണുകൾ ഈറനണിഞ്ഞു...

അവൾ മെല്ലെ അവന്റെ കാലുകളുടെ അടുത്തേക്ക് നടന്നു...

നിലത്ത് മുട്ട് കുത്തിയിരുന്ന് ആ കാലിൽ പിടിച്ചു അവളുടെ നെറ്റി ആ കാൽ പാതത്തിൽ മുട്ടിച്ചു...

"എന്റെ പൊന്നെ... ഈ സ്നേഹം മനസ്സിലാക്കാൻ ഞാൻ ഒരുപാട് വൈകിപ്പോയി...

മാപ്പ്... ഒരായിരം മാപ്പ്... വിദ്യാഭ്യാസം ഉണ്ടെന്നേയുള്ളു... ഞാനൊരു പൊട്ടിപെണ്ണാ... ക്ഷമിക്കണേടാ കള്ളാ..."

അവൾ അവന്റെ കാലിലും മുത്തി...

വീണ്ടും എഴുന്നേറ്റ് അവനെ ഒന്ന് നോക്കി...

പുറത്ത് നിന്നുള്ള തണുത്ത കാറ്റിന്റെ കുളിരിൽ അവന് തണുക്കുന്നുണ്ടായിരുന്നു...

അനു അത് മനസ്സിലാക്കി ബെഡ്ഷീറ്റ് എടുത്ത് അവനെ പുതപ്പിച്ചു...

എന്നിട്ട് അവളും കിടന്നു...

സന്തോഷവും ദുഖവും എല്ലാം നിറഞ്ഞ ഒരു പുഞ്ചിരി അവളുടെ മുഖത്ത് ഉണ്ടായിരുന്നു...

*********

പിറ്റേന്ന് വരുൺ ഓഫീസിൽ പോകുന്ന വഴിക്ക് അനുവിന്റെ ആവിശ്യ പ്രകാരം അവളെ ഷാനയുടെ വീട്ടിൽ ഇറക്കി...

അവൾ കാണാൻ വരും എന്ന് പറഞ്ഞത് കൊണ്ട് ഷാന അന്നും കൂടെ ലീവ് ആക്കിയിരുന്നു...

ഷാന അവളെ സ്വീകരിച്ചു ഇരുത്തി...

"ഡീ... നീ കൂടി ഇല്ലാത്തോണ്ട് പിടിപ്പത് പണിയുണ്ട്... അതിന്റെ ഇടക്ക് പെണ്ണ് വീണ്ടും ലീവ് എടുപ്പിച്ചു..." ഷാന പറഞ്ഞു...

"മണ്ടേ മുതൽ ഞാൻ വരുന്നുണ്ട്... നീ വിഷമിക്കണ്ട..."

"അത് കാര്യമായി... എന്ത് പറ്റി വേഗം തീരുമാനം മാറ്റാൻ..."

"വരുൺ പറഞ്ഞു..."

"ആഹാ... വരുൺ പറഞ്ഞോ... കാര്യങ്ങൾ ഇത്ര വേഗം ശരിയായോ..."

"എന്ത് ശരിയാകാൻ... എനിക്ക് ഇപ്പോൾ അതിലൊന്നും വലിയ പ്രതീക്ഷയില്ല... വരുൺ അടുത്തുണ്ടാകും എന്നത് മാത്രം ആശ്വാസം..."

"എന്താടി... അവൻ എന്ത് പറഞ്ഞു..."

അനു തലേ ദിവസം നടന്നത് മുഴുവൻ വള്ളി പുള്ളി തെറ്റാതെ ഷാനയുടെ മുന്നിൽ വിവരിച്ചു...

"ആഹാ... അപ്പോൾ അങ്ങനെയൊക്കെ ആണ് കാര്യങ്ങൾ... ഇത് നമുക്ക് ശരിയാക്കാം..."

"അതെങ്ങനെ..."

"ഡീ പോത്തേ... അവൻ നിന്നെ സ്നേഹിച്ചു എന്നല്ലേ പറഞ്ഞത്... പിന്നെ നീ പറയുന്നത് ഒരുവിധം എല്ലാം കേൾക്കുന്നുമുണ്ട്...

അവന് നിന്നോട് സ്നേഹം ഉണ്ടെന്ന് ഉറപ്പല്ലേ..."

"എനിക്ക് നീ പറയുന്നത് മനസ്സിലാവുന്നില്ല..."

"എടി മണുക്കൂസേ... നിനക്ക് ഈ ആണുങ്ങളെ അറിയാത്തത് കൊണ്ടാണ്... അവൻ ആത്മാർഥമായി സ്നേഹിച്ചിട്ടുണ്ടേൽ അതിന്റെ എന്തെങ്കിലും ഒക്കെ അംശം ഇപ്പോളും അവന്റെ മനസ്സിൽ ഉണ്ടാവും...

നിന്നോടുള്ള പെരുമാറ്റം സംസാരം, ഇതിൽ നിന്നെല്ലാം അത് ഉണ്ടെന്ന് എനിക്ക് ഉറപ്പാ... അത് നമുക്ക് പഴയ പോലെ വളർത്തി എടുക്കണം... നിന്നെ അവൻ ശ്രദ്ധിക്കണം... എങ്കിലേ കാര്യം നടക്കു...

വേറെ ഏതേലും കിളികൾ അവന്റെ മനസ്സിൽ കയറിക്കൂടിയിട്ടുണ്ടേൽ പ്രശ്നമാണ്...

ഇവിടെ അങ്ങനെ ഒന്നുമില്ലല്ലോ..."

"അയ്യോ... അല്ലാ... ഏയ്യ് ഇല്ലാ... ഇനി ഉണ്ടാകുമോ..."

"ആ ബെസ്റ്റ്..."

"കാണില്ല... "

"അതാ എനിക്കും തോന്നുന്നേ... ഒരു പെണ്ണിന്റെ കയ്യിൽ നിന്നും നല്ല ആടാറു പണി വാങ്ങിയാൽ പിന്നെ ഉടനെ തന്നെ വേറെ ഒരുത്തിയുടെ അടുത്ത് ബുദ്ധിയുള്ള ആരേലും പോകുമോ...😁"

ഷാന നൈസ് ആയിട്ട് അനുവിന് ഇട്ടൊന്നു വച്ചു... അത് കേട്ട ഉടനെ ഫ്യൂസ് പോയ ബൾബ് പോലെയായി അനുവിന്റെ മുഖം...

"പോടീ... നിന്നോട് ചോദിക്കാൻ വന്ന എന്നെ വേണം അടിക്കാൻ..."

"നീ പിണങ്ങാതെ... ഞാൻ ചുമ്മാ പറഞ്ഞതാ..."

"മ്മ്... വഴി എന്താ..."

"കുറച്ച് വഴിയുണ്ട്... ആദ്യം ബേസിക്കിൽ നിന്ന് തുടങ്ങാം... ഇത് വർക്ക് ആയില്ലേ അടുത്ത പടിയിലേക്ക് പോകാം... ഒട്ടുമിക്ക കോന്തന്മാരും ഇതിൽ വീഴും... "

ഷാന ആദ്യത്തെ വഴി വിശദമായി തന്നെ അനുവിനോട് പറഞ്ഞു...

"ഡീ വർക്ഔട് ആകുമോ ഇത്..." അനു സംശയം പ്രകടിപ്പിച്ചു...

"പിന്നില്ലേ... നിനക്ക് ഈ ആണുങ്ങളുടെ സൈക്കോളജി അറിയാത്തത് കൊണ്ടാണ്... ഇതിൽ തന്നെ കാര്യം നടക്കും എന്ന തോന്നുന്നത്..."

"ആണല്ലേ... അതിരിക്കട്ടെ നിനക്ക് ഈ ആണുങ്ങളുടെ സൈക്കോളജിയൊക്കെ എങ്ങനെ അറിയാം..."

"അത് പിന്നെ ഞാൻ എത്ര എണ്ണത്തിനെ പ്രേമിച്ചിട്ടുണ്ട് എന്ന് വിചാരിച്ചാണ്..."

"ആണോ... എന്നിട്ട് എന്തായി..."

"എന്താകാൻ... കുറെ എണ്ണത്തിനെ ഞാൻ തേച്ച്... കുറെ എണ്ണം എന്നെ തേച്ച്... വേറെ ചിലത് വീട്ടിൽ ഉമ്മ അറിഞ്ഞപ്പോൾ പൊട്ടി..."

"അടിപൊളി..."

അന്നേ ദിവസം അനു ഷാനയുടെ വീട്ടിൽ ചിലവിട്ടു...

വൈകിട്ട് അനുവിനെ വരുൺ പിക് ചെയ്തു...

അവൾ ആദ്യത്തെ പ്ലാൻ പിറ്റേന്ന് തന്നെ നടത്തി തുടങ്ങാൻ തീരുമാനിച്ചു...

*******************

ഷാന പറഞ്ഞ് കൊടുത്ത ആദ്യ ഐഡിയ എങ്ങനെ പരമാവധി നന്നാക്കി വർക്ഔട്ട് ആക്കാൻ ഉള്ള വഴികൾ ആലോചിച്ച് അനുവിന് അന്ന് രാത്രിയിൽ ഉറക്കം വരുന്നുണ്ടായിരുന്നില്ല...

ഷാനയുടെ വാക്കുകൾ അവളുടെ മനസ്സിലേക്ക് വന്ന് കൊണ്ടിരുന്നു...

"കാര്യം എന്ത് പറഞ്ഞാലും ഈ ആണുങ്ങൾ മിക്കവാറും സ്ത്രീ സൗന്ദര്യ ആരാധകരാണ്....

നീ പരമാവധി സുന്ദരിയായി അവന്റെ മുന്നിൽ നിക്കുക...

കാര്യം വർക്കിൽ ആൾറെഡി നീ ഒരു തോൽവി ആണെങ്കിലും ലുക്കിലെങ്കിലും പിടിച്ചു നിൽക്കണം...

നിന്നെ പോലെ സുന്ദരിയായ ഒരു പെണ്ണ് വേറെ ഇല്ലാ എന്ന് അവന് തോന്നണം...

നിന്നെ വേണ്ട എന്ന് വച്ചാൽ അതൊരു വൻ നഷ്ടം ആണെന്ന ചിന്ത അവനിൽ ഉണ്ടാവണം...

ഇത് കൊണ്ട് മാത്രം കാര്യമില്ല... സ്നേഹിക്കുക... എന്ത് പറഞ്ഞാലും സഹിക്കുക... പരിപാലിക്കുക... എന്തിനും കൂടെ ഉണ്ട് എന്ന തോന്നൽ ആദ്യം ഉണ്ടാക്കി എടുക്കുക...

ഇതാണ് ആദ്യ പടി... "

അങ്ങനെ ആലോചിച്ചു ആലോചിച്ചു അനുവിന്റെ മനസ്സിൽ ഒരു പ്ലാൻ രൂപപ്പെട്ടു...

പിറ്റേന്ന് ഒരു ഞായർ ആയിരുന്നു...

അവധി ദിവസങ്ങളിൽ വരുൺ എഴുന്നേൽക്കാൻ അല്പം വൈകാറുണ്ട്...

അന്ന് അനു കൃത്യം ആറു മണിക്ക് എണീറ്റു...

ബാത്‌റൂമിൽ പോയി കുളിച് ഫ്രഷ് ആയി വന്നു... വരുൺ എഴുന്നേൽക്കാതെ ഇരിക്കാനായി പരമാവധി ശബ്ദം കുറച്ചാണ് അവൾ ഓരോ കാര്യങ്ങളും ചെയ്തത്...

കൈ മുട്ട് വരെ എത്തുന്ന കറുത്ത നിറത്തിൽ വെള്ളി നിറത്തിലുള്ള എംബ്രോയിഡറി വർക്കും കല്ലുകളും പതിപ്പിച്ച വെൽവെറ്റ് ബ്ലൗസും, കസവു കരയുടെ മുകളിൽ കറുപ്പിൽ വെള്ളി ഷേഡുള്ള സെറ്റ് സാരിയും അവൾ എടുത്ത് അണിഞ്ഞു...

തലയിൽ തോർത്തും കെട്ടി കണ്ണാടിയുടെ മുന്നിൽ ചെന്ന് നിന്നൊന്ന് നോക്കി...

മേക്കപ്പ് കിറ്റ് തുറന്ന് ബ്രഷ് മുഖത്തോടു ചേർക്കാൻ തുടങ്ങിയപ്പോൾ അവൾ ഷാന പറഞ്ഞത് വീണ്ടും ഓർത്തു-

" ചുവരിന് വൈറ്റ് വാഷ് ചെയുന്നത് പോലെ പൂട്ടി അടിച്ചു ഉണ്ടാകുന്ന സൗന്ദര്യം അല്ല ഉദ്ദേശിച്ചത്...

നിന്റെ യഥാർത്ഥ സൗന്ദര്യം അവൻ കാണണം... അറിയണം... വളരെ കുറച്ച് മേക്കപ്പ് ഉപയോഗിക്കണം...

ശാലീന സൗന്ദര്യം അവന് പൂർണമായും അറിയാൻ സാധിക്കണം... "

അനു ബ്രഷ് തിരികെ വച്ചു...

കണ്മഷി എടുത്ത് വാലിട്ട് കണ്ണെഴുതി...

കണ്ണുകൾ വിടർത്തി അവൾ കണ്ണടയിൽ ഒന്ന് നോക്കി...

"ഉണ്ടക്കണ്ണി..." എന്ന് പറഞ്ഞവൾ കണ്ണുകളിൽ ദേഷ്യം വരുത്തി...

പെട്ടന്ന് മുത്ത് പൊഴിയുന്ന ചെറു പുഞ്ചിരിയായി അത് മാറി...

വില്ല് പോലെ വളഞ്ഞ അവളുടെ കട്ടി പുരികം വളരെ നേർത്തതായി എഴുതി...

തീരെച്ചെറിയ, കറുത്ത നിറത്തിലുള്ള ഒരു വട്ടപോട്ട് തോട്ടു...

സിന്ധുര ചെപ്പ് തുറന്ന്, തള്ളവിരലും അണി വിരലും ചേർത്തു പിടിച്ചു കൊണ്ട് ഒരു നുള്ള് സിന്ദൂരമെടുത്തു സീമന്ത രേഖയിൽ ചാർത്തി...

തലയിലെ ടവൽ കൊണ്ടുള്ള കെട്ടഴിച്ചു, ഇടതൂർന്ന അവളുടെ മുടി മുന്നിലേക്കിട്ട് അവൾ കണ്ണാടി നോക്കി പുഞ്ചിരിച്ചു...

"സുന്ദരിയായിട്ടുണ്ട്..."

അനു റൂമിന് വെളിയിലേക്ക് വന്നു...

അവൾ നേരെ അടുക്കള ലക്ഷ്യമാക്കി നടന്നു...

അമ്മ രാവിലെ തന്നെ അടുക്കളയിലെ ജോലികൾ തുടങ്ങിയിരുന്നു...

"അമ്മേ..."

അനുവിന്റെ വിളി കേട്ട് സുഭദ്ര അവളെ നോക്കി...

"ആഹ്... അനു മോളോ... രാവിലെ കുളിച്ച് സുന്ദരി ആയിട്ടുണ്ടല്ലോ..."

അവൾ അമ്മയെ നോക്കി പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു-

"അമ്മേ... എനിക്ക് ക്ഷേത്രത്തിൽ വരെ പോണമെന്നുണ്ട്... അമ്മ കൂടി വരുമോ..."

"അയ്യോ... നേരത്തെ പറയാൻ വിട്ട് പോയി മോളെ... ഇന്ന് ഒരു കല്യാണമുണ്ട്... ഇന്നലെ നിങ്ങൾ ഇവിടെ ഇല്ലായിരുന്നല്ലോ... തിരികെ വന്നപ്പോൾ അതിന്റെ കാര്യം ഞാൻ അങ്ങ് മറന്നും പോയി...

വരുണിന്റെ അച്ഛന്റെ ഫ്രണ്ടിന്റെ മോന്റെ കല്യാണമാണ്... "

"ആണോ... സാരമില്ല... ഞാൻ ഒറ്റക്ക് പോയി വരാം അമ്മേ..."

"മോള് തനിച്ച് പോവണ്ട... അവനെക്കൂടി വിളിച്ചു കൊണ്ട് പോകു... ഏഴ്-എട്ട് മാസം എങ്കിലും ആയിട്ടുണ്ടാകും അവൻ അവിടേക്ക് ഒന്ന് കയറിയിട്ട്..."

"അത് വേണോ അമ്മേ..."

"അതെന്താ മോളെ നീ അങ്ങനെ ചോദിച്ചത്... അവന്റെ ഒപ്പം പോകാൻ നിനക്ക് ഇഷ്ടമല്ലേ..."

"ഇഷ്ടമൊക്കെയാണ്... പക്ഷെ ആകെ ഒരു ദിവസമല്ലേ ആഴ്ചയിൽ ഒന്ന് വിശ്രമിക്കാൻ കിട്ടുന്നത്... അന്ന് തന്നെ രാവിലെ കുത്തിപ്പൊക്കിയാൽ ദേഷ്യം തോന്നിയാലോ..."

"ഓഹ്... അത് സാരമില്ല... "

"എന്നാലും..."

"ഒരു എന്നാലുമില്ല... മോള് പോയി അവനെ വിളിച്ചുണർത്തിയെ... "

"മ്മ്..."

"ആഹ് പിന്നെ മോളെ... രാവിലത്തെ ബ്രേക്ക് ഫാസ്റ്റ് ഞാൻ ഉണ്ടാക്കി വക്കാം... ഉച്ചക്കത്തേക്ക് ഉള്ളതും രാത്രിലേക്കു ഉള്ളതും നിങ്ങൾ പുറത്ത് നിന്ന് വാങ്ങിക്കോ...

കല്യാണവും റീസെപ്ഷനും കഴിഞ്ഞേ ഞങ്ങൾ തിരികെ വരുള്ളൂ... വൈകും..."

"ശരിയമ്മേ..."

അനു റൂമിലേക്ക് നടന്നു...

ക്ഷേത്രത്തിൽ പോയി വരുമ്പോൾ അവനെ വിളിച്ചുണർത്താം എന്നാണ് അനു വിചാരിച്ചത്...

ഇപ്പോൾ വരുണിനെ വിളിക്കാൻ അവൾക്ക് നല്ല ഭയം ഉണ്ടായിരുന്നു...

"പണ്ടാരുന്നേൽ അമ്മയെ വിളിക്കാമായിരുന്നു... അല്ലെങ്കിൽ തന്നെ എന്നോട് ദേഷ്യപ്പെടുക ഒന്നുമില്ലായിരുന്നു... ഇപ്പോളോ... ഞാൻ തന്നെ എല്ലാത്തിനും കാരണം..." അവൾ സങ്കടത്തോടെ മനസ്സിൽ ഓർത്തു...

റൂമിൽ എത്തിയ അനു വരുണിനെ തട്ടി ഉണർത്താൻ ശ്രമിച്ചു...

"വരുൺ... വരുൺ... എഴുന്നേൽക്ക്..."

അനു ആണ് വിളിക്കുന്നത് എന്ന് മനസ്സിലായ വരുൺ, ഉറക്കം പോയ ഇർഷയോടെ പതിയെ എഴുന്നേറ്റ് അവളെ വഴക്ക് പറയാൻ നാവ് വായിലേക്ക് ഇട്ട്, കണ്ണ് തുറന്നതും, അനുവിനെ കണ്ട് ഒരു നിമിഷം സ്തംഭിച്ച് നിന്ന് പോയി...

അത്രയും ഭംഗിയായി അനുവിനെ അവൻ കണ്ടിട്ടേ ഇല്ലായിരുന്നു...

വരുൺ അവളെ തന്നെയാണ് നോക്കി നിൽക്കുന്നത് എന്ന് അനുവിനും മനസ്സിലായിരുന്നു... അവൾക്ക് സന്തോഷവും തോന്നി...

പെട്ടന്ന് തന്നെ പക്ഷെ സ്ഥലകാല ബോധം വീണ്ടെടുത്ത വരുൺ അനുവിനോട് ചോദിച്ചു -

"എന്തിനാ രാവിലെ വിളിച്ചു ഉണർത്തി ശല്യം ചെയ്യുന്നത്..."

പരമാവധി ദേഷ്യം കലർത്തി ചോദിക്കാൻ ആണ് വരുൺ ആദ്യം ഉദ്ദേശിച്ചിരുന്നത് എങ്കിൽപ്പോലും പുറത്തേക്ക് ആ ചോദ്യം വന്നപ്പോൾ ഉറക്കം നഷ്ടമായ ചെറിയ നിരാശ മാത്രമേ ആ ശബ്ദത്തിൽ പ്രതിഫലിച്ചിരുന്നുള്ളു...

നിമിഷങ്ങൾക്കൊണ്ട് അവന്റെ മുഖത്ത് മാറി മറഞ്ഞ ഭവങ്ങളിൽ നിന്നും അവൾക്കും അത് മനസ്സിലായിരുന്നു...

അവന്റെ ചോദ്യം കേട്ട് അവൾക്ക് ചിരി വന്നു എങ്കിലും, അതടക്കി നിന്നു...

പക്ഷെ ഉള്ളിൽ അവൾക്ക് ഒരുപാട് സന്തോഷം തോന്നി,

വരുൺ അവളെ ശ്രദ്ധിച്ചതിൽ...

അവൾ ഉദേശിച്ചത് പോലെ ആദ്യം തന്നെ അവന്റെ ശ്രദ്ധ പിടിച്ചു പറ്റാനായി... അവന്റെ മനസ്സിനെ അവളുടെ ദർശനം ഒന്ന് പിടിച്ചു കുലുക്കിയതിൽ അവളുടെ മനസ്സും തണുത്തു...

"എന്താ... ചോദിച്ച കേട്ടില്ലേ... എന്തിനാ എന്നെ വിളിച്ചുണർത്തിയത്..."

വരുണിന്റെ അടുത്ത ചോദ്യമാണ് അനുവിനെ ഭൂമിയിലേക് തിരികെ എത്തിച്ചത്...

"അത്... "

"അവളുടെ ഒപ്പം അമ്പലത്തിൽ പോയിട്ട് വാടാ..."

അനു പറയാൻ തുടങ്ങിയതും പിന്നിൽ നിന്നും അമ്മ വിളിച്ചു പറഞ്ഞിട്ട് പോയി...

"എനിക്കെങ്ങും വയ്യ... നീ വേണേൽ പൊക്കോ..."

അവൻ തിരികെ തിരിഞ്ഞ് ഉറങ്ങാനായിക്കിടന്നു...

അനു എന്ത് വേണം എന്നറിയാതെ അവിടെ നിന്നു...

വീണ്ടും അവനെ വിളിക്കാൻ ഉള്ള ധൈര്യം അവൾക്ക് ഉണ്ടായിരുന്നില്ല...

പക്ഷെ വരുണിന് ഉറക്കം വരുന്നുണ്ടായിരുന്നില്ല... അനുവിനെ വീണ്ടും നോക്കിയിരിക്കാൻ ആണ് അവന് തോന്നിയത്...

ഒരു വർഷത്തിലേറെയായി അവളെ കാണാൻ തുടങ്ങിയിട്ട് എങ്കിലും അങ്ങനെ അവളെ അവൻ ആദ്യമായി കാണുകയായിരുന്നു... അവന്റെ മനസ്സിൽ ഒരു തിരയിളക്കം അത് ഉണ്ടാക്കിയെങ്കിലും അവൻ അതടക്കി...

കുറച്ച് സമയം ആയിട്ടും അനക്കം ഇല്ലാതെ ആയപ്പോൾ അനു പോയി എന്ന് വിചാരിച്ചു വരുൺ തിരഞ്ഞതും അവളുടെ മുഖത്തേക്കാണ് നോക്കിയത്...

വരുൺ നോക്കിയതും അനുവിന് സന്തോഷം തോന്നി...

"ഉറങ്ങുന്നില്ല എങ്കിൽ ഒന്ന് എന്റെയൊപ്പം വന്നൂടെ..."

ഒരു അപേക്ഷയുടെ മട്ടിൽ അനു ചോദിച്ചപ്പോൾ ആ മുഖത്ത് നോക്കി പറ്റില്ല എന്ന് പറയാൻ അവനായില്ല...

എന്നിരുന്നാലും അവളെ സന്തോഷിപ്പിക്കാൻ അവന് താല്പര്യം ഉണ്ടായിരുന്നില്ല...

"ഓഹ്... ശല്യം... ഒന്ന് ഉറങ്ങാനും സമ്മതിക്കില്ല... " എന്ന് പറഞ്ഞവൻ എഴുനേറ്റ് ടവൽ എടുത്ത് ബാത്റൂമിലേക് നടന്നു...

അങ്ങനെ പറഞ്ഞു എങ്കിലും വരുൺ തന്റെ ഒപ്പം വരുന്നു എന്നത് അവൾളുടെ മനസ്സിൽ കുളിര് കോരിയിട്ടു...

തനിക്കും ഒരു നല്ല ജീവിതം താമസിക്കാതെ ലഭിക്കും എന്ന ശുഭ സൂചനായായി അത് അവൾക്ക് തോന്നി...

വരുൺ ഫ്രഷ് ആകുന്ന സമയം അവൾ തലയിലെ ടവൽ മാറ്റി മുടി മുന്നിലേക്ക് വിടർത്തിയിട്ട് ചീകി...

ചീകിയ മുടി പിന്നിലേക്ക് ഇട്ട് രണ്ട് വശങ്ങളിലും ചെവിയുടെ പിന്നിൽ നിന്ന് കുറച്ച് മുടിയെടുത്തു കുളിപിന്നല് രീതിൽ പിന്നിയിട്ട്, സ്ലൈഡ് കുത്തി വച്ച്, ഇടതൂർന്ന സുന്ദരമായ കാർക്കൂന്തൽ വിടർത്തിയിട്ടു...

കുറച്ച് സമയം കഴിഞ്ഞ് അമ്മ റൂമിലേക്ക് വന്നു...

"മോളെ... കല്യാണം ഇത്തിരി ദൂരയാണ്... ഞങ്ങൾ കുറച്ച് കഴിഞ്ഞ് ഇറങ്ങും... നിങ്ങൾ ക്ഷേത്രത്തിൽ പോകുമ്പോൾ ഒരു താക്കോൽ കൂടി എടുത്തോണം... നിങ്ങൾ മടങ്ങി വരുന്നതിനു മുൻപേ ഞങ്ങൾ പോകും... "

" ശരിയമ്മേ പോയി വാ... "

അനു വരുണിനെ കാത്തിരുന്നു... അപ്പോൾ ആണ് അവൾക്ക് ഒരു സൂത്രപ്പണി തോന്നിയത്...

അനു അവന് നേരത്തെ വാങ്ങിക്കോടുത്തിരുന്ന ഷർട്ട് അലമാരയിൽ നിന്ന് തപ്പി എടുത്ത് മടക്കി ഏറ്റവും മുകളിലായി പെട്ടന്ന് കാണാനായി വച്ചിട്ട് ഒന്നും അറിയാത്ത പോലെ വരുണിനെ നോക്കി ഇരുന്നു..

വരുൺ കുളിച് തോർത്ത് ഉടുത്തു ബാത്റൂമിൽ നിന്നും ഇറങ്ങി വരുന്നത് കണ്ടതും അനു അവനെ നോക്കി നോക്കി പുഞ്ചിരിച്ചു...

"എന്ത് കാണാൻ ഇരിക്കുവാ... ഞാൻ ഡ്രെസ്സ് മാറട്ടെ... പുറത്തെങ്ങാണം പോയി ഇരിക്ക്..." അവൻ അല്പം ചൂടായി തന്നെ പറഞ്ഞു...

അവൾക്ക് സങ്കടം തോന്നി... ചുണ്ട് കോട്ടി അവനെ നോക്കിയിട്ട് അവൾ പുറത്തേക്ക് ഇറങ്ങി...

അവൾ പോയി എന്ന് വിചാരിച്ച് വരുൺ വാതിൽ അടക്കാൻ ഒന്നും മിനക്കെട്ടില്ല...

പക്ഷെ പുറത്തേക്ക് ഇറങ്ങിയ അനു വാതിലിനു മുന്നിലുള്ള കർട്ടന്റെ മറവിൽ നിന്ന് അകത്തേക്ക് ഒളിഞ്ഞു നോക്കി...

അവൻ അലമാരയുടെ അടുത്തേക്ക് നടന്നു... അലമാര തുറന്ന് ആദ്യം നോക്കിയപ്പോൾ തന്നെ കണ്ടത് അനു വാങ്ങിക്കൊടുത്ത ഷർട്ട്...

അവൻ എടുത്ത് കളയാൻ ഉള്ള വസ്ത്രങ്ങളുടെ ഒപ്പം വച്ച ഷർട്ട് മുകളിൽ വന്നപ്പോൾ തന്നെ അനുവിന്റെ പണിയ എന്ന് അവന് മനസ്സിലായിരുന്നു...

അവൻ ആ ഷർട്ട് എടുത്തു... എന്തോ ഒരു നിമിഷം ആലോചിച്ച് നിന്ന ശേഷം അനുവിനെ ഡ്രെസ്സ് വച്ചേക്കുന്ന ഭാഗത്തേക്ക് നോക്കി...

അവൻ വാങ്ങിക്കൊടുത്ത ചുരിദാർ ഏറ്റവും മുകളിലെ സ്ഥാനം പിടിച്ചിരുന്നു അവിടെ...

അവൻ വീണ്ടും ആ ഷർട്ടിൽ നോക്കി ഒന്ന് ചിരിച്ചു... പിന്നെ അത് തിരികെ വച്ച് ഒരു ആഷ് കളർ കുർത്തയും അതെ നിറത്തിൽ കരയുള്ള മുണ്ടും എടുത്ത് ഉടുത്തു...

അനുവിന് അവൾ വാങ്ങിക്കൊടുത്ത ഷർട്ട് വരുൺ എടുത്തിട്ട് തിരികെ വച്ചത് കുറച്ച് വിഷമമായി...

പിന്നെ വരുണിനും അവളോട് പൊരുത്തപ്പെട്ടു വരാൻ സമയം കൊടുക്കണം എന്ന് ഓർത്തപ്പോൾ അവൾക്കത് അടക്കാനായി...

കുറച്ച് സമയം കൊണ്ട് തന്നെ വരുൺ ഒഴുങ്ങി വന്നു...

"ഇറങ്ങാം... " അനു ചോദിച്ചു...

"മ്മ്..."

"അമ്മേ... ഞങ്ങൾ ഇറങ്ങുവാ..."

"ശരി മോളെ... താക്കോൽ എടുത്തിട്ട് പോണേ..." അമ്മ വിളിച്ചു പറഞ്ഞു...

"താക്കോലോ... എന്തിന്..."

"അമ്മയും അച്ഛനും ഏതോ കല്യാണത്തിന് പോകുന്നു എന്ന്... നമ്മൾ വരുന്നതിനു മുന്നേ ഇറങ്ങും... അത് കൊണ്ട് സ്പയർ കീ എടുക്കാൻ ഓർമിപ്പിച്ചതാണ്..."

"ആണോ നേരത്തെ പറഞ്ഞില്ലല്ലോ... കാർ അവര് കൊണ്ടുപോകുമാരിക്കും അല്ലേ..."

"അതെ... "

"അപ്പോൾ അമ്പലത്തിൽ നടന്നു പോണോ... എനിക്കെങ്ങും വയ്യ..."

"അതെന്താടാ നിനക്ക് ഒന്ന് നടന്നാൽ..." വരുൺ പറഞ്ഞത് കേട്ടു കൊണ്ട് വന്ന അച്ഛൻ ചോദിച്ചു...

പിന്നെ അവൻ കൂടുതൽ മിണ്ടാൻ നിക്കാതെ പുറത്തേക്ക് ഇറങ്ങി...

അവൻ കാണാതെ ചെറിയ ഒരു ചിരി പാസ്സ് ആക്കി അനു അവന്റെ പിന്നാലെയും...

ആദ്യമായി ആയിരുന്നു അവർ ഒന്നിച്ചു ക്ഷേത്രത്തിൽ പോയിരുന്നത്...

അത് കൊണ്ട് തന്നെ നാട്ടിലുള്ള സകലരും വിശേഷം തിരക്കാൻ വന്നു...

ക്ഷേത്രത്തിൽ പോയി മടങ്ങി വരുമ്പോൾ സംസാരിക്കാം എന്ന് പറഞ്ഞ് അവർ രക്ഷപെട്ടു കൊണ്ടിരുന്നു...

ക്ഷേത്രത്തിന് വെളിയിൽ എത്തിയപ്പോൾ ആണ് ആൽമരച്ചോട്ടിൽ വിനുവും ആരതിയും സംസാരിച്ചു നില്ക്കുന്നത് കണ്ടത്...

വരുൺ പെട്ടന്ന് അങ്ങോട്ടേക്ക് നടന്നു... ഫ്രണ്ടിനെ കണ്ടിട്ടുള്ള പോക്കാണ് എന്ന് മനസ്സിലാക്കിയ അനു ഒന്നും പറയാതെ പിന്നാലെയും...

"ഡാ... വിനു..." സർവ്വതും മറന്ന് സൊള്ളലിൽ ലയിച്ചിരുന്ന ആരതിയും വിനുവും ഒന്ന് ഞെട്ടി...

വിനു പേടിച്ചാണ് തല പൊക്കി നോക്കിയത്... വരുണിനെ കണ്ടതും പേടി ഒരു ചിരിയായി മാറി...

"ഡാ... എത്ര നാൾ ആയി കണ്ടിട്ട്... ആഹാ... കെട്ടിയോളും ഉണ്ടല്ലോ..."

അവളും അവനെ നോക്കി ചിരിച്ചു...

"സൊള്ളൽ ആണോടാ തെണ്ടി..." വരുൺ വിനുവിനെയും ആരതിയെയും മാറി മാറി നോക്കിക്കൊണ്ട് ചോദിച്ചു...

"ഇവൾ എറണാകുളത്തു ആയിരുന്നെടാ... ഇന്നലെ വന്നതേയുള്ളു... "

"ഓഹ്... അപ്പോൾ രണ്ടാളും കുറെ കാലം ആയല്ലേ നേരിട്ട് കണ്ടിട്ട്..."

"ഹഹ... അതേടാ... നിങ്ങൾക്ക് സുഖമല്ലേ..."

"അതെ സുഖം... നീയും ആരതിയും തൊഴുതോ..."

"അതേടാ... കുറി ഒക്കെ കണ്ടില്ലേ..."

"എങ്കിൽ നിങ്ങൾ സംസാരിക്കു... ഞങ്ങൾ സ്വർഗ്ഗത്തിലെ കട്ടുറുമ്പ് ആകുന്നില്ല... "

"ശരി എന്നാൽ..."

അനുവും വരുണും ക്ഷേത്രത്തിലേക് നടന്നു...

ആരതി ആദ്യമായി ആണ് അനുവിനെ കാണുന്നത്...

"ആ ചേച്ചിയെ കാണാൻ സൂപ്പർ ആണല്ലേ... അവർ തമ്മിൽ എന്തൊക്കയോ പ്രശ്നം ഉണ്ടെന്ന് ഏട്ടൻ പറഞ്ഞില്ലേ... എല്ലാം മാറിയോ..."

"എല്ലാം സോൾവ് ആയി എന്നാ അവൻ പറഞ്ഞത്..."

*********

"പുഷ്പാഞ്ജലി,

ഐക്യമത്യസൂക്തം വരുൺ, അനുപമ... "

തിരുമേനി പ്രസാദം നീട്ടിക്കൊണ്ടു പേര് വിളിച്ചപ്പോൾ അനു അങ്ങോട്ടേക്ക് ചെന്നു...

അവൾ ദക്ഷിണ നൽകി പ്രസാദം വാങ്ങി പൊട്ടു തൊട്ടിട്ടുള്ളതിന് അല്പം മുകളിലായി ചെറിയ ചന്ദനക്കുറിയും അതിന്റെ പുറത്ത് കുങ്കുമവും ചാർത്തി നടയിൽ വന്ന് ദേവിയെ നോക്കി തൊഴുതു...

അവൾക്ക് ഓപ്പോസിറ്റ് ആയി നടയിൽ നിന്ന് കണ്ണടച്ച് തൊഴുത വരുൺ കണ്ണ് തുറന്ന് വലത്തേക്ക് നോട്ടം പോയതും, കാണുന്നത് നടയിൽ നിന്ന് തൊഴുന്ന അനുവിനെയാണ്...

സാക്ഷാൽ ദേവി വന്ന് നിൽക്കുന്നത് പോലെയാണ് അവന് തോന്നിയത്... അവൻ അവളെ നോക്കി തൊഴുതു നിന്ന് പോയി...

നടയിലേക്ക് കയറിയപ്പോൾ പൂജാരി അടിച്ച മണി ശബ്ദമാണ് അവനെ ആ നോട്ടത്തിൽ നിന്നും പിൻവലിച്ചത്...

തൊഴുത് തിരിച്ചിറങ്ങിയപ്പോളേക്കും വിനു പോയിരുന്നു...

അനുവും വരുണും പതിയെ വീട്ടിലേക്ക് നടന്നു...

തിരിച്ചുള്ള വഴിയിൽ കണ്ട സകലമാന ആളുകളോടും അവർക്ക് സംസാരിക്കേണ്ടി വന്നു...

നാട്ടിലുള്ള സകലമാന കോഴികളും അനുവിനെ വായിനോക്കുന്നത് വരുൺ ശ്രദ്ധിച്ചിരുന്നു...

വരുണിന് അത് കണ്ട് കുറച്ച് ദേഷ്യവും, കുറച്ച് അഭിമാനവും, കുറച്ച് കുശുമ്പുമെല്ലാം കലർന്ന സമ്മിശ്ര വികാരമാണ് തോന്നിയത്...

"വല്ലോന്റേം പെണ്ണുമ്പിള്ളേ വായിനോക്കുമ്പോൾ അവളുമാരുടെ കെട്ടിയോന്മാർക്ക് അപ്പോൾ ഈ ഫീൽ ആണ് ഉണ്ടാകുന്നത്...

അല്ല അതിന് എനിക്ക് എന്തിനാ ഇങ്ങനെ തോന്നൽ ഉണ്ടാകുന്നത്... പേപ്പറിൽ മാത്രമല്ലേ അല്ലേ അവളെനിക്ക് ഭാര്യ... ബ്ലെഡി പൂതന..."

വീട്ടിലേക്ക് പോകുന്ന വഴിയാണ് വരുണിന്റെ "ന്യൂയിസെൻസ് അമ്മായി " അവരുടെ മുന്നിൽ വന്ന് ചാടിയത്...

പരദൂഷണം പാരവെപ്പ് മുതലായവ ആണ് പുള്ളിക്കാരിയുടെ മെയിൻ... പിന്നെ കുശുമ്പിന് ഒട്ടും കുറവില്ലാത്തത് കൊണ്ട് വളരെ മോശം സ്വഭാവവും...

"ദേവ്യേ... ഈ തള്ളയോ..." വരുൺ അനു കേൾക്കാൻ മാത്രം പതിയെ പിറുപിറുത്തു...

"മക്കളെ... എത്ര നാൾ ആയെടാ കണ്ടിട്ട്... നീ അങ്ങ് ക്ഷീണിച്ചു പോയല്ലോ... മോളെ... കല്യാണത്തിന് കണ്ടതാ... മോളും അങ്ങ് ക്ഷീണിച്ചല്ലോ..."

"അമ്മായി കണ്ണിൽ ത്രാസ്സ് ഒക്കെ ആയാ നടപ്പ്... ഒറ്റ നോട്ടത്തിലല്ലേ രണ്ട് പേരെയും തൂക്കി നോക്കിയത്... കൊച്ചു കള്ളി..." അവൻ പല്ല് മുപ്പത്തി രണ്ടും പുറത്ത് കാണിച്ചു ചിരിച്ച് കൊണ്ട് അമ്മായിക്കിട്ട് കൊട്ടി...

അനുവിന് കാര്യം മനസ്സിലായിരുന്നു... അവളും കൈ കൊണ്ട് മറച്ചു പിടിച്ചു ചിരിച്ചു...

കൊട്ട് നന്നായി കൊണ്ടു എങ്കിലും ക്ഷീണം പുറത്ത് കാണിക്കാതെ അമ്മായി വീണ്ടും കോൾഗേറ്റ് ചിരി എടുത്ത് മുഖത്ത് ഒട്ടിച്ചു അടുത്ത ഡയലോഗ് ഇട്ടു -

"ഒന്ന് പോയേടാ മോനെ... രണ്ടാളും കൂടെ എവിടെപ്പോയതാ... അമ്പലത്തിൽ ആണോഡാ..."

"അല്ല... ഊട്ടി വരെ പോയി വന്നതാ..."

"ഇവന്റെ കാര്യം... തമാശ പറയാതെഡാ... ഹു.. ഹ്ഹു.. കേട്ടോ മോളെ... ഇവൻ അല്ലേലും പണ്ടേ ഇങ്ങനെയാ... "

അനു ചിരിയടക്കാൻ പാട്പെട്ടു... വരുണിന്റെ സംസാരമായിരുന്നില്ല... അത് കെട്ട് അമ്മായിയുടെ വളിച്ച മുഖമായിരുന്നു കാരണം...

"അമ്മായി എന്നാൽ ഞങ്ങൾ അങ്ങോട്ട് പോട്ടെ..."

"നിക്കേടാ... എന്താ ഇത്ര ധൃതി... മോളെ ഞാൻ നന്നായി ഒന്ന് കാണട്ടെ... കല്യാണത്തിന്റെ അന്ന് കണ്ടതാ... "

"തള്ള വാങ്ങിക്കൂട്ടിയെ പോകു..." അവൻ മനസ്സിൽ പറഞ്ഞു...

"കല്യാണം കഴിഞ്ഞ് വർഷം ഒന്ന് കഴിഞ്ഞില്ലേ... വിശേഷം ഒന്നുമായില്ലേ..."

"ടൈപ്പിക്കൽ പരദൂഷണം ടീമ്സിന്റെ ചോദ്യം... എന്താ ഈ ചോദ്യം വരാത്തത് എന്ന് പ്രതീക്ഷിച്ചു നിക്കുവാരുന്നു... ഇന്ന് ശരിയാക്കിത്തരാം തള്ളേ..." വരുൺ മനസ്സിൽ ആലോചിച്ചു..

അനു ഒന്നും മിണ്ടാതെ നിന്ന് ചിരിച്ചു...

"എന്താ അമ്മായി... ഒരു വർഷം ഒക്കെ അങ്ങനെ വലിയ സമയം ആണോ... "

"ഓഹ്... അതല്ല മോനെ... അവിടെ സുഭദ്രക്കും അളിയനും പ്രായമായി വരുവല്ലേ... ഞങ്ങൾ പ്രായമായി വരുന്നവർക്ക് കൊച്ച് പിള്ളേരെ ഒക്കെ കാണാനും കളിപ്പിക്കാനും ഭയങ്കര ഇഷ്ടമാ എന്നെ...

നിനക്ക് എന്തോ കുഴപ്പം ഉള്ളത് കൊണ്ട് ആണ് പിള്ളേർ ഇല്ലാത്തത് എന്ന് നാട്ടിൽ ഒരു അടക്കം പറച്ചിലുണ്ട്..."

"ആഹാ... അങ്ങനെയൊക്കെ കേട്ടോ അമ്മായി...

അമ്മായിയുടെ മൂത്ത മോള് രശ്മിക്ക് വിവാഹത്തിന് മുൻപേ വയറ്റിൽ ഉണ്ടായിരുന്നു... അതാണ് എടുപിടി എന്ന് കല്യാണം നടത്തിയത് എന്നും പറയുന്നത് കേട്ടിരുന്നു... അത് ഉള്ളതാണ് അല്ലേ അമ്മായി...

അമ്മായിക്ക് കൊച്ച് മക്കളെ കളിപ്പിക്കാൻ ഉള്ള പൂതി മൂത്തത് കണ്ട് മോള് ആഗ്രഹം നിറവേറ്റിയത് ആയിരുന്നു അല്ലേ... "

വരുണിന്റെ സംസാരം കെട്ട് അമ്മായിയുടെയും അനുവിന്റേം വാ പിളർന്നു പോയി...

ഒറ്റ ചോദ്യത്തിൽ അമ്മായിയുടെ ഗ്യാസ് തീർന്നിരുന്നു... അണ്ണാക്കിൽ പിരിവെട്ടിയ അമ്മായി ജീവനും കൊണ്ട് ഓടി...

"ഇപ്പോളാ മോനെ ഓർത്തത്... അത്യാവശ്യമായി ഒന്ന് രണ്ട് ഇടങ്ങളിൽ പോണം... പിന്നെ കാണാമെ..."

"അമ്മായി... സംശയമൊക്കെ തീർന്നോ..."

"തീർന്ന് മോനെ... ധൃതി ഉണ്ട്... പോട്ടെ മക്കളെ..."

അമ്മായിയുടെ പോക്ക് കണ്ട് അനു അത്രയും നേരം അടക്കി വച്ച ചിരി പുറത്തേക്ക് വിട്ടു...

അവർ വീണ്ടും വീട്ടിലേക്ക് നടക്കാൻ തുടങ്ങി...

"അത്രയും വേണമായിരുന്നോ..." അനു ചോദിച്ചു...

"എന്ത്..."

"അല്ല അമ്മായിക്ക് കൊടുത്തത്..."

"കുറഞ്ഞു പോയി എന്നാ എനിക്ക് തോന്നുന്നത്... നീ നിന്നോണ്ട അല്ലേ എനിക്ക് പിള്ളേർ ഉണ്ടാകില്ലേ എന്ന സംശയത്തിന് കൂടെ ഞാൻ മറുപടി കൊടുത്തേനെ... "

"അതിന് മറുപടി കൊടുക്കാൻ ഞാൻ റെഡി..." അനു വരുൺ കേൾക്കാത്ത രീതിയിൽ പതിയെ പറഞ്ഞു...

"എന്താ..."

"എന്ത്..."

"അല്ല... നീ എന്തോ പതിയെ പറഞ്ഞത് പോലെ തോന്നി..."

"അതോ... അത് പാവം അമ്മായി എന്ന് പറഞ്ഞതാ..."

"മ്മ്... പാവം പാവം..."

"എന്താ???..."

"ആ പോയത് ആറ്റം ബോംബ് ആണ്... എത്ര കുടുംബം മുടിപ്പിച്ച ഐറ്റം ആണെന്നോ... തള്ളേ ഞങ്ങൾ വിളിക്കുന്നത് തന്നെ ന്യുയിസെൻസ് അമ്മായി എന്ന... "

"ആണോ... എന്തിനാ അങ്ങനെ വിളിക്കുന്നത്..."

"അവർക്ക് ആകെ ഉള്ള സെൻസ് അതായത് കൊണ്ട്... ഇപ്പോൾ തന്നെ കേട്ടില്ലേ ഇല്ലാത്തത് അടിച്ചിറക്കിയത്... അതെ പോലെ അടിച്ചിറക്കി കുടുംബക്കാരെ തമ്മിൽ തല്ലിക്കൽ ആണ് പതിവ്... എന്തിന് സ്വന്തം മോൾ കെട്ടിയോനെ വിട്ട് വീട്ടിൽ നിപ്പുണ്ട്... അതും ഇവർ കരണം എന്നാണ് കേട്ടത്...

ഞാൻ കഞ്ചാവാണ്, മയക്ക് മരുന്നാണ്, അങ്ങനെ പോലും ഇവർ അടിച്ചിറക്കിയിട്ടുണ്ട്... പിന്നെ ഇവരുടെ മോള് കുളിക്കാൻ ബാത്റൂമിൽ കയറിയപ്പോൾ ആരോ ഒളിഞ്ഞു നോക്കിയത് ഞാനാ എന്ന് പറഞ്ഞു നടന്നു...

അന്ന് ഞാൻ ഇവിടെ നാട്ടിൽ ഇല്ല... ഹോസ്റ്റലിൽ നിന്ന് പഠിക്കുന്ന സമയം... എന്നിട്ടും നാട്ടിൽ പോകുമില്ലാത്ത എന്റെ പേരിൽ ആരോപണം... ഇന്ന് അതിനൊക്കെ കൊടുത്തു..."

"അയ്യേ..."

"ചില വ്യത്തികെട്ട സ്ത്രികൾ അങ്ങനെയാ... എന്നിട്ട് പാവപ്പെട്ടവരുടെ സ്വസ്ഥത കളയും..." വരുൺ അനുവിനെ തുറിച്ചു നോക്കിക്കൊണ്ട് ആണ് അത് പറഞ്ഞത്... കിട്ടിയ ചാൻസിൽ അവൻ അവൾക്കും ഇട്ട് കൊട്ടി...

കാറ്റ് പോയ ബലൂൺ പോലെ അനുവിന്റെ മുഖവും വാടി...

തിരികെ വീട്ടിൽ എത്തി ഡ്രസ്സ് മാറി അനു വരുണിന് കഴിക്കാൻ കൊടുത്ത് അവളും കഴിക്കാൻ ഇരുന്നു... അച്ഛനും അമ്മയും അപ്പോളേക്കും പോയിരുന്നു...

കഴിച്ചു കൊണ്ട് ഇരുന്നപ്പോൾ അനു പറഞ്ഞു-

"നാളെ മുതൽ ഞാൻ ജോലിക്ക് പൊക്കോട്ടെ..."

"എന്നോട് ചോദിക്കുന്നത് എന്തിനാ... വേണേൽ പൊക്കോളു... "

"ഞാൻ പിന്നെ എന്റെ ഭർത്താവിനോട്  അല്ലാതെ ആരോടാണ് ചോദിക്കുക..."

വരുൺ അവളെ ഒന്ന് നോക്കി...

"മ്മ്... ഭർത്താവ്..."

അനു അത് കേട്ടു എങ്കിലും കേട്ട ഭാവം നടിച്ചില്ല...

"ഉച്ചക്ക് കഴിക്കാൻ എന്ത് വേണം..." അനു ചോദിച്ചു...

"അമ്മ ഉണ്ടാക്കിയില്ലേ..."

"ഇല്ല... നേരത്തെ പോയില്ലേ..."

"വല്ലതും പാർസൽ വാങ്ങാം..."

"അതെന്താ ഞാൻ വെച്ചുണ്ടാക്കി തന്നാൽ കഴിക്കില്ലേ..."

"നിനക്ക് അതിന് വല്ലതും ഉണ്ടാക്കാൻ അറിയുമോ... ലാസ്റ്റിൽ എന്റെ വയറിനു പണിയാകുമോ..."

"കഴിച്ച് നോക്കിയിട്ട് പറ..."

അവൻ പുച്ഛിച്ചു ചിരിച്ചു...

"ആഹാ... എന്നാൽ ഇന്ന് ചെറിയ ഒരു സദ്യ തന്നെ ഉണ്ടാക്കിയിട്ട് ബാക്കി കാര്യം... " അവൾ മനസ്സിൽ ചിന്തിച്ചു...

അനു വേഗം കഴിച്ചിട്ട് അടുക്കളയിലേക്ക് കയറി...

"ഭർത്താവിന്റെ മനസ്സിലേക്ക് ഉള്ള വാതിൽ, അവന്റെ വയറിൽ നിന്നാണ് എന്ന ചൊല്ലാണ് അവളുടെ മനസ്സിലേക്ക് വന്നത്... എല്ലാം നന്നായിട്ട് പരമാവധി വേഗം ചെയ്യണം എന്ന് ഉറപ്പിച്ചു അവൾ ജോലി തുടങ്ങി..."

അമ്മ ഇല്ലാതെ ആദ്യമായി ആണ് അടുക്കളയിൽ...

അവൾ ഫ്രഡ്ജ് തുറന്ന് ഓരോ സാധനങ്ങളും പുറത്തേക്ക് എടുത്ത് വച്ചു...

"സാമ്പാർ, അവിയൽ, മോര്, കാബേജ് തോരൻ, പയർ മെഴുക്കുപുരട്ടി, പപ്പടം, അച്ചാർ... പിന്നെ ഒരു പായസവും..."

അനു ഓരോ സാധനത്തിനും ആവിശ്യമായ സാധനങ്ങൾ എടുത്ത് തരം തിരിച്ചു വച്ചു...

ആദ്യം തന്നെ അവൾ അരി കഴുകി അടുപ്പത്തിട്ടു...

എന്നിട്ട് ഓരോ സാധങ്ങളുടെ കഷ്ണങ്ങൾ നുറുക്കി വച്ചു...

എളുപ്പത്തിനായി ഗ്യാസ് സ്റ്റോവിന്റെ മൂന്ന് ബർണേറിലും കറിക്കുള്ള സാധങ്ങൾ വച്ചു, അരി ഇൻഡക്ഷനിലും വച്ചു...

അത്രയും നാളും അമ്മയോടൊപ്പമുള്ള അടുക്കള സഹായത്തിൽ അവൾ എല്ലാം നന്നായി തന്നെ വേഗം ചെയ്യാൻ പഠിച്ചിരുന്നു...

ഇന്ന് അതെല്ലാം ഉപയോഗത്തിന് എത്തി...

കറികൾ ഉണ്ടാക്കി, ചോറും ഊറ്റാൻ വച്ചിട്ട് അവൾ പായസം തയാറാക്കാൻ ഉള്ള ശ്രമം ആരംഭിച്ചു...

അട പ്രഥമൻ ആണ് വരുണിന്റെ ഫേവറേറ്റ് എന്ന് അവൾക്ക് അറിയാമായിരുന്നു... വീട്ടിൽ ഭാഗ്യത്തിന് അടയും ഉണ്ടായിരുന്നു...

അവൾ വേഗം അട പുഴുങ്ങാൻ വച്ചിട്ട് തേങ്ങ ചിരണ്ടി അരച്ച് പിഴിഞ്ഞ് വച്ച്, ശർക്കരയും ചീകി വച്ചു... ശരക്കര ഉരുക്കി, വേവിച്ച അടയും നെയ്യും തേങ്ങാപ്പാലും ചേർത്ത് നല്ല ഉഗ്രൻ പ്രഥമനും ഉണ്ടാക്കി...

അവൾ പപ്പടവും കാച്ചി വെച്ച് തൊടിയിൽ പോയി ഇല വെട്ടി കഴുകി തുടച്ചു വച്ചു...

എല്ലാം കൃത്യം ഒരുമണിക്ക് മുൻപ് ശരിയാക്കിയിരുന്നു...

നല്ല പോലെ സമയം എടുക്കും എന്ന് വിചാരിച്ചിരുന്ന വരുൺ സിനിമയും കണ്ട് കിടക്കുകയായിരുന്നു...

അനു കഴിക്കാനായി അവനെ വിളിക്കാൻ ചെന്നു...

അവൾ വരുന്നത് കണ്ടപ്പോളെ വരുൺ പുച്ഛിച്ചു ചിരിച്ച് കൊണ്ട് ചോദിച്ചു-

"ഒന്നും നടന്നില്ല അല്ലേ... എനിക്ക് നേരത്തെ അറിയാം... ഞാൻ പോയി വല്ലതും വാങ്ങിയിട്ട് വരാം..."

"അതല്ല കഴിക്കാൻ വിളിക്കാൻ വന്നതാ..."

അവൻ ഒന്ന് ഞെട്ടി...

" ഞഹേ... ആം... വരുവാ... " ഞെട്ടൽ അധികം പുറത്ത് കാണിക്കാതെ അവൻ പറഞ്ഞു...

അവളുടെ പിന്നാലെ തീൻ മേശയിലേക്ക് നടക്കുമ്പോൾ എന്തേലും ഒരു കറിയും, ഒരു കൂട്ടു കറിയും അല്ലാതെ വേറെ ഒന്നും വരുൺ പ്രതീക്ഷിച്ചില്ല...

വരുണിനെ ഇരുത്തി ഇല ഇട്ടതും അവൻ മനസ്സിൽ പുച്ഛത്തോടെ പറഞ്ഞു-

"ഷോ കണ്ടാൽ സദ്യ ആണെന്ന് തോന്നും..." വരുൺ മനസ്സിൽ ആലോചിച്ചു...

"പ്ലേറ്റിൽ മതിയാരുന്നു..." അവൻ പറഞ്ഞു...

അനു ഒന്നും മറുപടി പറഞ്ഞില്ല...

പക്ഷെ അവനെ ഞെട്ടിച്ചു കൊണ്ട് ഓരോ വിഭവമായി അടുക്കളയിൽ നിന്ന് എടുത്ത് കൊണ്ടു വന്ന് വിളമ്പിക്കൊടുത്തു...

സകലതും വിളമ്പിക്കൊടുത്തു അവൻ കഴിക്കുന്നത് അവൾ നോക്കി നിന്നു...

അവന് എല്ലാത്തിനും അസാധ്യ രുചി തോന്നി... എങ്കിലും പുച്ഛിച്ചിട്ട് ഇപ്പോൾ അവളുടെ മുന്നിൽ ഇരുന്നു വെട്ടി കയറ്റാൻ ഒരു മടി...

പക്ഷെ ഭക്ഷണത്തിന്റെ രുചിയുടെ മുന്നിൽ അവന് അടിയറവ് പറയേണ്ടി വന്നു...

അവൻ കഴിക്കുന്നത് സന്തോഷത്തോടെ അനു നോക്കി നിന്നു...

ആദ്യമായി ഭർത്താവിന് സ്വന്തം കൈ കൊണ്ട് വെച്ചുണ്ടാക്കി കൊടുത്ത് അത് അമൃത് പോലെ അവൻ ഭക്ഷിക്കുന്നത് കണ്ട് നിന്ന അനുവിന് അത് വരെ അങ്ങനെ ഒരു ഫീൽ ഉണ്ടായിട്ടില്ല...

സന്തോഷവും അഭിമാനവും നാണവും എല്ലാം കൂടി കലർന്ന ഒരു വികാരം അവളിലൂടെ കടന്ന് പോയി...

ഒന്നും വിടാതെ അവൻ കഴിച്ചു... അനു തീരുന്നത് അനുസരിച്ച് വിളമ്പിക്കൊടുത്തു കൊണ്ടിരുന്നു...

വയറു നിറഞ്ഞു വരുൺ എണീക്കാൻ തുടങ്ങിയപ്പോൾ അവൾ പായസവുമായി വന്നു...

"പായസവുമുണ്ടോ..."

"അതേല്ലോ... അട പ്രഥമൻ... അതല്ലേ ഏറ്റവും ഇഷ്ടം..."

"മ്മ്..."

അവൻ അതും സാമാന്യം നന്നായി തന്നെ തട്ടിക്കയറ്റി...

എല്ലാം കഴിച്ചു കഴിഞ്ഞ് കൈ കഴുകുമ്പോൾ അനു ചോദിച്ചു-

"എങ്ങനെ ഉണ്ടായിരുന്നു... "

വരുൺ ചോദ്യം കെട്ട് സന്തോഷത്തോടെ അനുവിന്റെ രണ്ട് കൈയ്യും ചേർത്ത് പിടിച്ചു, അവന്റെ ഉള്ളം കയ്യിൽ എടുത്ത് കൊണ്ട് പറഞ്ഞു-

"ഇതുണ്ടാക്കിയ ഈ കയ്യിൽ ഒരു വളയിട്ട് തരണം..."

ചെയ്ത് കഴിഞ്ഞാണ് വരുണിന് എന്താ താൻ ചെയ്തേ എന്ന് ബോധ്യം വന്നത്...

അത്രക്ക് അവന്റെ മനസ്സ് നിറഞ്ഞിരുന്നു... ആ സന്തോഷത്തിൽ ഓർക്കാതെ, അല്ലെങ്കിൽ അവളോടുള്ള സകല പിണക്കവും കുറച്ച് നേരത്തേക്ക് എങ്കിലും അവൻ മറന്ന് പോയിരുന്നു...

വരുൺ പെട്ടന്ന് അങ്ങനെ ചെയ്യും എന്ന് അവൾ കരുതിയിരുന്നില്ല...

അവൾ ഞെട്ടിപ്പോയിരുന്നു... സന്തോഷം... അതിരില്ലാത്ത സന്തോഷം തോന്നി അവൾക്ക്... അഭിമാനം കൊണ്ട് അവൾക്ക് രോമാഞ്ചം തോന്നി... ചെറുതായി കണ്ണുകൾ പോലും നിറഞ്ഞു...

അവന്റെ കയ്യിൽ തന്റെ കൈ ഇരിക്കുന്നു എന്ന ബോധത്തിൽ അവൾ നാണത്താൽ പൂത്തുലഞ്ഞു...

അവൾക്ക് അവന്റെ മുഖത്തേക്ക് നോക്കാൻ പോലും ആകുന്നുണ്ടായിരുന്നില്ല...

തല താഴ്ത്തി തന്നെ അവൾ നിന്നു... എന്തിന് വേണ്ടി എന്ന് അറിയാതെ ആ മിഴികൾ പക്ഷെ നിറഞ്ഞൊഴുകിക്കൊണ്ടിരുന്നു...

വരുൺ പെട്ടന്ന് ആ കൈകൾ വിടുവിച്ചു...

ജീവൻ നഷ്ടമായ കണക്ക് ആ കൈകൾ അവളുടെ ദേഹത്തേക്ക് തിരികെ വന്നു ചേർന്നു...

അവനും എന്ത് പറയണം എന്ന് മാത്രം അറിയില്ലായിരുന്നു...

അവൾ കരയുന്നത് എന്തിനാണ് എന്ന് അവന് മനസ്സിലായില്ല... അവൾക്കും അത് മനസ്സിലായിരുന്നില്ല...

പക്ഷെ അനുവിന്റെ മനസ്സിലെ വികാരങ്ങൾ അവന് വായിച്ചെടുക്കാൻ കഴിഞ്ഞിരുന്നു...

ആ സന്തോഷവും ഉയർന്ന ഹൃദയമിടുപ്പും അവന്റെ വാക്കുകളും, സാമീപ്യവും കൊണ്ടായിരുന്നു എന്ന് മാത്രം അവന് മനസ്സിലായി...

അവൾ ഭക്ഷണം കഴിച്ചു ക്ലിയോയ്ക്കും കൊടുത്തു...

രാത്രിൽ പുറത്ത് നിന്ന് വാങ്ങാം എന്ന് വരുൺ നിർബന്ധിച്ചു എങ്കിലും അനു സമ്മതിച്ചില്ല...

ചപ്പാത്തിയും ചിക്കനും വച്ചു നോൺ വെജ്ജും തന്റെ കൈകളിൽ ഭദ്രമാണ് എന്ന് അവൾ അവനെ അറിയിച്ചു...

രാത്രിയിൽ നോൺ വെജ് ഉണ്ടായിരുന്നത് കൊണ്ട് ക്ലിയോയ്ക്ക് ഉച്ചക്ക് ഉണ്ടായ ക്ഷീണം പെട്ടന്ന് മാറി

രാത്രി കുറച്ച് വൈകിയാണ് അച്ഛനും അമ്മയും തിരികെ എത്തിയത്...

അനുവിന്റെ പാചക കഥകൾ അമ്മയോടും വന്നപ്പോൾ തന്നെ അനു പറഞ്ഞു...

അമ്മയും അച്ഛനും എല്ലാം അല്പം രുചിച്ചു നോക്കി... അവർക്കും പൂർണ തൃപ്തി...

അന്ന് രാത്രിയിൽ കിടക്കുമ്പോൾ പകൽ നടന്നത് ഓരോ കാര്യങ്ങളും അവളുടെ മനസ്സിലൂടെ കടന്ന് പോയി...

യഥാർത്ഥ പ്രണയം എന്താണ് എന്ന് അനു അറിഞ്ഞുകൊണ്ടിരുന്നു... സുഖവും സന്തോഷവും നോവും നൊമ്പരവും നൽകുന്ന പ്രണയം...

വരുണിനെ കാണാതെ ഇരിക്കുന്ന ഓരോ നിമിഷവും അവന്റെ ദേഷ്യവും അവൾക്ക് നോവും നൊമ്പരവും അറിയിച്ചപ്പോൾ, അവന്റെ സാമീപ്യവും അവനിൽ നിന്നു ലഭിക്കുന്ന കെയർ, നല്ല വാക്കുകൾ, പ്രശംസകൾ, നോട്ടം, സ്പർശനം... ഇവയെല്ലാം അവൾക്ക് സുഖവും സന്തോഷവും നൽകി...

പ്രണയാതുരയായി അവനിലേക്ക് അലിഞ്ഞു ചേരുവാനായി, മഴ കാത്ത് കഴിയുന്ന വേഴാമ്പലിനെ പോലെ അവളുടെ ഉള്ളം കേഴുകയായിരുന്നു...

പലപ്പോഴും അവനെ പറ്റി ഓർക്കുമ്പോൾ ഹൃദയത്തിനുണ്ടായിരുന്ന ഭാരം, അവളുടെ ഉള്ളിന്റെ തേങ്ങൽ ആണെന്ന് അവൾ തിരിച്ചറിഞ്ഞു തുടങ്ങിയിരുന്നു...

രാത്രിയിൽ ഉറക്കം വരാതെ കിടക്കുമ്പോളും തൊട്ടടുത്തുള്ള പ്രിയതമന്റെ കരലാളനത്തിൽ അമർന്നു, അവന്റെ നെഞ്ചിൽ തല ചായ്ച്ചു, ആ ഹൃദയതാളം കെട്ട് ഉറങ്ങാൻ അവളുടെ മനസ്സ് വെമ്പുകയായിരുന്നു...

പ്രണയം, ഇത്ര തീവ്രതയും, ചൂടും, നോവും, ആ നോവിൽ പോലും ഒരുപാട് സുഖവുമുള്ള ഒരു അനുഭൂതി ആണെന്ന സത്യം അവൾ മനസ്സിലാക്കി...

**********

പിറ്റേന്ന് ഓഫീസിൽ പോകേണ്ടത് കൊണ്ട് പതിവിലും നേരത്തെ അവൾ എഴുന്നേറ്റു...

ഓഫീസിലേക്ക് പോയിട്ട് ഒരുപാട് നാൾ ആയിരുന്നത് കൊണ്ട് അവൾക്ക് നല്ല മടി തോന്നിയിരുന്നു... പിന്നെ ഇത്തിരി ടെൻഷനും...

അവൾ കുളിച്ച് ഇറങ്ങിയപ്പോളേക്കും വരുൺ എണിറ്റിരുന്നു...

കുളിച്ചു വന്ന അനു  വരുൺ വാങ്ങിയ ഒരു ചുരിദാർ എടുത്തിട്ടു...

അതും ഒരു പുതു തുടക്കം ആയിരുന്നു അവൾക്ക്... അത് കൊണ്ട് അവൾക്ക് ഏറ്റവും പ്രിയപ്പെട്ട ആ ഡ്രെസ്സ് ഇട്ട് തന്നെ പോകണം എന്നവൾക്ക് തോന്നി...

ഡ്രെസ്സ് മാറി അടുക്കളയിലേക്ക് ഓടി അമ്മയെയും സഹായിച്ചു...

വരുൺ അപ്പോളേക്കും കുളിച്ചു വന്നു...

അനുവും വരുണും ഒന്നിച്ചിരുന്നു തന്നെ പ്രാതൽ കഴിച്ചു...

കഴിച്ച ശേഷം അവൾ റൂമിൽ ചെന്നു മുടി പോണി ടേൽ രീതിയിൽ കെട്ടി വച്ച്, കണ്ണെഴുതി ചെറിയ ഒരു  കറുത്ത പൊട്ടും തൊട്ടു...

പഴയത് പോലെ മറ്റ് മേക്കപ്പ് ഒന്നും ചെയ്യാൻ നിന്നില്ല...

അവളുടെ മാറ്റം വരുണും ശ്രദ്ധിച്ചിരുന്നു...

റെഡി ആയികൊണ്ടിരുന്ന അവൻ അവൾ ചെയുന്നത് എല്ലാം സസൂക്ഷ്മം വീക്ഷിച്ചു കൊണ്ടിരുന്നു...

"പൂതനക്ക് ഇതെന്ത് പറ്റിയോ ആവോ... പുറത്ത് നിന്ന് ആളെ വിളിച്ചു പെന്റിങ് നടത്തിയിരുന്ന ആളാണ്... ദാണ്ടെ ഇപ്പോൾ ചുണ്ടിൽ ഇത്തിരി ലിപ്സ്റ്റിക് പോലും തേക്കുന്നില്ല...🙄"

അവർ ഇറങ്ങി... പോകുന്ന വഴിയിൽ അനുവിന് എന്തോ ടെൻഷൻ ഉള്ളത് പോലെ അവന് തോന്നിയിരുന്നു...

"എന്ത് പറ്റി... എന്തേലും അസുഖമുണ്ടോ..." അവൻ ചോദിച്ചു...

"കുറെ നാൾ ആയി ലീവ് അല്ലേ... ഇപ്പോൾ പോകുമ്പോൾ ഒരു ടെന്ഷൻ..."

"അതാണോ... താൻ ജോലി മറന്നിട്ടില്ലല്ലോ... അപ്പോൾ ടെൻഷൻ വേണ്ട..."

"അതല്ല... എല്ലാരേയും ഫേസ് ചെയ്യണ്ടേ... എവിടെ ആയിരുന്നു, എന്താ പ്രശ്നം എന്നൊക്കെ ചോദിച്ചാൽ എന്ത് പറയും..."

"മ്മ്..." അവൻ കൂടുതൽ ഒന്നും പറഞ്ഞില്ല...

*******

ഓഫീസിൽ എത്തിയ അനു നേരെ കേബിനിലേക്ക് നടന്നു... മറ്റ് സ്റ്റാഫുകൾ വരുന്നതേ ഉണ്ടായിരുന്നുള്ളു...

അത് കൊണ്ട് തന്നെ കുറച്ച് സമയത്തേക്ക് അവൾക്ക് ആശ്വാസം കൊടുത്തു അത്...

ലഞ്ച് ബ്രേക്ക് വരെ കുഴപ്പമില്ലാതെ പിടിച്ചു നിൽക്കാം... ഷാന ഉണ്ടെന്നത് ഒരു ആശ്വാസം...

അത്രയും നാളും ആരും തിരക്കി വരാതെ ഇരുന്നത് പോലും ഷാനയുടെ സഹായം കൊണ്ട് ആണെന്ന് അനുവിന് അറിയാം...

പക്ഷെ അവൾ എന്തൊക്കെയാണ് പറഞ്ഞു പിടിപ്പിച്ചിരിക്കുന്നത് എന്ന് ഒരു പിടിയുമില്ല...

കാത്ത് കാത്തിരുന്നു ഏറ്റവും ലേറ്റ് ആയി ആണ് ഷാന വന്നത്...

വന്നപ്പോളെ അനുവിന്റെ ക്യാബിനിലേക്ക് ആണ് ആശാട്ടി വന്ന് കയറിയത്...

"എവിടെ ആയിരുന്നു ഷാന നീ... "

"ഞാൻ പതിവ് സമയം തന്നെയാണ് മോളെ വന്നത്... നീയാണ് നേരത്തെ വന്നത്... ഹി... ഹ്ഹി... "

"പോടീ... ഞാൻ നിന്നെ കാത്തിരിക്കുവായിരുന്നു... നീ എന്തൊക്കെയാ അവരോടൊക്കെ പറഞ്ഞു പിടിപ്പിച്ചേക്കുന്നത്... അത് നന്നായി അറിഞ്ഞിട്ട് വേണം ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാൻ..."

"ഞാൻ നിനക്ക് സുഖമില്ലായിരുന്നു... ട്രീറ്റ്മെന്റിനായി ആയുർവേദ ചികിത്സ കേന്ദ്രത്തിൽ ആണെന്ന് തട്ടി വിട്ടു..."

"ആണല്ലേ... ഭാഗ്യം..."

"അതിരിക്കട്ടെ... മോളുടെ അപ്പിയറൻസിൽ മാറ്റമുണ്ടല്ലോ... എന്ത് പറ്റി... "

"നീ അല്ലേ ബുദ്ധി ഉപദേശിച്ചു തന്നത്..."

"അതായിരുന്നോ... ഇതാടി നല്ലത്... അതിരിക്കട്ടെ... വർക്ഔട് ആയോ..."

"ആയോ എന്ന് ചോദിച്ചാൽ എന്താ പറയുക... ഇത്തിരിയൊക്കെ ആയി എന്നാ തോന്നണേ... "

"വിശദമായി പറയെടി..."

അനു എല്ലാം വിശദമായി തന്നെ ഒന്ന് പോലും വിടാതെ പറഞ്ഞു...

"ഓഹോ... അപ്പോൾ ആദ്യ പടി വിജയിച്ചു... ആ ഫുഡ് ഉണ്ടാക്കിയത് എനിക്കും സർപ്രൈസ് ആണല്ലോടി... എന്തായാലും അവന്റെ മനസ്സിൽ പെർമനെന്റ് സീറ്റ് ഉറപ്പിക്കാൻ അത് വലിയ സഹായം ചെയ്യും..."

"ഇനി ഞാൻ എന്ത് വേണമെടി..."

"ഇനിയാണ് അടുത്ത പടിയിലേക്ക് കടക്കേണ്ടത്... വരുൺ വെറുതെ നോക്കിയാൽ പോരാ... ശ്രദ്ധിക്കണം... നിന്നിൽ ആസക്തനാകണം..."

"മനസ്സിലായില്ല..."

"ഡീ നീ വൈശാലി ആകണം എന്ന്... എന്നിട്ട് നിന്റെ ഋഷി സൃങ്കൻ കെട്ടിയോനെ വശീകരിച്ചെടുക്കണം... "

"എങ്ങനെ???..."

"ദൈവമേ ഇവൾ ഭൂലോക പൊട്ടത്തിയാണല്ലോ..."

"കളിയാക്കാതെ പറഞ്ഞേഡി..."

ഷാന അനുവിന്റെ മാറിടങ്ങളെ നോക്കിക്കൊണ്ട് പറഞ്ഞു...

"വാശികരണത്തിന് വേണ്ട ഫിറ്റിംഗ്സ് എല്ലാം നിന്റെ ദേഹത്തു തന്നെ ഉണ്ടല്ലോ... അതെല്ലാം എടുത്ത് പ്രയോഗിക്ക്..."

"അയ്യേ... പോടീ... എനിക്ക് വയ്യ..."

"ഡീ പൊട്ടിക്കാളി... ഇതെല്ലാം അവനുള്ളത് തന്നെയല്ലേ... കുറച്ചൊക്കെ കാണിച്ചു കൊടുത്താൽ എന്താ കുഴപ്പം..."

"എന്നാലും..."

"മോളിവിടെ നാണിച്ച് ഇരുന്നോ... കെട്ടിയോനെ വേറെ പെൺപിള്ളേർ കൊണ്ട് പോകത്തെയുള്ളു..."

"ശ്ശോ... ഞാൻ അങ്ങനെയൊക്കെ... എനിക്ക് ആലോചിക്കുമ്പോൾ തന്നെ നാണം വരുന്നെടി..."

"ഹ്ഹി... പെണ്ണാകെ ചുവന്നല്ലോ... അതും ആലോചിച്ചു ഇരിക്കാതെ ജോലി നോക്കെടി... "

"മ്മ്... വീട്ടിൽ ഇരുന്ന് കുറെ ചെയ്ത് വച്ചത് കൊണ്ട് ആശ്വാസമുണ്ട്..."

"അപ്പോൾ ശരി... ഞാൻ എന്റെ പണി നോക്കട്ടെ..."

"ശരിയെടി... ഉച്ചക്ക് കാണാം..."

അനു കുറച്ച് നേരം കൂടെ ഷാന പറഞ്ഞത് ആലോചിച്ചിരുന്ന ശേഷം ജോലിയിൽ ശ്രദ്ധ ഊന്നി...

കുറെ നാളിനു ശേഷം വന്നത് കൊണ്ട് പിടിപ്പത് പണി ഉണ്ടായിരുന്നു... ഉച്ചക്ക് കഴിക്കാൻ സമയമായപ്പോൾ ഷാന വന്ന് വിളിച്ചപ്പോൾ ആണ് അവൾ മോണിറ്ററിൽ നിന്ന് കണ്ണെടുത്തത് തന്നെ...

"മാഡം... കഴിക്കുന്നില്ലേ..."

"അയ്യോ... സമയമായോ... ഇത് ചവറു പോലെ കിടക്കുകയല്ലേ... നീ എനിക്ക് വീട്ടിൽ ആയിരുന്ന ടൈം വളരെ കുറച്ച് മാത്രമേ തന്നിരുന്നുള്ളു അല്ലേ... എന്തായാലും രണ്ട് ദിവസം മിനക്കെട്ട് ഇരുന്ന് തീർക്കണം..."

അനു ബാഗും എടുത്ത് ഷാനയുടെ ഒപ്പം കാഫറ്റിരിയയിലേക്ക് നടന്നു...

ഉണ് കഴിഞ്ഞുള്ള വിശ്രമ വേളയിൽ പലരും അനുവിനോട് കുശലം തിരക്കി... ഷാനയും അവളുടെ ഒപ്പം ഉണ്ടായിരുന്നു...

ഷാന പറഞ്ഞത് തന്നെ പറഞ്ഞ് എല്ലാവരെയും അവർ ഒഴിവാക്കി...

ജോലി തിരക്കായിരുന്നു ആ ദിവസം മുഴുവനും... തിരികെ ഇറങ്ങുമ്പോൾ അനു നന്നായി തളർന്നു പോയിരുന്നു...

അനുവും ഷാനയും ഒന്നിച്ചാണ് ഓഫീസിൽ നിന്നും ഇറങ്ങിയത്...

വരുണിനെ കാത്ത് അനു നിൽകുമ്പോൾ അവളുടെ മുന്നിൽ വണ്ടി കൊണ്ട് നിർത്തിക്കൊണ്ട് ഷാന ഒരു ഉപദേശം കൂടി കൊടുത്തു-

"ഡീ... പിന്നെ ഐഡിയ മറക്കണ്ട... മാക്സിമം അവനെ വശീകരിക്കുക... പക്ഷെ ഒറ്റയടിക്ക് ഒന്നും പാടില്ല... പയ്യെ തിന്നാൽ പനയും തിന്നാം... പിന്നെ അവൻ വേഗം അങ്ങ് വീഴില്ല... പതിയെ പതിയെ വളഞ്ഞു വന്നോളും..."

"മ്മ്... ഞാൻ ശ്രമിക്കാം..."

"ദൈവമേ പെണ്ണ് കുളമാക്കുമോ എന്തോ... ഞാൻ പോണെഡി... ബൈ..."

ഷാന പോയി ഒരു അഞ്ച് മിനിറ്റ് കഴിയുന്നതിനു മുൻപേ വരുൺ അനുവിനെ വിളിക്കാനായി വന്നു...

കാറിൽ കയറിയ അനു ഷാന പറഞ്ഞത് ഓർത്തു... വരുണിനെ വശീകരിക്കാൻ പോകുന്നത് അവൾ ആലോചിച്ചു...

അവൾ വണ്ടി ഓടിച്ചുകൊണ്ടിരുന്ന വരുണിന്റെ മുഖത്തേക്ക് നോക്കി...

അവൾക്ക് നാണം തോന്നി... വരുണിന്റെ മുഖത്തേക്ക് നേരെ നോക്കാൻ പോലും ആകാതെ വിരൽ കടിച്ചു കൊണ്ട് ഒളികണ്ണിട്ട് നോക്കിക്കൊണ്ടിരുന്നു...

ഇടക്ക് ഇടക്ക് നേരെ നോക്കും... പിന്നെയും നാണം കൊണ്ട് പൂത്തുലയും... ചെറുതായി പുഞ്ചിരി പൊഴിച്ചുകൊണ്ട് മുഖം പൊത്തിയിരിക്കും...

കുറച്ച് നേരം അവൾ ഈ പണി തുടർന്നപ്പോൾ വരുണും ശ്രദ്ധിക്കാൻ തുടങ്ങി...

അങ്ങനെ ഒരു തവണ അവൾ നോക്കിയപ്പോൾ വരുൺ റോഡിലേക്ക് നോക്കിയിരുന്ന മുഖം പെട്ടന്ന് വെട്ടിച്ചു അവളുടെ മുഖത്തേക്ക് നോക്കി...

അനു ഞെട്ടിപ്പോയി... നോട്ടം മാറ്റാൻ പോലുമുള്ള സമയം അവൾക്ക് കിട്ടിയില്ല... തീർത്തും പ്രതീക്ഷിക്കാതെയുള്ളത് ആയിരുന്നത് കൊണ്ട് അവൾ അനങ്ങാതെ അവനെ നോക്കി ഇരുന്ന് പോയി...

"നീ എന്തിനാ ഇങ്ങനെ ഒളിച്ചും പാത്തും നോക്കുന്നത്???... വണ്ടിയിൽ കയറിയപ്പോൾ മുതൽ ഞാൻ ശ്രദ്ധിക്കുവാണല്ലോ... എന്താ ഉദ്ദേശം... "

അത് കെട്ട് അനുവിന്റെ കവിൾ രണ്ടും നാണം കൊണ്ട് ചുവന്ന് തുടുത്തു... അവൾ പെട്ടന്ന് നോട്ടം മാറ്റി ഒന്നും മിണ്ടാതെ നേരെ നോക്കിയിരുന്നു...

ഇതൊക്കെ ആണേലും മനസ്സിൽ അവൾക്ക് ഒരുപാട് ആനന്ദം തോന്നി... അവളുടെ ഉള്ളിൽ ഒരു കുളിർ മഴ പെയ്യുന്നുണ്ടായിരുന്നു...

അനു ഒന്നും മിണ്ടാതെ നോട്ടം മാറ്റുന്നത് കണ്ട വരുൺ തിരികെ ശ്രദ്ധ റോഡിലേക്ക് മാറ്റിക്കൊണ്ട് പിറുപിറുത്തു -

"ഓരോരോ വേഷംകെട്ടലുമായി ഇറങ്ങിക്കോളും..."

അവൾക് അവൻ അത് പറഞ്ഞത് ഇഷ്ടമായില്ല... ഇത്തിരി സങ്കടവും വന്നു...

അവൾ വരുണിനെ നോക്കി കൊച്ച് കുട്ടികൾ പിണങ്ങുമ്പോൾ ചെയുന്നത് പോലെ ചുണ്ട് മലർത്തി കൂർപ്പിച്ചു നോക്കി മുഖം സൈഡിലേക്ക് വെട്ടിച്ചു പുറത്തേക്ക് നോക്കിയിരുന്നു ...

എന്നിട്ട് പിന്നെയും വരുണിനെ ഇടക്ക് ഇടക്ക് വായിനോക്കിക്കൊണ്ടിരുന്നു...

വീട്ടിൽ എത്തി ഡ്രെസ്സ് മാറ്റി അനു അമ്മയെ ഹെല്പ് ചെയ്യാൻ പോയി...

ജോലിയും കഴിഞ്ഞ് ഭക്ഷണം കഴിച്ച് രാത്രിയിൽ കിടക്കാൻ റൂമിൽ എത്തിയപ്പോൾ അനുവിന് ടെൻഷൻ തുടങ്ങി...

വരുൺ ക്ലിയോയുടെ അടുത്ത് ആയിരുന്നു... ഇപ്പോൾ അവളെ പൂട്ടി ഇടാറില്ല... രാത്രിയിൽ അവൾ അവരുടെ റൂമിൽ വരാറില്ല എന്ന് മാത്രം...

ഒരു ആത്മ ധൈര്യത്തിന് അവൾ ഷാനെയെ വിളിച്ചു...

"ഹലോ... എന്തുവാണെടി പാതിരാത്രി മനുഷ്യനെ ഉറങ്ങാനും സമ്മതിക്കില്ലേ..."

"പത്ത് മണി ആകുന്നതേയുള്ളു... നീ ഇപ്പോളെ ഉറങ്ങിയോ..."

"ഉറങ്ങി ഒന്നുമില്ല... വെറുതെ ഷോ ഇറക്കിയതാ ഡയലോഗ് അടിച്ചു... ഹി...ഹ്ഹി..."

"പോടീ... എടി എനിക്ക് നല്ല ടെൻഷൻ തോന്നുന്നു... "

"എന്തിന്... മോളെ ഇന്ന് രാത്രി മുതൽ വർക്ക് തുടങ്ങിക്കോണം... അവൻ മൂക്കുംകുത്തി വീഴണം..."

"എന്തൊക്കെയാ ചെയുക... എനിക്ക് വയ്യ..."

"സിമ്പിൾ സംഭവമാണ്... നിന്റെ ഫിറ്റിംഗ്സ് എല്ലാം നല്ല രീതിയിൽ കാണിച്ചു കൊടുക്കുക... വേറെ ഒന്നുമില്ല..."

"അയ്യേ... വരുൺ എന്ത് വിചാരിക്കും..."

"എന്ത് വിചാരിക്കാൻ... നിന്റെ കണവൻ അല്ലേ..."

"എന്നാലും... എനിച് നാണം വരുന്നെടി..." അനു നഖം കടിച്ചു, കാല് വിരൽ കൊണ്ട് ഒരു കളവും അങ്ങ് വരച്ചു...

"ആ പഷ്ട്... ഒരു നാണക്കാരി... ഞാൻ വെക്കുവാ... നിനക്ക് വേണേ ചെയ്യ്..."

"പോകല്ലെടി... ഞാൻ ചെയ്യാം..."

"ചെയ്താൽ നിനക്ക് കൊള്ളാം... അല്ലേ കെട്ടിയോനെ വല്ല കിളികളും റാഞ്ചിക്കൊണ്ട് പോകും..."

"അയ്യോ... വേണ്ട... ഞാൻ എന്തും ചെയ്തോളാം..."

"ഡീ പെണ്ണേ... ആവേശം മൂത്ത് തുണി ഇല്ലാണ്ട് അവന്റെ മുന്നിൽ ഒന്നും പോയി നിന്നേക്കരുത്... പയ്യെ പയ്യെ വേണം എല്ലാം..."

"അയ്യേ... വൃത്തികെട്ട ജന്തു... അസത്ത് വർത്തമാനമേ നാവിൽ വരുള്ളൂ..."

"ഓഹ്... ഒരു ഡീസന്റ് ആള്... ഞാൻ പോണ്... ബൈ ബൈ..."

"ബൈ ഡി... ഗുഡ് നൈറ്റ്..."

"ഗുഡ് നൈറ്റ്... "

അനു ഫോൺ കട്ടാക്കി വരുൺ വരുന്നത് വരെ റൂമിൽ കാത്ത് നിന്നു...

അവൻ റൂമിൽ കയറിയതും ഫോൺ എടുത്ത് കുത്തികൊണ്ട് കട്ടിലിൽ കയറി കിടന്നു...

വരുണിനെ കണ്ടതും അനുവിന്റെ ഹൃദയം റോക്കറ്റ് പോലെ കുതിക്കാൻ തുടങ്ങി...

എങ്ങനെയൊക്കെയോ മനസ്സിൽ ധൈര്യം സംഭരിച്ചു നാണം അടക്കി അനു കതക് അടച്ചു കുറ്റിയിട്ടു...

അവൾ അലമാര തുറന്ന് ഒരു നൈറ്റി എടുത്ത്, ടവലുമായി ബാത്റൂമിലേക്ക് കയറി...

ബാത്റൂമിൽ കയറി കതക് അടച്ചിട്ടു അവൾ കിതക്കാൻ തുടങ്ങി...

ബാത്റൂമിലെ കണ്ണാടിയിൽ തന്റെ പ്രതിബിംബം നോക്കിയവൾ നിന്നു...

അത് നോക്കി നിന്നപ്പോൾ അവൾക്ക് വീണ്ടും നാണം വന്ന് മുഖം പൊത്തി...

കുറച്ച് കഴിഞ്ഞ് മുഖത്ത് നിന്ന് കൈ മാറ്റി തന്റെ പ്രതിബിംബത്തിനോട് അവൾ പറഞ്ഞു-

"അനു... യു ക്യാൻ ഡൂ ഇറ്റ്... നിന്റെ വരുണിനെ കിട്ടാൻ അവന്റെ സ്നേഹത്തിനായി എന്തും നീ ചെയ്യും..."

അവൾ വീണ്ടും ആഞ്ഞൊരു ശ്വാസം പുറത്തേക്ക് വിട്ടു കൊണ്ട് ഡ്രെസ്സ് മാറ്റി ഷവറിന്റെ അടിയിൽ നിന്നു...

തണുത്ത വെള്ളം ചൂട് പിടിച്ച ശരീരത്തെയും ചിന്തകളേയും അത് തണുപ്പിച്ചു...

മനസ്സ് ഒന്ന് തണുത്തപ്പോൾ എന്ത് ചെയ്യാം എന്ന് ചെറിയ ഒരു ഐഡിയ അവൾക്ക് കിട്ടി...

കുളി കഴിഞ്ഞ്  ഇടാൻ എടുത്ത നൈറ്റി അവൾ എടുത്ത് വെള്ളത്തിൽ ഇട്ടു...

തല കെട്ടി ദേഹം തുടച് ടവൽ എടുത്ത് ഉടുത്തു... അത് മാറിടത്തിന് തൊട്ട് മുകൾ മുതൽ കാൽ മുട്ടിന് മുകളിൽ വരെ എത്തുന്നുണ്ടായിരുന്നുള്ളു...

വീണ്ടും അവളുടെ നെഞ്ച് ഇരട്ടി വേഗത്തിൽ മിടിക്കാൻ തുടങ്ങി...

ബാത്റൂം ഡോർ പതിയെ തുറന്ന് തല വെളിയിൽ ഇട്ട് നോക്കി... വരുൺ ഫോണിൽ കുത്തി കിടപ്പുണ്ട്...

അവനെ കണ്ടതും അവൾക്ക് വീണ്ടും നാണം കൂടി... ബാത്റൂം ഡോർ അടച്ചു അതിൽ ചാരി നിന്ന് ശ്വാസമെടുത്തു...

അവന്റെ ശ്രദ്ധ ആകർഷിക്കാൻ എന്ത് വേണം എന്നായിരുന്നു അടുത്ത ചിന്ത...

വീണ്ടും ഒരു ദീർഘ ശ്വാസം എടുത്ത് അവൾ കതക് തുറന്നു...

കതക് തുറന്നതും അതിനൊപ്പം അവൾ ഒന്ന് ചുമച്ചു...

ശബ്ദം കെട്ട് വരുൺ ഫോണിൽ നിന്ന് മുഖം ഉയർത്തി നോക്കി...

അനുവിന്റെ ഈറൻ അണിഞ്ഞുള്ള നിൽപ്പ് കണ്ടതും അവന്റെ തൊണ്ട വറ്റിപ്പോയി...

കണ്ണിമ ചിമ്മാതെ അവൻ അവളെ തന്നെ നോക്കി നിന്ന് പോയി...

വരുണിന്റെ നോട്ടം കൂടി കണ്ട് അനുവും പകച്ചു നിന്ന് പോയി... നാണം കൊണ്ട് അവൾ പോലും അറിയാതെ അവളുടെ മുഖം താഴ്ന്നു പോയി...

കുറച്ച് സമയം കഴിഞ്ഞാണ് രണ്ട് പേർക്കും ബോധം വന്നത്...

വരുൺ പെട്ടന്ന് നോട്ടം പിൻവലിച്ചു... അവൻ സമച്ചിത്തത വീണ്ട് എടുത്ത് മുരടനക്കിക്കൊണ്ട് ചോദിച്ചു-

"എന്താ..."

എന്താ എന്ന ആ ചോദ്യത്തിൽ അവൻ എന്താ ഉദ്ദേശിച്ചത് എന്ന് അനുവിന് മനസ്സിലായില്ല... എങ്കിലും തന്റെ വസ്ത്രത്തെ പറ്റി ആകും എന്ന് അവൾ ഊഹിച്ചു...

അനു മുഖം അല്പം ഉയർത്തി അവനെ ഒന്ന് നോക്കി അലമാരയുടെ അടുത്തേക്ക് നടന്നു കൊണ്ട് പറഞ്ഞു-

"ഇടാൻ എടുത്ത നൈറ്റി വെള്ളത്തിൽ വീണ് നനഞ്ഞു... "

വരുൺ അവളെ നോക്കാതിരിക്കാൻ പരമാവധി ശ്രമിച്ചു കൊണ്ടിരുന്നു...

അനു അലമാരയുടെ ഡോർ തുറന്ന് കുനിഞ്ഞു ഏറ്റവും  തഴയുള്ള റാക്കിൽ ഡ്രെസ്സിനായി പരതികൊണ്ടിരുന്നു...

അവൾ കുനിഞ്ഞു നിന്നത് വരുണിന്റെ മുന്നിലും...

എത്ര നോക്കാതെ ഇരിക്കാൻ ശ്രമിച്ചിട്ടും അവൻ അവളെ തന്നെ നോക്കി നിന്ന് പോയി...

കുനിഞ്ഞു നിന്നപ്പോൾ അവളുടെ വിടർന്ന അരക്കെട്ടും നഗ്നമായ  സുവർണ്ണ നിറത്തിലുള്ള അവളുടെ തുടകളും,  അവളുടെ നിറത്തിന് സമമായ ചെറിയ സ്വർണ പാതസ്വരങ്ങൾ കിടക്കുന്ന കാലുകളും അവനെ കോരിത്തരിപ്പിച്ചു...

കുറച്ച് സമയം അവിടെ തപ്പി വേണ്ടത് കിട്ടിയില്ല എന്നത് പോലെ അനു കപ്പ്ബോർഡിലും താഴത്തെ റാക്കിൽ തിരച്ചിൽ തുടങ്ങി...

അപ്പോൾ അവൾ വരുണിന് നേരെയായി ആയിരുന്നു കുനിഞ്ഞു നിന്നിരുന്നത്...

ടവലിൽ പൊതിഞ്ഞ അനുവിന്റെ താമരമൊട്ടുകൾ അവന്റെ മുന്നിൽ അനാവൃതമായി...

കണ്ണ് തള്ളിപ്പോയിരുന്നു അവന്റെ... വരുണിന്റെയുള്ളിൽ വികാരത്തിന്റെ വേലിയേറ്റം തന്നെ സൃഷ്ടിക്കപ്പെട്ടു...

അനു ഒന്നും അറിയാത്ത പോലെ അവനെ നോക്കാതെ ഡ്രെസ്സ് എടുത്ത് ബാത്റൂമിലേക്ക് കയറി...

കതക് അടക്കാൻ തുടങ്ങിയപ്പോൾ അവൾ ഒളിക്കണ്ണിട്ട് കതകിന്റെ ഇടയിലൂടെ ഒരുവട്ടം അവനെ നോക്കി...

പ്രതിമ പോലെ അനക്കമില്ലാതെ വരുൺ കിടക്കുന്നത് ആണ് അവൾ കണ്ടത്...

അത് കണ്ട് നാക്ക് കടിച്ചു കൊണ്ട് അവൾ കതകടച്ചു ചാരി നിന്ന് ചിരിച്ചു...

മനസ്സിൽ ഒരുപാട് സന്തോഷത്തോടെയും ഒരല്പം നാണത്തോടെയും തന്റെ കണ്ണാടിയിലെ പ്രതിബിംബത്തിൽ നോക്കി അവൾ കുസൃതി നിറഞ്ഞ പുഞ്ചിരി തൂകി പറഞ്ഞു -

"ച്ചി... പോടീ... കള്ളി... എന്തൊക്കെയാ കാട്ടിക്കൂട്ടിയത്... "

അനു ഒരു സ്ലീവ്ലെസ്സ് നൈറ്റി എടുത്തിട്ട് പുറത്തേക് ഇറങ്ങി...

വരുൺ അപ്പോളും അനക്കം ഇല്ലാതെ കിടക്കുന്നുണ്ടായിരുന്നു...

അനു താഴെ വിരിച്ച്, അവനെ തന്നെ നോക്കി കിടന്നു...

കുറച്ച് കഴിഞ്ഞ് വരുൺ ചരിഞ്ഞു കിടന്ന് അവളെ ഒന്ന് നോക്കി... അവൾ അവനെയാണ് നോക്കുന്നത് എന്ന് മനസ്സിലാക്കിയതും നോട്ടം മാറ്റി നേരെ കിടന്നു...

അനുവിന്റെ മനസ്സിലേക്ക് അവളെ കണ്ടപ്പോൾ വരുണിന് ഇന്നുണ്ടായ ഓരോ ഭാവവും അവന്റെ നോട്ടവുമൊക്കെ ഓടിയെത്തി...

അങ്ങനെ ആലോചിച്ചും സ്വപ്നം കണ്ടും കിടന്ന് എപ്പോളോ അവൾ ഉറങ്ങി...

പിറ്റേന്ന് രാവിലെ തന്നെ അവൾ എഴുന്നേറ്റ് ഫ്രഷ് ആയി അമ്മയെ സഹായിക്കാൻ അടുക്കളയിൽ വന്നു...

അടുക്കള ജോലി ഒതുക്കി റൂമിൽ വന്നപ്പോൾ വരുൺ കുളിക്കാൻ പോയിരുന്നു...

അവൻ കുളിച്ചിട്ട് ഇറങ്ങുമ്പോൾ ഒന്നുടെ ഞെട്ടിക്കാൻ അവൾ തീരുമാനിച്ചു...

അനു വേഗം കതക് ലോക്ക് ചെയ്ത് നൈറ്റി മാറി ഒരു നീല അടിപ്പാവാടയും ഇളം നീല ബ്ലൗസും എടുത്തിട്ട് അതിന്റെ മാച്ചിങ് ആയുള്ള ഇളം നീലയിൽ കടും നീല പുള്ളിയുള്ള സാരി എടുത്ത് അടുത്ത് വച്ച് അവൻ കുളിച്ചിട്ട് ഇറങ്ങുന്നതിനായി കാത്തിരുന്നു...

വരുൺ ബാത്റൂമിൽ നിന്നും ഇറങ്ങാൻ കതക് തുറന്ന ശബ്ദം കേട്ടതും അനു സാരി ഉടുക്കാൻ ശ്രമിക്കുന്നു എന്ന പോലെ സാരി എടുത്ത് കൈയിൽ പിടിച്ചു...

ബാത്റൂമിൽ നിന്ന് ഇറങ്ങിയ വരുൺ സാരി വിടർത്താൻ തുടങ്ങുന്ന അനുവിനെ ആണ് കണ്ടത്...

അവന്റെ നേരെ തിരിഞ്ഞ് നിന്ന അനുവിന്റ മാറിടത്തിലേക്ക് ആണ് വരുണിന്റെ കണ്ണുകൾ ആദ്യം പോയത്...

മാറിടത്തിൽ നിന്നും ആ നോട്ടം തെന്നി മാറി, നഗ്നമായ അണി വയറിൽ എത്തി നിന്നു...

അവന്റെ നോട്ടം അവളുടെ ഇടുപ്പിന്റെ ഭംഗിയും, അഴമുള്ള പൊക്കിൾ ചുഴിയും അതിന് താഴെയായി നിര പോലെ പോകുന്ന ചെമ്പൻ രോമരാജിയിലേക്കും മറ്റും പോയി...

ഭംഗിയുള്ള ഒരു സ്ത്രീ ശില്പം പോലെ അംഗലാവണ്യം അവനെ മത്തു പിടിപ്പിക്കാൻ തുടങ്ങി... അവന്റെ ഹൃദയ താളം ഉയർന്നു... ശ്വാസോച്ഛ്വാസം വേഗത്തിലായി...

പെട്ടന്ന് എന്തോ ഓർത്തെന്ന പോലെ തല കുടഞ്ഞു അവൻ തിരികെ ബാത്റൂമിലേക്ക് കയറി...

ഇനിയും അവളെ അങ്ങനെ കണ്ട് കൊണ്ട് വികാരങ്ങൾ അടക്കി നിർത്തുക എന്നത് അവനെ സംബന്ധിച്ച് അസാധ്യമായിരുന്നു...

അവൾ സാരി ഉടുക്കുന്നത് വരെ വരുൺ ബാത്റൂമിൽ കാത്തിരുന്നു...

വരുൺ ബാത്റൂമിൽ കയറിയതും അനു ശ്വാസം വിട്ടു... വരുൺ ഇറങ്ങിയത് ശ്രദ്ധിക്കാത്ത പോലെ അഭിനയിച്ച് സാരീ ഉടുക്കാൻ നോക്കുകയായിരുന്നു അവൾ...

വരുണിന്റെ നിപ്പും നോട്ടവും ഭാവവും എല്ലാം അവൾ കണ്ടിരുന്നു...

അവളുടെ പ്ലാൻ വർക്ഔട് ആയ സന്തോഷത്തിൽ അവൾ വേഗം സാരീ ഉടുത്ത് കണ്ണാടിയുടെ മുന്നിൽ നിന്ന് ഒരുങ്ങി പൊട്ടു തൊട്ട് സിന്ധുരവും ചാർത്തി...

വരുൺ ബാത്റൂമിന്റെ വാതിൽ അല്പം തുറന്ന് പുറത്തേക്ക് എത്തി നോക്കി...

അനു കണ്ണാടിയുടെ മുന്നിൽ നിന്ന് കണ്ണെഴുതുന്നത് കണ്ട് അവൻ പുറത്തേക്ക് വന്നു...

അവൾ ഒരുങ്ങി അവനെ ഒന്ന് നോക്കി പുഞ്ചിരിച്ചിട്ട് റൂമിന് പുറത്തേക്ക് പോയി...

ബ്രേക്ഫാസ്റ്റ് കഴിഞ്ഞ് അവർ ഓഫീസിലേക്ക് പുറപ്പെട്ടു... അങ്ങോട്ടേക്കുള്ള വഴിയിൽ വരുൺ അവളുടെ മുഖത്ത് പോലും നോക്കിയില്ല...

സംസാരിക്കാൻ പല വിഷയങ്ങൾ അനു എടുത്തിട്ടു എങ്കിലും അവളെ ഒന്ന് നോക്കുക പോലും ചെയ്യാതെ ചെറിയ മൂളലുകളിൽ പ്രതികരണം ഒതുക്കി... അവൾക്കത് വിഷമം ഉണ്ടാക്കി താനും...

ഓഫീസിൽ എത്തി അനു ഷാനയെ കാത്ത് ക്യാബിനിൽ ഇരുന്നു...

വരുണിന് തന്നെ ഇഷ്ടം അല്ലാത്തത് കൊണ്ട് താൻ ചെയ്തത് അവനെ ദേഷ്യം പിടിപ്പിച്ചു എന്നാണ് അനു ചിന്തിച്ചിരുന്നത്...

എല്ലാം കേട്ടിട്ട് ഷാനയുടെ അഭിപ്രായം എന്താണ് എന്ന് കൂടെ അറിഞ്ഞു ഇനി ഇത് തുടരണോ എന്ന തീരുമാനത്തിൽ എത്താം എന്നവൾ ഉറപ്പിച്ചു..

കുറച്ച് സമയത്തെ കാത്തിരിപ്പിന് ഒടുവിൽ ഷാന ഓഫീസിൽ എത്തിച്ചേർന്നു...

അവൾ വിശേഷങ്ങൾ അറിയാൻ നേരെ അനുവിന്റെ ക്യാബിനിൽ എത്തി...

അനുവിന്റെ മുഖത്തെ പരിഭ്രമവും ടെൻഷനും കണ്ടപ്പോൾ തന്നെ എന്തോ കുഴപ്പം ഉണ്ടെന്ന് അവൾക്ക് മനസ്സിലായി...

"എന്താടി... ഒരുമാതിരി ഇഞ്ചി കടിച്ച കുരങ്ങിന്റെ പോലെ ഇരിക്കുന്നത്..."

"വാടി... പറയാം..."

അനു തലേന്ന് നടന്നത്, വരുണിന്റെ ഭവങ്ങൾ പ്രതികരണം മുതൽ കാറിൽ ഓഫീസിലേക്ക് വരുമ്പോൾ ഉണ്ടായ സംഭവം വരെ അണുവിട തെറ്റാതെ വിവരിച്ചു കൊടുത്തു...

എല്ലാം കെട്ട് ഷാന മൂക്കത്ത് വിരൽ വച്ചു കളിയാക്കികൊണ്ടുള്ള പുഞ്ചരി തൂകി...

"എടി ഭയങ്കരി... നീ കുളം ആക്കുമെന്നാണ് ഞാൻ കരുതിയത്... പക്ഷെ എന്നെ ഞെട്ടിച്ചു കളഞ്ഞു നീ... ആലോചിക്കുമ്പോൾ എനിക്ക് തന്നെ നാണം വരുന്നല്ലോടി..."

അത് കേട്ടതും അനു നാണം കൊണ്ട് ചുവന്ന് തുടുത്തു...

"പോടീ... നിന്റെ വാക്ക് കെട്ട് ഓരോന്ന് കാട്ടിക്കൂട്ടിയിട്ട് ആ എന്നെ നീ തന്നെ കളിയാക്കുന്നോ... മിണ്ടില്ല ഞാൻ..."

"അയ്യോ... അപ്പോളേക്കും പിണങ്ങിയോ 😁🤣..."

"ചിരിച്ചോണ്ടിരിക്കാതെ ഞാൻ എന്ത് വേണം എന്ന് പറ... വരുണിന് ഒന്നും ഇഷ്ടം ആയില്ല എന്ന തോന്നുന്നത്..."

"എടി മണ്ടി... സംഭവം നന്നായി ഏറ്റിട്ടുണ്ട്... "

"എന്ത്... നിനക്ക് അതെങ്ങനെ അറിയാം..."

"ഈ പൊട്ടിക്കാളി... ശരിക്കും വരുണിന് നിന്നോട് ദേഷ്യമല്ലേ... അല്ല എങ്കിൽ നിന്നോട് സ്നേഹമില്ല..."

അത് കെട്ട് അനുവിന്റെ മുഖം വാടി... സത്യം അതാണ് എങ്കിലും ഒരാൾ പറഞ്ഞു കേൾക്കുമ്പോൾ നെഞ്ചിൽ ആണി തറക്കുന്ന വേദയാണ് അവൾക്ക് ഉണ്ടായത്...

"അതെ..." ഇടറുന്ന ശബ്ദത്തിൽ അനു മറുപടി കൊടുത്തു...

"ആ... അപ്പോൾ ആണ് നീ അവനെ വശീകരിക്കാൻ നോക്കിയത്... അതാണെങ്കിൽ നന്നായി വർക്ക് ആയി... ഇല്ലേ..."

"ആയി എന്ന് തോന്നുന്നു..."

"സ്വാഭാവികം ആയും നിന്നോട് പിണക്കം ഉള്ളത് കൊണ്ട് അവൻ അതിനെ എതിർക്കാൻ നോക്കും..."

"മ്മ്..."

"അപ്പോൾ നീയുമായി ഇത്തിരി അകലം പാലിക്കാൻ ശ്രമിക്കും... അല്ലെങ്കിൽ പെട്ടന്ന് നിന്റെ മുന്നിൽ മൂക്കും കുത്തി വീണാൽ നാണക്കേട് അല്ലേ..."

"ആണോ..."

"അതെ... ഇത്രയും ആറ്റിട്യൂട് ഇട്ടിട്ട് പെണ്ണുപിള്ള തുണി അഴിച്ചു കാണിച്ചാൽ വാലും പൊക്കി പിന്നാലെ പോയാൽ എന്ത് വിലയണ് ഉള്ളത്..."

"അയ്യേ... ഞാൻ തുണി അഴിച്ചു കാണിച്ചോന്നുമില്ല... പോടീ..."

"അതിനല്ലല്ലോ ഇവിടെ പ്രസക്തി... വില പോകുമോ ഇല്ലയോ എന്നതിനല്ലേ..."

"പോകും... അല്ലേ..."

"അതെ... അപ്പോൾ അവൻ മാക്സിമം കണ്ട്രോൾ ചെയ്യും... നീ അപ്പോൾ എന്ത് ചെയ്യണം..."

"എന്ത് ചെയ്യണം..."

"ഇത് തന്നെ തുടരണം... കുറെ ആകുമ്പോൾ അവന് പിടിച്ചു നിൽക്കാൻ ആകില്ല..."

"ആണല്ലേ..."

"ആണല്ല പെണ്ണ്...പടച്ചോനെ ഈ ബുദ്ദൂസിന്റെ തലയിൽ വല്ലോം കയറണേൽ എന്തോരം പാട് പെടണം..."

"പോടീ... "

"ആ ഞാൻ പോണ്... എനിക്കെ വേറെ പണിയുണ്ട്... മോള് ഇവിടെ ഇരുന്ന് ആലോചിക്ക്..."

"നിന്നേടി... ഇത്രയും ചെയ്ത പാട് എനിക്ക് അറിയാം... ഇനി എന്താ ചെയ്യണ്ടത്..."

"ഇതേ പോലെയൊക്കെ തന്നെ ചെറുതായി ചെറുതായി അവനെ കാണിച്ചു കൊതിപ്പിക്കണം... പിന്നെ ഇനി മുതൽ പറ്റുമ്പോൾ എല്ലാം അവനെ ചെറുതായി തലോടണം, തഴുകണം...

നിന്റെ സ്നേഹം അങ്ങനെ ഒക്കെ അറിയിക്കു... എന്തേലും സംസാരിക്കുമ്പോൾ കയ്യിൽ പിടിക്കണം... തമാശ പറഞ്ഞ് ചെറുതായി അടിക്കുക... അങ്ങനെ അങ്ങനെ... "

"താങ്ക്സ് ഡീ..."

"എന്നാൽ ഞാൻ പോട്ടേടി... ജോലി കുറെയുണ്ട്..."

ഷാന അതും പറഞ്ഞു അനുവിന്റെ ക്യാബിനിൽ നിന്നും പുറത്തേക്ക് പോയി...

അനുവിന് വീണ്ടും സന്തോഷം തോന്നി... തന്റെ പ്രയത്നം പതിയെ ആണെങ്കിലും ഫലം കാണുന്നു എന്നത് അവൾക് പുതിയ ആത്മവിശ്വാസമാണ് നൽകിയത്...

വൈകിട്ട് ഓഫീസിൽ നിന്നും തിരികെ ഉള്ള വഴിയിൽ അനു വരുണിനോട് ജോലി സ്ഥലത്തെ വിശേഷങ്ങളും മറ്റും തിരക്കി... അവളുടെ വിശേഷങ്ങൾ പറഞ്ഞു...

അവളുടെ ഈ പെരുമാറ്റം അവനെയും തെല്ലൊന്ന് അതിശയപ്പെടുത്താതെ ഇരുന്നില്ല...

ചില കാര്യങ്ങളും തമാശയും മറ്റും പറയുമ്പോൾ അവൾ അവന്റെ തോളിൽ ചെറുതായി അടിക്കുന്നു ...

വിഷമം ഉള്ളത് പറയുമ്പോൾ കയ്യിൽ പിടിക്കുന്നു... ഇടക്ക് കയ്യിൽ തലോടുന്നു തഴുകുന്നു...

"ഇവൾക്ക് ഇതെന്ത് പറ്റി " എന്ന് ആലോചിച്ച് വരുൺ എതിർപ്പ് കാണിക്കാതെ അവളോട് തിരികെയും മിതമായി സംസാരിച്ചു കൊണ്ടിരുന്നു...

അനുവിന്റെ മനസ്സിൽ അതെ സമയം സന്തോഷമായിരുന്നു... അതൊക്കെ അവൾക് അവനോട് കൂടുതൽ ഇട പഴകാനുള്ള ആത്മവിശ്വാസം കൂടിയാണ് നൽകിയത്...

ദിവസങ്ങൾ അങ്ങനെ കൊഴിഞ്ഞു പൊക്കോണ്ടിരുന്നു...

ഷാന പറഞ്ഞ് കൊടുത്ത ഐഡിയ പ്രകാരം അനു വരുണിനെ വശികരിക്കാൻ ഉള്ള ശ്രമങ്ങൾ തുടർന്ന് കൊണ്ടേ ഇരുന്നു...

ചെറിയ ചെറിയ ശരീര പ്രദർശനവും തഴുകലും തലോടലും എല്ലാം അവൾ ചെയ്ത് കൊണ്ടിരുന്നു...

ഒപ്പം അവനെ സ്നേഹിക്കാനും... അവന്റെ എല്ലാ കാര്യങ്ങളും അറിഞ്ഞു കണ്ട് ചെയ്യുന്നതും അവൾ ശീലമാക്കി...

അവനും അവളോട് ദേഷ്യപ്പെടുന്നത് പൂർണമായും ഒഴിവാക്കിയിരുന്നു... എങ്കിലും എന്തൊക്കയോ അകൽച്ച അവരുടെ ഇടയിൽ നില നിന്നിരുന്നു...

എന്നെങ്കിലും തങ്ങളുടെ ഇടയിലെ എല്ലാ മതിലും പൊളിഞ്ഞു വീണ്, വരുൺ തന്നിലേക്ക് വന്ന് ചേരുമെന്ന് അനുവിന് പ്രതീക്ഷ ഉണ്ടായിരുന്നു...

അങ്ങനെ ഇരിക്കെ വരുണിന് ബാംഗ്ലൂരിൽ പോകേണ്ടി വന്നു...

പോകേണ്ട ദിവസം ഓഫീസിൽ നിന്നും ഡയറക്റ്റ് ബാംഗ്ലൂരിലേക്ക് പോകാൻ ആയിരുന്നു തീരുമാനം....

അത് കൊണ്ട് രാവിലെ അനു ആണ് വണ്ടിയെടുത്തത്... വരുണിനെ ഓഫീസിൽ ഇറക്കി അവൾ ഓഫീസിലേക്ക് പോന്നു...

വൈകിട്ട് അനു വരുണിനെ വിളിച്ചു എങ്കിലും അവൻ ഫോൺ എടുത്തില്ല... അവൾ നേരെ വീട്ടിലേക്ക് പോന്നു...

അനു വീട്ടിൽ എത്തി ചായ കുടിച്ച് അമ്മയോടും അച്ഛനോടും കുറച്ച് സമയം സംസാരിച്ചു ക്ലിയോ മോളെ നടത്താനും കൊണ്ട് പോയി...

എല്ലാം കഴിഞ്ഞ് റൂമിലേക്ക് കയറി കുറച്ചു സമയം വിശ്രമിക്കാം എന്നവൾ കരുതി... വരുൺ ഇല്ലാത്തത് കൊണ്ട് എന്തോ ശൂന്യയത പോലെ അവൾക് തോന്നി...

കതക് ചാരിയിട്ട് അവൾ ഫ്രഷ് ആകാൻ ബാത്റൂമിൽ കയറി... തണുത്ത വെള്ളത്തിന്റെ അടിയിൽ നിന്നപ്പോൾ വരുണും ഒത്ത് മഴ നനയാൻ അവൾക് തോന്നി...

വരുണിനെ പറ്റിയുള്ള ചിന്ത അവളിൽ വീണ്ടും അവനെ മിസ്സ് ആകുന്ന ഫീൽ നിറച്ചു...

അവന്റെ സാമീപ്യത്തിനായി അനു കൊതിച്ചു... അപ്പോൾ ആണ് തലേന്ന് ഇട്ട ഷർട്ട് വരുൺ ടവൽ ഹാങ്കറിൽ ഇട്ടിരുന്നത് അവളുടെ കണ്ണിൽ പെട്ടത്...

അവൾ ആ ഷർട്ട് കയ്യിലെടുത്തു... അവളുടെ നെഞ്ചോടു ചേർത്തു വച്ച് ഷർട്ട് മണത്തു...

വരുണിന്റ വീയർപ്പിന്റെ ഗന്ധം ഷർട്ടിൽ നിന്നും അവളുടെ നാസികയിലേക്ക് തരിച്ചു കയറി... അവിടുന്ന് അത് അവളുടെ സിരകളിലേക്ക് ഒരു ലഹരി പോലെ ഒഴുകി...

ഇതേ സമയം ബാംഗ്ലൂർ യാത്ര ക്യാൻസൽ ആയത് കൊണ്ട് ഒരു ഫ്രണ്ടിന്റെ ലിഫ്റ്റ് വാങ്ങി വരുൺ വീട്ടിൽ എത്തിയിരുന്നു...

അവൻ ബാംഗ്ലൂരിലേക്ക് ഉള്ള യാത്ര ഒഴിവായത് അച്ഛനോടും അമ്മയോടും പറഞ്ഞു റൂമിലേക്ക് നടന്നു... കതക് ലോക്ക് ചെയ്യാത്തത് കൊണ്ട് നേരെ അകത്തേക്ക് കയറി...

അനു ബാത്റൂമിൽ ഉണ്ടെന്ന് അവന് മനസ്സിലായിരുന്നു... വരുൺ അവൾ ഇറങ്ങിയിട്ട് ഫ്രഷ് ആകാം എന്ന് കരുതി മുഷിഞ്ഞ വസ്ത്രം മാറി ഒരു ടവൽ എടുത്ത് ഉടുത്തു... എന്നാൽ അനു ഇതൊന്നും അറിഞ്ഞില്ല...

ഇതേ സമയം ബാത്റൂമിൽ അനുവിന് ഒരു കൗതുകം തോന്നി... വരുണിന്റെ ഷർട്ട് ഇട്ട് കിടക്കണം എന്ന്...

അവൾ ഷർട്ട് തിരികെ ഹാങ്കറിൽ ഇട്ട്, ദേഹം തുവർത്തി അവന്റെ ഷർട്ട് എടുത്തിട്ട് കണ്ണാടിയിൽ നോക്കി...

ഒരു വൈറ്റ് ഷർട്ട് ആയിരുന്നു അത്... അവൾക്ക് അല്പം വലുതായിരുന്നു... നിതംബത്തിന് തൊട്ട് താഴെ വരെ മാത്രം നീളം...

അവൾ നേരെയും തിരിഞ്ഞുമെല്ലാം കണ്ണാടിൽ നോക്കി തന്റെ സൗന്ദര്യം ആസ്വദിച്ചു... ഷർട്ട് അല്പം ഉയർത്തി വീണ്ടും അവൾ അതിന്റെ ഗന്ധം ആസ്വദിച്ചു...

"എന്റെ കള്ളൻ കെട്ടിപ്പിച്ചത് പോലെ തോന്നുന്നെടാ... എന്നെ ഈ കള്ളൻ ഇങ്ങനെ കണ്ടാൽ എന്ത് ചെയ്യും... അയ്യേ നാണം വരുന്നെടാ 🙈..." അവൾ തന്റെ പ്രതിബിംബം നോക്കി നാണത്തോടെ പറഞ്ഞു...

ഈറനായ മുടി ഇഴകൾ മുന്നിലേക്കിട്ട് തുവർത്തിക്കൊണ്ട് അവൾ കതക് തുറന്ന് പുറത്തേക്കിറങ്ങി...

വരുൺ വരും എന്ന് പ്രതീക്ഷ ഇല്ലാത്തത് കൊണ്ട് മറ്റോ കട്ടിലിൽ ഇരുന്ന വരുണിനെ അവൾ ശ്രദ്ധിച്ചില്ല...

പക്ഷെ വരുൺ അവളെ കണ്ടിരുന്നു... ഒരു ഷർട്ട് മാത്രമിട്ട് നിന്ന അനുവിനെ കണ്ട് വരുൺ നടുങ്ങിപ്പോയിരുന്നു...

ഒറ്റ നോട്ടത്തിൽ അവൾ ഇട്ടിരുന്നത് അവന്റെ ഷർട്ട് ആണെന്ന് അവന് മനസ്സിലായിരുന്നു...

അവളുടെ മേനിയഴകിൽ അവൻ ലയിച്ചു പോയിരുന്നു... അവന്റെ തൊണ്ടയും ചുണ്ടുകളും വരണ്ട് ഒരിറ്റ് വെള്ളത്തിനായി കൊതിച്ചു... ആ ഒരു മാത്രയിൽ മുന്നിൽ നിന്ന അനുവിന്റെ രൂപം അല്ലാതെ മറ്റൊന്നും അവന്റെ മനസ്സിലേക്ക് വന്നില്ല...

നേരെ പോയി റൂമിന്റെ ഡോർ ലോക്ക് ചെയ്ത് ടവൽ എടുത്ത് സ്റ്റാൻഡിൽ വിരിച്ചിടാൻ തിരിഞ്ഞപ്പോൾ ആണ് വരുണ് അവിടെ ഇരിക്കുന്നത് അവൾ ശ്രദ്ധിച്ചത്...

പെട്ടന്ന് തീരെ പ്രതീക്ഷിക്കാതെ വരുണിനെ കണ്ടപ്പോൾ ആദ്യം നടുങ്ങിപ്പോയി എങ്കിലും അവൾക്ക് സന്തോഷം തോന്നി... ആദ്യമുണ്ടായ ഞെട്ടൽ പെട്ടന്നൊരു പുഞ്ചിരിയായി മാറിയിരുന്നു...

പക്ഷെ വരുൺ അവളെ തന്നെ കണ്ണിമ തെറ്റാതെ അന്താളിച്ചു നോക്കിയിരിക്കുന്നത് കണ്ടപ്പോൾ അവളുടെ കണ്ണ് തന്റെ ശരിരത്തിലേക്ക് പോയി... അപ്പോളാണ് താൻ ഒരു ഷർട്ട് മാത്രമേ ഇട്ടിട്ടുള്ളു എന്ന ബോധം അവൾക്ക് വന്നത്, അതും അവന്റെ ഷർട്ട്...

അത് ഓർമ വന്നതും അവൾളുടെ പുഞ്ചിരി മാറി കണ്ണ് രണ്ടും വിടർന്ന് ഒരു അങ്കലാപ്പിലേക്ക് മാറി... നാണം കൊണ്ട് അവളുടെ മുഖം താഴ്ന്നു...

എന്ത് ചെയ്യണം എന്ന് അവൾക്ക് ഊഹം ഉണ്ടായിരുന്നില്ല... നിന്നിടത്ത് നിന്ന് അനങ്ങാൻ പോലും അവൾക്ക് ആകുന്നുണ്ടായിരുന്നില്ല...

അനു വരുണിനെ മുഖം അല്പം ഉയർത്തി നോക്കി... അവനും ഒരു ടവൽ മാത്രം ഉണ്ടുത്തായിരുന്നു നിന്നത്...

രോമാവൃതമായ അവന്റെ നെഞ്ചിൽ മുഖം പൂഴ്ത്തി നിൽക്കാൻ ആണ് അവൾക്ക് തോന്നിയത്... ആ മുഖത്തേക്ക് നോക്കാനുള്ള ശക്തി അവൾക്ക് ഇല്ലായിരുന്നു...

രണ്ട് പേരും കുറച്ച് സമയം അനങ്ങാതെ നിന്ന് പോയി...

വരുൺ പെട്ടന്ന് മുരടനക്കി ശബ്ദമുണ്ടാക്കിയപ്പോളാണ് അനുവിന് ബോധം വന്നത്...

അവൾ ഡ്രെസ്സ് എടുക്കാൻ അലമാരയുടെ നേരെ തിരിഞ്ഞ് നടക്കാൻ തുടങ്ങി...

പക്ഷെ തീരെ പ്രതീക്ഷിക്കാതെ നിലത്ത് കിടന്നിരുന്ന വെള്ളത്തിൽ ചവിട്ടി മുന്നോട്ട് വേച്ച് വീണ് പോയി...

കട്ടിലിൽ ഇരുന്നിരുന്ന വരുൺ അനു വീഴാതെ ഇരിക്കാനായി കൈ രണ്ടും ഉയർത്തി അവളെ താങ്ങിയെങ്കിലും അവൾ അവന്റെ ദേഹത്തേക്ക് വീണ് പോയിരുന്നു...

ആ ആഘാതത്തിൽ വരുൺ പിന്നിലേക്ക് മലർന്നു  കട്ടിലേക്ക് വീണ് പോയി... അവന്റെ മുകളിലായി അനുവും...

അവർ രണ്ട് പേരും മുഖത്തോട് മുഖം നോക്കി കുറച്ച് നേരം വീണ പൊസിഷനിൽ തന്നെ കിടന്നു...

അവരുടെ ഹൃദയമിഡിപ്പും ശ്വാസോച്ഛ്വാസത്തിന്റെ വേഗതയും വർദ്ധിച്ചു വരുന്നത് അവർ പരസ്പരം മനസ്സിലാക്കി...

അനു വരുണിന്റെ കണ്ണുകളിലേക്കും അവൻ അവളുടെ കണ്ണുകളിലേക്കും ഇമ വെട്ടാതെ നോക്കിക്കിടന്നു...

എന്തിനോ വേണ്ടി അവളുടെ അധരങ്ങൾ വിറച്ചു... ഉമ്മിനീർ ഇറക്കി വരുണ്ടുപോയ തൊണ്ട രണ്ട് പേരും നനച്ചു...

അനു പെട്ടന്ന് ഉണ്ടായ ധൈര്യത്തിൽ അവന്റെ നെഞ്ചിലേക്ക് മുഖം പൂഴ്ത്തി പറ്റിച്ചേർന്നു കെട്ടിപ്പിടിച്ചു കിടന്നു...

അവളുടെ കണ്ണിൽ നിന്നും ഒരിറ്റ് കണ്ണ് നീർ പൊഴിഞ്ഞു അവന്റെ നെഞ്ചിലേക്ക് വീണിരുന്നു...

അല്പ നേരം അങ്ങനെ കിടന്നപ്പോൾ അവളുടെ പുറത്തൂടെ രണ്ട് കൈകൾ അവളെ അവനിലേക്ക് അമർത്തി...

അവളുടെ കഴുത്തിലേക്ക് ചുട് നിശ്വാസമേറ്റു... അനുവിന്റെ കഴുത്തിലേക്ക് വരുണിന്റെ മുഖം പുഴുന്നിറങ്ങി...

അടിവയറ്റിൽ ഒരു കൊല്ലിയാന് മിന്നിയത് പോലെ തോന്നി അവൾക്ക്...

വരുണിന്റെ കൈകൾ അവളുടെ തുടകളും നിതംബങ്ങളും തഴുകി, ഷർട്ടിനുള്ളിലൂടെ അവളുടെ നഗ്നമായ പുറത്ത് എന്തിനെയോ തേടുന്നത് പോലെ തരിച്ചു നടന്നു...

അവൾ അവന്റെ സ്പർശന സുഖത്തിൽ ലയിച്ചു ആ നെഞ്ചിൽ ചുണ്ടുകൾ കടിച്ച് മുഖം അമർത്തിക്കിടന്നു...

അനുവിന്റെ കഴുത്തിൽ പുഴ്ത്തിയ മുഖം ഉരസി, അല്പം ഉയർത്തി അവൻ അവളുടെ കാതുകളിൽ മെല്ലെ കടിച്ചു...

"സ്സ്...." മുളക് കടിക്കുമ്പോൾ എരിയുന്ന പോലെ ഒരു ശബ്ദം അനുവിൽ നിന്നു പുറത്തേക്ക് വന്നു...

വരുൺ കൈ കൊണ്ട് അവളുടെ മുഖം ഉയർത്തി...

അവളുടെ ചുണ്ടുകൾക്ക് മുകളിൽ വിയർപ്പ് കണങ്ങൾ പൊഴിഞ്ഞിരുന്നു...

വരുൺ അവളെ ആലിംഗനം ചെയ്ത് കൊണ്ട് ബെഡിൽ ഒന്ന് കറങ്ങി തിരിഞ്ഞപ്പോൾ അനു താഴെയും, അവൻ അവളുടെ മുകളിലുമായി...

അവളുടെ ശ്വാസോച്ഛ്വാസം വീണ്ടും ഉയർന്നു... നാണത്താൽ ആ കണ്ണുകൾ കൂമ്പിയടഞ്ഞു...

ശ്വാസോച്ഛ്വാസത്തിന് ഒപ്പം അവളുടെ അർദ്ധ ഗോളങ്ങൾ പോലെയുള്ള മാറിടങ്ങൾ ഉയർന്നു താഴ്ന്നു... അവ തന്നെ മാടി വിളിക്കുന്നത് പോലെ അവന് തോന്നി...

അവന്റെ കൈ അവൾ ഇട്ടിരുന്ന ഷർട്ടിന്റെയുള്ളിലേക്ക്  പോയി...

ബട്ടൺ അഴിച്ച് ആ കൈ, ഷർട്ടിന്റെ ഉള്ളിലേക്ക് കടന്നു ചെന്ന് അവളുടെ നഗ്നമായ താമരമോട്ടുകളേ, ഉള്ളം കയ്യാൽ തഴുകി വിറക്കുന്ന അവളുടെ ചുണ്ടുകളിലേക്ക് തന്റെ ചുണ്ടുകൾ ചേർക്കാൻ തുടങ്ങിയവൻ...

അനുവിന്റെ കണ്ണുകൾ കലങ്ങി കണ്ണുനീർ ചാലിട്ട് ഇരു വശങ്ങളിലേക്കും ഒഴുകിയിരുന്നു... സന്തോഷം കാരണമുള്ള അശ്രു...

പെട്ടന്നാണ് എന്തോ ബാധ കൂടി എന്ന പോലെ വരുൺ തല വെട്ടിച്ചത്...

അവളുടെ ശരീരത്തിൽ നിന്നും വിട്ട് മാറി അവൻ മലർന്ന് കിടന്നു...

എന്താണ് സംഭവിച്ചത് എന്ന് അവൾക്കും മനസ്സിലായില്ല...

അവർ രണ്ടും ബെഡിൽ അപ്പുറവും ഇപ്പുറവുമായി കിടന്ന് അണക്കുന്നുണ്ടായിരുന്നു...

അനുവിന്റെ വസ്ത്രങ്ങൾ എല്ലാം മാറി തന്നെ കിടന്നു...

വരുൺ അണപ്പ് അല്പം കുറഞ്ഞപ്പോൾ എഴുന്നേറ്റ് അവളെ നോക്കാതെ ബാത്റൂമിലേക്ക് കയറി...

അനുവും എഴുന്നേറ്റ് ഷർട്ട് മാറ്റി കൂർത്തി എടുത്തിട്ടു... വരുൺ എന്തിന് പെട്ടന്ന് ഒഴിഞ്ഞു മാറി എന്ന് എത്രയാലോചിച്ചിട്ടും അവൾക്ക് പിടികിട്ടിയില്ല...

അതിയായ മനസ്സീക പ്രയാസം അവൾക്ക് തോന്നി... എന്തിന് അവൻ ഒഴിഞ്ഞു മാറി എന്നതിന് അവനിൽ നിന്നു തന്നെ ഒരു ഉത്തരം ലഭിക്കാൻ അവൾ റൂമിൽ തന്നെ കാത്തിരുന്നു...

കുറച്ച് സമയം കഴിഞ്ഞ് ഫ്രെഷ് ആയിട്ട് വരുൺ ബാത്ത്റൂമിൽ നിന്നും പുറത്തേക്ക് ഇറങ്ങി... വരുൺ കരഞ്ഞു കലങ്ങിയ കണ്ണുമായി ഇരികുന്ന അനുവിനെ കണ്ടു എങ്കിലും കാണാത്ത പോലെ നടിച്ചു...

എന്നാൽ ഒരു ഉത്തരം കിട്ടിയേ മതിയാകൂ എന്ന മാനസ്സികാവസ്ഥയിൽ ആയിരുന്നു അനു ... വരുൺ അവളെ മനപൂർവം മൈൻഡ് ചെയ്യുന്നില്ല എന്ന് മനസ്സിലാക്കിയ അനു അവനോട് ചോദിക്കാൻ തന്നെ തീരുമാനിച്ചു...

"വരുൺ... എന്താ... എന്താ സംഭവിച്ചത്... "

"സോറി... പെട്ടന്ന് എന്റെ നീയന്ത്രണം വിട്ട് പോയി ... അതാണ് അങ്ങനെ ഉണ്ടായത്... ഇനി സംഭവിക്കില്ല..."

"ഞാൻ അതല്ല ഉദ്ദേശിച്ചത്... എന്തിനാ പെട്ടന്ന് ... "

"പെട്ടന്ന്??? എന്ത് പെട്ടന്ന് ..."

"ഞാൻ കരുതി എന്നോടുള്ള പിണക്കമൊക്കെ മാറി എന്ന്... വരുൺ എന്നെ സ്നേഹിച്ചു തുടങ്ങി എന്ന്... നമ്മൾ... നമ്മൾ ഒന്നാകാൻ പോകുന്നുവെന്ന്..."

അവസാന വാക്ക് പറയുമ്പോൾ അവളുടെ ശബ്ദം ഇടറിയിരുന്നു... കണ്ണുനീർ ഇടതടവില്ലാതെ ഒഴുക്കിക്കൊണ്ടിരുന്നു...

"അനു... ഞാൻ പറഞ്ഞല്ലോ ... ഞാൻ നിനക്ക് ചേരില്ല... നിനക്ക് എന്നേക്കാട്ടിലും ഉയർന്ന വിദ്യാഭ്യാസം ,ജോലി, വരുമാനം എല്ലാമുള്ള ഒരാളെ ലഭിക്കും...

ഇന്നല്ലങ്കിൽ നാളെ നമ്മൾ പിരിയേണ്ടവർ തന്നെയാണ്... നിന്നിൽ ഒരു കളങ്കവും എൽക്കാൻ പാടില്ല... അതും എന്നിൽ നിന്ന്...

അത് നിന്റെ ഭാവിയെ ബാധിക്കും... ഇന്ന് എൻ്റെ നിയന്ത്രണം നഷ്ടപ്പെട്ടുപോയി... നീ ക്ഷമിക്കണം... ഇനിയുണ്ടാകില്ല... "

"ഞാൻ പറഞ്ഞല്ലോ... എനിക്ക് വരുണിന്റെ ഭാര്യയായി ജീവിച്ചാൽ മാത്രം മതി... വേറെ ഭാവിയും ഭൂതവും ഒന്നും വേണ്ട...

ഈ ജോലിയും വേണ്ട എനിക്ക്... വരുണിന്റെ കാര്യങ്ങൾ എല്ലാം നോക്കി ഒരു അടിമ പോലെ ഞാൻ ഈ വീടിന് പുറത്ത് ഇറങ്ങാതെ ജീവിച്ചോളാം..."

"ഞാൻ കൂടുതൽ പറയുന്നില്ല... അനുവിന് കുറച്ച് കഴിഞ്ഞ് ഞാൻ ഒരു ബാധ്യത ആയി മാറും... അപ്പോൾ അനു തന്നെ എല്ലാം വേണ്ട എന്ന് വെക്കും..."

"നമുക്ക് കാണാം... ഞാൻ വരുണിനെ വിട്ട് എങ്ങും പോകില്ല... ഇനി അങ്ങനെ ഒരു പോക്കുണ്ടേൽ അത് എന്റെ മരണം മാത്രമായിരിക്കും..." അവൾ വാശിയോടെയും ദൃടതയോടെയും അത് പറഞ്ഞപ്പോൾ വരുണും ഒന്ന് ഞെട്ടിയിരുന്നു...

**********

പിറ്റേന്ന് ഓഫീസിൽ എത്തിയ അനു ഷാനയോടു സംഭവിച്ചത് എല്ലാം വിവരിച്ചു കൊടുത്തു...

"ഡീ... അവന്റെ മനസ്സിൽ നീ ഉണ്ടാക്കി വച്ചത് വലിയ ഒരു മുറിവാണ്... അത് ഉണങ്ങാൻ സമയമെടുക്കും..."

"മ്മ്... ഞാൻ ഇനി എന്ത് വേണം... എനിക്ക് അവനെ വേണമെടി... ഒരു ദിവസം എങ്കിൽ ഒരു ദിവസം, എല്ലാ അർത്ഥത്തിലും വരുണിന്റെ ഭാര്യയായി ജീവിക്കണം... എന്നിട്ട് മരിച്ചാലും വേണ്ടില്ല..." അനു തീർത്തും നിരാശയോടെ പറഞ്ഞു...

"നീ ഇങ്ങനെ ഡെസ്പ് ആകാതെ... എല്ലാം ശരിയാകുമെന്നെ..."

"എന്റെ കയ്യിലിരുപ്പിന്റെ ഗുണം കൊണ്ട് തന്നെയാ... എങ്കിലും ഒത്തിരി അനുഭവിച്ചില്ലേ... ആരേം ചതിക്കണം എന്നൊന്നും ഞാൻ ആഗ്രഹിച്ചിട്ടില്ലാ.." അനു വിങ്ങിപ്പൊട്ടി...

"ഡീ... ഇത് ഓഫീസ് ആണ്... ആരേലും ശ്രദ്ധിക്കും... "

അനു കർച്ചീഫ് എടുത്ത് കണ്ണ് തുടച്ചു...

"ഞാൻ ഇനി എന്ത് വേണമെടി..."

"ഇപ്പോൾ ഉള്ളത് തന്നെ തുടർന്ന് പോകുക... അവന്റെ മനസ്സിൽ മാറ്റം ഉണ്ടാകാതെ ഇരിക്കില്ല..."

"അത് വേണ്ടടി... ഇന്നലെ നടന്നത് ആലോചിക്കുമ്പോൾ... വയ്യ... ഒന്നിനും വയ്യ... എന്നോട് സ്നേഹമുണ്ടെന്ന് തോന്നുന്നില്ല വരുണിന്..."

"സ്നേഹം ഉണ്ടെങ്കിൽ വർക്ക്ഔട് ആകുന്ന ഒരു വഴി പറയാം... സ്നേഹം ഉണ്ടോ എന്ന് അറിയുകയും ചെയ്യാം..."

"എന്താ... പറ..."

"പൊസ്സസ്സീവ്നെസ്സ്... "

"തെളിച്ചു പറ..."

"നീ മറ്റ് ആണുങ്ങളും ആയി ഫ്രീ ആയി ഇടപെടുന്നത് വരുൺ കാണണം... അവന്റെ മുന്നിൽ ഇത്തിരി ജാട ഇടുക... അധികം മൈൻഡ് കൊടുക്കണ്ട... നിന്നോട് സ്നേഹം ഉണ്ടേൽ നിന്റെ പിന്നാലെ വന്നോളും..."

"ഡീ... ചില സമയത്ത് എനിക്ക് തോന്നും നിന്നെപ്പോലെ ബുദ്ധിയുള്ള ഒരാളില്ല എന്ന്... ചില സമയത്ത് നിന്നെ പോലെ വേറൊരു  മന്ദബുദ്ധിയില്ല എന്നും...

ഞാൻ വേറെ ഒരാളിന്റെ ഒപ്പം ഫ്രീ ആയി ഇടപെട്ട് അവനെ മൈൻഡ് ചെയ്തില്ല എങ്കിൽ ആ സ്പോട്ടിൽ അവൻ എന്നെ ഉപേക്ഷിക്കും... വരുൺ തന്നെ പറഞ്ഞത് ഓർമ്മയുണ്ടോ...

സംശയം, അത് എന്നും ഉണ്ടാകും എന്ന്... ഇപ്പോൾ അറ്റ്‌ലീസ്റ്റ് വരുണിന്റെ ഒപ്പം നിൽക്കാൻ എങ്കിലും ആകുന്നുണ്ട്... അതും കൂടി ഇല്ലാതെയാകും അങ്ങനെ വല്ലോം സംഭവിച്ചാൽ..."

"ഓഹ്... നിന്റെ പെക്യൂലിയർ കേസ് ആണല്ലോ... സാധാരണ ആളുകളുടെ ഇടയിൽ ഇതൊക്കെ വർക്ഔട് ആകും...

ഇനി ഒരു വഴി... ഞാൻ ആലോചിച്ചിട്ട് ഒന്നേയുള്ളു... അവനെ നിന്റെ സ്നേഹം പരമാവധി അറിയിക്കുക... അവനെ പരിചരിക്കുക, അവന്റെ കാര്യങ്ങൾ എല്ലാം നന്നായി നോക്കുക...

സമയമെടുക്കും... എങ്കിലും പിന്നെ എന്നും നിങ്ങൾക്ക് നല്ല ഒരു ജീവിതമാകും..."

"എത്ര നാൾ വേണമെങ്കിലും കാത്തിരിക്കാൻ എനിക്ക് സമ്മതമാണ്... ഞാൻ ജീവിതത്തിൽ ഇത്രയും ഭ്രാന്തമായി ആരെയും സ്നേഹിച്ചിട്ടില്ല ഷാന... അവനെ കാണാതെ ഒരു നിമിഷം പോലും ഇരിക്കാൻ ആകാത്ത അവസ്ഥയാണ്..."

"നീ ഈ സ്നേഹം അവന് മനസ്സിലാകുന്ന രീതിയിൽ കൊടുക്ക്... എല്ലാം ശരിയാകും..."

**********

അനു അവളുടെ സ്നേഹം പരമാവധി അവനെ അറിയിക്കാൻ ശ്രമിച്ചു തന്നെ മുന്നോട്ട് പോയി...

അവന്റെ എല്ലാ കാര്യവും ഒരു പരാതിയുമില്ലാതെ അവൾ കണ്ടറിഞ്ഞു ചെയ്തു... ഓഫീസിലേക്ക് പോകാൻ ഉള്ള ഡ്രെസ്സ്, അവന് ഇഷ്ടമുള്ള ഭക്ഷണം എല്ലാം അവൾ തയ്യാറാക്കി കൊടുത്തു...

അങ്ങനെയിരിക്കെ ഒരു ദിവസം വരുൺ അനുവിനെ ഞെട്ടിച്ചു കൊണ്ട് അവളോട് ഒരു കാര്യം പറഞ്ഞു -

"ഞാൻ കുറെ നാൾ മുൻപ് അധികം താമസിക്കാതെ ഒരു സർപ്രൈസ് തരും എന്ന് പറഞ്ഞില്ലെ..."

അനു ആലോചിച്ചിട്ട് പറഞ്ഞു "മ്മ്... ഓർമയുണ്ട്... അവസാനം കോടതിയിൽ പോകുന്നതിനു മുൻപായി..."

"അത് തന്നെ... അത് എന്താ എന്ന് അറിയണ്ടേ..."

"വേണം..."

"എങ്കിൽ കേട്ടോ... ഞാൻ അമേരിക്കയിൽ പോകാൻ പോണു... ഉടനെ കാണും... രണ്ട് മാസത്തിനകം... പേപ്പർ വർക്ക് ശരിയായി... ഇനി വിസക്ക് അപ്ലൈ ചെയ്യണം... അത് കമ്പനി ചെയ്തോളും..."

സർപ്രൈസ് കേൾക്കാൻ വേണ്ടി തെളിയിച്ചു വച്ച അനുവിന്റെ മുഖത്തെ പ്രകാശം ഒറ്റയടിക്ക് ഫ്യൂസ് ആയിപ്പോയി...

വരുണിനെ കാണാതെ ഒരു ദിവസം പോലും ഇരിക്കാൻ ആകാത്ത അവസ്ഥയായിരുന്നു അനുവിന്റേത്...

എങ്കിലും അവന്റെ സന്തോഷം കണ്ട് അവൾക്ക് അതില്ലാതെയാക്കാൻ തോന്നിയില്ല...

"വൗ... കൺഗ്രാറ്റ്സ്... "

"താങ്ക്യൂ... ഓഫീസിലേ എന്റെ ടീം ലീഡർ ഒരാളുണ്ട്... വന്ദിതാ മേഡം... ഹെഡ്ഓഫീസിൽ റെക്കമെൻഡ് ചെയ്തു എല്ലാം ശരിയാക്കിയത് അവരാണ്... എന്നെ വലിയ കാര്യമാണ് പുള്ളിക്കാരിക്ക്... ഞാനും അവരും മാത്രമാണ് പോകുന്നത്, യുഎസിലേക്ക്..." വരുൺ വളരെ ആവേശത്തോടെ പറഞ്ഞു...

അത് കൂടി കേട്ടപ്പോൾ അനുവിന്റെ ഉള്ള എനർജി കൂടി ചോർന്ന് പോയി... പൊതുവെ മറ്റൊരു സ്ത്രീക്ക് ഭർത്താവിനെ കാര്യമാണ് എന്ന് കേൾക്കുമ്പോൾ ഉണരുന്ന അസൂയ അനുവിലും ഉണർന്നു...

പക്ഷെ അവൾക്ക് എങ്ങനെ പ്രതികരിക്കണം എന്ന് പോലും അറിയാതെ ആയിപ്പോയി...

അവസാനം ഗതി കെട്ട് അവൾ ചോദിച്ചു -

"എനിക്ക് കൂടി വരാനാകുമോ... അവിടെ വരുണിന് ഒറ്റക്ക് ബുദ്ധിമുട്ട് ആവില്ലേ..."

"താൻ എന്തിനാ വരുന്നത്... ജോലിയുള്ളതല്ലേ ഇവിടെ... മാത്രമല്ല അവിടെ കമ്പനി എല്ലാം അറേഞ്ച് ചെയ്യും... ബുദ്ധിമുട്ട് ഒന്നും ഉണ്ടാവില്ല... മാത്രമല്ല വന്ദിത കൂടെ ഉണ്ടല്ലോ..."

അവൾക്ക് വീണ്ടും വന്ദിതയുടെ കാര്യം കേട്ടപ്പോൾ ദേഷ്യം വന്നു...

"ശരി... ഓൾ ദി ബെസ്റ്റ്..." മനസ്സിലെ സങ്കടം എല്ലാം മറച്ചു വച്ച് കൊണ്ട് അവൾ പറഞ്ഞു...

"ഇനി കുറച്ച് കാര്യങ്ങൾ കൂടി റെഡി ആകാൻ ഉണ്ട്... കാലിഫോണിയ ബേയ് ഏരിയയിൽ ആണ് ഓഫീസ്..."

അനു ഒന്ന് ചിരിച്ചതല്ലാതെ ഒന്നും മിണ്ടിയില്ല... അവളുടെ മനസ്സിൽ വരുണിന് പോകാൻ ആകരുതേ എന്നൊരു പ്രാർത്ഥന മാത്രമായിരുന്നു...

അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അച്ഛനും അമ്മയും പഴനി ക്ഷേത്രത്തിലേക്ക് പോകാൻ തീരുമാനിച്ചു...

അഞ്ച് ദിവസത്തെ തീർത്ഥയാത്രയ്ക്ക് അവർ പോയി...

അനുവും വരുണും വീട്ടിൽ തനിച്ചായി...

അമ്മ പോയതോടു കൂടി അനുവിന്റെ ജോലി രണ്ടിരട്ടിയായി...

രാവിലേ ബ്രേക്ക്ഫാസ്റ്റ്, ഉച്ചക്കുള്ള ഭക്ഷണം ഇത്രയും രാവിലെ തയ്യാറാക്കി വച്ച് വേണം ഓഫീസിൽ പോകാൻ...

വരുൺ തലേന്ന് ഉണ്ടാക്കിയത് ഒട്ട് കഴിക്കുകയുമില്ല... അവൾ നന്നായി ജോലി ഭാരം കരണം കുരുങ്ങി...

വരുൺ വൈകിട്ട് ഉള്ള ജോലിയിൽ സഹായത്തിനു വരും... അനു വേണ്ട എന്ന് പറഞ്ഞാൽ പോലും... പക്ഷെ രാവിലെയുള്ള ജോലി അവൾക്ക് നല്ല പാടായിരുന്നു...

ആദ്യ രണ്ട് ദിവസം അനു മാനേജ് ചെയ്തു... പക്ഷെ വരുണിന് അവളുടെ ക്ഷീണവും ബുദ്ധിമുട്ടും മനസ്സിലായിരുന്നു....

അടുത്ത ദിവസം മുതൽ ഉച്ചക്ക് ഉള്ളത് പുറത്തുനിന്നും കഴിക്കാം എന്ന് അവൻ പറഞ്ഞു...

അനു ആദ്യം സമ്മതിച്ചില്ല... പക്ഷെ വരുണിന്റെ നിർബന്ധത്തിന് വഴങ്ങി അവർ പുറത്ത് നിന്നും കഴിക്കാം എന്ന് തീരുമാനിച്ചു...

പിറ്റേന്ന് ഉച്ചക്ക് ഭക്ഷണം കഴിക്കാൻ ഓഫീസിലെ കഫടെരിയയിലേക്ക് പോകാം എന്ന് വച്ച് ഇരുന്നപ്പോൾ ആണ് ഷാന പുറത്ത് നിന്നും കഴിക്കാം എന്ന് പറഞ്ഞത്...

കഫെടെരിയയിൽ ലൈറ്റ് ആയുള്ളത് മാത്രമേ ഉണ്ടാകാറുമുള്ളു... അത് കൊണ്ട് അനുവും സമ്മതിച്ചു...

ഷാനയുടെ കാറിൽ അവർ റസ്റ്റോറന്റിലേക്ക് പോയി... വരുൺ പുറത്ത് കഴിക്കാൻ വരും എന്ന പ്രതീക്ഷയിൽ അവന്റെ ഓഫീസിനു അടുത്തേക്ക് അനുവിന്റെ നിർദ്ദേശപ്രകാരം ഷാന വണ്ടിയെടുത്തു...

വരുണിന്റ ഓഫീസിനു അടുത്തായിയുള്ള ഒരു ഫേമസ് ഹോട്ടലിൽ ഷാന വണ്ടി നിർത്തി...

അവർ രണ്ടും ഉള്ളിലേക്ക് നടന്നു... നടക്കുന്നതിന് ഇടയിലും അനുവിന്റെ ശ്രദ്ധ വരുൺ അവിടെ എവിടെ എങ്കിലും ഉണ്ടോ എന്നത് ആയിരുന്നു...

പ്രിയതമനെ തിരക്കി പരതിയ അവളുടെ കണ്ണുകൾ, സുര്യനെ കണ്ട സൂര്യകാന്തി പൂവ് പോലെ പെട്ടന്ന് വിടർന്നു...

ഒരു ടേബിളിൽ വരുൺ ഇരുന്നിരുന്നു... അവനെ കണ്ടതും വേഗം അവിടേക്ക് നടക്കാൻ തുടങ്ങിയ അവളുടെ കാലുകൾ ബ്രേക്ക് ഇട്ട പോലെ നിന്നു...

അവന്റെ എതിരെ ഇരുന്നിരുന്ന സ്ത്രീ രൂപം അപ്പോൾ ആണ് അവളുടെ കണ്ണിൽപ്പെട്ടത്...

അനുവിന്റെ നിൽപ്പും നോട്ടവും കണ്ട് അവൾ നോക്കുന്നിടത്തേക്ക് നോക്കിയ ഷാനയും വരുണിനെ കണ്ടു...

ഷാന അനുവിന്റെ കയ്യിൽ പിടിച്ച് കൊണ്ട് വരുൺ ഇരുന്നിടത്തേക്ക് നടന്നു...

വരുൺ ചിരിച്ച് കളിച്ചു കാര്യമായി എതിർ വശത്തിരുന്ന പെണ്ണിനോട് സംസാരിക്കുന്നുണ്ടായിരുന്നു...

അനുവിന്റെ നോട്ടം വരുൺ സംസാരിച്ചിരുന്ന പെണ്ണിന്റെ മുകളിലേക്ക് പാഞ്ഞു...

മെലിഞ്ഞ ശരീരം, എന്നാൽ തീരെ മെലിഞ്ഞിട്ടല്ല... വെളുത്ത നിറം... ക്രോപ്പ് ചെയ്ത മുടി പോണി ടേൽ രീതിയിൽ കേട്ടിവച്ചിട്ടുണ്ട്... ഒരു മെറൂൺ കുർത്തിയാണ് വേഷം...

ചെറിയ ഒരു പൊട്ട് തൊട്ടിട്ടുണ്ട്... കണ്ണെഴുതിയിട്ടുണ്ട്... ഇളം റോസ് ലിപ്സ്റ്റിക് ഇട്ടിട്ടുണ്ട്...

ഐശ്വര്യമുള്ള മുഖവും, നല്ല അംഗലാവണ്യവുമുള്ള ഒരു സുന്ദരിയായ യുവതി...

വരുൺ പരിസരബോധമില്ലാതെ വളരെ കാര്യമായി അവളോട് സംസാരിക്കുന്നു... ആ പെൺകുട്ടി അവൻ പറയുന്നത് വളരെ ശ്രദ്ധയോടെ കേൾക്കുന്നു... അതീവ താല്പര്യത്തോടെ മറുപടിയും കൊടുക്കുന്നു...

അനുവിന് ഇതെല്ലാം കണ്ട് തല ചൂട് പിടിച്ചു... അവളുടെയുള്ളിൽ അസൂയ നുരഞ്ഞു പൊന്തി...

ഷാനയും അനുവും അടുത്ത് വന്നത് പോലും വരുൺ അറിഞ്ഞില്ല...

ഒടുവിൽ വരുണിന്റെ ശ്രദ്ധ ആകർഷിക്കാനായി മുരടനക്കി ഷാന ശബ്ദം ഉണ്ടാക്കിയപ്പോൾ ആണ് വരുണും ഒപ്പമുള്ള സ്ത്രിയും തല ഉയർത്തി അനുവിനെയും ഷാനയെയും നോക്കിയത്...

ഷാന ക്ലോസപ്പിന്റെ പരസ്യത്തിലെ പോലെ അവനെ നോക്കി ചിരിച്ചു... അനു മുഖത്ത് എങ്ങനെയൊക്കെയോ ഒരു ചിരി വരുത്തി...

വരുണിനെ കണ്ടത് സന്തോഷമാണ് എങ്കിലും ഇങ്ങനെ കാണേണ്ടി വരണ്ടായിരുന്നു എന്നായിരുന്നു അവളുടെ മനസ്സിൽ...

എന്നാൽ അനുവിനെയും ഷാനയെയും കണ്ട വരുണിന്റെ മുഖത്തെ തെളിച്ചം പെട്ടന്ന് മാഞ്ഞു...

എങ്കിലും വേഗം മുഖത്ത് ഒരു പുഞ്ചിരി വരുത്തി അവൻ അവരെ നോക്കി...

"മാഷേ... കുറെ നാൾ ആയല്ലോ കണ്ടിട്ട്... നമ്മളെക്കൂടെ മൈൻഡ് ചെയ്യൂ..."

"ഹ... ഹ്ഹ... പെട്ടന്ന് ശ്രദ്ധിച്ചില്ലടി... നിങ്ങൾ എന്താ ഇവിടെ... "

"ഹോട്ടലിൽ എന്തിനാ വരുന്നത്... ഇതാരാ..." ഷാന വരുണിന്റെ ഒപ്പമുള്ള പെൺകുട്ടിയെ നോക്കി ചോദിച്ചു

"പോടീ തമാശ പറയാതെ... ഇത് വന്ദിത... വന്ദിത... ഇത് ഷാനയും... അനുവും..." അനു എന്നത് ഒരല്പം നിർത്തിയ ശേഷം ആണ് വരുൺ പറഞ്ഞത്... അവൾ അത് ശ്രദ്ധിച്ചിരുന്നു...

"ഹലോ..." വന്ദിത അനുവിനെയും ഷാനെയും നോക്കി പറഞ്ഞിട്ട് വരുണിനോട് ചോദിച്ചു -

"ഇവർ തന്റെ ഫ്രണ്ട്സ് ആണോ..."

വരുൺ എന്ത് പറയും എന്നറിയാൻ അനു കാത് കൂർപ്പിച്ചു...

"അതെ എന്റെ ഫ്രണ്ട്സ് ആണ്..."

അനു അത് കെട്ട് ഞെട്ടിപ്പോയി... വരുൺ അവളെ മറ്റൊരാളിന്റെ മുന്നിൽ വെറും ഒരു സുഹൃത്താണ് എന്ന് പരിചയപ്പെടുത്തിയത് അവൾക്ക് സഹിക്കാനായില്ല...

നെഞ്ചിൽ ഭാരം എടുത്ത് വച്ചത് പോലെ അവൾക്ക് തോന്നി... കരയാതെ ഇരിക്കാനായി അവൾ പാട്പെട്ടു...

ഷാന വന്ദിതയെ കൂടുതൽ പരിചയപ്പെട്ടു... അനുവിന് കൂടുതൽ ഒന്നും ചോദിക്കാൻ ഇല്ലായിരുന്നു... അവൾ മിണ്ടാതെ നിന്നു...

വന്ദിത ഷാനയോട് അവരെ പറ്റിയും ചോദിച്ചു...

പരിചയപ്പെടൽ കഴിഞ്ഞ് വന്ദിത ഷനായോടും അനുവിനോടും ചോദിച്ചു -

"ഇഫ് യു ഡോണ്ട് മൈൻഡ് ഷാൾ വീ മീറ്റ് ലേറ്റർ... ഞങ്ങൾക്ക് ഇത്തിരി പേർസണൽ ആയി സംസാരിക്കാൻ ഉണ്ടായിരുന്നു..."

അത് കെട്ട് ഷാനയും ഞെട്ടി... അവൾക്കും നാണക്കേട് തോന്നി...

അനു വരുൺ എന്ത് മറുപടി പറയും എന്നറിയാൻ അവന്റെ മുഖത്തേക്ക് നോക്കി... എന്നാൽ മുഖം താഴ്ത്തി ഇരുന്നത് അല്ലാതെ അവൻ ഒന്നും മിണ്ടിയില്ല...

അവൾക്ക് ഹൃദയം തകരുന്നത് പോലെ തോന്നി... കരയാതെ ഇരിക്കാൻ പരമാവധി ശ്രമിച്ചു കൊണ്ട്,

"സോറി...."  എന്നും പറഞ്ഞ്, അവൾ ഷാനയുടെ കയ്യിൽ പിടിച്ചു വലിച്ചു പുറത്തേക്ക് നടന്നു...

തിരിഞ്ഞു നടക്കുന്നതിന് തൊട്ട് മുൻപ് ഒരുവട്ടം കൂടി അവൾ വരുണിനെ തിരിഞ്ഞ് നോക്കി...

കണ്ണ് നിറഞ്ഞു പുറത്തേക്കൊഴുകാൻ വെമ്പി നിൽക്കുന്ന അനുവിന്റെ കണ്ണും വരുണിന്റെ കണ്ണും ഒരു നിമിഷം കൂട്ടിമുട്ടി...

അവൻ മുഖം വെട്ടിച്ചു നോട്ടം മാറ്റിയതും അനുവിന്റെ കണ്ണിൽ നിന്നും കണ്ണുനീര് പുറത്തേക്ക് ഒഴുകി...

തകർന്ന ഹൃദയവുമായി അവർ പുറത്തേക്ക് നടന്നു...

ഉച്ചക്ക് അനു ഒന്നും കഴിച്ചില്ല... ഷാന സമാധാനിപ്പിക്കാൻ പറഞ്ഞതൊന്നും ഏൽക്കുന്നുണ്ടായിരുന്നില്ല...

ഉച്ചക്ക് ശേഷം ലീവ് ആക്കി അവൾ വീട്ടിലേക്ക് പോന്നു...

വൈകിട്ട് വരുൺ താമസിച്ചാണ് വീട്ടിൽ എത്തിയത്... വന്നു കയറിയ ഉടനെ അനുവിനോട് ദേഷ്യപ്പെട്ടു...

"നീ ഉച്ചക്ക് ലീവ് ആയിരുന്നോ..."

"അതെ... " വികാരങ്ങൾ ഒന്നുമില്ലാതെ അവൾ മറുപടി കൊടുത്തു...

"എന്നിട്ട് എന്നെ ഒന്ന് വിളിച്ചു പറയണ്ടെ... തന്റെ ഓഫീസിന്റെ താഴെ എത്ര നേരം ഞാൻ വെയിറ്റ് ചെയ്തു എന്നോ...

അവസാനം സെക്യൂരിയോട് ചോദിച്ചപ്പോൾ ആണ് നീ നേരത്തെ പോയി എന്ന് അറിഞ്ഞത്..."

"സോറി... തലവേദന കൊണ്ട് പോന്നതാ... വിളിക്കാനായില്ല..."

"ഈ സോറി പറയുന്നതിലും എളുപ്പമാണല്ലോ നിനക്ക് എന്നെ വിളിച്ചു പറഞ്ഞിരുന്നു എങ്കിൽ... എത്ര സമയം വേസ്റ്റ് ആയി..."

അനുവിന് അത് കെട്ട് ദേഷ്യം വന്നു...

"വല്ലവളുമാരോടും പഞ്ചാര അടിക്കുമ്പോൾ വേസ്റ്റ് ആകില്ലാരിക്കും..."

"നീ എന്താ പറഞ്ഞത്..."

"പറഞ്ഞത് കേട്ടില്ലേ... "

"കെട്ടു..."

"ഞാൻ വെറും ഫ്രണ്ട് അല്ലേ... നിങ്ങൾ കല്യാണം കഴിച്ചു എന്ന് അവൾക് അറിയുമോ..."

"അത് നീ എന്തിനാ അറിയുന്നത്... ഫ്രണ്ട് ആണെന്ന് എങ്കിലും ഞാൻ പറഞ്ഞല്ലോ..."

"എത്രയായാലും ഞാൻ നിങ്ങളുടെ ഭാര്യ അല്ലേ... ഏതോ ഒരുത്തിയോട് ഭാര്യയുടെ സുഹൃത്തിന്റെ മുന്നിൽ വെച്ച്, ഭാര്യയെ നിർത്തിക്കൊണ്ട് ഭർത്താവ് പറയുന്നു, ഭാര്യ വെറും ഫ്രണ്ട് മാത്രമാണ് എന്ന്...

എനിക്ക് എന്ത് വേദന അത് തരും എന്ന് ഒരു നിമിഷം നിങ്ങൾ ഓർത്തോ... എനിക്കുണ്ടായ അപമാനം നിങ്ങൾ ഓർത്തൊ..."

"ഓഹ്... ഒരു പതിവ്രത വന്നേക്കുന്നു... നീ കാരണം ഞാൻ നാറിയ അത്രയും വരുമോ ഇതൊക്കെ...മ്മ്ഹ്"

അനുവിന് കൂടുതൽ ഒന്നും പറയാൻ ഉണ്ടായിരുന്നില്ല... അവളുടെ മനസ്സ് തകർന്നു പോയിരുന്നു... എല്ലാം ശരിയാകും എന്നുള്ള അവളുടെ പ്രതീക്ഷയിൽ ആണ് കരി നിഴൽ പോലെ വന്ദിത വന്ന് വീണത്...

അച്ഛനും അമ്മയും തിരികെ എത്തുന്ന വരെ, പിന്നീടുള്ള ദിവസങ്ങളിൽ അനു നേരത്തെ എണീറ്റു ഉച്ചക്കത്തേക്ക് ഉള്ളത് കൂടെ ഉണ്ടാക്കി വച്ചു...

ജോലി ഭാരം കൂടി എങ്കിലും വന്ദിതയും ഒന്നിച്ചു വരുൺ പുറത്ത് പോയി കഴിക്കുന്നത് കുറയുമല്ലോ എന്ന ചിന്തയിൽ ആയിരുന്നു അത്...

കുറച്ച് ദിവസങ്ങൾ കൂടി അങ്ങനെ പിന്നിട്ടു... അനു വരുണിന്റെ കാര്യങ്ങൾ എല്ലാം ശ്രദ്ധയോടെ നോക്കി... അവൾ സംസാരിക്കാനോ അടുക്കാനോ ശ്രമിക്കുമ്പോൾ അവൻ മനഃപൂർവം ഒഴിഞ്ഞ് മാറി...

അവർ തമ്മിലുള്ള സംഭാഷണം കുറച്ച് വാക്കുകളിൽ ചുരുക്കാൻ അവൻ ശ്രദ്ധിച്ചു... മനഃപൂർവം തന്നെ അവൻ അനുവിൽ നിന്നും അകന്നു...

വരുൺ ഇടക്ക് വിസയുടെ ആവിശ്യത്തിന് ചെന്നൈയിൽ പോയിരുന്നു... വിസ കിട്ടുകയും ചെയ്തു...

അങ്ങനെ വരുണിന് പോകാൻ ഉള്ള ഡേറ്റ് വന്നു... കൃത്യം ഒരു ആഴ്ച്ച കൂടി കഴിഞ്ഞ് അവൻ അമേരിക്കയിലേക്ക് പറക്കും...

അച്ഛനും അമ്മയ്ക്കും അവൻ പോകുന്നതിനോട് താല്പര്യമില്ലായിരുന്നു...

അനു ഒന്നും പറഞ്ഞില്ല, വരുൺ പോകുന്നത് ചങ്ക് പറിച്ചുകൊണ്ട് പോകുന്നത് പോലെ ആണെങ്കിലും...

അവൾ എതിർത്താലും അവൻ പോകും എന്ന് അവൾക്ക് ഉറപ്പായിരുന്നു... മാത്രമല്ല ഇനിയും അവളുടെ സ്വാർത്ഥതക്ക് വേണ്ടി അവന്റെ സ്വപ്നങ്ങൾക്ക് വിലങ്ങു തടിയായി നിൽക്കാൻ അവൾക്ക് താല്പര്യമില്ലയിരുന്നു...

പതിവ് പോലെ തന്നെ എല്ലാ കാര്യങ്ങളും അവൾ ചെയ്തു പോന്നു...

അവന്റെ ഡ്രെസ്സും മറ്റ് സാധനങ്ങളും പാക്ക് ചെയ്യാൻ അവൾ തന്നെ മുന്നിൽ നിന്നു...

അവളുടെ മനസ്സിൽ വരുൺ പോകുന്ന നിമിഷം താൻ എങ്ങനെ അതിജീവിക്കും എന്നത് മാത്രം ചോദ്യചിഹ്നമായി നിന്നു...

അതിനോടൊപ്പം വന്ദിത വരുണിനെ അവളിൽ നിന്നും തട്ടിയെടുക്കുമോ എന്ന ഭയവും...

വരുണിന് പോകേണ്ട ദിവസത്തിന് തലേന്ന് വന്നെത്തി...

പിറ്റേന്ന് അർദ്ധ രാത്രിയോട് ആയിരുന്നു വരുണിന്റെ ഫ്ലൈറ്റ്...

അനു റൂമിൽ നിന്ന് സാധനങ്ങൾ എടുത്ത് വെച്ച് കൊണ്ടിരുന്നപ്പോൾ വരുൺ ഫോണിൽ കുത്തി കളിച്ചു കൊണ്ടിരുന്നു...

കുറച്ച് സമയം കഴിഞ്ഞ് അവൻ ഫ്രഷ് ആകാൻ ബാത്റൂമിലേക്ക് കയറാൻ തുടങ്ങിയതും ഫോൺ ബെൽ അടിച്ചു...

അനു എഴുന്നേറ്റ് ഫോൺ നോക്കി...

"വന്ദിത കാളിങ്..." ഡിസ്പ്ലേയിൽ തെളിഞ്ഞു...

അവൾക്ക് കലി വന്നു എങ്കിലും യാത്ര സംബന്ധിച്ചു വല്ലതും ആകും എന്ന് കരുതി വരുണിന്റെ കയ്യിൽ കൊടുത്തു...

ഫോൺ വാങ്ങി ഡിസ്പ്ലേയിൽ നോക്കിയ വരുൺ ഒന്ന് പരുങ്ങി...

അവൻ ഫോണും എടുത്ത് റൂമിന് പുറത്തിറങ്ങി ബാൽക്കണിയിലേക്ക് നടന്നു...

അനു അവന്റെ ഭാവം ശ്രദ്ധിച്ചു... എന്തോ പന്തികേട് തോന്നിയ അവൾ പതിയെ അവൻ അറിയാതെ ബാൽക്കണിയിലേക്ക് നടന്നു...

അനു ഭിത്തിയിൽ മറഞ്ഞു നിന്ന് വരുൺ പറയുന്നത് ശ്രദ്ധിച്ചു...

വരുണിന്റെ ഫോൺ സംഭാഷണം-

"ഇല്ല... നാളെ കാണാമല്ലോ... "

"ഇനി ഒന്നിച്ചല്ലേ രണ്ടാളും... അപ്പോൾ കാണാം... ഹ... ഹ്ഹ..."

"ഡീ കള്ളി..."

"എല്ലാം നീ പറഞ്ഞത് പോലെ എടുത്ത് വച്ചിട്ടുണ്ട്... നിനക്ക് ഇഷ്ടമുള്ളത് എല്ലാം..."

"ലവ് യു... ഉമ്മ..."

വരുൺ അവസാനം പറഞ്ഞ വാക്കുകൾ അനുവിന്റെ നട്ടെല്ലിലൂടെ ഒരു തണുപ്പ് കടത്തിവിട്ടു...

"വന്ദിതയുമായി... "

അവൾക്ക് മുഴുവപ്പിക്കാൻ ആയില്ല...

ഫോളോ ചെയ്തത് വരുൺ അറിയാതെ ഇരിക്കാനായി അവൾ ഇരുട്ടിലേക്ക് മറഞ്ഞ് നിന്നു...

കണ്ണീർ അവൾ പോലും അറിയാതെ ധാരപോലെ ഒഴുകാൻ തുടങ്ങി... തല ചുറ്റി വീഴാതെ ഇരിക്കാനായി അവൾ ശ്രമിച്ചു...

ഇനി എന്ത് ചെയ്യും എന്ന ചിന്ത ഒരു ചോദ്യ ചിഹ്നം പോലെ അവളുടെ മുന്നിൽ നിന്നു...

*****************

ഫോൺ സംഭാഷണത്തിന് ശേഷം വരുൺ താഴേക്ക് ഇറങ്ങാൻ തുടങ്ങിയതും, അവൻ കാണാതെ ഇരിക്കാനായി അനു ഇരുട്ടിലേക്ക് മാറി പുറം ഭിത്തിയിൽ ചേർന്ന് നിന്നു...

അവൾ എത്ര അടക്കാൻ ശ്രമിച്ചിട്ടും കരയാതെ ഇരിക്കാനായില്ല...

ശബ്ദം പുറത്തേക്ക് വരാതെ ഇരിക്കാനായി വാ പൊത്തിക്കൊണ്ട് അവൾ ഭിത്തിയിൽ നിരങ്ങി താഴേയ്ക്ക് ഇരുന്ന് തേങ്ങി...

അനുവിന്റെ മനസ്സിൽ നൂറായിരം ചോദ്യങ്ങൾ ഒഴുകിയെത്തി... അതിൽ ഒന്നിനുപോലും അവൾക്ക് ഉത്തരം കണ്ടെത്താൻ സാധിച്ചില്ല...

"അനു... ഡീ...."

"അനു മോളെ..."

കുറച്ച് സമയം കഴിഞ്ഞപ്പോളേക്കും വരുണിന്റെയും തൊട്ട് പിന്നാലെ അമ്മയുടേയും വിളി വന്നു...

"ദാ വരണു അമ്മേ..." അവൾ പെട്ടന്ന് കണ്ണ് തുടച്ചു, എങ്ങനെയൊക്കയോ കരച്ചിൽ അടക്കി താഴേക്ക് ചെന്നു...

"മുഖമൊക്കെ എന്താ വല്ലാതെ ഇരിക്കുന്നത്... കണ്ണും കലങ്ങിയിട്ടുണ്ടല്ലോ... മോളെന്താ കരയുകയായിരുന്നോ..."

താഴേക്കു വന്ന അനുവിനോട് അമ്മ തിരക്കി...

ആ ചോദ്യം കേട്ടതും അവൾക്ക് കൂടുതൽ പിടിച്ചു നിൽക്കാനായില്ല...

വീണ്ടുമവൾ പൊട്ടി പൊട്ടി തേങ്ങാൻ തുടങ്ങി...

കണ്ടുനിന്ന അച്ഛനും അമ്മയും വരുണും ഒരുപോലെ ഞെട്ടി...

അമ്മ അവളെ ചേർത്ത് പിടിച്ചു...

അനു അമ്മയുടെ നെഞ്ചിലേക്ക് വീണ് ഏങ്ങലടിച്ചു കരയാൻ തുടങ്ങി...

അനുവിന്റെ കരച്ചിലും സങ്കടവും കണ്ടതും വരുണിന്റെ മുഖം വല്ലാതെയായി... അവൻ മിണ്ടാതെ നിന്നു...

"എന്റെ മോള് വിഷമിക്കണ്ട... അമ്മയോട് പറയ് എന്തിനാ കരയുന്നെ എന്ന്..."

അവൾ അമ്മയുടെ മുഖത്തേക്ക് നോക്കി... കരച്ചിൽ നിർത്താതെ വരുണിനെ നോക്കി അവന്റെ നേരെ കൈ ചൂണ്ടി...

"മനസ്സിലായില്ലേ സുഭദ്രേ... അവൻ പോകുന്ന സങ്കടം ആണ്... " അച്ഛൻ പറഞ്ഞു...

"ആണോ മോളെ... " അമ്മ സംശയത്തോടെ ചോദിച്ചു...

അനു ദയനീയ ഭാവത്തോടെ അമ്മയെ നോക്കി... അതെയെന്ന അർത്ഥത്തിൽ തലയാട്ടി... അവൾ കൂടുതൽ പറയാതെ ഇരിക്കാൻ വികാരങ്ങൾ നിയന്ത്രിച്ചു നിർത്തി...

"മോള് വിഷമിക്കണ്ട... നിങ്ങൾക്ക് നല്ല ഒരു ഭാവിക്കുവേണ്ടി അല്ലേ... അവൻ വേഗം തിരികെ വരുമെന്നെ..."

അനു അത് കേട്ട് കൃത്രിമമമായി ഒരു ചിരി വരുത്തി അമ്മയെ നോക്കി...

അമ്മ കുറച്ച് നേരം കൂടി അവളെ സമാധാനിപ്പിച്ച ശേഷമാണ് റൂമിൽ നിന്നും പോയത്...

അമ്മ പോയതും അവൾ വീണ്ടും അവന്റെ സാധനങ്ങൾ എടുത്ത് വെക്കാൻ തുടങ്ങി...

"എന്നെ ഉപേക്ഷിച്ചു മറ്റൊരാളുടെ കൂടെ പോകാൻ ഒരുങ്ങുന്ന എന്റെ ഭർത്താവിന് ഞാൻ തന്നെ പാക്ക് ചെയ്ത് കൊടുക്കുന്നു..." അവൾ മനസ്സിൽ ആലോചിച്ചതും വിഷമം കലർന്ന ഒരു പുഞ്ചിരി അവളുടെ ചുണ്ടിൽ വിരിഞ്ഞു...

"എന്ത് ഷോ ആണെടി..." വരുണിന്റെ ചോദ്യം അപ്പോൾ ആണ് വന്നത്...

മനസ്സിലാകാത്ത മട്ടിലുള്ള അനുവിൻ്റെ നോട്ടം കണ്ടതും  വരുൺ വീണ്ടും പുച്ഛത്തോടെ പറഞ്ഞു-

"അവളുടെ ഒരു കരച്ചിലും പിരിച്ചിലും ഷോയും... എന്തൊരു പതിവ്രതയായ ഭാര്യ.... മ്ച്ഹ്..."

അനുവിന് എങ്ങനെ പ്രതികരിക്കണം എന്നറിയില്ലായിരുന്നു... പക്ഷെ അവനോടുള്ള സ്നേഹത്തെ അവൻ പുച്ഛിച്ച

ആ നിമിഷം അവളുടെ ഉള്ളിൽ ഒരു കനൽ എരിഞ്ഞു...

അത് ഒരു തീപാറുന്ന നോട്ടമായി വരുണിന്റെ മേലിൽ പതിച്ചതും അവന്റെ മുഖത്തെ ചിരിയും മാഞ്ഞു...

സാക്ഷാൽ സംഹാര ദുർഗയെ തന്നെ ഒരു നിമിഷം വരുൺ അവളിൽ കണ്ടു... പിന്നെ ഒന്നും മിണ്ടാതെ അവൻ ചെയ്തു കൊണ്ടിരുന്ന ജോലി തുടർന്നു...

അനുവും ഒന്നും മിണ്ടിയില്ല... അവളുടെ മനസ്സിൽ ഒന്നും ഉണ്ടായിരുന്നുമില്ല... നെഞ്ചിൽ എന്തോ ഭാരം... അത്രയും മാത്രം ആയിരുന്നു അവൾക്കുള്ള വികാരം...

രാത്രിയിൽ അവൾ അത്താഴം കഴിച്ചില്ല... വരുൺ പോകുന്ന ദുഃഖം മനസ്സിൽ ഉണ്ടായിരുന്നതിനാൽ പകലും അവൾ കഴിച്ചു എന്ന് വരുത്തി തീർക്കാൻ വേണ്ടി മാത്രം അല്പം കൈ നനച്ചിരുന്നതെയുള്ളു...

എന്നിട്ടും  അവൾക്ക് അല്പം പോലും വിശപ്പ് തോന്നിയില്ല... സുഖം തോന്നുന്നില്ല എന്ന് പറഞ്ഞവൾ റൂമിൽ വന്നു കിടന്നു...

വരുണും അല്പം കഴിഞ്ഞ് റൂമിലേക്ക് കിടക്കാനായി വന്നു...

അവൻ വന്നതും അവൾ റൂം ലോക്ക് ചെയ്ത് തറയിൽ വിരിച്ചു കിടന്നു...

ഉറക്കം വന്നില്ല അവൾക്ക്... മനസ്സിൽ ഏത് സമയത്തും പൊട്ടാവുന്ന ഒരു അഗ്നി പർവ്വതം എരിഞ്ഞു കൊണ്ടിരുന്നു... പല തരത്തിൽ ഉള്ള ചിന്തകൾ അവളെ വരിഞ്ഞു മുറുക്കി...

"ഞാൻ... ഞാനൊരു ഭാഗ്യം കെട്ടവളാ... സ്നേഹം വിധിച്ചിട്ടില്ല... ആത്മാർഥമായി സ്നേഹിച്ച പുരുഷൻ... അവൻ ചതിച്ചു... ഇപ്പോൾ... വരുണും..." തോരാത്ത മഴ പോലെയുള്ള ചിന്തകൾക്കൊപ്പം തോരാതെ കണ്ണുനീർ പെയ്തിറങ്ങി...

"ഇല്ല... വരുൺ ചതിച്ചിട്ടില്ല... എല്ലാം എന്റെ തെറ്റാണ്... ആ പാവത്തിന്റെ സ്വസ്ഥത കളഞ്ഞു... എന്നെ ഒരുപാട് സ്നേഹിച്ചിരുന്നു... കണ്ണുള്ളപ്പോൾ കാഴ്ചയുടെ വിലയറിയില്ല എന്ന് പറയുന്നതുപോലെ ഞാൻ അത് കാണാൻ ശ്രമിച്ചില്ല...

എന്റെ അവഗണന... എന്നെ നഷ്ടം ആകും എന്ന് ഉറപ്പായപ്പോൾ ഒരുപക്ഷെ അവന് കൈതാങ്ങായത് ആ വന്ദിതയാകും...

എന്നെ വേണ്ട എന്ന് പറഞ്ഞു ഒഴിഞ്ഞപ്പോൾ പോലും എല്ലാവരും കൂടെ എന്നെ തലയിൽ കെട്ടിവച്ചു... അതാണ് സത്യം...

പാവം എന്റെ വരുൺ... "എന്റെ " അല്ല... പാവം വരുൺ... ആ പാവത്തിന് നല്ലൊരു ജീവിതം കിട്ടിക്കോട്ടേ... "

ചിന്തകൾ അവളുടെ മനസ്സിന്റെ സമനില തന്നെ തെറ്റിക്കാൻ തുടങ്ങിയിരുന്നു...

"അപ്പോൾ നീയോ അനു..." അവൾ അവളോട് തന്നെ ചോദിച്ചു...

"ഞാനോ... ഞാൻ..." അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു... അത് പെട്ടന്ന് നേർത്ത ഒരു തേങ്ങലായി മാറി...

"എനിക്ക് എന്റെ വരുൺ ഇല്ലാതെ ഇനി ജീവിക്കാൻ ആകില്ല... എന്റെ വരുണിന് ഞാൻ ശല്യമാകാനും പാടില്ല... ഞാൻ... ഞാൻ ഇനി വേണ്ട..."

പിറ്റേന്ന് അതി രാവിലെ അനു എഴുന്നേറ്റു... വരുൺ നല്ല ഉറക്കമായിരുന്നു...

അവൾ ശബ്ദം ഉണ്ടാക്കി അവനെ ഉണർത്താതെ പരമാവധി ശബ്ദം കുറച്ച് കുളിച്ച് വന്നു വരുൺ വാങ്ങിക്കൊടുത്ത ചുരിദാർ എടുത്തിട്ടു...

അവൾ മുടി മാടി ഒതുക്കി പിന്നിലേക്ക് ക്ലിപ്പ് ഇട്ട് വച്ചു... കണ്ണുകൾ എഴുതി ചെറിയ ഒരു പൊട്ടും തൊട്ടു...

"ചത്ത് കിടന്നാലും ചമഞ്ഞു കിടക്കണം..." കണ്ണാടിയിലെ അവളുടെ പ്രതിബിംബം നോക്കി പറഞ്ഞു...

സിന്ദൂരം തൊടാനായി ചെപ്പ് തുറന്ന് ഒരു നുള്ളെടുത്തു അവൾ സീമന്തരേഖയിലേക്ക് കൈ കൊണ്ട് പോയി... പക്ഷെ അടുത്ത് എത്തിയതും അവൾ കണ്ണാടിയിൽ ഒരു തവണ കൂടി നോക്കി സിന്ദൂരം തിരികെ ചെപ്പിലേക്ക് തന്നെയിട്ട് കൊണ്ട് പറഞ്ഞു-

"അർഹത ഇല്ലാത്തത് ഇനി വേണ്ട..."

അനു റൂം തുറന്ന് പുറത്തേക്ക് വന്നു... ആരും എഴുന്നേറ്റിട്ടില്ല...

അവൾ വീടിന് പുറത്തേക്ക് വന്നു... പുറത്ത് സൂര്യൻ ഉദിച്ച് വരുന്നതെ ഉണ്ടായിരുന്നുള്ളു...

ക്ലിയോയുടെ കൂടിന് അടുത്തേക്ക് നടന്നു...

അവളെ കണ്ടതും ക്ലിയോ ചാടി എഴുന്നേറ്റ് വാലാട്ടി അടുത്തേക്ക് വന്നു..

അനു ചുണ്ടിൽ വിരൽ വച്ച് അവളോട് ശബ്ദമുണ്ടാക്കരുത് എന്ന് കാണിച്ചു...

"ക്ലിയോ... ചേച്ചി പോകുവാണേ... നല്ല കുട്ടിയായി അടങ്ങി കിടക്കണം... മോളെ കാണാൻ ചേച്ചി വരും... ഇനി ചേച്ചിയെ മോൾക്ക് മാത്രമേ  കാണാൻ ആകു... അങ്ങനെയാ ചേച്ചി കേട്ടിട്ടുള്ളത്... " അവൾ അതീവ സന്തോഷത്തോടു കൂടി ക്ലിയോയുടെ പുറത്ത് തലോടിയാണ് അത് പറഞ്ഞത്...

ക്ലിയോ വാലാട്ടിയും അവളുടെ ചുറ്റും നടന്നും സ്നേഹം പ്രകടിപ്പിച്ചു കൊണ്ടിരുന്നു...

"ചേച്ചി പോട്ടെ മോളെ..."

അനു അവളോട് യാത്ര ചോദിച്ചു കൊണ്ട്  പുറത്തേക്ക് ഇറങ്ങി...

അവൾക്ക് ക്ഷേത്രത്തിൽ പോയി ദേവിയെ ഒരു നോക്ക് കാണണം എന്ന് തോന്നി...

അനു ക്ഷേത്രത്തിലേക്ക് നടന്നു... നട തുറന്ന് നിർമാല്യം കഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു...

അവളെ കണ്ടതും സെക്രട്ടറി ചിരിച്ചു...

"ഐക്യമത്യ സൂക്താർച്ചന അല്ലേ മോളെ... "

അയാൾ അവളോട് ചോദിച്ചു... അനു പതിവായി ക്ഷേത്രത്തിൽ പോയി അവളുടെയും വരുണിന്റെയും പേരിൽ ഐക്യമത്യം നടത്തിയിരുന്നു...

അത് കേട്ട് അനുവിന്റെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു... നിസ്സഹായാവസ്ഥയുടെ പുഞ്ചിരി...

സെക്രട്ടറി വഴിപാടിന്റെ രസീത് എഴുതി അവളുടെ കയ്യിൽ ഏല്പിച്ചു...

അവൾ പൈസ നൽകി അത് നടയിൽ വച്ചിട്ട് ദേവിയെ നോക്കി തൊഴുതു...

പതിവായി ദേവിയോട് തന്റെ പരിഭവവും പിണക്കങ്ങളും പറയുന്നവൾ അന്ന് ഒന്നും മിണ്ടിയില്ല...

മുഴുക്കാപ്പ് (ചന്ദനചാർത്ത് ) ചാർത്തിയ പുഞ്ചിരിക്കുന്ന ആ ദേവി സ്വരൂപത്തിൽ നോക്കി തൊഴുത് നിന്നു... അവൾ പോലും അറിയാതെ അവളുടെ മിഴികൾ നിറഞ്ഞൊഴുകിക്കൊണ്ടേ ഇരുന്നു...

അനു പ്രസാദം പോലും വാങ്ങാൻ നിൽക്കാതെ വേഗം ക്ഷേത്രത്തിൽ നിന്ന് ഇറങ്ങി തിരിഞ്ഞ് നോക്കാതെ നടന്നു...

അവൾക് കുറച്ച് സമയം ഒറ്റക്കിരിക്കണം എന്ന് തോന്നി...

അനു നേരെ ബസ് സ്റ്റോപ്പിലേക്ക് നടന്നു...

കുറച്ച് സമയം കാത്തിരുന്നപ്പോളേക്കും ബസ് വന്നു...

അവൾ വ്യൂ പോയിന്റ് ബീച്ച് സ്റ്റോപ്പിൽ ഇറങ്ങി അവളുടെ ഏറ്റവും പ്രിയപ്പെട്ട സ്ഥലത്തേക്ക് നടന്നു...

***********

മനസ്സിൽ ഓരോ ചിന്തകളുടെ ഭാരം ഏറി വന്നത് കൊണ്ടാകും വരുണിന് ഉറക്കം ശരിയാകുന്നില്ലായിരുന്നു...

ഉറക്കത്തിൽ നിന്ന് എണീറ്റപ്പോൾ എല്ലാം അവന്റെ നോട്ടം നിലത്തേക്ക് ആണ് പോയത്...

തിരിഞ്ഞും മറിഞ്ഞും കിടന്നിരുന്നത് കൊണ്ട് അനുവിന്റെ അവസ്ഥയും വ്യത്യസ്തമല്ല എന്ന് വരുണിന് മനസ്സിലായിരുന്നു...

അവന്റെ മനസ്സിൽ കുറ്റബോധത്തിന്റെ അല അടിച്ചു കൊണ്ടിരുന്നു...

എങ്കിലും അല്പം മണിക്കൂറുകൾ കഴിഞ്ഞാൽ അനുവിനോട് സത്യങ്ങൾ എല്ലാം ഏറ്റ് പറഞ്ഞ് ഈ ഭാരമെല്ലാം വിട്ടൊഴിയാൻ ആകുമെന്നത് അവന് ആശ്വാസം പകർന്നു...

ഇടക്ക് എപ്പോഴോ ഉറങ്ങിപ്പോയ വരുൺ പതിവിലും നേരത്തെ ഞെട്ടി എഴുന്നേറ്റു...

അതും ഒരു ദുസ്വപ്നം കണ്ട് കൊണ്ട്...

"അനുവിനെ അജിത് ഉപദ്രവിക്കാൻ ശ്രമിക്കുന്നു എന്ന് ആയിരുന്നു ആ സ്വപ്നം... അവൾ തന്റെ പേര് വിളിച്ചു കൊണ്ട് കരയുന്നു..."

സ്വപ്നം കണ്ടത് ആണെന്ന് മനസ്സിലായപ്പോൾ അവന് ആശ്വാസം തോന്നി...

എഴുന്നേറ്റ ഉടനെ അവന്റെ നോട്ടം പോയത് നിലത്തേക്ക് ആണ്...

നിലത്ത് അനു ഇല്ല എന്ന് കണ്ടതോടു കൂടി അവന്റെ ആധി ഇരട്ടിച്ചു... എന്തോ അപകടം വരാൻ പോകുന്ന സൂചന എന്നവണ്ണം ഹൃദയമിടിപ്പിന്റെ വേഗത കൂടിക്കൂടി വന്നു...

വരുൺ കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റ് അനുവിനെ നോക്കി ബാത്റൂമിലേക്ക് പോയി...

അവിടയും അവൾ ഉണ്ടായിരുന്നില്ല... അവന്റെ ടെൻഷൻ ഏറിയേറി വന്നു...

വരുൺ വേഗം ഫോൺ എടുത്ത് അനുവിന്റെ നമ്പർ ഡയൽ ചെയ്തു...

"ദി നമ്പർ യു ആർ കോളിംഗ് ഈസ് കറന്റലി സ്വിച്ച്ട് ഓഫ്..."

ഫോണും ഓഫ്... വരുൺ അവളെ വീട് മുഴുവനും അന്വേഷിച്ചു...

അപ്പോഴേക്കും അച്ഛനും അമ്മയും ഉണർന്നിരുന്നു...

അവരും അവളെ വീട് മുഴുവനും അന്വേഷിച്ചു... എല്ലാവർക്കും ടെൻഷൻ തോന്നി...

വരുൺ ഫോൺ എടുത്ത് അനുവിനെ വീണ്ടും ട്രൈ ചെയ്തു...

ഫോൺ ഓഫ് ആണെന്ന് തന്നെ...

അച്ഛൻ അനുവിന്റെ വീട്ടിൽ വിളിച്ചു അന്വേഷിച്ചു... അവൾ അവിടെ ചെന്നോ എന്നറിയാൻ...

എന്നാൽ അവിടെയും അവൾ ചെന്നിരുന്നില്ല എന്ന് അറിയാനായി...

മകളെ കാണാനില്ലെന്ന വിവരം അറിഞ്ഞ, അനുവിന്റെ അച്ഛനും അമ്മയും ടെൻഷനിലായി...

അവൻ തിരികെ റൂമിൽ വന്നു തളർന്ന് തലക്ക് കൈയ്യും കൊടുത്ത് ഇരുപ്പായി...

അപ്പോൾ ആണ് മേശയുടെ പുറത്ത് പേപ്പർ വെയ്റ്റിന് താഴെയായി അനുവിന്റെ കൈയ്യക്ഷരം പതിഞ്ഞ ഒരു കത്ത് അവന്റെ ശ്രദ്ധയിൽ പെട്ടത്...

അവൻ അതെടുത്തു വായിച്ചു...

"

ഏറ്റവും പ്രിയപ്പെട്ട വരുണിന്,

വരുൺ പറഞ്ഞത് ശരിയാണ്... നമ്മൾ തമ്മിൽ ഒരിക്കലും ചേരില്ല... അത് വരുൺ പറയുന്നത് പോലെ വരുൺ എന്നിലും താഴെ ആയത് കൊണ്ടല്ല... മറിച്ച് ഈ "അവിഹിതക്കാരി" വരുണിലും എത്രയോ തഴയാണ്...

എന്നെ പോലെ ഒരു വഞ്ചകിയെ സഹിക്കേണ്ട ആവിശ്യം വരുണിനില്ല...

വരുണിന് വന്ദിതയെ ഇഷ്ടം ആണെന്ന് ഞാൻ മനസിലാക്കുന്നു...

ഞാൻ എന്ന ദുരന്തത്തെ വരുൺ എത്ര മാത്രം സ്നേഹിച്ചിരുന്നു എന്ന് എനിക്കറിയാം... ഞാൻ കാരണം വരുണിന് ഉണ്ടാക്കി വച്ച വേദനയും നാണക്കേടും ഞാൻ മനസിലാക്കുന്നു...

അതിൽ നിന്ന് വരുണിന് ഒരു മോചനം നൽകിയത് വന്ദിതയാകും എന്ന് കരുതുന്നു... നിങ്ങളാണ് ശരിക്കും ചേരുന്നത്...

നിങ്ങൾ സ്റ്റേറ്റ്സിൽ തന്നെ സെറ്റിൽഡ് ആവാൻ നോക്കുക...

നല്ലൊരു ജീവിതം ഉണ്ടാകട്ടെ എന്ന് ആശംസിച്ചു കൊണ്ട് നിർത്തുന്നു...

വരുൺ പറഞ്ഞത് പോലെ നമ്മൾ തമ്മിൽ പിരിയേണ്ടവർ ആണ്... പക്ഷേ മരണത്തിൽ കൂടി അല്ലാതെ വരുണിനെ വിട്ട് പോകില്ല എന്ന എന്റെ വാക്കിൽ നിന്നും എനിക്ക് മാറാനുമാകില്ല...

അതിനാൽ നമ്മൾ തമ്മിൽ ഇനി ഒരിക്കലും കാണില്ല... കാണാൻ പാടില്ല... എന്നെ അന്വേഷിക്കണ്ട... കാണാത്തത് കൊണ്ട് പോലീസിൽ പരാതിപ്പെടുകയും വേണ്ട...

ഒരുപാട് സ്നേഹത്തോടെ,

അനുപമ

"

നിറ കണ്ണുകളോടെയാണ് വരുൺ അത് വായിച്ചത്...

വിറയ്ക്കുന്ന അവന്റെ കൈയിൽ ഇരുന്ന ആ കടലാസിലെ പല അക്ഷരങ്ങളും കണ്ണുനീർ വീണ് മഷി പടർന്നിരുന്നത് അവൻ ശ്രദ്ധിച്ചു...

അച്ഛനും അമ്മയും റൂമിലേക്ക് വന്നപ്പോൾ കണ്ടതും അനുവിന്റെ കത്തും കൈയ്യിൽ പിടിച്ചു തലക്ക് കൈ കൊടുത്തിരുന്ന വരുണിനെയാണ്...

"എന്താടാ... എന്താ പറ്റിയത്..." അമ്മ വെപ്രാളത്തോടെ വരുണിനോട് ചോദിച്ചു...

അവൻ മറുപടി പറയാതെ അനുവിന്റെ കത്ത് അവർക്ക് നേരെ നീട്ടി...

"ചതിച്ചോ ദൈവമേ..." അമ്മ നെഞ്ചിൽ കൈ വച്ച് പറഞ്ഞ് കൊണ്ട് കട്ടിലിൽ ഇരുന്നു...

"ഇങ്ങനെ ഇരിക്കാതെ എന്റെ കുഞ്ഞിനെ അന്വേഷിക്കടാ..." അമ്മ കരഞ്ഞുകൊണ്ട് വരുണിനോട് അലറി...

അവനും എന്ത് വേണം എന്ന് അറിയില്ലായിരുന്നു...

വരുൺ വേഗം മുഖം കഴുകി ഡ്രെസ്സ് മാറി അവളെയും അന്വേഷിച്ചു കാറുമായി ഇറങ്ങി...

അനുവിനെ അന്വേഷിച്ചുള്ള യാത്രക്കിടയിൽ വരുൺ ഷാനയെ വിളിച്ചു...

ഷാന എണീറ്റിട്ടില്ലായിരുന്നു... വരുൺ രണ്ടാമതും ഡയൽ ചെയ്തപ്പോൾ ആണ് ഷാന ഉറക്കച്ചടവോടെ ഫോൺ എടുത്തത്...

"എന്താടാ വെളുപ്പാൻ രാവിലെ... നിന്റെ കെട്ടിയോള് പെറ്റോ..."

ഷാന ഫോൺ എടുത്ത് കൊണ്ട് ചോദിച്ചു...

"ഹലോ... ഷാന... അനു... അനു അവിടെയുണ്ടോ..." വരുണിന്റെ ശബ്ദം പതറിയിരുന്നു...

ഷാന അവന്റെ ശബ്ദത്തിലെ ഇടർച്ച മനസ്സിലാക്കി... അവൾക്കും ടെൻഷൻ തോന്നി...

"എന്താടാ... അനു ഇവിടെ വന്നിട്ടില്ല... എന്താ സംഭവിച്ചത്..."

വരുൺ സംഭവിച്ചതെല്ലാം വിശദമായിത്തന്നെ ഷാനയോടു പറഞ്ഞു...

"അള്ളോ... ഇത് എന്തൊക്കെയാണെടാ... ഇത്രത്തോളം കൊണ്ടെത്തിക്കണ്ടാരുന്നു..."

"എനിക്ക് അറിയില്ല... എനിക്ക് എന്ത് ചെയ്യണം എവിടെപ്പോയി അന്വേഷിക്കണം എന്ന് പോലും അറിയില്ലടി...

എല്ലാം ഇന്ന് കൊണ്ട് അവസാനിപ്പിക്കാം എന്ന് തന്നെയാ ഞാനും വിചാരിച്ചത്... അതിന്റെ ഇടയിൽ അവൾ പെട്ടന്ന് ഇങ്ങനെ ചെയ്യുമെന്ന് ഞാൻ വിചാരിച്ചില്ലടി... ഞാൻ വെക്കുവാടി..."

"ശരി... ഞാനും ഒന്ന് അന്വേഷിക്കട്ടെ..."

വരുൺ ഫോൺ കട്ട് ചെയ്ത്

പോക്കറ്റിലേക്ക് ഇട്ടതും വീണ്ടും ഫോൺ റിങ് ചെയ്തു...

"വന്ദിത കാളിങ്..."

വരുൺ ഫോൺ എടുത്തു...

"ഹലോ സാർ... ഉറക്കം എണീറ്റോ... എപ്പോളാ നിങ്ങൾ ഇങ്ങോട്ട് ഇറങ്ങുന്നത്..."

"ഹലോ... വന്ദിത... "

"എന്താടാ... എന്താ ശബ്ദം വല്ലാതെ ഇരിക്കുന്നത്..."

"അനുവിനെ കാണാനില്ല..."

"വാട്ട്???..."

വരുൺ അവളോടും കാര്യങ്ങൾ പറഞ്ഞു...

"നീ ടെൻഷൻ ആകേണ്ട വരുൺ... അവളെ നമുക്ക് കണ്ടെത്താം... ഞാനും മഹേഷും കൂടി ഒന്ന് അന്വേഷിക്കട്ടെ..."

"മ്മ്... "

അവൻ അനുവിന് കുഴപ്പം ഒന്നും സംഭവിച്ചു കാണരുതേ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ലക്ഷ്യമില്ലാതെ വണ്ടി ഓടിച്ചു കൊണ്ടിരുന്നു...

**********

അനു കൈവരി പോലെ ഭിത്തി കെട്ടിയിരുന്നിടത്ത് ഇരുന്നു കൊണ്ട് കടലിൽ തന്നെ നോക്കിയിരുന്നു...

ഉള്ളിലേക്ക് മാറി പൊതുവെ സന്ദർശകർ കുറവായിരുന്ന ഭാഗത്ത് രാവിലെ ആയിരുന്നതിനാൽ മറ്റാരും തന്നെ ഉണ്ടായിരുന്നില്ല...

അനു ഇരുന്നിരുന്ന ഭിത്തിയിൽ നിന്നും ഒരുപാട് താഴ്ചയിൽ കടൽ തീരമാല കല്ലിൽ വന്നു അടിച്ചു കൊണ്ടിരുന്നു...

അനു നിർവികാരയായി  കല്ലിൽ വന്നടിച്ചു ചിതറി തെറിക്കുന്ന തിരമാലകളിൽ നോക്കിയിരുന്നു...

കരഞ്ഞു കണ്ണീർ വറ്റിയത് കൊണ്ടാകും അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നില്ല...

എങ്കിലും ചാലിട്ടൊഴുകിയ കണ്ണുനീരിൻ്റെ പാടും, പടർന്ന കൺമഷിയും കലങ്ങിയ കണ്ണുകളും അവളുടെ സങ്കടത്തിന് ബാക്കിപത്രം എന്നവണ്ണം മുഖത്ത് അവശേഷിച്ചു...

അവളുടെ മനസ്സിലൂടെ വരുണിനെക്കുറിച്ചുള്ള ഓരോ ഓർമകളും കടന്ന് പൊയ്ക്കൊണ്ടിരുന്നു...

തന്റെ ആദ്യ പ്രണയം... അത് വരുൺ ആയിരുന്നു... അന്ന് തുറന്ന് പറയാനുള്ള ധൈര്യം തോന്നിയില്ല...

അതോർത്തപ്പോൾ ആ അവസരത്തിൽ പോലും അവളിൽ നാണത്തിന്റെ ഒരു ചെറുപുഞ്ചിരി വിരിഞ്ഞു...

ചെറുപ്പത്തിൽ... അതായത് ഓർമ്മ വച്ച സമയം മുതൽ അവൾ വരുണിനെ കണ്ടിരുന്നു...

അന്ന് വരുണിന് അവന്റെ "അനുക്കുട്ടി " ആയിരുന്നു അവൾ...

അച്ഛന്മാരുടെ ജോലി സ്ഥലത്ത് അടുത്ത അടുത്ത ക്വാട്ടേഴ്സിൽ ആയിരുന്നു രണ്ട് പേരും താമസിച്ചിരുന്നത്...

ചെറുപ്പത്തിൽ വരുണും ഒത്ത് അച്ഛനും അമ്മയും കളിച്ചത് അവളുടെ മനസ്സിലേക്ക് വന്നു... വരുൺ അച്ഛനും അവൾ അമ്മയും... അവളുടെ കുഞ്ഞി പാവക്കുട്ടി അവരുടെ കുഞ്ഞും...

അന്ന് വരുൺ ആയിരുന്നു അവൾക്കെല്ലാം... തിരിച്ചും അങ്ങനെ തന്നെയായിരുന്നു...

അങ്ങനെ ഇരിക്കെ സ്ഥലം മാറ്റം കിട്ടി അച്ഛന്റെ ഒപ്പം അവൾക്ക് പോകേണ്ടി വന്നു...

തിരികെ എത്തിയത് ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ...

കാണാതെ വർഷങ്ങൾ ഇരുന്നു എങ്കിലും അവനോടുള്ള കുഞ്ഞിഷ്ടം വളർന്നു വളർന്നു വന്നു...

അത് കൊണ്ട് തന്നെയാണ് തിരികെ എത്തിയതും വരുണിനെ കാണാൻ വേണ്ടി അച്ഛനോട് വാശിപിടിച്ച് അവൻ പഠിക്കുന്ന സ്കൂളിൽ തന്നെ ചേർന്നു...

അവന്റെ ക്ലാസ്സിൽ തന്നെ പഠിച്ചു...

"അനുക്കുട്ടീ..." എന്ന വരുണിന്റെ നീട്ടിയുള്ള വിളി കേൾക്കാനായി കാതോർത്തിരുന്നു അവൾ....

എന്നാൽ ആദ്യ കുറച്ച് ദിവസങ്ങൾ കൊണ്ട് തന്നെ അവൾക്ക് മനസ്സിലാക്കാനായി, അവൻ ഒരുപാട് മാറിപ്പോയിരുന്നുവെന്ന്... നമ്പർ വൺ തല്ലിപ്പൊളിയാണവൻ എന്ന്...

കുറെ കാലങ്ങൾക്ക് ശേഷം കണ്ടിട്ടും വരുൺ കണ്ടു മിണ്ടി എന്നല്ലാതെ കാര്യമായി ഒന്ന് സംസാരിക്കുക പോലും ചെയ്തില്ല എന്നത് അവളിൽ ഒരുപാട് വേദന അന്നുണ്ടാക്കി...

രണ്ട് വർഷങ്ങൾ കൊഴിഞ്ഞു പോയി... ഇതിന്റെ ഇടയിൽ എപ്പോളോ അവനോടുള്ള ഇഷ്ടം, അതോ താല്പര്യമോ... അത് പ്രണയമായി വളർന്നു...

അവനെ ഇമ്പ്രെസ്സ് ചെയ്യാൻ വേണ്ടി നന്നായി പഠിച്ചു... എല്ലാത്തിലും മുന്നിട്ട് നിന്നത് അവന്റെ ശ്രദ്ധക്ക് വേണ്ടിയായിരുന്നു...

നേരിട്ട് തുറന്ന് പറയാനുള്ള മടി കൊണ്ട് ചില സൂചനകൾ കൊടുത്തു... നേരാവണ്ണം ക്ലാസ്സിൽ പഠിപ്പിക്കുന്നത് മനസ്സിലാകാത്തവന് എന്റെ സൂചനകൾ എങ്ങനെ മനസ്സിലാക്കാൻ...

എന്നാൽ ഇതൊന്നും വക വെക്കാതെ ആറു ബിയിലെ ആർദ്രയുടെ പിന്നാലെ അവൻ പോയത് സഹിക്കാൻ ആയില്ല...

ആ വിഷമത്തിൽ പറ്റുന്ന പോലെയല്ലാം അവന് പാര പണിതു... വീട്ടിലും സ്കൂളിലും...

സ്നേഹം ശത്രുതയായിക്കൊണ്ടിരുന്നു... പരസ്പരം കടിച്ച് കീറുന്ന കീരിയും പാമ്പും പോലെയായി അവളും അവനും...

അങ്ങനെ പോകവേ അവൾ അറിഞ്ഞു, അവൻ ആർദ്രയോട് ഇഷ്ടമാണെന്ന് പറഞ്ഞു എന്ന്... അവന്റെ പ്രോപ്പസൽ കേട്ട ആർദ്ര ഒന്നും മിണ്ടാതെ ചിരിച്ചു കൊണ്ട് പോയി എന്നും...

സഹിക്കാൻ ആയില്ല... എന്തൊക്കെ ആയാലും ഒരിക്കൽ അവൻ അവളെ സ്നേഹിക്കും എന്നവൾ വിശ്വസിച്ചിരുന്നു... ഭ്രാന്ത് പിടിക്കുന്നത് പോലെ തോന്നി അവൾക്ക്...

നേരെ പോയി ക്ലാസ്സ് ടീച്ചറിനോട് കാര്യം പറഞ്ഞു... പ്രണയം എന്ന വാക്ക് അവർക്ക് അലർജി ആണെന്ന് തോന്നുന്നു...

നല്ല പൂരം ആയിരുന്നു...

അതിന്റെ ദേഷ്യം തീർക്കാൻ മുഖം അടച്ചു ഒരെണ്ണം അവന്റെ കയ്യിൽ നിന്നും കിട്ടി...

ചോര വന്നു അവളുടെ മുക്കിൽ നിന്നും... വരുണിന്റെ കയ്യിൽ നിന്ന് അടി കിട്ടിയ വിഷമം, ചോര വന്നത്... എല്ലാം ആയപ്പോൾ ബോധം നഷ്ടമായി... ആരൊക്കയോ വന്ന് പൊക്കികൊണ്ട് ഹോസ്പിറ്റലിൽ പോയി...

പിന്നീട് ആണ് അറിഞ്ഞത് വരുണിനെ അവന്റെ അച്ഛൻ തല്ലി പതം വരുത്തി എന്ന്... അതോടെ അവന്റെ സ്കൂളും മാറ്റി...

അന്നൊരുപാട് സങ്കടപ്പെട്ടു... കുറെ ദിവസം കരഞ്ഞു...

അതിന് ശേഷം ഒരുപാട് പേര് പ്രേമം എന്ന് പറഞ്ഞ് പിന്നാലെ നടന്നപ്പോൾ എല്ലാം വരുൺ ആയിരുന്നു മനസ്സിൽ... എല്ലാവരോടും "നോ" എന്ന് തന്നെ പറഞ്ഞു പോന്നു...

കാലങ്ങൾ പിന്നിട്ടപ്പോൾ ആ ഇഷ്ടവും എവിടെയോ പോയി മറഞ്ഞു...

പിന്നെയാണ് അജിത് എന്ന കാലൻ അവളുടെ ജീവിതം തകർക്കാനായി ഒരു കരി നിഴൽ പോലെ കടന്ന് വന്നത്...

അതിപ്പോൾ ഇങ്ങനെയായി നില്കുന്നു...

പിന്നീട് വരുണിനെ കാണുന്നത് വിവാഹ വേദിയിൽ വച്ചാണ്... പക്ഷെ അന്ന് കണ്ടപ്പോൾ ദേഷ്യമാണ് തോന്നിയത്...

ഒരുപക്ഷെ, അന്നേ അവളുടെ പ്രണയം  അവൻ തിരിച്ചറിഞ്ഞിരുന്നേൽ എന്ന് എത്ര തവണ അവൾ കൊതിച്ചിരുന്നു...

അങ്ങനെ ആണെങ്കിൽ എന്നും സ്വസ്ഥതയുള്ള ഒരു ജീവിതം ഇതിനോടകം അവർക്ക് കെട്ടിപ്പടുക്കാൻ ആയിരുന്നേനെ...

ഈ നിമിഷം... അതൊരിക്കലും വന്ന് ചേരില്ലായിരുന്നു...

അവളുടെ മനസ്സ് ആ ചിന്തയോടൊപ്പം തേങ്ങി...

വിവാഹ ശേഷം വരുണുമായി തല്ല് കൂടിയതും... ഓരോ കാര്യങ്ങൾ പറഞ്ഞു പിണങ്ങിയതും... കൊച്ച് കുട്ടികളുടെ പോലെയുള്ള അവന്റെ പെരുമാറ്റം...

സത്യങ്ങൾ എല്ലാം അറിഞ്ഞപ്പോൾ വരുണ് ഒരുപാട് ഒരുപാട് അകന്ന് പോയി...

അപ്പോൾ മാത്രമാണ് അവൾക്ക് പോലും മനസ്സിലായിരുന്നത് എത്ര മാത്രം അവൾ അവനെ സ്നേഹിച്ചിരുന്നു എന്നത്...

പിന്നീട് പിരിയുന്നതിന്റെ അറ്റം വരെ എത്തിയപ്പോൾ അവൾ ആകെ തകർന്നു പോയിരുന്നു...

നഷ്ടമാകാൻ പോകുന്നു എന്നറിയുമ്പോൾ മാത്രമാണ് പലതിന്റെയും യഥാർത്ഥ വില മനസ്സിലാക്കാൻ മനുഷ്യനാകുന്നത്...

ആ ഒരു നിമിഷം ദുരഭിമാനം, ഈഗോ, കോംപ്ലക്സ്, നാണം അങ്ങനെ സകല ചങ്ങല പൂട്ടും ഭേദിച്ചുകൊണ്ട് അവനിലെ സത്വത്തെ വെളിവാക്കുന്നു...

കോടതി മുറിയിൽ അനുവിന് സംഭവിച്ചതും അത് തന്നെയായിരുന്നു...

അതിന് ശേഷം ആ മനസ്സിൽ കയറിപ്പറ്റാൻ എന്തെല്ലാം ചെയ്തു കൂട്ടി... അതെല്ലാം നൂറ് ശതമാനം ആത്മാർത്ഥയോട് കൂടി തന്നെയായിരുന്നു...

അവന്റെ നെഞ്ചിൽ തല ചേർത്ത് കിടന്ന കുറച്ച് സമയം അവൾ അനുഭവിച്ച സുരക്ഷിതത്വം...

പൂർണമായി അവന് തന്നെ സമർപ്പിക്കാൻ തയ്യാറായി തന്നെയാണ് അവൾ അന്ന് ഉണ്ടായിരുന്നത്... പക്ഷെ തനിക്ക് അതിനുള്ള അർഹതയില്ല എന്നവൾ ഇന്ന് മനസിലാക്കുന്നു...

ഒരു പെണ്ണിനെ പൂർണതയിലേക്ക് എത്തിക്കുന്നത് ഭർത്താവിന്റെ സാമീപ്യവും സ്നേഹവും തന്നെയാണ് എന്ന് തിരിച്ചറിഞ്ഞ നിമിഷങ്ങൾ ആയിരുന്നു അത്...

തന്നെ പോലെ ഒരു പെണ്ണിന് വരുണിൽ നിന്നും അത്രയും കിട്ടിയത് തന്നെ ഭാഗ്യം എന്നവൾ കരുതി...

എല്ലാത്തിനും സഹായമായി കൂട്ട് നിന്നത് ഷാനയായിരുന്നു...

ഒരുപക്ഷെ അവളില്ലായിരുന്നു എങ്കിൽ ഇതിനോടകം ഇന്ന് സംഭവിക്കാൻ പോകുന്നത് എല്ലാം സംഭവിച്ചേനെ...

ഷാന ഒരാൾ ഉണ്ടയാത് കൊണ്ട് മാത്രം വരുണും ഒത്തുള്ള കുറച്ച് നല്ല നിമിഷങ്ങൾ കിട്ടി... അനുവിന് ഷാനയോടു ഒരുപാട് നന്ദിയും കടപ്പാടും തോന്നി...

"അവളോട് ഒരു യാത്ര പോലും ചോദിക്കാതെ പോകുന്നത് നന്ദി കേടാകും..." അനു ആലോചിച്ചു...

അവൾ കയ്യിലിരുന്ന പേഴ്സിൽ നിന്നും ഫോൺ എടുത്തു...

ഒരു നിമിഷം ആലോചിച്ചിട്ട് സ്വിച്ച് ഓൺ ചെയ്തു...

"53 മിസ്സ്ഡ് കോൾസ് " മെസ്സേജ് നോട്ടിഫിക്കേഷൻ ഫോൺ ഓൺ ആക്കിയപ്പോൾ തന്നെ വന്നു...

അവൾ അതൊന്നും ശ്രദ്ധിക്കാതെ ഷാനയുടെ നമ്പർ ഡയൽ ചെയ്തു...

എന്തോ ഓർത്തിട്ടെന്ന പോലെ പെട്ടന്ന് ഫോൺ കട്ട് ആക്കി...

"വിളിച്ചാൽ ശരിയാകില്ല..."

അനു വാട്സ്ആപ്പ് എടുത്ത് വോയിസ് മെസ്സേജ് അയച്ചു...

അനു മെസ്സേജ് സെന്റ് ആക്കി ഫോൺ വീണ്ടും ഓഫ് ആക്കാൻ തുടങ്ങി...

**********

എങ്ങോട്ടെന്ന് അറിയാതെ ആധി പിടിച്ചു വരുൺ അനുവിനെ അന്വേഷിച്ചു കൊണ്ട് കാർ പായിച്ചു കൊണ്ടിരുന്നു...

അനുവിന്റെ അച്ഛന്റെ നിർദേശപ്രകാരം അവൾ പോകാൻ സാധ്യതയുള്ള ഒരുവിധം സ്ഥലങ്ങളിൽ വരുൺ അന്വേഷിച്ചിരുന്നു...

വരുണിന്റെ മനസ്സിലേക്ക് അനുവിനെ പറ്റിയുള്ള ഓർമ്മകൾ ഓടിയെത്തികൊണ്ടിരുന്നു...

ഓർമ വച്ച കാലം മുതൽ അവളെ കണ്ടിരുന്നു...

"അപ്പൂസിന്റെ അനുക്കുട്ടി..."

ഓർമ്മകളോടൊപ്പം അവന്റെ മുഖത്ത് ഒരു ചെറിയ മന്ദഹാസം വിരിഞ്ഞു...

ചെറുപ്പത്തിൽ അവനെ അനുവിന്റെ അച്ഛൻ വിളിച്ചിരുന്ന പേരാണ് "അപ്പൂസ്"...

അനുക്കുട്ടിയോടൊപ്പം മണ്ണപ്പം ചുട്ട് കളിച്ചതും, ഊഞ്ഞാലാടിയതും, ഊഞ്ഞാലിൽ നിന്ന് വീണ് അനുക്കുട്ടിയുടെ മുട്ട് പൊട്ടിയപ്പോൾ കമ്മ്യൂണിസ്റ്റ് പച്ച പറിച് തേച്ചതും, അച്ഛനും അമ്മയും കളിച്ചപ്പോൾ അനുക്കുട്ടിക്ക് ഉമ്മ കൊടുത്തതും, ഉമ്മ വച്ചാൽ കുട്ടികൾ ഉണ്ടാകും എന്ന് പേടിച്ചു അനുക്കുട്ടി കരഞ്ഞതുമെല്ലാം അവന്റെ മനസ്സിൽ ഒരു സിനിമയിൽ എന്ന പോലെ ഓടിക്കൊണ്ടിരുന്നു...

സ്ഥലം മാറ്റം കിട്ടി ചന്ദ്രൻ അങ്കിൾ പോകാൻ ഇറങ്ങിയപ്പോൾ, അവന്റെ അനുക്കുട്ടി ഓടി വന്ന് കെട്ടിപ്പിടിച്ചു കരഞ്ഞതും ഉമ്മ തന്നതും അവൻ കരയുന്നത് ആരും കാണാതെ

ഇരിക്കാൻ അവളെ തള്ളി മാറ്റി റൂമിൽ കയറി ഒളിച്ചിരുന്നതും, എല്ലാം ഇന്നലെ കഴിഞ്ഞത് പോലെ...

പിന്നീട് അവളെ ഒരു നോക്ക് കാണാൻ ഒരുപാട് കാത്തിരിക്കേണ്ടി വന്നു...

വർഷങ്ങൾക്ക് ശേഷം അവളെ കണ്ടപ്പോൾ അവൾക് പഴയത് എല്ലാം ഓർമയുണ്ടാകുമോ എന്ന ഭയമായിരുന്നു അവന് ...

അനുക്കുട്ടീ എന്ന് വിളിച്ച് ഓടി ചെല്ലാൻ മനസ്സ് പലപ്പോഴും കൊതിച്ചു എങ്കിലും ആ ഭയം പിന്നോട്ടേക്ക് വലിച്ചു...

തിരികെ വന്ന അവൾ പണ്ടുള്ളത് പോലെ സംസാരവുമില്ലായിരുന്നു... ഒരുപക്ഷെ, സ്കൂളിലെ തന്നെ തല്ലിപ്പൊളി എന്ന പേരുടുത്ത അവന്റെ സഖിയാണ് എന്ന് പറയാൻ അവൾക് മടി തോന്നിയാതാകും എന്നവൻ ചിന്തിച്ചു...

എന്തോ അകൽച്ച അവരുടെ ഇടയിൽ വന്നത് പോലെ... എങ്കിലും അനുക്കുട്ടി അടുത്തുള്ളത് അവന് എന്തോ പറഞ്ഞറിയിക്കാൻ ആവാത്ത ആശ്വാസമായിരുന്നു...

ആ വർഷം " റോമിയോ ആൻഡ് ജൂലിറ്റ് " എന്ന പാഠ ഭാഗം ഇംഗ്ലീഷിൽ പഠിക്കാൻ ഉണ്ടായിരുന്നു...

അപ്പോൾ ആണ് അവൻ പ്രണയത്തെ പറ്റി മനസ്സിലാക്കിയത്...

അനുക്കുട്ടി ഒരു ദിവസം ക്ലാസ്സിൽ വന്നില്ല എങ്കിൽ അവനുണ്ടാകുന്ന ടെൻഷൻ... അവൻ പതിയെ മനസ്സിലാക്കി... അവന് പ്രണയമാണ് അവളെന്ന്...

പക്ഷെ പേടിയായിരുന്നു അവന് തുറന്ന് പറയാൻ... പറഞ്ഞാൽ ഇപ്പോൾ ഉള്ള മിണ്ടാട്ടം കൂടി അവൾ നിർത്തുമോ എന്ന ഭയം അവനെ പിടിമുറുക്കി...

പഠിത്തത്തിൽ ഫസ്റ്റ്, പങ്കെടുക്കുന്നതിൽ എല്ലാം ഫസ്റ്റ്... അങ്ങനെയുള്ള അവൾ അവനെ ഇഷ്ടപ്പെടുമോ എന്ന ചിന്ത അവനെ അലട്ടിക്കൊണ്ടിരുന്നു...

അവൻ തന്റെ സങ്കടങ്ങളും ഭയവുമെല്ലാം ഇറക്കി വച്ചിരുന്നത് തൃപ്പങ്കോട് അമ്മയുടെ മുന്നിലായിരുന്നു...

അച്ഛന്റെ കീശയിൽ നിന്നും ഇരുപത്തിയഞ്ച് പൈസ നാണയവും അൻപത് പൈസ നാണയാവും കട്ടെടുത്തു സ്കൂളിലേക്കുള്ള വഴിയിൽ ആരും കാണാതെ ക്ഷേത്രത്തിൽ കയറി ദേവിയുടെ മുന്നിൽ കാണിക്ക സമർപ്പിച്ചു ഒന്നേ അവന് പ്രാർത്ഥിക്കാനുള്ളായിരുന്നു...

അനുക്കുട്ടിക്ക് തന്നെ ഇഷ്ടമാവണെയെന്ന്, അനുക്കുട്ടിയെ കല്യാണം കഴിക്കാൻ ആവണേയെന്നു...

ആ പ്രാർത്ഥന ദേവി അന്ന് കേട്ടിരുന്നോ...???

എട്ടാം ക്ലാസ്സിൽ വച്ച് അനുക്കുട്ടി ചെറിയ രീതിയിൽ അടുത്ത് വരാൻ തുടങ്ങി എന്ന് മനസ്സിൽ തോന്നിയ സമയം...

അവൾക്ക് അവനെ ഇഷ്ടമാണ് എന്ന് തോന്നിപ്പിക്കുന്ന സൂചനകൾ വന്നപ്പോളാണ് "ബുജി മനു " അവരുടെ ഇടയിലേക്ക് വന്നത്...

അനുവിന് ക്ലാസ്സിൽ കട്ട കോമ്പറ്റിഷൻ കൊടുത്ത അവൻ അവളുമായി അടുത്തു വരുന്നു എന്ന് കണ്ടപ്പോളാണ് ഇഷ്ടം തുറന്ന് പറയാം എന്ന് കരുതിയിരുന്ന അവൻ വേണ്ട എന്ന് വച്ചത്...

പക്ഷെ അവൾക്ക് തന്നോട് ഇഷ്ടമുണ്ടോ എന്ന് അവന് അറിഞ്ഞേ മതിയാകുള്ളായിരുന്നു...

അതിനായി അവൻ ആലോചിച്ചു കണ്ടെത്തിയ വഴിയായിരുന്നു മറ്റൊരു പെണ്ണിനെ ഇഷ്ടമാണ് എന്ന് അവളെ അറിയിക്കുക...

അവൻ അത് തന്നെ ചെയ്തു...

ആറാം ക്ലാസ്സിലെ സുന്ദരിപ്പട്ടം കിട്ടിയ അർദ്രയുടെ പിന്നാലെ നടക്കാൻ തുടങ്ങി...

പലര് വഴിയും അനുവിനെ അവൻ തന്നെ അത് അറിയിച്ചു...

പക്ഷെ അവൾ സ്നേഹം ഉള്ള ലക്ഷണം കാണിച്ചില്ല എന്ന് മാത്രമല്ല പലപ്പോഴും പാര വെപ്പും തുടങ്ങി...

അനുവിന് വേണ്ടി അർദ്രയുടെ പിന്നാലെ നടന്നു അവൾ വീഴും എന്ന് ആയെങ്കിലും അനു കുലുങ്ങിയില്ല...

ദേഷ്യം തോന്നി ഒരുപാട്... ഏറ്റവും കൂടുതൽ ദേഷ്യം തോന്നിയത് തൃപ്പങ്കോട് അമ്മയോട് ആണ്... അത്രയും ആത്മാർത്ഥയോട് പ്രാർത്ഥിച്ചിട്ടും അനുവിനെ നഷ്ടമായത് സഹിക്കാൻ ആയില്ല...

അനുവിനോട് ഉള്ള ദേഷ്യത്തിന്റെ പുറത്താണ് അർദ്രയോട് ഇഷ്ടമാണ് എന്ന് പറഞ്ഞത്...

പക്ഷെ അനു അത് ക്ലാസ്സ് ടീച്ചറിനോട് പറയും എന്ന് സ്വപ്നത്തിൽ കരുതിയില്ല...

അതോടെ അവന് ഉറപ്പായി അനുവിന് അവനോടു പ്രണയമില്ല എന്ന്...

കൂടെ പാരവെപ്പും കൂടി ആയപ്പോൾ നിയന്ത്രിക്കാൻ അവനായില്ല...

മുഖം അടച്ച് ഒരെണ്ണം കൊടുത്തു...

അവളുടെ മുക്കിൽ നിന്നും ചോര വന്നു ബോധം പോയി അവൾ വീണപ്പോൾ ശരിക്കും പേടിച്ചിരുന്നു...

അച്ഛൻ അന്ന് കെട്ടിയിട്ട് തല്ലിയപ്പോൾ പോലും വേദന തോന്നിയില്ല... അവളെക്കുറിച്ചുള്ള ടെൻഷൻ മാത്രമായിരുന്നു...

പിന്നീട് സ്കൂളും മാറ്റി... അതിൽ സന്തോഷം തന്നെ ആയിരുന്നു...

അവളെ മറക്കാൻ അവിടുന്ന് മാറുക കാണാതെ ഇരിക്കുക എന്ന സന്തോഷം...

വർഷങ്ങൾക്കിപ്പുറം അനുവിനെ അവളുടെ വിവാഹ ദിവസം കണ്ടപ്പോൾ അവന് മനസ്സിൽ ഒരു നൊമ്പരം തോന്നി...

പഴയ അനുക്കുട്ടിയോടുള്ള ഇഷ്ടം വീണ്ടും മനസ്സിൽ തളിർ നാമ്പിട്ടു... മിനിട്ടുകൾ കഴിഞ്ഞാൽ മറ്റൊരാളുടെ മിന്ന് അവളുടെ കഴുത്തിൽ വീഴുമ്പോൾ കരിഞ്ഞ് പോകും എന്ന് ഉറപ്പുള്ള നാമ്പ്...

എന്നാൽ അവളുടെ കഴുത്തിൽ താലി ചാർത്തുമ്പോൾ എന്ത് വികാരം ആണെന്ന് പോലും ഓർമ്മിക്കാൻ ആവുന്നില്ല...

അത്രമാത്രം സന്തോഷമായിരുന്നു... സാക്ഷത്കാരമായിരുന്നു...

അവളുമൊത്തുള്ള കുഞ്ഞ് വഴക്കുകളും പിണക്കങ്ങളും അവളുടെ വാശിയും എല്ലാം എല്ലാം ഒരു ലഹരി പോലെ അവൻ ആസ്വദിക്കുകയായിരുന്നു...

അവൾക്ക് മറ്റൊരാളെ ഇഷ്ടം ആണെന്ന് അറിഞ്ഞപ്പോൾ തകർന്നു പോയിരുന്നുവെങ്കിലും അവളുടെ ആഗ്രഹം സാധിച്ചു കൊടുക്കാൻ വേണ്ടി തന്നെയാണ് അവൻ ശ്രമിച്ചതും... പക്ഷെ...

അവനെ ഓർമകളിൽ നിന്നും ഉണർത്തിക്കൊണ്ട് ഫോൺ ബെൽ അടിച്ചു...

"ഷാന കാളിങ്..." ഡിസ്പ്ലേയിൽ തെളിഞ്ഞു...

അവൻ വേഗം ഫോൺ എടുത്തു...

***********

ഷാന നല്ല ടെൻഷനിൽ ആയിരുന്നു... പല തവണ അവൾ അനുവിനെ വിളിച്ച് നോക്കി...

അവർ സ്ഥിരം പോകാറുള്ള സ്ഥലങ്ങൾ അന്വേഷിക്കാൻ ഷാനയും വണ്ടി എടുത്ത് പുറത്ത് ഇറങ്ങിയിരുന്നു...

അപ്പോൾ ആണ് അവൾക്ക് വാട്സാപ്പിൽ ഒരു നോട്ടിഫിക്കേഷൻ വന്നത്...

"അനുപമ..." നോട്ടിഫിക്കേഷൻ ബാറിലെ പേര് തെളിഞ്ഞത് കണ്ടതും ഷാന പെട്ടന്ന് വണ്ടി സൈഡിൽ ഒതുക്കി നിർത്തി ഫോൺ എടുത്തു നോക്കി...

വാട്സ്ആപ്പ് തുറന്ന് അവൾ വേഗം മെസ്സേജ് പ്ലേ ചെയ്തു...

//"എല്ലാത്തിനും ഒരുപാട് നന്ദി ഷാന... നീ ഉള്ളത് കൊണ്ട് മാത്രമാണ് ഞാൻ ഇപ്പോളും ജീവനോടെ ഇരിക്കുന്നത്... എന്നും നിനക്ക് നന്മയുണ്ടാകും..."

//

അനു ആത്മഹത്യാ ചെയ്യാൻ ഉറപ്പിച്ചു എന്ന് മനസ്സിലാക്കി അവൾ ആകെ ഭയന്ന് പോയിരുന്നു...

ഷാന വേഗം അനുവിന് തിരികെ ഒരു വോയിസ് അയച്ചു...

മെസ്സേജ് റിസിവ് ആയ ഡബിൾ ടിക്ക് വീണിരുന്നു... പക്ഷെ മെസ്സേജ് റീഡ് ആയി എന്ന ബ്ലൂ ടിക്ക് വീണില്ല...

ഷാന വേഗം അനുവിന്റ നമ്പർ ഡയൽ ചെയ്തു... സ്വിച്ഡ് ഓഫ് എന്ന് തന്നെ കേൾക്കാനായി...

അവൾ വീണ്ടും ആ മെസ്സേജ് പ്ലേ ചെയ്തു...

അപ്പോൾ ആണ് അവൾ ഒരു കാര്യം ശ്രദ്ധിക്കുന്നത്... മെസ്സേജിന്റെ പശ്ചാത്തലത്തിൽ കടൽ ഇരമ്പുന്ന ശബ്ദം...

അനു ഏതോ ബീച്ചിൽ ആണെന്ന് അവൾക്ക് ഉറപ്പായി...

പക്ഷെ ഏഴ്-എട്ട്  ബീച്ച് ഉള്ള അവിടെ ഏത് ബീച്ചിൽ ആണെന്ന് അവൾക്ക് കത്തിയില്ല...

അവൾ വേഗം വരുണിനെ വിളിച്ചു വിവരം പറയുവാനായി...

********

"ഹലോ... ഡാ... അനു... അനു എനിക്കൊരു വോയിസ് മെസ്സേജ് അയച്ചു..."

വരുൺ ഫോൺ എടുത്തതും എന്തെങ്കിലും പറയാൻ ആവുന്ന മുൻപേ ഷാന പറഞ്ഞു...

വരുൺ പെട്ടന്ന് വണ്ടി ബ്രേക്കിട്ട് നിർത്തി സൈഡിൽ ഒതുക്കി...

"ഡീ... അവൾ... അവൾ എന്താണ് പറഞ്ഞത്..."

"അതല്ല പ്രധാനം... അവൾ... അവൾ ഏതോ ബീച്ചിൽ ഉണ്ട്..."

"ബീച്ചിലോ... നീ വെക്തമായി പറ ഷാന..."

"ഡാ... അവൾ സൂയിസൈഡ് ചെയ്യാൻ വേണ്ടി ഏതോ ബീച്ചിൽ ഉണ്ട്... ഇവിടെ കുറെ ബീച്ച് ഇല്ലേ... അവൾ അവിടെ എല്ലാം പോകും... ഏതാ എന്ന് വച്ചാ... ഞാൻ ആലോചിച്ചിട്ട് ഒന്നും കിട്ടുന്നില്ല... എന്തായാലും വേഗം കണ്ട് പിടിക്കണം... അല്ലങ്കിൽ അവളെ നമുക്ക് നഷ്ടമാകും..."

"അയ്യോ... നിനക്ക് അപ്പോളെ സത്യമെല്ലാം പറഞ്ഞു കൂടാരുന്നോ..."

"ഞാൻ പറഞ്ഞഡാ... അബത്തം ഒന്നും കാണിക്കരുത്... നിനക്ക് അവളെ ഇഷ്ടമാണ്... എല്ലാം നിന്റെ പ്ലാൻ ആണെന്ന് ഞാൻ മെസ്സേജ് അയച്ചു... ഡബിൾ ടിക്ക് വീണു, പക്ഷെ അവൾ മെസ്സേജ് റീഡ് ചെയ്തിട്ടില്ല... വിളിച്ചപ്പോൾ സ്വിച്ചഡ് ഓഫ്..."

"ദൈവമേ..." വരുണിന്റെ കയിൽ നിന്നും ഫോൺ തെറ്റി താഴേക്ക് പോയി... അവൻ കരഞ്ഞു കൊണ്ട് സ്റ്റീറിങ്ങിൽ പിടിച്ച് അതിലേക് തല വച്ചു കിടന്നു...

"ബീച്ച്... സൂയിസൈഡ്..." വരുണിന്റെ മനസ്സിലൂടെ ചിന്ത പോയി...

പെട്ടന്നാണ് അവന്റെ മനസ്സിൽ അനു എവിടെയാകും എന്ന ബുദ്ധി ഉദിച്ചത്...

"ആളുകൾ അധികം വരാത്ത കടലിനോടു ചേർന്ന സ്ഥലം ... അനു വേറെ എങ്ങും പോകാൻ വഴിയില്ല... ക്ലിഫ് പോയിന്റ് ബീച്ച്..."

വരുൺ വേഗം താഴേക്ക് വീണ ഫോൺ എടുത്തു...

"ഹലോ... വരുണേ.. ഡാ..."

ഷാന കാൾ കട്ട് ചെയ്തിരുന്നില്ല... അപ്പുറത്തു നിന്നും ഷാനയുടെ ശബ്ദം അവൻ കെട്ടു...

"ഡീ... അവൾ ക്ലിഫ് പോയിന്റ് ബീച്ചിൽ ആകും ഉള്ളത്... അത് ഉള്ളിലേക്ക് മാറിയിട്ട് ആണ്... ആരും വരികയുമില്ല... നീ വേഗം അങ്ങോട്ട് വാ... വന്ദിതയോടും അങ്ങോട്ടേക്ക് വരാൻ പറ... ഞാൻ പറഞ്ഞാൽ ചിലപ്പോൾ അവൾ വിശ്വസിക്കില്ല..."

***********

ഷാനക്ക് മെസ്സേജ് അയച്ച് ഫോൺ ഓഫാക്കാൻ തുടങ്ങിയതും ഉടനെ തന്നെ അനുവിന് റിപ്ലൈ വന്നു...

അത്ര പെട്ടന്ന് ഒരു റിപ്ലൈ പ്രതീക്ഷിച്ചിരുന്നില്ല അനു...

അവൾ തന്നെ പിന്തിരിപ്പിക്കാൻ ശ്രമിക്കും എന്ന് ഉറപ്പുള്ളത് കൊണ്ട് അനു വാട്സ്ആപ്പ് തുറക്കാൻ നിൽക്കാതെ വേഗം തന്നെ ഫോൺ ഓഫ് ആക്കി വച്ചു...

കുറച്ച് സമയം കൂടി കടലിനെ നോക്കിയിരുന്നു അവളുടെ ജീവിതത്തിൽ ഉണ്ടായ ഓരോ സംഭവങ്ങളും, തെറ്റുകളും വിശകലനം ചെയ്തു...

"ഭീരുക്കൾ ആണ് ആത്മഹത്യ ചെയ്യുന്നത്..." അവൾ മനസ്സിൽ ഓർത്തു...

മരിക്കാനായി കടലിലേക്ക് നോക്കിയപ്പോൾ അവൾക്ക് ഭയം തോന്നി...

"ഭീരുക്കൾ അല്ല... ഒരു വെക്തി ഏറ്റവും ഭയക്കുന്നത് അയാളുടെ മരണമാണ്... അസാമാന്യ ധൈര്യം വേണം മരിക്കാൻ..." അവളുടെ മനസ്സിനെ അവൾ തന്നെ പറഞ്ഞ് പഠിപ്പിക്കാൻ തുടങ്ങി...

കുറച്ച് നേരം കണ്ണടച്ചിരുന്നവൾ ധൈര്യം സംഭരിച്ചു... അതിന് ശേഷം അവൾ ഇരുന്നിരുന്ന ഭിത്തിയുടെ മുകളിൽ കയറി നിന്നു...

"എന്നും എനിക്ക് ഏറ്റവും പ്രിയപ്പെട്ട നിന്നിൽ ഞാൻ അലിഞ്ഞു ചേരുന്നു കടലമ്മേ..."

അവൾ അവിടെ നിന്ന് കടലിനെ നോക്കി അലറി...

ചാടാൻ ഒരുങ്ങിയതും പെട്ടന്ന് പിന്നിൽ നിന്നും ആരോ അവളുടെ കയ്യിൽ പിടിച്ച് പിന്നിലേക്ക് വലിച്ചു...

അനു കറങ്ങി തിരിഞ്ഞ് താഴേക്ക് വന്നു നിന്നു... അവളെ പിന്നിലേക്ക് പിടിച്ചു വലിച്ച ആളിന്റെ ബലം കൊണ്ട് അവൾ താഴെ വീണില്ല...

അനു ഞെട്ടിപ്പോയിരുന്നു...

ആരാണ് തന്നെ വലിച്ച് താഴെയിട്ടത് എന്നറിയാൻ അവൾ മുഖം ഉയർത്തി നോക്കി...

"അജിത്..."

അവളുടെ ചുണ്ടുകളിൽ നിന്നും അയാളുടെ പേര് പുറത്തേക്ക് വന്നു...

ഒരേ സമയം ഭയവും അറപ്പും അവളുടെ മനസ്സിൽ നുരഞ്ഞു പൊന്തി...

അനു അവളുടെ കൈ പിടിച്ച് വലിച്ച് അവന്റെ കയ്യിൽ നിന്നും അവളുടെ കൈ സ്വാതന്ത്രമാക്കി...

അജിത്തിന്റെ ഒപ്പം അവന്റെ പിന്നിലായി വേറെ എട്ട് ചെറുപ്പക്കാർ നിന്നിരുന്നു...

"ഹ... ഹ്ഹാ... അതേടി... അജിത് തന്നെ... മോളെന്നെ ഇവിടെ തീരെ പ്രതീക്ഷിച്ചില്ല അല്ലേ... അതിരിക്കട്ടെ... നീ ചവാൻ വന്നതാണോ..."

അനു പുച്ഛത്തോടെ മുഖം വെട്ടിച്ചതല്ലാതെ ഒന്നും പറഞ്ഞില്ല...

"എന്താടി... ചോദിച്ചത് കേട്ടില്ലേ... നീ ചവാൻ പോവാരുന്നോ..."

"ഞാൻ ചത്താലും ജീവിച്ചാലും നിനക്കെന്താ???... നീ നിന്റെ കാര്യം നോക്കി പോടാ..." അനു അവന്റെ നേരെ ചീറി...

"നീ ചത്താലും ജീവിച്ചാലും എനിക്കൊന്നുമില്ലടി പുല്ലേ... പക്ഷെ നിന്നെ അങ്ങനെ എളുപ്പം ചവാൻ വിടാൻ വേണ്ടി അല്ലടി ആളെ വെച്ച് നീ എന്താ ചെയ്യുന്നേ എന്ന് മനസ്സിലാക്കി നിന്നെ പിന്തുടർന്ന് ഇവിടം വരെ വന്നത്... "

"നിനക്ക് എന്ത് വേണം... എന്നെ ഒന്ന് വെറുതെ വിട്... സമാധാനത്തോടെ ചവാൻ എങ്കിലും സമ്മതിക്ക്... നീ ഒരുത്തൻ എന്റെ ജീവിതമോ തുലച്ചു... ഇനി എങ്കിലും എന്നെ വെറുതെ വിട്... പ്ലീസ്..."

"അപ്പോൾ ചവാൻ തന്നെയായിരുന്നു മോളുടെ പുറപ്പാട്... എന്ത് പറ്റിയെടി ചവാൻ... നിന്റെ കഴുത്തിൽ താലി കെട്ടിയവൻ എന്നൊക്കെ വീമ്പ് പറഞ്ഞ് പോയവൻ നിന്നെ ഇട്ടിട്ട് വേറെ ഒരുത്തിയുടെ കൂടെ പോയി കാണും അല്ലേ... "

"അങ്ങനെ പോയാലും നിന്നെക്കാട്ടിലും അന്തസ്സുണ്ട് എന്റെ വരുണിന്... നിന്നെ പോലെ ഒരുത്തനെ സ്നേഹിച്ചിട്ട് പോലും എന്റെ വരുൺ എന്നെ കൈ വിട്ടില്ല..."

"ഓഹോ... അതാകും മഹതി ഇപ്പോൾ ചവാൻ വന്നത്..."

"അല്ലടാ... എന്റെ വരുൺ എന്നെ കൈ വിടില്ല... പക്ഷെ നിന്നെപ്പോലെ ഒരാളെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്ത ഞാൻ എന്റെ വരുണിന് ഒരിക്കലും ചേരില്ല...

എന്നിലും മികച്ചത് അദ്ദേഹം അർഹിക്കുന്നു... വളരെ നല്ല ഒരു ജീവിതം അദ്ദേഹത്തിന് കിട്ടണം... അതിന്... അതിനായി ഞാൻ തന്നെ വഴി മാറിയതാണ്..."

"മതിയെടി മതി... നീ ഇത്ര വിശാല മനസ്കയായിരുന്നോ... എന്നാൽ ഞങ്ങളെയും കൂടി ഒന്ന് പരിഗണിക്കണം..."

"ഛീ... നിർത്തട... എന്നെ ശല്യം ചെയ്യാതെ പോവാൻ നോക്ക്..."

"ആഹാ... അങ്ങനെയങ്ങ് പോകാൻ ആണോടി ഇത്രയും കഷ്ടപ്പെട്ട് നിന്നെ തപ്പി ഇവിടെ വരെ വന്നത്..."

"നിന്നോട് ആരേലും എന്നെ തപ്പി വരാൻ പറഞ്ഞോ... എന്നെ ഫോളോ ചെയ്യാൻ പറഞ്ഞോ??.. "

"നമുക്ക് വേണ്ടതിനെ നമ്മൾ തേടി പോകണം... അത് നേരായ മാർഗത്തിൽ കിട്ടിയില്ല എങ്കിൽ തട്ടിപ്പറിക്കുകയോ ബലമായി പിടിച്ച് വാങ്ങുകയോ ചെയ്യണം...

അപ്പോൾ എങ്ങനെയാ കാര്യങ്ങൾ... മര്യാദക്ക് വേണോ അതോ ബലമായി വേണോ??..." അജിത് ഒരു വഷളൻ ചിരിയോടെയാണ് ചോദിച്ചത്...

"എന്ത്???..."

"ശ്ശോ... മോള് മറന്നോ... എനിക്ക് വേണ്ടി ഒന്ന്... ആഹ്... അത് തന്നെ... കിടന്ന് തരണം..."

അനുവിന്റെ മുഖത്തേക്ക് രക്തം ഇരച് കയറി... ദേഷ്യം കൊണ്ടവൾ വിറച്ചു...

"പ്ഫാ... പോയി നിന്റെ തള്ളയോട് ചോദിക്കേട ചെറ്റേ..." അവൾ അജിത്തിനോട് അലറി...

"ആഹ്... അപ്പോൾ മര്യാദയ്ക്ക് അല്ല... മര്യാദയ്ക്ക് അല്ലേ ബലം പിടിക്കും...

അപ്പോൾ ഞാൻ മാത്രമാകില്ല ദേ ഇവന്മാർക്ക് കൂടി കൊടുക്കേണ്ട വരും... അപ്പോൾ നീ ബാക്കിയുണ്ടാവില്ല... ഞങ്ങൾ നിന്നെ എടുത്ത് കടലിലുമിടും...

അപ്പോൾ മോള് വന്ന കാര്യവും നടക്കും, ഞങ്ങൾ വന്ന കാര്യവും നടക്കും... എങ്കിൽ പിന്നെ അത് നമുക്ക് അങ്ങ് ഉറപ്പിക്കാം... അല്ലിയോടാ മക്കളെ..."

അവൻ അവളോട് പറഞ്ഞിട്ട് വഷളൻ ചിരിയോടെ ഒപ്പം ഉണ്ടായിരുന്നവരോട് ചോദിച്ചു...

അനുവിന് മനസ്സിലായി അവൾക്ക് വേറെ വഴിയില്ല എന്ന്...

"ഓടി രക്ഷപ്പെടാൻ നോക്കിയിട്ടോ, ഒച്ച എടുത്തിട്ടോ കാര്യമില്ല..."

അവൾ ആലോചിക്കുന്നത് കണ്ടിട്ട് അജിത് വിളിച്ചു പറഞ്ഞു...

"നിന്നെ പോലെ ഒരുത്തനിൽ നിന്നും ഈ അനു ഓടി ഒളിക്കില്ല... പൊരുതും... " അവൾ അത് പറഞ്ഞ് ദുപ്പട്ട കഴുത്തിൽ നിന്ന് വലിച്ചെടുത്ത് അരയിൽ കെട്ടി...

"ഓഹ്... നീ വലിയ കാരാട്ടക്കാരി ആണല്ലോ... ഞാൻ അങ്ങ് മറന്നു... പക്ഷെ മോളെ നീ ഒരു ഭൂലോക ബുധൂസ് ആണ്...

നിനക്ക് തോന്നുന്നോ എന്നെയും ഈ ഘടാഘടിയന്മാരായ എട്ട് പേരെയും തോൽപിച്ചു നിനക്ക് രക്ഷപ്പെടാൻ ആകുമെന്ന്..."

അവൻ പുച്ഛത്തോടെ ചോദിച്ചു...

"എനിക്ക് നിന്നെയൊക്കെ തോല്പിക്കാൻ ആകില്ലായിരിക്കും... പക്ഷെ ഞാൻ ശ്രമിക്കും... എനിക്ക് നിന്റെയൊന്നും കയ്യിൽ പെടാതെ ചത്താലും വിജയം തന്നെ ആണെടാ..."

അത് പറഞ്ഞു അവൾ മുന്നോട്ട് ചാടി മുഷ്ടി ചുരുട്ടി കൈ രണ്ടും നെഞ്ചിലേക്ക് അടുപ്പിച്ചു കൊണ്ട് ഇടത്തേക്ക് അല്പം ചരിഞ്ഞു ഇടത് കാൽ തറയിൽ ഊന്നി വലത് കാൽ പൊക്കി അജിത്തിന്റെ നെഞ്ചിൽ തന്നെ ചവിട്ടി...

തികച്ചും അപ്രതീക്ഷിതമായി ആയിരുന്നതിനാൽ ചവിട്ടേറ്റ് അജിത് പിന്നോട്ട് വീണ്ത് കൂടെയുള്ള രണ്ട് പേരുടെ ദേഹത്തേക്കാണ്... അവരും പിന്നിലേക്ക് വീണ് പോയി... മൂന്ന് പേരും താഴെ കിടന്നു...

അജിത് വേദന കൊണ്ട് നെഞ്ചിൽ രണ്ട് കയ്യും അമർത്തിപ്പിടിച്ചു കിടന്നു...

"പിടിക്കഡാ അവളെ..."

അവൻ അങ്ങനെ കിടന്ന് തന്നെ പല്ല് ഞെറുമിക്കൊണ്ട് അനുവിനെ നോക്കി കൈ ചൂണ്ടി അലറി...

ബാക്കിയുള്ള ആറ് പേരും അനുവിനെ പിടിക്കാനായി അവളുടെ അടുത്തേക്ക് നടന്നു...

അനു അവരെ നേരിടാൻ തയ്യാറായി തന്നെ നിന്നു...

പെട്ടന്നാണ് അവരിൽ ഒരാൾ അവളുടെ നേരെ ഓടിയടുത്തത്...

അയാൾ അവളുടെ അടുത്തെത്തി അവളുടെ മുഖത്തിന്റെ നേരെ വലത് കൈ വീശി...

അനു പെട്ടന്ന് തന്നെ ഇടത് കൈ ഉയർത്തി അടി തടുത്തതിന് ശേഷം അവളുടെ വലത് കൈ കൊണ്ട് അവന്റെ അടിക്കാൻ ഓങ്ങിയ കൈ തടത്തിൽ മുട്ടിന് മേലിൽ പിടിച്ച് ഇടത് കൈ കൊണ്ട് അവന്റെ നാല് കൈ വിരലുകളിൽ പിടിച്ച് തിരിച്ചു...

അയാൾ കറങ്ങി താഴെ വീണ് വേദന കൊണ്ട് പുളഞ്ഞപ്പോൾ അനു കൈ മുഷ്ടി ചുരുട്ടി ഇടത് മുട്ട് നിലത്ത് കുത്തി  അയാളുടെ ചെവിയുടെ താഴെയായി രണ്ട് തവണ അടുപ്പിച്ചു അടുപ്പിച്ചു പ്രഹരിച്ചു...

അയാൾ ബോധം നഷ്ടമായി നിലത്ത് കിടന്നു...

ഇതെല്ലാം രണ്ട് സെക്കന്റിനുള്ളിൽ നടന്നിരുന്നു...

അനു നിലത്ത് മുട്ട് കുത്തി അങ്ങനെ ഇരുന്ന് തന്നെ അവളുടെ നേരെ നടന്ന് അടുത്ത ബാക്കിയുള്ളവരെ നോക്കി...

അവർ അനുവിനെയും താഴെ ബോധം നഷ്ടമായി കിടന്ന ഒപ്പമുള്ള ആളെയും മാറി മാറി നോക്കി...

അനു അവരെ തന്നെ നോക്കിക്കൊണ്ട് പതിയെ എഴുന്നേറ്റു...

അരിശം പൂണ്ട് രണ്ട് പേർ അവൾക്ക് നേരെ ഓടിയെടുത്തു...

അവരിൽ ഒരാൾ അവളുടെ വലത് കയ്യിൽ പിടുത്തമിട്ട് വലിക്കാൻ തുടങ്ങിയതും അവൾ ഇടത് കൈ കൊണ്ട് അയാളുടെ കൈ പത്തിയിൽ പിടിച്ചു അവളുടെ കൈ സ്വാതന്ത്രമാക്കി, വലത് കൈ കൂടി എടുത്ത് അയാളുടെ റിസ്റ്റിൽ പിടുത്തമിട്ട് കൈ പിടിച്ചു തിരിച്ചു...

തിരിച്ച ആഘാതത്തിൽ ഇടത് സൈഡിലേക്ക് കുനിഞ്ഞു പോയ അയാളുടെ ഇടം കാൽ മുട്ടിൽ അവൾ ശക്തിയിൽ ചവിട്ടി...

"ഖടക്... ആാാ "

അയാളുടെ കാൽ മുട്ട് ഓടിഞ്ഞ ശബ്ദവും വേദനയാലുള്ള നില വിളിയും അവിടെ മുഴങ്ങി...

അയാളെ ചവിട്ടിയിട്ട് നേരെ നിന്നപ്പോഴേക്കും അടുത്തയാൾ അനുവിന്റെ അടുത്തെത്തി അവളുടെ കഴുത്തിൽ അയാളുടെ രണ്ട് കൈയ്യാലും പിടുത്തമിട്ടു...

അവൾ വേഗം രണ്ട് കയ്യാലും അയാളുടെ കയ്യിൽ പിടുത്തമിട്ട്, ഒരേ സമയം കഴുത്തും തലയും പരമാവധി ആയത്തിൽ പിന്നോട്ട് വലിച്ചതിനൊപ്പം അയാളുടെ കൈയിൽ പിടിച്ച് തള്ളി...

അതിൽ അവളുടെ കഴുത്ത് അയാളുടെ കയ്യിൽ നിന്നും മോചിപ്പിക്കപ്പെട്ടു, ഒപ്പം അയാളുടെ ഇടത് കൈ അവളുടെ വലം കയ്യിലും വലം കൈ അവളുടെ ഇടം കയ്യിലും അകപ്പെട്ടു...

ഇതേ സമയം അനു വലത് കാലിന്റെ മുട്ട് മടക്കി അയാളുടെ നാവിക്ക് പ്രഹരിച്ചു... വേദന കൊണ്ടായാൾ അടിവയർ പൊത്തിപ്പിടിച്ചു കൊണ്ട് നിലത്തേക്ക് മുട്ട് കുത്തിയിരുന്ന് പോയി...

പെട്ടന്നാണ് തീരെ പ്രതീക്ഷിക്കാതെ പിന്നിൽ നിന്നും അവളെ ഒരാൾ ചവിട്ടിയത്...

ചവിട്ട് ഏറ്റ് അവൾ നിലത്തേക്ക് വീണ് പോയി...

പെട്ടന്ന് തന്നെ അവളെ ചവിട്ടിയിട്ടവനും വേറെ ഒരാളും ചേർന്ന് അവളുടെ ഓരോ കൈകളിലായി പിടുത്തമിട്ടത്...

അവർ അവളെ വലിച്ച് പൊക്കി നിർത്തി...

അനു കുതറി മാറാൻ ശ്രമിച്ചു കൊണ്ടിരുന്നു...

"അയ്യോ... പൂട്ടിൽ വീണല്ലോ... ഇനി എന്ത് ചെയ്യും..." അജിത് ഒരു വഷളൻ ചിരിയുമായി അവൾക്ക് നേരെ അത് പറഞ്ഞ് കൊണ്ട് നടന്ന് അടുത്തു...

അവൻ അടുത്ത് എത്തിയതും അവൾ അവന്റെ മുഖത്തേക്ക് തുപ്പി അവളെ പിടിച്ചിരുന്നവരുടെ ബലത്തിൽ രണ്ട് കാലുകളും ഉയർത്തി പൊങ്ങി അവന്റെ നെഞ്ചിൽ വീണ്ടും ചവിട്ടി...

തിരികെ കാലുകൾ നിലത്തേക്ക് വന്ന ആയത്തിൽ ഇടത് കാൽ മടക്കി ഇടത് കയ്യിൽ പിടിച്ചിരുന്ന ആളിന്റെ വയറിൽ ചവിട്ടി...

അജിത് പിന്നിലേക്ക് വേച്ച് പോയി വീഴാതെ നിന്നു ... അവന് അതിയായ ദേഷ്യം തോന്നി...

പക്ഷെ ചവിട്ട് ഏറ്റിട്ടും അവളെ പിടിച്ചിരുന്നയാൾ പിടി വിട്ടില്ല...

"ഡീ... " അജിത് അലറിക്കൊണ്ട് എഴുന്നേറ്റ് വന്ന് അനുവിന്റെ മുഖത്ത് കൈ വീശി അടിച്ചു...

അനുവിന്റെ മുഖം ചുവന്ന് തുടുത്തു... ശക്തിയിൽ ഉള്ള അടി ആയതിനാൽ അവൾക്ക് തല കറങ്ങിപ്പോയി...

മാനസ്സിക പ്രയാസവും, തലേന്ന് ആഹാരം കഴിക്കാതെ ഇരുന്നതും, അജിത്തും കൂട്ടരുമായുള്ള യുദ്ധവും, ഒപ്പം അവന്റെ അടിയും കൂടി ആയപ്പോൾ അനു ആകെ തളർന്ന് പോയിരുന്നു...

അവൾ എങ്കിലും നിർത്താതെ കുതറി മാറാൻ ശ്രമിച്ചു കൊണ്ടിരുന്നു...

അജിത് അവളുടെ മുടി കുത്തിപ്പിടിച്ചു കൊണ്ട് മുഖം ഉയർത്തി...

"ഈ ഞാൻ എന്ത് ആഗ്രഹിച്ചിട്ടുണ്ടോ... അത് നേടിയിരിക്കും... അവളൊര് ഇടിക്കാരി വന്നേക്കുന്നു... ഉടുതുണി ഇല്ലാത്ത നിന്റെ ശവം നാളെ ഞാൻ നാട്ടുകാർക്കിട്ട് കൊടുക്കും..."

അവൻ അത് പറഞ്ഞ് അവളുടെ മുഖത്തിന്റെ നേരെ അവന്റെ മുഖം അടുപ്പിച്ചു...

അനുവിന് മനസ്സിലായിരുന്നു അവളുടെ അന്ത്യമായി എന്ന്, അവളെ രക്ഷിക്കാൻ അവിടേക്ക് ആരും വരാൻ പോണില്ല എന്ന്... അവൾ വീയർക്കാൻ തുടങ്ങി... അവളുടെ മനസ്സിൽ ഭീതി നിറഞ്ഞു... കണ്ണുകൾ നിറഞ്ഞു തുളുമ്പി...

അനു അറപ്പോടെ കണ്ണുകൾ അടച്ച് അവളുടെ മുഖം ചരിച്ചു പിടിക്കാൻ ശ്രമിച്ചു...

പെട്ടന്ന്,

"ആഹ്ഹ്... "

ഒരു കട്ട വന്ന് അജിത്തിന്റെ മുഖത്ത് പതിച്ചു...

അലർച്ചയോടെ അജിത് സൈഡിലേക്ക് തെറിച്ചു വീണ് അവന്റെ വായിൽ നിന്നും ചോര ഒലിച്ചു കൊണ്ടിരുന്നു...

അലർച്ച കെട്ട് കണ്ണ് തുറന്ന് നോക്കിയ അനു കാണുന്നത് അജിത് വായിൽ നിന്നും കട്ട ചോരയും ഒലിപ്പിച്ചു നിലത്ത് കിടക്കുന്നതാണ്... തൊട്ടടുത്തായി ഒരു ഇഷ്ടികയുടെ പകുതിയും...

അനു ഉൾപ്പെടെ എല്ലാവരുടെയും നോട്ടം നേരെ പോയത് ഇഷ്ടിക പറന്നു വന്ന ഭാഗത്തേക്കാണ്...

ഒരേ സമയം അത്ഭുതം കൊണ്ടും, ആശ്വാസം കൊണ്ടും, സന്തോഷം കൊണ്ടും, അഭിമാനം കൊണ്ടും അനുവിന്റെ കണ്ണുകൾ വിടർന്നു...

**"വരുൺ..."**

അവളുടെ ചുണ്ടുകൾ പതിയെ മന്ത്രിച്ചു...

അവളുടെ മുഖത്ത് ഒരു മന്ദസ്മിതം വിരിഞ്ഞു...

വരുൺ ദേഷ്യം കൊണ്ട് വിറക്കുകയായിരുന്നു... അവന്റെ മുഖവും കണ്ണുകളും ചുവന്നു...

അവൻ എല്ലാം സസൂക്ഷ്മം നിരീക്ഷിച്ചു...

രണ്ട് പേര് രണ്ട് വശത്തു നിന്നും അനുവിന്റെ കൈകളിൽ പിടുത്തമിട്ടിരുന്നു...

ഒരാൾ ബോധമില്ലാതെ നിലത്ത് കിടന്നിരുന്നു...

മറ്റൊരാൾ ഓടിഞ്ഞ കാലും പിടിച്ച് വേദന കൊണ്ട് നിലത്ത് കിടന്ന് കരയുന്നു...

അവന്റെ ഏറു കൊണ്ട് നിലത്ത് വീണ് കിടന്ന അജിത്തും അവന്റെ അടുത്തായി മറ്റ് രണ്ട് പേർ നിൽക്കുന്നു...

വരുൺ അവിടെക്ക് വേഗം തന്നെ ഓടിയടുത്തു...

എറ് കൊണ്ട ഭാഗവും പൊത്തിപ്പിടിച്ചു കൊണ്ട് അജിത് പതിയെ എഴുന്നേറ്റു...

അജിത്തിന് വരുണിനെ ഒറ്റ നോട്ടത്തിൽ തന്നെ മനസ്സിലായി... വരുണിനെ കണ്ടപ്പോൾ അനുവിന്റെ മുഖത്ത് ഉണ്ടായ സന്തോഷം കൂടി കണ്ടപ്പോൾ അവന്റെ കലി ഇരട്ടിച്ചു...

"കൊല്ലടാ അവനെ..."

ചോര തുപ്പിക്കൊണ്ട് അവൻ വരുണിനെ നോക്കി അലറി...

വരുണിന്റെ നേരെ രണ്ട് പേര് വേഗം ഓടിയെടുത്തു...

അവർ വരുണിനെ ഉപദ്രവിക്കുമോ എന്ന ഭയം അനുവിൽ നിറഞ്ഞു... അവൾ കുതറി മാറാൻ ശ്രമിച്ചു കൊണ്ട് അവന്റെ പേര് വിളിച്ചു ഉറക്കെ കരഞ്ഞു...

എന്നാൽ വരുണിന്റെ ഉള്ളിൽ സംഹാരത്തിന്റെ അഗ്നി ജ്വലിക്കുകയായിരുന്നു...

അനുവിന്റെ കരച്ചിൽ കൂടി ആയപ്പോൾ അഗ്നിയിൽ എണ്ണ വീണത് പോലെയായി അവന്റെ ഉള്ളിലെ രോഷം...

വരുണും അവന്റെ നേരെ വന്നവർക്ക് നേരെ ഓടിയെടുത്തു...

അവന്മാരുടെ അടുത്ത് എത്താർ ആയതും വരുൺ വായുവിലേക്ക് ഉയർന്നു ചാടി,

ഇടത്തെ കാൽ മടക്കി, ഇടം കൈ കൊണ്ട് ആ കാലിന്റെ കണം കാലിൽ പിടിച്ച് അവന്റെ നേരെ ഓടിയടുത്ത ഒരാളിന്റെ നെഞ്ചിൽ മടങ്ങിയ കാലിന്റെ മുട്ട് കൊണ്ട് പ്രഹരിച്ചു...

അതെ സമയം തന്നെ വലത് കൈ മുഷ്ടി ചുരുട്ടി നെഞ്ചിൽ കാൽ മുട്ട് കൊണ്ട് പ്രഹരിച്ച ആളിന്റെ തൊട്ട് പിന്നിലായി ഓടി വന്ന ആളിന്റെ താടിയിൽ പഞ്ച് ചെയ്തു...

പഞ്ച് കിട്ടിയ ആൾ സൈഡിലേക്ക് കറങ്ങി വീണു...

മുട്ട് കാൽ കൊണ്ട് പ്രഹരമേറ്റയാൾ പിന്നിലേക്ക് വീണിരുന്നു... അയാളുടെ നെഞ്ചിൽ കാൽ മുട്ട് വച്ചു കൊണ്ട് തന്നെ വരുൺ അജിത്തിനെ നോക്കി...

വരുണിന്റെ ആ ഭാവവും അക്രമണവും അനുവും അജിത്തും പ്രതീക്ഷിച്ചിരുന്നില്ല...

അതെ സമയം തന്നെ വരുണിന്റെ ചെയ്തികൾ കണ്ട് കൊണ്ട് ഷാനയും അങ്ങോട്ട് എത്തിചേർന്നു...

അനുവും ഷാനയും ഞെട്ടിയിരുന്നു ആരും കാണാത്ത അവന്റെ ആ ഭാവം കണ്ട്...

അജിത് വരുണിന്റെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ അജിത് പോലും അറിയാതെ തന്നെ അവന്റെ മനസ്സിൽ ഭയം കടന്ന് കൂടി...

നെഞ്ചിൽ മുട്ട് കുത്തി നിന്ന ആളുടെ മുഖത്ത് കൈ വീശി അടിച്ചതോടു അയാളുടെ ബോധം മറഞ്ഞു...

അപ്പോളേക്കും അവന്റെ അടി കൊണ്ട് നിലത്തേക്ക് വീണവൻ എഴുന്നെറ്റു...

വരുണും എഴുന്നേറ്റ് അനുവിന്റെ അടുത്തേക്ക് നടക്കാൻ തുടങ്ങി...

വരുണിന്റെ അടി കൊണ്ട് വീണവൻ വീണ്ടും അവന്റെ നേരെ ഓടിയടുത്തു...

അടുത്ത് എത്തിയതും അവൻ വരുണിന്റെ നേരെ ചവിട്ടാനായി കാൽ ഉയർത്തി..

പെട്ടന്ന് വരുൺ അല്പം കുനിഞ്ഞു അവന്റെ നേരെ ഉയർത്തിയ എതിരാളിയുടെ കാലിൽ രണ്ട് കൈ കൊണ്ടും പിടുത്തമിട്ട് കൊണ്ട് ഉയർന്നു...

അയാൾ പിന്നിലേക്ക് വീണതും, വരുൺ അയാളുടെ നെഞ്ചിൽ ചവിട്ടി കാൽ പിടിച്ചു തിരിച്ചൊടിച്ചു...

ഇതൊക്കെ കണ്ട് സകലരും ഞെട്ടിയിരുന്നു... അനുവിന്റെ കൈകളിലെ പിടുത്തതിന്റെ ബലം കുറഞ്ഞു വരുന്നത് അവൾ അറിഞ്ഞു...

അപ്പോളേക്കും വരുൺ അവരുടെ അടുത്ത് എത്തിയിരുന്നു...

അനുവിന്റെ കയ്യിൽ പിടിച്ചിരുന്നതിൽ ഒരാൾ അവളുടെ കൈ വിട്ട് അവനെ അടിക്കാനായി കൈ ഓങ്ങി...

വരുൺ ഇടത് കൈ ഉയർത്തി അടി തടുത്ത്, ഇടം കൈ കൊണ്ട് തന്നെ പ്രതിയോഗിയുടെ കൈയിൽ കുരുക്കിട്ട് പിടിച്ച ശേഷം കുനിഞ്ഞു കൊണ്ട്, അയാളുടെ കാലുകൾക്ക് ഇടയിലൂടെ വലത് കൈ ഇട്ട് തുടയിൽ ലോക്ക് ചെയ്ത് എടുത്ത് പൊക്കി എറിഞ്ഞു...

ഇതേ സമയം, അജിത് വരുണിന്റെ പിന്നിൽ എത്തിയിരുന്നു...

അനുവും ഷാനയും അലറി മുന്നറിപ്പ് നൽകി എങ്കിലും അജിത് വരുന്നിന്റ കഴുത്തിൽ പിന്നിൽ കൂടി ലോക്കിട്ട് താഴേക്ക് വലിച്ചു...

ഒരു നിമിഷം ശ്വാസം കിട്ടാതെ പിടഞ്ഞ വരുൺ രണ്ട് കൈകളും പിന്നിലേക്ക് ഉയർത്തി, തള്ള വിരൽ കൊണ്ട് അജിത്തിന്റെ കണ്ണിൽ അമർത്തി...

വേദന കൊണ്ട് പിടഞ്ഞ അജിത്തിന്റെ പിടി അയഞ്ഞതും വരുൺ വലത് കൈ മടക്കി കറങ്ങി കൈ മുട്ട് കൊണ്ട് അജിത്തിന്റെ മുഖത്ത് തന്നെ പ്രഹരിച്ചു...

അനു അജിത് പിന്നിൽ നിന്നും അറ്റാക്ക് ചെയ്യുന്നത് കണ്ട് അവളുടെ തളർച്ച പോലും അവഗണിച്ചു കൊണ്ട് ഒരു കാൽ ഉയർത്തി അവള്ടെ പിടിച്ചിരുന്ന ആളിന്റെ കാൽ പത്തിയിൽ ചവിട്ടി...

വേദന കൊണ്ട് അവളുടെ കയ്യിലെ പിടിത്തം അയാൾ വിട്ടതും അവൾ തിരിഞ്ഞ് നിന്ന് കൈ വെള്ള പുറത്തേക്ക് തിരിച്ചു പുറം കൈ കൊണ്ട് അയാളുടെ രണ്ട് ചെവിയിലും ഒരുമിച്ച് ശക്തിയായി പ്രഹരിച്ചു...

അയാൾ വേദന കൊണ്ടും, ബാലൻസ് നഷ്ടമായി വീണ് പോയിരുന്നു...

അനു നിലത്തേക്ക് മുട്ട് കുത്തി ഇരുന്ന് ഒരു പഞ്ച് കൂടി കൊടുത്തപ്പോളേക്കും അയാളുടെ ബോധം പോയി...

അനു വരുണിന്റെ അടുത്തേക്ക് നടന്നു... വരുൺ അവളുടെ അടുത്തേക്കും...

അവർ അടുത്ത് എത്താർ ആയതും പെട്ടന്നായിരുന്നു അജിത് ഒരു ഒരു കത്തിയുമായി അവർക്ക് നേരെ ഓടി അടുത്തത്...

അവൻ തൊട്ട് അടുത്ത് എത്തിയതും അനുവിന്റെ നേരെ കത്തി ഓങ്ങി...

വരുൺ പക്ഷെ അവർക്ക് ഇടയിലേക്ക് ചാടി അനുവിനെ തള്ളി മാറ്റി... കത്തി വരുണിന്റെ കയ്യിൽ ആണ് കൊണ്ടത്...

കത്തി കൊണ്ട് വരുണിന്റെ കൈ, തോളിനു താഴെയായി മുറിഞ്ഞു...

ഒരുപാട് ആഴത്തിൽ ഉള്ള മുറിവ് ആയിരുന്നില്ല അത്...

എങ്കിലും ചോര ഒലിച്ചുകൊണ്ടിരുന്നു...

അവന്റെ വലത് കൈ മുട്ടിന് മുകളിൽ നിന്നും ചോര താഴേക്ക് ഒലിച്ചു വിരൽ തുമ്പിൽ നിന്നും ഇറ്റ് ഇറ്റ് താഴേക്ക് വീണ് കൊണ്ടിരുന്നു...

അജിത് ഉടനെ വരുണിന്റെ നേരെ കത്തി വീശി...

വരുൺ പെട്ടന്ന് കാലുയർത്തി അജിത്തിന്റെ കയ്യിൽ കിക്ക് ചെയ്തു...

കത്തി അജിത്തിന്റെ കൈയിൽ നിന്നും തെറിച്ചു പോയി...

അതിന്റെ ഇടയിൽ, കിക്ക് ചെയ്യുന്ന സമയം വരുൺ വലത് കൈ ഉയർത്തിയപ്പോൾ അവന്റെ വിരലിൽ നിന്നും അല്പം ചോര തെറിച്ചു അനുവിന്റെ മുഖത്തിന്റെ നേരെ പോയി...

**ആ ചോര സിന്ദൂരമില്ലാതെയിരുന്ന അവളുടെ സീമന്ത രേഖയിൽ സിന്ദൂരം ചാർത്തിയത് പോലെയാണ് വീണത്...**

വരുണിന്റെ കയ്യിലെ ചോര കണ്ടതും അനുവിന്റെ ഉള്ള് കത്തി...

അവൾ വേഗം അവന്റെ അടുത്തെത്തി കൈ ബലമായി പിടിച്ചു തന്നെ പരിശോധിച്ചു...

തന്റെ ഭർത്താവിന്റെ ചോര കണ്ടതും അവളുടെ ഉള്ളിൽ കോപം കത്തി...

അവൾ വേഗം അജിത്തിന്റെ നേരെ ചെന്നതും അവൻ അവൾക് നേരെ കൈ ഓങ്ങി...

എന്നാൽ ആ കയ്യിൽ പിടുത്തമിട്ട് അജിത്തിന്റെ നാവിയിൽ അനു തൊഴിച്ചു...

കുനിഞ്ഞു ഇരുന്ന് പോയ അജിത്തിന്റെ മുടിയിൽ പിടിച്ചു മുഖം ഉയർത്തി കവിൾ അടച്ച് കൈ വീശി അവൾ അടിച്ചു...

പിന്നീട് അവൾ അവന്റെ പിന്നിൽ ചെന്ന് കഴുത്തിൽ കൈ കൊണ്ട് ലോക്കിട്ട്, ഇടത് കാൽ മുട്ടിൽ ശക്തിയിൽ പിന്നിൽ നിന്നും ചവിട്ടി അവന്റെ കാൽ ഓടിച്ചു...

അജിത് നിലവിളിച്ചു കൊണ്ട് താഴേക്ക് വീണു...

അനു അവന്റെ അടുത്ത് നിലത്ത് ഒരു കാൽ മുട്ട് കുത്തി ഇരുന്ന് മുഖത്ത് അവന്റെ ബോധം മറയുന്ന വരെ പഞ്ച് ചെയ്തു... അജിത്തിന്റെ മുഖത്ത് നിന്നും രക്തം ഒലിച്ചു മണ്ണിൽ വീണു...

വരുണിന് അവളെ ബലമായി പിടിച്ചു മാറ്റേണ്ടി വന്നു ഇടി നിർത്താനായി...

അനുവിന് ദേഷ്യം തീർന്നിരുന്നില്ല... അവൾ നിന്ന് കിതച്ചു...

കുറച്ച് സമയം വേണ്ടിവന്നു അവൾക്ക് സ്വബോധം വരുവാനായി...

അവൾ വരുണിനെയും ഷാനയെയും മാറി മാറി നോക്കി...

താൻ എവിടെയാണെന്നതും, മരിക്കാനായി ഇറങ്ങിയതുമെല്ലാം അപ്പോളാണ് അവൾക്ക് ഓർമ വന്നത്...

എന്ത് ചെയ്യണം, എന്ത് പറയണം എന്നറിയാതെ ഒരു പകപ്പായിരുന്നു അവൾക്ക്...

വരുൺ അവളുടെ അടുത്തേക്ക് വന്ന്, അവളുടെ മുന്നിലായി നിന്നു... ഷാനയും അങ്ങോട്ടേക്ക് വന്നു...

ഒരു തവണ കൂടി മുഖം ഉയർത്തി അവൾ വരുണിന്റെ കണ്ണുകളിലേക്ക് നോക്കിയിട്ട് മുഖം കുനിച്ചവൾ അവന്റെ മുന്നിലായി നിന്നു...

അവന്റെ കയ്യിൽ നിന്നും ഒരടിയാണ് അവൾ പ്രതീക്ഷിച്ചത്... ആ കണ്ണുകൾ നിറഞ്ഞു തുളുമ്പി രണ്ടിറ്റ് കണ്ണുനീർ മണ്ണിൽ പതിച്ചു...

എന്നാൽ അനുവിന്റെ പ്രതീക്ഷകൾ എല്ലാം തെറ്റിച്ച് കൊണ്ട് വരുൺ അവളെ വാരിപ്പുണർന്നു...

കുറച്ച് നിമിഷം എന്താണ് ഉണ്ടായത് എന്ന് പോലും അവൾക്ക് മനസ്സിലായില്ല... എന്ത് ചെയ്യണം എന്നറിയാതെ വരുണിന്റെ കരലാളനത്തിൽ അവൾ ലയിച്ചു നിന്നു...

അനുവും അവനെ തിരികെ വാരിപുണർന്ന് നിന്നു...

അവളുടെ പുറം അവന്റെ കണ്ണുനീർ വീണ് നനയുന്നത് അവൾ തിരിച്ചറിഞ്ഞു...

അനുവിന് കൂടുതൽ ഒന്നും കേൾക്കുവാനോ അറിയുവാനോ ഉണ്ടായിരുന്നില്ല...

ആ നിമിഷം, ആ ഒരു നിമിഷം അവൾ അവന്റെ സ്നേഹം തിരിച്ചറിയുകയായിരുന്നു... ഇത്രയും നാളും അവളിൽ നിന്നും മറച്ച് പിടിച്ച അവന്റെ പ്രണയം...

അനുവിന് ആ മുഹൂർത്തം ഒരിക്കലും അവസാനിക്കരുതേ എന്ന പ്രാർത്ഥന മാത്രമാണ് ഉണ്ടായിരുന്നത്...

അത്രയും നാൾ ഉണ്ടായ മനപ്രയാസം എല്ലാം ഒഴുക്കി കളഞ്ഞു കൊണ്ട് ആനന്ദാശ്രു അവളുടെ കണ്ണിൽ നിന്നും പെയ്തിറങ്ങി...

**വാക്കുകൾ മൗനം ആകുമ്പോൾ, ഹൃദയങ്ങൾ പരസ്പരം സംസാരിക്കും...**

അതായിരുന്നു അവരുടെ അവസ്ഥ...

എത്ര സമയം അവർ കെട്ടിപ്പുണർന്ന് നിന്നു എന്ന് അവർക്ക് തന്നെ അറിയില്ല...

ആലിംഗനത്തിൽ നിന്നും വിട്ട് മാറി വരുൺ, അനുവിന്റെ മുഖം അവന്റെ കൈ കുമ്പിളിൽ ഉയർത്തി അവളുടെ മിഴികളിലേക്ക് നോട്ടം പായിച്ചു...

അനു, അവളുടെ വിടർന്ന മിഴികൾ ഉയർത്തി അവന്റെ മിഴികളിൽ കൊരുത്തു... അധിക നേരം നോക്കി നിൽക്കാൻ അവൾക്കായില്ല... നാണത്താൽ അവളുടെ മിഴികൾ താഴ്ന്നു...

വരുൺ അവളുടെ നെറ്റിയിൽ അമർത്തി ചുംബിച്ചു... ചുംബനങ്ങളുടെ ഒരു മഴ തന്നെ അവൻ അവളുടെ മുഖത്ത് വർഷിച്ചു...

ഷാന ഇതൊക്കെ കണ്ട് ഞെട്ടിയിരുന്നു... അവൾക്കും നാണം തോന്നി, ആരേലും വരുന്നോ എന്ന് ചുറ്റിനും നോക്കി...

എന്നാൽ വരുണും അനുവും പ്രണയത്തിന്റെ ലോകത്തിലായിരുന്നു...

ഷാന അവരെ നോക്കി ചെറുതായി ചുമച്ചു... അപ്പോളാണ് അവർക്ക് സ്ഥലകാല ബോധം വന്നത്...

വരുൺ അനുവിൽ നിന്നും അല്പം വിട്ട് മാറി, അവളുടെ കൈകൾ കോർത്ത് പിടിച്ചു കൊണ്ട് അവളുടെ മുഖത്തേക്ക് തന്നെ നോക്കി...

അനുവിന് നാണത്താൽ മുഖം ഉയർത്താൻ പോലുമായില്ല... അവൾ ചുവന്ന് തുടുത്തു...

വരുൺ അനുവിന്റെ മുഖത്ത് അടി കൊണ്ട് ചുവന്ന് തിമിർത്ത പാടിലൂടെ പുറം കൈ കൊണ്ട് തലോടി...

അനുവിന്റെയുള്ളിൽ മഞ്ഞു വീഴുന്ന സുഖമാണ് അത് നൽകിയത്... അവളുടെ ശരീരത്തിനും മനസ്സിനുമുണ്ടായ വേദനകൾ അതിനോടകം മഞ്ഞ് പോലെ അലിഞ്ഞ് ഇല്ലാതെയായി...

അപ്പോഴാണ് ഒരു വൈറ്റ് പജിറോ അവിടെ വന്ന് നിന്നത്...

എല്ലാവരുടെയും നോട്ടം അങ്ങോട്ട് പാഞ്ഞു...

അതിന്റെ കോ-ഡ്രൈവർ സീറ്റിൽ നിന്നും ഒരു യുവതി പുറത്തേക്കിറങ്ങി...

"വന്ദിത..."

അനുവിന്റെ മനസ്സിലൂടെ വീണ്ടും ഒരു കൊള്ളിയാൻ മിന്നി... അവളുടെ ഹൃദയമിടിപ്പ് ഏറി വന്നു...

അനുവിന്റെ നോട്ടം വരുണിന്റെ മുഖത്തേക്ക് പാഞ്ഞു... അവിടെ ഭാവ വ്യത്യാസങ്ങൾ ഒന്നും ഉണ്ടായില്ല... നനുത്ത ഒരു മന്ദസ്മിതം മാത്രം...

അനുവിന് തലേന്ന് രാത്രിയിൽ വരുണിന് കാൾ വന്നതും, അവന്റെ സംസാരവും വന്ദിതയുടെ പേരിൽ ഒരിക്കൽ വഴക്ക് ഉണ്ടായതും എല്ലാം മനസ്സിലേക്ക് വന്നു...

ഇപ്പോൾ ഉള്ള അവന്റെ ഭാവവും അവളോടുള്ള പെരുമാറ്റവും അവൾ ആലോചിച്ചു...

ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല അനുവിന്... അവൾ ഷാനയെ നോക്കി....അവളും വന്ദിതയെ നോക്കി ചെറുതായി പുഞ്ചിരിക്കുന്നുണ്ടായിരുന്നു...

വന്ദിത അവർക്ക് നേരെയും നോക്കി പുഞ്ചിരിച്ചു... വന്ദിതയുടെ മുഖത്ത് എന്തോ വലിയ ടെൻഷൻ മാറി പെട്ടന്ന് ആശ്വാസം ഉണ്ടായ ഒരു ഭാവം ആണ് അനുവിന് കാണാൻ ആയത്..

അനു അങ്ങനെ വണ്ടർ അടിച്ചു നിന്നപ്പോൾ ആണ് പജിറോയുടെ ഡ്രൈവിംഗ് സീറ്റിൽ നിന്നും ഒരു ചെറുപ്പക്കാരൻ ഇറങ്ങിയത്...

വന്ദിതയും അയാളും അവരുടെ അടുത്തേക്ക് നടന്ന് അടുത്തു...

വന്ദിതയുടെ ഒപ്പം വന്നയാൾ അവിടെ ഇടി കൊണ്ട് കിടന്നിരുന്ന അജിത്തിനെയും കൂടെ ഉള്ളവരുടെയും നേരെ ഒന്ന് കണ്ണോടിച്ചു...

"ഡേയ്... നീ ഒറ്റക്കാണോ ഇവന്മാരെ ഈ പരുവം ആക്കിയത്... ഇനി ഇവന്മാരെ കിടത്തിക്കൊണ്ട് പോകാൻ ഞാൻ ലോറി വിളിക്കേണ്ടി വരുമല്ലോ... എന്തായാലും കഴിഞ്ഞ തവണ ഉണ്ടായത് പോലെ അത്രയും മോശം അവസ്ഥയല്ല..."

അയാൾ ചിരിച്ചുകൊണ്ട് വരുണിനോട് ചോദിച്ചു...

"ഇല്ല ചേട്ടാ... പകുതി ഞാൻ, ബാക്കി പകുതി എന്റെ പെമ്പ്രന്നോത്തിയും..."

വരുൺ തിരികെ ചിരിച്ച് കൊണ്ട് പറഞ്ഞു...

"ആഹാ... ഇടിയുടെ കാര്യത്തിലും പകുതി പകുതി... കേട്ടോടി... ഇങ്ങനെ വേണം കെട്ടിയോനും കെട്ടിയോളുമായാൽ..."

അയാൾ വന്ദിതയെ നോക്കി പറഞ്ഞു...

അനുവിന് ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല... അവൾ കംപ്ലീറ്റ് കിളി പോയി എല്ലാവരെയും നോക്കി...

വന്ദിതക്കും ഷാനക്കും അനുവിന്റെ നോട്ടം കണ്ടപ്പോൾ തന്നെ കാര്യം മനസ്സിലായി...

അനുവിന്റെ വലത് കൈ അപ്പോളും വരുണിന്റെ കൈയ്യിൽ ആയിരുന്നു...

"അനുവിന് എന്നോട് ദേഷ്യമാകും അല്ലേ... സോറി... സകലതും ദേ ഇവൻ പറഞ്ഞിട്ട് ഒപ്പിച്ചതാ... "

അനുവിന് കാര്യങ്ങൾ ഏതാണ്ടൊക്കെ മനസ്സിലായി തുടങ്ങിയിരുന്നു... എങ്കിലും കൂട്ടി യോജിപ്പിക്കാൻ ആകാതെ അവൾ കുഴങ്ങി...

അനുവിന്റെ അന്താളിച്ചുള്ള നിൽപ്പ് കണ്ട് ഷാനയും അടുത്തേക്ക് വന്നു...

"ഡീ... നീ അറിയേണ്ട കുറച്ച് ഫ്ലാഷ് ബാക്ക് ഉണ്ട്... എല്ലാം പറയാം... പക്ഷെ ഇതെല്ലാം ഒപ്പിച്ചത് നിന്റെ കെട്ടിയോനാണ്..."

ഷാന അത് പറഞ്ഞതും വരുൺ അനുവിന്റെ മുഖത്തേക്ക് നോക്കി പല്ലിളിച്ചു കാണിച്ചു...

"അനു... ഇന്ന് എല്ലാം തന്നോട് പറഞ്ഞ് ഈ നാടകം കളി അവസാനിപ്പിക്കാൻ തന്നെ ആയിരുന്നു എൻ്റെ പ്ലാൻ... പക്ഷെ അപ്പോൾ ആണ് താൻ ഈ പണി ഒപ്പിച്ചത്..."

വരുൺ അവളോട് പറഞ്ഞു...

അനു പിണക്കത്തോടെ മുഖം വെട്ടിച്ചു...

"ആഹാ... വീണ്ടും പിണക്കമോ... എങ്കിൽ ഒന്നും പറയുന്നില്ല..."

അവൻ കളിയാക്കി പറഞ്ഞു...

അനു അത് കേട്ട് പിണങ്ങിയത് പോലെ ചുണ്ട് മലർത്തിക്കൊണ്ട് വരുണിനെ നോക്കി...

അവൻ അനുവിന്റെ നോട്ടവും ഭാവവും കണ്ട്, അവളുടെ പുറത്ത് കൂടി വയറിനു മുകളിൽ ചുറ്റിപ്പിടിച്ചു അവനോടു ചേർത്തു നിർത്തിക്കൊണ്ട് ചിരിച്ചു...

"ഇതെല്ലാം ഒപ്പിച്ചത് ഈ താത്തയാണെടി പെണ്ണേ... ഞാൻ വെറും പാവം..."

വരുൺ സകലതും എടുത്ത് ഷാനയുടെ മുകളിൽ ഇട്ടു...

"അള്ളോ... ഈ നാറിയുടെ വാക്കും കേട്ട് സകലതിനും കൂടെ നിന്നപ്പോളെ ഞാൻ ഇത് പ്രതീക്ഷിച്ചിരുന്നു... "

അത് കേട്ട് ഷാന പറഞ്ഞു...

"നിങ്ങൾ ആരെങ്കിലും എന്താണ് സംഭവിച്ചത് എന്ന് ഒന്നു പറഞ്ഞു തരുമോ..."

അനു വരുണിന്റെ നെഞ്ചോടു ചേർന്ന് നിന്ന് ചിണുങ്ങിക്കൊണ്ട് പറഞ്ഞു...

"നിന്റെ കെട്ടിയോൻ തന്നെ പറയട്ടെ..." ഷാന പറഞ്ഞു...

"ആദ്യം ഇവളെ കണ്ട് കിട്ടി എന്ന് വീട്ടിൽ അറിയിക്കട്ടെ... അവരെല്ലാം പേടിച്ച് നിൽക്കുവാ..." വരുൺ അത് പറഞ്ഞു, ഫോൺ എടുത്ത് രണ്ട് വീട്ടിലും വിളിച്ചു പറഞ്ഞു...

"ഇനി പറ..."

"പറയാം... ഈ കിടക്കുന്നവന്മാരുടെ കാര്യം എന്ത് ചെയ്യാനാ പ്ലാൻ..."

"നമ്മുടെ പിള്ളേരെ വിളിച്ചു പറഞ്ഞിട്ടുണ്ട്... അവന്മാർ വന്ന് കൊണ്ട് പൊക്കോളും... അജിത്തിന് എതിരെ കർണാടക പോലീസ് വാറന്റ് ഉണ്ട്... കയ്യിൽ കിട്ടിയാൽ പുറം ലോകം കാണാൻ ആകാത്ത വകുപ്പ് അവന്റെ പേരിൽ ഉണ്ട്... " വന്ദിതയുടെ ഒപ്പം വന്ന ആൾ പറഞ്ഞു...

"ലവമാരെ ചെയ്ത പോലെ പാക്കിൽ ആക്കി പോലീസ് സ്റ്റേഷനിൽ തട്ടാൻ ആണോ പ്ലാൻ..."

"അത് തന്നെ ചെയ്യാം... ബാക്കി ഉള്ളവന്മാരുടെ കാര്യം പിള്ളേർ നോക്കിക്കോളും... നീ വറിഡ് ആവണ്ട..."

"അല്ലേലും അണ്ണൻ ഉള്ളപ്പോൾ ആര് വറിഡ് ആവാൻ... അയ്യോ അനു അതിന് മുൻപ് ഇതാരാണ് എന്ന് അറിയണ്ടേ... ഇത് മഹേഷ്... പുള്ളി ഇവളുടെ ബ്രദർ ആണ്..."

വന്ദിതയെ ചൂണ്ടി വരുൺ അനുവിനോട് പറഞ്ഞു...

"ഇനി കാര്യങ്ങൾ എല്ലാം വിശദമായി ഞാൻ പറയാം... ആദ്യം നമുക്ക് ആ തണലിൽ മാറി ഇരിക്കാം..."

അവർ തണലുള്ള ഭാഗത്തേക്ക് നടന്നു...

"ഡീ... ഷാനെ... നീ പറഞ്ഞു കൊടുക്കെടി... അതാണ് അതിന്റെ ഭംഗി... നിന്നെക്കൊണ്ടേ അതിന് പറ്റു..."

വരുൺ ഷാനയെ ഒന്നു പൊക്കി... പ്രതീക്ഷിച്ച പോലെ താത്ത അത് കേട്ട് പൊങ്ങി...

"ശ്ശോ... എങ്കിൽ പിന്നെ ഞാൻ തന്നെ പറയാം..."

ഷാന അത് വരെ സംഭവിച്ച കാര്യങ്ങളുടെ പിന്നാമ്പുറം അനുവിനോട് പറഞ്ഞ് തുടങ്ങി...

*********

ഒന്നര വർഷത്തിന് മുൻപ്,

അനുവിന്റെ റിലേഷനെ പറ്റി വരുൺ അറിഞ്ഞ സമയം...

അതെ സമയമാണ് വരുണിന്റെ ടീം ലീഡർ ആയി വന്ദിത അവന്റെ ഓഫീസിലേക്ക് വരുന്നത്...

അനുവിന്റെ ഇഷ്ടം മനസ്സിലാക്കി വരുൺ ആകെ തകർന്നു പോയിരുന്നു...

എങ്കിലും അനുവിന്റെ ഇഷ്ടം നടത്തിക്കൊടുക്കാൻ വരുൺ തീരുമാനിച്ചിരുന്നു...

അങ്ങനെ ഇരിക്കെ വരുണിന് ബാംഗ്ലൂർ ഹെഡ് ഓഫീസിലേക്ക് പോകേണ്ടി വന്നു...

വന്ദിതയും വരുണും ആയിരുന്നു ഹെഡ് ഓഫീസിലേക്ക് പോയത്...

ഒന്നിച്ചുള്ള സമയങ്ങളിൽ അവർ നന്നായി ചങ്ങാത്തമായി...

പേർസണൽ കാര്യങ്ങളും ഷെയർ ചെയ്യുമായിരുന്നു...

അങ്ങനെ ഹെഡ് ഓഫീസിലെ വർക്ക് തീർന്നപ്പോൾ ബാംഗ്ലൂരിന് അടുത്ത് മനോഹരമായ ആനേഗുണ്ടി എന്ന സ്ഥലത്തുള്ള വന്ദിതയുടെ വീട്ടിലേക്ക് അവൾ വരുണിനെ കൂട്ടിക്കൊണ്ട് പോയി...

അവിടെയുള്ള പ്രശസ്തവും പ്രമുഖരുമായ വീട്ടിലെ അംഗമാണ് വന്ദിതയും വന്ദിതയുടെ ചേട്ടൻ മഹേഷും...

വന്ദിതയുടെ വീട്ടിൽ വച്ചാണ് മഹേഷിന്റെയും വന്ദിതയുടെയും ഇളയ സഹോദരി ശരണ്യയെ വരുൺ കാണുന്നത്...

ആരോടും സംസാരിക്കുകയോ ചിരിക്കുകയോ കരയുകയോ ഒന്നും ചെയ്യാത്ത ജീവനുള്ള ഒരു പാവ പോലെയുള്ള ശരണ്യയുടെ കഥ അവിടെ വച്ചാണ് വരുൺ അറിയുന്നത്...

പഠിക്കാൻ മിടുക്കിയും ഡാൻസിലും പാട്ടിലും എല്ലാം മിടുക്കിയുമായിരുന്ന ശരണ്യക്ക് പിജി അഡ്മിഷൻ കിട്ടിയത് ബാംഗ്ലൂരിലെ പ്രമുഖ കോളേജിൽ ആയിരുന്നു...

ഹോസ്റ്റൽ പഠനവും പുതിയ കൂട്ടുകാരും ഒക്കെയായി അവളുടെ ജീവിതത്തിൽ ഒരുപാട് മാറ്റങ്ങൾ വന്ന് തുടങ്ങിയ സമയം...

അപ്പോഴാണ് അവൾ "അജിത്" എന്ന് പേരുള്ള ഒരു മലയാളി യുവാവുമായി അടുത്തത്...

ബാംഗ്ലൂരിലുള്ള ഇന്ത്യയിലെ ഏറ്റവും പ്രമുഖ മാനേജ്മെന്റ് വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്ന് ഡ്രോപ്പ് ഔട്ട് ആയി സ്വയം ബിസിനസ് നോക്കുന്ന ആ യുവാവുമായി അധികം താമസിക്കാതെ തന്നെ അവൾ പ്രണയ ബന്ധത്തിൽ അകപ്പെട്ടു...

വരുൺ അന്ന് അവിടെ ആ പേര് കേട്ടപ്പോൾ ഞെട്ടി... ബാക്കി കാര്യങ്ങൾ കൂടി കൂട്ടി വായിച്ചപ്പോൾ വരുണിന് ഈ അജിത് തന്നെയാണ് അനു ഇഷ്ടപെടുന്ന അജിത് എന്ന് മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടി വന്നില്ല...

അജിത്തിന്റെ തമാശ കലർന്നുള്ള സംസാരവും മറ്റും ശരണ്യയെ വല്ലാതെ ആകർഷിച്ചിരുന്നു...

എന്നാൽ അജിത് ഒരു വഞ്ചകൻ ആണെന്ന് അവൾ തിരിച്ചറിഞ്ഞില്ല...

അവന്റെ ആഗ്രഹങ്ങൾ നേടിയെടുക്കാൻ മയക്കുമരുന്ന് നൽകി അവളെ അടിമപ്പെടുത്തി...

അവസാനം മയക്കുമരുന്ന് അമിതമായി നൽകി അവളെ ശാരീരികമായി അവനും അവന്റെ ഒപ്പമുള്ള ചെന്നായ്ക്കളും അവളെ കൊത്തി വലിച്ചു...

ആ ഇൻസിഡന്റോടെ ശരണ്യയുടെ മനോനില തന്നെ തകർന്നു പോയി...

കേസും അന്വേഷണവും എല്ലാം തെളിവില്ലാതെ അവസാനിച്ചു...

കൂടുതൽ അന്വേഷണത്തിന് പോയി കുടുംബത്തിന്റെ മാനം കളയാൻ വീട്ടുകാർക്ക് താല്പര്യമില്ലയിരുന്നു...

പക്ഷെ മഹേഷും അവന്റെ സംഘവും അജിത്തിനെ ശരണ്യയുടെ ഫോണിലെ മെസ്സേജിൽ നിന്നും അന്വേഷിച്ചു കണ്ടെത്തി...

അവരുടെ കയ്യിൽ നിന്ന് തലനാഴികക്ക് രക്ഷപെട്ടു അവൻ...

എന്നാൽ പരുക്ക് പറ്റി ഹോസ്പിറ്റലിലുമായി...

വരുൺ ഈ അജിത് തന്നെ ആണോ അനു സ്നേഹിച്ചിരുന്ന ആൾ എന്ന് അവന്റെ ബാംഗ്ലൂരിലെ സുഹൃത്തുക്കൾ മുഖേനെ അന്വേഷിച്ചു...

അന്വേഷണത്തിനോടുവിൽ രണ്ടും ഒരാൾ തന്നെ ആണെന്ന് അവൻ മനസ്സിലാക്കി... ലഹരി മരുന്ന് റാക്കറ്റിന്റെയും മറ്റും പ്രധാന കണ്ണിയായിരുന്നു അവൻ...

ഒരുപാട് പെൺകുട്ടികളുടെ ജീവിതം അവൻ കാരണം തകർന്നിട്ടുണ്ടായിരുന്നു...

ശരണ്യയുടെ ചേട്ടൻ മഹേഷിന്റെ കയ്യിൽ നിന്നും അടി കിട്ടി ഹോസ്പിറ്റലിൽ കിടന്ന സമയമാണ് അനുവിനെ വിളിച്ച് അജിത് ആത്മഹത്യക്ക് ശ്രമിച്ചു എന്ന് പറഞ്ഞതെന്നും വരുൺ മനസ്സിലാക്കി...

അനുവിനെ വിളിച്ചു പറഞ്ഞ സുഹൃത്തും അജിത്തിന്റെ ആൾ ആയിരുന്നു...

ഹോസ്പിറ്റലിൽ നിന്നും ഇറങ്ങിയ അജിത് പക്ഷെ മയക്ക് മരുന്ന് കയ്യിൽ വച്ച കുറ്റത്തിന് ജയിലിൽ ആയി...

അവൻ ജയിലിൽ ആയിരുന്ന സമയത്ത് മുഴുവൻ അനുവിന് മെസ്സേജ് അയച്ച് കൊണ്ടിരുന്നത് അവന്റെ ആൾ ആയിരുന്ന അനുവിന്റെ ഒപ്പം പഠിച്ചിരുന്ന ഫ്രണ്ട് ആയിരുന്നു...

ഇതെല്ലാം അനുവിനെ അറിയിക്കാൻ വരുൺ തീരുമാനിച്ചു...

പക്ഷെ വരുൺ പറഞ്ഞാൽ അവൾ വിശ്വസിക്കുമോ എന്ന ഭയം അവനിൽ ഉണ്ടായിരുന്നു...

വരുൺ എല്ലാ വിവരവും ഷനായോടും വന്ദിതയോടും മഹേഷിനോടും പറഞ്ഞു...

അനുവിനെ അപകടത്തിൽ നിന്നും രക്ഷിക്കണം അതെ സമയം അവളുടെ തെറ്റിന് വേണ്ട ശിക്ഷ നൽകാനും വരുൺ തീരുമാനിച്ചു...

പക്ഷെ ആദ്യം വരുണിന് അറിയേണ്ട കാര്യം അനുവിന് അല്പമെങ്കിലും സ്നേഹം അവനോടു ഉണ്ടായിരുന്നോ എന്നത് ആയിരുന്നു...

അതിനായി മനപ്പൂർവം തന്നെ അവൻ ഡിവോഴ്സ് എന്ന വഴി തിരഞ്ഞെടുത്തു...

ഡിവോഴ്സ് അനു പൂർണ മനസ്സോടെ സമ്മതിക്കുന്നു എങ്കിൽ എല്ലാ സത്യവും അറിയിച്ചു അവളുമായി പിരിയാൻ ആയിരുന്നു തീരുമാനം...

അതെ സമയം സ്നേഹം ഉണ്ടേൽ അനു എതിർപ്പുകളും വിഷമവും പ്രകടിപ്പിക്കും എന്ന് അവന് അറിയുമായിരുന്നു...

ഡിവോഴ്സിന്റെ ആദ്യ സമയം തന്നെ വരുണിന് മനസ്സിലായിരുന്നു അനുവിന് അവനെ ഇഷ്ടമാണ് എന്നത്...

ഷാന അനുവിനോട് സംസാരിച്ചു അനുവിന്റെ മനസ്സ് മനസ്സിലാക്കി എല്ലാം വരുണിനോട് പറഞ്ഞിരുന്നു...

അങ്ങനെ ഇരിക്കെയാണ് അജിത് അനുവിനെ കാണാൻ വരുന്നു എന്നത് ഷാന വഴി വരുൺ അറിയുന്നത്...

വരുൺ ഈ വിവരം മഹേഷിനെ അറിയിച്ചു...

മഹേഷ് തിരക്കിയപ്പോൾ മയക്ക് മരുന്ന് ലോബി പണം എറിഞ്ഞു കേസ് ഇല്ലാതെയാക്കി അജിത്തിനെ പുറത്ത് ഇറക്കി എന്ന് അറിഞ്ഞു... മഹേഷിന് അജിത്തിനെ കൊല്ലാൻ ഉള്ള ദേഷ്യം തോന്നി...

മഹേഷ് അജിത്തിനെ കുടുക്കാൻ ഒരു അവസരം നോക്കി ഇരിക്കുകയുമായിരുന്നു...

വരുൺ ഷാന പറഞ്ഞു കൊടുത്ത ലൊക്കേഷനും മറ്റും തിരക്കിയപ്പോൾ അനുവിന് ഉള്ള കെണി ആണെന്ന് ഉറപ്പിച്ചിരുന്നു...

വരുണിന്റെ ഒരു ഫ്രണ്ട് വഴി മയക്ക് മരുന്ന് കേന്ദ്രം കൂടി ആണ് ആ പൂട്ടിയ റെസ്റ്റോറന്റ് എന്ന് മനസ്സിലാക്കിയിരുന്നു...

അജിത്തിന്റെ കൂട്ടുകാർ ആയ നാല് പേരാണ് അത് ഡീൽ ചെയുന്നത് എന്ന് അറിഞ്ഞതും വരുൺ മഹേഷിനോട് വിവരം പറഞ്ഞു...

മഹേഷ് കർണാടക പോലീസിൽ ഉള്ള സുഹൃത്തുക്കൾ വഴി ഇവർ നാലു പേരും മയക്ക് മരുന്ന് കേസിൽ പെട്ട് കർണാടക പോലീസ് അന്വേഷിക്കുന്ന പ്രതികൾ ആണെന്ന് മനസ്സിലാക്കിയതും, പോലീസ് സുഹൃത്തുക്കൾ വഴി കേരളാ പോലീസിലേക്ക് അവരെ അറസ്റ്റ് ചെയ്യാനുള്ള ഇൻഫർമേഷൻ പാസ്സ് ചെയ്തു...

അജിത്തിനെ തിരക്കി മഹേഷും ആളുകളും ഇറങ്ങി...

അവന്റെ ലൊക്കേഷൻ കണ്ട് പിടിച്ചു ഫോളോ ചെയ്ത് പാലക്കാട് എത്തുമ്പോൾ ആക്സിഡന്റ് ഉണ്ടാക്കാൻ മഹേഷ് എല്ലാം അറേഞ്ച് ചെയ്തിരുന്നു...

പ്രതീക്ഷിച്ച പോലെ ആക്സിഡന്റ് ഉണ്ടായി... മഹേഷ് വരുണിനെ വിവരം അറിയിച്ചു... പക്ഷെ അജിത് മരിച്ചില്ലായിരുന്നു എന്ന് പിന്നീട് ആണ് അവർ അറിയുന്നത്...

അജിത് തീർന്നു, കേരള പോലീസ് അവന്റെ സുഹൃത്തുക്കളെ അറസ്റ്റ് ചെയ്യും എന്ന് വിചാരിച്ചിരുന്ന വരുൺ അനു സുരക്ഷിത ആണെന്ന് ഉറപ്പിച്ചു...

എന്നാൽ നമ്മുടെ പോലീസ് ഇൻഫർമേഷൻ കിട്ടി ആക്ഷൻ എടുക്കാൻ താമസം ഉണ്ടാകും എന്ന് അവൻ ഓർത്തില്ല...

ഇതേ സമയം അനു അവരുടെ വായിൽ ചെന്ന് ചാടിക്കൊടുത്തു...

പക്ഷെ കൃത്യ സമയത്തു പോലീസ് വന്നത് കൊണ്ട് അനു രക്ഷപ്പെട്ടു...

ഹോസ്പിറ്റലിൽ ആയ അനുവിനെ വരുണിന്റെ ഒപ്പം വിടാനുള്ള ബുദ്ധി ഷാനയുടേത് ആണെന്ന് അനുവിനോട് ഷാന പറഞ്ഞു എങ്കിലും അത് വരുൺ പറഞ്ഞിട്ടായിരുന്നു...

അവൻ അനുഭവിച്ച വേദനയും വിഷമങ്ങളും ഒരു തരിമ്പ് എങ്കിലും അനു അറിയണം എന്ന് അവന് ഉണ്ടായിരുന്നു...

അവൾക്ക് കുറച്ച് ദിവസങ്ങൾ കൊണ്ട് സ്നേഹവും സമാധാനവും നൽകി...

ഇതെല്ലാം ഒറ്റയടിക്ക് പോകുന്ന വേദന ഡിവോഴ്സ് ഡേറ്റ് വന്നപ്പോൾ വരുൺ അനുവിന് മനസ്സിലാക്കിക്കൊടുത്തു...

എന്നാൽ അതെ സമയം അജിത്തിന്റെ വിളി വരുൺ തീരെ പ്രതീക്ഷിച്ചിരുന്നില്ല...

കോടതിയിൽ പോകുമ്പോൾ അനുവിന്റെ ഒന്നും മിണ്ടാതെ, വികാരങ്ങൾ ഇല്ലാതെയുള്ള ഭാവം കണ്ട് വരുൺ ടെൻഷനിൽ ആയിരുന്നു...

അനു എതിർത്തില്ലാ എങ്കിൽ അവൻ തന്നെ ഡിവോർസ് എതിർക്കും എന്ന് തീരുമാനിച്ചിരുന്നു...

പക്ഷെ അപ്പോൾ ആണ് അനു കോടതിയിൽ കരഞ്ഞു പറഞ്ഞത്...

പിന്നീട് മനപ്പൂർവം തന്നെയായിരുന്നു അജിത്തിനെ കാണാൻ പോയപ്പോൾ കാറിൽ ഇരിക്കുന്നു എന്ന് പറഞ്ഞിട്ടും പുറത്ത് ഇറങ്ങിയതും അവളെ ശ്രദ്ധിച്ചതും...

ഇതേ സമയം തന്നെയാണ് അജിത് ഉൾപ്പെടുന്ന മയക്ക് മരുന്ന് റാക്കറ്റ് കർണാടകയിൽ വച്ച് പിടിയിൽ ആകുന്നത്...

അതി വിദഗ്ദ്ധമായി രക്ഷപെട്ട അജിത് ഒളിവിൽ ആയിരുന്നു...

ഇനി അവൻ അകത്ത് പോയാൽ രക്ഷിക്കാൻ ആരും വരില്ല... വന്നാൽ തന്നെ കഴിഞ്ഞ തവണ ഉള്ളത് പോലെയല്ല... സ്ട്രോങ്ങ് എവിഡൻസ് ആണ് പോലീസിന്റെ പക്കൽ ഉള്ളത്... പിന്നെ മഹേഷിന്റെ ആളുകളും...

ഡിവോഴ്സിന്റെ പടി വാതിലിൽ നിന്നും രക്ഷപെട്ടു വന്ന അനുവിന് വരുണിന്റെ സ്നേഹം ലഭിക്കാൻ വേണ്ടിയുള്ള ഓരോ വഴിയും ഷാന മുഖേനെ വരുൺ തന്നെ ആയിരുന്നു പറഞ്ഞ് കൊടുത്തത്...

അനു വരുണിനെ വശികരിക്കാൻ ശ്രമിക്കുന്നതിന്റെ ഇടക്ക്, ഓർക്കപ്പുറത്തു അനുവിനെ വരുണിന്റെ ഷർട്ട് ഇട്ട് കണ്ട സമയം എല്ലാം അവസാനിപ്പിച്ചു അനുവിനോട് സത്യം പറയാം എന്ന് തന്നെ വരുണിന് തോന്നിപ്പോയി എങ്കിലും അവൻ വികാരങ്ങൾ നിയന്ത്രിച്ചു...

ഷാന പല തവണ അനുവിനോട് സത്യം പറയണം എന്ന് ആഗ്രഹിച്ചു എങ്കിലും അവൾ ആ ശിക്ഷ അർഹിക്കുന്നു എന്നത് കൊണ്ട് മിണ്ടിയില്ല...

അവസാനം വന്ദിതയുടെ വരവും, റെസ്റ്റോറന്റിൽ പോയതും അവിടെ ഉണ്ടായത് എല്ലാം തന്നെ വരുണിന്റെ നിർദ്ദേശം അനുസരിച്ച് ഷാനയും വന്ദിതയും ചെയ്തത് ആയിരുന്നു...

എല്ലാം അവസാനിപ്പിച്ചു സത്യം പറയുന്നതിന് മുൻപ്, സ്വന്തം ഭർത്താവ് മറ്റൊരു പെണ്ണിനെ സ്നേഹിക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ ഉണ്ടാകുന്ന വേദന കൂടി അനു അറിയണം എന്ന് അവന് തോന്നി...

അതിനായി വന്ദിതയോടു വിളിക്കാൻ പറഞ്ഞു ഫോൺ അനുവിന്റെ അടുക്കൽ മനഃപൂർവം വച്ചിട്ട് ബാത്റൂമിലേക്ക് അവൻ നടന്നു...

അനു കാൾ വന്നപ്പോൾ വന്ദിത എന്ന പേര് കണ്ടെന്നും, അവന്റെ മുഖത്തെ ഭാവ മാറ്റം ശ്രദ്ധിക്കുമെന്നും, സംശയം കൊണ്ട് പിന്തുടർന്ന് വരുമെന്നും വരുണിന് ഉറപ്പായിരുന്നു...

അതെ പോലെ തന്നെ സംഭവിച്ചു...

അവൾ വന്നു എന്നറിഞ്ഞ വരുൺ മനഃപൂർവം തന്നെയാണ് ലവ് യു എന്ന് പറഞ്ഞത്...

എല്ലാം പിറ്റേന്ന് അവളോട് ഏറ്റ് പറയാൻ വരുൺ തീരുമാനിച്ചു...

പക്ഷെ അപ്പോൾ ആണ് അവനെ ഞെട്ടിച്ചു കൊണ്ട് അവൾ ആത്മഹത്യ ചെയ്യാൻ ഇറങ്ങിത്തിരിച്ചത്...

ഭാഗ്യത്തിന് അത് ഇങ്ങനെയുമായി...

**********

ഷാന പറഞ്ഞ് നിർത്തിയതും അനു കേട്ടതൊന്നും വിശ്വസിക്കാൻ ആകാത്ത പോലെ വരുണിനെ നോക്കി...

അവന്റെ മുഖത്ത് ഒരു കള്ള ചിരി മാത്രം...

അനുവിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു...

"സോറി... ഇഷ്ടമുണ്ടായിട്ടല്ല ഇത്രയും കഷ്ടപ്പെടുത്തിയതും വേദനിപ്പിച്ചതും... അപ്പോഴെല്ലാം ഉള്ളിൽ നിറയെ സ്നേഹം തന്നെ ആയിരുന്നു... ഞാനും വേദനിക്കുകയായിരുന്നു...

പക്ഷെ നഷ്ടപ്പെടുമ്പോൾ ഉള്ള വേദന അറിയുമ്പോൾ മാത്രമേ ഒപ്പം ഉള്ളതിന്റെ വിലയും അറിയൂ... താൻ ക്ഷമിക്ക്..."

അനുവിന് ഒന്നും പറയാൻ ഉണ്ടായിരുന്നില്ല... അവൾ വരുണിന്റെ തോളിലേക്ക് ചാഞ്ഞു...

കണ്ണ് നിറഞ്ഞ് ഒഴുകുന്നുണ്ടായിരുന്നു എങ്കിലും എന്തിന് വേണ്ടി എന്ന് അവൾക്ക് അറിയില്ലായിരുന്നു...

സന്തോഷവും വിഷമവും എല്ലാം കൂടി കലർന്ന ഒരു വികാരം അവളുടെ മനസ്സിലൂടെ കടന്ന് പോയി...

കുറച്ച് കഴിഞ്ഞു കണ്ണുകൾ തുടച്ച് കൊണ്ട് അവൾ നേരെ ഇരുന്നു...

"അപ്പോൾ എന്നെ ഉപദ്രവിക്കാൻ നോക്കിയവർക്ക് സംഭവിച്ചതും നിങ്ങൾ ആണോ...???"

ചെറിയ ഒരു ചിരി മുഖത്ത് വരുത്തി മഹേഷിനോടും വരുന്നിനോടുമായി ചോദിച്ചു...

"നിങ്ങൾ അല്ല... ദേ ഇവൻ... നിന്റെ കണവൻ... അവന്മാരുടെ നീര് വരെ പിഴിഞ്ഞെടുത്തു... ചാക്കിൽ കെട്ടി പോലീസ് സ്റ്റേഷനിൽ ഇട്ടത് എന്റെ ആളുകൾ ആണ്..." മഹേഷ് ചിരിച്ച് കൊണ്ട് പറഞ്ഞു...

വരുൺ പല്ല് 32 കാട്ടി അനുവിനെ നോക്കി ഇളിച്ചു...

"ഇങ്ങനെ ഇരുന്നാൽ മതിയോ... യാത്രയുള്ളത് അല്ലേ... പോവണ്ടേ..." വന്ദിത എല്ലാവരോടും ആയി ചോദിച്ചു...

"ആം... ഇവന്മാരുടെ കാര്യം എങ്ങനെയാ... " വരുൺ മഹേഷിനോട് ചോദിച്ചു...

"അതിനുള്ള ആളുകളെ അറേഞ്ച് ചെയ്തിട്ടുണ്ട്... എനിക്ക് കർണാടകയിൽ മാത്രം അല്ലടോ ഇങ് കേരളത്തിലും ഉണ്ട് പിടിപാട് ..."

"അത് പിന്നെ എനിക്ക് അറിയില്ലേ... താങ്ക്സ് ചേട്ടാ... താങ്ക്സ് ഫോർ എവെരിതിങ്..."

"ഡാ മോനെ... താങ്ക്സ് പറയേണ്ടത് ഞാനാ... അല്ലേ തന്നെ നീ ഞങ്ങളുടെ കുടുംബത്തിലെ ഒരു അംഗം പോലെയായി... അപ്പോൾ ഈ താങ്ക്സും ഫോർമാലിറ്റിയും ഒഴിവാക്കാം..."

മഹേഷ് വരുണിനെ കെട്ടിപിടിച്ചു കൊണ്ട് പറഞ്ഞു...

അവർ എല്ലാവരും പിരിയാൻ തുടങ്ങിയപ്പോളേക്കും മഹേഷിന്റെ ആളുകൾ വന്നിരുന്നു...

*********

അനുവും വരുണും തിരികെ വീട്ടിലേക്ക് ഉള്ള യാത്രയിൽ ആയിരുന്നു... അനു വരുണിന്റെ കയ്യിൽ പിടിച്ചിട്ടുണ്ട്...

"ഈ കൈ ഒന്ന് തന്നാൽ ഗിയർ ഒന്ന് മാറ്റമായിരുന്നു..." വരുൺ തമാശ രൂപേണ അനുവിനോട് പറഞ്ഞു...

അവൾ ചിണുങ്ങി കൊണ്ട് കൈ വിട്ടു...

രണ്ട് പേരും കാറിൽ കയറിട്ടു മിണ്ടുന്നില്ലായിരുന്നു...

വീണ്ടും മൗനം തുടർന്നപ്പോൾ വരുൺ തന്നെ അത്  ഭേദിക്കാൻ തീരുമാനിച്ചു...

**"അനുക്കുട്ടീ... "** അവൻ അനുവിനെ നീട്ടി വിളിച്ചു...

ആ വിളി കേട്ടതും അനു വളരെ വിലപ്പെട്ട സാധനം നഷ്ടപ്പെട്ട് പോയത് അപ്രതീക്ഷിതമായി തിരികെ കിട്ടുമ്പോൾ ഉണ്ടാകുന്ന ഞെട്ടലോടെയും സന്തോഷത്തോടെയും വരുണിനെ മുഖം ഉയർത്തി നോക്കി...

"വരുൺ ഒന്നും മറന്നിട്ടില്ല... അവന്റെ അനുക്കുട്ടിയെ മറന്നിട്ടില്ല..."

അനുക്കുട്ടീ എന്ന് നീട്ടിയുള്ള ആ വിളി... പണ്ടും വരുൺ അങ്ങനെ നീട്ടിയാണ് വിളിച്ചിരുന്നത് ... അനുവിന്റെ മനസ്സ് പഴയ കാലത്തിലേക്ക് പോയി... അഞ്ച് വയസ്സുള്ള പാവാടക്കാരി അനുക്കുട്ടിയിലേക്ക്...

"അനുക്കുട്ടീ... എന്താ മിണ്ടാതെ ഇരിക്കുന്നത്... ഈ വിളി ഓർമ്മയുണ്ടോ???..."

അനു വരുണിന്റ കൈ പിടിച്ച് മുത്തിയിട്ട് അവളുടെ നെഞ്ചോടു ചേർത്തു പിടിച്ചു കൊണ്ട് പറഞ്ഞു -

"അനുക്കുട്ടിക്ക് ഈ വിളി മറക്കാൻ ആകുമോ..."

"ഹ... ഹ്ഹാ... എന്റെ അനുക്കുട്ടീ... " അവൻ ചിരിച്ച് കൊണ്ട് നീട്ടി വിളിച്ചു...

"എന്തോ..." അനു തളാത്മകമായി നീട്ടിയാ  വിളിയും കേട്ടു...

"ഈ വിളി കേൾക്കാൻ ഞാൻ എത്ര മാത്രം കൊതിച്ചിട്ടുണ്ട് എന്നോ... പക്ഷെ ഈ വിളി കേൾക്കാൻ ഓടി വന്നിട്ടും, കാതോർത്തിരുന്നിട്ടും ഈ വിളി മാത്രം ഞാൻ കേട്ടില്ല... ഇന്ന് 21 വർഷങ്ങൾക്കിപ്പുറം എനിക്ക് ആ വിളി കേൾക്കാനായി...

ഒരു അഞ്ച് വയസ്സുകാരൻ ചെക്കൻ അവന്റെ പാവാടകാരി കളിക്കൂട്ട്കാരിയെ വിളിച്ചിരുന്ന അതെ വിളി..."

അനുവിന്റെ കണ്ണുകൾ അത് പറഞ്ഞപ്പോൾ തുളുമ്പി... അത് കേട്ട് വരുണിന്റെയും...

"ആ അഞ്ച് വയസ്സുകാരൻ ചെക്കൻ അകന്ന് പോയ അവന്റെ കളിക്കൂട്ട്കാരിയെ എന്നും ഓർക്കുമായിരുന്നു... കാണാൻ കൊതിക്കുമായിരുന്നു... അവൻ പോലും അറിയാതെ അവന്റെ ഉള്ളിൽ അവളൊരു പ്രണയമായി വളർന്നു...

വർഷങ്ങൾ കഴിഞ്ഞ് ആറാം ക്ലാസ്സിൽ അവന്റെ ക്ലാസ്സിൽ അവൾ ചേർന്നപ്പോൾ അവൻ ഒരുപാട് സന്തോഷിച്ചിരുന്നു...

അനുക്കുട്ടി എന്ന് നീട്ടി വിളിച്ച് ഓടി വന്നു കെട്ടിപിടിക്കാൻ അവന്റെ മനസ്സ് കൊതിച്ചിരുന്നു...

പക്ഷെ ഭയം, ഭയമായിരുന്നു അവന്... പ്രണയം അതിന്റെ ദോഷമാണ് ഈ ഭയം... അത് അതിർ വരമ്പുകൾ അവർക്കിടയിൽ ഉണ്ടാക്കി...

അനുക്കുട്ടിക്ക് തന്നെ ഓർമ കാണുമോ എന്ന ഭയം... താൻ അനുക്കുട്ടി എന്ന് വിളിച്ചാൽ അവൾക്ക് ഇഷ്ടമാകുമോ എന്ന ഭയം... സ്കൂളിൽ അത്യാവശ്യം തല്ലിപ്പൊളി എന്ന ടാഗുള്ള അവന്റെ ചങ്ങാത്തം അവൾക്ക് ഇഷ്ടമാകുമോ എന്ന ഭയം...

ഒരു ആറാം ക്ലാസുകാരന്റെ പ്രണയം സത്യമാണോ എന്ന ഭയം... അത് തുറന്ന് പറഞ്ഞാൽ അവൾ എങ്ങനെ സ്വീകരിക്കും എന്ന ഭയം..."

അനു കേട്ടത് വിശ്വസിക്കാൻ ആകാതെ വരുണിനെ നോക്കി...

"വേർപിരിഞ്ഞു വർഷങ്ങൾക്ക് ശേഷം ആ പാവാടകാരി പെണ്ണ് അവളുടെ കളിക്കൂട്ടുകാരനെ കാണാൻ, അവന്റെ അനുക്കുട്ടി എന്ന് നീട്ടിയുള്ള വിളി കേൾക്കാൻ വാശി പിടിച്ചും വഴക്കിട്ടും വന്നത് ആണെന്ന് അറിയുമോ..."

ഈ തവണ വരുൺ ആണ് ഞെട്ടിയത്... തെറ്റിദ്ധാരണകൾ അത് വർഷങ്ങൾ പഴക്കം ഉള്ളത് ആണേലും മാറേണ്ടത് തന്നെയാണ്... പ്രണയിക്കുന്നവരുടെ ഇടയിൽ തെറ്റിദ്ധാരണയ്ക്ക് സ്ഥാനമില്ല...

"ആറാം ക്ലാസ്സിൽ അവനെ കാണാൻ വരുന്നത് വരെ കളിക്കൂട്ടുകാരനോട് എന്ത് വികാരം ആണെന്ന് അവൾക്ക് അറിയില്ലായിരുന്നു...

പക്ഷെ അവൻ പഴയത് പോലെ തന്നോട് ഇടപഴകുന്നില്ല, തന്നെ സ്നേഹികുന്നില്ല, ശ്രദ്ധിക്കുന്നില്ല എന്നൊക്കെയുള്ള ചിന്ത അവളിൽ ഒരു ഭയവും നഷ്ടബോധവും സൃഷ്ടിച്ചു...

അവളുടെ കളികൂട്ടുക്കാരൻ ഒരു ദിവസം ക്ലാസ്സിൽ വരാതെ ഇരിക്കുകയോ, വയ്യാതെ ഇരിക്കുകയോ സങ്കടപ്പെടുകയോ കാണുമ്പോൾ അവളുടെ മനസ്സ് നീറിയിരുന്നു...

ഇതെല്ലാം അവളുടെ മനസ്സ് നിറയെ അവനോടുള്ള പ്രണയം ആണെന്ന് ഊട്ടിയുറപ്പിക്കുകയായിരുന്നു...

അവളുടെ ആദ്യ പ്രണയം..."

അനു വരുണിന്റെ കൈ പിടിച്ച് നെഞ്ചോട് ചേർത്ത് നേരെ നോക്കിയിരുന്നു കൊണ്ട് പറഞ്ഞു...

അവന് താൻ ഒരു സ്വപ്ന ലോകത്ത് ആണെന്ന് തോന്നി...

" എന്ത് ചെയ്യാനാ... ആ പെണ്ണ് ഒരു പഠിപ്പിസ്റ്റ്, ക്ലാസ്സിൽ ഫസ്റ്റ്, ആർട്സ് ഫസ്റ്റ് സ്പോർട്സ് ഫസ്റ്റ്...

ചെക്കൻ ആണെങ്കിൽ ഇടി ഉണ്ടാക്കുന്നതിൽ ഫസ്റ്റ്...

പിന്നെ അവൻ എങ്ങനെ അവളുടെ മുന്നിൽ നേരെ നിന്ന് ഇഷ്ടമാണ് എന്ന് പറയും...

അതിന്റെ ഇടക്ക് പഠിപ്പിയും ഗ്ലാമർ ഉള്ളതും പാട്ട് പാടാൻ അറിയുന്നതുമായ ഒരുത്തൻ അവളുടെ പിന്നാലെ...

പിന്നെ ആ പാവം എന്ത് ചെയ്യും... അറിയാവുന്ന ദൈവങ്ങളെ ഓക്കെ വിളിച്ച് പ്രാർത്ഥിച്ചു...

എന്നിട്ട് എന്തുണ്ടായി... അവൾ ആ പാവം ചെക്കന് ഇട്ട് പാര പണിത് പണിത് ഒരു വഴിക്കാക്കി..."

"ആഹാ... ഇപ്പോൾ അങ്ങനെ ആയോ... അവൾ എത്ര മാത്രം സൂചനകൾ തന്നു... ഒന്നും മനസ്സിലാക്കിയില്ല എന്നിട്ട് വേറെ ഏതോ പെണ്ണിന്റെ പിന്നാലെ പോയി...

അവൾക്ക് അത് സഹിക്കാൻ ആയില്ല... അപ്പോൾ പിന്നെ അവൾ എന്ത് വേണമായിരുന്നു...

"

"അവളെ ചോടിപ്പിച്ചു അവൾക്ക് ഇഷ്ടമുണ്ടെങ്കിൽ അവളെ കൊണ്ട് തന്നെ പറയിക്കാനുള്ള ശ്രമം ആയിരുന്നു അത്..."

അനു ഞെട്ടി നോക്കി...

"അവൾക്ക് അത് മനസ്സിലായിരുന്നില്ല... സോറി..."

"അവളുടെ മൂക്ക് ഇടിച്ചു തകർത്തതിനും സോറി..."

രണ്ട് പേരും പൊട്ടിച്ചിരിച്ചു...

അനു വരുണിന്റെ മേൽകയ്യിൽ പിടിച്ച് തോളിലേക്ക് ചാഞ്ഞു...

അല്പം കഴിഞ്ഞ് കയ്യിൽ ചെറിയ നനവ് അനുഭവപ്പെട്ടപ്പോൾ ആണ് വരുൺ അനുവിനെ ശ്രദ്ധിച്ചത്...

"അനുക്കുട്ടീ..." അവൻ മൃദുലമായി നീട്ടി അവളെ വിളിച്ചു...

"മ്മ്... ഇത്രയും നാളും എന്നെ ഇട്ട് വട്ട് കളിപ്പിച്ചു... ഇപ്പോൾ ആ സ്നേഹം ഞാൻ അറിഞ്ഞു തുടങ്ങിയപ്പോൾ എന്നെ വിട്ട് അകന്ന് പോകാൻ പോകുന്നു..."

വരുൺ ഒന്നും പറഞ്ഞില്ല... തല അല്പം ചരിച്ചു അവളുടെ നെറുകയിൽ ഉമ്മ വച്ചു...

*********

പ്രതീക്ഷിക്കാതെ പലതും നടന്നത് കൊണ്ട് വരുൺ വിചാരിച്ചിരുന്നത് പോലെ വന്ദിതയുടെ വീട്ടിലേക്ക് പോകാൻ ഉള്ള സമയം ഉണ്ടായിരുന്നില്ല...

അവർ നേരെ എയർപോർട്ടിലേക്ക് പോയി...

അനുവും അച്ഛനും അമ്മയും യാത്രയാക്കാൻ വരുണിന്റെ ഒപ്പം എയർപോർട്ടിലേക്ക് പോയിരുന്നു...

എയർപോർട്ടിൽ എത്തി വണ്ടി പാർക്ക് ചെയ്ത് സാധനങ്ങളുമായി ഡിപാച്ചർ ഏരിയയിലേക്ക് നടന്നു...

വന്ദിതയും മഹേഷും അവിടെ വന്നിട്ടുണ്ടായിരുന്നു...

വരുണും കുടുംബവും അവിടേക്ക് നടന്നു...

"ആ എത്തിയോ... " മഹേഷ് ചോദിച്ചു...

"എത്തിയല്ലോ... " വരുൺ ചിരിച്ച് കൊണ്ട് മറുപടി പറഞ്ഞു...

"അനുക്കുട്ടി... ഒരു കുഞ്ഞ് സർപ്രൈസ് കൂടി ഉണ്ട്... ഇന്നലെ ഞാൻ ഐ ലവ് യു പറഞ്ഞ് ഉമ്മ കൊടുത്തില്ലേ... അത് റിയൽ ആണ് കേട്ടോ... ആർക്കാ കൊടുത്തേ എന്ന് കാണണ്ടേ..."

വരുൺ അനുവിന്റെ അടുത്തേക്ക് ചേർന്ന് നിന്ന് രഹസ്യമായി അവളുടെ കാതിൽ പറഞ്ഞു...

അനു വേണം എന്ന് തലയാട്ടി...

"കുഞ്ഞുസ് എന്തിയെ...??"

വരുൺ വന്ദിതയോടു ചോദിച്ചു...

അപ്പോൾ ആണ് ഒരു കൊച്ചു മിടുക്കി ഓടി അവിടേക്ക് വന്ന് വരുണിന്റെ കാലിൽ കെട്ടിപിടിച്ചത്...

"അനു... ഇവളാണ് കുഞ്ഞുസ്... വേദിക എന്ന് ഓഫീഷ്യൽ നെയിം... അവൾക്ക് മൂന്നര വയസ്സ് ആയി... വന്ദിതയുടെ മകൾ ആണ്... ഇന്നലെ ഇവളോട് ആണ് ഞാൻ സംസാരിച്ചത്..."

അനു കുഞ്ഞിനെ നോക്കി പുഞ്ചിരിച്ചു... എന്നിട്ട് മുട്ട് കുത്തി ഇരുന്ന് കുഞ്ഞിന്റെ തലയിൽ തലോടി...

"കുഞ്ഞുസിനു ആന്റിയെ അറിയുമോ..."

ഇല്ല എന്നവൾ തലയാട്ടി...

"ആന്റി ആണ് ദേ ഈ അങ്കിളിന്റെ ഭാര്യ..."

കുഞ്ഞുസ് വരുണിനെ നോക്കി, പിന്നെ അനുവിനെ നോക്കി ചിരിച്ചു...

"വയുണ് അങ്കിലേ... കുഞ്ഞൂഷ് പയഞ്ഞ ശാധനം ഇണ്ടോ..."

"ഉണ്ടെടി കാന്താരി... എല്ലാം ഇതിൽ ഉണ്ട്... നീ പറഞ്ഞ അച്ചപ്പവും മുറുകും ഏത്തക്ക ചിപ്സും എല്ലാം... " വരുൺ കൊണ്ട് വന്ന ഒരു ബാഗ് അവൾക്ക് സമീപം എടുത്ത് വച്ച് കുഞ്ഞുസിന്റെ മുക്കിൽ പിടിച്ചു കൊണ്ട് പറഞ്ഞു...

"വന്ദിതയുടെ ഹസ്ബൻഡ് എന്ത് ചെയ്യുന്നു..." അനു വന്ദിതയോട് ചോദിച്ചു...

"സ്റ്റേസിൽ ഉണ്ട്... സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആണ്... പേര് ഹരീഷ്... ഞങ്ങൾ അദ്ദേഹത്തിന്റെ അടുത്തേക്ക് ആണ് പോകുന്നത്..." വന്ദിത അനുവിന് മറുപടി നൽകി...

"ചെക്ക് ഇന് ഓപ്പൺ ആയിട്ടുണ്ട്... ഉള്ളിലേക്ക് കയറുവല്ലേ..." മഹേഷ് വന്ദിതയോട് പറഞ്ഞു...

"കയറാം..." വന്ദിത കുഞ്ഞുസിന്റെ കൈയിൽ പിടിച്ചു കൊണ്ട് പറഞ്ഞു...

വരുൺ ഒരു ട്രോളി കൂടി കൊണ്ട് വന്ന് അവന്റെ രണ്ട് ബാഗ് എടുത്ത് അതിൽ വച്ച്, കുഞ്ഞുസിനു ഉള്ള ബാഗ് വന്ദിതയുടെ ട്രോളിയിൽ വച്ചു...

അനുവിന്റെ ഹൃദയം നിന്ന് പോകുന്ന പോലെ തോന്നി...

എത്ര ശ്രമിച്ചിട്ടും അവൾക്ക് നിയന്ത്രിക്കാൻ ആകുന്നില്ലായിരുന്നു... കണ്ണുകൾ ഉരുണ്ട് കൂടി പ്രാണൻ പോകുന്ന ഹൃദയ വേദന തോന്നി അവൾക്...

വരുൺ അവളുടെ ഭാവ മാറ്റം ശ്രദ്ധിച്ചു...

വന്ദിത എല്ലാവരോടും യാത്ര ചോദിച്ചു ട്രോളി തള്ളി ഉള്ളിലേക്ക് പോകാൻ തുടങ്ങി... കുഞ്ഞുസ് അവളുടെ കയ്യിൽ തൂങ്ങി അകത്തേക്ക് നടന്നു...

വരുണും യാത്ര ചോദിച്ചു വന്ദിതയുടെ പിന്നാലെ പോകാൻ തുടങ്ങി...

വരുൺ പോകുന്നത് അനുവിന് കണ്ട് നില്ക്കാൻ ആകുമായിരുന്നില്ല...

അവൾ തിരിഞ്ഞ് പാർക്കിംഗ് ഏരിയയിലേക്ക് നടക്കാൻ തുടങ്ങി...

തിരിച്ചു നടക്കുമ്പോൾ അവളുടെ കണ്ണു നിറഞ്ഞു അവളുടെ കാഴ്ച മങ്ങിയിരുന്നു...

കവിൾത്തടത്തിലൂടെ ഒഴുകി ഇറങ്ങുന്ന കണ്ണുനീർ പുറം കയ്യാൽ തുടച്ച് കൊണ്ട് തിരിഞ്ഞ് നോക്കാതെ അവൾ നടന്നു...

അച്ഛനും അമ്മയും വരുണിനോട് യാത്ര ചോദിച്ചു കൊണ്ട് അനുവിനെ ആശ്വസിപ്പിക്കാനായി വേഗം അവളുടെ പിന്നാലെ പോയി...

മറ്റുള്ളവരിൽ നിന്നും മാറി അനു വണ്ടിയുടെ അടുത്ത് എത്താർ ആയതും അവൾക് പിടിവിട്ട് പോയി...

ഏങ്ങലടിച്ചു കരയാൻ തുടങ്ങി അവൾ...

അപ്പോഴേക്കും അച്ഛനും അമ്മയും എത്തി അവളെ ആശ്വാസപ്പിക്കാൻ തുടങ്ങി...

അവൾ ഒന്ന് ശാന്തം ആയപ്പോൾ അവർ അവളുമായി കാറിന്റെ അടുത്തേക്ക് നടന്നു...

**പെട്ടന്ന്,**

എന്താണ് സംഭവിക്കുന്നത് എന്ന് മനസ്സിലാവുന്നതിന് മുൻപ് തന്നെ അനു വായുവിലേക്ക് ഉയർന്നു...

അച്ഛനും അമ്മയും അവളും ഒരേ പോലെ പേടിച്ച് പോയി...

അനു ഒന്ന് കുതറാൻ ശ്രമിച്ചു, പക്ഷെ പെട്ടന്ന് തന്നെ അവൾ ശാന്തമായി...

അച്ഛന്റെയും അമ്മയുടെയും മുഖത്തെ പേടി പുഞ്ചിരിയായി മാറി...

അനുവിന്റെ മുഖത്ത് നാണത്താലുള്ള പുഞ്ചിരി വിടർന്നു...

**2 മിനിറ്റ് മുൻപ്...**

അനു കരഞ്ഞു കൊണ്ട് തിരിഞ്ഞ് നടന്നതും അവളുടെ പിന്നാലെ അച്ഛനും അമ്മയും പോകുന്നതും കണ്ട വരുണിന്റെ മുഖത്ത് ഒരു ചിരി വിരിഞ്ഞു...

"ഞാൻ പ്രതീക്ഷിച്ചതിലും അടിപൊളിയായി ആണ് കാര്യങ്ങളുടെ പൊക്ക്..." അവൻ മനസ്സിൽ ആലോചിച്ചു...

"ചേട്ടോയ്... ബാഗ് നോക്കിക്കോണേ..." അവൻ മഹേഷിനോട് വിളിച്ച് പറഞ്ഞ് കൊണ്ട് പാർക്കിംഗ് സ്പേസിലേക്ക് ഓടി...

വരുൺ ദൂര നിന്നെ കണ്ടു, വിങ്ങി വിങ്ങി കരയുന്ന അനുവിനെയും അവളെ സമാധാനിപ്പിക്കുന്ന അച്ഛനെയും അമ്മയെയും...

വരുൺ കാറുകൾ മറയാക്കി അവർക്ക് പിന്നിലായി എത്തി...

അച്ഛനും അമ്മയും അനുവിനെ സമാധാനിപ്പിച്ചു മുന്നോട്ട് നടക്കാൻ തുടങ്ങിയതും, വരുൺ പിന്നിലൂടെ ചെന്ന്, അനുവിന്റെ വയറിനു ചുറ്റും കൈ ഇട്ട് കെട്ടിപ്പിടിച്ചു കൊണ്ട് അവളെ എടുത്തുയർത്തി...

**ബാക്ക് ടു പ്രസന്റ്**

ആദ്യം ഒരു നിമിഷം പകച്ചു പോയി എങ്കിലും, ആ സ്പർശനം, ഗന്ധം തിരിച്ചറിയാൻ അനുവിന് അധികം സമയം വേണ്ടി വന്നില്ല...

വരുൺ അനുവിനെ താഴെ നിർത്തിയതും, അവൾ പിന്തിരിഞ്ഞു കൊണ്ട് അവന്റെ നെഞ്ചിൽ മുന്നാല് തവണ ഇടിച്ച്, ഷർട്ടിന്റെ ബട്ടണിൽ പിടിച്ചു വലിച്ചിട്ടു ആ നെഞ്ചിലേക് ചാഞ്ഞു...

വരുൺ അവളെ ഇറുകി പുണർന്നു കൊണ്ട് അവളുടെ സീമന്ത രേഖയിൽ ചുംബിച്ചു...

"പോവണ്ട... വിടില്ല ഞാൻ..." അനു മുഖത്ത് നോക്കാതെ കൊച്ച് കുട്ടികൾ വാശി പിടിച്ചു പറയുന്നത് പോലെ പറഞ്ഞു...

"എവിടേക്ക് പോവണ്ട എന്ന്..." വരുൺ കളിയാക്കിക്കൊണ്ട് തിരികെ ചോദിച്ചു...

"യു.എസ്സിലേക്ക്..."

അനു അത് ഇഷ്ടപെടാത്ത മട്ടിൽ കൃത്രിമ ദേഷ്യം മുഖത്ത് വരുത്തി അവനെ നോക്കിക്കൊണ്ട് പറഞ്ഞു...

" അതിന് ആര് അവിടേക്ക് പോകുന്നു... ഇതാണ് പറയുന്നത് ഭാര്യമാർ ആയാൽ ഭർത്താക്കന്മാരുടെ കാര്യത്തിൽ ഒരു ഉത്തരവാദിത്തം വേണം എന്ന് പറയുന്നത്... എന്റെ പാസ്പോർട്ട് നോക്കിയോ... എനിക്ക് യു.എസ് വിസ പോലുമില്ല പെണ്ണെ... "

അവൻ അവളെ ഒന്നും കൂടി ഇറുകി പുണർന്നു കൊണ്ട് പറഞ്ഞു...

"പിന്നെ പോണില്ലേ നീ എന്തിനാടാ പെട്ടിം പ്രമാണവും തൂക്കി ഇറങ്ങിയത്..." അച്ഛൻ ആണ് ഈ തവണ ചോദിച്ചത്...

"ഹി... ഹ്ഹി... അങ്ങനെ ആണേൽ ഒരു യാത്ര പോയേക്കാം..." വരുൺ പറഞ്ഞു...

"വേണ്ട... ഞാൻ എങ്ങോട്ടും വിടില്ല... " അനു ഒന്നും കൂടെ അവന്റെ നെഞ്ചിലേക്ക് ചേർന്ന് നിന്ന് കൊണ്ട് പറഞ്ഞു...

"എടി പോത്തേ... നമ്മുടെ ഹണിമൂനിന് പോകുന്ന കാര്യം ആണ് ഞാൻ പറഞ്ഞത്... വേണ്ടേ വേണ്ട..."

"അയ്യോ... വേണം വേണം..." അനു ചാടിക്കയറി പറഞ്ഞു...

പറഞ്ഞു കഴിഞ്ഞാണ് അച്ഛനും അമ്മയും ഓക്കെ നില്കുന്നത് അവൾക്ക് ഓർമ വന്നത്...

പെട്ടന്ന് അനു വരുണിനെ വിട്ട് മാറി അമ്മയുടെ പിന്നിൽ പോയി ഒളിച് നാണത്തോടെ മുഖം കുനിച്ചു നിന്നു...

"ദേ നോക്കിയേ ഒരു നാണക്കാരി... ഇത്രയും നേരം അവന്റെ നെഞ്ചിൽ ഒട്ടി നിന്നവൾ വന്ന് ഒളിച്ചു നിൽക്കുന്നത് കണ്ടില്ലേ..." അമ്മ അവളെ കളിയാക്കി...

"നീ കാര്യമായി പറഞ്ഞത് ആണോ... ആട്ടെ എങ്ങോട്ടാ പോകുന്നത്..." അച്ഛൻ ചോദിച്ചു...

"അതെ... കാശ്മീരിലേക്ക്... ഒരുമണിക്ക് മുംബൈലേക്ക് ഫ്ലൈറ്റ്, അവിടെ നിന്നും ശ്രീനഗർ..."

"ചെക്കിൻ ഓപ്പൺ ആയി കാണുമല്ലോ..."

"അതെ... ഡീ... നമുക്ക് പോവാം..."

"ആം..." അനു മുഖത്ത് നോക്കാതെ പറഞ്ഞു...

*********

അച്ഛനോടും അമ്മയോടും മഹേഷിനോടും യാത്ര ചോദിച്ചു അവർ എയർപോർട്ടിന്റെ ഉള്ളിലേക്ക് കയറി...

ചെക്ക് ഇന് ചെയ്തു, സെക്യൂരിറ്റി ചെക്കും ഗേറ്റിൽ വെയിറ്റ് ചെയ്യാൻ തുടങ്ങി...

വരുണിന്റെ തോളിലേക്ക് തല ചായ്ച്ചാണ് ആശാട്ടിയുടെ ഇരുപ്പ്...

"അതെ..." അനു അവനെ വിളിച്ചു...

"മ്മ്മ്... " വരുൺ മറുപടിയായി മൂളി...

"ഇനി എന്തെങ്കിലും സർപ്രൈസ് ബാക്കിയുണ്ടോ... "

"ഇനിയോ... ഇനിയും ഒരെണ്ണം കൂടിയുണ്ട്..."

അനു ഞെട്ടലോടെ അവന്റെ തോളിൽ നിന്നും എഴുന്നേറ്റ് മുഖത്തേക്ക് നോക്കിക്കൊണ്ട് ചോദിച്ചു ...

"ശ്ശോ... ഇനിയുമുണ്ടോ... ഇനി ഒരു സർപ്രൈസ് ഞാൻ താങ്ങില്ല..."

"ഏയ്... ഇത് അത്യാവശ്യം കുഞ്ഞ് വല്യ ഒരു സർപ്രൈസ് ആണ്... അനുക്കുട്ടിക്ക് താങ്ങാൻ ഓക്കെ പറ്റും..."

"ആണോ... എങ്കിൽ ഇപ്പോളെ പാറ... എനിക്ക് ടെൻഷൻ ആകും അല്ലേ..."

"ഇത് പറയാനുള്ളതല്ല... കാണാനുള്ളതാ..."

"എന്നാലും വേണ്ടില്ല... എനിക്ക് ഇപ്പോ കാണണം... കാണിച്ചേ..."

"അയ്യേ... വൃത്തികേട്... എന്താ ഈ കുട്ടി പറയുന്നേ... ഓപ്പൺ ആയി കാണിക്കാൻ ആകില്ല നാണക്കേട് ആണ്... അങ്ങ് റൂമിൽ ചെല്ലട്ടെ... എന്നിട്ട് കാണിക്കാം..." വരുൺ ഒരു വഷളൻ ചിരിയോടെ അനുവിനെ നോക്കി പറഞ്ഞു കൊണ്ട് അവളുടെ മുക്കിൽ പിടിച്ചു...

"വഷളൻ... പോടാ... " അനു അവന്റെ വയറിൽ ഒരു കുത്ത് കൊടുത്ത് കൊണ്ട് പറഞ്ഞു...

"അയ്യോ... " അവൻ വയറ് പൊത്തി വേദന അഭിനയിച്ചു...

"എന്നോട് കളിച്ചാൽ ഇങ്ങനെ ഇരിക്കും..."

കുറച്ച് നേരം അങ്ങനെ ഇരുന്നപ്പോൾ ആണ് അനുവിന് ഒരു പ്രധാന കാര്യം ഓർമ വന്നത്...

"അയ്യോ..."

"എന്താ..."

"യാത്ര പോകുവല്ലേ... എന്റെ ഡ്രെസ്സ് ഒന്നും എടുത്ത് വച്ചിട്ടില്ലല്ലോ..."

"അതാരുന്നോ... മാസം ഒന്നര ലക്ഷം സാലറി വാങ്ങുന്ന എന്റെ ഭാര്യക്ക് രണ്ട് ജോഡി ഡ്രെസ്സ് വാങ്ങുന്നത് ഓക്കെ നിസാരം അല്ലേ..."

വരുൺ കളിയാക്കി ചിരിച്ച് കൊണ്ട് ചോദിച്ചു...

അനു ചുണ്ട് കൂർപ്പിച്ചു കൊണ്ട് വരുണിനെ ഒന്ന് നോക്കി പിണങ്ങി എന്ന് കാണിക്കാൻ മുഖം വെട്ടിത്തിരിച്ചു...

"അപ്പോളേക്കും പിണങ്ങിയോ... ഞാൻ ചുമ്മാ പറഞ്ഞതാ... അല്ലേലും അവിടെ ചെന്നാൽ പിന്നെ അനുക്കുട്ടിക്ക് ഡ്രെസ്സിന്റെ ആവിശ്യം വരില്ല 😇😁..." വരുൺ വീണ്ടും കുസൃതി നിറഞ്ഞ ചിരിയോടെ അവളോട് പറഞ്ഞു...

"അയ്യേ... നാക്കെടുത്താൽ വൃത്തികെട്ട വാർത്തമാനമെ പറയു... അസത്ത്..." അവൾ പതിയെ അവന്റെ തോളിൽ അടിച്ചു കൊണ്ട് പറഞ്ഞു...

വരുൺ ചിരിച്ച് കൊണ്ട് അവളെ ചേർത്തു പിടിച്ചു...

"വന്നേ... എന്തേലും ഇടാൻ ഉള്ളത് വാങ്ങിക്കാം... ഗേറ്റ് ഓപ്പൺ ആകാൻ സമയം ഇനിയുമുണ്ട്..." അനു എഴുന്നേറ്റ് വരുണിന്റെ കയ്യിൽ പിടിച്ച് വലിച്ചു കൊണ്ട് പറഞ്ഞു...

"ശ്ശോ... വേണ്ടാരുന്നു... " വരുൺ താല്പര്യമില്ലാത്ത പോലെ എഴുന്നേറ്റ് അവൾക്ക് ഒപ്പം ചെന്ന് ഡ്യൂട്ടി ഫ്രീ ഷോപ്പിൽ നിന്നും അനുവിന് തല്കാലത്തെ ആവിശ്യത്തിന് വേണ്ട വസ്ത്രങ്ങളും മറ്റ് സാധങ്ങളും വാങ്ങി ബാക്കി വേണമെങ്കിൽ കശ്മീരിൽ നിന്നും വാങ്ങാം എന്ന് തീരുമാനിച്ചു...

അധികം താമസിക്കാതെ ഗേറ്റ് ഓപ്പൺ ആയി അവർ യാത്ര തിരിച്ചു...

********

ശ്രീനഗറിലെ തണുപ്പിൽ, ലെമൺ ട്രീ ഹോട്ടലിലെ 305 ആം നമ്പർ മുറിയിലെ ബെഡിൽ പുതച്ച് കിടക്കുകയായിരുന്നു വരുണും അനുവും...

പുലർച്ചെയാണ് അവർ ഹോട്ടലിൽ എത്തിയത്...

രണ്ട് പേർക്കും യാത്രയുടെയും ഉറക്കം പോയതിന്റെയും അതിയായ ക്ഷീണം ഉണ്ടായിരുന്നതിനാൽ ഒരുപാട് സമയം ഉറങ്ങി...

ഉച്ച കഴിഞ്ഞാണ് അവർ ടൂർ ഗൈഡിന്റെ ഒപ്പം ചെറിയ തോതിലുള്ള സന്ദർശനത്തിന് ഇറങ്ങിയത്...

സന്ധ്യ കഴിഞ്ഞതോടെ തിരികെ എത്തി ഭക്ഷണവും കഴിച്ച് റൂമിൽ കിടക്കുകയായിരുന്നു രണ്ട് പേരും...

വരുണിനെ കെട്ടിപ്പിടിച്ച് അവന്റെ നെഞ്ചിൽ തലവച്ചു കൊണ്ട് അനു കിടന്നു...

അവളുടെ മുടിയിലും തലയിലും തലോടിക്കൊണ്ട് വരുണും...

"അനുക്കുട്ടി..."

"എന്തോ... അവൾ നെഞ്ചിൽ പറ്റി ചേർന്ന് കിടന്ന് വിളി കേട്ടു..."

"ഇന്ന് നമ്മുടെ ശരിക്കുമുള്ള ഫസ്റ്റ് നൈറ്റ് അല്ലേടി കള്ളി..."

"അതേടാ കള്ളാ..."

"അപ്പോൾ എങ്ങനെയാ കലാപരിപാടികൾ..."

"എന്ത്??? എനിക്കറിയില്ല... "

"ശ്ശോ... എനിക്കും അറിയില്ലല്ലോ അനുക്കുട്ടി..."

"ഇങ്ങോട്ട് വരുമ്പോൾ എന്തോ പറഞ്ഞിരുന്നല്ലോ ഡ്രെസ്സ് വേണ്ടി വരില്ല എന്നൊക്കെ... എന്നിട്ടിപ്പോ ഇങ്ങനെയായോ..."

"കള്ളിപെണ്ണേ... അപ്പോൾ എല്ലാം അറിയാമല്ലോ..."

"ഏയ്... എനിക്ക് ഒന്നും അറിയില്ല... എന്തോ സർപ്രൈസ് റൂമിൽ എത്തിയാൽ കാണിക്കും എന്ന് പറഞ്ഞിരുന്നു..."

"പോടീ കള്ളി... കാണണോ..."

"മ്മ്... വേണം... "അവൾ നാണം കൊണ്ട് മുഖം അവന്റെ നെഞ്ചിൽ പൂഴ്ത്തിക്കൊണ്ട് പറഞ്ഞു...

"ആദ്യം ഞാൻ ഒന്ന് ഉമ്മ വച്ചോട്ടെ..."

"ചോദിക്കണോ... എത്ര വേണേലും തന്നോ..."

"വേണ്ടല്ലേ..."

"മ്മ്..."

വരുൺ അവളെ നെഞ്ചിൽ നിന്നും ഇറക്കി... അല്പം താഴേക്ക് ഇറങ്ങി അവളുടെ മുഖത്തിന്റെ നേരെ അവന്റെ മുഖം കൊണ്ടുവന്നു...

അനുവിന്റെ കണ്ണുകൾ അവന്റെ കണ്ണുകളുമായി ഉടക്കി... അവളുടെ മേൽചുണ്ടിന് മുകളിൽ വിയർപ്പ് കണങ്ങൾ പൊടിഞ്ഞു...

ആ തണുപ്പിലും അതിയായ ചൂട് അനുഭവപ്പെട്ടു രണ്ട് പേർക്കും...

അവളുടെ ചുണ്ടുകൾ വിറക്കുകയായിരുന്നു...

വരുൺ പതിയെ അവന്റെ മുഖം അവളുടെ മുഖത്തേക്ക് അടുപ്പിച്ചപ്പോൾ നാണത്താൽ അവളുടെ മുഖം കൂമ്പിയടഞ്ഞു...

അവൻ അവന്റെ മുക്ക് അവളുടെ നാസികയിൽ മുട്ടിച്ചു കൊണ്ട് ഉരസി...

അവൻ നാവു കൊണ്ട് അവളുടെ മേൽചുണ്ടിലെ വിയർപ്പ് കാണങ്ങൾ ഒപ്പിയെടുത്തു...

പതിയെ അവൻ ചുണ്ടകൾ താഴേക്ക് കൊണ്ടുവന്നു, ചെഞ്ചോര തുടിക്കുന്ന അവളുടെ പനിനീർ ദളങ്ങൾ പോലെയുള്ള ചുണ്ടുകൾ വായിലാക്കി നുണഞ്ഞു...

എത്ര നേരം അധര പാനം തുടർന്നു എന്നറിയില്ല... ശ്വാസം കിട്ടാതെയായപ്പോൾ ആണ് രണ്ട് പേരും വിട്ട് മാറിയത്... കിതച്ചു കൊണ്ട് അവർ ചേർന്ന് കിടന്നു...

അനു വരുണിന്റെ തോളിലേക്ക് മുഖം പൂഴ്ത്തി...

"അനുക്കുട്ടീ..."

അവന്റെ താളാത്മകമായ വിളിയിൽ അവൾ മുഖം ഉയർത്തി അവനെ നോക്കി...

"നമ്മുടെ ആദ്യ ചുംബനം ആണല്ലേ..." വരുൺ അവൾക്ക് നേരെ ചരിഞ്ഞു കിടന്ന്, തല കൈകളിൽ താങ്ങിക്കൊണ്ട് ഒരു കള്ള ചിരിയോടു കൂടി ചോദിച്ചു...

"അല്ല..." അവളും അവന് നേരെ ചരിഞ്ഞു കിടന്ന് ആ നെഞ്ചിലേക്ക് തല ചേർത്ത് കൊണ്ട് പറഞ്ഞു...

"ഓഹ്... ഇന്നലെ തന്നത് ആണോ... അത് ചുണ്ടിൽ അല്ലല്ലോ... ഞാൻ അതാണ് ഉദ്ദേശിച്ചത്..."

"അല്ല..." അവൾ വീണ്ടും പറഞ്ഞു...

"എന്തല്ല..."

"ചുണ്ടിൽ തന്ന ആദ്യ ഉമ്മ ഇതല്ല..."

"പിന്നെ..."

"ഇത് രണ്ടാമത്തെ ഉമ്മയാ... ഞാൻ വരുൺ ഉറങ്ങിക്കിടന്നപ്പോൾ ഒരിക്കൽ ആ ചുണ്ടിൽ ഉമ്മ വച്ചിട്ടുണ്ട്..." അനു പറഞ്ഞു...

വരുൺ വിശ്വസിക്കാൻ ആകാതെ അവളുടെ മുഖം ഉയർത്തി നോക്കി...

അവൾ അവനെ നോക്കാതെ കണ്ണുകൾ ഇറുക്കി അടച്ച് പിടിച്ചു...

വരുൺ ആ കണ്ണുകൾക്ക് മുകളിൽ ചുംബിച്ച് കൊണ്ട് പറഞ്ഞു...

"എങ്കിലേ... ഇന്നത്തേത് രണ്ടാമത്തേതുമല്ല... മൂന്നാമത്തേതാ... "

അനു മനസ്സിലാകാതെ അവന്റെ മുഖത്തേക്ക് നോക്കി...

"ആദ്യത്തെ ചുംബനം നമ്മുടെ വിവാഹത്തിന്റെ അന്ന് രാത്രിയിൽ അനുക്കുട്ടി ഉറങ്ങിയപ്പോൾ ഞാൻ തന്നിരുന്നു..."

അവൻ ചിരിച്ചോണ്ട് പറഞ്ഞു...

അവളും ചിരിച്ച് കൊണ്ട് അവനെ പറ്റിക്കിടന്നു...

അവർ വീണ്ടും ചുണ്ടുകൾ കോർത്തു...

കശ്മീരിലെ തണുപ്പിൽ അവസാനം അവശേഷിച്ച മതിലും അലിഞ്ഞില്ലാതെയായി...

(ബാക്കി അവർ എന്ത് ചെയ്തു എന്ന് അറിയാൻ നോക്കി ഇരിക്കണ്ട... അവരുടെ സ്വകാര്യമാ... )

**********

അഞ്ച് വർഷങ്ങൾക്ക് ശേഷം...

കാര്യമായി ഒന്നുമില്ല... വരുണും അവന്റെ പൂതനയും അടിച്ചു പൊളിച്ചു ജീവിക്കുന്നു...

കശ്മീർ യാത്ര കഴിഞ്ഞു രണ്ടാം മാസം യാത്ര ഒരു ഹിറ്റ് ആണെന്ന് അറിയിച്ചു കൊണ്ട് അനു പ്രെഗ്നന്റ് ആണെന്നുള്ള ഒഫ്ഫീഷ്യൽ സ്ഥിതികരണം വന്നിരുന്നു...

ഇപ്പോൾ അവർക്ക് ഒരു മോളുണ്ട്... "ആവണി..."

അതെ അത് തന്നെ... അനുവിന്റെ "A" യും വരുണിലെ "വ" യും "ണ"യും പൊക്കി ഒരു പേര് അങ്ങിട്ടു...

അമ്മയുടെ ഒരു മിനി ഫോട്ടോസ്റ്റാറ്റ് പോലെ ഒരു കുസൃതി കുടുക്ക... അതാണ് ആവണി...

അവളെ സ്കൂളിൽ ചേർത്തതും ദൈവ ഹിതം പോലെ കൊറോണ വന്നു...

അങ്ങനെ ഫുൾ ടൈം അവൾ വീട്ടിൽ ആയതോട് കൂടി അനുവിന്റെ കാര്യത്തിൽ ഒരു തീരുമാനം ആയി...

അങ്ങനെ ലോക്കഡോൺ വന്നു വെറുതെ ഇരുന്നപ്പോൾ വരുൺ കയറി രണ്ടാം ഗോൾ അടിച്ചു...

ഇപ്പോൾ നമ്മുടെ കഥ നായിക രണ്ടാമത്തെ ട്രോഫിക്ക് വേണ്ടി അഞ്ച് മാസമായി വെയ്റ്റിംഗിൽ ആണ്...

ആദ്യ ട്രോഫി വയറ്റിൽ ഉള്ള ടൈം പുളി ഐറ്റംസ് ആയിരുന്നു ആളിന്റെ വീക്ക്നെസ്സ് എങ്കിൽ ഇപ്പോൾ മധുര പലഹാരങ്ങൾ ആണ്...

ലഡ്ഡു, ജിലേബി, ഉണ്ണിയപ്പം തുടങ്ങിയ ഐറ്റം എല്ലാം അമ്മ ഉണ്ടാക്കി സ്റ്റോക്ക് ചെയ്ത് വച്ചിട്ടുണ്ട്...

ഷാന താത്താ കെട്ടിയോനും രണ്ട് ഇരട്ട കുട്ടികളുമായി ഓൾഡ് സ്പോട്ടിൽ തന്നെയുണ്ട്...

വന്ദിത ഇപ്പോളും അമേരിക്കയിൽ തന്നെ...

വന്ദിതയുടെ അനിയത്തി ശരണ്യയെ അവൾ അമേരിക്കയിലേക്ക് കൊണ്ട് പോയി...

കുറച്ച് കൗൺസിലിംഗ് ട്രീറ്റ്മെന്റ് ഓക്കെ ആയപ്പോൾ ആൾ പഴയത് പോലെ ഒക്കെ ആയി...

അവിടെ തന്നെ ഒരു സായിപ്പ് കുട്ടനുമായി അവൾ സ്നേഹത്തിൽ ആയി... സാധാരണ സായിപ്പ് അമേരിക്കയിൽ സെറ്റിൽ ആകും...

ഇവൻ ഇന്ത്യയോട് പൂതി കൂടി അവരുടെ ഗ്രാമത്തിൽ വന്നു സെറ്റിൽ ആയിട്ടുണ്ട്...

പിന്നെ നമ്മുടെ വിനുവും ആരതിയും തമ്മിൽ ഉള്ള കല്യാണം ഉറപ്പിച്ചു...

അർജു ആണേൽ സിംഗിൾ പസങ്ക ആയി പെണ്ണും കണ്ട് നടക്കുന്നു...

എല്ലാരും ആയില്ലേ... ആരേം വിട്ട് പോയിട്ടില്ലല്ലോ...

ആ... എങ്കിൽ ശുഭം...

"അയ്യോ... മാന്തല്ലേടി... എഴുതാം... എഴുതാം..."

ഒരു പ്രധാന ആളെ വിട്ട് പോയി...

"നമ്മുടെ ക്ലിയോ മോൾ... ഇപ്പോൾ പത്താം പിറന്നാൾ ആഘോഷിച്ചു കൊണ്ട് നായ്ക്കളുടെ കഷ്ടി പൂർത്തി...

"ഘർർ..." (പട്ടികൾ ദേഷ്യം വരുമ്പോൾ ഉണ്ടാകുന്ന ശബ്ദം... )

അല്ല ഷഷ്ഠിപൂർത്തി ആഘോഷിച്ചു തുമ്പിക്ക് (ആവണി) കളിക്കാൻ കൂട്ടായി സസുഖം വാണരുളുന്നു...

ഇപ്പോൾ തീർന്നു... അപ്പോൾ ശരിക്കും -

**ശുഭം**



Based On A True Story

*********

"ടപ്പേ..."

പടക്കം പൊട്ടുന്ന പോലെയുള്ള ഈ ഒച്ച മറ്റൊന്നുമല്ല... എന്റെ ഭാര്യ സാക്ഷാൽ പൂതന ഞാൻ എഴുതി വച്ചത് എടുത്ത് എന്റെ തലക്ക് അടിച്ചതാണ്...

"അനുക്കുട്ടി..." അടി കൊണ്ട് തലയും തിരുമി ഞാൻ ഒരു കയ്യ് വയറിനു മുകളിൽ വച്ച് മറുകയ്യിൽ ഞാൻ എഴുതിയ കഥയും കയ്യിൽ പിടിച്ചു നിൽക്കുന്ന എന്റെ സ്വന്തം പൂതനയെ നോക്കി വിളിച്ചു...

"എന്തൊക്കെ വൃത്തികേടാ നിങ്ങൾ ഈ എഴുതി വച്ചേക്കുന്നത്... " അവളുടെ ചോദ്യം കേട്ട് ഒന്നും മിണ്ടാതെ ഞാൻ പല്ലിളിച്ചു കാണിച്ചു...

"ഇളിക്കല്ലേ... ഞാൻ പൂതന അല്ലേ... ക്ലൈമാക്സ് മാറ്റിയാലോ... പൂതന നായകൻ എഴുതി വച്ച കഥ എടുത്ത് തലക്കടിച്ചു കൊല്ലുന്നു... എങ്ങനെയുണ്ട്..."

ഇപ്പോൾ ഇളി അവൾക്കായിരിന്നു... എന്റെ ഇളി മാഞ്ഞു...

"വയറ്റിൽ കിടക്കുന്ന ഐറ്റത്തിനെ ഞാൻ ഒന്ന് കാണുന്നത് വരെ ആയുസ്സ് ബാക്കി വക്കുമോ..."

അവൾ എന്നെ ഒന്ന് തറപ്പിച്ചു നോക്കി, പിന്നീട് അത് പുഞ്ചിരിയായി മാറി...

"ബേസ്ഡ് ഓൺ എ ട്രൂ സ്റ്റോറി എന്ന് പറഞ്ഞിട്ട് ഫുൾ, ഗ്യാസ് ആണല്ലോ... അതിരിക്കട്ടെ... എന്റെ ബ്രാ എടുത്തിട്ട് ഹൂക്ക് പൊട്ടിച്ചത് എന്തിനാ..."

"ഇത്രേം സാധനം എഴുതി വച്ചിട്ട് നിനക്ക് ചോദിക്കാൻ അതെ കിട്ടിയുള്ളോ അനു..."

"ആഹ്... നിങ്ങടെ കൂടെ കൂടി ഇപ്പോ അതൊക്കെയെ മനസ്സിൽ വരു..."

അവളുടെ ആ ഡയലോഗ് നന്നായി അങ്ങ് ബോധിച്ചു...

"കൃതാർത്ഥനായി ഞാൻ... " വീണ്ടും ഇളിച്ചു കൊണ്ട് പറഞ്ഞു...

"പോട..." അവൾ കസേരയിൽ ഇരുന്ന എന്റെ പിന്നിലൂടെ കഴുത്തിനു ചുറ്റും കൈ ഇട്ട് കൊണ്ട് ചെവിയിൽ പറഞ്ഞു...

"തുമ്പി എവിടെ..."

"ക്ലിയോയുടെ വാലിൽ തൂങ്ങി നടപ്പുണ്ട്..."

"ഇപ്പോൾ എങ്ങാണം കയറി വരുമോ..."

"എന്താ മോന്റെ ഉദ്ദേശം..." അവൾ ഒരു പുരികം ഉയർത്തി സംശയത്തോടെ ചോദിച്ചു...

"നീ ഇങ്ങ് വന്നേ പെണ്ണേ... " ഞാൻ അവളുടെ കയ്യിൽ പിടിച്ച് മടിയിൽ ഇരുത്തി...

അവൾ മടിയിൽ ഇരുന്ന് കൊണ്ട് എന്റെ തോളിലൂടെ കൈയിട്ടു...

പിന്നെ അധികം സമയം വേണ്ടി വന്നില്ല... പെണ്ണിന്റെ ചുണ്ടിലേക്ക് ഞാൻ ചുണ്ടമർത്തി ചിത്രം വര തുടങ്ങി...

അവളുടെ ചുണ്ടുകൾക്ക് മധുരമായിരുന്നു... ചുംബന ശേഷം ഞാൻ ചോദിച്ചു -

"നീ ഇപ്പോൾ ജിലേബി ആണോ തിന്നത്...😁"



************

**ശുഭം...**

(അവസാനിച്ചു...)